# പുലിവാൽ കല്യാണം

Pulivaal Kallyanam Novel | Author : Hyder Marakkar | www.kambistories.com

ഹായ് ഞാൻ ഹൈദർ മരക്കാർ, ചെറിയമ്മയ്ക്ക് നിങ്ങൾ നൽകിയ പിന്തുണയ്ക്ക് അത് തന്നെ ആണ് ഞാൻ തുടർന്നെഴുതാൻ കാരണം.... ഈ കഥയ്ക്ക് "പുലിവാൽ കല്യാണം" എന്ന മലയാളം സിനിമയുടെ കഥയുമായി യാതൊരു ബന്ധവുമില്ല.... ആ പേര് മാത്രം ഞാൻ ഇങ്ങ് ചാമ്പി......
കൂടുതൽ പറഞ്ഞ് വെറുപ്പിക്കുന്നില്ല, കഥയിലേക്ക് കടക്കാം
"ടപ്പെ......."
കിട്ടി......കരണം പുകയുന്ന ഒരു അസ്സല് തല്ല്......

"ഡ...........നായേ....................
ബാക്കിയുള്ളവരെ നാണം കെടുത്തി നിൽക്കുന്ന നിൽപ്പ് കണ്ടില്ലേ.........ഹോ............ അതെങ്ങനെ.... തള്ളയുടെ അലെ മോൻ, ഇതും ഇതിലപ്പുറവും പ്രതീക്ഷിക്കണമായിരുന്നു........ തെറ്റ് പറ്റി പോയി.......
പിന്നെ വിവരം അറിഞ്ഞു ഞാൻ ഓടി പിടിച്ച് വന്നത്.........ഈ പിഴച്ചവളെയും കൂട്ടി എന്റെ വീടിന്റെ പടി കയററുതെന്ന് പറയാനാണ്....... മനസിലായോ #$$##$$$#$$$.................. ഡോ രമേശാ.... വണ്ടി എടുക്കെടാ........"

ഇപ്പോ എന്നെ തല്ലിയിട്ട് മനോഹരമായി തെറിയും വിളിച്ച് പോയത് വേറെ ആരുമല്ല, എന്റെ അപ്പനാണ്..... നാട്ടുകാർ പിശുക്കൻ മത്തായി എന്ന് ഓമന പേരിട്ട് വിളിക്കുന്ന മാത്യൂസ് തെക്കേപറമ്പിൽ.....

ഞാൻ മാനസികമായും ശാരീരികമായും തളർന്നിരുന്നു, നേരെ നിൽക്കാൻ കഴിയുന്നില്ല...... അടുത്ത് കണ്ട ആൽമരത്തിന്റെ തറയിലേക്ക് ഇരുന്നതും കണ്ണ് താനേ അടഞ്ഞു പോകുന്ന പോലെ തോന്നി..... വായിൽ സ്വർണ്ണ കരണ്ടി വച്ച് ജനിച്ചവൻ എന്ന്

പറഞ്ഞ് നാട്ടുകാരും കൂട്ടുകാരും അസൂയയോടെ നോക്കിയിരുന്ന ഞാൻ ഒറ്റ ദിവസം കൊണ്ട് തെരുവിൽ എത്തിയിരിക്കുന്നു, ഒപ്പം ഒട്ടും പ്രതീക്ഷിക്കാതെ കല്യാണം കഴിക്കേണ്ട വന്ന പെണ്ണും...... കണ്ണ് അടഞ്ഞു തുടങ്ങിയതും എന്റെ ഇതുവരെ ഉള്ള ജീവിതം ഒരു കോമഡി സിനിമ പോലെ എന്റെ മനസ്സിൽ തെളിഞ്ഞു വന്നു
#################################

ഞാൻ ടോണി മാത്യൂസ് തെക്കേപറമ്പിൽ, മാത്യു മേരി ദമ്പതികളുടെ ഏക മകനായി വടക്കൻ കേരളത്തിലെ ഒരു ഗ്രാമത്തിൽ ജനിച്ചു, അപ്പൻ അപ്പൂപ്പന്മാരായി ഉണ്ടാക്കി ഇട്ട സ്വത്തുക്കളുടെ ഒക്കെ ഏക അവകാശി, പുറമെ നിന്ന് നോക്കുന്നവർക്ക് തെക്കേപറമ്പിലെ രാജകുമാരന്റെ ജീവിതം രാജകീയമായി തോന്നുമെങ്കിലും അങ്ങനെ ആയിരുന്നില്ല യാഥാർഥ്യം.

ഓർമ്മ വെച്ച  കാലം മുതൽ അപ്പൻ എന്ന് കേട്ടാൽ ഭയമായിരുന്നു, ദിവസവും രാത്രിയിലെ മദ്യ സേവ കഴിഞ്ഞ് വന്നു മേരിയെയും എന്നെയും തെറി വിളിക്കാനും തല്ലാനും വരുന്ന ഒരു ദുഷ്ടൻ, അതാണ് അപ്പനെ കുറിച്ചുള്ള എന്റെ മനോഹരമായ ഓർമ്മ. രാത്രിയിൽ അപ്പൻ ഉറങ്ങി കഴിഞ്ഞ ഓടി വന്ന് എന്നെ കെട്ടിപ്പിടിച്ചു കരയുന്ന ഒരു പാവം, അതാണ് മേരിയെ കുറിച്ച് ആലോചിക്കുമ്പോൾ എന്റെ മനസിലേക്ക് ആദ്യം വരുന്ന ഓർമ്മ (അമ്മച്ചിയെ ഞാൻ ചെറുപ്പം തൊട്ട് മേരി എന്ന് വിളിച്ചു ശീലിച്ചു പോയി, ആ ശീലം മാറ്റാൻ മേരിയും ശ്രമിച്ചില്ല എന്നതാണ് സത്യം). അങ്ങനെ സ്നേഹം എന്ന വാക്കിന്റെ അർത്ഥം എന്തെന്ന് പോലും അറിയാത്ത അപ്പനും സ്നേഹത്തിന്റെ പര്യായം ആയ മേരിക്കും ഒപ്പം ഞാൻ വളർന്നു.............

പത്താം ക്ലാസ്സ് കഴിഞ്ഞ് പുതിയ സ്കൂളിൽ +1ന് ജോയിൻ ചെയ്ത് ആദ്യ ദിവസമാണ് ഹരിയും വിഷ്ണുവും എന്റെ ജീവിതത്തിലേക്ക് കടന്ന് വന്നത്, "സന്തോഷം" എന്ന വാക്ക് എന്റെ ജീവിത നിഘണ്ടുവിലേക്ക് എഴുതി ചേർത്ത എന്റെ ചെങ്ങായിമാർ.

പുതിയ സ്കൂളിൽ ആദ്യ ദിവസം അല്പം ഭയത്തോടെ കയറി ചെന്ന എന്നെ വിളിച്ച് അടുത്ത് ഇരുത്തിയത് ഹരി ആയിരുന്നു, ഞങ്ങടെ നാട്ടിലെ ഒരേ ഒരു ബാങ്കിലെ മാനേജർ ആയിരുന്നു ഹരിയുടെ അച്ഛൻ അശോകൻ, അങ്ങനെ അവനുമായി സംസാരിച്ച് ഒന്ന് ഫ്രീ ആയി വരുമ്പോഴാണ് കറുത്ത് മെലിഞ്ഞു ചുരുളൻ മുടിയുമായി ഒരു പയ്യൻ ക്ലാസ്സിലേക്ക് കയറി വന്നത്, അവന്റെ മുടി തന്നെ ആയിരുന്നു അവന്റെ ഹൈലൈറ്റ്, ക്ലാസ്സിലേക്ക് കയറിയതും എല്ലാവരും ആ മുടിയനെ തന്നെ ശ്രദ്ധിക്കാൻ തുടങ്ങി, അവനെ കണ്ട ഒറ്റ നോട്ടത്തിൽ തന്നെ ഞങ്ങടെ ബെഞ്ചിലെ മൂന്നാമൻ അവൻ തന്നെ ആണെന്ന് എനിക്ക് തോന്നി, എനിക്ക് തോന്നിയത് തന്നെ ആയിരുന്നു ഹരിയുടെ മനസിലും...... ഹരി അവനെയും വിളിച്ച് ഞങ്ങടെ ബെഞ്ചിൽ ഇരുത്തി, ഞങ്ങൾ പരസ്പരം പരിചയപ്പെടുത്തി.................

അത് വെറും തുടക്കമായിരുന്നു, വരാനിരിക്കുന്ന സന്തോഷത്തിന്റെ നല്ല നാളുകളുടെ തുടക്കം, പെട്ടെന്ന് തന്നെ അടുത്ത ഞങ്ങൾ എന്തിനും ഏതിനും ഒരുമിച്ച് നിൽക്കുന്ന നല്ല ഉറ്റ സുഹൃത്തുക്കളായി മാറി, രണ്ട് വർഷത്തെ സ്കൂൾ ജീവിതം ഞങ്ങൾ ശരിക്കും അടിച്ചു പൊളിച്ചു, മേരിയിൽ മാത്രമായി ഒതുങ്ങിയിരുന്ന എന്റെ ജീവിതം ഇടം വലം കൂടെ നിന്ന അവരിലേക്ക് കൂടി വികസിച്ചു................

അങ്ങനെ അത്യാവശ്യം സ്കൂൾ ജീവിതത്തിൽ കളിക്കാവുന്ന അലമ്പുകൾ ഒക്കെ കളിച്ച് ഞങ്ങൾ +2 പാസ്സായി, ഞാനും ഹരിയും തട്ടി മുട്ടി പാസ്സ് ആയപ്പോൾ എല്ലാ തരികിട കളികൾക്കും കൂടെ നിന്ന വിഷ്ണു നല്ല മാർക്ക് നേടി പാസ്സായി

+2 പാസ്സായി നിൽക്കുമ്പോഴാണ് എനിക്ക് അപ്പന്റെ കയ്യിൽ നിന്ന് ആദ്യമായി ഒരു സമ്മാനം കിട്ടുന്നത്, അപ്പൻ സമ്മാനമായി തന്നത് അല്ലെങ്കിലും എന്റെ ജീവിതത്തിൽ എനിക്ക് കിട്ടിയ ഏറ്റവും വലിയ സമ്മാനം ആയിരുന്നു അത്,.......

അപ്പൻ പുതിയ ബെൻസ് വാങ്ങിയപ്പോൾ പഴയ കോണ്ടെസ്സ വിൽക്കാൻ തീരുമാനിച്ചു, ചെറുപ്പം തൊട്ട് അത്ഭുതത്തോടെ നോക്കി കണ്ട ആ വണ്ടി കൊടുക്കാൻ പോവുകയാണെന്ന് പറഞ്ഞപ്പോൾ സഹിക്കാൻ കഴിഞ്ഞില്ല, നേരെ പോയി മേരിയെ സോപ്പിട്ടു, എന്തോ ആ സമയത്ത് നല്ല മൂഡിൽ ആയിരുന്ന അപ്പൻ മേരി വഴി പറഞ്ഞ എന്റെ ആഗ്രഹത്തിന് സമ്മതം മൂളി..... അതെ അപ്പന്റെ പഴയ കോണ്ടെസ്സ എനിക്ക് സ്വന്തമായി കിട്ടിയ ദിവസം, എന്റെ ജീവിതത്തിലെ ഒരിക്കലും മറക്കാനാവാത്ത സന്തോഷത്തിന്റെ ചുരുക്കം ദിനങ്ങളിൽ ഒന്നായിരുന്നു അത്.

അങ്ങനെ പ്ലസ്ടു കഴിഞ്ഞ് ഞങ്ങൾ മൂന്നുപേരും ഒരുമിച്ച് ഞങ്ങടെ നാട്ടിൽ നിന്ന് 15km അകലെ ടൗണിലുള്ള കോളേജിൽ ഡിഗ്രിക്ക് ചേർന്നു, അവിടെയും ഞങ്ങൾ മൂന്ന് പേരും ഒരുമിച്ച് തന്നെ ആയിരുന്നു..... ഒരേ ക്ലാസ്സിൽ.

രാവിലെ ഞാൻ കാറും എടുത്ത് നേരെ രണ്ടിനെയും പൊക്കി ടൗണിലേക്ക് വിടും, പക്ഷെ ക്ലാസ്സിൽ കയറൽ ഒക്കെ കണക്കായിരുന്നു, നാട്ടുകാരുടെ സി.സി.ടി.വി നിരീക്ഷണത്തിൽ നിന്ന് രക്ഷപെട്ടതോടെ മദ്യപാനം സിഗരറ്റ് വലി തുടങ്ങിയ കുറച്ച് ശീലങ്ങളും ഞങ്ങടെ ജീവിതത്തിലേക്ക് കടന്ന് വന്നു.........

പ്രണയം എന്ന വിഷയം കടന്ന് വരാത്തത് കൊണ്ട് മൂന്ന് വർഷത്തെ കോളേജ് ലൈഫും ഞങ്ങൾ ശരിക്കും ആസ്വദിച്ചു.

പക്ഷെ കോളേജിൽ എത്തിയതോടെ എന്റെ ജീവിതത്തിൽ മറ്റൊരു മാറ്റം സംഭവിച്ചു, ചെറുപ്പം തൊട്ട് മനസ്സിൽ കയറിയ ഒരു ആഗ്രഹം ഞാൻ ഉപേക്ഷിച്ചു....... വലുതായാൽ ഫുട്ബോൾ കളിക്കാരൻ ആവണമെന്ന ആഗ്രഹം...... കോളേജിൽ എത്തിയതോടെ ഫുട്ബോൾ കളി ഞാൻ വെറും ഒരു വിനോദം മാത്രമായി കാണാൻ തുടങ്ങി......

അവസാന സെമസ്റ്റർ ആയപ്പോഴേക്കും എനിക്ക് പരീക്ഷ എഴുതാനുള്ള മൂഡ് ഒന്നും ഇല്ലായിരുന്നു, അതുകൊണ്ട് അവസാന സെമസ്റ്ററിൽ ഞാൻ കോഴ്സ് ഡ്രോപ്പ് ചെയ്തു, അത്യാവശ്യം സ്വത്ത് ഒക്കെ ഉള്ളത് കൊണ്ട് ഡിഗ്രി ഇല്ലെങ്കിലും കുഴപ്പമില്ല

എന്ന ചിന്തയും ഉണ്ടായിരുന്നു എന്ന് തോന്നുന്നു........ ഹാ....... അത് എന്തായാലും ഇപ്പോ ചിന്തിക്കുമ്പോൾ വല്യ മണ്ടത്തരം ആയി പോയെന്ന് തോന്നുന്നു........

ഹരിയ്ക്ക് ആണെങ്കിൽ കോളേജിൽ പഠിക്കുന്ന സമയത്ത് സിനിമ തലയിൽ കയറിയിരുന്നു, അവന് എങ്ങനെയെങ്കിലും ഒരു സിനിമ സംവിധായകൻ ആവണം എന്ന ആഗ്രഹം ആയിരുന്നു, വീട്ടുകാരെ പേടിച്ച് കോഴ്സ് പൂർത്തി ആക്കിയെങ്കിലും അവന് വിരലിൽ എണ്ണാൻ കഴിയാത്ത അത്ര സപ്ലീ ഉള്ളത് ആയിരുന്നു എന്റെ ഒരു ആശ്വാസം.............

വിഷ്ണു പക്ഷെ സപ്ലീ ഒന്നും ഇല്ലാതെ ഡിഗ്രി പാസ്സായി, അവന്റെ അവസ്ഥ അങ്ങനെ ആയിരുന്നു, ഓട്ടോ ഡ്രൈവർ ആയ അച്ഛന് തീരെ വയ്യാതെ ആയിരുന്നു, അതുകൊണ്ട് തന്നെ ആ വീടിന്റെ ഉത്തരവാദിത്തം മൊത്തം അവൻ നോക്കേണ്ട അവസ്ഥയിലേക്ക് കാര്യങ്ങൾ എത്തിയിരുന്നു, അങ്ങനെ ഡിഗ്രി കഴിഞ്ഞ് പെട്ടെന്ന് തന്നെ അവൻ ടൗണിൽ ഒരു പ്രൈവറ്റ് കമ്പനിയിൽ അക്കൗണ്ടന്റ് ആയി ജോലിക്ക് കയറി, അതോടെ ആ ഹൈലൈറ്റ് ചുരുളൻ മുടിയും വെട്ടി ആള് ആകെ മാറിയിരുന്നു...

അങ്ങനെ വേലയും കൂലിയും ഇല്ലാതെ തെണ്ടി തിരിഞ്ഞ് നടക്കുന്ന സമയത്താണ് എന്റെ ജീവിതം തന്നെ ഇങ്ങനെ മാറി മറിഞ്ഞതിന്റെ എല്ലാം തുടക്കം

വിഷ്ണു ജോലിക്ക് കയറിയതോടെ ഞാനും ഹരിയും ദിവസവും രാവിലെ കാറും എടുത്ത് ഇറങ്ങും, വെള്ളമടിയും സിനിമയ്ക്ക് പോക്കും തന്നെ ആയിരുന്നു പ്രധാന പരിപാടി, വൈകുന്നേരം ആയാൽ വയലിൽ ഫുട്ബോൾ കളിക്കാനും പോവും,

ഒരു ദിവസം വൈകുന്നേരം ഫുട്ബോൾ കളി കഴിഞ്ഞ് വയലിൽ വെറുതെ ഇരിക്കുമ്പോഴാണ് ഹരി ഒരു ഷോർട്ട് ഫിലിം എടുക്കണം എന്ന ആഗ്രഹം പറഞ്ഞത്,

എല്ലാവരും അതിനെ പിന്താങ്ങി...... കാരണം സിനിമ സംവിധായകൻ ആകുക എന്ന അവന്റെ ആഗ്രഹത്തിന്റെ ആദ്യ പടി ആയിരിക്കും ഈ ഷോർട്ട് ഫിലിം എന്ന് എല്ലാർക്കും തോന്നി.....

അങ്ങനെ ഷോർട്ട് ഫിലിമിനുള്ള എല്ലാ കാര്യങ്ങളും ശരിയായി, പൈസ ഒഴിച്ച്, പല രീതിയിൽ ശ്രമിച്ചു നോക്കിയെങ്കിലും ഒന്നും അങ്ങോട്ട് ശരിയായില്ല, അവസാനം ഞങ്ങൾ ഒരു തീരുമാനം എടുത്തു........ സാക്ഷാൽ ടോണി മാത്യു തെക്കേപറമ്പിൽ ഷോർട്ട് ഫിലിമിന്റെ നിർമ്മാതാവ് ആവാൻ തീരുമാനിച്ചു, അതെ ഞാൻ തന്നെ......... നമ്മളെ കൂട്ടുകാരന്റെ ഏറ്റവും വലിയ ആഗ്രഹമല്ലേ.......... അങ്ങനെ മേരിയെ സോപ്പിട്ട് ഞാൻ പൈസ ശരിയാക്കി....... മേരിയുടെ പേരിൽ ടൗണിൽ ഒരു കെട്ടിടമുണ്ട്, അതിൽ നിന്ന് കിട്ടുന്ന വാടക ഉള്ളത് കൊണ്ട് എനിക്ക് അത്യാവശ്യം പൈസയ്ക്ക് അപ്പന്റെ മുനിൽ ചെന്ന് കൈ നീട്ടേണ്ട ഗതി വരാറില്ല....

ആ ദിവസം വന്നെത്തി, “സൂപ്പർഹീറോ” എന്ന പേരിൽ ഹരി കഥ എഴുതി സംവിധാനം ചെയ്ത് ഞാൻ നിർമ്മിക്കുന്ന ഷോർട്ട് ഫിലിമിന്റെ ആദ്യ ദിവസത്തെ ഷൂട്ട്......

അന്ന് ആണ് ഞാൻ അവളെ ആദ്യമായി കാണുന്നത്, എല്ലാവരോടും ചിരിച്ച് കളിച്ച് സംസാരിച്ച് നടക്കുന്ന ആ സുന്ദരിയിലേക്ക് ആണ് എന്റെ കണ്ണ് പോയത്, ജീവിതത്തിൽ ആദ്യമായി ഒരു പെണ്ണിനെ കണ്ട് കണ്ണെടുക്കാതെ നോക്കി നിന്ന നിമിഷം....... അവൾ മുഖത്ത് ആ സുന്ദരമായ ചിരി വാരി വിതറി കൊണ്ട് തന്നെ എന്റെ അടുത്തേക്ക് വരുന്നത് പോലെ തോന്നി........ കർത്താവേ എന്താണ് എനിക്ക് ഈ സംഭവിക്കുന്നത് എന്ന് തോന്നി പോയി.......ദേഹം ആസകലം വിറയ്കുന്നത് പോലെ...

“ഹായ് ടോണി ചേട്ടാ.......”
കർത്താവെ....... ഇതിന് എങ്ങനെ എന്റെ പേര് അറിയാം...... എനിക്ക് സംസാരിക്കാൻ പറ്റുന്നില്ല........ ഞാൻ ആ സുന്ദരിയുടെ മുനിൽ നിന്ന് വിറയ്ക്കുകയാണ്.........

“എന്താടാ ഇങ്ങനെ ഇഞ്ചി കടിച്ച അണ്ണാനെ പോലെ നിക്കുന്നത്.........”
ഹരി ആയിരുന്നു........... അവനെ കണ്ടതും ഞാൻ ഒന്ന് ഫ്രീ ആയത് പോലെ തോന്നി......

“നിനക്ക് ശ്രീകുട്ടിയെ അറിയില്ലേ??”

"മച്………"
ഹരി അത് ചോദിച്ചപ്പോൾ ഞാൻ ഇല്ല എന്ന രീതിയിൽ ചുമൽ അനക്കി.....

"ആ....... എങ്കിൽ പരിചയ പെട്ടോ........ ഇതാണ് നമ്മുടെ ഷോർട്ട് ഫിലിമിലെ നായിക, ശ്രീ ലക്ഷ്മി..... എന്റെ ഫാമിലി ഫ്രണ്ട് ആണ്, പിന്നെ നമ്മുടെ കോളേജിൽ ജൂനിയർ ആയിരുന്നു"

"ഏഹ്...... നമ്മുടെ കോളേജിലോ??"
ഞാൻ സംശയത്തോടെ ഹരിയോട് ചോദിച്ചു, കാരണം ഇത്ര സുന്ദരിയായ ഒരു പെണ്ണിനെ ഞാൻ മൂന്ന് കൊല്ലം പഠിച്ചിട്ടും ആ കോളേജിൽ കണ്ടിരുന്നില്ല......

"ആ.... അതിന് വല്ലപ്പോഴും കളക്ഷൻ എടുക്കാൻ വിളിക്കുമ്പോഴെങ്കിലും കോളേജിലേക്ക് വരണമായിരുന്നു"
ഞാൻ ഒരു ഇളിഞ്ഞ ചിരി പാസ്സാക്കി.......

"പക്ഷെ ഞാൻ ടോണി ചേട്ടനെ ഒരുപാട് തവണ കണ്ടിട്ടുണ്ട്"
പെട്ടെന്ന് അവൾ അത് പറഞ്ഞപ്പോൾ ഞാൻ അത്ഭുതപ്പെട്ടു പോയി, ഇത്രയും സുന്ദരിയായ പെൺകുട്ടി എന്നെ ശ്രദ്ധിച്ചിട്ടും അതിനെ കാണാതെ പോയ എന്നോട് എനിക്ക് തന്നെ പുച്ഛം തോന്നി......

"ആ അത് അങ്ങനെ ആണല്ലോ...... വെളിച്ചപ്പാടിനെ എല്ലാവരും അറിയും.....ഹ.......ഹ......."
ഹരിയുടെ ഒടുക്കത്തെ തമാശ...... അത് കേട്ട് പെണ്ണ് ചിരിക്കുന്നുണ്ട്

"മോൻ പോയി ഷൂട്ട് ചെയ്യാൻ നോക്ക്"

"ഓ..... പ്രൊഡ്യൂസർ ചൂടാവാൻ തുടങ്ങി..... വാ ശ്രീക്കുട്ടി നമുക്ക് നോക്കാ......."

അതും പറഞ്ഞ് ഹരി തിരിഞ്ഞ് നടന്നപ്പോൾ എന്നെ നോക്കി ഒരു മനോഹരമായ ചിരിയും ചിരിച്ചിട്ട് അവൾ അവന്റെ പിന്നാലെ പോയി, ആ ചിരിയിൽ ഞാൻ ഉരുകുന്നത് പോലെ തോന്നി പോയി...... കർത്താവെ ഇത് മറ്റേ ലവ് അറ്റ് ഫസ്റ്റ് സൈറ്റ് ആണോ, എന്തായാലും ആദ്യമായി ആണ് ഇങ്ങനെ ഒക്കെ........... ഈ ഷൂട്ടിംഗ് ബോറടിപ്പിക്കുന്ന പരിപാടി ആയതുകൊണ്ട് വെറുതെ ഒന്ന് കയറി ഇറങ്ങാമെന്നു കരുതിയ ഞാൻ വൈകുന്നേരം ഷൂട്ട് കഴിയുന്ന വരെ അവിടെ തന്നെ ചുറ്റി കറങ്ങി നടന്നു.......

"ടോണി........ഡ........നീ പോവുന്ന വഴിക്ക് ഈ പെണ്ണിനെ ഒന്ന് വീട്ടിൽ ആക്കി കൊടുക്ക്, എനിക്ക് ഒന്നു രണ്ടു സാധനം വാങ്ങാൻ ടൗണിൽ പോവാനുണ്ട്"
ശ്രീലക്ഷ്മിയെ നോക്കി കൊണ്ട് ഹരി എന്നോട് അത് പറഞ്ഞപ്പോൾ എന്തിനാണ് എനിക്ക് തുള്ളി ചാടാൻ തോന്നിയത്?? ആ............

"എന്ന ഒരു കാര്യം ചെയ്യാ, ഇവളെ ആക്കിയിട്ട് നമുക്ക് ഒരുമിച്ച് ടൗണിൽ പോവാ....."

സന്തോഷം കൊണ്ട് തുള്ളി ചാടാൻ തോന്നിയിരുന്നു എങ്കിലും ഇതാണ് എന്റെ വായിൽ നിന്ന് വന്നത്

"ഓ...... വേണ്ട....... നീ ഇവളെ ആക്കിയിട്ട് വീട്ടിലേക്ക് വിട്ടോ..... എനിക്ക് ഒന്ന് മാമന്റെ വീട്ടിലും കയറാനുണ്ട്"

"മ്മ....എന്ന ശരി"

അതും പറഞ്ഞ് ഞാൻ അവളെയും കൂട്ടി കാറും എടുത്ത് അവളുടെ വീട് ലക്ഷ്യമാക്കി വിട്ടു

"എന്താ മാഷേ ഒന്നും മിണ്ടാതെ?"

ഒന്നും മിണ്ടാതെ വണ്ടി ഓടിച്ചു കൊണ്ടിരുന്ന എന്നോട് അവൾ ചോദിച്ചു

“ഏയ്...........”
ഞാൻ ഒന്നുമില്ല എന്ന രീതിയിൽ ചിരിച്ചു

“എന്നെ ഇന്ന് ആണോ ആദ്യമായിട്ട് കാണുന്നത്??”

“അത് രാവിലെ നോക്കി നിന്നത് കണ്ടിട്ട് മനസിലായില്ലേ??”

“ഹ.......ഹ..........ഹ......... അത് ഇഷ്ടമായി...........”

“എന്ത്.........നോക്കി നിന്നതോ??”

“എന്റെ പൊന്നു മാഷേ...... ചോദ്യത്തിനുള്ള ഉത്തരം തന്നത് ഇഷ്ടമായി എന്ന്...... പിന്നെ...........”
അവസാനം അവൾ എന്തോ പിറുപിറുത്തു

“എന്താ??”

“ഏയ്...... ഒന്നുമില്ല.....”

“ഹ്മ്.......”
ഞാൻ ഒന്ന് ഇരുത്തി മൂളി

“പക്ഷെ ഞാൻ നിങ്ങളെ സ്ഥിരമായി കാണൽ ഉണ്ടായിരുന്നു”

“എങ്ങനെ??”

“ഹാ.......കോളേജിലെ മാവേലിയെ കാണാൻ കുറച്ച് ബുദ്ധിമുട്ട് ആയിരുന്നു, എങ്കിലും കാണാൻ കിട്ടുന്ന അവസരങ്ങളൊന്നും ഞാൻ മിസ് ചെയൽ ഇല്ല....... ഫുട്ബോൾ കളിയുടെ എ ബി സി ഡി അറിയാത്ത ഞാൻ ദിവസവും എഴുന്നേറ്റ പ്രാർത്ഥിക്കാറ്

അന്ന് കോളേജിൽ എന്തെങ്കിലും ഫുട്ബോൾ മാച്ച് ഉണ്ടാവണേ എന്ന് ആയിരുന്നു....... എങ്കിൽ അലെ നിങ്ങൾ കോളേജിൽ വരൂ"
ഞാൻ അവളെ സംശയത്തോടെ നോക്കിയപ്പോൾ അവളൊരു കള്ള ചിരി ചിരിച്ചു.......

"അതാ...... ആ മഞ്ഞ ബോർഡ് കണ്ടില്ലേ, അത് കഴിഞ്ഞിട്ടുള്ള ഫസ്റ്റ് റൈറ്റ്"
അവൾ പറഞ്ഞ് തനത് അനുസരിച്ചു ഞാൻ ആ വഴിയിലൂടെ അവളുടെ വീട് ലക്ഷ്യമാക്കി കാറ് ഓടിച്ചു

"ആഹ്....... ഇവിടെ മതി........ പിന്നെ മാഷേ...... ഫോൺ നമ്പർ ഒന്ന് കൊണ്ട"
അവൾ പറഞ്ഞ സ്ഥലത്ത് വണ്ടി നിർത്തിയപ്പോൾ അവൾ പറഞ്ഞു

"9********2"
നമ്പർ തരുമോ എന്നതിന് പകരം വളരെ അധികാരത്തോടെ നമ്പർ കൊണ്ട എന്ന് പറഞ്ഞപ്പോൾ അനുസരണയോടെ നമ്പർ കൊടുക്കാൻ മാത്രം ആണ് എനിക്ക് കഴിഞ്ഞത്.

"മ്മ.... ഓക്കെ ബായ്, സി യൂ ടുമോറോ"

"മ്മ......ബായ്......."
വീണ്ടും എന്റെ മനസ്സിൽ തീപ്പൊരി ഉണ്ടാകുന്ന ചിരിയും ചിരിച്ചു അവൾ നടന്നു അകന്നു, എനിക്ക് എന്താണ് ഈ സംഭവിക്കുന്നത്..... ഇന്നലെ വരെ ഒരു പെണ്ണിനെ കണ്ടിട്ടും തോന്നാത്ത ഒരു ഇത്........ ഒന്നും അങ്ങോട്ട് മനസിലാവുന്നില്ല

അവൾ വീട്ടിലേക്ക് കയറി പോയിട്ടും അല്പനേരം കഴിഞ്ഞാണ് ഞാൻ വണ്ടി എടുത്തത്, അങ്ങനെ ഇരുന്ന് പോയി..... എന്തായാലും ഇത്ര നേരത്തെ വീട്ടിലേക്ക് പോവാൻ തോന്നിയില്ല, വിഷ്ണുവിനെ വിളിച്ചു ക്ലബിലേക്ക് വരാൻ പറഞ്ഞിട്ട് ഞാൻ

നേരെ ഞങ്ങടെ ക്ലബിലേക്ക് വിട്ടു......... ക്ലബ് എന്ന് പറഞ്ഞ അത്യാവശ്യം വലിയ ഒരു മുറി ആയിരുന്നു, ഒരു ടിവിയും ഉണ്ട്....... പ്രധാനമായി കളി ഒരുമിച്ച് ഇരുന്ന് കാണാൻ വേണ്ടി ആണ് ഞങ്ങൾ നാട്ടിലെ പിള്ളേര് എല്ലാവരും കൂടി ഇങ്ങനെ ഒരു സെറ്റപ്പ് തുടങ്ങിയത്......... ഇപ്പോ രാത്രി കളി കാണലും പകൽ കാരംസ് കളി ഒക്കെ ആയി ഫുൾ ടൈം ആക്റ്റീവ് ആണ് ക്ലബ്............ നാട്ടുകാരുടെ കണ്ണിലെ കരടാണ് ഞങ്ങടെ ക്ലബ് എങ്കിലും എന്തെങ്കിലും പ്രശ്നം വന്ന ഞങ്ങൾ തന്നെ ഇറങ്ങണം, എല്ലാ നാട്ടിലും ഏകദേശം അങ്ങനെ ഒക്കെ തന്നെ ആയിരിക്കും അവസ്ഥ............

ക്ലബിൽ ചെന്നപ്പോൾ അവിടെ പിള്ളേര് ഇരുന്ന് ഏതോ കഴിഞ്ഞ കളിയുടെ ഹൈലൈറ്റ്സ് കാണുകയാണ്, ടിവിയുടെ മുനിൽ ഇരിക്കാനുള്ള മൂഡ് ഇല്ലാത്തത് കൊണ്ട് ഞാൻ ഒരു സിഗരറ്റും കത്തിച്ചിട്ട് പുറത്ത് ഇരുന്നു,
സിഗരറ്റ് വലിച്ചു കഴിയുന്നതിലും മുന്നെ വിഷ്ണുവും എത്തി..........

“എന്താ മോനെ എന്താണ് സീൻ??”
കയറി വന്ന പാടേ വിഷ്ണു ചോദിച്ചു

“എന്ത് സീൻ??”

“ഓ..... അപ്പൊ പ്രശ്നം ഒന്നുമില്ലേ..... നിന്റെ സംസാരം കേട്ടപ്പോൾ ഞാൻ കരുതി എവിടെയോ പോയി വള്ളിയും വലിച്ച് വന്നിട്ടുണ്ടെന്ന്”

“പിന്നെ ഡെയിലി എന്തെങ്കിലും പ്രശ്നം ഉണ്ടാക്കൽ അല്ലേ എനിക്ക് പണി...... ഒന്ന് പോയെടാ.......”
ഞാൻ ആ സിഗരറ്റ് ചവിട്ടി കെടുത്തി കൊണ്ട് പറഞ്ഞു.

“ഹ.......ഹ.......ഹ........ അത് നിനക്ക് ഇതുവരെ മനസിലായിട്ടില്ലേ ടോണിക്കുട്ടാ....... നീ വെറുതെ പോയി നിന്ന മതി..... പ്രശ്നങ്ങൾ ഓട്ടോ വിളിച്ചോ ബസ് വിളിച്ചോ അവിടെ എത്തിക്കോളും...... കഴിഞ്ഞ ആഴ്ച മറ്റേ പെട്രോൾ പമ്പിൽ വച്ച് നടന്നത് ഓർമ്മയില്ലേ.......”

“ഓ..... മതി മതി...... അവന്റെ ഒടുക്കത്തെ കണ്ടുപിടിത്തം, ഇന്ന് എന്തായാലും ഒരു പ്രശ്നവും ഉണ്ടായിട്ടില്ല......”

“ശരി ശരി...... പിന്നെ എങ്ങനെ ഉണ്ടായിരുന്നു ഷൂട്ടിംഗ് ഒക്കെ.....”

“ആഹ്....... അടിപൊളി ആയി പോവുന്നുണ്ട്, ഹരി തകർത്തില്ലേ..... അവൻ എന്തായാലും വല്യ സംവിധായകൻ ആയി മാറും മോനെ..... എനിക്ക് ഉറപ്പാണ്.....”

“അവന് നല്ല കഴിവുണ്ട്....... ഭാഗ്യം കൂടെ ഉണ്ടായ മതി ലേ..... പിന്നെ നമ്മളെ ചെക്കനെ പിടിച്ച കിട്ടൂല്ല”

“ഷ്മ്....... ഡ...........ഒരു കാര്യമുണ്ട്
അല്പസമയത്തെ മൗനത്തിന് ശേഷം ഞാൻ പറഞ്ഞു

“എന്താണ്??”

“അത് പിന്നെ..... ഞാൻ ഇന്ന് ഒരു പെണ്ണിനെ കണ്ടു....... എന്താണെന്ന് അറിയില്ല അവളെ കണ്ടത് തൊട്ട് വല്ലാത്ത ഒരു ഫീൽ......”

“പ്രേമം??”

“ആ അറിയില്ല......”

“ഹോ....... ഭാഗ്യം.......... പെൺകുട്ടി ആണല്ലോ....... എനിക്ക് പേടി ആയിരുന്നു നീ വല്ല കുണ്ടനും ആണോ എന്ന്....... അതല്ലെന്ന് മനസിലായി......”

“പാ ചെറ്റേ...... കാര്യമായിട്ട് പറയുമ്പോഴാണ് അവന്റെ കൊണച്ച തമാശ......”

“ഹാ ചൂടാവല്ലേ ടോണിക്കുട്ടാ...... നീ ആദ്യമായിട്ടാണ് ഒരു പെണ്ണിന്റെ കാര്യം പറയുന്നത്, അതുകൊണ്ട് പറഞ്ഞതാണ്...... എന്തായാലും നിന്റെ മനസ്സിൽ കയറിയ പെണ്ണ്, അവൾ ഏത് ഭൂലോക രംഭ ആണെങ്കിലും അവളെ നമുക്ക് സെറ്റ് ആക്കാ ഡാ”

“ഷ്മ്.....”

“അല്ല.. ആരാ ആള്??”

“നമ്മുടെ ഷോർട്ട് ഫിലിമിൽ നായികയായി അഭിനയിക്കുന്ന കുട്ടിയാണ്....... ശ്രീ ലക്ഷ്മി........”

“ഹ.......ഹ.............ശ്രീക്കുട്ടി ആണോ......”

“ഏഹ്...... നിനക്കും അറിയുമോ അവളെ??”

“പിന്നെ ഇല്ലാതെ...... കോളേജിൽ നമ്മുടെ ജൂനിയർ ആയിരുന്നില്ലേ..... നീ ഇന്ന് ആണോ അവളെ ആദ്യമായിട്ട് കാണുന്നത്??”

“മ്മ........”
ഞാൻ അതെ എന്ന രീതിയിൽ മൂളി

“ആ എല്ലാത്തിനും അതിന്റെതായ സമയം ഉണ്ടെന്ന് ആണല്ലോ.......... ഹരിയോട് പറഞ്ഞോ??”

“ഇല്ല........”

“അവനോട് പറയണ്ടേ.....”

“വേണം....... പക്ഷെ ഇത് പ്രേമം തന്നെ ആണോ ഡാ........”

“അല്ല മൈരേ കഴപ്പ്....”

“ഹാഹ് തമാശ വിട്....... ഞാൻ സീരിയസ് ആണ്, എനിക്ക് അങ്ങോട്ട് മനസിലാവുന്നില്ല”

“നിനക്ക് അവളെ കണ്ടപ്പോൾ എന്താ തോന്നിയത്??”

“എന്ത് തോന്നാൻ, നോക്കി നിന്നുപോയി...... പിന്നെ അവൾ ഇങ്ങോട്ട് വന്ന് സംസാരിച്ചപ്പോൾ ഒരു വിറയലും, സംസാരിക്കാൻ പറ്റാത്ത അവസ്ഥ.....”

“ഓ അപ്പൊ ഇത് അത് തന്നെ...... ഒരു സംശയവും വേണ്ട......”

“ആയിരിക്കുമോ??”
ഞാൻ വീണ്ടും ഉറപ്പ് വരാതെ ചോദിച്ചു

“ഇനി ഞാൻ വല്ലതും പറയും കേട്ടോ മൈ.............. ആഹ് ഹരി എത്തിയല്ലോ...”
ഹരിയുടെ ബൈക്ക് വരുന്നത് കണ്ട് വിഷ്ണു പറഞ്ഞു

“എന്താണ് മക്കളെ കാര്യമായ ഗൂഢാലോചന........ ഏഹ്??”
കയറി വന്ന പാടേ അരമതിലിൽ ചാടി ഇരുന്നുകൊണ്ട് ഹരി ചോദിച്ചു

“ആഹ് ഒരു വല്യ സംഭവം നടന്നു..... ഇവിടെ ഒരുത്തനു ചെറിയ സൂക്കേട് തുടങ്ങിയിട്ടുണ്ട്”
വിഷ്ണു ആണ് മറുപടി കൊടുത്തത്

“ആര്ക്ക്...... എന്ത് സൂക്കേട്...... വ്യക്തമാക്കി പറയെടാ....”

“ദേ ഇരിക്കുന്നു രോഗി...... പ്രേമ രോഗം പിടിച്ച രോഗി”
എന്നെ ചൂണ്ടി കൊണ്ട് വിഷ്ണു അത് പറഞ്ഞതും ഹരി കിടന്ന് ചിരിക്കാൻ തുടങ്ങി.......

“എന്താടാ??”
ഞാനും വിഷ്ണുവും ഒരേ പോലെ ഹരിയോട് ചോദിച്ചു

“അപ്പൊ എന്റെ ഊഹം തെറ്റിയില്ല, ഇന്നത്തെ ഇവന്റെ പരുങ്ങി കളി കണ്ടത് തൊട്ട് എനിക്ക് സംശയമുണ്ടായിരുന്നു, അതാണ് വൈകുന്നേരം അവളെ കൊണ്ടാക്കാൻ ഞാൻ ഇവനോട് പറഞ്ഞത്.......... നന്പൻ ഡാ........”

“ഹ......ഹ........ഹ...........”
രണ്ടും കൂടി എന്നെ നടുവിൽ ഇരുത്തി ചിരി തുടങ്ങി..........

“അല്ല മോനെ എന്നിട്ട് വല്ല പുരോഗതി ഉണ്ടോ...... ചെക്കൻ ഇത്ര നല്ല ചാൻസ് ഒരുക്കി തന്നിട്ട് വെറുതെ വീട്ടിൽ കൊണ്ടാക്കി ടാറ്റയും പറഞ്ഞ് വന്നിട്ടുണ്ടാവും പൊട്ടൻ......... അറ്റ്ലീസ്റ്റ് നമ്പർ എങ്കിലും വാങ്ങിയോ??”
അവസാനം ചിരി നിർത്തി വിഷ്ണു ചോദിച്ചു

“നമ്പർ അവൾ വാങ്ങിയിട്ടുണ്ട്.....”

“ഹ.......ഹ......... അവളാണ് മോനെ ആൺകുട്ടി.......”

“ഓ............”
വിഷ്ണു അത് പറഞ്ഞപ്പോൾ ഞാൻ ഒരു ഒഴുക്കൻ മട്ടിൽ മൂളി

“ഇത് ഞാൻ സെറ്റ് ആക്കി തരാ, എനിക്ക് ചെറുപ്പം തൊട്ട് അറിയുന്നതാണ് ശ്രീക്കുട്ടിയെ, അവൾക്കും നിന്നോട് ഒരു ഇത് ഉള്ളത് പോലെ എനിക്ക് തോന്നിയിട്ടുണ്ട്.......... നാളെ നമ്മൾ ഈ കാര്യത്തിൽ ഒരു തീരുമാനം ആക്കുന്നു, എപ്പടി..........”
ഹരി അത് പറഞ്ഞപ്പോൾ ഞാൻ വെറുതെ ഒന്ന് ചിരിക്കുക മാത്രം ചെയ്തു,

പിന്നെ കുറച്ച് നേരം കൂടി ക്ലബിൽ ഇരുന്ന ശേഷം ഞാൻ വീട്ടിലേക്ക് വിട്ടു, വേഗം തന്നെ ഭക്ഷണം കഴിച്ച് അപ്പന്റെ കലാപരിപാടി തുടങ്ങുന്നതിന് മുന്നെ റൂമിൽ കയറി കതകടച്ചു.....

കിടന്നിട്ട് ഉറക്കം വരുന്നില്ല, ആകെ ഒരു പരവേശം........ ഹരിയെ വിളിച്ചു അവളുടെ നമ്പർ വാങ്ങി വിളിച്ചാലോ??....... അല്ലെങ്കിൽ വേണ്ട വെറുതെ അതും പറഞ്ഞ് അവന്മാര്

കളിയാക്കാൻ തുടങ്ങും....... ഫേസ്ബുക്ക് എടുത്ത് തപ്പി നോക്കിയാലോ?? യെസ് അത് മതി........

അങ്ങനെ ഓരോന്നും ആലോചിച്ചു ഫോൺ എടുത്ത് ഫേസ്ബുക്കിൽ കയറാൻ നോക്കുമ്പോൾ അതാ വാട്സ്ആപ്പിൽ പരിചയമില്ലാത്ത നമ്പറിൽ നിന്നും ഒരു “ഹായ്”,

അവൾ ആയിരിക്കണേ എന്ന് പ്രാർത്ഥിച്ച് കൊണ്ട് തിരിച്ചും ഒരു “ഹായ്” അയച്ചു.....

“ആരാ ന്ന് മനസ്സിലായോ??”
ഉടനെ തന്നെ മറുപടി കിട്ടി

“ശ്രീക്കുട്ടി അല്ലേ??”

“എങ്ങനെ മനസിലായി??”
അത്ഭുതപ്പെട്ടു കണ്ണ് മിഴിക്കുന്ന സ്മൈലിയും ഇട്ടുകൊണ്ട് അവൾ ചോദിച്ചു, ഭാഗ്യം അപ്പൊ അവൾ തന്നെ ആണ്.

“അതൊക്കെ മനസിലായി, ഈ മെസ്സേജ് ഞാൻ പ്രതീക്ഷിച്ചിരുന്നു”

“അപ്പൊ എന്റെ മെസ്സേജും കാത്ത് ഇരിക്കുക ആയിരുന്നോ??”

“മ്മ..... ഏറെ കുറെ”

“അതെന്താ??”

“താൻ കോളേജിൽ എന്നെ കാണാൻ വേണ്ടി ഫുട്ബോൾ കളി നടക്കാൻ പ്രാർത്ഥിച്ചത് എന്തിനാ?? അതുപോലെ തന്നെ”

“എനിക്ക് ഇഷ്ടായത് കൊണ്ട്”
മെസ്സേജ് കണ്ടിട്ടും കുറച്ച് നേരം കഴിഞ്ഞാണ് അവൾ റിപ്ലൈ തന്നത്

“ആഹ്..... എനിക്കും ഇഷ്ടം ആയതുകൊണ്ട് തന്നെ ആണ്”

“സത്യമാണോ??”

“മ്മ...... സത്യം..... ഞാൻ കോൾ ചെയ്തോട്ടെ.....”

“മ്മ......”

പെട്ടെന്ന് എനിക്ക് അവളോട് സംസാരിക്കാൻ തോന്നിയത് കൊണ്ടാണ് ഞാൻ കോൾ ചെയ്യട്ടെ എന്ന് ചോദിച്ചത്, പക്ഷെ വിളിച്ചിട്ട് എന്ത് പറയും, ഒരു എത്തും പിടിയും കിട്ടുന്നില്ല ലോ

എന്തായാലും അവൾക്കും എന്നെ ഇഷ്ടമാണ് എന്ന് അല്ലേ പറഞ്ഞത്, ഓ മൈ ഗോഡ്....... എല്ലാം പെട്ടെന്ന് ആണെല്ലോ..... യാഥാർഥ്യം ആണെന്ന് വിശ്വസിക്കാൻ കഴിയാത്ത ഒരു അവസ്ഥ...... എന്തായാലും കോൾ ചെയ്തു നോക്കാം.....

“ഹലോ.....”
ഫോൺ എടുത്തപ്പോൾ തന്നെ അവളുടെ കിളിനാദം

“ഹ...ലോ...”
ചെറിയ വിറയലോടെ ഞാൻ പറഞ്ഞു

“മ്മ......പറ”

“ഒന്നുമില്ല, എന്തോ ശ്രീക്കുട്ടിയുടെ ശബ്ദം കേൾക്കാൻ തോന്നി അതാ വിളിച്ചത്”
വിറയൽ എല്ലാം മാറ്റി ധൈര്യത്തോടെ ഞാൻ സംസാരിച്ചു തുടങ്ങി

“മ്മ......”

“എന്താ ഒന്നും മിണ്ടാതെ, രാവിലെ എല്ലാവരോടും വാ തോരാതെ സംസാരിക്കുന്നത് കണ്ടല്ലോ, എന്ത് പറ്റി ഫോണിലൂടെ സംസാരിക്കില്ലേ??”

“ഏയ് അതൊന്നും അല്ല, ചെറിയ സ്റ്റാർട്ടിങ് ട്രെബിൾ....”

“ഹ....ഹ...... അല്ല നേരത്തെ എന്തോ പറഞ്ഞല്ലോ, ഇഷ്ടം ആണ് എന്നോ...... അങ്ങനെ എന്തോ......”

“മ്മ....... ചേട്ടനും പറഞ്ഞല്ലോ.....”

“ഞാൻ പറഞ്ഞത് എനിക്ക് തന്നെ വല്ലാതെ അങ്ങ് ഇഷ്ടപ്പെട്ടു എന്നാണ്”

“ഇന്ന് അല്ലേ എന്നെ ആദ്യമായി കാണുന്നത്??”

“കണ്ട ഒറ്റ നോട്ടത്തിൽ തന്നെ ഇഷ്ടപ്പെട്ടു പോയി..... ആദ്യമായിട്ടാണ് ഇങ്ങനെ ഒക്കെ....”

“എനിക്കും ആദ്യം കണ്ടത് തൊട്ട് ഇഷ്ടം ആയിരുന്നു, പക്ഷെ തുറന്ന് പറയാൻ പേടിയായിരുന്നു..... പിന്നെ അത്ര എളുപ്പത്തിൽ കാണാൻ കിട്ടില്ലല്ലോ........”

“ഇനി എന്തായാലും ആ പ്രശ്നം ഉണ്ടാവില്ല....... ശ്രീക്കുട്ടിക്ക് കാണാൻ തോന്നിയ അപ്പൊ ഞാൻ പറന്ന് എത്തും........”

.

.

.

.

.

“എന്താ ശ്രീ ഒന്നും മിണ്ടാതെ??”

“ആ..... എനിക്ക് എന്താ പറയേണ്ടത് എന്ന് കിട്ടുന്നില്ല, അത്ര ഞാൻ ആഗ്രഹിച്ചിരുന്നു ഇങ്ങനെ ഒരു ദിവസത്തിന് വേണ്ടി, എന്തായാലും ഈ ഷോർട്ട് ഫിലിം അതിനൊരു കാരണം ആയല്ലോ.......”

“മ്മ....... ഒരു തവണ എന്റെ മുനിൽ വന്നു നിന്നിരുന്നെങ്കിൽ ഈ ദിവസം ഇത്ര വൈകുമായിരുന്നോ.....”

“എന്നെ കൊണ്ട് ഒന്നും പറയിക്കരുത് മനുഷ്യാ....... എത്ര പ്രാവശ്യം ഞാൻ മുനിൽ കൂടെ അങ്ങോട്ടും ഇങ്ങോട്ടും നടന്ന് കളിക്കൽ ഉണ്ടായിരുന്നു എന്ന് അറിയുമോ......

എവിടെ...... ഒന്ന് തിരിഞ്ഞ് നോക്കൽ പോലും ഇല്ല ദുഷ്ടൻ, എന്നിട്ട് ഇപ്പോ പറയുന്നത് കേട്ടില്ലേ......"

"ഹ......ഹ........ സോറി ട്ടോ...... ശ്രീക്കുട്ടി..... ഇനി എപ്പോഴും നോക്കി നിൽക്കാം"

"ഓ..... സോറി ഒന്നും വേണ്ട.... എന്നെ ചതിക്കില്ല എന്ന് ഉറപ്പ് തന്ന മതി....."

"ഇപ്പോ വേണോ...... നാളെ നേരിട്ട് തന്ന പോരെ"

"മ്മ ഓക്കേ....."

"പിന്നെ എന്താ ഫുഡ് കഴിച്ചോ??"

"ഓ കഴിച്ചു..... ചേട്ടനോ??"

"മ്മ..... കഴിച്ചു......"

"പിന്നെ എന്താ..."

"പിന്നെ എന്താ..... ഒന്നുമില്ല"

"എങ്കിൽ ശരി ചേട്ടാ..... നാളെ കാണാം.... രാവിലെ ഷൂട്ട് ഉള്ളതല്ലേ"

"മ്മ...... ഗുഡ് നൈറ്റ്"

"ഗുഡ് നൈറ്റ്..... ടേക്ക് കെയർ.....ബായ് ചേട്ടാ...."

എന്നും പറഞ്ഞ് അവൾ ഫോൺ കട്ട് ചെയ്തിട്ടും ഒന്നും അങ്ങോട്ട് വിശ്വസിക്കാൻ കഴിയാത്ത അവസ്ഥയിൽ ആയിരുന്നു ഞാൻ, ഒറ്റ ദിവസം കൊണ്ട് എനിക്ക് ഒരു കുട്ടിയോട് ഇഷ്ടം തോന്നിയിരിക്കുന്നു, ആ കുട്ടിയ്ക്ക് എന്നെയും ഇഷ്ടമാണെന്ന് പറയുന്നു..... എന്തൊക്കെ ആണ് ഈ നടക്കുന്നത്...... ലൈഫിൽ ഫസ്റ്റ് ലവ് ഒക്കെ ഇത്ര സിംപിൾ ആയി നടക്കുമോ??

അപ്പൊ തന്നെ ഹരിയെ വിളിച്ച് കാര്യം പറഞ്ഞു, അവനും ഭയങ്കര ഹാപ്പി ആയിരുന്നു..... ഞങ്ങൾ മൂന്നുപേരിൽ ആദ്യമായി ഒരാൾ കുടുങ്ങിയതിന്റെ സന്തോഷം ആയിരിക്കുമോ

ഹരിയെ വിളിച്ചു ഫോൺ വച്ച് കിടക്കാൻ പോയപ്പോൾ അതാ വിളിക്കുന്നു വിഷ്ണു, വിവരം അറിഞ്ഞുള്ള വിളി ആയിരുന്നു, എന്തൊക്കയോ പറഞ്ഞ് കുറെ കളിയാക്കിയിട്ടാണ് പട്ടി ഫോൺ വച്ച് പോയത്...... എന്തായാലും അവനോടും സംസാരിച്ചിട്ട് ഞാൻ കിടന്ന് ഉറങ്ങാൻ ശ്രമിച്ചു, സാധാരണ കട്ടിൽ കണ്ട ഉറങ്ങി പോവുന്ന എന്നെ നിദ്രാദേവി ആ രാത്രി കടാക്ഷിക്കാൻ ഒന്ന് മടിച്ചു കളിച്ചു........ എങ്കിലും അവസാനം കടാക്ഷിച്ചു..... ഞാൻ ഉറക്കത്തിലേക്ക് വഴുതി വീണു......

പിന്നീട് അങ്ങോട്ട് മൂന്ന് ആഴ്ചയോളം ഷൂട്ടിംഗ് ഉണ്ടായിരുന്നു, ആ ദിവസങ്ങളിൽ ഞങ്ങൾ കൂടുതൽ അടുത്തു.... രാവിലെ ഞാൻ അവളെ വീട്ടിൽ പോയി പിക്ക് ചെയ്യും..... വൈകുന്നേരം ഷൂട്ട് കഴിയുന്ന വരെ ഞാൻ അവിടെ തന്നെ

നിൽക്കും..... വൈകുന്നേരം ഷൂട്ട് കഴിഞ്ഞ് അവളെയും കൂട്ടി ഒന്ന് കറങ്ങിയിട്ട് വീട്ടിൽ ആക്കി കൊടുക്കും...... ചുരുങ്ങിയ ദിവസം കൊണ്ട് തന്നെ പിരിയാൻ കഴിയാത്ത വിധം ഞങ്ങൾ അടുത്തിരുന്നു....... പക്ഷെ ഷോർട്ട് ഫിലിമിന്റെ ഷൂട്ടിംഗ് കഴിഞ്ഞതോടെ ദിവസവും കാണാൻ കഴിയാതെ ആയി, എങ്കിലും ഫോണിലൂടെയും ഇടയ്ക്ക് ടൗണിൽ വച്ച് കണ്ടുമുട്ടിയും ഞങ്ങൾ പ്രണയിച്ചു നടന്നു.
##############

“ടോണി..............”

ആ ശബ്ദം കേട്ടാണ് ഞാൻ കണ്ണ് തുറന്നത്....... നോക്കുമ്പോൾ ആ രജിസ്റ്റർ ഓഫീസിന്റെ പുറത്ത് ആൽമരത്തിന്റെ ചുവട്ടിൽ ഇരിക്കുകയാണ് ഞാൻ........ ശബ്ദം കേട്ട ഭാഗത്തേക്ക് തിരിഞ്ഞു നോക്കിയപ്പോൾ എന്റെ നേരെ നടന്നു വരുന്ന വിഷ്ണുവിനെ ആണ് കണ്ടത്.......

“എന്താ ഡാ ഇതൊക്കെ എന്താ പറ്റിയത്...... ആരാ നിന്നെ തല്ലിയത്??”

അടുത്ത് വന്ന് അടി കൊണ്ട് പരുവമായ എന്റെ മുഖം നോക്കി കൊണ്ട് അവൻ ചോദിച്ചു.....

“ഒക്കെ പറയാ..... നീ ഒന്ന് ഇവിടെ നിൽക്ക്...... ഞാൻ ഇപ്പോ വരാം”

എന്നും പറഞ്ഞ് വിഷ്ണുവിനെ അവിടെ നിർത്തിയിട്ട് ഞാൻ ആ രജിസ്റ്റർ ഓഫീസിന്റെ പുറത്തേക്ക് നടന്നു, അവൻ പിന്നെ ഒന്നും ചോദിക്കാനും നിന്നില്ല....

നേരെ അടുത്ത് കണ്ട ഷോപ്പിൽ കയറി ഒരു സിഗരറ്റും വാങ്ങി കത്തിച്ച് വലിക്കാൻ തുടങ്ങി......
സിഗരറ്റ് വലിക്കുന്നതിന് ഇടയ്ക്ക് വീണ്ടും മനസ് പുറകോട്ടു പോയി......
###########

അന്ന് ആ രാത്രി എന്റെ മനസിലേക്ക് കടന്നു വന്നു

“ശ്രീ............കിടന്നിട്ട് ഉറക്കം വരുന്നില്ല...... എനിക്ക് നിന്നെ ഇപ്പോ കാണണം....”
രാത്രി കിടന്നിട്ട് ഉറക്കം വരാതെ ഞാൻ ശ്രീകുട്ടിയെ ഫോൺ വിളിച്ചു

“ഈ പാതി രാത്രിയോ....... ഒന്ന് പോയേ ഇച്ചായാ......”
ഇപ്പോ ചേട്ടാ വിളി എല്ലാം മാറ്റി ഇച്ചായാ എന്നാണ് പെണ്ണ് എന്നെ വിളിക്കാറ്...

“പ്ലീസ് ശ്രീക്കുട്ടി...... രണ്ട് ദിവസം ആയില്ലേ..... ഞാൻ അങ്ങോട്ട് വരട്ടെ??”

“അയ്യോ...... വീട്ടിലേക്കോ....... വേണ്ട ഇച്ചായാ ആരെങ്കിലും കണ്ട പ്രശ്നമാവും”

“ഏയ് ആരും കാണില്ല..... അതൊക്കെ ഞാൻ നോക്കിക്കൊള്ളാം..... നീ ആ ബെഡ്റൂമിൽ നിന്ന് ബാൽക്കണിയിലേക്കുള്ള വാതിൽ ലോക്ക് ചെയ്യണ്ട”

അതും പറഞ്ഞ് ഞാൻ ഫോൺ കട്ട് ചെയ്തു..... മെല്ലെ ശബ്ദം ഒന്നും ഉണ്ടാക്കാതെ ഞാൻ വീട്ടിൽ നിന്ന് ഇറങ്ങി, കാറ് എടുത്തില്ല.... ഇറങ്ങി നടന്നു..... മൊത്തം ഇരുട്ട്, ഫോൺ എടുക്കാതെ ഇറങ്ങിയത് മണ്ടത്തരം ആയി പോയി.... ഫ്ലാഷ് ലൈറ്റ് എങ്കിലും അടിക്കാമായിരുന്നു..... പതിനഞ്ച് മിനിറ്റോളം നടക്കാനുണ്ട്

ശ്രീക്കുട്ടിയുടെ വീട്ടിലേക്ക്....... ഭാഗ്യം..... ഒരുമണി കഴിഞ്ഞത് കൊണ്ട് റോഡിൽ ഒന്നും ഒറ്റ മനുഷ്യൻ ഇല്ല...... ഞാൻ അങ്ങനെ ശ്രീക്കുട്ടിയുടെ വീട് ലക്ഷ്യമാക്കി ആ ഇരുട്ടത് നടന്നു....

ഹോ...... അവസാനം ലക്ഷ്യ സ്ഥാനത്ത് എത്തി, മതിൽ ചാടി... നേരെ വീടിന്റെ ബാക്കിൽ പോയി കോണി എടുത്തുവന്നു..... കോണി വച്ച് നേരെ ബാൽക്കണിയിലേക്ക് കയറി...... ആ ബാൽക്കണിയിൽ നിന്ന് ശ്രീക്കുട്ടിയുടെ മുറിയിലേക്കുള്ള വാതിലാണ്...... സംഭവം സിംപിൾ ആയിരുന്നു...... ഇത് രണ്ടാമത്തെ പ്രാവശ്യമാണ് ഞാൻ കയറുന്നത്.

“ഹോ പേടിപ്പിച്ച് കളഞ്ഞല്ലോ”
മെല്ലെ ഒച്ച ഉണ്ടാകാതെ വാതിൽ തുറന്ന് അകത്തു കയറി ലൈറ്റ് ഇട്ടതും ഞെട്ടി തരിച്ചുകൊണ്ട് ശ്രീക്കുട്ടി പറഞ്ഞു....
ഞാൻ ഒന്നും മിണ്ടാതെ ചിരിച്ചുകൊണ്ട് കട്ടിലിൽ കയറി അവളുടെ അടുത്ത് ഇരുന്നു....

“എന്താണ് ഉദ്ദേശം??”

“ഏയ്..... പ്രത്യേകിച്ച് ഒന്നുമില്ല..... എന്റെ ശ്രീക്കുട്ടിനെ കാണാൻ തോന്നി, അതാ.......”

“കണ്ടില്ലേ...... ഇനി പൊയ്ക്കോ.... ന്ക്ക് പേടി ആവുന്നുണ്ട് ട്ടോ.... ആരെങ്കിലും കണ്ട തീർന്നു.....”

“ഹാ..... ആരും കാണില്ല മോളേ...... എന്തായാലും വന്നില്ലേ കുറച്ച് കഴിഞ്ഞ് പോവാ”

“ഷ്മ്..... എന്താ ഇങ്ങനെ നോക്കുന്നത്.....??”

“മച്.... ഒന്നുമില്ല..... എന്ത് ഭംഗി ആണ് പെണ്ണേ നിന്നെ കാണാൻ”

“അയ്യടാ..... സുഖിച്ചു ട്ടോ...... മോൻ ആ ലൈറ്റ് ഓഫ് ആക്കിയെ.....”

“എന്താണ്....... മൂഡായോ??”

“ഉഫ്...... അതല്ല.... സമയം എത്ര ആണെന്ന് വല്ല ബോധം ഉണ്ടോ...... വെറുതെ ലൈറ്റ് ഇട്ട് പണി ഇരന്നു വാങ്ങേണ്ട”

“ആഹ് അതാണ് എനിക്കും സൗകര്യം”
എഴുന്നേറ്റു ലൈറ്റ് ഓഫാക്കാൻ പോവുന്നതിനു ഇടയ്ക്ക് ഞാൻ പറഞ്ഞു......

“ഒന്നും നടക്കില്ല മോനെ......”
ശ്രീക്കുട്ടി പുറകിൽ നിന്ന് പറയുന്നത് കേട്ടു

ലൈറ്റ് ഓഫാക്കി ഞാൻ തിരിച്ചു കട്ടിലിൽ തന്നെ വന്നിരുന്നു......

“വേറെ ഒന്നും വേണ്ട, ഒരുമ്മ മാത്രം മതി.......പ്ലീസ്”

“ഇല്ല......പറ്റില്ല...... ഒരു ഉമ്മയിലൊന്നും ഇച്ചായൻ നിർത്തില്ല....”

“സത്യം ഒറ്റ ഉമ്മ മതി...... പ്ലീസ്...... ഇച്ചായന്റെ ചക്കര അല്ലേ.....”
ഒന്നും കാണുന്നില്ല, എങ്കിലും ഒരു ചിരി കേട്ടു..... അത് എനിക്കുള്ള പോസിറ്റീവ് സിഗ്നൽ ആണെന്ന് മനസിലായി

ഞാൻ മെല്ലെ അവളുടെ അധരങ്ങളിൽ എന്റെ ചുണ്ട് മുട്ടിച്ചു...... എന്റെ ചുണ്ട് മുട്ടിയതും അവൾ ഒരു ദീർഘശ്വാസം എടുത്തു...... ഞാൻ ശ്രീക്കുട്ടിയെയും കൊണ്ട് കട്ടിലിലേക്ക് കിടന്നു.....

കീഴ് ചുണ്ടും മേൽ ചുണ്ടും ഞാൻ മാറി മാറി ചപ്പി വലിച്ചു....... ശ്രീ തിരിച്ച് എന്റെ ചുണ്ടിലും ചുംബിക്കാൻ തുടങ്ങി..

അവളുടെ രുചി...... അത് എന്നെ എല്ലാം മറന്ന് അവളിലേക്ക് അലിയാൻ പ്രേരിപ്പിച്ചു..... ഞങ്ങൾ രണ്ടുപേരും എല്ലാം മറന്ന് ആ ചുംബനം ആസ്വദിച്ചു.......

“ഇച്ചായാ.............”

ഞാൻ കൈ മെല്ലെ താഴേക്ക് കൊണ്ടുപോവാൻ നോക്കിയപ്പോൾ ഒരു ഓർമ്മപ്പെടുത്തൽ പോലെ ശ്രീ വിളിച്ചു

“മ്മ്??”

“കുരുത്തക്കേട് കാണിച്ച നല്ല അടി കിട്ടും ട്ടോ......”

“മ്മ..... ഓക്കേ ഓക്കേ......”

ഞാൻ ഒരു ഒഴുക്കൻ മട്ടിൽ പറഞ്ഞു..... കാരണം കിസ്സിങ് അല്ലാതെ ഒന്നും കല്യാണത്തിന് മുന്നെ ചെയ്യില്ലെന്ന് ഞങ്ങൾ തീരുമാനം എടുത്തതാണ്........... അല്ല ഈ ദുഷ്ടത്തി എടുത്ത തീരുമാനത്തിന് എനിക്ക് വഴങ്ങി കൊടുക്കേണ്ട വന്നു എന്ന് പറയാം.... അനുസരിച്ചില്ലെങ്കിൽ ഇപ്പോ കിട്ടുന്നതും മുടങ്ങും ഇങ്ങനെ കെട്ടിപ്പിടിച്ച് കിടക്കാനും കഴിയില്ല......

കുറെ നേരം എന്റെ പെണ്ണിനെ കെട്ടിപ്പിടിച്ചു കിടന്ന് കഥ പറഞ്ഞിട്ട് പുലർച്ചെ ഒരു മൂന്നര മണി ആയപ്പോഴാണ് ഞാൻ തിരിച്ചു വീട്ടിലേക്ക് പോയത്..... വന്ന പോലെ തന്നെ കോണി ഇറങ്ങി അത് എടുത്ത സ്ഥലത്ത് തന്നെ വച്ചിട്ട് ആരും കാണാതെ ഞാൻ സ്കൂട്ടായി......

ലേറ്റ് ആയി വന്ന് കിടന്നതു കൊണ്ട് അടുത്ത ദിവസം ഉച്ചയ്ക്കാണ് ഞാൻ എഴുന്നേറ്റത്.... നട്ടുച്ചയ്ക്ക് എഴുന്നേറ്റ് വന്നതിന് മേരി ചൂടായെങ്കിലും കെട്ടിപ്പിടിച്ച് ഒരുമ്മ കൊടുത്തതും മേരിയുടെ ദേഷ്യം മാറി........ അതാണ് എന്റെ മേരി.......

ബ്രേക്ക് ഫാസ്റ്റും ലഞ്ചും കൂടി കൂട്ടി കനത്തിൽ ഒരു ബ്രഞ്ച് കഴിച്ചിട്ട് ഞാൻ നേരെ പുറത്ത് ചാരുപടിയിൽ വന്നിരുന്നു.....

ഫോൺ എടുത്ത് ഹരിയെ വിളിച്ചിട്ട് സ്വിച്ച് ഓഫ്, വിഷ്ണു ആണെങ്കിൽ ഫോണും എടുക്കുന്നില്ല...... ഇവന്മാര് ഇത് ഏത് മറ്റേടത്ത് പോയി കിടക്കാ.... ശ്രീക്കുട്ടിയെ വിളിച്ചു നോക്കി അവളും ഫോൺ എടുക്കുന്നില്ല..... ഇത് എന്ത് കൂത്ത്........ ഇനി എന്റെ ഫോണിന്റെ പ്രശ്നം എങ്ങാനും ആണോ?? ഏയ്..............

“എന്താണ് മോനു..... എന്താ പ്രശ്നം??”
ഫോൺ കിട്ടാത്ത ദേഷ്യത്തിൽ ഇരുന്ന എന്റെ അടുത്ത് വന്നിരുന്നു കൊണ്ട് മേരി ചോദിച്ചു

“ഏയ് പ്രശ്നമൊന്നും ഇല്ല”

“പിന്നെ എന്താ മോനുന്റെ മുഖം കടന്നല് കുത്തിയ പോലെ ഇരിക്കുന്നത്??”

“ഏയ് ഒന്നുമില്ല മേരി..... അവന്മാരെ വിളിച്ചിട്ട് കിട്ടുന്നില്ല”

“ഓ അതിനാണോ ഈ ദേഷ്യം പിടിച്ചു ഇരിക്കുന്നത്..... അവർക്ക് അവരുടെ തിരക്കുകൾ ഉണ്ടാവില്ലേ മോനു.....”

“ഓ..... എന്ത് തിരക്ക്”
ഞാൻ ഒഴുക്കൻ മട്ടിൽ പറഞ്ഞു

“എന്തെങ്കിലും കാണും മോനു.... വിഷ്ണു പിന്നെ നിങ്ങളെ പോലെ ഒന്നും അല്ല...... അവനാണ് ആ വീട് മൊത്തം ഇപ്പോ നോക്കുന്നത്... നല്ല ഉത്തരവാദിത്തം ഉള്ള പയ്യനാണ്....... ഹരി നിന്നെ പോലെ തന്നെ കിടന്ന് ഉറങ്ങുകയായിരിക്കും.....”

“എന്റെ കർത്താവേ........ ആ നല്ലവനായ ഉണ്ണിയെ കൊണ്ട് ഇപ്പോ വീട്ടിൽ സ്വസ്ഥമായി ഇരിക്കാൻ പറ്റാത്ത അവസ്ഥ ആയല്ലോ......”
ഞാൻ ഒരു പ്രത്യേക ട്യൂണിൽ മുകളിലേക്ക് നോക്കി പറഞ്ഞു

“ആഹ് നല്ലവനായ ഉണ്ണിയുടെ കൂടെ നടന്നിട്ടും എന്റെ മോനൂന് ബുദ്ധി വെക്കുന്നില്ലല്ലോ കർത്താവെ”
അതെ ട്യൂണിൽ മേരിയും തിരിച്ചടിച്ചു.

“എന്റെ പൊന്നു മേരിക്കുട്ടി....ഉമ്മ”
വിഷയം മാറ്റാൻ വേണ്ടി മേരിയെ കെട്ടിപ്പിടിച്ചു ഒരുമ്മയും കൊടുത്തിട്ട് ഞാൻ കേറി മേരിയുടെ മടിയിൽ തല വെച്ച് കിടന്നു

“എത്ര കാലമായി മോനു ഇതുപോലെ കിടന്നിട്ട്....”
അല്പം വിഷമത്തോടെ മേരി പറഞ്ഞു...

“അതിന് എന്താ...... ഇന്ന് മുഴുവൻ ഞാൻ ഇങ്ങനെ മേരിന്റെ മടിയിൽ കിടക്കും....... പോരെ??”

“അയ്യടാ.......”

ഞാൻ അങ്ങനെ കഥയും പറഞ്ഞ് കുറെ നേരം മേരിയുടെ മടിയിൽ കിടന്നു, മേരി തല മസ്സാജ് ചെയ്ത് തരുകയും ചെയ്തു....

വൈകുന്നേരം ആയപ്പോൾ വിളിച്ചിട്ടും ഹരിയുടെ ഫോൺ സ്വിച്ച് ഓഫ് തന്നെ ആയിരുന്നു...... വിഷ്ണുവും എടുക്കുന്നില്ല..... ഇവന്മാർക്ക് ഇത് എന്ത് പറ്റി.....
ശ്രീക്കുട്ടിയെയും വിളിച്ചു നോക്കി അവളുടെ ഫോണും സ്വിച്ച്ഓഫ് ആണ്...

ഞാൻ മെല്ലെ കാർ എടുത്ത് ഇറങ്ങി..... വിഷ്ണുവിന്റെ വീട്ടിൽ പോയി നോക്കിയപ്പോൾ അവിടെ ആരും ഇല്ല..... വീട് പൂട്ടി ഇട്ടിരിക്കുന്നു..... വീടും പൂട്ടി എല്ലാവരും കൂടെ എവിടെ പോയി..... അതിന് തെണ്ടി ഫോൺ വിളിച്ച എടുക്കണ്ടേ..... ഞാൻ നേരെ ക്ലബിലേക്ക് വിട്ടു..... അവിടെയും ഇല്ല.... ഹരിയുടെ വീട്ടിൽ പിന്നെ പോവാൻ നിന്നില്ല..... എന്റെ കൂടെ നടന്നിട്ടാണ് അവൻ ഇങ്ങനെ സപ്ലീയും അടിച്ചു കറങ്ങി തിരിഞ്ഞു നടക്കുന്നതെന്ന്

പറഞ്ഞ് അവന്റെ അച്ഛനും അമ്മയ്ക്കും എന്നെ കണ്ണ് എടുത്താൽ കണ്ടുകൂടാ..... വെറുതെ അവിടെ പോയി അവരുടെ വായിൽ ഇരിക്കുന്നത് കേൾക്കണ്ട എന്ന് കരുതി.....

എന്താണ് പറ്റിയത് എന്ന് അറിയാതെ ഒരു സമാധാനം ഇല്ല..... കൂടെ കൂടിയതിനു ശേഷം ഇതുവരെ അവന്മാരെ കാണാതെ ഒരു ദിവസം പോലും നിന്നിട്ടില്ല...... എന്താണെന്ന് അറിയില്ല വല്ലാത്ത ഒരു അവസ്ഥ പോലെ....... എന്താണെങ്കിലും വന്ന രണ്ടിനും ഇട്ട് ഓരോന്ന് പൊട്ടിക്കണം എന്ന് തോന്നി...... ഒറ്റ ഇരുപ്പിന് മൂന്നോ നാലോ സിഗരറ്റ് വലിച്ചിട്ടാണ് ഞാൻ വീട്ടിലേക്ക് പോയത്......

“ടോണി.....”

“മ്മ..... എന്താ..”

“നീ സിഗരറ്റ് വലിച്ചോ??”

വാതിൽ തുറന്നു തന്ന മേരിയെ മൈൻഡ് ചെയ്യാതെ അകത്തേക്ക് കയറിയ എന്നെ പിടിച്ചു നിർത്തിക്കൊണ്ട് മേരി ചോദിച്ചു....“ഏയ് ഇല്ല...”

“പിന്നെ എന്താ ഒരു മണം”

“എന്ത് മണം....... സ്പ്രേന്റെ ആയിരിക്കും.... വെറുതെ......”
ഒരു ഒഴുക്കൻ മട്ടിൽ മറുപടി കൊടുത്തിട്ട് ഞാൻ തിരിഞ്ഞു നടക്കാൻ ശ്രമിച്ചു

“അവിടെ നിൽക്ക്..... അതെന്ത് സ്പ്രേ ആണ് സിഗരറ്റിന്റെ മണമുള്ള സ്പ്രേയോ??”

“ആാ.......”
ഞാൻ വെറുതെ മൂളി

“സത്യം പറയെടാ..... നീ സിഗരറ്റ് വലിച്ചോ??”

“മ്മ......”

ഞാൻ അതെ എന്ന രീതിയിൽ മൂളി

“ഹാ അത് അങ്ങോട്ട് സമ്മതിച്ച പോരെ...... വെറുതെ കള്ളം പറയാൻ നിൽക്കണോ...”

ഏഹ് ഇതെന്ത് കൂത്ത്...... സിഗരറ്റ് വലിച്ചതല്ലേ അപ്പൊ തെറ്റ്....... നല്ല മേരി.......

“എന്താടാ ഇങ്ങനെ നോക്കുന്നത്..... പോ ചെല്ല്...... മേല്ലാൽ കള്ളം പറയരുത്.... കേട്ടോ....”

“മ്മ.....”

“വായ തുറന്ന് പറ മോനു”

“ഇല്ല കള്ളം പറയില്ല.....”

“മ്മ.... എങ്കിൽ പോയ് ഡ്രസ്സ് ഒക്കെ മാറി വാ..... ഭക്ഷണം കഴിക്കാ”

വേഗം ഡ്രസ്സ് ഒക്കെ മാറി വന്ന് ഭക്ഷണം കഴിച്ചിട്ട് എന്നത്തേയും പോലെ അപ്പൻ വരുന്നതിന് മുൻപ് റൂമിൽ കയറി കതകടച്ചു......

ഒരുവട്ടം കൂടി ട്രൈ ചെയ്ത് നോക്കിയെങ്കിലും ആരെയും കിട്ടിയില്ല, ആ ദേഷ്യം ഫോണിൽ കുത്തി തീർക്കുമ്പോഴാണ് ഫോൺ റിങ് ചെയ്തത്......
നോക്കുമ്പോൾ വിഷ്ണുവാണ്...... നാറി.........രണ്ട് തെറി പറയണം

“ഡാ...... നീ എവിടെ........ ഞാൻ രാവിലെ തൊട്ട് വിളിക്കുന്നുണ്ട്.... എന്താ ഫോൺ എടുക്കാത്തത്??”
ഫോൺ എടുത്ത പാടേ ചീത്ത പറയണമെന്ന് കരുതിയെങ്കിലും ഇതാണ് എന്റെ വായിൽ നിന്ന് വന്നത്...

“അച്ഛനെ ഒന്ന് ഹോസ്പിറ്റലിൽ കാണിക്കാൻ വന്നതായിരുന്നു, അപ്പൊ ഇന്ന് ഇവിടെ കിടന്നിട്ട് നാളെ ഡിസ്ചാർജ് ആക്കാമെന്ന് പറഞ്ഞു.....അതാ..... ഞാൻ ഇവിടെ ടൗണിൽ ഗവണ്മെന്റ് ഹോസ്പിറ്റലിൽ ആണ്”

“അയ്യോ...... അങ്കിളിന് എന്ത് പറ്റി??

“അങ്ങനെ കാര്യമായിട്ട് ഒന്നുമില്ല.... കുറെ ആയില്ലേ ഇങ്ങനെ വയ്യാതെ...... ഇന്നലെ രാത്രി നല്ല ചുമയും ഛർദ്ദിയും ഒക്കെ ആയിരുന്നു.....ഇപ്പോ

കുഴപ്പമില്ല........”

“ശരി ഞാൻ അങ്ങോട്ട് വരാ”

“ഏയ് നീ വരേണ്ട..... ഇവിടെ പ്രശ്നം ഒന്നുമില്ല...... നാളെ രാവിലെ തന്നെ ഡിസ്ചാർജ് ആവും.....”

“പിന്നെ എന്താ നിന്റെ ശബ്ദം വല്ലാതെ ഇരിക്കുന്നത്.??”

“ഡാ..... അത് പിന്നെ........”

“ഹാ നീ കാര്യം പറ”

“ടോണി........ ഞാൻ പറയുന്നത് നീ ക്ഷമയോടെ കേൾക്കണം...... കേട്ടിട്ട് വെറുതെ എടുത്ത് ചാടി ഒന്നും ചെയ്യരുത്”

“ഹാ ടെൻഷൻ അടിപ്പിക്കാതെ കാര്യം പറ വിഷ്ണു....”

“ഡാ........ഹരി........ആ മൈരൻ നിന്നെ ചതിക്കുകയായിരുന്നു..... നിന്നെ മാത്രം അല്ല...... അവന്റെ സ്വന്തം വീട്ടുകാരെയും എല്ലാരെയും ചതിച്ചിട്ടാണ് മൈരൻ പോയത്...... പട്ടി ചെറ്റ.......”
സങ്കടവും ദേഷ്യവും എല്ലാം കലർന്ന ഒരു രീതിയിൽ ആണ് വിഷ്ണു അത് പറഞ്ഞത്.....

“ഹാ.....നിനക്ക് എന്ത് പറ്റി..... ഹരി എന്ത് ചെയ്തു ന്നാ നീ ഈ പറയുന്നേ...... അവൻ എങ്ങോട്ട് പോവാൻ??”

“അവനും ആ ശ്രീലക്ഷ്മി...... പിഴച്ചവളും ആയിട്ട്.... ഛെ.....”

“ഡ...... നീ കാര്യം എന്താണെന്ന് വച്ച തെളിച്ചു പറ....”

“ഡാ..... എന്റെ വീട്ടിന്റെ അടുത്തുള്ള ദേവൻ ഇല്ലെ...... അവൻ ഇന്ന് അവരെ രണ്ടുപേരും ഒരുമിച്ച് കണ്ടു...”

“നീ വെറുതെ കാര്യം അറിയാതെ ഓരോന്നും പറഞ്ഞ് ഉണ്ടാക്കേണ്ട......അവര് ചെറുപ്പം തൊട്ട് കൂട്ടുകാരല്ലേ......... ഓരോ ആളുകൾ പറയുന്നത് കേട്ടിട്ട് വെറുതെ.........”

“അങ്ങനെ അല്ല ഡാ...... നിനക്ക് വിശ്വസിക്കാൻ കഴിയില്ലെന്ന് അറിയാം...... പക്ഷെ....... സത്യമാണ്.... നീ ഞാൻ പറയുന്നത് മുഴുവൻ ആദ്യം കേൾക്ക്......
ദേവൻ ഉച്ചയ്ക്ക് എന്നെ വിളിച്ചിട്ട് ഇങ്ങനെ ഹരി ഒരു പെണ്ണിനേയും കൂട്ടി നമ്മുടെ റെഡ് ചില്ലിസ് ലോഡ്ജിൽ വന്നിട്ടുണ്ടെന്ന് പറഞ്ഞപ്പോൾ ആദ്യം എനിക്ക് വിശ്വസിക്കാൻ കഴിഞ്ഞില്ല..... പക്ഷെ അപ്പൊ തന്നെ അവൻ ഫോട്ടോ എടുത്ത് അയച്ചു തന്നു..... നോക്കുമ്പോൾ അവളായിരുന്നു കൂടെ ഉണ്ടായിരുന്നത്..... എന്നിട്ടും സത്യം അറിയാൻ വേണ്ടി ഞാൻ ഹരിയെ വിളിച്ചു നോക്കി...... അപ്പൊ അവൻ എന്നോട് പറഞ്ഞത് അവൻ മാമന്റെ വീട്ടിൽ ആണ് എന്ന....... അത് കേട്ടപ്പോൾ എനിക്ക് പെട്ടെന്ന് ദേഷ്യം വന്നു.... ഫോണിലൂടെ സംസാരിച്ച് മൊത്തം സീൻ ആയി..... ഞാൻ അറിഞ്ഞെന്നു അവന് മനസിലായി..... ഞാൻ പിന്നെ ഹോസ്പിറ്റലിൽ ആയതു കൊണ്ട് കൂടുതൽ ഒന്നും പറയാതെ ഫോൺ കട്ട് ചെയ്തു...
പിന്നെ അവനെ വിളിച്ചിട്ട് ഫോൺ സ്വിച്ച് ഓഫ് ആയിരുന്നു, അങ്ങനെ ഞാൻ അവനെ നേരിട്ട് കാണാമെന്ന് കരുതി വൈകുന്നേരം അച്ഛന്റെ ഡ്രസ്സ് എടുക്കാൻ പോവുമ്പോൾ അവന്റെ വീട്ടിൽ ചെന്നു...... അവന്റെ അച്ഛൻ എന്നെ തല്ലിയില്ല എന്നെ ഉള്ളു, ആ മൈരൻ വീട്ടിൽ അവന്റെ അച്ഛൻ വച്ചിരുന്ന പൈസയും ആയിട്ട് മുങ്ങി ..........................................................................................................

പിന്നെ അവൻ പറഞ്ഞത് ഒന്നും ഞാൻ കേട്ടില്ല...... കണ്ണ് നിറഞ്ഞിരുന്നു..... നെഞ്ചിൽ കത്തി കുത്തി കയറിയ പോലെ..... കേട്ടത് ഒന്നും സത്യം ആവരുതേ എന്ന് മാത്രം ആയിരുന്നു മനസ്സിൽ........ വിഷ്ണു എന്തൊക്കയോ പറയുന്നുണ്ട്, പക്ഷെ എനിക്ക് ഒന്നും കേൾക്കുന്നില്ല...........

ശ്രീക്കുട്ടി..... അവളെ ഞാൻ ആത്മാർത്ഥമായി സ്നേഹിച്ചിരുന്നു, കല്യാണം കഴിച്ച് ജീവിത കാലം മൊത്തം എന്റെ പെണ്ണായി കൂടെ കൂട്ടണമെന്ന് ആഗ്രഹിച്ചിരുന്നു...... ഈ ചുരുങ്ങിയ സമയം കൊണ്ട് അവൾ എന്റെ മനസിനെ വല്ലാതെ കീഴ്പ്പെടുത്തിയിരുന്നു.... പക്ഷെ അവൾ എന്നെ ചതിച്ചു എന്ന് കേട്ടാൽ എനിക്ക് ഇത്ര വിഷമം ഉണ്ടാവുമായിരുന്നില്ല

പക്ഷെ ഹരി...... അവൻ......... അങ്ങനെ ചിന്തിക്കാൻ പോലും കഴിയുന്നില്ല.... ഏയ് അവന് എന്നെ ചതിക്കാൻ കഴിയില്ല... എനിക്ക് ശ്രീക്കുട്ടിയെ ഇഷ്ടം ആണ് എന്ന് അറിഞ്ഞപ്പോൾ ഏറ്റവും സന്തോഷിച്ചിരുന്നത് അവനാണ്.... ഏയ് ഇത് എന്തോ തെറ്റിദ്ധാരണ ആയിരിക്കും..... പക്ഷെ അവന്റെ ഫോൺ സ്വിച്ച് ഓഫ് ആണ്.........

ഞാൻ വിഷ്ണുവിന്റെ കോൾ കട്ട് ചെയ്തിട്ട് ശ്രീക്കുട്ടിയെ വിളിച്ചു നോക്കി....... റിങ് ചെയ്യുന്നുണ്ട് പക്ഷെ എടുക്കുന്നില്ല.. ഒരു നാലഞ്ച് പ്രാവശ്യം വിളിച്ചിട്ടും എടുത്തില്ല......

പെട്ടെന്ന് ഫോൺ റിങ് ചെയ്തു.... നോക്കുമ്പോൾ വിഷ്ണു തന്നെ ആയിരുന്നു.....

"നീ എന്താ ഫോൺ കട്ട് ചെയ്തത്?? നീ എന്ത് ചെയ്യാ?? ടോണി.... നീ എന്താ ഒന്നും മിണ്ടാതെ??"
ഫോൺ എടുത്തതും വിഷ്ണുവിന്റെ ഭയത്തോടെ ഉള്ള സ്വരം

"ഹേയ് നീ പേടിക്കണ്ട....... ഞാൻ ഒന്നും ചെയ്യാൻ പോവുന്നില്ല.... എനിക്ക് സത്യം അറിയണം...... നീ പറഞ്ഞത് സത്യമാണെങ്കിൽ അവൻ എന്തിന് ഇങ്ങനെ ഒക്കെ ചെയ്തു എന്ന് അറിയണം......നീ ഫോൺ വച്ചോ എനിക്ക് ഒന്ന് സ്വസ്ഥമായി ഇരിക്കണം...... നാളെ സംസാരിക്കാം"
എന്നും പറഞ്ഞ് ഞാൻ ഫോൺ വെച്ചു, ഫോൺ കട്ട് ചെയ്ത് അല്പസമയം കഴിഞ്ഞതും ഫോൺ വീണ്ടും അടിയാൻ തുടങ്ങി..... നോക്കുമ്പോൾ ശ്രീക്കുട്ടി......

"ഹലോ....."

"ആഹ് ശ്രീ എനിക്ക് നിന്നോട് കുറച്ച് സംസാരിക്കണം"

"ഇച്ചായാ....... ഇങ്ങോട്ട് വരുമോ??"

“വീട്ടിലേക്കോ??”

“മ്മ..... ഞാൻ വാതിൽ തുറന്ന് വെക്കാം...... വരണം ട്ടോ...... നേരിട്ട് സംസാരിക്കാം”
അതും പറഞ്ഞ് അവൾ ഫോൺ കട്ട് ചെയ്തു...... എന്തിന് ആയിരിക്കും അവൾ നേരിട്ട് കാണാമെന്നു പറഞ്ഞത്?? എന്തായിരിക്കും അവൾക്ക് പറയാൻ ഉള്ളത്?? ഒന്നും മനസിലാക്കാൻ പറ്റാത്ത ഒരു അവസ്ഥയായിരുന്നു..... ഹരി അവന് എന്നെ ചതിക്കേണ്ട ആവശ്യമില്ല...... പക്ഷെ വിഷ്ണു, അവൻ വെറുതെ അങ്ങനെ ഒന്നും പറയാറില്ല....... എന്തായാലും പോവാം...... അവൾ പറയുന്നതും കൂടി കേട്ട് നോക്കാം....

ഞാൻ വീട്ടിൽ നിന്നും ഇറങ്ങി നടന്നു, കേട്ടത് ഒന്നും സത്യം ആവരുതേ എന്ന് മാത്രം ആയിരുന്നു മനസ്സിൽ, ആകെ തളർന്നിരുന്നു..... ശരീരം തളരുന്നത് പോലെ തോന്നി....... എങ്ങനെയോ നടന്ന് അവിടെ വരെ എത്തി

ആരും കാണുന്നില്ലെന്ന് ഉറപ്പ് വരുത്തി മതിൽ ചാടി.... പിന്നിൽ പോയി കോണി എടുത്ത് വന്നു ബാൽക്കണിയിലേക്ക് കയറി......
പറഞ്ഞ പോലെ തന്നെ വാതിൽ തുറന്നിട്ടിട്ടുണ്ട്...... വാതിൽ തുറന്ന് അകത്തു കയറിയതും പുറത്ത് ഒച്ചയും ബഹളവും കേൾക്കാൻ തുടങ്ങി...... താഴെ കോളിംഗ് ബെൽ അടിയുന്ന ശബ്ദവും കേട്ടു...... സംഭവം പണിയാണെന്ന് മനസിലായി.....

എന്ത് ചെയ്യണമെന്ന് അറിയാതെ പതറി നിൽക്കുമ്പോഴാണ് റൂമിൽ ലൈറ്റ് കത്തിയത്....... ഒരു നിമിഷം എന്റെ മുന്നിൽ നിന്ന ആളെ കണ്ട് ഞാൻ ഞെട്ടി തരിച്ചു പോയി.... അത് ശ്രീക്കുട്ടി ആയിരുന്നില്ല...... അതി സുന്ദരിയായ ഒരു സ്ത്രീ.... അന്ന് ശ്രീക്കുട്ടിയെ ആദ്യമായി കണ്ടപ്പോൾ നിന്നത് പോലെ തന്നെ ഞാൻ അനങ്ങാൻ കഴിയാതെ നിന്നുപോയി.....

പക്ഷെ അധികം നേരം ആ സൗന്ദര്യത്തിൽ മയങ്ങി നിൽക്കാൻ എനിക്ക് സാധിച്ചില്ല, ലൈറ്റ് ഇട്ടതും എന്നെ കണ്ട് ആ പെണ്ണ് നിലവിളിച്ചു കൊണ്ട് വാതില് തുറക്കാൻ വേണ്ടി ഓടി, പക്ഷെ അവൾ അത് തുറക്കുന്നതിന് മുന്നെ പുറത്ത് നിന്ന് വാതിൽ തുറക്കപ്പെട്ടു, എനിക്ക് അനങ്ങാൻ പോലും ഉള്ള സമയം കിട്ടിയില്ല.....

വാതിൽ തുറന്ന് അകത്തേക്ക് കയറി വന്നവർ നേരെ വന്ന് എന്നെ തല്ലാൻ തുടങ്ങി, അവർ ഒരു അഞ്ച് ആറു പേര് ഉണ്ടായിരുന്നു, എനിക്ക് ഒന്നും ചെയ്യാൻ സാധിച്ചില്ല.... തലങ്ങും വിലങ്ങും നിന്ന് അടിയായിരുന്നു
പെട്ടെന്ന് റൂമിലേക്ക് കയറി വന്ന ഒരു സ്ത്രീ ആ പെണ്ണിനേയും തല്ലുന്നുണ്ട്....... ഒന്നും പറയാനുള്ള ഗ്യാപും തരുന്നില്ല......
##############

"ചേട്ടാ തീപ്പെട്ടി ഉണ്ടോ??"
ആ ചോദ്യം കേട്ടാണ് ഞാൻ സ്വപ്നത്തിൽ നിന്ന് ഉണർന്നത്...

"ആ ഇതാ..."
എന്റെ കയ്യിൽ ഉണ്ടായിരുന്ന ലൈറ്റർ ഞാൻ ആ പയ്യന് കൊടുത്തു..... ഞാൻ വലിച്ചു കൊണ്ടിരുന്ന സിഗരറ്റ് ഒക്കെ കത്തി കഴിഞ്ഞിരുന്നു......

എന്തൊക്കെ ആണ് ഇന്നലെ ഒരു രാത്രി കൊണ്ട് എന്റെ ജീവിതത്തിൽ സംഭവിച്ചത്.... ഈ ഇരുപത്തിമൂന്നാമത്തെ വയസ്സിൽ ഞാൻ വിവാഹം കഴിച്ചിരിക്കുന്നു...... അല്ല കാര്യം എന്താണെന്ന് പോലും ചോദിക്കാതെ നാട്ടുകാരും വീട്ടുകാരും കൂടെ ഏതോ ഒരുത്തിയെ എന്റെ തലയിൽ കെട്ടി വച്ചിരിക്കുന്നു..... ഏതോ ഒരുത്തി അല്ല..... എന്നെ ചതിച്ച ആ നശിച്ചവളുടെ ചേച്ചിയെ.....

“ഇതാ ചേട്ടാ......താങ്ക്സ്”
ആ ലൈറ്ററും പോക്കറ്റിൽ ഇട്ട് ഞാൻ തിരിച്ച് രജിസ്റ്റർ ഓഫീസിലേക്ക് നടന്നു....

സത്യം എന്താണെന്ന് അവളുടെ വായിൽ നിന്ന് കേൾക്കാൻ വേണ്ടി ആണ് ഞാൻ ഇന്നലെ രാത്രി അവളുടെ വീട്ടിലേക്ക് പോയത്, പക്ഷെ ആ കയറി വന്ന ചെറ്റകൾ എന്നെ തല്ലുന്നത് നോക്കി കൊണ്ട് അവൾ ഒരു ചിരി ചിരിക്കുന്നത് ഞാൻ കണ്ടതാണ്.....ആ ചിരിയിൽ ഉണ്ടായിരുന്നു എനിക്കുള്ള ഉത്തരം
പക്ഷെ ഇത് അവളുടെ സ്വന്തം ചേച്ചിയല്ലേ...... ചേച്ചിയെ രക്ഷിക്കാൻ ഒന്ന് ശ്രമിക്കുക പോലും ചെയ്യാതെ അവൾ ഒരക്ഷരം മിണ്ടാതെ നിന്നത് എന്താ....

“ഹാ നീ എവിടെ പോയി കിടക്കുകയായിരുന്നു.......... എന്താണ് പ്ലാൻ, ഇവിടെ ഇങ്ങനെ ഇരിക്കാതെ എന്തെങ്കിലും ചെയ്യണ്ടേ”
ഞാൻ തിരിച്ച് എത്തിയതും വിഷ്ണു ചോദിച്ചു..... അപ്പുറത്ത് ആ പെണ്ണും ഇരിപ്പുണ്ട്.... കരച്ചിൽ ഒന്ന് അടങ്ങിയിട്ടുണ്ട്... ഇന്നലെ രാത്രി കണ്ടത് തൊട്ട് കരയാൻ തുടങ്ങിയതാണ്..........

“എന്ത് പ്ലാൻ...... വീട്ടിലേക്ക് ഇനി എന്തായാലും ഇല്ല.... ഞാൻ ചെന്നൈയിലേക്ക് പോവാ..... നമ്മുടെ മുസ്തഫ അവിടെ അല്ലേ.....”

“അപ്പൊ യാമിനി??”

“യാമിനിയോ??”
അവൻ എന്താണ് ഉദ്ദേശിച്ചത് എന്ന് മനസിലാവാതെ സംശയ രൂപത്തിൽ ഞാൻ ചോദിച്ചു....

“ഡാ.......”

അവൻ എന്നെ നോക്കി അവളെ കണ്ണ് കൊണ്ട് കാണിച്ചു

"ഓ..... അതോ...... അത് നമ്മൾ എന്തിനാ അറിയുന്നത്..... അവൾ എവിടെയെങ്കിലും പോവട്ടെ....."

"ഉഫ്..... നീ ഒന്ന് ഇങ്ങോട്ട് വന്നേ....."
എന്നെ പിടിച്ച് വലിച്ചു കൊണ്ട് അവൻ കുറച്ച് അപ്പുറത്തേക്ക് നടന്നു....

"ഹാ നീ കാര്യം പറയെടാ...."
അവന്റെ കൈ തട്ടി മാറ്റി കൊണ്ട് ഞാൻ പറഞ്ഞു

"ഡാ......അത് അങ്ങനെ ഒഴിവാക്കാൻ പറ്റില്ല...... നീ കല്യാണം കഴിച്ച പെണ്ണാണ്"

"എല്ലാവരും കൂടെ എന്റെ തലയിൽ കെട്ടി വച്ചതല്ലേ....."

"അത് എന്തോ ആവട്ടെ.... പക്ഷെ നീ ഒന്ന് അവളുടെ ഭാഗത്ത് നിന്ന് ചിന്തിച്ചു നോക്ക്...... രാത്രി സ്വന്തം വീട്ടിൽ കിടന്ന് ഉറങ്ങുമ്പോൾ എന്തോ ഒച്ച കേട്ട് ഉണരുന്നു...... പെട്ടെന്ന് ഏതോ ഒരാളെ റൂമിൽ കാണുന്നു, കാര്യം എന്താണെന്ന് മനസിലാവുന്നതിന് മുന്നെ ആളുകൾ കൂടുന്നു..... ആരാണെന്ന് പോലും അറിയാത്ത ആ ആളെ കല്യാണം കഴിക്കേണ്ട വരുന്നു...... ഹോ പാവം......"

"എന്ത് പാവം.....ആ മറ്റവളുടെ ചേച്ചിയല്ലേ..... ചിലപ്പോൾ അതിലും വല്യ വിഷമായിരിക്കും..... ഒന്നിനെയും വിശ്വസിക്കാൻ കൊള്ളില്ല..."

"ഏയ് അതൊരു പാവമാണ് ഡാ..... ഞാൻ ഇത്ര നേരം

സംസാരിക്കുകയായിരുന്നു..... ഏകദേശം കാര്യങ്ങൾ ഒക്കെ പറഞ്ഞു സമാധാനിപ്പിച്ചതാണ്.... ഹോ..... എന്നാലും വല്ലാത്ത ഒരു തള്ളയും പെങ്ങളും തന്നെ...... വെറുതെ അല്ല തന്ത ഗൾഫിൽ പോയി കിടക്കുന്നത്..... ആ പാവത്തിന് പറയാനുള്ളത് പോലും കേട്ടില്ല ലേ"

“ഓ..... അത്ര വിഷമം ആണെങ്കിൽ നീ നിന്റെ വീട്ടിലേക്ക് കൊണ്ട് പൊയ്ക്കോ....... അല്ല പിന്നെ....... അവൾക്ക് കിട്ടിയതിന്റെ പത്ത് ഇരട്ടി തല്ല് ഇവിടെ ബാക്കിയുള്ളവൻ വാങ്ങി കൂട്ടിയിട്ടുണ്ട്........”

“കിട്ടിയ തല്ലിന്റെ കണക്ക് പറഞ്ഞു ഇരുന്നിട്ട് ഇനി കാര്യമില്ല, ഇങ്ങനെ ഒക്കെ സംഭവിച്ചു പോയി.... ഇനി എന്ത് ചെയ്യാമെന്ന് നോക്ക്........ ഞാൻ നോക്കിയിട്ട് ഒരു വഴിയെ ഉള്ളു, നിങ്ങൾ എന്റെ വീട്ടിലേക്ക് പോര്....”

“ഏയ് അതൊന്നും ശരിയാവില്ല..... അവളോട് ഏതെങ്കിലും കൂട്ടുകാരുടെയോ കുടുംബക്കാരുടെയോ അടുത്ത് പോവാൻ പറ..... അല്ലെങ്കിൽ അവളുടെ വീട്ടിലേക്ക് തന്നെ ചെല്ലാൻ പറ..... അവളുടെ അനിയത്തിക്ക് എല്ലാം അറിയാല്ലോ........”

“ഏയ് അതൊന്നും നടക്കില്ല..... ഞാൻ ചോദിച്ചപ്പോൾ വീട്ടിലേക്ക് പോവില്ലെന്ന് പറഞ്ഞു....”

“വീട്ടിലേക്ക് പോവില്ലെങ്കിൽ വേറെ എവിടെയെങ്കിലും പോവട്ടെ നാശം.....”

“ഹാ...... നീ ഒന്ന് അടങ്ങു ടോണി........ ഒന്ന് ചിന്തിച്ചു നോക്ക്, നീ രാത്രി ആ വീട്ടിൽ കയറി എന്ന തെറ്റെങ്കിലും ചെയ്തിട്ടുണ്ട്..... പക്ഷെ ആ പെണ്ണ് ഒരു തെറ്റും ചെയ്യാതെ ആണ് ഇങ്ങനെ പെരുവഴിയിൽ ഇരിക്കുന്നത്........”

“അതിന്..... നീ എന്താ പറഞ്ഞു വരുന്നത്...... ഞാൻ ഇവളെ എന്റെ ഭാര്യയായി ജീവിത കാലം മൊത്തം കൂടെ പൊറുപ്പിക്കണോ......ഇവളെ മുഖം കാണുമ്പോൾ തന്നെ എനിക്ക് ആ ശവത്തിനെ ആണ് ഓർമ്മ വരുന്നത്”

“ജീവിത കാലം മൊത്തം ഒരുമിച്ച് ജീവിക്കണമെന്ന് ഞാൻ പറയില്ല, പക്ഷെ തത്കാലം ഒരു തീരുമാനം ആവുന്ന വരെ അതിനെ കൂടെ കൂട്ട് ഡാ....... വേറെ പോവാൻ അതിന് വേറെ സ്ഥലം ഒന്നും ഉണ്ടെന്ന് തോന്നുന്നില്ല....... പിന്നെ അവൾ വല്ല മണ്ടത്തരം കാണിച്ച നീ തൂങ്ങും..... ആലോചിച്ചു നോക്ക്.....”

“കർത്താവെ......ഇത് വല്ലാത്ത തലവേദന ആയല്ലോ.....”

“സ്വയം വരുത്തി വച്ചതല്ലേ..... ഇത്രയും ചെയ്തിട്ടും അവൾ വിളിച്ചപ്പോൾ ചാടി തുള്ളി പോവേണ്ട വല്ല ആവശ്യം ഉണ്ടായിരുന്നോ....”

“ദേ........നീ.......

അയ്യയ്യോ അയ്യയ്യോ കഷ്ടപ്പാടിന് കൂത്ത് കണ്ണിലോ കണ്ണീരിൻ പെരുമാരി
അയ്യയ്യോ അയ്യയ്യോ കഷ്ടപ്പാടിന് കൂത്ത് കണ്ണിലോ കണ്ണീരിൻ പെരുമാരി
എന്താണെടോ ഏതാണെടോ എങ്ങാണെടോ ഒരു കച്ചി തുരുമ്പ്
വീണ്ടും വീണ്ടും ഒരു ശാപ ശകുന പിഴയായ് ഞാൻ ഈ നാട്ടിൽ വീട്ടിൽ പുഴുവായി ഇഴയുന്നേ

“ഒന്ന് എടുക്കെടാ...... ഒടുക്കത്തെ റിങ് ടോൺ”
ഫോൺ എടുക്കാതെ നോക്കി നില്കുന്നത് കണ്ട് എനിക്ക് ശരിക്കും ഭ്രാന്ത് പിടിക്കുന്നുണ്ട്, മറ്റേടത്തെ ഒരു റിങ്ടോണും

“ആ നീ തന്നെ എടുത്തോ.... നിന്റെ അമ്മച്ചിയാണ്...”
എന്നും പറഞ്ഞ് വിഷ്ണു ഫോൺ എനിക്ക് നേരെ നീട്ടി....
കർത്താവെ മേരി......എന്ത് പറയും

“ഹെലോ....”

“മോനു...........”
ഫോൺ എടുത്തതും എന്റെ ശബ്ദം കേട്ട് മേരി കരയാൻ തുടങ്ങി...

“കരയല്ലേ മേരി.....”

“മോനു.... എന്താടാ..... എന്താ പറ്റിയത്...... അപ്പൻ നിന്നെ ഇനി ഒരിക്കലും വീട്ടിലേക്ക് കയറ്റില്ല എന്നൊക്കെ പറയുന്നുണ്ട്........ എന്തിനാ മോനു അങ്ങനെ ഒക്കെ ചെയ്യാൻ പോയത്.....മോനുന് അങ്ങനെ ഒരു ഇഷ്ടം ഉണ്ടായിരുന്നെങ്കിൽ എന്നോട്

പറയായിരുന്നില്ലേ..... ഞാൻ എങ്ങനെയെങ്കിലും അപ്പന്റെ കാല് പിടിച്ചു സമ്മതിച്ച് നിങ്ങളുടെ കല്യാണം നടത്തി തരില്ലേ"

"അതല്ല.......മേരി........ഞാൻ....."

" ഒന്നും പറയണ്ട..... നിങ്ങൾ ഇങ്ങോട്ട് പോര്, അപ്പനെ ഞാൻ പറഞ്ഞു സമ്മതിപ്പിക്കാ..."

"ഏയ് അത് വേണ്ട മേരി..... അപ്പൻ പറഞ്ഞതിൽ കാര്യമുണ്ട്, ഞാൻ ഇപ്പൊ അവിടെ വന്ന ശരിയാവില്ല...."

"അപ്പൊ നിങ്ങൾ എങ്ങോട്ട് പോവും"

"അത്...... അറിയില്ല....... നോക്കുന്നുണ്ട്.."

"എങ്കിൽ മോനു ഒരു കാര്യം ചെയ്യ്.....ടൗണിൽ നമ്മളെ ബിൽഡിംഗിന്റെ മുകളിലെ മുറിയിൽ നിന്നോ...... അവിടെ വന്ന് നിങ്ങളെ ആരും പുറത്താക്കില്ല..... കേട്ടോ..."

"മ്മ........"

"മോളുണ്ടോ അടുത്ത്??"

"ഇല്ല മേരി..... ഞാൻ വിഷ്ണൂന്റെ കൂടെ ആണ്...."

"മ്മ....എങ്കിൽ ശരി.... അമ്മച്ചി പിന്നെ വിളിക്കാ ട്ടോ...... പിന്നെ മോനു..."

"മ്മ"

"പൈസയുണ്ടോ കയ്യിൽ??"

"മ്മ ഉണ്ട്"

“മ്മ.....ആ കൊച്ചിനെ പൊന്നു പോലെ നോക്കണേ മോനു..... അപ്പൻ അറിയാതെ അമ്മച്ചി വരാ നിങ്ങളെ കാണാൻ....”

“മ്മ ശരി....”

“എന്താടാ....... എന്താ അമ്മച്ചി പറയുന്നത്??”

ഫോൺ വെച്ച പാടേ വിഷ്ണു ചോദിച്ചു“ആഹ്...... മേരി ആകെ തെറ്റിദ്ധരിച്ച് ഇരിക്കുകയാണ്...... ഞങ്ങൾ തമ്മിൽ പ്രേമം ആയിരുന്നു എന്ന മേരി വിചാരിച്ചത്”

“ആ അത് എന്തായാലും നന്നായി....”

“പിന്നെ..... നമ്മുടെ പി.ബിയിൽ നിൽക്കാനാണ് മേരി പറഞ്ഞത്....”
പി.ബി എന്ന് പറയുന്നത് ടൗണിൽ മേരിയുടെ പേരിലുള്ള ബിൽഡിംഗിന്റെ ടെറസിൽ ഒരു റൂമുണ്ട്, അതിന് ഞങ്ങൾ ഇട്ട പേരാണ്...... റൂം എന്ന് വെച്ച ഒരു നീളമുള്ള ഹാൾ, അതിൽ പാർട്ടീഷൻ അടിച്ച് ഒരു കുഞ്ഞ് അടുക്കള, പിന്നെ ഒരു ടോയ്‌ലറ്റും..... ഹാളിൽ ഒരു കട്ടിലും ഉണ്ട്.......

“ഓ അങ്ങനെ ഒരു സംഭവം ഉണ്ടായിരുന്നു ലേ..... ഞാൻ അത് മറന്ന് പോയി..... അത് മതി...... വേറെ എങ്ങോട്ടും പോവണ്ട.....”

“ഷ്മ്....... പക്ഷെ ആ സാധനത്തിന്റെ കൂടെ..... ആലോചിക്കാൻ തന്നെ കഴിയുന്നില്ല”

“അതിന് നീ അവളെ ഭാര്യയായി കാണണ്ട, നിങ്ങൾ ഒരുമിച്ച് ഒരു റൂമിൽ താമസിക്കുന്ന രണ്ട് അപരിചിതർ......... അങ്ങനെ കരുതിയ മതി.....”

“ഷ്മ്..... അപരിചിതർ........ ഒരു റൂമിൽ....... ഒന്ന് പോടോ.....”

“ഓ..... ഞാൻ ഉദ്ദേശിച്ചത് നിനക്ക് മനസ്സിലായില്ലേ....... അത് മതി......”

“മ്മ ഓക്കേ..... വാ”

“അല്ല..... മോൻ ഒന്ന് അവിടെ നിന്നെ.....”
തിരിച്ച് നടക്കാൻ തുടങ്ങിയ എന്നെ വിഷ്ണു പിടിച്ചു നിർത്തി

“എന്താ??”
ഞാൻ സംശയത്തോടെ അവനെ നോക്കി

“നിനക്ക് അവളുടെ പേര് പോലും അറിയില്ലേ പൊട്ടാ.....”

“ഓ പിന്നെ..... പെണ്ണ് കാണൽ കഴിഞ്ഞ് പള്ളിയിൽ വച്ച് മനസമ്മതവും കഴിഞ്ഞിട്ട് ആണല്ലോ ഇന്ന് കെട്ടിയത്....”
ഞാൻ ഒരു ഒഴുക്കൻ മട്ടിൽ പറഞ്ഞു

“എങ്കിൽ കേട്ടോ....... നിന്റെ കെട്ട്യോളുടെ പേര് യാമിനി, വയസ്സ് 28..... ഇത്രയും അറിവേ എനിക്കും ഉള്ളു..... വീടും വീട്ടുകാരെയും നിനക്ക് അറിയാല്ലോ...... ഹ.......ഹ.....ഹ.......”

“ദേ മൈരേ...... ഒരു മാതിരി അവസ്ഥയിൽ നിൽക്കുമ്പോഴാണ് അവന്റെ കൊണച്ച കോമഡി....”

“സോറി മുത്തേ..... വാ പോവാ....”

“നീ ഒരു കാര്യം ചെയ്യ്...... അവളെ കൂട്ടി പി.ബിയിലേക്ക് വിട്ടോ....... ഞാൻ അങ്ങോട്ട് വരാ”

“നീ എവിടെ പോവാ??”

“എനിക്ക് കുറച്ച് പണിയുണ്ട്...... നീ ചെല്ല് ഞാൻ എത്തിക്കൊള്ളാം”

“ഹാ കാര്യം പറയെടാ..... ഞാനും വരാ...”

“ഏയ് വേണ്ട..... നീ അവളെ കൂട്ടി പൊയ്ക്കോ......അവിടെ ആകെ വൃത്തികേട് ആയി കിടക്കുകയായിരിക്കും.... ഞാൻ വരുമ്പോഴേക്കും മോൻ അതൊക്കെ വൃത്തിയാക്കി വെക്ക്....”

“ഡാ..... നീ.......”

“ഹാ നീ പേടിക്കണ്ട....... ഞാൻ പ്രശ്നത്തിന് ഒന്നും പോവില്ല..... വേഗം വരാ”

“മ്മ ശരി.....”

“ഓക്കേ.......”

അതും പറഞ്ഞ് ഞാൻ തിരിഞ്ഞു നടന്നു...... പേഴ്സിൽ അധികം പൈസ ബാക്കിയില്ല..... മാല വിക്കണം..... അത് അവനോട് പറഞ്ഞ സമ്മതിക്കില്ല..... നേരെ ടൗണിലുള്ള സ്വർണ്ണ കടയിൽ പോയി അതിന്റെ കാര്യത്തിൽ ഒരു തീരുമാനം ആക്കി...... മൂന്നാൾക്കുള്ള ഭക്ഷണവും പാർസൽ വാങ്ങി ബീവറേജിൽ പോയി ഒരു ഫുള്ളും വാങ്ങിയിട്ടാണ് ഞാൻ പി.ബിയിലേക്ക് പോയത്, ഇന്ന് അടിച്ച് ബോധം പോയില്ലെങ്കിൽ ശരിയാവില്ല.....

“ഓ ഇത് ആയിരുന്നോ നിന്റെ അത്യാവശ്യം.....”
കുപ്പിയും പിടിച്ച് ചെന്ന എന്നെ കണ്ട് വിഷ്ണു ചോദിച്ചു.... ഞാൻ ഒരു വോൾടേജ് കുറഞ്ഞ ചിരി സമ്മാനിച്ചു...... അവൾ ഒരു മൂലയിൽ തലയും കുനിച്ച് ഇരിപ്പുണ്ട്...

“അല്ല..... നിന്റെ മാല എവിടെ??”
ഇവൻ ഇതെങ്ങനെ ഇത്ര പെട്ടെന്ന് കണ്ട് പിടിച്ചു

“അത് ഞാൻ......പിന്നെ........”

“വിറ്റോ അതോ പണയം വച്ചോ??”

“വിറ്റു......”

“കള്ള മൈ.......... ഡിയർ കൂട്ടുകാരാ....... എന്ന് തൊട്ടാണ് നിനക്ക് ഈ കോംപ്ലക്സ് ഒക്കെ തുടങ്ങിയത്......ഞാൻ ഇപ്പോ ഒരു ജോലിക്ക് ഒക്കെ പോവുന്നുണ്ട്, അത്യാവശ്യം പൈസയൊക്കെ കിട്ടുന്നുണ്ട്...... നിനക്ക് ഒരു ആവശ്യം വന്ന ഇപ്പോ സഹായിക്കാൻ എന്നെ കൊണ്ടും പറ്റും....... അത് എന്നോട് പറയാൻ നീ എന്തിനാ മടിക്കുന്നത്...... നിനക്ക് ഓർമ്മയുണ്ടോ ന്ന് അറിയില്ല....... പണ്ട് എന്റെ അച്ഛന് വയ്യാതെ ആയ സമയത്ത് വീട്ടിൽ ചോറ് വെക്കാൻ പോലും കഴിയാത്ത അവസ്ഥയായിരുന്നു, അന്ന് വിശപ്പ് സഹിച്ച് നിൽക്കാതെ ഞാൻ ഓടി നിന്റെ വീട്ടിലേക്ക് വരും.....അപ്പൊ നിന്റെ അമ്മച്ചി വയറ് നിറച്ചു ഭക്ഷണവും തരും...... പക്ഷെ അന്ന് എന്നോട് ഒരു വാക്ക് പോലും പറയാതെ എന്റെ വീട്ടിലേക്കുള്ള എല്ലാം........ എല്ലാ സഹായവും ചെയ്തിരുന്നത് നീയാണ്....... ആ നിനക്ക് ഒരു ആവശ്യം വന്നപ്പോൾ എന്നോട് പറയാൻ മടി...... അവൻ ചതിച്ചിട്ട് പോയത് കൊണ്ട് എന്നെയും അകറ്റുകയാണോ............”

അത്രയും പറഞ്ഞ് കഴിഞ്ഞതും അവന്റെ കണ്ണൊക്കെ നിറഞ്ഞിരുന്നു....... എനിക്കും പിടിച്ചു നിൽക്കാൻ കഴിയില്ല......
ഞാൻ അവനെ കെട്ടിപ്പിടിച്ചു, ഒന്നും പറഞ്ഞില്ല...... എനിക്ക് ഒന്നും പറയാൻ കഴിഞ്ഞില്ല......“നീ ഇത് അവൾക്ക് കൊടുത്തിട്ട് മുകളിലേക്ക് വാ.....”
ഭക്ഷണത്തിന്റെ കവർ അവന് കൊടുത്തിട്ട് ഞാൻ പുറത്തിറങ്ങി, ഇനിയും അവിടെ നിന്ന ചിലപ്പോൾ സീൻ ചളമാവും എന്ന് തോന്നിയത് കൊണ്ടാണ് ഞാൻ വേഗം ഇറങ്ങിയത്.......റൂം ടെറസിൽ ആണെങ്കിലും അതിന്റെ മുകളിൽ വാട്ടർ ടാങ്ക് വച്ച ഒരു സ്പേസ് ഉണ്ട്.... ഒരു നാല് ആളുകൾക്ക് സുഖമായി ഇരിക്കാനുള്ള സ്ഥലമുണ്ട്...... ഒരു കോണിയും ഉണ്ട് അങ്ങോട്ട് കയറാൻ....ഞാൻ മുകളിൽ കയറി കുപ്പി ഒക്കെ വച്ച് സെറ്റായി ഇരുന്നു...

“നീ മുഴുവൻ ഫുഡും അവൾക്ക് കൊടുത്തോ??”
ഗ്ലാസും വെള്ളവും മാത്രം എടുത്ത് വന്ന വിഷ്ണുവിനോട് ഞാൻ ചോദിച്ചു......

“അയ്യോ..... ടച്ചിങ്സ് ലേ...... മറന്ന് പോയി.... എടുത്തിട്ട് വരാ”

“വേണ്ട...... നീ ഇരിക്ക്..... രണ്ട് പെഗ്ഗ് ഇങ്ങനെ അടിക്കാ.....”

“മ്മ..... ഓക്കേ ഓക്കേ....”

വിഷ്ണുവും ഇരുന്നു..... ഞങ്ങൾ ഓരോന്നും പറഞ്ഞ് അടി തുടങ്ങി.... എന്ത് മറക്കണം എന്ന് കരുതിയോ അത് തന്നെ ആയിരുന്നു ഞങ്ങടെ സംസാര വിഷയം........"ഹരി"......... അവൻ എന്തിന് ഇങ്ങനെ ഒക്കെ ചെയ്തു..... ഞങ്ങൾ ചിന്തിച്ചിട്ട് ഒരു കാരണവും കിട്ടുന്നില്ല......

"ഡ....... ഞാൻ പോയി ഫുഡ് എടുത്തിട്ട് വരാം...... ടച്ചിങ്സ് ഇല്ലാതെ ഇറങ്ങുന്നില്ല"
രണ്ട് പെഗ്ഗ് കഴിഞ്ഞപ്പോൾ അതും പറഞ്ഞ് വിഷ്ണു താഴേക്ക് ഇറങ്ങി പോയി.... എനിക്ക് പിന്നെ രണ്ട് പെഗ്ഗ് കഴിഞ്ഞ പിന്നെ എന്ത് വിഷവും പോവും..... ഇപ്പോഴത്തെ അവസ്ഥ വച്ച് ആദ്യത്തെ പെഗ്ഗ് തൊട്ട് സീൻ ഇല്ല.... എന്തും അകത്താക്കാം എന്ന അവസ്ഥയിലാണ്....
വിഷ്ണു താഴേക്ക് പോയതും ഞാൻ പോക്കറ്റിൽ നിന്ന് ഒരു സിഗരറ്റ് എടുത്ത് കത്തിച്ചു......

"ഡാ....... ടോണി........ഓടി വാടാ...................."
താഴെ നിന്ന് വിഷ്ണുവിന്റെ നിലവിളി കേട്ടതും നെഞ്ച് ഒന്ന് പിടച്ചു....... എന്തോ പണിയാണ്....

ഓടി പിടിച്ച് ചെന്ന് നോക്കുമ്പോൾ കാണുന്നത് നിലത്ത് വീണു കിടക്കുന്ന യാമിനിയെ ആണ്....... ചുറ്റും ചോരയും........ ചോര കണ്ടതും എനിക്ക് തല കറങ്ങുന്ന പോലെ തോന്നി.....

"ഹാ.... നോക്കി നിൽക്കാതെ പിടിക്കെടാ...... ഹോസ്പിറ്റലിൽ കൊണ്ടു പോവാ.....കൈ മുറിച്ചതാണ്....."
വിഷ്ണുവിന്റെ ശബ്ദം ആണ് എന്നെ സ്വബോധത്തിലേക്ക് കൊണ്ടുവന്നത്...... പിന്നെ അവളെയും തൂക്കി എടുത്ത് ഒരു ഓട്ടം ആയിരുന്നു............

"യാമിനിയുടെ......??"
"ഹസ്ബൻഡ് ആണ്...."

എന്നെ കാണിച്ചുകൊണ്ട് വിഷ്ണുവാണ് ഡോക്ടറുടെ ചോദ്യത്തിന് മറുപടി കൊടുത്തത്...

"ഓക്കെ......സീ...... സാധാരണ ഇങ്ങനെ സൂയിസൈഡ് കേസ് വന്നാൽ പോലീസിൽ അറിയിക്കണം എന്നാണ്, പക്ഷെ ആനി ഡോക്ടർ വിളിച്ച് പറഞ്ഞത് കൊണ്ട് മാത്രമാണ് ഞാൻ ഇത് അറിയിക്കാത്തത്....... നിങ്ങളുടെ വൈഫിന് വേറെ കുഴപ്പം ഒന്നുമില്ല, കൃത്യം സമയത്ത് എത്തിച്ചത് കൊണ്ട് രക്ഷപെട്ടു......
പിന്നെ വൈഫും ആയിട്ട് എന്തെങ്കിലും പ്രശ്നമുണ്ടെങ്കിൽ സംസാരിച്ച് തീർക്കാൻ നോക്കെടോ....... അല്ല ആ കുട്ടിക്ക് വേറെ എന്തെങ്കിലും പ്രശ്നമുണ്ടെങ്കിൽ താൻ കൂടെ തന്നെ ഉണ്ടെന്ന് പറഞ്ഞ് മനസിലാക്കി കൊടുക്കണം....... ഈ പ്രാവശ്യം രക്ഷപെട്ടു, ഇനിയും ആ കുട്ടി വല്ല മണ്ടത്തരം കാണിച്ച് എന്തെങ്കിലും സംഭവിച്ച താൻ മാത്രമല്ല ഞാനും പെടും....... ഇത് റിപ്പോർട്ട് ചെയ്യാത്തതിന്....... പിന്നെ ആനി ഡോക്ടർ പറഞ്ഞ പറ്റില്ല എന്ന് പറയാൻ കഴിയില്ല....... അതുകൊണ്ട് മാത്രമാണ്....... ദയവായി ഒന്ന് ശ്രദ്ധിക്കു....... അതെങ്ങനെ, പക്വത വരുന്നതിന് മുൻപ് കല്യാണം കഴിക്കാൻ നടക്കുകയല്ലേ ഇപ്പോഴത്തെ പിള്ളേര്............ ശരി താൻ ചെല്ല്....... വേറെ ഒന്നുമില്ല, നാളെ ഡിസ്ചാർജ് ആക്കാം....."

മൂപ്പര് ഇടയ്ക്ക് ഇടയ്ക്ക് എടുത്ത് പറഞ്ഞ ആ ആനി ഡോക്ടർ എന്റെ കസിൻ സിസ്റ്റർ ആണ്, പുള്ളിക്കാരി ഇവിടെ ഗൈനെക്കോളജിസ്റ്റ് ആണ്, ഇന്ന് ഓഫ് ആയത് കൊണ്ട് പുള്ളിക്കാരി ഫോൺ വിളിച്ച് പറഞ്ഞത് കൊണ്ടാണ് പുള്ളി പോലീസിൽ അറിയിക്കാതെ ഒതുക്കി തന്നത്.....

ഡോക്ടറുടെ മുറിയിൽ നിന്ന് ഇറങ്ങുമ്പോൾ എനിക്ക് അവളെ കൊല്ലാനുള്ള ദേഷ്യം ഉണ്ടായിരുന്നു, യാമിനി....... കൂമിനി.............
അല്ലെങ്കിലേ ഭ്രാന്ത് പിടിച്ചിരിക്കുകയാണ്, അതിന്റെ ഇടയ്ക്ക് അവളുടെ ഒടുക്കത്തെ ഒരു......... എന്തെങ്കിലും സംഭവിച്ചിരുന്നെങ്കിൽ വിഷ്ണു പറഞ്ഞത് പോലെ ഞാൻ തൂങ്ങുമെന്ന് ഉറപ്പാണ്....... പണ്ടാരം.... കുടുംബത്തോടെ മനുഷ്യനെ കൊല്ലാ കൊല ചെയ്യാൻ ഇറങ്ങിയതാണോ....

“എന്താടാ ഇരുന്ന് പിറുപിറുക്കുന്നത്??”
ഡോക്ടറുടെ മുറിയിൽ നിന്ന് ഇറങ്ങി വരാന്തയിലെ കസേരയിൽ ഇരിക്കുന്നതിന് ഇടയ്ക്ക് വിഷ്ണു ചോദിച്ചു.

“ഓ....... ഒന്നുമില്ല...... എന്റെ ഒരു ഗതികേട് ഓർത്തുപോയതാണ്.......”

“ഹാ...... വിട്ട് കള മുത്തേ...... സംഭവിച്ച് പോയില്ലേ, ഇനി ശ്രദ്ധിക്കാം....”

“ആഹ്...... എന്ന ഒരു കാര്യം ചെയ്യ്, നീ ലീവും എടുത്ത് അവള് ചാവാൻ പോവുന്നുണ്ടോ എന്ന് നോക്കി ഇരുന്നോ...... അല്ല പിന്നെ...... ഓരോ മാരണങ്ങൾ........ എല്ലാം കൂടെ എന്റെ നേരെ ആണല്ലോ വരുന്നത്”

“അവളോട് ഞാൻ സംസാരിക്കാം..... നീ ഒന്ന് അടങ്ങു....... വെറുതെ ചാടി കളിച്ചിട്ടും ചൂടായിട്ടും കാര്യമില്ല.... എല്ലാം ഒരു മയത്തിൽ ഡീൽ ചെയ്യണം...”

“എങ്കിൽ നീ തന്നെ അങ്ങ് മയത്തിൽ ഡീൽ ചെയ്ത മതി.... ഞാൻ എന്തെങ്കിലും പറഞ്ഞ കൂടി പോവും.....”

“ഹാ.... ഞാൻ ഏറ്റു.... നീ ഒന്ന് റസ്റ്റ് എടുക്ക്...”

“എന്ന നീ വീട്ടിലേക്ക് വിട്ടോ.... വെറുതെ ഇവിടെ ഇരുന്നിട്ട് കാര്യം ഒന്നുമില്ല........”

“ഏയ് ഇല്ല.... ഞാനും നിൽക്കാ...”

“വേണ്ട.... അവിടെ അച്ഛനും അമ്മയും മാത്രമല്ലേ ഉള്ളു.... നീ ചെല്ല്”

“ഏയ് അതൊന്നും സീൻ ഇല്ല... ചെറിയ കുട്ടികൾ ഒന്നും അല്ലല്ലോ.... പിന്നെ അമ്മയാണ് പറഞ്ഞത് നിന്റെ കൂടെ തന്നെ നിൽക്കാൻ”

പിന്നെ ഞാൻ ഒന്നും പറയാൻ നിന്നില്ല, എന്ത് പറഞ്ഞാലും അവൻ ഇന്ന് എന്നെ ഇവിടെ ഒറ്റയ്ക്ക് ആക്കി പോവില്ലെന്ന് എനിക്കറിയാം...

ശരിക്കും ഇന്നലെ രാത്രി തൊട്ട് നേരെ നിൽക്കാൻ കഴിഞ്ഞിട്ടില്ല എന്ന് തന്നെ പറയാം, നാട്ടുകാരുടെ തല്ലും ഒക്കെ കഴിഞ്ഞ് ഒന്ന് ഇരുന്നപ്പോഴാണ് അവളുടെ ഒടുക്കത്തെ ആത്മഹത്യ ശ്രമം...... അതിനും ഓടി നല്ലോണം, ബ്ലഡ് ഒപ്പിക്കാൻ പെട്ട പാട്...... എന്റെ അതെ ബ്ലഡ് ഗ്രൂപ്പ് ആയിരുന്നു, പക്ഷെ അടിച്ചത് കൊണ്ട് എന്റെ ബ്ലഡ് എടുക്കില്ല പോലും......
ഹാ എന്തായാലും എല്ലാം കഴിഞ്ഞ് ഇരുന്നപ്പോഴേക്കും ഉറക്കം വന്ന് തുടങ്ങിയിരുന്നു...... അങ്ങനെ വിഷ്ണുവിനോട് സംസാരിച്ച് എപ്പോഴോ ആ കസേരയിൽ ഇരുന്ന് ഉറങ്ങിപ്പോയി......."ഡ...... എഴുന്നേൽക്ക്........ ഡാ......."
വിഷ്ണു തട്ടി വിളിച്ചപ്പോഴാണ് ഞാൻ എഴുന്നേറ്റത്, നോക്കുമ്പോൾ നേരം വെളുത്തിരുന്നു....

"നീ പോവുന്നില്ലേ??"

"ഇല്ല.... ഞാൻ ഇന്ന് ലീവ് ആക്കി, രാവിലെ തന്നെ ഡിസ്ചാർജ് ചെയ്യാം എന്നാണ് ഡോക്ടർ പറഞ്ഞത്.... നീ വാ ഓരോ ചായ കുടിക്കാ"

"മ്മ...."
മൂളി കൊണ്ട് ഞാൻ വിഷ്ണുവിന്റെ കൂടെ എഴുന്നേറ്റ് നടന്നു, ക്യാന്റീനിൽ പോയി ഓരോ ചായയും കുടിച്ച് അവൾക്ക് ഉള്ളതും വാങ്ങി വന്നു....

അവളെ കാണുമ്പോഴേ ദേഷ്യം വരുന്നുണ്ട്, അതുകൊണ്ട് വിഷ്ണുവിനോട് അവിടെ തന്നെ നിൽക്കാൻ പറഞ്ഞിട്ട് ഞാൻ പുറത്തിറങ്ങി നിന്നു,
ഒരു പത്തര മണിക്ക് ഡോക്ടർ വന്ന് നോക്കിയ ശേഷം ഡിസ്ചാർജ് എഴുതി തന്നു,
###

“നീ എന്താ രാവിലെ തന്നെ അടിക്കാൻ പോവാണോ??”
തിരിച്ചെത്തിയ ശേഷം ഇന്നലെ കുറച്ച് അടിച്ചു വച്ച കുപ്പിയുമായി മുകളിലേക്ക് കയറാൻ നിന്ന എന്നെ തടഞ്ഞു കൊണ്ട് വിഷ്ണു ചോദിച്ചു

“ആഹ്...... രണ്ടെണ്ണം അടിച്ചിട്ട് ഒന്ന് കിടന്ന് ഉറങ്ങണം...... നീ ഉണ്ടെങ്കിൽ വാ...”

“ഏയ് എനിക്ക് വേണ്ട.....”

“എങ്കിൽ നീ ഒരു കാര്യം ചെയ്യ്.... ആ സാധനത്തിനോട് ഒന്ന് സംസാരിക്ക്, ഇനി ഇമ്മാതിരി പണി ചെയ്യരുതെന്ന് പറ...... പ്ലീസ്.....”

“മ്മ...... നീ ചെല്ല്...... ഞാൻ സംസാരിക്കാ...”

ഞാൻ മുകളിൽ കയറി ഓരോ പെഗ്ഗ് ഒഴിച്ച് അടിക്കാൻ തുടങ്ങി, പക്ഷെ അടിക്കുന്നതിന് അനുസരിച്ച് ഉള്ളിൽ ദേഷ്യവും സങ്കടവും എല്ലാം കൂടി കൂടി വരുന്നത് പോലെ തോന്നി,

ശ്രീലക്ഷ്മി........ തു.......... ശവം..... അവളെ കുറിച്ച് ആലോചിക്കുമ്പോൾ ദേഷ്യം അരിച്ച് കയറുന്നു

"ഇച്ചായാ...... എന്നെ ഒരിക്കലും ചതിക്കില്ല എന്ന് വാക്ക് തരുമോ??"

അവളുടെ ഒടുക്കത്തെ ഒരു അഭിനയം, ചെറ്റ പട്ടി......

സ്വന്തം ചേച്ചിയെ അങ്ങനെ ഒരു സാഹചര്യത്തിൽ രക്ഷിക്കാതെ നോക്കി നിന്നവൾ അല്ലേ..... ഈ ചതി ചെയ്തില്ലെങ്കില്ലേ അത്ഭുതം ഉള്ളു...

പക്ഷെ ഹരി, അവനെ കുറിച്ച് ആലോചിക്കുമ്പോൾ സങ്കടം സഹിക്കാൻ കഴിയുന്നില്ല, എന്തിനും ഏതിനും കൂടെ നിന്നവൻ, അവന് അവളോട് അങ്ങനെ ഒരിഷ്ടം ഉണ്ടായിരുന്നെങ്കിൽ എന്നോട് ഒരു വാക്ക് പറഞ്ഞ പോരായിരുന്നോ, ഞാൻ വെറുതെ അതിനിടയിൽ പോവില്ലായിരുന്നല്ലോ, അവൻ എന്തിനാണ് വീട്ടിലെ പൈസയും എടുത്ത് മുങ്ങിയത്...... ഒന്നും അങ്ങോട്ട് മനസിലാവുന്നില്ല.....

"ഡാ ടോണി..........."

താഴെ നിന്ന് വിഷ്ണുവിന്റെ ശബ്ദം

“എന്താടാ??”

“ഇതാ നിന്നെ കാണാൻ രമേശേട്ടൻ വന്നിട്ടുണ്ട്...... ഇങ്ങോട്ട് വാ......”
രമേശേട്ടൻ അപ്പന്റെ സാരഥിയാണ്, ഓർമ്മ വെച്ചത് തൊട്ട് കാണാൻ തുടങ്ങിയ മുഖം...... ഒരു പാവം മനുഷ്യൻ, പാവം ആയതുകൊണ്ട് ആണല്ലോ ഇത്ര കൊല്ലം എന്റെ അപ്പന്റെ ഡ്രൈവർ ആയി നില്കുന്നത്..... വേറെ വല്ലവരും ആയിരുന്നെങ്കിൽ എന്നേ ഇട്ടേച്ച് പോയി കാണും.....

“ആഹ്........ രമേഷേട്ടാ..... എന്താ അവിടെ തന്നെ നിൽകുന്നെ..... വാ അകത്തേക്ക് ഇരിക്കാ.....”
താഴേക്ക് ഇറങ്ങിയപ്പോൾ റൂമിന് പുറത്ത് നിൽക്കുന്ന പുള്ളിയോട് ഞാൻ പറഞ്ഞു....... കോണി ഇറങ്ങിയതും തലയ്ക്ക് ചെറിയ പിടുത്തം ഫീൽ ചെയ്തു....

“ഇല്ല കുഞ്ഞേ...... ഇരിക്കാൻ സമയമില്ല, അപ്പന്റെ കൂടെ തോട്ടത്തിൽ പോയി വരുന്ന വഴിയാണ്, ഇത് മേരിയമ്മ തന്ന് വിട്ടതാണ്, കുഞ്ഞിന് തരാൻ പറഞ്ഞു”
എന്നും പറഞ്ഞ് പുള്ളി ഒരു എ.ടി.എം കാർഡ് എനിക്ക് നേരെ നീട്ടി, അത് മേരിയുടെ എ.ടി.എം കാർഡ് ആണ്..... ഈ ബിൽഡിംഗിന്റെ വാടക അടക്കം ഒരുപാട് പൈസ വരുന്ന കാർഡ്.....

“ഏയ് അത് വേണ്ട....... രമേഷേട്ടാ..... ഇത് മേരിക്ക് തന്നെ തിരിച്ചു കൊടുത്തോ....... എനിക്ക് ഇപ്പോ ഇതിന്റെ ആവശ്യമില്ല...... പിന്നെ എനിക്ക് പ്രശ്നം ഒന്നുമില്ല സന്തോഷമായിട്ട് ആണ് ഇരിക്കുന്നത് എന്ന് പറയണം...”

“മ്മ്.......ഇതും മേരിയമ്മ തന്ന് വിട്ടതാണ്, കുഞ്ഞിന്റെ ഡ്രസ്സും സാധനങ്ങളും ഒക്കെ ഇതിലുണ്ട്”

വിഷ്ണു കയ്യിൽ പിടിച്ചു നിൽക്കുന്ന ബാഗ് കാണിച്ച് പുള്ളി പറഞ്ഞു”

“ആഹ്...... അത് എന്തായാലും നന്നായി”

“ കുഞ്ഞ് എന്ത് ആവശ്യം ഉണ്ടെങ്കിലും വിളിക്കണം... കുഞ്ഞിനെ ഈ അവസ്ഥയിൽ ഇങ്ങനെ കാണുമ്പോൾ എന്തോ സഹിക്കുന്നില്ല...... എങ്കിലും സാരമില്ല സ്നേഹിക്കുന്ന കുട്ടിയെ തന്നെ കല്യാണം കഴിക്കാനുള്ള ഭാഗ്യം കിട്ടിയല്ലോ..... അത് മതി.... അല്ല മോൾ എവിടെ??”

“അത്...........”

പുള്ളി ചോദിച്ചപ്പോഴാണ് ഞാൻ അകത്തേക്ക് നോക്കിയത്, അവളെ അവിടെ കാണുന്നില്ല.....

“കുളിക്കാൻ കയറിയതാണ്.....”

വിഷ്ണു ആണ് മറുപടി കൊടുത്തത്

“ഓ.... എങ്കിൽ ശരി അടുത്ത പ്രാവശ്യം കാണാം... ഇപ്പോ സമയമില്ല വേഗം പോവണം..... പോയി വരാം കുഞ്ഞേ.......”

എന്ന് പറഞ്ഞ് എന്നെ ഒന്ന് കെട്ടിപ്പിടിച്ചിട്ട് പുള്ളി തിരിഞ്ഞു നടന്നു...... പുള്ളിയുടെ കണ്ണ് നിറഞ്ഞിരുന്നു, അത് കണ്ടപ്പോൾ വല്ലാത്ത ഒരു വിങ്ങൽ..... മനസ്സിൽ.....

കുട്ടിക്കാലത് എന്നെ ഒരുപാട് എടുത്ത് നടന്നിട്ടുള്ള മനുഷ്യനാണ്.... വര്ഷങ്ങളായി അപ്പന്റെ ഡ്രൈവർ ആയി നിന്നിട്ടും പുള്ളിക്ക് ഒരു അത്യാവശ്യം വന്ന സമയത്ത് അപ്പൻ ഒന്നും ചെയ്തില്ല..... ആ സമയത്ത് മേരിയുടെ കയ്യിൽ നിന്ന് പൈസ വാങ്ങി ഞാൻ പുള്ളിക്ക് കൊടുത്തിട്ടുണ്ട്.....

പുള്ളിയുടെ കണ്ണ് നിറഞ്ഞത് കണ്ടപ്പോൾ കൂടെ നിന്ന് ചതിക്കുന്നവർ മാത്രമല്ല ഞാൻ കരുതുന്നതിനേക്കാൾ കൂടുതൽ എന്നെ സ്നേഹിക്കുന്ന ആളുകളും എന്റെ ജീവിതത്തിൽ ഉണ്ടെന്ന് മനസിലായി...

“ഡാ..... ഞാൻ ഇപ്പൊ വരാം.....”

വിഷ്ണുവിനോട് പറഞ്ഞ് ഞാൻ പുള്ളി പോയതിന് പിന്നാലെ ഓടി

“രമേഷേട്ടാ........”

“എന്താ കുഞ്ഞേ.....”

പിന്നിൽ നിന്ന് എന്റെ വിളി കേട്ട് പുള്ളി തിരിഞ്ഞു....

“അത്..... പിന്നെ..... രമേശേട്ടൻ വിചാരിച്ച എനിക്ക് ഒരു ജോലി ശരിയാക്കാൻ കഴിയില്ലേ.....”

“അയ്യോ..... ഞാൻ എങ്ങനെ..... കുഞ്ഞിന് പറ്റിയ ജോലി....”

“ഹാ..... എന്ത് ജോലി ആയാലും മതി..... ഒന്ന് നോക്ക്.... രമേശേട്ടന്റെ മറ്റേ കൂട്ടുക്കാരൻ ഇല്ലെ...... കാറ്ററിംഗ് ഒക്കെ ചെയ്യുന്ന..... അയാളെ എടുത്ത് ചോദിച്ച ഒരു ജോലി ശരിയാവില്ലേ....”

“അയ്യോ...... കാറ്ററിംഗോ..... അതൊന്നും വേണ്ട കുഞ്ഞേ...... ഇതാ ഈ കാർഡ് വച്ചോ.... ഇതിൽ കുഞ്ഞിന് ആവശ്യമുള്ള പൈസ ഉണ്ടാവുമെന്ന് മേരിയമ്മ പറഞ്ഞിരുന്നു.....”

“ഏയ് അത് വേണ്ട...... ഇപ്പോ ഈ കാർഡ് വാങ്ങിയ ഞാൻ പഴയ പോലെ ഇതും വച്ച് വെറുതെ തെണ്ടി തിരിഞ്ഞ് നടക്കും........ ഇപ്പോ ഒരു വാശി ഒക്കെ വന്നിട്ടുണ്ട്.... എന്തെങ്കിലും ചെയ്യണം എന്ന് തോന്നുന്നുണ്ട്...... രമേശേട്ടൻ ഒന്ന് നോക്കിയിട്ട് എന്നെ വിളിച്ച മതി”
എന്റെ വാക്ക് ഉറച്ചതായിരുന്നു

“മ്മ...... ശരി കുഞ്ഞേ..... ഞാൻ നോക്കട്ടെ”
എന്ന് പറഞ്ഞ് പുള്ളി തിരിഞ്ഞ് നടന്നു, ഞാൻ പുള്ളി നടന്നകലുന്നത് നോക്കി നിന്നിട്ട് തിരിച്ച് മുകളിലേക്ക് കയറി.....

“എന്താടാ.....”

“ഏയ് ഒന്നുമില്ല....”
വിഷ്ണുവിന്റെ ചോദ്യത്തിന് ഒഴുക്കൻ മറുപടി കൊടുത്തിട്ട് ഞാൻ റൂമിലേക്ക് കയറി... അവൾ അവിടെ കട്ടിലിൽ ഇരിപ്പുണ്ട്...... എന്നെ കണ്ടതും ചാടി എഴുന്നേറ്റു

ഞാൻ എന്താ ഇവളെ സ്കൂളിൽ പഠിപ്പിച്ച മാഷോ, എന്നെ കാണുമ്പോൾ ചാടി എഴുന്നേൽക്കാൻ, പെട്ടെന്ന് അവളെ കണ്ടതും ഞാൻ തിരിച്ച് പുറത്തേക്ക് തന്നെ ഇറങ്ങി

“രമേശേട്ടനും നിങ്ങൾ തമ്മിൽ ഇഷ്ടത്തിൽ ആയിരുന്നു എന്ന് തന്നെ ആണ് ലേ കരുതിയത്...”
പുറത്തിറങ്ങി ഒരു സിഗരറ്റ് കത്തിക്കുമ്പോൾ വിഷ്ണു അടുത്ത് വന്ന് ചോദിച്ചു.....

“മ്മ......”
ഞാൻ അതെ എന്ന രീതിയിൽ മൂളി

“പുള്ളി വരുന്നത് കണ്ടപ്പോൾ ഞാനാണ് അവളോട് ബാത്റൂമിൽ കയറാൻ പറഞ്ഞത്..... അങ്ങേര് അവളുടെ കൈ കണ്ട മൊത്തം പൊളിയില്ലേ.....”

“മ്മ..... അത് നന്നായി.....”

“ഡാ...... പിന്നെ...... ഞാൻ അവളോട് സംസാരിക്കാൻ നോക്കി..... പക്ഷെ ഒന്നും അങ്ങോട്ട് തുറന്ന് സംസാരിക്കുന്നില്ല...... എന്ത് ചോദിച്ചാലും കരച്ചിൽ ആണ് മറുപടി”

“ഹാ രണ്ടെണ്ണം പൊട്ടിച്ചു കൊടുത്ത നിർത്തുമോ??”

“ഓ..........ഞാൻ ആരോടാ ഈ പറയുന്നത്.... ശരി നമുക്ക് ബോധം വന്നിട്ട് സംസാരിക്ക”

“പോ മൈരേ..... എനിക്ക് നല്ല ബോധമുണ്ട്...”

“ഓ.... ശരി ശരി.....”

ഒരുമാതിരി മറ്റേ ചിരി ചിരിച്ചുകൊണ്ട് വിഷ്ണു പറഞ്ഞു, ശരിക്കും ഞാൻ നല്ല ബോധത്തോടെ തന്നെ അല്ലേ നില്കുന്നത്...... മൈരന്റെ ചിരി കാരണം ഫുൾ കൺഫ്യൂഷൻ ആയല്ലോ...

"എന്നിട്ട് ഒന്നും പറഞ്ഞില്ലേ??"
ഞാൻ സംശയത്തോടെ ചോദിച്ചു

"ഇനി അവള് കാരണം നീയും ഇങ്ങനെ അനുഭവിക്കണ്ട എന്ന് കരുതിയാണ് മരിക്കാൻ തീരുമാനിച്ചത് എന്ന് പറഞ്ഞു"

"ഓ എന്റെ മോനെ........... അനിയത്തിയെ പോലെ തന്നെ ചേച്ചിയും....... പഠിച്ച കള്ളിയാണ്..... എന്നെ രക്ഷിക്കാൻ വേണ്ടി സ്വയം മരിക്കാൻ തീരുമാനിച്ചു പോലും..... ഹോ....... വിശ്വസിക്കാൻ പറ്റുന്ന നുണ പറയാൻ പറ"

"ഏയ്....... എനിക്ക് അത് പറഞ്ഞത് സത്യമാണെന്ന് തന്നെയാണ് തോന്നുന്നത്"

"അങ്ങനെ ആണെങ്കിൽ ഇനിയും മരിക്കാൻ തോന്നുന്നുണ്ടെങ്കിൽ എന്നോട് പറയാൻ പറ, ഇത്തിരി വിഷം വാങ്ങി അവൾക്കും കൊടുത്ത് ഞാനും കഴിക്കാം....... അല്ല പിന്നെ....."

"നീ എന്തൊക്കെയാ ടോണി ഈ പറയുന്നത്..."

“അല്ലാതെ എന്താ പറയാ..... അവൾ ചത്ത ഞാൻ തൂങ്ങും...... അത് പോലും മനസിലാവാത്ത കുഞ്ഞ് കുട്ടിയൊന്നും അല്ലല്ലോ..... ഇത് മനുഷ്യനെ മനഃപൂർവം ഉപദ്രവിക്കാൻ വേണ്ടി..........”

എനിക്ക് ദേഷ്യം വന്നിട്ട് സംസാരിക്കാൻ കഴിയാത്ത അവസ്ഥയായിരുന്നു....

“ഹാ...... നീ ഒന്ന് അടങ്ങേടാ........ നമുക്ക് സംസാരിക്ക”

“ഓ നീ കുറെ മയത്തിൽ സംസാരിച്ചില്ലേ..... ഇനി ഞാൻ സംസാരിക്കാം”
എന്ന് പറഞ്ഞ് വലിച്ച് തീരാനായ സിഗരറ്റ് നിലത്ത് ചവിട്ടി കെടുത്തി ഞാൻ അകത്തേക്ക് നടന്നു

“ഡ......ടോണി.....”
പിന്നിൽ നിന്ന് വിഷ്ണു വിളിച്ചെങ്കിലും അത് ശ്രദ്ധിക്കാതെ ഞാൻ മുറിയിലേക്ക് നടന്നു.....

വീണ്ടും എന്നെ കണ്ടതും അവൾ ചാടി എഴുന്നേറ്റു....

“അതെ...... ദയവ് ചെയ്തു ഇനി ഇതുപോലെ ഉള്ള സഹായം എനിക്ക് വേണ്ടി ചെയ്യരുത്........... അല്ല ഇനിയും ചാവണമെന്ന് ആണെങ്കിൽ അറ്റ്ലീസ്റ്റ് അതിന് ഞാൻ ഉത്തരവാദി അല്ലെന്ന് ഒരു എഴുത്തെങ്കിലും എഴുതി വച്ചിട്ട് ചാവാനുള്ള മനസ്സ് കാണിക്കണം....... അപേക്ഷയാണ്....”

അവൾ എന്റെ മുഖത്തേക്ക് പോലും നോക്കാതെ താഴെ നിലത്തേക്ക് നോക്കി കരച്ചിൽ തന്നെ ആണ്..... ഈ സീരിയല്ക്കാരുടെ മുനിൽ പോയി പെട്ടിരുന്നെങ്കിൽ എന്തായാലും പിടിച്ച് നായിക ആക്കും...... അമ്മാതിരി കരച്ചിൽ അല്ലേ...... അവർക്ക് ഗ്ലിസറിന്ടെ പൈസ ലാഭിക്കാം...
പക്ഷെ എന്റെ മുനിൽ നിന്ന് ഒരാള് ഇങ്ങനെ കരയുന്നത് കണ്ട എനിക്ക് എന്തോ പോലെയാണ്....

“ഏയ്..... ഹെലോ.....അതെ..... നമുക്ക് ഇതിന് ഒരു പരിഹാരം കാണാം.... അതുവരെ ഇയാൾ ഒന്ന് ക്ഷമിക്ക്.... ഞാൻ ഒന്ന് അന്വേഷിച്ച് നോക്കട്ടെ.... ഈ ഡിവോഴ്സിന് വേണ്ട ഫോര്മാലിറ്റീസ് ഒക്കെ...... എത്രയും പെട്ടെന്ന് എന്തെങ്കിലും ചെയ്യാം..... അത് വരെ ഇവിടെ നിന്നോ..... എനിക്ക് പ്രശ്നം ഒന്നുമില്ല.....”
എന്നിട്ടും അവൾ കരച്ചിൽ നിർത്തിയിട്ടില്ല...... ഇത് എന്ത് സാധനം.... ഞാൻ പിന്നെ ഒന്നും പറയാൻ നിന്നില്ല..... പുറത്തേക്ക് നടന്നു.... പുറത്ത് എത്തിയപ്പോൾ വിഷ്ണു എന്നെ നോക്കി ചിരിക്കുന്നുണ്ട്..... ഒരു ആക്കിയ ചിരി.

“എന്താടാ.....”
അവന്റെ കൊണച്ച ചിരി കണ്ട് ഞാൻ അല്പം ഗൗരവത്തിൽ ചോദിച്ചു

“ഈ മല പോലെ വന്നത് എലി പോലെ പോയി എന്നൊക്കെ കേട്ടിട്ടേ ഉള്ളു, ദേ ഇപ്പോ കുറച്ച് മുൻപ് കണ്ടു...”

“എന്താ??”

എനിക്ക് അവൻ ഉദ്ദേശിച്ചത് അങ്ങോട്ട് കത്തിയില്ല“ഏയ്..... നിന്റെ പോക്ക് കണ്ടപ്പോൾ കരുതി ഇപ്പോ അവളെ പിടിച്ച് ചവിട്ടി പുറത്താക്കുമെന്ന്....... എന്നിട്ട് ഇവിടെ നിന്നോ എനിക്ക് കുഴപ്പം ഒന്നുമില്ല എന്ന്......ഹ.......ഹ.......ഹ........”

അതും പറഞ്ഞ് അവൻ ചിരി തുടങ്ങി...“അതല്ല...... ഇതൊക്കെ നീ പറഞ്ഞ പോലെ ഒരു മയത്തിൽ തന്നെ ഡീൽ ചെയ്യണം..... അല്ലെങ്കിൽ പണിയാവും”

“ഹോ....... അത് ഇപ്പോഴെങ്കിലും മനസിലായല്ലോ.....”

“മ്മ..... നീ ഒരു കാര്യം ചെയ്യണം..... ഈ ഡിവോഴ്സിനുള്ള ഫോർമാലിറ്റീസ് ഒന്ന് അറിയണം..... എത്രയും പെട്ടെന്ന് ഇതിനെ തലയിൽ നിന്ന് ഊരണം.... അത് വരെ ഇങ്ങനെ അങ്ങോട്ട് പോവട്ടെ.....”

“ഡിവോഴ്സോ??”
വിഷ്ണു എന്തോ അത്ഭുതത്തോടെ ചോദിച്ചു.....

“ആഹ്...... അല്ലാതെ പിന്നെ........ ഇതിന് ഒരു തീരുമാനം ആക്കണ്ടേ.....”

“ഡിവോഴ്സ് അങ്ങനെ നീ വിചാരിക്കുന്ന പോലെ ചെല്ലുമ്പോഴേക്കും എടുത്ത് തരില്ല...... കല്യാണം കഴിഞ്ഞ് മിനിമം ഒരു വർഷം കഴിഞ്ഞിട്ടേ അപ്പ്ലൈ ചെയ്യാൻ കഴിയു....”

“ഓഹോ...... അത് എവിടത്തെ നിയമം..... ഞങ്ങടെ സമ്മതം പോലും ചോദിക്കാതെ ഒറ്റ ദിവസം കൊണ്ട് ഞങ്ങടെ കല്യാണം നടത്താം.... പക്ഷെ ഡിവോഴ്സിന് ഒരു വർഷം കാത്തിരിക്കണോ.....”

“അത് നിയമം അങ്ങനെ ആണ്...... ഈ രജിസ്റ്റർ മാര്യേജ് ചെയ്യാനും ഒരു മാസം മുൻപ് നോട്ടീസ് കൊടുക്കണം എന്നൊക്കെ ആണ്, പക്ഷെ ഇത് എങ്ങനെ ഒറ്റ ദിവസം കൊണ്ട് ചെയ്ത്??”

“എന്നോടാണോ മൈരേ ചോദിക്കുന്നത്.... എന്തായാലും നടന്നില്ലേ.... അതുപോലെ ഡിവോഴ്സിനും എന്തെങ്കിലും വഴി കാണും...... നീ ഒന്ന് അന്വേഷിക്ക്”

“മ്മ..... അല്ല.....അപ്പൊ എന്നിട്ട് അവൾ എങ്ങോട്ട് പോവും??”

“ഡിവോഴ്സ് ആയി കഴിഞ്ഞ പിന്നെ അവൾ എവിടെ പോയാലും നമുക്ക് എന്താ.....”

“ദുഷ്ടത്തരം പറയല്ലേ ഡാ...... ഒന്നും ഇല്ലെങ്കിൽ അവൾക്ക് ഈ ഗതി വരാൻ അറിഞ്ഞോണ്ട് അല്ലെങ്കിലും നീയും ഉത്തരവാദി ആണ്”

“അതിന് ഇപ്പൊ എന്താ ചെയ്യാ..... അവളെ അച്ഛനെ വേണമെങ്കിൽ ഞാൻ വിളിച്ച് കാര്യം പറയാം.... നടന്നത് പറഞ്ഞ പുള്ളിക്ക് കാര്യം മനസിലാവില്ലേ...... ആ തള്ളയോട് സംസാരിച്ചിട്ട് കാര്യമുണ്ടെന്ന് തോന്നുന്നില്ല....”

“അതിന് വീട്ടിൽ എന്തൊക്കെയോ പ്രശ്നം ഉണ്ടെന്ന് തോന്നുന്നു, ഞാൻ സംസാരിച്ചപ്പോൾ അങ്ങനെ ആണ് തോന്നിയത്, അല്ലെങ്കിൽ ഇത്രയും പ്രശ്നം ഉണ്ടായിട്ട് ആ അച്ഛൻ എന്ന് പറയുന്ന ആള് ഒന്ന് വിളിച്ചിട്ട് പോലും ഇല്ലാലോ.....”

“മ്മ.........”
ഞാൻ വെറുതെ മൂളി....... ഇവൻ എന്നെ മൊത്തം കൺഫ്യൂഷൻ ആകുകയാണ്,
എന്റെ ഈ അവസ്ഥയ്ക്ക് ഞാനും ഒരു കണക്കിന് ഉത്തരവാദി ആണെന്ന് തോന്നി, വിഷ്ണു അത്ര പറഞ്ഞിട്ടും ആ ശവം വിളിച്ചപ്പോൾ പാഞ്ഞു ചെന്നത് എന്റെ മണ്ടത്തരം തന്നെയാണ്

ഇനി ഇവൻ പറയുന്നത് പോലെ ഈ പെണ്ണ് ഒന്നും അറിയാതെ പെട്ട് പോയതാണെങ്കിൽ ശരിക്കും ഞാനും ഒരു കണക്കിന് അവളുടെ ഈ അവസ്ഥയ്ക്ക് കാരണക്കാരൻ തന്നെ ആണ്,
ശരിയാണ്, അന്ന് ആ മുറിയിൽ എന്നെ കണ്ടപ്പോൾ പേടിച്ചു വിറച്ചത് ഞാൻ കണ്ടതാണ്...... അപ്പൊ ഇവൾ ഇതിൽ പെട്ട് പോയത് തന്നെ ആവും....അങ്ങനെ ആണെങ്കിൽ ഇതിന് എന്താ ഒരു പോംവഴി??
ഇവളെ എങ്ങനെ ആണ് ഒന്ന് ഇതിൽ നിന്ന് ഊരി കൊടുക്കുക??

ഡിവോഴ്സ് തന്നെ ആണ് അതിനൊരു മാർഗം......... എത്രയും പെട്ടെന്ന് ഡിവോഴ്സിന്റെ കാര്യങ്ങൾ ശരിയാക്കി അവളെ ഈ കുടുക്കിൽ നിന്ന് രക്ഷിക്കണം

അഥവാ ഇനി വിഷ്ണു പറഞ്ഞ പോലെ ഡിവോഴ്സ് കിട്ടാൻ ഒരു വർഷം എടുക്കുമെങ്കിൽ എന്ത് ചെയ്യും..... അവൾക്ക് പോവാൻ വേറെ സ്ഥലം ഒന്നുമില്ല എന്നാണെങ്കിൽ ഇവിടെ നിന്നോട്ടെ...
പക്ഷെ പൂർണമായി ഒന്നും വിശ്വസിക്കാനും പറ്റില്ല...... അതാണല്ലോ ഇപ്പോ ഞാൻ പഠിച്ച ഏറ്റവും വലിയ പാഠം.....

“എന്താടാ കാര്യമായിട്ട് ആലോചിച്ച് കൂട്ടുന്നത്??”
വിഷ്ണുവിന്റെ ചോദ്യമാണ് എന്നെ ചിന്തകളിൽ നിന്ന് പുറത്ത് കൊണ്ടുവന്നത്...

“ഏയ് ഒന്നുമില്ല.....”

“മ്മ.... എന്ന മോൻ ഇവിടെ നിൽക്ക്, ഞാൻ പോയി ഫുഡ് വാങ്ങി വരാം.... വിശക്കുന്നു....”

“മ്മ.....ശരി......”

“നിനക്ക് എന്താ വേണ്ടത്??”

“എന്തെങ്കിലും....”
ഞാൻ ഒരു ഒഴുക്കൻ മട്ടിൽ പറഞ്ഞു

“പെങ്ങളെ........”
നീട്ടി വിളിച്ചുകൊണ്ട് അവൻ അകത്തേക്ക് പോയി,

പാവം..... ഇതിനിടയിൽ കിടന്ന് നട്ടം തിരിയുന്നത് അവനാണ്.... ഞാൻ തളരാതിരിക്കാൻ കൂടെ തന്നെ നിൽക്കുമ്പോഴും ആ പെണ്ണിനോട് പാവം തോന്നിയിട്ട് അതിന്റെ വിഷമം മാറ്റാൻ ശ്രമിക്കുമ്പോഴും ഹരി ഇങ്ങനെ ചെയ്തതിൽ എന്നെക്കാൾ കൂടുതൽ വിഷമിക്കുന്ന അവന്റെ മനസ്സ് ഞാൻ കാണുന്നില്ല എന്നാണ് ആശാന്റെ വിചാരം.....

“നിങ്ങൾ ശരിക്കും മെയ്ഡ് ഫോർ ഈച്ച് അദർ തന്നെ ആണ് ട്ടോ..... അവൾക്കും നിന്നെ പോലെ തന്നെ..... എന്തെങ്കിലും മതി........ എന്താ ഒത്തൊരുമ”
അകത്തേക്ക് പോയ അതെ സ്പീഡിൽ തിരിച്ചു വരുമ്പോൾ വിഷ്ണു പറഞ്ഞു

“പ്ഫാ മൈ......”

“അയ്യോ മതി...... ബാക്കി ഞാൻ ഊഹിച്ച് എടുത്ത് പൂരിപ്പിച്ചോളാം”

“ശരി മോൻ ചെല്ല്.... പോയി ഫുഡ് വാങ്ങി വാ”

“മാല വിറ്റ പൈസയൊന്നും ഇല്ലേ??”

“നീയല്ലേ വല്യ ജോലിക്കാരൻ.....”

“അപ്പൊ നിന്റെ കോംപ്ലക്സ് ഒക്കെ എവിടെ പോയി??”

“കോംപ്ലക്സ് മൈ....... എന്നെ കൊണ്ട് പറയിപ്പിക്കരുത്....... നീ ചെല്ല്...... പറഞ്ഞ് പറഞ്ഞ് ഇപ്പോ എനിക്കും വിശക്കാൻ തുടങ്ങി”

“ഹാ അങ്ങനെ വഴിക്ക് വാ......”
എന്നും പറഞ്ഞ് അവൻ ഭക്ഷണം വാങ്ങാൻ പോയി......
###

വിഷ്ണു ഭക്ഷണം വാങ്ങി വന്ന ശേഷം ഞങ്ങൾ മൂന്നുപേരും ഒരുമിച്ച് ഇരുന്ന് അത് കഴിച്ചു, ഇടയ്ക്ക് അവൻ ഓരോ ചളി അടിക്കുമ്പോൾ വോൾടേജ് കുറഞ്ഞ ഒരു ചിരി പാസ്സാക്കുന്നുണ്ട് അവൾ, എന്തായാലും ആ കരച്ചിൽ ഒന്ന് അവസാനിപ്പിച്ചിട്ടുണ്ട്...... ആര് കണ്ടു, ചിലപ്പോൾ ഭക്ഷണം കഴിക്കാൻ വേണ്ടി ബ്രേക്ക് കൊടുത്തത് ആയിരിക്കും.

ഭക്ഷണം കഴിച്ച ശേഷം കൈ കഴുകി പുറത്തിറങ്ങിയ സമയത്താണ് രമേശേട്ടൻ വിളിച്ചത്

“ഹലോ.....”

“ആ കുഞ്ഞേ രമേഷേട്ടനാണ്...”

“ആഹ് രമേഷേട്ടാ പറയ്”

“അത് പിന്നെ ഒരു ജോലിയുണ്ട്.....”

“എന്താണ്??”

“കുഞ്ഞിന് രാഘവനെ അറിയുമോ.... പണ്ട് ലോട്ടറി അടിച്ച് പൈസക്കാരൻ ആയ...”

“ഇല്ല.....”

“ആ..... അയാൾക്ക് ഒരു ഡ്രൈവർ വേണമെന്ന് പറഞ്ഞിരുന്നു......”

“ഡ്രൈവർ........ അത് മതി....... അത് ആവുമ്പോൾ എനിക്ക് അത്യാവശ്യം വൃത്തിക്ക് അറിയുന്ന ഒരു പണിയാണ്”

“അയ്യോ....... കുഞ്ഞ് എന്ത് ജോലി ആയാലും മതിയെന്ന് പറഞ്ഞത് കൊണ്ടാണ് ഞാൻ പെട്ടെന്ന് ഇത് ഓർമ്മ വന്നപ്പോൾ വിളിച്ചത്, ഒന്നും കൂടി ആലോചിച്ചിട്ട് പോരെ........”

“ഏയ് ഇതിൽ ഇനി ഒന്നും ആലോചിക്കാനില്ല....... വെറും പ്ലസ്ടു മാത്രം വച്ച് എനിക്ക് എന്തായാലും കളക്ടറുടെ ജോലി ഒന്നും കിട്ടില്ല..... പിന്നെ എല്ലാ ജോലിക്കും അതിന്റേതായ അന്തസ്സ് ഇല്ലേ...... ഡ്രൈവിംഗ് ആണെങ്കിൽ എനിക്ക് ഇഷ്ടമുള്ള പണി ആണ്......... രമേശേട്ടൻ ഒന്ന് അത് ശരിയാക്കി കൊണ്ട...”

“ശരി കുഞ്ഞേ....... ഞാൻ വിളിക്കാം”

“ഓക്കേ.......”
എന്നും പറഞ്ഞ് ഞാൻ ഫോൺ കട്ട് ചെയ്തു, അങ്ങനെ ജോലിയുടെ കാര്യത്തിൽ ഏകദേശം തീരുമാനമായി.... റെഡി ആയാൽ മതിയായിരുന്നു...

“എന്താണ് മോനെ....... ആരാണ് ഫോണിൽ??”
ഫോൺ കട്ട് ചെയ്ത് കഴിഞ്ഞപ്പോൾ വിഷ്ണു ചോദിച്ചു...

“ഓ..... അത് രമേഷേട്ടനാണ്...... ഞാൻ ഒരു ജോലിയുടെ കാര്യം പുള്ളിയോട് പറഞ്ഞിരുന്നു..... അതാണ്”

“എന്ത് ജോലി??”

“എന്തെങ്കിലും ഒരു ജോലി ശരിയാക്കി തരാൻ പറഞ്ഞതാണ് പുള്ളിയോട്”

“എന്നിട്ട് റെഡി ആയോ??”

“ആഹ് ഒരെണ്ണം ചിലപ്പോൾ ശരിയാവും....... ഡ്രൈവിംഗ് ആണ്, അത് ആവുമ്പോൾ പിന്നെ വല്യ പണിയൊന്നും ഇല്ലല്ലോ..... വെറുതെ വണ്ടി ഓടിച്ച പോരെ....”

“ഡ്രൈവറോ??”

“മ്മ........”
ഞാൻ അതെ എന്ന് മൂളി

“നീ തീരുമാനിച്ചോ??”

“യെസ്.....”

“മ്മ......”
അവൻ പിന്നെ ഒന്നും ചോദിച്ചില്ല...
.
.
.
.
.
“ഡാ...... ടോണി....... പിന്നെ......... സാധനങ്ങൾ ഒക്കെ വാങ്ങി കൊടുത്ത കുക്കിംഗ് അവള് ചെയ്യാമെന്ന് പറഞ്ഞിട്ടുണ്ട്.....”
കുറച്ച് നേരത്തെ മൗനത്തിന് ശേഷം വിഷ്ണു പറഞ്ഞു....

“അതൊന്നും വേണ്ട......”

“പിന്നെ എത്ര കാലം നീ ഇങ്ങനെ പുറത്ത് നിന്ന് വാങ്ങി കഴിക്കും.... ഒന്നുമില്ലെങ്കിൽ വീട്ടിൽ ഉണ്ടാകുന്ന ഫുഡ് കഴിച്ചൂടെ”

“മ്മ......... എന്നാലും.......... അവസാനം ഒട്ടകത്തിന് സ്ഥലം കൊടുത്ത പോലെ ആവോ??”

“അതിന് അവള് ഇങ്ങോട്ട് കയറി പറഞ്ഞത് ഒന്നും അല്ല, ഞാൻ അങ്ങോട്ട് ചോദിച്ചതാണ് ഭക്ഷണം ഒക്കെ ഉണ്ടാക്കാൻ അറിയുമോ എന്ന്..... അപ്പോഴാണ് അവൾ സാധനം വാങ്ങിയ അവൾ ഉണ്ടാക്കി തരാമെന്ന് പറഞ്ഞത്”

“മ്മ...... ശരി........”

###

വൈകുന്നേരം ഞാനും വിഷ്ണുവും കൂടെ പോയി അടുക്കള ആവശ്യത്തിനുള്ള സാധനങ്ങൾ ഒക്കെ വാങ്ങി വന്നു

അടുക്കള സെറ്റ് ചെയ്യുന്ന സമയത്ത് അവൾ വിഷ്ണുവിനോട് കുറച്ച് സംസാരിക്കാൻ ഒക്കെ തുടങ്ങിയിരുന്നു..... പക്ഷെ ഇടയ്ക്ക് എന്നെ കാണുമ്പോൾ ആള് സൈലന്റ് ആവും..... എന്തായാലും അവൻ ഉള്ളത് അവൾക്ക് ഒരു ആശ്വാസമാണെന്ന് തോന്നി...... അത് എന്തായാലും നന്നായി, എങ്ങനെ ആയാലും അവൾക്ക് ഇനിയും ആത്മഹത്യ ചെയ്യാൻ തോന്നാതെ ഇരുന്ന മതി....

എല്ലാം സെറ്റ് ചെയ്തു കഴിയുമ്പോൾ സമയം വൈകിയിരുന്നു, അതിനിടയിൽ രമേശേട്ടനും വിളിച്ചു, നാളെ രാവിലെ തന്നെ ആ പറഞ്ഞ രാഘവന്റെ വീട്ടിലേക്ക് പോവാൻ പറഞ്ഞു...... പുള്ളി പറഞ്ഞു തന്നത് വച്ച് അയാളുടെ വീട് എവിടെയാണെന്ന് ഏകദേശം ഒരു ഐഡിയ കിട്ടി, അപ്പൊ നാളെ തൊട്ട് ഞാനും ജോലി ചെയ്യാൻ പോവുന്നു........ ഹാ...... കഴിഞ്ഞ ദിവസം വരെ വെറുതെ അടിച്ചു പൊളിച്ചു നടന്നിരുന്ന ഞാനാണ്....... വിധി......

രാത്രി ഒരു ഒമ്പത് മണി ആയപ്പോൾ വിഷ്ണു നാളെ കാണാമെന്ന് പറഞ്ഞ് വീട്ടിലേക്ക് പോയി, ഇന്നലെ രാവിലെ വീട്ടിൽ നിന്ന് ഇറങ്ങിയതല്ലേ ആശാൻ....

വിഷ്ണു പോയപ്പോൾ അവളുടെ മുഖത്ത് ഞാൻ കണ്ടത് ഭയമാണ്, ആഹ് പറഞ്ഞിട്ട് കാര്യമില്ല... കല്യാണം കഴിച്ചെങ്കിലും ഒരു പരിചയവും ഇല്ലാത്ത ഒരാളുടെ കൂടെ രാത്രി ഒറ്റയ്ക്ക് നിൽക്കാൻ പേടി കാണും....

" വാതിൽ അടച്ച് കിടന്നോ....."
തലയിണയും പുതപ്പും എടുത്ത് അവളെ നോക്കാതെ അതും പറഞ്ഞ് ഞാൻ പുറത്തേക്ക് ഇറങ്ങി...

മുകളിൽ ടാങ്ക് വച്ച സ്ഥലത്ത് പോയി കിടന്നു, മൈര്........ ഒടുക്കത്തെ തണുപ്പ് കിടന്നിട്ട് ഉറങ്ങാൻ പറ്റുന്നില്ല..... അവളെ പുറത്ത് കിടത്തി എനിക്ക് അകത്ത് കിടന്ന മതിയായിരുന്നു...... ച്ചെ...... ഞാൻ എന്തൊക്കെയാണ് ഈ ചിന്തിക്കുന്നത്, മോശം.....
എഴുന്നേറ്റ് ഇരുന്ന് ഒരു സിഗരറ്റ് എടുത്ത് കത്തിച്ചു, എവിടെ ഒരു രക്ഷയില്ല..... ഒടുക്കത്തെ തണുപ്പ്..... വിറയ്ക്കുന്നു...... രണ്ടോ മൂന്നോ സിഗരറ്റ് ഒറ്റ ഇരുപ്പിന് വലിച്ചു.... ഏത് മണ്ടനാണ് സിഗരറ്റ് വലിച്ചാൽ തണുപ്പ് അറിയില്ലെന്ന് പറഞ്ഞത്.......... കയ്യിൽ ഉണ്ടായിരുന്ന സിഗ് മൊത്തം വലിച്ചു തീർത്തു എന്നല്ലാതെ ഒന്നും നടന്നില്ല...... സമയം

പോവുന്നത് അനുസരിച്ച് തണുപ്പ് കൂടി കൂടി വരുന്നത് പോലെ തോന്നി..... പണ്ടാരം, ആ പെണ്ണ് താഴെ സുഖമായി പുതച്ച് മൂടി കിടന്ന് ഉറങ്ങുന്നുണ്ടാവും..... അവസ്ഥ......
ഞാൻ പലതും ആലോചിച്ച് അങ്ങനെ അവിടെ ഇരുന്നു, എന്തായാലും ഇന്നത്തെ ഉറക്കം തീരുമാനമായി....

പുലർച്ചെ ഒരു രണ്ടര മണി എങ്ങാനും ആയി കാണും ഉറങ്ങുമ്പോൾ..... പക്ഷെ തണുപ്പ് കാരണം അധികം നേരം ഉറങ്ങാനും കഴിഞ്ഞില്ല, ഒരു ആറ് മണിക്ക് ഞാൻ ഉണരുകയും ചെയ്തു.....

താഴെ ചെന്ന് വാതിൽ മുട്ടി......... തുറക്കുന്നില്ല...... നാശം, വാതിലും പൂട്ടി സുഖിച്ചു കിടന്ന് ഉറങ്ങുകയാകും..... ബാക്കിയുള്ളവൻ ഇവിടെ തണുത്ത് വിറച്ച് പുറത്ത് കിടന്ന് ഇല്ലാതായി.....

രാവിലെ എട്ട് മണിക്ക് മുന്നെ അവിടെ എത്താനാണ് രമേശേട്ടൻ പറഞ്ഞത്.... ഈ സാധനം ഒന്ന് വാതിൽ തുറന്നാൽ അല്ലേ എന്തെങ്കിലും ചെയ്യാൻ കഴിയൂ...
എനിക്ക് ദേഷ്യം പിടിക്കാൻ തുടങ്ങി, വാതിലിൽ ശക്തിയായി അഞ്ചാറ് ഇടി ഇടിച്ചു..... എവിടെ ആര് തുറക്കാൻ.....

കർത്താവെ..... പെണ്ണ് ഇനി വല്ല കടുംകൈ ചെയ്തോ?? അയ്യോ....... ആലോചിക്കുമ്പോൾ തന്നെ കയ്യും കാലും വിറയ്ക്കുന്നു.... വാതിലിൽ വീണ്ടും ശക്തിയായി മുട്ടി..... ഇല്ല തുറക്കുന്നില്ല.......... കർത്താവെ, പെണ്ണിന്റെ പേര് എന്തായിരുന്നു??
ആ യാമിനി......

“യാമിനി....................”
വാതിലിൽ മുട്ടി കൊണ്ട് ഞാൻ ഉറക്കെ വിളിച്ചു...... ഇല്ല അനക്കം ഒന്നുമില്ല, ഈശോ........ ഞാൻ പെട്ട്..... വിയ്യൂര്, പൂജപ്പുര, കണ്ണൂര്..... ഏതെങ്കിലും ഒന്ന് ഉറപ്പായി...... ചവിട്ടി പൊളിച്ചാലോ......
ആ അപ്പുറത്തെ ജനാല വഴി നോക്കാം....
ഓടി ജനാലയുടെ അടുത്ത് ചെന്ന് നോക്കി...... ഇല്ല, അത് അകത്തു നിന്ന് പൂട്ടിയിട്ടുണ്ട്..... അയ്യോ............

പെട്ടെന്ന് എന്തോ ഒച്ച കേട്ടു....... അതെ വാതിൽ തുറക്കുന്ന ശബ്ദം,
ഓ...... അപ്പൊ നാശം കിടന്ന് ഉറങ്ങുകയായിരുന്നോ....... മനുഷ്യനെ തീ തീറ്റിക്കാൻ...... ഇപ്പോ ശരിയാക്കി കൊടുക്കാം....

നിമിഷ നേരംകൊണ്ട് ഉള്ളിൽ നിറഞ്ഞ ഭയം ദേഷ്യമായി മാറി.....
ഞാൻ വാതിലിന്റെ അടുത്തേക്ക് നടന്നു...... ഉള്ളിൽ അവളെ ചവിട്ടി കൂട്ടാനുള്ള ദേഷ്യം.

.

.

.

.

.

പക്ഷെ, വാതിലിന് മുനിൽ പേടിച്ച് വിറച്ച് മാൻപേട കണ്ണുകളുമായി നിൽക്കുന്ന അവളെ കണ്ട് ഞാൻ നിശ്ചലനായി പോയി.....

കുളിക്കുകയായിരുന്നു എന്ന് മനസിലായി, ശരിക്കും തോർത്തിയിട്ടില്ല..... തലയിലൂടെ വെള്ളം മുഖത്തേക്ക് ഒലിച്ച് ഇറങ്ങുന്നു.... പക്ഷെ എന്റെ കണ്ണ് പിന്നെ പോയത് ഉയർന്നു നിന്ന മാറിടങ്ങളിലേക്ക് ആയിരുന്നു..... മുകളിലെ ആദ്യത്തെ കുടുക്ക് ഇട്ടിട്ടില്ല..... അതിന്റെ ഇടയിലൂടെ ആ മുലകളുടെ തുടക്കം വ്യക്തമായി കാണുന്നുണ്ട്..... അടിയിൽ ഒന്നും ഇട്ടിട്ടില്ലെന്ന് തോന്നി......

ച്ചെ........ ഞാൻ എന്തൊക്കെ ആണ് ഈ ചെയ്യുന്നേ...... ഒരുത്തി ചിരിച്ച് കാണിച്ചപ്പോൾ പിന്നാലെ പോയതിന്റെ ആണ് ഞാൻ ഈ അനുഭവിക്കുന്നത്.... അരുത് ടോണി അരുത്........ കണ്ട്രോൾ യുവർ ഇമോഷൻസ്......

പെട്ടെന്ന് തന്നെ അവളിൽ നിന്ന് കണ്ണ് മാറ്റിക്കൊണ്ട് ഞാൻ അവളെ കടന്ന് അകത്തേക്ക് കയറി.....

നേരെ ബാത്റൂമിലേക്ക് കയറാൻ പോയി, പക്ഷെ ഞാൻ കയറുന്നതിനു മുന്നെ അവൾ ഓടി ബാത്റൂമിൽ കയറി.... കയറിയ അതെ വേഗത്തിൽ അവൾ പുറത്തേക്ക് ഇറങ്ങി, കയ്യിൽ ബ്രായും പാന്റിയും ചുരുട്ടി പിടിച്ചിട്ടുണ്ട്...
കുളിക്കുമ്പോൾ പുറത്ത് നിന്ന് എന്റെ ഒച്ചയും ബഹളവും കേട്ട് ഒക്കെ അവിടെ തന്നെ ഇട്ട് വേഗം വന്ന് വാതിൽ തുറന്നതാവും....
അല്ലെങ്കിലും എനിക്ക് ഇപ്പോ അവളെ ഇന്നർ കിട്ടിയിട്ട് വേണമല്ലോ.........

അങ്ങനെ പലതും ആലോചിച്ച് ഞാൻ കുളിക്കാൻ ബാത്റൂമിലേക്ക് കയറി.... അപ്പോഴാണ് തോർത്ത് എടുത്തില്ല എന്ന കാര്യം ഓർമ്മ വന്നത്, തിരിച്ചു തോർത്ത് എടുക്കാൻ ഇറങ്ങി..... പക്ഷെ ഞാൻ വച്ച സ്ഥലത്ത് തോർത്ത് കാണുന്നില്ല... കർത്താവെ എന്നോട് എന്തിനീ പരീക്ഷണം, ആദ്യ ദിവസം തന്നെ ലേറ്റ് ആവും...... ശ്യോ...........

റൂമിൽ എവിടെയും തോർത്ത് കാണുന്നില്ല, അടുക്കളയിൽ നോക്കിയപ്പോൾ അവൾ അവിടെ എന്തോ അടുപ്പിൽ ചെയ്യുന്നുണ്ട്... ദോണ്ടേ എന്റെ തോർത്ത് അവളെ തലയിൽ ഇരിക്കുന്നു......

"ഡീ..........."
ഞാൻ ഉറക്കെ വിളിച്ചതും അവൾ ഞെട്ടി തിരിഞ്ഞു..... കയ്യിൽ ഉണ്ടായിരുന്ന പാത്രം നിലത്ത് വീണു....
ദേഷ്യം കണ്ട്രോൾ ചെയ്യാൻ വേണ്ടി ഞാൻ പല്ല് കടിച്ച് നിന്നു, അവൾ ആണെങ്കിൽ എന്റെ നിൽപ്പും നോട്ടവും ഒക്കെ കൂടി കണ്ട് വിറയ്ക്കുന്നു.....

“നിന്നോട് ആരാ എന്റെ തോർത്ത് എടുക്കാൻ പറഞ്ഞത്??”
ഞാൻ ഗൌരവം ഒട്ടും കുറയ്ക്കാതെ തന്നെ ചോദിച്ചു....

“അത്....... പിന്നെ.........”
അവൾ ചെറുപ്പത്തിൽ പരീക്ഷയ്ക്ക് പൊട്ടിയിട്ട് പേപ്പറും കൊണ്ട് അപ്പന്റെ മുനിൽ നിൽകുമ്പോൾ എന്റെ മുഖത്ത് ഉണ്ടായിരുന്ന അതെ മുഖ ഭാവത്തോടെ എന്റെ മുനിൽ നിൽപ്പാണ്.

“ഇങ്ങോട്ട് കൊണ്ട....”
ഞാൻ കൈ നീട്ടി കൊണ്ട് പറഞ്ഞു

“ഒരു മിനിറ്റ്....... ഞാൻ കഴുകി തരാം”.
എന്ന് പറഞ്ഞ് അവൾ എന്നെ മറികടന്ന് ബാത്റൂമിലേക്ക് പോവാൻ നോക്കി...

“വേണ്ട...... ഇങ്ങ് കൊണ്ട....... നേരമില്ലാത്ത നേരത്ത് ഓരോ........”

എന്നെ കടന്നു പോവുന്നതിന് ഇടയ്ക്ക് അവളുടെ കയ്യിൽ നിന്ന് തോർത്ത് പിടിച്ചു വാങ്ങി കൊണ്ട് ചവിട്ടി തുള്ളി ഞാൻ ബാത്റൂമിലേക്ക് കയറി......കുളിയും പരിപാടികളും അഞ്ച് മിനിറ്റ് കൊണ്ട് തീർത്ത് ഞാൻ വേഗം ഇറങ്ങി....

.

.

.

.

.“ചായ.......”
ബാഗിൽ ഇടാനുള്ള ഡ്രസ്സ് തിരയുമ്പോൾ അവൾ പുറകിൽ നിന്ന് മെല്ലെ പറഞ്ഞു...

“അവിടെ വെച്ചോ.....”
തിരിഞ്ഞു നോക്കാതെ മേശയിലേക്ക് കൈ ചൂണ്ടി ഞാൻ പറഞ്ഞു.....

ബാഗിൽ നിന്ന് സി.കെയുടെ ഒരു വെള്ള ഷർട്ടും ഡീസലിന്റെ ലൈറ്റ് ബ്ലൂ ജീൻസും എടുത്തിട്ട് മേശപ്പുറത്ത് വെച്ച ആ ചായയും എടുത്ത് കുടിച്ച് കണ്ണാടിയിൽ ഒന്ന് നോക്കി സംതൃപ്തി തോന്നിയപ്പോൾ പോവാൻ ഒരുങ്ങി......

പുറത്തേക്ക് ഇറങ്ങാൻ വേണ്ടി തിരിഞ്ഞ് വാതിലിന് അടുത്ത് എത്തിയപ്പോൾ എന്തോ ശബ്ദം കേട്ട് നോക്കിയപ്പോൾ അടുക്കളയിൽ നിന്ന് ഓടി വന്ന് എന്റെ പിന്നിൽ നിൽക്കുന്ന യാമിനിയെ ആണ് കണ്ടത്.... എന്നോട് എന്തോ പറയാൻ വേണ്ടി വന്നതാണെന്ന് മനസിലായി, പക്ഷെ ഞാൻ തിരിഞ്ഞ് നോക്കിയതും കക്ഷി പേടിച്ച് കാര്യം പറയാൻ മടിച്ച് നിൽക്കുകയാണ്....

"എന്താ??"
ഞാൻ അവളെ നോക്കി ചോദിച്ചു

"ഫുഡ്......"

"വേണ്ട...... സമയമില്ല........"
എന്ന് പറഞ്ഞ് ഞാൻ തിരിഞ്ഞ് നടന്നു, തിരിഞ്ഞു നടക്കുമ്പോഴാണ് അവൾ ഇന്നലെ ഇട്ട അതെ ചുരിദാർ തന്നെയാണ് ഇട്ടത് എന്ന് ഞാൻ ഓർത്തത്.....
അയ്യോ....... കയ്യും വീശി ആയിരുന്നില്ലേ ഞങ്ങൾ ഇങ്ങോട്ട് വന്നത്...... അപ്പൊ അവൾക്ക് ഇടാൻ വേറെ ഡ്രസ്സ് ഒന്നും ഉണ്ടാവില്ല.... എന്താ ഇപ്പോ ചെയ്യാ.....

ഞാൻ ഫോൺ എടുത്ത് വിഷ്ണുവിനെ വിളിച്ചു.... കുറച്ച് റിംഗ് കഴിഞ്ഞാണ് അവൻ ഫോൺ എടുത്തത്...

"ഹെലോ....."

"ആഹ്...... എന്താടാ ഈ രാവിലെ തന്നെ.....".
വിഷ്ണുവിന്റെ ഉറക്ക ചടവോടെ ഉള്ള ശബ്ദം.

"ഡ....... അത് പിന്നെ....... അവൾക്ക് ഇടാൻ വേറെ ഡ്രസ്സ് ഒന്നുമില്ല...."

"ഏത് അവൾ??"

അവൻ ഒരു ഒഴുക്കൻ മട്ടിൽ ചോദിച്ചു"ഡാ...... അവള്....... യാമിനി"

"പ്ഫാ........ മൈരേ...... നിന്റെ ഭാര്യക്ക് ഇടാൻ ഡ്രസ്സ് ഇല്ലെങ്കിൽ നീ വാങ്ങി കൊടുക്കണം...... അല്ലാതെ രാവിലെ തന്നെ ബാക്കി ഉള്ളവരെ വിളിച്ചു ഉറക്കം കളയല്ലേ...... പ്ലീസ്...."
എന്ന് പറഞ്ഞ് അവൻ ഫോൺ കട്ട് ചെയ്തു..... ഉറക്കം പോയത് കൊണ്ട് ആണെന്ന് തോന്നുന്നു, ആശാൻ നല്ല ചൂടിലാണ്.... അല്ലെങ്കിലും ഈ നിസാര കാര്യത്തിന് അവൻ എന്തിനാ ഇങ്ങനെ ചൂടാവുന്നത്....

ഇനി ഇപ്പോ എന്താ ചെയ്യാ....... അവളോട് സംസാരിക്കാൻ ഒരു മടി. സാരമില്ല..... വിഷ്ണു പറഞ്ഞത് പോലെ ഞങ്ങൾ ഒരുമിച്ച് താമസിക്കുന്ന രണ്ട് അപരിചിതർ.... വഴിയിൽ കാണുന്ന അപരിചിതരോട് വരെ സംസാരിക്കേണ്ട വരാറില്ലേ..... പിന്നെ എന്താ..... യെസ്...... യൂ ക്യാൻ ഡൂ ഇറ്റ് ടോണി....... യൂ ക്യാൻ........
കുറച്ചായി ഞാൻ വല്ലാതെ എനിക്ക് കോൺഫിഡൻസ് കൊടുക്കുന്നുണ്ട്, ഒരു പൊടിക്ക് കുറയ്ക്കണം... ഹാ എന്തെങ്കിലും ആവട്ടെ.

ഞാൻ തിരിച്ച് നടന്നു...... വാതിലിൽ മുട്ടി.... നിമിഷ നേരംകൊണ്ട് വാതിൽ എനിക്ക് മുനിൽ തുറക്കപ്പെട്ടു....

എനിക്ക് എന്ത് പറയും എങ്ങനെ പറയുമെന്ന് ഒരു ചെറിയ ആശയക്കുഴപ്പം.... അവളാണെങ്കിൽ എന്റെ മുനിൽ എന്താണ് കാര്യമെന്ന് ഒരു പിടിയും ഇല്ലാതെ വണ്ടർ അടിച്ച് നിൽക്കുന്നു....

"അതെ.....പിന്നെ.... ഇത്തിരി വെള്ളം തരുമോ??"
അതാണ് പെട്ടെന്ന് എന്റെ വായിൽ വന്നത്.... ചോദിച്ചപ്പോൾ തന്നെ അവൾ അകത്തേക്ക് ഓടി..

അവൾ അടുക്കളയിലേക്ക് പോയ സമയം ഞാൻ അകത്ത് കയറി പേഴ്സിൽ നിന്ന് ഒരു നാലായിരം രൂപ എടുത്ത് മേശപ്പുറത് വച്ചു, കൃത്യം പൈസ വെച്ച് തിരിയലും അവൾ അടുക്കളയിൽ നിന്ന് ഒരു ജഗും ആയി വന്നു.... പെട്ടെന്ന് അവളെ കണ്ടപ്പോൾ ഞാൻ ചെറുതായി തപ്പി കളിച്ചു....

വേഗം അവളുടെ കയ്യിൽ നിന്ന് ജഗ് വാങ്ങി ദിവസങ്ങളായി വെള്ളം കിട്ടാത്ത പോലെ അതിൽ ഉണ്ടായിരുന്ന വെള്ളം മൊത്തം ഒറ്റ വലിക്ക് കുടിച്ചു.... അവൾ എന്റെ പ്രവർത്തികൾ അത്ഭുതത്തോടെ നോക്കുന്നുണ്ട്.... ജഗ് അവൾക്ക് തിരിച്ച് കൊടുത്തിട്ട് ഞാൻ പുറത്തേക്ക് ഇറങ്ങി....

അല്ല..... കാര്യം പറഞ്ഞില്ലെങ്കിൽ അവൾക്ക് എങ്ങനെ മനസിലാവാനാണ്..... ഛെ.... ഞാൻ എന്ത് മണ്ടനാ.... തിരിഞ്ഞ് നോക്കിയപ്പോൾ അവൾ ആ ജെഗും പിടിച്ച് എന്നെ തന്നെ നോക്കി നിൽക്കുന്നുണ്ട്

"അതെ......"

"മ്മ......."
അവൾ കാര്യം പറയാൻ പറയും പോലെ മൂളി...

"മേശപ്പുറത് പൈസ വച്ചിട്ടുണ്ട്..... ഡ്രസ്സ് വാങ്ങിക്കോ...."
എന്ന് എങ്ങനെയോ പറഞ്ഞ് ഒപ്പിച്ച് ഞാൻ തിരിഞ്ഞു, അല്ലെങ്കിലും ഞാൻ എന്തിനാ ഇങ്ങനെ ഒക്കെ കളിക്കുന്നത്.... പറയാൻ ഉള്ളത് അങ്ങ് മുഖത്ത് നോക്കി പറഞ്ഞ എന്താ....

"അതെ........"
പോവാൻ വേണ്ടി തിരിഞ്ഞതും അവൾ പിന്നിൽ നിന്ന് വിളിച്ചു, ഇത് കുറെ നേരായി ട്ടോ ഞാൻ ഇങ്ങനെ പോവാൻ വേണ്ടി തിരിഞ്ഞ് കളിക്കാൻ തുടങ്ങിയിട്ട്....

"എന്താ??"

"ഫോൺ ഒന്ന് തരുമോ?? ഒരു കോൾ ചെയ്യട്ടെ...."

"മ്മ..... ഇതാ..... വേഗം വേണം..."
എന്ന് പറഞ്ഞ് ഫോൺ ഞാൻ അവൾക്ക് കൊടുത്തിട്ട് കുറച്ച് അപ്പുറത്തേക്ക് മാറി നിന്നു.... സിഗരറ്റ് കത്തിക്കാമെന്ന് കരുതി പോക്കറ്റിൽ കയ്യിട്ടപ്പോൾ അവിടെ അങ്ങനെ

ഒരു സാധനമേ ഇല്ല...... ഓ ഇന്നലെ രാത്രി തണുപ്പ് കാരണം കയ്യിൽ ഉണ്ടായിരുന്നത് മൊത്തം വലിച്ച് തീർത്തിരുന്നു.... ഛെ........

കുറച്ച് നേരം അങ്ങനെ ആ ടെറസിൽ നിന്ന് റോഡിലെ കാഴ്ചകൾ നോക്കി നിന്നു.....
അതാ ഒരു പയ്യൻ ബൈക്കും സെന്റർ സ്റ്റാൻഡിൽ ഇട്ട് ഇരിക്കുന്നു...... അവന്റെ ഇരിപ്പ് കണ്ട അറിയാം കാമുകിയെ കാത്ത് ഇരിപ്പായിരിക്കും..... എന്താ അവന്റെ മുഖത്തെ ആകാംഷ..... വേണ്ട മോനെ ഇത്ര ആവേശം വേണ്ട, എപ്പോഴാണ് തേച്ച് ഭിത്തിയിൽ ഒട്ടിക്കുക എന്ന് പറയാൻ കഴിയില്ല....... ഹ......ഹ..... പാവം പയ്യൻ......... അവനെ കാണുമ്പോഴേ ഒരു കള്ള ലക്ഷണം... നല്ല കള്ള ലക്ഷണമുള്ള പാവം പയ്യൻ.....

ഇവിടെ ഒരുത്തി ഫോണിൽ ആരോടോ കാര്യമായ സംസാരത്തിലാണ്, വെറും സംസാരം അല്ല..... കരഞ്ഞു കൊണ്ട് സംസാരിക്കുന്നു.... ഇവൾക്ക് ഇത് എവിടെ നിന്ന ഇതിനു മാത്രം കണ്ണീര്...... ആ എന്തെങ്കിലും ആവട്ടെ... ചിലപ്പോൾ അച്ഛനോട് ആയിരിക്കും.... എന്തായാലും അമ്മയെയും പെങ്ങൾ എന്ന ആ പിശാചിനെയും ആവാൻ സാധ്യതയില്ല...... അല്ല ആരെയാണെങ്കിലും എനിക്ക് എന്താ ലേ......

ഞാൻ വീണ്ടും റോഡിലൂടെ ഒന്ന് കണ്ണോടിച്ചു, നേരത്തെ ഞാൻ നോക്കിയിരുന്ന ആ ബൈക്കിൽ ഇരുന്ന പയ്യന്റെ അടുത്ത് ഒരു സ്ത്രീ നിൽക്കുന്നു, എനിക്ക് പുറം തിരിഞ്ഞ് നിൽക്കുന്നത് കൊണ്ട് അവരുടെ മുഖം കാണാൻ കഴിയുന്നില്ല..... ചുവന്ന സാരിയും ഹിജാബും ധരിച്ച അവരുടെ പിന്നഴക് പറഞ്ഞറിയിക്കാൻ കഴിയുന്നതിലും അപ്പുറമായിരുന്നു... ഒടുക്കത്തെ ഷേപ്പ്...... ഉഫ്...... അത് കണ്ടതും താഴെ ഒരാൾ എഴുന്നേറ്റ് നിന്ന് "ഈ ഒന്നിനും കൊള്ളാത്ത നശിച്ച ജീവിതം എനിക്ക് മടുത്തു" എന്ന് പറഞ്ഞ് കരയാൻ തുടങ്ങി....
അവനെ ആശ്വസിപ്പിക്കാൻ എനിക്ക് വാക്കുകൾ ഉണ്ടായിരുന്നില്ല, അല്ലെങ്കിലും ആന കൊടുത്താലും ആശ കൊടുക്കരുത് എന്നാണല്ലോ.... പാവം കുട്ടൻ........

അവര് ആ പയ്യന്റെ ബൈക്കിന്റെ പുറകിൽ കയറിയപ്പോൾ അവൻ ബൈക്ക് പറപ്പിച്ച് വിട്ടു, അവര് ബൈക്കിൽ കയറുമ്പോൾ അവന്റെ മുഖത്ത് കണ്ട ചിരി.... മനസ്സിൽ ലഡ്ഡു പൊട്ടിയ ചിരി........ ഉഫ്..... എന്നാലും മുഖം ശരിക്കും കാണാൻ കഴിഞ്ഞില്ല........ കണ്ടിട്ട് ഏകദേശം പത്ത് മുപ്പത്തഞ്ച് വയസ്സുണ്ടെന്ന് തോന്നുന്നു, ഛെ ഞാൻ എന്തിനാ ബാക്കിയുള്ളവരുടെ കാര്യം നോക്കി നിൽക്കുന്നത്............ ബി ഡീസന്റ് ടോണി......

ഇവിടെ എന്റെ ഫോണും വാങ്ങി ഒരുത്തി കുറെ നേരമായി സൊള്ളാൻ തുടങ്ങിയിട്ട്, ഇനിയും നിന്ന ഞാൻ ലേറ്റ് ആവും....

"അതെ കഴിഞ്ഞില്ലേ......... എനിക്ക് പോവണം...".
ഞാൻ ഉറക്കെ വിളിച്ച് പറഞ്ഞതും എന്തോ പറഞ്ഞിട്ട് വേഗം ഫോൺ വെച്ച് അവൾ എനിക്ക് കൊണ്ടുവന്ന് തന്നു...

"ഡ്രസ്സ് വാങ്ങിയിട്ട് ബാക്കി പൈസയ്ക്ക് ഫോണും റീചാർജ് ചെയ്തോ...... എന്റെ ഫോൺ ഇങ്ങനെ യൂസ് ചെയ്യുന്നത് എനിക്ക് ഇഷ്ടമല്ല...."
അതും പറഞ്ഞ് ഞാൻ തിരിഞ്ഞ് നടന്നു, പെട്ടെന്ന് എന്തോ തോന്നി ഞാൻ തിരിഞ്ഞ് നോക്കിയപ്പോൾ എന്നെ നോക്കി കൊഞ്ഞനം കുത്തുന്ന യാമിനിയെ ആണ് കണ്ടത്, സാധാരണ രീതിയിൽ എനിക്ക് ദേഷ്യം പിടിക്കുകയാണ് വേണ്ടത്.... അതാണ് പതിവ്, പക്ഷെ പെട്ടെന്ന് അവളുടെ മുഖത്തെ ഭാവങ്ങൾ കണ്ടപ്പോൾ എനിക്ക് ചിരിയാണ് വന്നത്...... പക്ഷെ ചിരിച്ചില്ല, കഷ്ടപ്പെട്ട് ചിരി അടക്കി അവളെ ഒന്ന് തറപ്പിച്ച് നോക്കിയിട്ട് ഞാൻ ഇറങ്ങി....
###

ബസ് കയറി രമേശേട്ടൻ പറഞ്ഞ സ്റ്റോപ്പിൽ ഇറങ്ങി പുള്ളി പറഞ്ഞു തന്ന ഊഹം വച്ച് നടന്നു ഞാൻ ഒരു വലിയ കൊട്ടാരം പോലെ തോന്നിക്കുന്ന ഇരുന്നില്ല വീടിന്റെ മുനിൽ എത്തി, ഇത് തന്നെ ആവാനാണ് സാധ്യത........ ഏകദേശം എന്റെ വീടിന്റെ അത്ര തന്നെ വലുപ്പമുണ്ട്, ഛെ..... അതിന് ആ ഒറ്റ മുറിയല്ലേ എന്റെ വീട്....

"മ്മ്....... ആരാ....... എന്താ കാര്യം??"
പടിവാതിലിന് മുനിൽ വെച്ച് ഒരു മധ്യവയസ്ക്കനായ സെക്യൂരിറ്റി എന്നെ തടഞ്ഞു....

"ചേട്ടാ ഈ രാഘവൻ എന്ന് പറയുന്ന ആളുടെ വീട്??"

"ആഹ് അതെ ഇത് തന്നെ...... എന്താ കാര്യം??"

"ഇവിടെ ഡ്രൈവറുടെ ആവശ്യം ഉണ്ടെന്ന് പറഞ്ഞിരുന്നു, ഇന്ന് വരാൻ പറഞ്ഞു"

"ഓ ഡ്രൈവർ ആയിരുന്നോ...."

ഒരു പുച്ഛത്തോടെ അതും പറഞ്ഞിട്ട് അയാൾ ഗേറ്റ് തുറന്ന് തന്നു, എന്താ ഇയാൾക്ക് ഇത്ര പുച്ഛം....... ഇത്ര സുന്ദരനായ ഡ്രൈവറെ ഇതുവരെ കണ്ടിട്ടില്ലേ...
ഞാൻ അയാളെ നോക്കി നല്ലൊരു ചിരിയും ചിരിച്ചിട്ട് ഉള്ളിലേക്ക് നടന്നു...... ശ്യോ..... ഗേറ്റിന്റെ അവിടെ നിന്ന് വീട്ടിലേക്ക് നടന്ന തന്നെ വേറെ വ്യായാമം ഒന്നും ചെയ്യണ്ട ആവശ്യമില്ല....

അങ്ങനെ ആ വല്യ വീടിന് മുനിൽ എത്തി, കോളിങ് ബെൽ അടിച്ചു.....
ബെൽ അടിച്ചിട്ട് ഒന്ന് ചുറ്റും കണ്ണോടിക്കുമ്പോഴേക്കും ആ വലിയ വാതിൽ എനിക്ക് മുനിൽ തുറക്കപ്പെട്ടു......

ഒരു പെണ്ണാണ് വാതിൽ തുറന്ന് പുറത്തേക്ക് വന്നത്..... ദേവതയെ പോലെ കാണാൻ, തിളങ്ങുന്ന കണ്ണുകൾ...... ചുരുളൻ മുടി..... ആ കണ്ണുകൾ തന്നെയാണ് ഹൈലൈറ്റ്.... അതിന് വല്ലാത്ത ഒരു ആകർഷണം.... ഇളം നീല നിറം...... വേറെ ഒന്നും ശ്രദിക്കാൻ കഴിഞ്ഞില്ല...

"ഹലോ...... എന്താണ്??"
നല്ല കിളിനാദം.....

"അത്....... രാഘവൻ സാർ ഇല്ലേ??"
അയാള് എന്നെ സ്കൂളിൽ പഠിപ്പിച്ചിട്ട് ഇല്ലാല്ലോ...... ആ എന്തായാലും ഓട്ടോമാറ്റിക് ആയി വായിൽ നിന്ന് വീണതാണ്..... കിടക്കട്ടെ അല്പം സോപ്പ്......

"ആഹ് ഒരു മിനിറ്റേ.......... അച്ഛാ...."
ആ പെണ്ണ് അകത്തേക്ക് നോക്കി നീട്ടി വിളിച്ചു..... എന്നിട്ട് എന്നെ നോക്കി ഒന്ന് ചിരിച്ചു, ഞാൻ തിരിച്ചും അതെ പോലെ തന്നെ ചിരിച്ചു...

"എന്താ മോളേ....."
നല്ല ഗാംഭീര്യമുള്ള ശബ്ദം, നീണ്ട് തടിച്ച് കട്ടി മീശയുമായി ഒരാൾ പുറത്തേക്ക് ഇറങ്ങി വന്നു, കണ്ടിട്ട് ഏകദേശം എന്റെ അപ്പന്റെ ഒക്കെ പ്രായം ആയിരിക്കും എന്ന് തോന്നി, അതെ ഇത് തന്നെ രാഘവൻ, അപ്പൊ ആദ്യം വന്നു വാതിൽ തുറന്ന ഈ കുട്ടി ഇയാളുടെ മകൾ തന്നെ, അകത്തേക്ക് നോക്കി അച്ഛാ ന്ന് വിളിച്ചത് കൊണ്ട് മനസിലായി...... അല്ലാതെ ഈ കുട്ടിക്ക് ഇയാളുമായി കാഴ്ചയിൽ ഒരു സാമ്യതയുമില്ല

"ഇതാ........ അച്ഛനെ കാണാൻ വന്നതാണ്...."
എന്നെ ചൂണ്ടി കാണിച്ചുകൊണ്ട് ആ കുട്ടി അയാളോട് പറഞ്ഞു.

"മ്മ്...... എന്താടോ??"
ആ ഉറച്ച ശബ്ദം എനിക്ക് നേരെ..

"ഞാൻ രമേശേട്ടൻ പറഞ്ഞിട്ട് വരുകയാണ്, ഇവിടെ ഡ്രൈവറുടെ ആവശ്യമുണ്ടെന്ന് അറിഞ്ഞിട്ട്"

"ആഹ്....... ഓ ശരി ശരി....... ദാസൻ പറഞ്ഞിരുന്നു അവന്റെ ഏതോ പരിചയക്കാരന്റെ കെയർഓഫിൽ ആള് വരുമെന്ന്...... അത് ശരി അപ്പൊ ഇയാളാണോ ആള്....... എന്താടോ ലൈസൻസ് ഒക്കെ ഉണ്ടോ??"

"ഓ ഉണ്ട് സാർ...."

"നോക്ക്...... അതൊക്കെ ആണ് ഇവിടത്തെ കാറുകൾ........ ഇങ്ങനെയുള്ള കാറുകൾ ഒക്കെ ഓടിക്കാൻ അറിയുമോ...."

അപ്പുറത്തെ കാർ പോർച്ചിലേക്ക് ചൂണ്ടിക്കൊണ്ട് അയാൾ ചോദിച്ചു, നോക്കിയപ്പോൾ ഒരു ബെൻസ്, മിനികൂപ്പറും പിന്നെ ഒരു പോളോയും കിടക്കുന്നു....... ഹ.......ഹ......ഹ.......... നമ്മളോട്........"അറിയാം സാർ......."

"ഹാ ശരി നമുക്ക് നോക്കാം, ഇന്ന് എന്തായാലും ഉച്ചയ്ക്ക് എനിക്ക് ഒരു മീറ്റിംഗിന് പോവാനുണ്ട്..... താൻ വണ്ടി അപ്പൊ എടുത്ത് നോക്ക്, എന്നിട്ട് തീരുമാനിക്കാം"

"ശരി സാർ....."

"ആഹ്....... അല്ല തന്നെ ഞാൻ എവിടെയോ കണ്ടിട്ടുണ്ട്, തന്റെ വീട് എവിടെയാണ്??"

"അത്...... വള്ളാടൻകുന്ന്......."

“ഓ എനിക്ക് അറിയുന്ന സ്ഥലമാണ്, അവിടെ എവിടെ??”

“അവിടെ അമ്പലത്തിന്റെ അവിടുന്ന് വടക്കോട്ട്.......

“ഏഹ്...... അച്ഛന്റെ പേര്??”

“മാത്യൂസ്......”

“ഹ........ഹ............ എന്റെ ഊഹം തെറ്റിയില്ല, പിശുക്കൻ മത്തായിയുടെ മകനാണ് ലേ നീ....... അങ്ങനെ പറ...... ഹ........ഹ............”
എന്നും പറഞ്ഞ് അയാള് മരണ ചിരി, അപ്പൊ ഇയാൾക്ക് അപ്പനെ പരിചയമുണ്ട്...... അപ്പന്റെ കൂട്ടുക്കാരൻ ആകുമോ?? എന്നാലും ഇയാൾ എന്തിനാ ഇങ്ങനെ ചിരിക്കുന്നത്....

“മാത്യുവിന്റെ മകൻ ഇങ്ങനെ ഒരു ആവശ്യവുമായി എന്റെ മുനിൽ നിൽകുമ്പോൾ എങ്ങനെയാണ് ഞാൻ പറ്റില്ലെന്ന് പറയുക...... ഈ ജോലി തനിക്ക് തന്നെ....”
ചിരി അവസാനിപ്പിച്ചിട്ട് അയാൾ പറഞ്ഞു

“താങ്ക്യൂ സാർ”

“മ്മ...... പിന്നെ നിന്നെ പറ്റി നാട്ടിൽ മൊത്തം പല കഥകളും കേൾക്കുന്നുണ്ടല്ലോ ഡാ....... തനെ ഏതോ വേശ്യാലയത്തിൽ വെച്ച് നാട്ടുകാര് പിടിച്ചെന്നോ കയ്യോടെ പിടിച്ച് തന്റെ സ്ഥിരം കുറ്റിയുമായി കല്യാണം കഴിപ്പിച്ചെന്നോ........ അങ്ങനെ പല കഥകളും നാട്ടിൽ പാട്ടാണ്”
ഞാൻ ഒരു നിമിഷം തല ഉയർത്തി നോക്കി, പുള്ളി എന്നെ നോക്കി ഒരു ആക്കിയ ചിരി ചിരിക്കുന്നുണ്ട്, ആ പെണ്ണിന്റെ മുഖം ആകെ എന്തോ ആയിട്ടുണ്ട്.... എനിക്ക് അധിക നേരം തല ഉയർത്തി നിൽക്കാൻ സാധിച്ചില്ല, ഞാൻ അവർക്ക് മുനിൽ തല താഴ്ത്തി നിന്നു....

“ഹേയ് ഡോ..... ഇങ്ങോട്ട് നോക്ക്”
പുള്ളിയുടെ ശബ്ദം കേട്ട് ഞാൻ മുഖം ഉയർത്തി നോക്കി....

“തന്റെ മറ്റ് കാര്യങ്ങളൊന്നും എനിക്ക് വിഷയമല്ല, ഇവിടെ നിൽകുമ്പോൾ അടങ്ങി ഒതുങ്ങി നിൽക്കണം....... കേട്ടോ......”
അയാളുടെ ശബ്ദം ഉയർന്നു

“ശരി സാർ.....”

“മ്മ...... പിന്നെ ഈ സാറേ വിളി വേണ്ട...... അതൊരു സുഖമില്ല....... താൻ എന്നെ മുതലാളി എന്ന് വിളിച്ച മതി”

“ശരി സാ......അല്ല മുതലാളി.....”

“മ്മ...... എങ്കിൽ താൻ പോയി ആ ബെൻസ് കഴുകി വെക്ക്, 12 മണിക്ക് ഒരു മീറ്റിംഗിന് പോവാൻ ഉള്ളതാണ്”

“മ്മ.......”

“പിന്നെ...... ഇങ്ങനെ മൂളാതെ വായ തുറന്ന് സംസാരിക്കണം, അതാണ് എനിക്ക് ഇഷ്ടം”

“ശരി സാ...... ഛെ...... മുതലാളി”

“മ്മ..... നാ വേഗം ആയിക്കോട്ടെ..... ചെല്ല്”

ഞാൻ കാർപോർച്ചിന്റെ അടുത്തേക്ക് നടന്നു, ഈശോ........ ഇനി ഈ കാറ് കഴുകണം....... വല്ലാത്ത ചെയ്ത്ത് ആയി പോയി...... ഞാൻ കരുതിയത് വെറുതെ കാറ് ഓടിച്ച മാത്രം മതി എന്നാണ്, ഇത് ഇപ്പോ......... വെറുതെ രാവിലെ തന്നെ വെള്ള ഷർട്ട് ഒക്കെ ഇട്ട് ടിപ്ടോപിൽ ഇറങ്ങി......
ഇറങ്ങി പോയാലോ??

വേണ്ട........ കയ്യിൽ പൈസയൊക്കെ ഇപ്പോ തീരും, തത്കാലം വേറെ ഒരു ജോലി ശരിയാവുന്നത് വരെ ഇവിടെ പിടിച്ചു നിൽക്കാം, എന്നാലും..........

ഞാൻ നേരെ സെക്യൂരിറ്റിയുടെ അടുത്ത് പോയി ബക്കറ്റും വെള്ളവും ഒക്കെ എവിടെ ആണെന്ന് ചോദിച്ച് അറിഞ്ഞ ശേഷംകംബിസ്റ്റോറീസ്.കോ0 കാറ് കഴുകാൻ തുടങ്ങി, ഇടയ്ക്ക് ഇടയ്ക്ക് ഇല്ലെങ്കിലും മാസത്തിൽ ഒരിക്കല് എന്റെ കോണ്ടസ കഴുകി ശീലം ഉള്ളത് കൊണ്ട് കാറ് കഴുകൽ വലിയ പാടുള്ള പണിയായിരുന്നില്ല......... അത് പറഞ്ഞപ്പോഴാണ് എന്റെ കോണ്ടസ കുട്ടൻ ഇപ്പോ എന്ത് ചെയ്യുന്നുണ്ടാവും.......... ഞാൻ ചത്തെന്നു കരുതി കാണും, അല്ലെങ്കിൽ എന്റെ കയ്യിൽ കിട്ടിയ ശേഷം ഒറ്റ ദിവസം പോലും അവനെ തൊടാതെ നിന്നിട്ടില്ല.....ഏമ്മ്........

അങ്ങനെ കാറ് കഴുകി കഴിഞ്ഞു.... ഇനി 12 മണി വരെ ഫ്രീയാണ്, വീടിന്റെ മുനിൽ ഗാർഡനിൽ ഒരു മരത്തിന്റെ ബെഞ്ച് ഇട്ടിട്ടുണ്ട്, ഞാൻ നേരെ അതിൽ പോയി ഇരുന്നു...

ഹൗ....... വിശന്നിട്ട് വയറ് കാളാൻ തുടങ്ങി, രാവിലെ ആ പെണ്ണ് പറഞ്ഞപ്പോൾ വല്യ ജാഡ കാണിക്കാതെ കഴിച്ചാൽ മതിയായിരുന്നു, ഇനി ഇപ്പോ വേറെ വഴി ഒന്നുമില്ല, സഹിക്കുക തന്നെ....

“ഹലോ.........”

ശബ്ദം കേട്ട ഭാഗത്തേക്ക് നോക്കിയപ്പോൾ അതാ അയാളുടെ മകൾ, രാവിലെ വാതിൽ തുറന്ന ആ സുന്ദരി കൈ വീശി കാണിച്ചുകൊണ്ട് എന്റെ അടുത്തേക്ക് വരുന്നു....... ഇനി ഇത് എന്ത് കുരിശ് ആണോ എന്തോ...

“എന്താണ് മാഡം??”

അവൾ എന്റെ അടുത്ത് എത്തുമ്പോഴേക്കും എഴുന്നേറ്റ് നിന്നുകൊണ്ട് ഞാൻ ചോദിച്ചു....

“താൻ സെയിന്റ്. ജോൺസ് കോളേജിൽ അല്ലേ പഠിച്ചത്??”

“അതെ.........”

ഞാൻ എങ്ങനെ അറിയാം എന്ന സംശയം ഉള്ളിൽ വച്ച് കൊണ്ട് പറഞ്ഞു....

“മ്മ...... ഞാൻ കണ്ടിട്ടുണ്ട്”

“എപ്പോൾ??”

അറിയാതെ തന്നെ ഞാൻ അത് ചോദിച്ച് പോയി

“ഇന്റർ കോളേജ് ഫുട്ബോൾ ടൂർണമെന്റ് ഞങ്ങടെ കോളേജിൽ വച്ച് നടന്ന സമയത്ത്........ അന്ന് ജോൺസിന്റെ ഈ തുറുപ്പുചീട്ടിനെ ശ്രദ്ധിക്കാതെ പോയ ഒറ്റ കുട്ടിയും ഉണ്ടാവില്ല..... അതാണ് നേരത്തെ കണ്ടപ്പോൾ എനിക്ക് എവിടെയോ കണ്ട് നല്ല പരിചയം തോന്നിയിരുന്നു, ഇപ്പോ ആലോചിച്ച് നോക്കിയപ്പോഴാണ് ഓർമ്മ വന്നത്”

“മാഡം രാമകൃഷ്ണയിലാണോ പഠിച്ചത്??”

“യെസ്..... ഡിഗ്രി അവിടെ ആയിരുന്നു, പിജി ചെന്നൈയിൽ ആണ് ചെയ്തത്........ പിന്നെ ഒരു കാര്യം, ഈ മാഡം വിളി വേണ്ട...... ചൈതന്യ അതാണ് എന്റെ പേര്..... ഇനി അങ്ങനെ വിളിക്കാൻ പറ്റില്ലെങ്കിൽ ചിന്നൂന്ന് വിളിച്ച മതി........ കേട്ടോ”
ഓ അപ്പൊ ഡിഗ്രി കഴിഞ്ഞ് പിജിയും ചെയ്തു, അഹങ്കാരി...... പഠിച്ചിരുന്നെങ്കിൽ ഇപ്പോ എനിക്കും ഈ പറഞ്ഞ സാധങ്ങൾ ഒക്കെ കിട്ടുമായിരുന്നു....

“മ്മ...... .ശരി.....”

“ഇയാളെ പേര് എന്താ??”

“ടോണി......”

“ടോണി............ ടോണിക്കുട്ടൻ...... കൊള്ളാം”
ഞാൻ ഒന്നും മിണ്ടിയില്ല, വെറുതെ ഒരു ചേറു ചിരി മാത്രം നൽകി...

“ഹ്മ്....... ടോണി ഏതോ വല്യ കുടുംബത്തിൽ ഉള്ളതാണ് എന്നൊക്കെ അച്ഛൻ പറയുന്നത് കേട്ടു, പിന്നെ എന്താ സംഭവിച്ചത്, നേരത്തെ കുറച്ച് ഞാനും കേട്ടു....”
ഞാൻ ഒന്നും പറയാതെ അവളെ നോക്കി ഒരു മങ്ങിയ ചിരി ചിരിച്ചു....

“ഓ സോറി, ടോണി ഒന്നും വിചാരിക്കരുത്........ എന്റെ നാവിന് ഇങ്ങനെ ഒരു പ്രശ്നമുണ്ട്..... തീരെ കണ്ട്രോൾ ഇല്ല.......”
സ്വയം തലയ്ക്ക് കൊട്ടി നാവ് കടിച്ചുകൊണ്ട് അവൾ പറഞ്ഞു, എന്റെ മുഖം കണ്ടിട്ട് എനിക്ക് വിഷമമായി എന്ന് തോന്നി കാണണം...

“എങ്കിൽ ശരി ഞാൻ പോവട്ടെ, നമുക്ക് പിന്നെ കൂടുതൽ പരിചയപ്പെടാം........ ബായ് ടോണി”

“ബായ്...”
ഞാൻ വീണ്ടും ഒരു മങ്ങിയ ചിരി ചിരിച്ചുകൊണ്ട് പറഞ്ഞു....

അവൾ നടന്ന് അകന്നപ്പോൾ ഞാൻ വീണ്ടും ആ മരത്തിന്റെ ബെഞ്ചിൽ ഇരുന്നു....... വിശപ്പ് മാത്രം മാറിയില്ല..... കുറച്ച് നേരം ഇരുന്ന് ബോറടിച്ചപ്പോൾ ആ സെക്യൂരിറ്റിയുടെ അടുത്ത് പോയി പുള്ളിയെ പരിചയപ്പെട്ടു, ജോസേട്ടൻ.......... ഒരു പാവം മനുഷ്യൻ, പെട്ടെന്ന് തന്നെ പുള്ളിയുമായി കമ്പനിയായി....... ജോസേട്ടനോട് കുറച്ച് നേരം സംസാരിച്ചപ്പോൾ തന്നെ എന്തോ ഒരാശ്വാസം, വളരെ നാളായി പരിചയമുള്ള ഒരാളെ പോലെ..........

അധികം നേരം പുള്ളിയോട് കത്തിയടിച്ച് നിൽക്കാൻ കഴിഞ്ഞില്ല, അപ്പോഴേക്കും മുതലാളി എന്ന് വിളിക്കാൻ പറഞ്ഞ രാഘവന് മീറ്റിംഗിന് പോവാൻ നേരമായി, ലോട്ടറി അടിച്ച് പൈസക്കാരൻ ആയതാണെന്ന് രമേശേട്ടൻ പറഞ്ഞിരുന്നു, ഇപ്പോ ജോസേട്ടനോട് ചോദിച്ചപ്പോൾ ടൗണിൽ ഒരു ത്രീ സ്റ്റാർ ഹോട്ടൽ ഒക്കെ ഉണ്ടെന്ന് അറിഞ്ഞു....

“ഡാ....... മഹേശ്വരി ഹോട്ടലിലേക്ക് എടുക്ക്.......”
എന്ന് പറഞ്ഞ് ഞാൻ കഴുകി കുട്ടപ്പനാക്കി വെച്ച ബെൻസിന്റെ പിൻ സീറ്റിലേക്ക് അയാൾ കയറി ഇരുന്നു,

ഞാൻ വേഗം തന്നെ വണ്ടി എടുത്തു, നേരെ മഹേശ്വരി ഹോട്ടലിലേക്ക് വിട്ടു, പുള്ളി ഒന്നും മിണ്ടിയില്ല..... ഫോണിൽ ആരോടോ കാര്യമായ സംസാരത്തിൽ ആയിരുന്നു...... എനിക്ക് അറിയുന്നതാണ് ആ ഹോട്ടൽ, അതുകൊണ്ട് പുള്ളിയോട് പിന്നെ ചോദിക്കേണ്ട വന്നില്ല, നേരെ ഞാൻ കാറ് കൊണ്ടുപോയി ഹോട്ടലിന്റെ മുനിൽ നിർത്തി,

തിരിഞ്ഞ് നോക്കിയപ്പോൾ അയാൾ അങ്ങനെ തന്നെ ഇരിക്കുന്നു, ഇത് എന്താ ഇറങ്ങാത്തത്??

“ഹാ പൊട്ടനെ പോലെ നോക്കി നിൽക്കാതെ വന്നു ഡോർ തുറക്ക്”
അയാൾ ഒച്ചയിട്ടു

ഞാൻ വേഗം ഇറങ്ങി പോയി പിന്നിൽ പുള്ളി ഇരുന്ന ഭാഗത്തെ ഡോർ തുറന്ന് കൊടുത്തു..... അയാൾ ഇറങ്ങി എന്നെ ഒന്ന് തറപ്പിച്ച് നോക്കിയിട്ട് ഹോട്ടലിന്റെ അകത്തേക്ക് കയറി പോയി.....

ഞാൻ ഡോർ അടച്ചു ഡ്രൈവിംഗ് സീറ്റിൽ കയറി വണ്ടി എടുത്ത് പാർക്കിംഗ് ഏരിയയിൽ കൊണ്ടുപോയി നിർത്തിയിട്ടു.... അയാളോട് തോന്നിയ ദേഷ്യം സ്റ്റിയറിംഗിൽ രണ്ട് അടി അടിച്ച് തീർത്തു.....

പിന്നെ ശാന്തമായി ചിന്തിച്ചപ്പോൾ അയാളോട് ദേഷ്യം തോന്നേണ്ട കാര്യമില്ല എന്ന് തോന്നി, എന്റെ ജോലി ഞാൻ ചെയ്യാത്തത് കൊണ്ടല്ലേ......

ഈ ഹോട്ടലിൽ ബാറുണ്ട്, രണ്ടാഴ്ച മുന്നെ വരെ വിഷ്ണുവും ഞാനും ഹരിയും കൂടെ ഇവിടെ വന്ന് അടിച്ചിട്ട് പോയതാണ്...... എത്ര പെട്ടെന്നാണ് എന്റെ ജീവിതം ഇങ്ങനെ മാറി മറിഞ്ഞത്....... ഇതുവരെ ഹരിയെ കുറിച്ച് ആലോചിക്കുമ്പോൾ അവൻ ചതിച്ചല്ലോ എന്ന വിഷമം ആയിരുന്നു, പക്ഷെ ഇപ്പോ കയ്യിൽ കിട്ടിയ മൈരനെ തല്ലി കൊല്ലാൻ തോന്നുന്നുണ്ട്......

സ്റ്റിയറിംഗിൽ തല വെച്ച് സ്വപ്നം കണ്ട് കിടക്കുമ്പോഴാണ് ഫോൺ അടിഞ്ഞത്, നോക്കുമ്പോൾ പരിചയമില്ലാത്ത നമ്പറാണ്....

“ഹലോ......”

“ഹലോ..... ടോണി അല്ലേ??”
മറുവശത്ത് നിന്ന് തീരെ പരിചയമില്ലാത്ത സ്ത്രീ ശബ്ദം...

“അതെ.....”

“ആഹ്........ ഞാൻ യാമിനിയുടെ ഫ്രണ്ട് ആണ്, ഉണ്ണിമായ....”

“ഓ…… എന്താണ് പറ…..”
ഞാൻ ഒരു ഒഴുക്കൻ മട്ടിൽ പറഞ്ഞു

“എനിക്ക് ടോണിയെ ഒന്ന് കാണണമായിരുന്നു……. ഒന്ന് മീറ്റ് ചെയ്യാൻ പറ്റുമോ??”

“നിങ്ങൾ കാര്യം എന്താണെന്ന് പറ”
ഞാൻ ഒരല്പം ശബ്ദം കൂട്ടി പറഞ്ഞു, ആരോടുള്ള ദേഷ്യം ആണെന്ന് അറിയില്ല..

“പ്ലീസ് ടോണി……. എനിക്ക് ഒന്ന് നേരിട്ട് കാണണം”
അവൾ വളരെ മാന്യമായി തന്നെ പറഞ്ഞു….

“അത് ഞാൻ എപ്പോഴാണ് ഫ്രീ ആവുക എന്ന് പറയാൻ കഴിയില്ല”

“അത് കുഴപ്പമില്ല, എപ്പോഴായാലും ഫ്രീ ആവുമ്പോൾ എന്നെ ഒന്ന് വിളിച്ച മതി…… എവിടെ ആണെന്ന് വെച്ച ഞാൻ വരാം”

“മ്മ….. ശരി ഞാൻ വിളിക്കാം”
എന്ന് പറഞ്ഞ് ഞാൻ ഫോൺ കട്ട് ചെയ്തു, ഇവൾക്ക് എന്താണ് പറയാൻ ഉള്ളതെന്ന് നോക്കാം, വൈകീട്ട് ഫ്രീ ആയിട്ട് വിളിക്കാം, ജസ്റ്റ് അറിയാൻ ഒരു കൗതുകം……

ഒരു രണ്ട് മണിക്കൂറോളം അവിടെ ആ പാർക്കിംഗ് ഏരിയയിൽ പോസ്റ്റായി…….. ഇടയ്ക്ക് എപ്പോഴോ കിടന്ന് ഉറങ്ങി പോയി, ഇന്നലെ രാത്രി ഉറക്കം ശരിയാവാത്തതല്ലേ…..

കാറിന്റെ ഗ്ലാസിൽ ആരോ മുട്ടിയപ്പോഴാണ് ഞെട്ടി എഴുന്നേറ്റത്, നോക്കുമ്പോൾ വാച്ച്മാനാണ്….

“എന്താ ചേട്ടാ??”

“വണ്ടി എടുത്ത് എൻട്രൻസിന്റെ അങ്ങോട്ട് ചെല്ലാൻ പറഞ്ഞു മുതലാളി”

“ആഹ് ശരി”

വേഗം തന്നെ ഞാൻ കാറ് എടുത്ത് എൻട്രൻസിന്റെ അങ്ങോട്ട് ചെന്നു, നോക്കുമ്പോൾ അയാൾ അവിടെ നിന്ന് ആരോടോ കത്തിയടിക്കുന്നുണ്ട്.....
ഞാൻ വേഗം പുറത്തിറങ്ങി, ഇനി വാതിൽ തുറന്ന് കൊടുക്കാത്തതിന് അയാളുടെ കുരു പൊട്ടണ്ട

“താൻ ഇങ്ങോട്ട് വന്നെ...”
പുറത്തിറങ്ങി നിന്ന എന്നെ അയാൾ അവരുടെ അടുത്തേക്ക് വിളിച്ചു, ഞാൻ ഒട്ടും സമയം കളയാതെ അങ്ങോട്ട് ചെന്നു....

“തനിക്ക് ഇവനെ മനസ്സിലായോ??”

എന്നെ കാണിച്ചുകൊണ്ട് അടുത്ത് നിന്ന് സംസാരിച്ച ആളോട് രാഘവൻ അല്ല മുതലാളി ചോദിച്ചു.“ഇല്ല......”

“ഇത് നമ്മുടെ തെക്കേപറമ്പിലെ മാത്യൂസിന്റെ മോനാണ്, ഏക പുത്രൻ....... ഇപ്പോ എന്റെ ഡ്രൈവറാണ്”
ഇപ്പോഴാണ് കുടുംബപേര് എനിക്ക് മാച്ച് ആയത്, തെക്കോട്ട് എടുക്കാൻ പരുവത്തിൽ ആയിട്ടുണ്ട്....

“മാത്യുവിന്റെ മകനോ?? ഇവൻ എന്തിനാ ചേട്ടന്റെ ഡ്രൈവറായി നിൽക്കുന്നത്??”
മറ്റേ ആള് സംശയത്തോടെ രാഘവനോട് ചോദിച്ചു, എന്നെയും നോക്കുന്നുണ്ട്...... ഞാൻ തല താഴ്ത്തി നിന്നു

“ഹാ....... എല്ലാം വിധിയുടെ വിളയാട്ടം, അല്ലാതെ എന്ത് പറയാനാണ്......... ഇവൻ പക്ഷെ ഇവന്റെ തന്തയെ പോലെ അല്ല, സ്വന്തമായി പണിയെടുത്ത് പൈസ ഉണ്ടാകണം എന്ന ചിന്തയുണ്ട്, അല്ലാതെ കുടുംബ സ്വത്തും വെച്ച് നാട്ടുകാരുടെ മുനിൽ ആളായി നടക്കുന്നില്ല......”
ഇയാളുടെ സംസാരം കേട്ട വിചാരിക്കും ഇയാള് നയിച്ച് ഉണ്ടാക്കിയ പൈസയ്ക്കാണ് ഈ വെള്ള ജുബയും മുണ്ടും ഇട്ട് കയ്യിലും കഴുത്തിലും ഒക്കെ സ്വർണ്ണം വാരി വലിച്ച് കയറ്റി നടക്കുന്നതെന്ന്....... ലോട്ടറി അടിക്കുന്നതിന് മുൻപ് ഇയാൾക്ക് എന്തായിരുന്നു ആവോ പണി.......

മറ്റേ ആള് ഒന്നും പറയാതെ ഒന്ന് ചിരിക്കുക മാത്രം ചെയ്തു.....
എന്തായാലും ഇയാൾക്ക് എന്റെ അപ്പനും ആയി എന്തോ പ്രശ്നം ഉണ്ടെന്ന് മനസിലായി......

"ആഹ് നീ ചെല്ല്........ കാറിന്റെ അടുത്ത് പോയി നിൽക്ക്"
അയാൾ എന്നെ നോക്കി പറഞ്ഞതും ഞാൻ കാറിന്റെ അടുത്തേക്ക് നടന്നു....

വെറുതെ ഷോ കാണിച്ചു, മേരി തന്ന കാർഡും വാങ്ങി അടങ്ങി ഒതുങ്ങി നിന്ന മതിയായിരുന്നു, ഇത് ഇപ്പോ ആകെ പുലിവാലായല്ലോ, അപ്പനോടുള്ള ദേഷ്യം മൊത്തം എന്നോട് തീർക്കാനുള്ള പ്ലാൻ ആണോ എന്നൊരു സംശയം.....

അഞ്ച് മിനിറ്റ് കഴിഞ്ഞ് അയാൾ വന്നു, ഞാൻ വേഗം പോയി ഡോർ തുറന്നു കൊടുത്തു.... എന്നിട്ട് അയാള് പറഞ്ഞത് അനുസരിച്ച് തിരിച്ചു അയാളുടെ വീട്ടിലേക്ക് തന്നെ പോയി.....

"ഇന്ന് ആദ്യ ദിവസം അല്ലേ..... താൻ പൊയ്ക്കോ....... എനിക്ക് വേറെ എവിടെയും പോവാനില്ല...."
വീട്ടിലെത്തി കാറിൽ നിന്ന് ഇറങ്ങുമ്പോൾ അയാൾ പറഞ്ഞു, ഹോ ഭാഗ്യം...... ആദ്യം പോയി എന്തെങ്കിലും കഴിക്കണം, വിശന്നിട്ട് കണ്ണ് കാണുന്നില്ല......

"ടോണി................"
കാറ് പാർക്ക് ചെയ്തു ഗേറ്റിന് അടുത്തേക്ക് നടക്കുമ്പോൾ പിന്നിൽ നിന്ന് ശബ്ദം കേട്ട് തിരിഞ്ഞ് നോക്കിയപ്പോൾ ചൈതന്യയാണ്.... നമ്മുടെ മുതലാളിയുടെ മകൾ....

"എന്താണ് മാഡം........അയ്യോ സോറി ചൈതന്യ......"
പെട്ടെന്ന് മാഡം എന്ന് വിളിച്ചു പോയതാണ്, ആ തിളങ്ങുന്ന നീല കണ്ണുകൾ ഉരുട്ടി നോക്കിയപ്പോഴാണ് കാര്യം ഓർമ്മ വന്നത്, അപ്പൊ തന്നെ മാറ്റി പേര് വിളിച്ചു......

"മ്മ്..... കളിയാക്കിയതാണെന്ന് മനസിലായി, അതിനുള്ള ശിക്ഷ പിന്നെ തരാം, നീ ഭക്ഷണം കഴിച്ചോ??"

കർത്താവെ അച്ഛൻ നന്നായി കിട്ടുന്ന അവസരങ്ങൾ ഉപയോഗിക്കുന്നുണ്ട്, ഇനി മകളുടെ പണി കൂടെ താങ്ങില്ല, എന്തായാലും ഇപ്പോ ഞാൻ ഏറ്റവും ആഗ്രഹിച്ച ചോദ്യമാണ് അവസാനം ചോദിച്ചത്, ആ കാര്യത്തിൽ ഒരു തീരുമാനം ആക്കാം...

"ഇല്ല......."

"എന്നിട്ട് എന്താ കഴിക്കാതെ പോവുന്നത്........ വാ ഫുഡ് കഴിച്ചിട്ട് പോവാം"

ഞാൻ ചൈതന്യയുടെ പിന്നാലെ പോയി, എന്ത് കിട്ടിയാലും വേണ്ടില്ല എന്ന അവസ്ഥയാണ്, രാവിലെ ആ കാലി ചായ കുടിച്ചതാണ്..... നേരത്തെ കാറിൽ കിടന്ന് ഉറങ്ങി പോയതുകൊണ്ട് ഭക്ഷണം കഴിക്കാൻ പോവാൻ പറ്റിയില്ല......

"വാ........"
വീടിന് മുനിൽ എത്തിയപ്പോൾ അവൾ എന്നെ അകത്തേക്ക് വിളിച്ചു

"ഏയ് വേണ്ട....... ഇങ്ങോട്ട് തന്ന മതി"..

"ഹാ താൻ ഇങ്ങോട്ട് വാ ചെങ്ങായി"
അവൾ എന്റെ കയ്യിൽ പിടിച്ചു വലിച്ചു

"അയ്യോ വേണ്ട...... ഞാൻ ഇവിടെ ഇരുന്ന് കഴിക്കാം"

"ഹാ താൻ ഏത് കാലഘട്ടത്തിൽ ആണ് ചെങ്ങായി, ഇങ്ങ് കയറി വാ...."
എന്നും പറഞ്ഞ് അവൾ എന്റെ കയ്യിൽ പിടിച്ചു വലിച്ച് അകത്തേക്ക് നടന്നു, ഇനി പറഞ്ഞിട്ട് കാര്യമില്ല...... പെണ്ണ് കേൾക്കില്ല,

"ഇരിക്ക് ടോണി, ഞാൻ ഇപ്പോ വരാ...."
എന്നെ ഡൈനിങ്ങ് ടേബിളിൽ ഇരുത്തി അവൾ അടുക്കളയിലേക്ക് പോയി......

അങ്ങനെ അവിടെ ഇരിക്കുമ്പോഴാണ് യാമിനിയുടെ കൂട്ടുകാരിയെ കാണാമെന്ന് പറഞ്ഞത് ഓർമ്മ വന്നത്, നേരത്തെ ഇങ്ങോട്ട് വിളിച്ച ആ നമ്പറിൽ തിരിച്ച് വിളിച്ച് ഒരു

മണിക്കൂറ് കഴിഞ്ഞ് കാണാമെന്നു പറഞ്ഞു, രണ്ടുപേരുടെയും സൗകര്യം നോക്കി പാർക്കിൽ വച്ച് കാണാമെന്ന് തീരുമാനിച്ച് ഫോൺ വെച്ചു........

നല്ല വല്യ ഡൈനിങ്ങ് ടേബിൾ, പത്തുപേർക്ക് ഇരിക്കാം........ ഇവിടെ വേറെ ആരുമില്ലേ, ആരെയും കാണുന്നില്ല...... എന്തായാലും വീട് കൊള്ളാം, ചുമരിൽ ഒക്കെ ഒന്നും മനസിലാവാത്ത കുറെ ചിത്രങ്ങൾ കാണുന്നുണ്ട്....... വല്ല മോഡേൺ ആർട്ടും ആയിരിക്കും....

“ഇരുന്ന് മടുത്തോ, ഇതാണ് ട്ടോ അമ്മിണിയമ്മ......... എന്റെ കുക്കിംഗ് ടീച്ചറാണ്”
ചുറ്റും വെറുതെ നോക്കി ഇരിക്കുമ്പോഴാണ് ചൈതന്യ അടുക്കളയിൽ നിന്ന് വന്നത്, കൂടെ ഒരു സ്ത്രീയും ഉണ്ടായിരുന്നു..... അവരെ എനിക്ക് പരിചയ പെടുത്തി..... ഞാൻ അവരെ നോക്കി ഒന്ന് ചിരിച്ചു

“അമ്മിണിയമ്മേ........ ഇതാണ് ഞാൻ പറഞ്ഞ ടോണിക്കുട്ടൻ”
കയ്യിലിരുന്ന പാത്രങ്ങൾ മേശപ്പുറത് നിരത്തുന്നതിനിടയിൽ അവൾ ആ സ്ത്രീയോട് പറഞ്ഞു.....

കർത്താവെ......... ചോറ്, മീൻ കറി, മീൻ പൊരിച്ചത്, ഉപ്പേരി, പപ്പടം, അച്ചാറ്........ ലാവിഷ് ഫുഡ്, ഞാൻ പിന്നെ സംസാരത്തിന് ഒന്നും നിൽക്കാതെ പ്ലേറ്റിൽ ഇട്ട ഭക്ഷണത്തിൽ മുഴുൻ ശ്രദ്ധ കൊടുത്തു..... നല്ല വിശപ്പ് ഉണ്ടായത് കൊണ്ട് മടിയൊന്നും കാണിക്കാതെ വെട്ടി വിഴുങ്ങി.......

“ഡാ...........”
ഒരു അലർച്ച കെട്ടാണ് ഞാൻ പ്ലേറ്റിൽ നിന്ന് തല ഉയർത്തി നോക്കിയത്........
നോക്കുമ്പോൾ എന്റെ മുനിൽ കലി തുള്ളി നിൽക്കുന്ന രാഘവൻ

“നിന്നോട് ആരാടാ ഇവിടെ കയറി ഇരിക്കാൻ പറഞ്ഞത്??”
അയാൾ പിന്നെയും ഒച്ചയിട്ട്, അയാളുടെ ശബ്ദം കാരണം ആ വീട് മൊത്തം ഒന്ന് കുലുങ്ങിയോ, ഒച്ച കേട്ട് ചൈതന്യയും അമ്മിണിയമ്മയും അടുക്കളയിൽ നിന്ന് ഓടി വന്നു......

എനിക്ക് എന്ത് പറയണമെന്ന് കിട്ടുന്നില്ല, ഞാൻ കഴിച്ചു കൊണ്ടിരുന്ന ഭക്ഷണം മതിയാക്കി എഴുന്നേറ്റു.......

"എന്താ അച്ഛാ...... എന്താ പ്രശ്നം??"
ചൈതന്യ അയാളോട് ചോദിച്ചു

"ഇവനെ ആരാ ഇവിടെ പിടിച്ച് ഇരുത്തിയത്........ ഡ്രൈവർക്കുള്ള ഭക്ഷണം പുറത്ത് വെച്ച് കൊടുത്ത മതി, വീടിന്റെ അകത്ത് കയറ്റാൻ കൊള്ളാത്ത ഇനങ്ങളാണ്...."

എനിക്ക് എന്തോ വല്ലാതെ വിഷമം തോന്നി, വിശപ്പ് ഒക്കെ കണ്ടം വഴി ഓടിയെന്ന് തോന്നുന്നു....... ചൈതന്യ എന്തൊക്കയോ പറയുന്നുണ്ട് അയാളോട്, അയാൾ തിരിച്ചും....... കണ്ണ് നിറയുമെന്ന് തോന്നിയപ്പോൾ ഞാൻ ഇറങ്ങി നടന്നു, അങ്ങനെ ഇപ്പോ അതും കണ്ട് അയാള് സന്തോഷിക്കണ്ട....

"ഡാ..... നാളെ രാവിലെ വേഗം വരണം....... ലേറ്റ് ആവരുത്"
പുറകിൽ നിന്ന് അയാള് വിളിച്ചു പറയുന്നത് കേട്ടു, ഞാൻ തിരിഞ്ഞ് നോക്കാതെ ഇറങ്ങി നടന്നു...... കണ്ണ് നിറഞ്ഞു ഒഴുകിയിരുന്നു, ഛെ..... ഞാൻ എന്തിനാ ഈ കരയുന്നത്...... ഓർമ്മ വെച്ചതിനു ശേഷം രണ്ടാമത്തെ പ്രാവശ്യമാണ് ഞാൻ കരയുന്നത്.... ആദ്യം തീർച്ചയായും എന്തിനും ഏതിനും കൂടെ നടന്നവൻ ചതിച്ചെന്ന് അറിഞ്ഞപ്പോൾ...... ഇതാണ് രണ്ടാമത്.

ഗേറ്റിന്റെ മുനിൽ എത്തിയപ്പോൾ ജോസേട്ടൻ എന്തോ ചോദിച്ചു, ഞാൻ കേട്ടില്ല..... പുള്ളിയെ നോക്കി ഒന്ന് വെറുതെ ചിരിച്ചിട്ട് ഞാൻ ആ വീട്ടീന് പുറത്തേക്ക് നടന്നു......
###

യാമിനിയുടെ കൂട്ടുകാരി പറഞ്ഞത് പോലെ ഞാൻ നേരെ പാർക്കിലേക്ക് ആണ് പോയത്, മനസ്സ് ഒട്ടും നിയന്ത്രണത്തിലല്ല...... യാന്ത്രികമായി ചലിക്കുന്നത് പോലെ.

ശ്രീലക്ഷ്മിയുടെ കൂടെ വന്നത് ആരാണ്??"
ലേബർ റൂമിന് വെളിയിലേക്ക് വന്നിട്ട് നഴ്സ് അത് ചോദിച്ചതും ഞാൻ ചാടി എഴുന്നേറ്റു....

“എന്താ ചേച്ചി??”
എന്റെ ആ ചേച്ചി വിളി കേട്ടിട്ട് പുള്ളിക്കാരിക്ക് ചിരി വന്നു, പെട്ടെന്നുള്ള വെപ്രാളത്തില് വിളിച്ചു പോയതാണ്.

“ആഹ്.... ഇത് വേഗം പോയി വാങ്ങി വരണം...... പിന്നെ ഇപ്പോ തന്നെ പ്രസവമുറിയിലേക്ക് കൊണ്ടുപോകും.....”
ഒരു കടലാസ് എനിക്ക് നേരെ നീട്ടികൊണ്ട് അവർ പറഞ്ഞു...

“ഇങ്ങ് കൊണ്ട........ ഞാൻ പോവാം, നീ ഇവിടെ നിൽക്ക്”
എന്നും പറഞ്ഞ് നഴ്സ് തന്ന ആ കടലാസ് എന്റെ കയ്യിൽ നിന്ന് വാങ്ങി വിഷ്ണു പോയി....

ഞാൻ തിരിച്ച് ആ വരാന്തയിൽ ഇട്ട കസേരയിലേക്ക് ഇരുന്നു......... എന്തോ കോംപ്ലിക്കേഷൻസ് ഉണ്ടെന്ന് ഡോക്ടർ പറഞ്ഞിരുന്നു, ഒന്നും വരുത്തരുതേ...

“വൈഫിന്റെ ആദ്യ പ്രസവം ആണല്ലേ??.... പേടിക്കണ്ട മോനെ, ഒന്നും സംഭവിക്കില്ല...... സന്തോഷിക്കുകയല്ലേ വേണ്ടത്, ഇങ്ങളെ വാപ്പാ ന്ന് വിളിക്കാൻ ഒരാൾ വരാൻ പോവല്ലേ.....”
എന്റെ തൊട്ടടുത്ത കസേരയിൽ ഇരിക്കുന്ന നാല്പത് വയസ് പ്രായം തോന്നിക്കുന്ന ആള് എന്റെ തോളിൽ തട്ടി പറഞ്ഞു

ഞാൻ പുള്ളിയെ നോക്കി വെറുതെ ഒന്ന് ചിരിക്കുക മാത്രം ചെയ്തു

"ഈ ടെൻഷൻ മാറണമെങ്കിൽ കുഞ്ഞിനെ ഇങ്ങോട്ട് കയ്യിൽ കിട്ടുക തന്നെ വേണം, എനിക്ക് മനസിലാവും തന്റെ അവസ്ഥ, എന്റെ പെണ്ണുങ്ങളുടെ ആദ്യ പ്രസവത്തിന്റെ സമയത്ത് തന്നെക്കാൾ ടെൻഷൻ ആയിരുന്നു എനിക്ക്....... ഹാ, ഇപ്പോ കണ്ടില്ലേ ഞാൻ എത്ര കൂൾ ആയിട്ടാണ് ഇരിക്കുന്നേ, കാരണം എന്താ?? ഇത് അവളുടെ അഞ്ചാമത്തെ പ്രസവമാണ്, ഇപ്പോ ആ ഡോക്ടറേക്കാൾ എക്സ്പീരിയൻസ് അവൾക്കുണ്ട്........... ഹ....ഹ.......ഹ...."
അയാളുടെ ഉറക്കെയുള്ള സംസാരവും ചിരിയും കേട്ട് ആളുകൾ എല്ലാം ഇങ്ങോട്ട് ശ്രദ്ധിക്കുന്നുണ്ട്..... ഹോ........

"ശരി ചേട്ടാ..... ഞാൻ ഒന്ന് അങ്ങോട്ട്....."
അതും പറഞ്ഞ് ഞാൻ ആ കസേരയിൽ നിന്ന് എഴുന്നേറ്റു

"എന്താ....... ടെൻഷൻ മാറ്റാൻ പോവാണോ, ആണെങ്കിൽ റം ആണ് നല്ലത്..... ഹ...... ഹ....... ഹ......"
അയാളുടെ സംസാരം കേട്ട് ചുറ്റും നിൽക്കുന്നതിൽ ചിലർ ചിരിക്കുന്നുണ്ട്, ചിലർ ഇത്തിരി അരിശത്തോടെ നോക്കുന്നുമുണ്ട്
ആശുപത്രിയാണ്, പലരും പല മാനസികാവസ്ഥയിൽ ആയിരിക്കും നിൽക്കുന്നത്...... വെറുതെ അവിടെ ഇരുന്ന് പുള്ളിയുടെ കത്തിക്ക് മൂർച്ച കൂട്ടി കൊടുക്കണ്ട എന്ന് കരുതി പുള്ളിയെ നോക്കി നല്ലൊരു ചിരിയും ചിരിച്ച് ഞാൻ പുറത്തേക്ക് ഇറങ്ങി നടന്നു.....

ആശുപത്രിയുടെ പുറത്ത് ഇറങ്ങിയപ്പോൾ അതാ ഒരു പയ്യൻ അവിടെ നിന്ന് സിഗരറ്റ് വലിക്കുന്നു, ഹോ..... അത് കാണുമ്പോൾ വലിക്കാൻ തോന്നും, അരുത് ടോണി അരുത്, കണ്ട്രോൾ. ........ ഈ സാധനം നിന്റെ ജീവിതം തന്നെ നശിപ്പിക്കും, കരിയർ.........പിന്നെ "വാക്ക്" കൊടുത്തതാണ് ഇനി ഈ സാധനം കൈ കൊണ്ട് തൊടില്ലെന്ന്...... ഹ്മ്........

ഇവിടെ നിന്ന ശരിയാവില്ല, ഞാൻ കുറച്ച് അപ്പുറത്തേക്ക് നടന്നു, ആശുപത്രിയുടെ സൈഡിൽ പാർക്കിംഗ് ഏരിയയുടെ അടുത്ത് ഒരു വലിയ മരച്ചുവട്ടിൽ ഒരു ബെഞ്ച് ഇട്ടിട്ടുണ്ട്, പരിസരത്ത് എങ്ങും ഒറ്റ കുഞ്ഞില്ല..... നല്ല ശാന്തമായ സ്ഥലം, ഞാൻ നേരെ ആ ബെഞ്ചിൽ പോയി ഇരുന്നു...

ജീൻസിന്റെ പോക്കറ്റിൽ കയ്യിട്ട് ഫോൺ എടുത്ത് നോക്കിയപ്പോൾ സ്വിച്ച്ഓഫ്, ശ്യോ......... ആ സാരമില്ല, അവിടെ കിടക്കട്ടെ..... വല്യ കാര്യമൊന്നും ഇല്ല, സ്വസ്ഥമായി ഇരിക്കാം.

എന്തൊക്കെയാണ് എന്റെ ജീവിതത്തിൽ സംഭവിച്ചത്??
കൂടെപ്പിറപ്പിനെ പോലെ, അല്ല അതിനും മുകളിൽ ആയിരുന്ന കൂട്ടുകാരനും ചുരുങ്ങിയ സമയംകൊണ്ട് സ്വന്തം ആണെന്ന് വിശ്വസിച്ച പെണ്ണും കൂടെ ചതിച്ചു എന്ന യാഥാർഥ്യം മനസ്സിലാക്കുന്നതിന് ഇടയിൽ എന്നെ ചതിച്ചവളുടെ ചേച്ചിയെ തന്നെ വിവാഹം കഴിക്കേണ്ട വരുന്നു

അതിന് ശേഷം ഇന്ന് ഇതാ ഏറ്റവും വെറുത്തിരുന്ന അവളുടെ പ്രസവത്തെ കുറിച്ച് ആലോചിച്ച് ടെൻഷൻ അടിച്ച് ഇങ്ങനെ ഇവിടെ ഇരിക്കുന്നു....... മുകളിൽ ഇരിക്കുന്നവന്റെ ഓരോ കളികൾ........... അല്ലെങ്കിലും അവളോടുള്ള ദേഷ്യം പിറന്നു വീഴാൻ പോവുന്ന കുഞ്ഞിനോട് കാട്ടേണ്ട കാര്യം ഇല്ലല്ലോ....
###അന്നത്തെ ആ ദിവസം.....
ആ രാഘവന്റെ വീട്ടിൽ ഞാൻ ഡ്രൈവറായി പോയ ആ ദിവസം
എന്റെ ജീവിതത്തിൽ പ്രധാനപ്പെട്ട ദിവസങ്ങളിൽ ഒന്ന്, ആ ദിവസമാണ് ഇങ്ങനെ ഇവിടെ ഒറ്റയ്ക്ക് ഇരിക്കുമ്പോൾ എനിക്ക് ഓർമ്മ വന്നത്... അന്നും ഇതുപോലെ ഒരു ആളൊഴിഞ്ഞ ബെഞ്ചിൽ ഞാൻ ഇരുന്നിരുന്നു.
##############################################കണ്ണീരോടെ ഭക്ഷണത്തിനു മുനിൽ നിന്ന് ഞാൻ എഴുന്നേറ്റ് നടന്നു, യാമിനിയുടെ കൂട്ടുകാരിക്ക് വാക്ക് കൊടുത്തത് പോലെ തന്നെ പാർക്കിലേക്കാണ് ഞാൻ പോയത്..... മനസ്സ് ഒട്ടും നിയന്ത്രണത്തിലല്ല, യാന്ത്രികമായി ചലിക്കുന്നത് പോലെ....ഞാൻ പാർക്കിൽ എത്തി ഒരു ആളൊഴിഞ്ഞ ബെഞ്ചിൽ പോയി ഇരുന്നു. വല്ലാത്ത വിഷമം, എന്തിനാണ് ഞാൻ ഇങ്ങനെ വിഷമിക്കുന്നത്....... മറ്റൊരാളുടെ കീഴിൽ ശമ്പളം വാങ്ങി ജോലി ചെയ്യുമ്പോൾ ഇങ്ങനെയുള്ള അനുഭവങ്ങൾ ഒക്കെ കാണുമെന്ന് ഞാൻ മനസിലാക്കാൻ വൈകി, അത്രയേയുള്ളൂ........

കുറച്ച് നേരം ഒറ്റയ്ക്ക് സ്വസ്ഥമായി ഇരുന്നപ്പോൾ തന്നെ മനസ്സ് ഒന്ന് ശാന്തമായി തുടങ്ങി...... ചിലപ്പോൾ ഇങ്ങനെ തനിച്ച് ഇരിക്കുന്നത് ഒരു പ്രത്യേക ഫീലിംഗ് തന്നെയാണ്, പ്രകൃതിയിൽ ലയിച്ച് ഇങ്ങനെ ഇരിക്കുമ്പോൾ തന്നെ പ്രശ്നങ്ങൾ എല്ലാം മറക്കും, സമാധാനവും കിട്ടും......

കുറച്ച് നേരം അങ്ങനെ എല്ലാം മറന്ന് ഇരികുമ്പോഴാണ് ഫോൺ റിംഗ് ചെയ്തത്, നോക്കുമ്പോൾ യാമിനിയുടെ കൂട്ടുകാരിയാണ്...

“ഹെലോ”

“ആഹ് ഹെലോ ടോണി ഞാൻ ഇവിടെ എത്തിയിട്ടുണ്ട്”

“മ്മ് ഞാനും”

“ഞാൻ ഒരു മഞ്ഞ ചുരിദാർ ആണ്...... ഇവിടെ എൻട്രൻസിന്റെ അവിടെ ഉണ്ട്”

ഞാൻ നോക്കിയപ്പോൾ ഒരു പെണ്ണ് അവിടെ നിന്ന് തിരിഞ്ഞ് കളിക്കുന്നത് കണ്ടു,

“ദാ വലത്തോട്ട് നോക്ക്......”

ഞാൻ കൈ കാണിച്ചപ്പോൾ അവൾ എന്റെ അടുത്തേക്ക് വന്നു....

“ഹായ് ഞാൻ ഉണ്ണിമായ,”

“ടോണി”
ഞാൻ കൈ കൊടുത്തു......

“ഇരിക്ക്”.

ഞങ്ങൾ ആ ബെഞ്ചിൽ ഇരുന്നു....

"നോക്ക് ടോണി....... എന്താണ് തന്റെ ഉദ്ദേശം??"
ഇരുന്നതും എനിക്ക് നേരെ തിരിഞ്ഞു കൊണ്ട് അവൾ ചോദിച്ചു

"എന്ത് ഉദ്ദേശം??"
ഞാൻ അതെ ടോണിൽ തിരിച്ച് ചോദിച്ചു....

"എന്തിനുവേണ്ടി ആയിരുന്നു ഈ നാടകം??"

"നാടകമോ??"
ഇവൾ ഇത് എന്താ ഈ പറയുന്നത്, വട്ടാണോ

"മതി അഭിനയിച്ചത്...... ഞാൻ ഇന്ന് മീനുവിനെ..... ഓ യാമിനിയെ കണ്ടിരുന്നു, അന്ന് രാത്രി നടന്നത് മൊത്തം അവള് പറഞ്ഞു, അതൊരു പൊട്ടി പെണ്ണാണ്...... താൻ പാവമാണ്, താനും വന്ന് പെട്ടു പോയതാണ് എന്ന് ഒക്കെ ആണ് അവൾ പറയുന്നത്........ പക്ഷെ എനിക്ക് അറിയാം ഇത് താനും ആ തള്ളയും മോളും ഒക്കെ കൂടി ഒത്തു കളിച്ചതാണെന്ന്......... എനിക്ക് അറിയണം എന്താണ് നിങ്ങളുടെ ഉദ്ദേശം എന്ന്, പറ......."

"ഓ അത് ശരി.... അപ്പൊ എന്റെ ഊഹം തെറ്റിയില്ല, വട്ട് തന്നെ..... നല്ല അസ്സൽ വട്ട്, പെങ്ങള് ഇവിടെ ഇരിക്ക് എനിക്ക് പോയിട്ട് വേറെ പണിയുണ്ട്"
എന്നും പറഞ്ഞു ഞാൻ എഴുന്നേൽക്കാൻ ഒരുങ്ങി

“ഏയ് പോവരുത്......... പ്ലീസ്......... . അതൊരു പാവമാണ്, എന്തിനാണ് അവളെ ഇങ്ങനെ ഉപദ്രവിക്കുന്നത്.... എന്താണ് നിങ്ങൾക്ക് വേണ്ടത്, പണമോ....... അതോ അവളെ കൊണ്ടുപോയി......... ഛെ........”
ബെഞ്ചിൽ നിന്നും എഴുന്നേൽക്കാൻ തുടങ്ങിയ എന്റെ കയ്യിൽ പിടിച്ച് തടഞ്ഞുകൊണ്ട് അത്രയും പറഞ്ഞ് അവൾ ദേഷ്യം കൊണ്ട് വിറയ്ക്കുകയാണ്, പക്ഷെ അവൾ പറയുന്നത് ഒന്നും എനിക്ക് മനസിലായില്ല........

“അതെ എന്തെങ്കിലും പറയാനുണ്ടെങ്കിൽ മനുഷ്യന് മനസിലാവുന്ന പോലെ പറ, അല്ലാതെ ഒരുമാതിരി..... നോക്ക്..... നിങ്ങൾ എന്താണ് കരുതി വെച്ചത് എന്ന് എനിക്ക് അറിയില്ല, പക്ഷെ ഞാൻ ഇതിൽ വന്നു പെട്ടതാണ്, അല്ലാതെ തന്റെ കൂട്ടുകാരിയെ കൊണ്ട് എനിക്ക് ഒരു ഉദ്ദേശവുമില്ല....”
ഞാൻ അത് പറഞ്ഞപ്പോൾ അവൾ എന്നെ സംശയത്തോടെ നോക്കി....

“അതെ ....... യാമിനിയെ എങ്ങനെയെങ്കിലും തലയിൽ നിന്ന് ഊരണം എന്നെ എനിക്ക് ഉള്ളു, അതിന് എന്തെങ്കിലും ഒരു വഴി കിട്ടുമെന്ന് കരുതിയാണ് നിങ്ങൾ വിളിച്ചപ്പോൾ ഞാൻ ഇവിടെ വരെ വന്നത്....... എന്നിട്ട് വെറുതെ കാര്യം അറിയാതെ ഇങ്ങോട്ട് ഡയലോഗ് അടിക്കാൻ നിന്ന ഉണ്ടല്ലോ....... അല്ലെങ്കിലേ സമനില തെറ്റി ഇരിക്കുകയാണ്”
എന്റെ ഉള്ളിലെ സങ്കടവും ദേഷ്യവും എല്ലാം ആ വാക്കുകളിൽ കലർന്നിരുന്നു.....

“താൻ എന്തിനാണ് അപ്പൊ അന്ന് ആ വീട്ടിൽ കയറിയത്??

ആ ചോദ്യത്തിന് മറുപടിയായി ഞാനും ശ്രീലക്ഷ്മിയും തമ്മിൽ ഉണ്ടായിരുന്ന ബന്ധവും ഞാൻ അന്ന് രാത്രി ആ വീട്ടിൽ കയറാനുള്ള കാരണവും അവളോട് പറഞ്ഞു....

“ഓ........ താൻ പറഞ്ഞത് മൊത്തം സത്യമാണെങ്കിൽ ഇത് ആ തള്ളയും മോളും കൂടി ഒരുക്കിയ കെണി ആവണം, നിങ്ങളെ രണ്ടുപേരെയും കുടുക്കാൻ”.

നടന്ന കാര്യങ്ങൾ ഞാൻ പറഞ്ഞു കഴിഞ്ഞപ്പോൾ അവൾ പറഞ്ഞു.....

“എന്നോട് ചെയ്തത് മനസിലാകും, പക്ഷെ അമ്മയും അനിയത്തിയും കൂടെ...........”

ഞാൻ സംശയത്തോടെ ചോദിച്ചു നിർത്തി...

“അതിന് അത് മീനുവിന്റെ സ്വന്തം അമ്മയും പെങ്ങളും അല്ല”

“പിന്നെ??”
അവൾ യാമിനിയെ ആണ് മീനു എന്ന് വിളിക്കുന്നത് എന്ന് മനസിലായി

“മീനുന് ഒരു വയസ്സ് ഉള്ളപ്പോൾ അവളുടെ അമ്മ മരിച്ചിരുന്നു, അധികം വൈകാതെ തന്നെ അവളുടെ അച്ഛൻ രണ്ടാമത് കല്യാണം കഴിച്ചതാണ് ആ തള്ളയെ, അതിലുള്ള കുട്ടിയാണ് ആ ശ്രീ ലക്ഷ്മി......”

ഓ അപ്പൊ ഏകദേശം കാര്യങ്ങൾ എനിക്ക് പിടികിട്ടി...... രണ്ടാനമ്മ, പീഡനം കാര്യങ്ങൾ ആയിരിക്കും, അവസാനം ഒരു ചാൻസ് കിട്ടിയപ്പോൾ എന്റെ തലയിൽ കെട്ടി വെച്ച് ഒഴുവാക്കി കാണും...... ഒരു വെടിക്ക് രണ്ട് പക്ഷി..... പക്ഷെ അവളുടെ അച്ഛൻ?? മൊത്തമായി എനിക്ക് അങ്ങോട്ട് ക്ലിയർ ആയിട്ടില്ല....

“വിശ്വസിക്കാൻ കഴിയുന്നില്ല ലേ......... അതാണ്, ഇതും ഇതിന്റെ അപ്പുറവും ചെയ്യും ആ തള്ള, രാക്ഷസിയാണ്”

എന്റെ സംശയത്തോടെ ഉള്ള മുഖഭാവം കണ്ട് അവൾ കൂട്ടി ചേർത്തു, ആ സ്ത്രീയെ കുറിച്ച് പറയുമ്പോൾ തന്നെ ഇവളുടെ മുഖഭാവത്തിൽ നിന്ന് ഇവൾ ആ സ്ത്രീയെ എത്ര മാത്രം വെറുക്കുന്നു എന്ന് മനസിലായി...

"അതെ..... ഞാൻ പറഞ്ഞത് മൊത്തം സത്യമാണ്, ഞാനും ഈ ട്രാപ്പിൽ പെട്ടതാണ്, താൻ പറഞ്ഞത് പോലെ ആണെങ്കിൽ ഞങ്ങളെ രണ്ടുപേരെയും കൂടെ പെടുത്താൻ പ്ലാൻ ചെയ്തിട്ട് ആയിരിക്കും അന്ന് രാത്രി എന്നെ വിളിച്ചത്........ പക്ഷെ എന്നാലും അപ്പൊ അവളുടെ അച്ഛൻ എവിടെ?? പുള്ളി ഇതൊന്നും അറിയുന്നില്ലേ??"

"അതൊക്കെ വലിയ കഥയാണ് ടോണി.... ഒരുപാട് അനുഭവിച്ചിട്ടുണ്ട് എന്റെ മീനു, ആദ്യമൊന്നും വലിയ പ്രശ്നം ഇല്ലായിരുന്നു....... പക്ഷെ അവളുടെ അച്ഛൻ ഗൾഫിൽ പോയതിന് ശേഷം ശരിക്കും പറഞ്ഞ നരകം തന്നെ ആയിരുന്നു അവൾക്ക് ആ വീട്......"

യെഹ് യൂ കുഡ് ബി ദി ഗ്രേറ്റസ്റ്റ്
യൂ ക്യാൻ ബി ദി ബെസ്റ്റ്
യൂ ക്യാൻ ബി ദി കിങ് കോങ്ങ് ബാംഗിങ് ഓൺ യുവർ ചെസ്റ്റ്
യൂ കുഡ് ബീറ്റ് ദി വേൾഡ്
യൂ കുഡ് ബീറ്റ് ദി വാർ

യൂ കുഡ് ടോക്ക് ടു ഗോഡ്, ഗോ ബാംഗിങ് ഓൺ ഹിസ് ഡോർ

"സ്ക്യൂസ് മീ"

എന്നും പറഞ്ഞ് അടിഞ്ഞുകൊണ്ട് ഇരിക്കുന്ന ഫോൺ എടുത്ത് നോക്കിയപ്പോൾ വിഷ്ണുവാണ്

“ഹലോ”

“നീ എവിടെ??”
എടുത്ത പാടേ വിഷ്ണുവിന്റെ ചോദ്യം

“ഞാൻ മറ്റേ ശാന്തി ബാറിന്റെ അടുത്തുള്ള പാർക്കിൽ”

“പാർക്കിലോ?? അവിടെ എന്താ പരിപാടി??”

“ഒരാളെ കാണാൻ വന്നതാണ്”

“മ്മ്...... ഇപ്പോ ഫ്രീ ആവോ??”

“ആഹ്....”
ഞാൻ അതെ എന്ന രീതിയിൽ മൂളി

“എങ്കിൽ അവിടെ തന്നെ നിൽക്ക്, ഞാൻ ഇപ്പോ ഓഫീസിൽ നിന്ന് ഇറങ്ങും, ഞാൻ അങ്ങോട്ട് വരാ”

“മ്മ്...... ഓക്കെ”
എന്ന് പറഞ്ഞ് ഞാൻ ഫോൺ കട്ട് ചെയ്തു.

“സോറി ട്ടോ”

ഫോൺ വെച്ച ശേഷം ഞാൻ അവളെ നോക്കി പറഞ്ഞു.

“ഏയ് ഇറ്റ്സ് ഓക്കെ”

“അല്ല അപ്പൊ യാമിനിയുടെ അച്ഛൻ?? പുള്ളി ഒന്നും അറിഞ്ഞിട്ടില്ലേ??”

“അറിഞ്ഞാലും പുള്ളിക്ക് വരാൻ കഴിയില്ല”

“അതെന്താ??”

“പുള്ളി ഗൾഫിൽ ജയിലിൽ ആണ്”

“ജയിലിലോ?? എന്തിന്??”
അത് എന്നെ ശരിക്കും ഞെട്ടിച്ച് കളഞ്ഞു

“പുള്ളി ഒരു തെറ്റ് ചെയ്തു, വലിയ തെറ്റ്.......... വീട്ടുകാരുടെയും കൂട്ടുകാരുടെയും എല്ലാം നിർബന്ധത്തിന് വഴങ്ങി ആ രാക്ഷസിയെ വിവാഹം ചെയ്തു”

“മനസിലായില്ല”
യാമിനി...... അവളുടെ ഇതുവരെയുള്ള ജീവിതം എന്തായിരുന്നു എന്ന് അറിയണം എന്ന് തോന്നി, അത് പറഞ്ഞു തരാൻ കഴിയുന്ന ആളാണ് ഇപ്പോ എന്റെ മുനിൽ ഇരിക്കുന്നത്.

“മീനുന്റെ അച്ഛൻ ആ സ്ത്രീയെ കല്യാണം കഴിക്കുമ്പോൾ അവള് ചെറിയ കുട്ടിയാണ്, ആദ്യമൊക്കെ അവർക്ക് അവളോട് വലിയ സ്നേഹമായിരുന്നു, ചിലപ്പോൾ അഭിനയം ആയിരുന്നിരിക്കണം.
മീനുവിന്റെ അച്ഛന് ബിസിനസ് ആയിരുന്നു, കല്യാണം കഴിഞ്ഞ് കുറച്ച് കാലം കഴിഞ്ഞപ്പോൾ ആ തള്ളയുടെ ആങ്ങളയെ പിടിച്ച് അങ്കിളിന്റെ ബിസിനെസിൽ പാർട്നെറാക്കി. അവിടെ തൊട്ട് അങ്കിളിന് കഷ്ടകാലം ആയിരുന്നു,
അധികം വൈകാതെ തന്നെ അങ്കിളിന്റെ ബിസിനസ് എല്ലാം പൊട്ടി പൊളിഞ്ഞു, അതിന് ശേഷം പിടിച്ചു നിൽക്കാൻ പുള്ളി പലതും ചെയ്തു നോക്കി, ഒന്നും നടക്കാതെ

ആയപ്പോഴാണ് ഗൾഫിലേക്ക് പോയത്.... അതും വിസയും കാര്യങ്ങളും ഒക്കെ ശരിയാക്കി കൊടുത്തത് ആ തള്ളയുടെ ആങ്ങളയും.....
അങ്കിൾ ഗൾഫിൽ പോവുമ്പോൾ മീനു ഡിഗ്രിക്ക് പഠിക്കുകയായിരുന്നു, അങ്കിൾ പോയ ശേഷം അവളെ അവർ ശരിക്കും ടോർച്ചർ ചെയ്തിട്ടുണ്ട്. ഡിഗ്രി കഴിഞ്ഞിട്ടും അവളെ അവർ ജോലിക്ക് വിട്ടില്ല.... ഒരു നഴ്സ് ആവുക എന്നത് മീനുവിന്റെ ഡ്രീം ആയിരുന്നു പക്ഷെ അത് അവർക്ക് ഇഷ്ടമല്ലായിരുന്നു, കല്യാണം പോലും കഴിപ്പിക്കാതെ ഒരു അടിമയെ പോലെ ഇട്ട് തട്ടി കളിക്കുകയായിരുന്നു. അവളെ ഒന്ന് കാണാൻ പോലും സമ്മതിക്കില്ല....... എന്റെ മീനു........."
മുഴുവൻ പറഞ്ഞു പൂർത്തിയാക്കുന്നതിന് മുമ്പ് അവൾ കരയാൻ തുടങ്ങി, എനിക്കും എന്തോ കേട്ടപ്പോൾ വിഷമം തോന്നി, സിനിമയിൽ ഒക്കെ കണ്ടിട്ടുണ്ട് ഇങ്ങനെ രണ്ടാനമ്മയുടെ പീഡനങ്ങൾ ഒക്കെ, പക്ഷെ അത് ശരിക്കും ചെറുപ്പം തൊട്ട് അനുഭവിക്കുക എന്ന് വെച്ചാൽ, ആരോടും പരാതി പോലും പറയാൻ കഴിയാതെ...... പാവം...........

"ഹേയ്, ഉണ്ണിമായ...... കരയല്ലേ പ്ലീസ്, ആളുകൾ ശ്രദ്ധിക്കുന്നു."
ചുറ്റുമുള്ള ആളുകൾ ഞങ്ങളെ ശ്രദ്ധിക്കുന്നുണ്ടെന്ന് മനസ്സിലായപ്പോൾ ഞാൻ അവളോട് പറഞ്ഞു.

"ഓ..... സോറി..... ഐ ആം സോറി ടോണി"
കണ്ണ് തുടച്ചുകൊണ്ട് അവൾ പറഞ്ഞു.
ഞാൻ ഒരു വോൾടേജ് കുറഞ്ഞ ചിരി മാത്രം നൽകി, ഒന്നും പറയാൻ നിന്നില്ല..... മനസ്സിൽ മുഴുവൻ യാമിനി ആയിരുന്നു, ഇപ്പോ എനിക്ക് അവളോട് ഉള്ളിന്റെ ഉള്ളിൽ പോലും ഒരു തരി ദേഷ്യമില്ല....... ഇപ്പോ അവളോട് തോന്നുന്നത് എന്താണ്??
പ്രേമം അല്ല........... ചിലപ്പോൾ സഹതാപം ആയിരിക്കും... ച്ചെ, അത് വേണ്ട, എനിക്ക് ഇഷ്ടമല്ലാത്ത ഒന്നാണ് സഹതാപം.

അത് എന്തായാലും അവിടെ നിൽക്കട്ടെ, ശ്രീലക്ഷ്മിയോടും അവളുടെ തള്ളയോടും ഒക്കെ ഉള്ള ദേഷ്യം കൂടുകയാണ് ചെയ്തത്.

“അപ്പൊ പുള്ളി എന്തിനാ ജയിലിൽ പോയത്??”
അല്പസമയത്തെ മൗനത്തിന് ശേഷം ഞാൻ ചോദിച്ചു, എനിക്ക് എന്തോ യാമിനിയുടെ അച്ഛനെ കുറിച്ച് അറിയാൻ ഭയങ്കര ജിജ്ഞാസ.

“അത് ശരിക്കും എന്തിനാണെന്ന് അറിയില്ല, എന്തായാലും അറിഞ്ഞുകൊണ്ട് പുള്ളി ഒരു തെറ്റും ചെയ്യില്ല...... അത് എനിക്ക് ഉറപ്പാണ്.”

“മ്മ്....”
ഞാൻ വെറുതെ മൂളുക മാത്രം ചെയ്തു.

“ഞാൻ എന്ന പോവട്ടെ, മോള് സ്കൂൾ വിട്ട് എത്തി കാണും.... കാണാം.....”

“ഓക്കെ ബായ്”
ഞാൻ ചിരിച്ചുകൊണ്ട് പറഞ്ഞു, ഹോ അപ്പൊ ഇവളെ കല്യാണം ഒക്കെ കഴിഞ്ഞ് കുട്ടിയൊക്കെ ഉണ്ടായിരുന്നോ?? കണ്ട പറയില്ല, മറ്റേ സന്തൂർ മമ്മി തന്നെ.

“അതെ ടോണി, ഞാൻ ഒരു കാര്യം............ പറയട്ടെ”
യാത്ര പറഞ്ഞു നടന്ന ശേഷം പെട്ടെന്ന് തിരിഞ്ഞ് നോക്കി അവൾ ചോദിച്ചു

“മ്മ.........”
ഞാൻ കേൾക്കാൻ സമ്മതം മൂളി.

“അത് പിന്നെ......... മീനു............ അവളെ എനിക്ക് ചെറുപ്പം തൊട്ട് അറിയാം, ഒരു പാവം പൊട്ടി പെണ്ണാണ്. എന്തോ തന്നോട് സംസാരിച്ചപ്പോൾ ഇതെല്ലാം ഒരു നിയോഗം ആണെന്ന് ഒരു തോന്നൽ. അവൾ ഇതുവരെ അനുഭവിച്ചതിന് എല്ലാം

പകരമായി ഇനിയുള്ള അവളുടെ ജീവിതത്തിലേക്ക് സ്നേഹവും സന്തോഷവും വാരി വിതറാൻ ദൈവം നിയോഗിച്ചതാണ് ടോണിയേ എന്നൊരു തോന്നൽ. അറിയില്ല, ഞാൻ പറയുന്നത് ശരിയാണോ എന്ന്........... പക്ഷെ ഒരു കാര്യം ഞാൻ ഉറപ്പ് തരാം, ഒരല്പം സ്നേഹം അങ്ങോട്ട് കൊടുത്ത തനെ ജീവിതകാലം മുഴുവൻ സ്നേഹം കൊണ്ട് മൂടും എന്റെ മീനു........യൂ ഡിസൈഡ്”

എന്ന് പറഞ്ഞു എന്റെ തോളിൽ തട്ടിയിട്ട് നല്ലൊരു ചിരിയും സമ്മാനിച്ച് അവൾ നടന്നകന്നു, എന്റെ നെഞ്ചിൽ വലിയൊരു കല്ല് എടുത്ത് വച്ചിട്ട് നടന്നകലുന്നത് പോലെ തോന്നി എനിക്ക്, യാമിനി..... അവളെ എങ്ങനെയെങ്കിലും എന്റെ ജീവിതത്തിൽ നിന്ന് ഒഴുവാക്കി ഞങ്ങൾക്ക് രണ്ടു പേർക്കും സമാധാനം കിട്ടാൻ വല്ല വഴിയും കിട്ടുമോ എന്ന് പ്രതീക്ഷിച്ച് വന്ന എന്നെ വലിയൊരു ചോദ്യത്തിന് മുനിൽ കുടുക്കിയിട്ടാണ് അവൾ പോയത്. എന്നോട് ഞാൻ തന്നെ ചോദിക്കേണ്ട ഒരു ചോദ്യം.

യാമിനി...... അവളൊരു പാവമാണ്, പക്ഷെ എനിക്ക് അവളോട് തോന്നുന്നത് വെറും സഹതാപം ആണെങ്കിൽ ഒരിക്കലും അവളെ എന്റെ കൂടെ പിടിച്ച് നിർത്തരുത്, അത് ഞാൻ അവളോട് ചെയ്യുന്ന വലിയ തെറ്റായി പോകും. ആ നോക്കാം, പെട്ടെന്ന് ഒരു തീരുമാനം എടുക്കണ്ട..... സമയം എടുത്ത് ആലോചിക്കാം....

""യാമിനി" അവളൊരു മാലാഖയാണ്, വിട്ടുകളയാതെ മുറുക്കെ പിടിച്ചോടാ" എന്ന് എന്റെ കാതിൽ ആരോ പറഞ്ഞുകൊണ്ടേ ഇരിക്കുന്നു......വിഷ്ണു വരുമെന്ന് പറഞ്ഞിരുന്നു, ഞാൻ കുറച്ചു നേരം കൂടി അങ്ങനെ അവിടെ ആ ബെഞ്ചിൽ ഒറ്റയ്ക്ക് ഇരുന്നു.

"എന്താണ് മോനെ ഇത്ര കാര്യമായി ചിന്തിച്ചു കൂട്ടുന്നത്?"

വിഷ്ണുവിന്റെ ശബ്ദമാണ് എന്റെ കാര്യമായ ചിന്തയ്ക്ക് ഫുൾസ്റ്റോപ്പ് ഇട്ടത്, അല്ല...... എന്തായിരുന്നു ഞാൻ ആലോചിച്ചു കൊണ്ടിരുന്നത്?? ആാ.....................

"ഏയ് ഒന്നുമില്ല"

ഞാൻ ഒരു ഒഴുക്കൻ മട്ടിൽ പറഞ്ഞു.

"ആരെയാണ് മോൻ പാർക്കിൽ ഒക്കെ വച്ച് കാണാൻ വന്നത്??"

“അവളെ ഒരു ഫ്രണ്ട്”

“ഏത് അവൾ??”

“യാമിനി”

“ഏഹ് എന്തിന്?? എന്താണ് സീൻ??”

“ഓഹ് അത് അവൾക്ക് എന്നെ ഒന്ന് മീറ്റ് ചെയ്യണമെന്ന് പറഞ്ഞിട്ട്……”

“എന്നിട്ട്??”

“നീ കരുതിയത് പോലെ തന്നെയാണ് ഡ…….. അവളൊരു പാവമാണ്”

“ഹ......... ഹ..........ഹ..............ഹ............. അപ്പൊ ഞാൻ ഇനി വെറുതെ ഡിവോഴ്സിന്റെ കാര്യം അന്വേഷിച്ച് നടക്കണ്ട ലേ”
ചിരി അടക്കാൻ പാടുപെട്ട് കൊണ്ട് അവൻ പറഞ്ഞു

“ഏയ് അങ്ങനെയല്ല, ഐ ആം കൺഫ്യൂസ്ഡ്”

“അന്ന് ശ്രീലക്ഷ്മിയുടെ കാര്യത്തിലും നീ ഇതുപോലെ കൺഫ്യൂഷൻ അടിച്ച് ഇരുന്നതാണ്............ പക്ഷെ അന്ന് ഞാനും നിന്നെ ഓവറായി സപ്പോർട്ട് ചെയ്തിരുന്നു, അതുകൊണ്ട് ഇനി എടുത്ത് ചാടി ഒരു തീരുമാനം എടുക്കണ്ട.......... യാമിനി ഒരു പാവം ആണെന്ന് തന്നെയാണ് ഞാൻ വിശ്വസിക്കുന്നത്, ബട്ട്...... ഞാൻ പറയുന്നത്.......... ടേക്ക് യുവർ ടൈം ആൻഡ് ഡിസൈഡ്”

“നിനക്ക് ഇത്രയ്ക്ക് പക്വത ഒക്കെ വന്നോ ഡാ.........”
അവന്റെ സംസാരം കേട്ടപ്പോൾ മനസ്സിൽ തോന്നിയത് ഞാൻ അതുപോലെ തന്നെ ചോദിച്ചു.

“ഹാ.......... നീ ഇങ്ങനെ പെട്ടെന്ന് പക്വത വന്ന പോലെ പെരുമാറുമ്പോൾ ഞാൻ അങ്ങനെ സംസാരിക്കുകയെങ്കിലും ചെയ്യണ്ടേ മോനെ ടോണിക്കുട്ടാ..... ഹ..... ഹ.........”

“പോ മൈരേ....”

“ഹാ അത് വിട് എങ്ങനെയുണ്ട് ജോലിക്ക് പോയിട്ട് ഫസ്റ്റ് ഡേ??”

“കുഴപ്പമില്ല”
ഞാൻ ഒരു ഒഴുക്കൻ മട്ടിൽ പറഞ്ഞു

“ഏഹ്?? ആ കുഴപ്പമില്ലയിൽ എന്തോ ഒരു കുഴപ്പം ഉണ്ടല്ലോ..... എന്താടാ എന്താ സീൻ??”

“ഏയ് അങ്ങനെ ഒന്നുമില്ല ഡാ....... ഞാൻ വിചാരിച്ച അത്ര എളുപ്പമല്ല ഈ ഡ്രൈവർ പണി”

“ഒരു പണിയും അത്ര എളുപ്പമല്ല, എല്ലാ ജോലിയിലും ബുദ്ധിമുട്ടുകൾ കാണും....”

“മ്മ്........”
ഞാൻ വെറുതെ മൂളി

“എങ്ങനെയുണ്ട് അവിടത്തെ ആളുകൾ??”

“മുതലാളി ഒരു മുരടൻ, പുള്ളിയുടെ മോള് കൊള്ളാം”

“പ്ഫാ മൈരേ........ ഇപ്പോ കിട്ടിയത് ഒന്നും പോരെ നിനക്ക്”

“ഛെ അതല്ല, സ്വഭാവം ആണ് ഞാൻ ഉദ്ദേശിച്ചത്”

“എന്നിട്ട്?? കാര്യങ്ങൾ ഒക്കെ ഡീറ്റെൽ ആയി പറ”
വിഷ്ണു ആവേശത്തോടെ ചോദിച്ചു

“ഡീറ്റെൽ ആയിട്ട് പറയാൻ മാത്രം ഒന്നുമില്ല, അയാൾക്ക് അപ്പനും ആയിട്ട് എന്തോ പ്രശ്നം ഉണ്ടെന്ന് തോന്നുന്നു....... അത് മനസ്സിൽ വെച്ചാണ് എന്നോട് പെരുമാറുന്നത്”

“ഡാ....... എന്താ ഉണ്ടായത്?? പറയെടാ............”

വിഷ്ണുവിന്റെ ശബ്ദം ഉയർന്നു, അതോടെ ആ രാഘവന്റെ വീട്ടിൽ വച്ച് നടന്നത് മൊത്തം ഞാൻ അവനോട് പറഞ്ഞു.........
ആ വീട്ടിൽ നിന്ന് ഇറങ്ങി നടക്കുമ്പോൾ വല്ലാത്ത ഒരു വിങ്ങൽ ആയിരുന്നു, കുറച്ച് നേരം ഒറ്റയ്ക്ക് ഇരുന്നപ്പോൾ ചെറിയ ആശ്വാസവും കിട്ടിയിരുന്നു....... പക്ഷെ ആ വിഷമം എല്ലാം പൂർണമായി ഇല്ലാതായത് ഇപ്പോഴാണ്........ എല്ലാം ഇവനോട് തുറന്ന് പറഞ്ഞപ്പോൾ...... ശാന്തി... സമാധാനം.....

" പൊട്ടന് ലോട്ടറി അടിക്കുക എന്നൊക്കെ പറയുന്നത് ഇതാണ്, നീ ഇനി അവിടെ പോവണ്ട........ രാഘവൻ മൈരൻ, ഒരെണ്ണം പൊട്ടിക്കാൻ കൈ തരിക്കുന്നു..... ചെറ്റ.................."
വിഷ്ണു ദേഷ്യം കൊണ്ട് വിറയ്ക്കുകയാണ്.

"ഹാ വിട്ടുകള മുത്തേ, ഇതൊക്കെ ജീവിതത്തിലെ ഓരോ പാഠങ്ങൾ അല്ലേ"

"എന്ന ഈ പാഠം ഇന്നത്തോടെ അവസാനിച്ചു, ഇനി ആ ജോലി വേണ്ട"

"അത് പിന്നെ....."

“ഒരു പിന്നെയും ഇല്ല, നിനക്ക് പണിയെടുത്ത് ജീവിക്കണം എന്നല്ലേ ഉള്ളു, അത് അയാളുടെ ഡ്രൈവർ ആയിട്ട് തന്നെ വേണമെന്ന് ഇല്ലല്ലോ....... നമുക്ക് വേറെ ജോലി നോക്കാം”

എന്നെ ഒന്നും പറയാൻ സമ്മതിക്കാതെ വിഷ്ണു തീരുമാനം എടുത്ത് കഴിഞ്ഞു. ഉറച്ചതായിരുന്നു അവന്റെ വാക്കുകൾ...

“മ്മ്..... ശരി, എങ്കിൽ അതുവരെ എനിക്കും എന്റെ ഭാര്യയ്ക്കും നീ ചിലവിന് തരേണ്ട വരും”

“നിന്റെ ഭാര്യയോ?? ഹ......... ഹ........ അപ്പൊ അവിടെ വരെ ആയി കാര്യങ്ങൾ.... ഹ......ഹ..........ഹ.........................”

വിഷ്ണു ചിരി തുടങ്ങി, ഒടുക്കത്തെ ചിരി....... വടി കൊടുത്ത് അടി വാങ്ങുക എന്നൊക്കെ പറയുന്നത് ഇതിനാണ്, എനിക്ക് എന്തിന്റെ കേടായിരുന്നു.....

“ഞാൻ ഒരു തമാശയ്ക്ക് പറഞ്ഞതാണ് ട്ടോ”

“മനസിലായി മനസിലായി......”
ചിരിക്കുന്നതിന് ഇടയ്ക്ക് അവൻ ഒരു ആക്കിയ ട്യൂണിൽ പറഞ്ഞു.

“മതി തെണ്ടി ഉണ്ടാക്കി ചിരിച്ചത്, വാ പോവാം....”

“എന്താണ്?? ഭാര്യയെ കാണാതെ ഇരിക്കാൻ പറ്റുന്നില്ലേ??”
ചിരി നിർത്തി മുഖത്ത് ഗൗരവം വരുത്തിക്കൊണ്ട് അവൻ എനിക്കിട്ട് നൈസ് ആയി കൊട്ടി.

“ഒന്ന് പോയേടാ....... വാ വിശക്കുന്നുണ്ട്....”
വിഷയം മാറ്റാൻ പറഞ്ഞതാണെങ്കിലും അതിൽ ഒരല്പം കാര്യമുണ്ട്... വീണ്ടും വിശന്നു തുടങ്ങി.

“ശരി ശരി....... വാ നടക്ക്.....”
എന്നെ പിടിച്ചു തള്ളി കൊണ്ട് അവൻ പറഞ്ഞു, ആ ആക്കിയ ചിരി ഇപ്പോഴും മുഖത്ത് നിന്ന് പോയിട്ടില്ല.

ഞങ്ങൾ നേരെ എന്റെ പുതിയ താമസ സ്ഥലമായ പി.ബിയിലേക്ക് തന്നെയാണ് പോയത്.....

കോണിപ്പടി കയറി മുകളിൽ ചെന്ന് കതകിൽ മുട്ടലും വാതിൽ തുറക്കലും ഒരുമിച്ചായിരുന്നു, ആരാന്ന് വിചാരിച്ച ഇവൾ ഈ ചാടി തുറക്കുന്നത്..... എന്തായാലും മുനിൽ ഞങ്ങളെ രണ്ടുപേരെയും കണ്ടപ്പോൾ അവളുടെ മുഖത്ത് കണ്ടത് ആശ്വാസം ആയിരുന്നു.

ഞാൻ അവളെ മറികടന്ന് അകത്തേക്ക് കയറി, വിശന്നിട്ട് വയ്യ പെണ്ണ് എന്തെങ്കിലും ഉണ്ടാക്കി വച്ചിട്ടുണ്ടോ ആവോ..... ഞാൻ നേരെ ചെന്നത് അടുക്കളയിലേക്ക് ആയിരുന്നു.

ഹാവു ഭാഗ്യം, എന്തൊക്കെയോ കാണുന്നുണ്ട്....... കുറെ പാത്രങ്ങൾ ഒക്കെ അടച്ചു വച്ചിട്ടുണ്ട്.... തുറന്നു നോക്കിയപ്പോൾ ചോറും പരിപ്പ് കറിയും ചമ്മന്തിയും കാണപ്പെട്ടു.

“ഞാൻ എടുത്ത് തരാം........”

പിന്നിൽ നിന്നും യാമിനിയുടെ താഴ്ന്ന ശബ്ദം, ഒരു കുഞ്ഞു കാറ്റ് അടിച്ചിരുന്നെങ്കിൽ ആ സൗണ്ട് എന്റെ അടുത്ത് എത്തില്ല.

“മ്മ......”

ഒന്ന് കനത്തിൽ മൂളിയിട്ട് ഞാൻ അടുക്കളയിൽ നിന്ന് പുറത്തേക്ക് ഇറങ്ങി,

വിഷ്ണു അവിടെ കസേരയിൽ ഇരിക്കുന്നുണ്ട്, ഇപ്പോഴും മുഖത്ത് ആ ആക്കിയ ചിരിയുണ്ട്....

“എന്താടാ......”

“മച്......”

എന്റെ ഗൗരവത്തോടെയുള്ള ചോദ്യത്തെ അവൻ ചിരിച്ചുകൊണ്ട് തന്നെ ഒന്നുമില്ല എന്ന് ചുമൽ അനക്കി തട്ടി കളഞ്ഞു.

ഞാൻ പിന്നെ ഒന്നും മിണ്ടാൻ നിന്നില്ല, വേഗം ബാത്റൂമിൽ കയറി ഫ്രഷ് ആയി ഒരു ടി-ഷർട്ടും ട്രാക്ക് പാന്റും ഇട്ട് വന്നു, വിശന്നു വയറ് തള്ളക്ക് വിളി തുടങ്ങിയിരുന്നു.

ഞാൻ ഫ്രഷ് ആയി വരുമ്പോഴേക്കും യാമിനി എനിക്കുള്ള ഫുഡ് പ്ലേറ്റിൽ വിളമ്പി കഴിഞ്ഞിരുന്നു, പിന്നെ ഞാൻ സംസാരത്തിന് ഒന്നും നിന്നില്ല...... നേരെ ഭക്ഷണത്തിലേക്ക് പൂർണ ശ്രദ്ധയും കൊടുത്തു..... എന്തിന് തൊട്ടടുത്ത് പൊട്ടനെ പോലെ നോക്കി നിൽക്കുന്ന വിഷ്ണുവിനെ പോലും ഞാൻ മറന്ന് പോയിരുന്നു.....

ഇതുവരെ നോൺ വെജ് ഇല്ലാതെ ഒരുമണി ചോറ് കഴിക്കാത്ത ഞാനാണ് ഇരുന്ന് വെട്ടി വിഴുങ്ങുന്നത്. വിശപ്പാണോ അതോ ആ ചമ്മന്തിയുടെ രുചിയാണോ കാരണമെന്ന് മനസിലാവുന്നില്ല.... ഞാൻ ഇങ്ങനെ വെറും പച്ചക്കറിയും ചമ്മന്തിയും കൂട്ടി ഒരു പരാതിയും പറയാതെ കഴിക്കുന്നത് കണ്ട എന്റെ പൊന്നു മേരി തല കറങ്ങി വീഴും, ഏത്ര ഏത്ര അടികളാണ് ഈ കാര്യത്തിൽ ഞങ്ങൾ തമ്മിൽ നടന്നിട്ടുള്ളത്........... സത്യം പറഞ്ഞ ഞാനും മേരിയും തെറ്റുന്ന ഏക കാര്യം എന്റെ ഭക്ഷണ കാര്യം മാത്രം ആയിരിക്കും.
കുറച്ച് മുന്നെ ഇതിലും വലിയ ഒരു ഊണുമേശയിൽ ഇതിലും കൂടുതൽ വിഭവങ്ങൾക്ക് മുനിൽ ഇരുന്നത് പെട്ടെന്ന് മനസിലേക്ക് വന്നു, പക്ഷെ കലഹം നിറഞ്ഞ വീട്ടിലെ വിരുന്നിനെക്കാൾ അഭികാമ്യം സ്വസ്ഥതയോടെ കഴിക്കുന്ന ഉണങ്ങിയ അപ്പക്കഷണത്തിനാണ് എന്ന് പറയുന്നത് എത്ര ശരിയാണെന്ന് ഓർത്തുപോയി...

“നല്ല രുചിയുണ്ട് ലേ....”

“മ്മ………”
കഴിക്കുന്നതിൽ മുഴുവൻ ശ്രദ്ധയും കൊടുത്തിരുന്നത് കൊണ്ട് വിഷ്ണുവിന്റെ ചോദ്യത്തിന് വലിയ പ്രാധാന്യം കൊടുക്കാതെ മൂളി ഒഴിവാക്കി.

പെട്ടെന്ന് അവന്റെ പൊട്ടി ചിരി കെട്ടാണ് ഞാൻ പ്ലേറ്റിൽ നിന്ന് തല ഉയർത്തി നോക്കിയത്, എന്നെ നോക്കി മരണ ചിരിയാണ് ആശാൻ. ഇവന് എന്താണ് ഈ പറ്റിയത്, വല്ല കഞ്ചാവും വലിച്ചു കയറ്റിയോ?? വൈകുന്നേരം കണ്ടപ്പോൾ തൊട്ട് വെറുതെ ചിരി തന്നെ….

“കേട്ടോ പെങ്ങളെ, കെട്ട്യോന് ഫുഡ് ഒക്കെ ബേഷാ പുടിച്ചിറിക്ക്”
അവൻ ചിരിച്ചുകൊണ്ട് തന്നെ യാമിനിയെ നോക്കി പറഞ്ഞു, അവളെ ഒന്ന് ശ്രദ്ധിച്ചപ്പോൾ അവളുടെ മുഖത്തും ഒരു പുഞ്ചിരി കണ്ടു.

“ഓ….. വിശന്നു പണ്ടാരം അടങ്ങി ഇരിക്കുകയായിരുന്നു, ഇപ്പോ എന്ത് വിഷം തന്നാലും എനിക്ക് പാൽപായസം ആയെ തോന്നു”
വിഷ്ണുവിനെ നോക്കി ഒരു ഒഴുക്കൻ മറുപടി കൊടുത്തിട്ട് ഞാൻ പ്ലേറ്റിലേക്ക് തന്നെ മുഖം പൂഴ്ത്തി.

എന്തോ അവളോട് ദേഷ്യം ഒന്നുമില്ല, പക്ഷെ മുനിൽ നിർത്തി പുകഴ്ത്തി പറയാൻ ഒരു മടി…

“ഹാ അത് നിന്റെ തീറ്റ കണ്ടാൽ മനസിലാവും….. എനിക്ക് അറിയില്ലേ മോനേ ടോണിക്കുട്ടാ നിന്നെ”

വിഷ്ണു വീണ്ടും പലതും പറഞ്ഞു, ഞാൻ ഒന്നിനും കാത് കൊടുക്കാതെ ഭക്ഷണം കഴിച്ച് എഴുന്നേറ്റു.

കൈ കഴുകി ഞാൻ നേരെ പുറത്തിറങ്ങി ഒരു സിഗരറ്റ് എടുത്ത് കത്തിച്ചു... നല്ല കാറ്റ്, മഴക്കാറുമുണ്ട്... രാത്രി നല്ലൊരു അസ്സൽ മഴയ്ക്കുള്ള കോളുണ്ട്....

"അയ്യടാ...... നേരിട്ട് പോയി കൊടുത്ത മതി..... എനിക്ക് വയ്യ നിങ്ങളെ നടുവിൽ കിടന്നു ഇങ്ങനെ മധ്യസ്ഥൻ കളിക്കാൻ"
സിഗരറ്റിന്റെ പുക ഊതി വിടുമ്പോൾ അകത്തു നിന്ന് വിഷ്ണുവിന്റെ ശബ്ദം കെട്ടു...

കുറച്ച് കഴിഞ്ഞ് പിന്നിൽ ഒരു അനക്കം കേട്ട് തിരിഞ്ഞ് നോക്കിയപ്പോൾ മടിച്ച് മടിച്ച് എന്റെ അടുത്തേക്ക് നടന്നു വരുന്ന യാമിനിയെ ആണ് കണ്ടത്.....

"മ്മ്??"
ഞാൻ എന്താണ് കാര്യം എന്ന രീതിയിൽ ഒന്ന് തല പൊക്കി മൂളി. അവളെ കണ്ടപ്പോൾ കയ്യിലുള്ള വലിച്ചു തീരാനായ സിഗരറ്റ് ഞാൻ നിലത്തിട്ട് ചവിട്ടി കെടുത്തി. എന്തോ അവളുടെ മുനിൽ നിന്ന് വലിക്കാൻ ഒരു മടി...

"പൈസ........"
മടിച്ചുകൊണ്ട് തന്നെ അവൾ എനിക്ക് നേരെ കൈ നീട്ടി.... രാവിലെ ഞാൻ ഡ്രസ്സ് വാങ്ങാൻ കൊടുത്ത പൈസയാണെന്ന് മനസിലായി...

"ഇതെന്താ?? ഡ്രസ്സ് വാങ്ങിയില്ലേ?"

"മ്മ..... ഫ്രണ്ട് വന്നിരുന്നു, അവള് വാങ്ങി തന്നു..."
എന്റെ മുഖത്തു നോക്കാതെ ആണ് അവൾ സംസാരിക്കുന്നത്, അത്ര നോക്കാൻ കൊള്ളാത്തതാണോ എന്റെ ഈ മുഖം.

"ഉണ്ണിമായ അല്ലേ??"

ഞാൻ അത് ചോദിച്ച ആ നിമിഷം അതുവരെ എന്റെ മുഖത്തേക്ക് പോലും നോക്കാതെ നിന്നവൾ എന്നെ ആശ്ചര്യത്തോടെ ഒരു നോട്ടം.....

"മ്മ....."
ഒരു നിമിഷം എന്നെ അങ്ങനെ നോക്കി നിന്ന ശേഷം അവൾ അതെ എന്ന രീതിയിൽ മൂളി.

"എന്നെ കാണാൻ വന്നിരുന്നു തന്റെ കൂട്ടുകാരി...."

"എന്തിന്??"
അവൾ പോലും അറിയാതെ ആണ് ആ ചോദ്യം അവളിൽ നിന്ന് വന്നത് എന്ന് തോന്നി.

"ഏയ് അങ്ങനെ പ്രത്യേകിച്ച് ഒന്നുമില്ല, കൂട്ടുകാരിയുടെ വരനെ കാണാൻ പൂതിയായിട്ട് വന്നതാണെന്ന് പറഞ്ഞു"
അവൾ ഒന്നും മിണ്ടാതെ സംശയത്തോടെ എന്നെ നോക്കി നിൽക്കുകയാണ്, എന്റെ മറുപടി ഒട്ടും വിശ്വസനീയം അല്ലെന്ന കാര്യം വ്യക്തമാണല്ലോ....

"ഞാനും തന്റെ രണ്ടാനമ്മയും പെങ്ങളും ഒക്കെ കൂടി തന്നെ ചതിച്ചതാണ് എന്ന് കരുതി തനെ വെറുതെ വിടാൻ പറയാൻ വേണ്ടി വന്നതാണ് പുള്ളിക്കാരി"
ഞാൻ അത് കൂടി കൂട്ടി ചേർത്തു, അത് പറഞ്ഞപ്പോൾ ഞാൻ പ്രതീക്ഷിച്ച പ്രതികരണമല്ല അവളുടെ മുഖത്ത് കണ്ടത്,
അവൾ ചിരി അടക്കി പിടിക്കുകയാണ്...

"എനിക്ക് അങ്ങോട്ട് വരാമോ??"

വിഷ്ണുവിന്റെ ശബ്ദം കേട്ടാണ് ഞാൻ അവളുടെ മുഖത്ത് നിന്ന് കണ്ണെടുത്തത്. അപ്പൊ തന്നെ അവൾ തിരിച്ച് അകത്തേക്ക് കയറി പോയി...... ഞാൻ അവൾ തിരിഞ്ഞ് നടക്കുന്നതും നോക്കി നിന്നു....

“ഹലോ........ മോനുസേ.......”
വിഷ്ണു വന്നു മുഖത്തിന് നേരെ കൈകൊട്ടിയപ്പോഴാണ് ഞാൻ നോട്ടം മാറ്റിയത്.

“ഇന്നലെ അവളെ ചവിട്ടി പുറത്താക്കാൻ നിന്നവൻ ആണ്, നോക്കുന്ന നോട്ടം നോക്ക്........ നാണം കെട്ടവൻ”
ഞാൻ വെറുതെ അവനെ നോക്കി ഒരു ഇളിഞ്ഞ ചിരി ചിരിച്ചു, അല്ലാതെ എനിക്ക് ഒന്നും പറയാനില്ല....... ശരിയാണ് അവൻ പറഞ്ഞത്, എത്ര പെട്ടെന്നാണ് എന്റെ മനസ്സ് മാറുന്നത്.....

ആദ്യം ശ്രീലക്ഷ്മിയെ കണ്ടപ്പോഴും ഒറ്റ നോട്ടത്തിലാണ് ഞാൻ അവളുടെ സൗന്ദര്യത്തിൽ വീണു പോയത്, പക്ഷെ അതിലും സുന്ദരി എന്ന് എനിക്ക് തോന്നുന്ന യാമിനിയെ ആദ്യം കണ്ടപ്പോൾ പ്രേമം തോന്നാൻ പറ്റിയ ഒരു അവസ്ഥയിൽ ഒന്നും ആയിരുന്നില്ല ഞാൻ..... ഇപ്പോ അവളോട് എനിക്ക് എന്തോ ഒരു അട്രാക്ഷൻ തോന്നുന്നുണ്ട്, പക്ഷെ അത് എന്തായാലും അവളുടെ ബാഹ്യ സൗന്ദര്യം മാത്രം കണ്ടിട്ട് അല്ല എന്ന് എനിക്ക് ഉറപ്പാണ്....

“ഒരു വട്ടം ചൂടുവെള്ളത്തിൽ വീണ പൂച്ച പച്ചവെള്ളം കണ്ടാലും പേടിക്കും എന്ന് കേട്ടിട്ടുണ്ട്, അതൊക്കെ പൊട്ട തെറ്റാണെന്ന് നീ തെളിയിക്കുകയാണ് പൊന്നുമോനേ.........”
വീണ്ടും വിഷ്ണുവിന്റെ വൃത്തികെട്ട ശബ്ദം...

“ഒന്ന് പോ മൈരേ....... കുറെ നേരമായി കൊണ കൊണാന്ന്.............”

“ഓ.......ഇപ്പോ നമ്മള് ശല്യമായി ലേ”
വളരെ നാടകീയമായി തന്നെ അവൻ പറഞ്ഞു.

“എന്റെ പൊന്നുമോനെ..... ഒന്ന് വിട്, കുറെ നേരമായി നീ എനിക്കിട്ട് ഊതാൻ തുടങ്ങിയിട്ട്”
ഞാൻ അവന് നേരെ കൈ കൂപ്പിക്കൊണ്ട് പറഞ്ഞു...

“ശരി ക്ഷമിച്ചിരിക്കുന്നു, അപ്പൊ എന്താണ് മോന്റെ പ്ലാൻ?? പുതിയ ജോലി അന്വേഷിക്കണ്ടേ??”

“വേണം....... നീ വല്ലതും നടക്കുമോ എന്ന് നോക്ക്, ഞാനും തപ്പാം”

“മ്മ....... നോക്കാം”

###

രാത്രി വരെ വിഷ്ണു ഞങ്ങടെ കൂടെ തന്നെ ഉണ്ടായിരുന്നു, അവൻ ഉള്ളത് കൊണ്ട് സമയം പോയത് അറിഞ്ഞില്ല.... ഇപ്പോ യാമിനി അവനോട് ഒരുപാട് സംസാരിക്കുന്നുണ്ട്, അവൾ അവനോട് ചിരിച്ചുകൊണ്ട് സംസാരിക്കുന്നതും നോക്കി പൊട്ടനെ പോലെ ഇരിപ്പായിരുന്നു എന്റെ പ്രധാന പണി, അവളുടെ മുഖത്ത് വിരിയുന്ന ഓരോ ഭാവങ്ങളിലും ഒരുതരം കുസൃതി ഒളിച്ചു കിടക്കുന്നത് പോലെ തോന്നി.......

ഇടയ്ക്ക് “മെല്ലെ നോക്ക് മോനെ” എന്ന വിഷ്ണുവിന്റെ കമന്റ് കേട്ടപ്പോഴാണ് ഞാൻ എല്ലാം മറന്ന് അവളുടെ സൗന്ദര്യത്തിൽ ലയിച്ച് ഇരിപ്പാണ് എന്ന കാര്യം ഞാൻ തന്നെ മനസിലാക്കിയത്, ആ സമയം അവളുടെ മുഖത്ത് ഞാൻ കണ്ട ഭാവം......... അതിന്റെ അർത്ഥം മാത്രം മനസിലായില്ല....

രാത്രി അത്താഴം കഴിച്ച ശേഷം വൈകിയാണ് വിഷ്ണു പോയത്, അവൻ പോയപ്പോൾ തന്നെ ഞാൻ പുതപ്പും തലയണയും എടുത്ത് മുകളിലേക്ക് കയറി, എന്തോ ഞങ്ങൾ മാത്രം ആവുമ്പോൾ എനിക്ക് അങ്ങനെ അവളുടെ മുഖത്തേക്ക് പോലും നോക്കാൻ കഴിയുന്നില്ല......

മുകളിൽ കയറിയപ്പോൾ തന്നെ അവസ്ഥ മോശമാണെന്ന് മനസ്സിലായി, ഒടുക്കത്തെ തണുപ്പ്....... ഇന്നലെ രാത്രിയിലെ ഒന്നും ശരിക്കും ഒന്നുമല്ല, അമ്മാതിരി തണുപ്പ്...... തണുത്ത് വിറച്ചിട്ട് പല്ല് കൂട്ടി അടിക്കാൻ തുടങ്ങി,
ഇന്ന് എന്തായാലും ഒരു മിനിറ്റ് പോലും ഉറങ്ങാൻ കഴിയില്ല എന്ന കാര്യം വ്യക്തമായി... ഹാ എന്തായാലും രാവിലെ നേരത്തെ എഴുന്നേറ്റ് എങ്ങോട്ടും പോവാനില്ല...... അത് തന്നെ വലിയ സമാധാനം...

ദേഹം മൊത്തമായി പുതപ്പിൽ മൂടി സിഗരറ്റും വലിച്ച് ഞാൻ അങ്ങനെ അവിടെ ഇരുന്നു, അധിക നേരം അങ്ങനെ ഇരിക്കാനും പ്രകൃതി എന്നെ അനുവദിച്ചില്ല, ദോണ്ടേ വരുന്നു മഴ.............. അതും നല്ല ശക്തമായി തന്നെ, വേഗം ആ വാട്ടർ ടാങ്കിന്റെ അടിയിൽ ഒരു ചെറിയ സ്പേസുണ്ട്, അവിടെ നിന്ന മഴ കൊള്ളില്ല, ഒരാൾക്ക് സുഖമായി നിൽക്കാം, അങ്ങോട്ട് കയറി നിന്നു.....

.

.

.

.

ഒരു രണ്ടു മിനിറ്റ് കഴിഞ്ഞു കാണും, യാമിനി അതാ കയറി വരുന്നു..... ടാങ്കിന്റെ അടിയിൽ നിൽക്കുന്ന എന്നെ അവൾ കാണുന്നില്ല, പെണ്ണ് മഴയത്ത് നിന്ന് ചുറ്റും നോക്കുന്നുണ്ട്....... എന്നെ തിരയുകയാണെന്ന് മനസിലായി....ഞാൻ ചെന്ന് അവളെ കയ്യിൽ പിടിച്ചു വലിച്ച് തിരിച്ച് ടാങ്കിന്റെ അടിയിലേക്ക് ഓടി, അവൾ ഒന്ന് ഞെട്ടിയെന്ന് തോന്നുന്നു.....ചുരുങ്ങിയ സമയംകൊണ്ട് തന്നെ ഞങ്ങൾ മഴയിൽ നനഞ്ഞു കുളിച്ചിരുന്നു....... ഇപ്പോ ടാങ്കിന്റെ അടിയിൽ ആ ചെറിയ സ്ഥലത്താണ് ഞങ്ങൾ നിൽക്കുന്നത്, ഒരാൾക്ക് സുഖമായി നിൽക്കാനുള്ള ഇടമേ ഉള്ളു..... ശരിക്കും പറഞ്ഞ ഞങ്ങൾ രണ്ടുപേരും കെട്ടിപ്പിടിച്ച് ഒന്നായി നിൽക്കുന്നത് പോലെയുണ്ട്.

ഈ തണുത്ത് വിറച്ച് നിൽക്കുന്ന സാഹചര്യത്തിൽ അവളുടെ ചുടുനിശ്വാസം മുഖത്ത് അടിക്കുന്നത് എനിക്ക് വലിയ ആശ്വാസമായി തോന്നി. ചുറ്റും ഇരുട്ടാണ്...
ആ ഇരുട്ടിനെ ഭേദിച്ച് കൊണ്ട് മിന്നൽ വന്നു, ഞങ്ങൾ ഇവിടെ എന്താണ് ചെയ്യുന്നതെന്ന് അറിയാൻ വേണ്ടി മുകളിൽ നിന്ന് പുള്ളി ടോർച്ച് അടിച്ച് നോക്കിയത് ആവാനാണ് സാധ്യത...... എന്തായാലും ആ വെളിച്ചത്തിൽ ഞാൻ കണ്ടു, എന്റെ മുനിൽ

നിൽക്കുന്ന ദേവതയുടെ മനംമയക്കുന്ന സൗന്ദര്യം...... മഴയിൽ നനഞ്ഞു പേടിച്ചു വിറച്ച കണ്ണുകളുമായി എന്റെ മുനിൽ അവൾ നിൽകുമ്പോൾ മുറുകെ കെട്ടിപ്പിടിച്ചു "നിനക്ക് ഞാനുണ്ട്, നീ എന്റെതാണ്" എന്ന് പറയാൻ ഉള്ളം തുടിച്ചെങ്കിലും വളരെ കഷ്ടപ്പെട്ട് നിയന്ത്രിച്ചു.... സമയം ആയിട്ടില്ല

എന്റെ സ്വയം നിയന്ത്രണം കണ്ട് മുകളിൽ ഇരിക്കുന്ന പുള്ളിവരെ കയ്യടിച്ചു പോയി, അതാ മിന്നൽ വന്നുപോയി നിമിഷ നേരംകൊണ്ട് ചെവി പൊട്ടുന്ന ശബ്ദവുമായി ഇടി മുഴങ്ങി....

ഇടി മുഴങ്ങിയതും അവൾ എന്നെ കെട്ടിപ്പിടിച്ചതും ഒരുമിച്ചായിരുന്നു.... അല്പസമയം മുന്നെ അവളെ എങ്ങനെ കെട്ടിപ്പിടിക്കാൻ എന്റെ ഉള്ളം കൊതിച്ചോ അതുപോലെ തന്നെ അവൾ എന്നെ കെട്ടിപ്പിടിച്ചു....
അവൾ വിറയ്ക്കുന്നുണ്ട്, തണുപ്പ് മൂലമാണോ അതോ ഭയന്നിട്ടോ?? അറിയില്ല....
എന്നെ മുറുകെ കെട്ടിപ്പിടിച്ചുകൊണ്ട് എന്റെ നെഞ്ചിൽ തല വെച്ച് നിൽക്കുകയാണ് യാമിനി..... ചുറ്റും താളാത്മകമായി മഴ പെയ്ത് ഇറങ്ങുമ്പോഴും ഞാൻ ആസ്വദിച്ചുകൊണ്ട് നിന്നത് എന്നോട് ചേർന്നു നിൽക്കുന്ന എന്റെ പെണ്ണിന്റെ ഹൃദയമിടിപ്പിന്റെ താളമാണ്..... അല്ല എന്റെ പെണ്ണോ?? അപ്പൊ എനിക്ക് യാമിനിയോട് ഇപ്പോ തോന്നുന്നത് സഹതാപമല്ല......... ശുദ്ധമായ സ്നേഹം മാത്രമാണ് എന്ന് ഞാൻ ഇപ്പോ മനസിലാകുന്നു....

ഞാൻ അവളെ തിരിച്ചും മുറുകെ കെട്ടിപ്പിടിച്ചു..... "നിന്നെ ഞാൻ ഒരിക്കലും കൈവിടില്ല" എന്ന് ഞാൻ ആ ആലിംഗനത്തിലൂടെ പറയാതെ പറഞ്ഞു...... അവൾക്ക് അത് മനസിലായി കാണുമോ??
ഇത്രയും കാലം അനിയത്തിയെ സ്നേഹിച്ചിട്ട് പെട്ടെന്ന് അവളോട് എനിക്ക് സത്യസന്ധമായ പ്രണയമാണെന്ന് പറഞ്ഞ അവൾ വിശ്വസിക്കുമോ?? അല്ല, ആരെങ്കിലും വിശ്വസിക്കുമോ??

അവളെ നെഞ്ചോട് ചേർത്ത് ഇങ്ങനെ നിൽക്കുമ്പോഴും എന്റെ മനസ്സ് ഒരുപാട് സംശയങ്ങളിൽ കുടുങ്ങി കിടക്കുകയായിരുന്നു....

എത്ര സമയം ഞങ്ങൾ അങ്ങനെ നിന്നു എന്ന് അറിയില്ല, പെട്ടെന്ന് അവൾ എന്നിൽ നിന്ന് അകന്നു മാറി നിന്നപ്പോഴാണ് ഞാൻ സ്വബോധത്തിലേക്ക് വന്നത്....

“സോറി...... ന്ക്കി ഇടി പേടിയാ......”

അവളെ തന്നെ നോക്കി നിന്ന എന്നോട് ഭയത്തോടെ ആണ് അവൾ അത് പറഞ്ഞത്, ഞാൻ റൊമാന്റിക് ആയി നോക്കിയത് കുട്ടി തെറ്റിദ്ധരിച്ചു എന്ന് തോന്നുന്നു, ഞാൻ പിന്നെ ഒന്നും പറയാൻ നിന്നില്ല......

“താ......ഴേക്ക്........ പോവാ.....”
തണുത്ത് വിറച്ചിട്ട് അവളുടെ ശബ്ദം മുറിഞ്ഞിരുന്നു, പല്ല് കൂട്ടി ഇടിക്കുന്ന ഒച്ച ആ മഴയത്തും എനിക്ക് കേൾക്കാൻ പറ്റി, ശരിയാണ് മഴ കുറഞ്ഞിട്ടുണ്ട്.

“വാ.........”
ഞാൻ പുതപ്പും തലയണയും പിടിച്ച് താഴേക്ക് ഓടി,

ഏണി ഇറങ്ങി മുകളിലേക്ക് നോക്കുമ്പോൾ അവൾ അവിടെ തന്നെ നിൽക്കുകയാണ്...

“നോക്കി നിൽക്കാതെ ഇറങ്ങ്...”
ഞാൻ താഴെ നിന്ന് ഉറക്കെ പറഞ്ഞു...

“ന്ക്കി പേടിയാ......”
അവളുടെ ദയനീയമായ സ്വരം

“അതിന് ഇടിയൊന്നും വെട്ടുന്നില്ല........ ഇങ്ങോട്ട് ഇറങ്ങാൻ നോക്ക്”

“അതല്ല........ ഏണി ഇറങ്ങാൻ പേടിയാ.....”
വീണ്ടും അതെ സ്വരത്തിൽ അവൾ പറഞ്ഞു...

സത്യം പറഞ്ഞ എനിക്ക് ചിരിയാണ് വന്നത്, അപ്പൊ അത് നിയന്ത്രിക്കാനും പറ്റിയില്ല..... ഞാൻ പൊട്ടി ചിരിച്ചുപോയി.....

"ഒരു കാര്യം ചെയ്, ഇന്ന് രാത്രി അവിടെ നിന്നോ...... രാവിലെ നമുക്ക് എന്തെങ്കിലും പരിഹാരം കാണാം...."
ചിരി അടക്കികൊണ്ട് ഞാൻ പറഞ്ഞു...

"ദുഷ്ടൻ............"
നിലത്ത് ചവിട്ടി ചിണുങ്ങിക്കൊണ്ട് അവൾ അത് പറഞ്ഞപ്പോൾ എനിക്ക് വീണ്ടും ചിരി വന്നു...

"ശരി........ ഗുഡ് നൈറ്റേ......."
ന്നും പറഞ്ഞു ഞാൻ മുറിയിലേക്ക് നടന്നു, പുതപ്പും തലയണയും വെച്ച് ഞാൻ തിരിച്ച് നടന്നു..... അധികം നേരം മഴയത്ത് നിന്ന അവസാനം എനിക്ക് തന്നെ പണിയാവും... വല്ല പനിയും പിടിച്ച ഇവിടെ നോക്കാൻ വേറെ ആരും ഇല്ലാല്ലോ...

"മ്മ...... വാ ഇറങ്ങ്....... ഞാൻ പിടിക്കാ..."
ഞാൻ ഏണിയുടെ അടിവശം പിടിച്ചുകൊണ്ട് പറഞ്ഞു....

"മുറുകെ പിടിക്കണേ....."
ഇറങ്ങാൻ ശ്രമിക്കുന്നതിന് ഇടയ്ക്ക് അവൾ പറഞ്ഞു, അതെ ദയനീയമായ സ്വരം..... പെണ്ണിന് ഉയരം നല്ല പേടിയാണെന്ന് മനസിലായി....

"ഏഹേഹ്....... ഹ്ഹ്ഹ്........ വേണ്ട, പ്ലീസ് പ്ലീസ് പ്ലീസ്....... ന്ക്ക് പേടിയാ................ വീഴും.................. അയ്യോ.......... ഈശ്വരാ................ രാമ രാമ രാമ രാമ..........."

ഇറങ്ങി പകുതി കഴിഞ്ഞപ്പോൾ ഞാൻ ഏണി പിടിച്ചു ചെറുതായി കുലുക്കിയതോടെ പെണ്ണ് പേടിച്ച് ബഹളം വെക്കാൻ തുടങ്ങി, ഓവർ ആക്കിയ താഴെ വീഴുമെന്ന് തോന്നിയത് കൊണ്ട് ഞാൻ നിർത്തി....... ആ ഗ്യാപ്പിൽ അവൾ വേഗം ഇറങ്ങി... അവൾ ഇറങ്ങിയതും ഞങ്ങൾ രണ്ടുപേരും അകത്തേക്ക് ഓടി കയറി....... മഴയുടെ ശക്തി വീണ്ടും കൂടിയിട്ടുണ്ട്.

“ന്ക്കി പേടിയാ............”
മുറിയിൽ കയറിയ ശേഷം എന്നെ ചേറു പരിഭവത്തോടെ നോക്കി നിക്കുന്നത് കണ്ട് അവൾ നേരത്തെ പറഞ്ഞ അതെ ട്യൂണിൽ ഞാൻ പറഞ്ഞു

അവൾ ഒന്നും മിണ്ടാതെ തിരിഞ്ഞ് നടന്നു, പക്ഷെ നടക്കുമ്പോൾ മുഖംകൊണ്ട് ഗോഷ്ഠി കാണിച്ചത് ഞാൻ കൃത്യം കണ്ടു, അപ്പൊ ഉണ്ണിമായ പറഞ്ഞതാണ് എനിക്ക് ഓർമ്മ വന്നത് “ഒരു പാവം പൊട്ടി പെണ്ണാണ്”... അവളുടെ ഗോഷ്ഠിയും ഒപ്പം ഉണ്ണിമായ പറഞ്ഞ ആ വാക്കുകളും കൂടി ഓർത്തപ്പോൾ ചിരി വന്നു....

“ഇതാ തോർത്ത്.....”
എനിക്ക് നേരെ തോർത്ത് നീട്ടി കൊണ്ട് അവൾ പറഞ്ഞു.

“ എന്ത് നോക്കി നിൽക്കാ, പോയി തലയിലെ വെള്ളം ഒക്കെ പൊക്കി നനഞ്ഞ ഡ്രസ്സ് മാറ്റ്”
തോർത്ത് തന്ന ശേഷം എന്റെ അടുത്ത് തന്നെ നിന്ന് പരുങ്ങി കളിക്കുന്നത് കണ്ട് ഞാൻ പറഞ്ഞു.

“വേറെ......... തോർത്തില്ല....”
അവള് മടിച്ച് മടിച്ച് പറഞ്ഞു...

“എന്തേ കൂട്ടുകാരി ഇതൊന്നും വാങ്ങി തന്നില്ലേ…”
തല വേഗം തോർത്തിയ ശേഷം തോർത്ത് അവൾക്ക് നേരെ നീട്ടി കൊണ്ട് ഞാൻ ചോദിച്ചു, പെണ്ണിന്റെ മുഖം പന്തിന് കാറ്റ് അടിക്കുന്നത് പോലെ വീർത്തു വീർത്ത് വരുന്നുണ്ട്… തോർത്തും വാങ്ങി വേഗം ബാത്ത്റൂമിലേക്ക് കയറി പോയി.

ആ സമയത്ത് ഞാൻ നനഞ്ഞ ഡ്രസ്സ് മാറ്റി വേറെ ഡ്രസ്സ് എടുത്തിട്ട് ജനാലയുടെ അടുത്ത് പോയി നിന്ന് പുറത്ത് തകർത്തു പെയ്യുന്ന മഴയും നോക്കി നിന്നു,

പുറകിൽ കുളിമുറിയുടെ വാതിൽ തുറക്കുന്ന ശബ്ദം കേട്ട് തിരിഞ്ഞ് നോക്കിയ ഞാൻ അക്ഷരാർത്ഥത്തിൽ ഞെട്ടി തരിച്ചു പോയി, ഒരു ലൈറ്റ് പിങ്ക് നിറത്തിലുള്ള നൈറ്റ് ഗൗണും ഇട്ട് തല തോർത്തികൊണ്ട് ഇറങ്ങി വരുന്ന യാമിനി.
എന്റെ മനസിനെ ഞാൻ തന്നെ പ്രാകി പോയി, മനുഷ്യനെ നാറ്റിക്കും ചെറ്റ, കണ്ണ്ട്രോൾ….
ഇങ്ങനെ വായും തുറന്ന് നോക്കി നിൽക്കല്ലേ… ആഗ്രഹമുണ്ട്, പറ്റുന്നില്ല…. എന്റെ ഉള്ളിൽ ഒരു വലിയ വടംവലി മത്സരം നടക്കുന്നത് പോലെ തോന്നി…

ഞാൻ വേഗം ചെന്ന് ഒരു ബെഡ്ഷീറ്റ് എടുത്ത് നിലത്ത് വിരിച്ച് അതിൽ കയറി കിടന്നു…
കണ്ണും പൂട്ടി കിടക്കുന്നതാണ് സേഫ്, ഇത്ര ദുർബലമായിരുന്നോ എന്റെ മനസ്സ്…….. ഛെ………. “അതെ മോനെ, യൂ ഹാവ് ടു ഗ്രോ” ഉള്ളിൽ നിന്നും വീണ്ടും ആരോ പറഞ്ഞു…..

“ഏയ്……. ഞാൻ താഴെ കിടന്നോളാം”
യാമിനിയുടെ ശബ്ദം കേട്ടാണ് കണ്ണ് പൂട്ടിയുള്ള മനസ്സ് നിയന്ത്രിക്കൽ അവസാനിപ്പിച്ചത്.

“വേണ്ട……..”
ഒറ്റ വാക്കിൽ ഞാൻ എന്റെ മറുപടി ഒതുക്കി.

“പ്ലീസ്.........”
അവൾക്ക് വിടാനുള്ള പ്ലാൻ ഇല്ല, ഒന്ന് മനുഷ്യനെ ഇങ്ങനെ പരീക്ഷിക്കാതെ ലൈറ്റും ഓഫാക്കി കിടക്കാൻ നോക്ക് പെണ്ണേ എന്നാണ് പറയാൻ തോന്നിയത്.

“വേണ്ടാ...... ലൈറ്റ് ഓഫാക്കി പോയി കിടക്ക്”
അത്രയെ പറഞ്ഞുള്ളൂ, അതും അല്പം കനത്തിൽ തന്നെ.... അവൾ പിന്നെ ഒന്നും മിണ്ടാൻ നിന്നില്ല, വേഗം ലൈറ്റും ഓഫാക്കി കട്ടിലിൽ കയറി കിടന്നു....

മഴയാണ് എല്ലാത്തിനും കാരണം, ദുഷ്ടൻ...... പക്ഷെ എന്റെ ഉള്ളിലുള്ളത് കുറച്ചു കുറച്ചായി എനിക്ക് തന്നെ മനസിലായി വരുന്നുണ്ട്, അതിന് മഴയ്ക്ക് നന്ദി....

പുറത്ത് തണുപ്പത്ത് കിടന്ന് എങ്ങനെ ഉറങ്ങുമെന്ന് ആയിരുന്നു ഇതുവരെയുള്ള വിഷമം, പക്ഷെ ഇപ്പോ ഉറങ്ങാൻ അതിലും കഷ്ടം തോന്നുന്നു, നിദ്രാദേവി ഈ പരിസരത്തേക്ക് തിരിഞ്ഞ് നോക്കുന്നു പോലും ഇല്ല......... കുറെ നേരം തിരിഞ്ഞും മറിഞ്ഞും കിടന്നിട്ടും ഉറക്കം വരാതെ ആയപ്പോൾ എഴുന്നേറ്റ് വാതിലിന്റെ അടുത്ത് പോയി നിന്ന് ഒരു സിഗരറ്റ് എടുത്ത് കത്തിച്ചു....

മഴ നിന്നിരുന്നു, മേഘങ്ങൾ ഗർജ്ജിക്കുന്നില്ല.... നിശബ്ദത..... ചുറ്റും നിശബ്ദത..... പ്രകൃതി കുളിച്ച് കുട്ടപ്പനായി നിൽക്കുന്നു.... നല്ല മണം.... സിഗരറ്റ് വലിച്ചു തീർന്നത് അറിഞ്ഞില്ല, ഞാൻ ഒന്നും ചിന്തിച്ചിരുന്നില്ല..... ഒരു മഴ പെയ്തു പോയ ശേഷമുള്ള പ്രകൃതിയുടെ പ്രത്യേക സൗന്ദര്യത്തിൽ ലയിച്ച് പോയിരുന്നു.........

അല്പസമയം അങ്ങനെ നിന്ന ശേഷം വാതിൽ അടച്ചു വന്ന് കിടക്കാൻ നേരം നോക്കുമ്പോൾ യാമിനിയും ഉറങ്ങിയിട്ടില്ല, ഇരുട്ടത്ത് അവളുടെ കണ്ണുകൾ തിളങ്ങുന്നു.... ഇതെന്താ പൂച്ചയോ?? എന്നെ തന്നെ നോക്കി കിടക്കുകയാണ്....... ഈ പൊട്ടൻ രാത്രി ഉറങ്ങാതെ എന്ത് ചെയ്യുകയാണെന്ന് നോക്കിയതാവും,
കൂടുതൽ നേരം നോക്കി നിന്നില്ല, ഞാൻ വേഗം കിടന്നു.... പക്ഷെ വീണ്ടും ഒരുപാട് കഷ്ടപ്പെട്ട ശേഷമാണ് നിദ്രാദേവി കനിഞ്ഞത്.
###

അടുത്ത ദിവസം രാവിലെ അടുക്കളയിൽ പാത്രങ്ങളുടെ ശബ്ദം കെട്ടാണ് ഞാൻ എഴുന്നേറ്റത്, ഇവൾ പാത്രങ്ങൾ വെച്ച് വല്ല യുദ്ധവും ചെയ്യാണോ.... ഒക്കെ പൊളിച്ചടുക്കും എന്ന് തോന്നുന്നു.
സമയം എട്ടര ആയതേ ഉള്ളു, പ്രഭാത കർമങ്ങൾ എല്ലാം വൃത്തിക്ക് ചെയ്ത് തീർത്ത ശേഷം അവൾ തന്ന കട്ടൻ ചായയും എടുത്ത് പുറത്ത് പോയി ഇരുന്നു....
താഴെ റോഡിലെ കാഴ്ചകൾ കാണാൻ തന്നെ നല്ല രസമാണ്, കട്ടൻ ചായയോടൊപ്പം ഒരു സിഗരറ്റും കത്തിച്ചുകൊണ്ട് ഞാൻ പുറത്തെ കാഴ്ചകൾ നോക്കി കണ്ടു,

ബസ്സ്റ്റോപ്പിൽ പല സൈസിൽ പല ഷേപ്പിലുള്ള തരുണീമണികൾ നിൽപ്പുണ്ട്, കോളേജിൽ പോവുന്നതും ജോലിക്ക് പോകുന്നതും..... അങ്ങനെ അങ്ങനെ അങ്ങനെ..... ഹൗ കൊള്ളാം, ഇനി ദിവസവും ഈ സമയത്ത് എഴുന്നേറ്റ് ഇവിടെ വന്നിരിക്കണം.... നല്ല കളക്ഷനുള്ള ഏരിയയാണ്.... ആ കറുത്ത ചുരിദാറിട്ട കുട്ടി ഇങ്ങോട്ട് നോക്കിയില്ലേ?? എന്തായാലും മുൻവശം കൊള്ളാം, പിന്നാമ്പുറം കൂടി കാണാൻ പറ്റിയ നന്നായിരുന്നു....

"ഫോൺ............."
പിന്നിൽ നിന്ന് യാമിനിയുടെ ശബ്ദം കേട്ട് ഞാൻ ഞെട്ടിപ്പോയി, ചുണ്ടിലിരുന്ന സിഗരറ്റ് തെന്നി താഴെ വീണു, ഭാഗ്യം ചായ കപ്പ് വീണില്ല.

"മ്മ....."
ഫോൺ തന്ന ശേഷം താഴേക്ക് എത്തി നോക്കിയിട്ട് എന്നെ ഒന്ന് തുറിച്ചു നോക്കിയാണ് അവൾ അകത്തേക്ക് പോയത്...

മോശമായോ?? ഏയ്, ഇതൊക്കെ സർവ്വസാധാരണമല്ലേ.... ഒന്നും കൂടി താഴേക്ക് നോക്കിയപ്പോൾ ആ കറുത്ത ചുരിദാറിട്ട കുട്ടി ഇങ്ങോട്ട് നോക്കി ചിരിക്കുന്നു... ഛെ, കളഞ്ഞ്..... യാമിനി കണ്ട് കാണുമോ?? ചാൻസുണ്ട്, ആ നോട്ടം അത്ര പന്തി ആയിരുന്നില്ല..... പക്ഷെ, അവൾക്ക് എന്താ?? അവൾക്കും എന്നോട് ഇഷ്ടം തോന്നി തുടങ്ങിയോ?? ആാാ........

ഫോൺ ഒക്കെ എപ്പോഴോ കട്ട് ആയിരുന്നു, നോക്കിയപ്പോൾ വിഷ്ണുവാണ് വിളിച്ചത്... ഇവൻ എന്താ രാവിലെ തന്നെ??

"എന്താടാ രാവിലെ തന്നെ...."

തിരിച്ച് വിളിച്ചപ്പോൾ ഫോൺ എടുത്തതും ഞാൻ ചോദിച്ചു"എന്താടാ ആദ്യം ഫോൺ എടുക്കാഞ്ഞത്?? കെട്ട്യോളെയും കെട്ടിപ്പിടിച്ച് കിടക്കുകയാവും ലേ??"
അതെ ട്യൂണിൽ അവൻ തിരിച്ച് ചോദിച്ചു..."ആഹ്, ഞാൻ എന്റെ കെട്ട്യോളെ കെട്ടിപ്പിടിച്ച് കിടക്കുന്നതിന് നിനക്ക് എന്താ മൈരേ......"
അത് പറഞ്ഞു തിരിയലും ഞാൻ കാണുന്നത് എന്റെ തൊട്ടടുത്ത് നിൽക്കുന്ന എന്റെ കെട്ട്യോളെയാണ്.... ഇവൾ പോയില്ലേ...അവൾ എന്നെ തന്നെ നോക്കി നിൽക്കുകയാണ്, മുഖത്ത് പ്രത്യേകിച്ച് ഭാവം ഒന്നുമില്ല.... കിളി പോയ പോലെയുണ്ട്, എന്റെ അവസ്ഥയും ഏകദേശം അങ്ങനെ ഒക്കെ തന്നെ ആയിരുന്നു....

"മ്മ്??"
ഞാൻ അവളെ നോക്കി ചോദ്യ ഭാവത്തിൽ പുരികം ഉയർത്തി, അത് തന്നെ എങ്ങനെ ചെയ്ത് ഒപ്പിച്ചു എന്ന് എനിക്കെ അറിയൂ... ആകെ ഒരു വെപ്രാളം.
അവൾ ഒന്നും മിണ്ടാതെ എന്റെ കയ്യിൽ ഇരുന്ന ചായ കപ്പും വാങ്ങി അകത്തേക്ക് പോയി, ഞാൻ അവൾ പോവ്വുന്നതും നോക്കി നിന്നു, ഛെ....... ഇന്നത്തെ ദിവസം ശരിയല്ല, "ഓ പറയുന്നത് കേട്ട കഴിഞ്ഞ കുറെ ദിവസങ്ങൾ അടിപൊളി ആയിരുന്നു എന്ന് തോന്നും" ഉള്ളിൽ നിന്നും ആരോ പറഞ്ഞു, ആ പറയുന്നവനെ ഇങ്ങോട്ട് കിട്ടിയിരുന്നെങ്കിൽ ചവിട്ടി കൂട്ടി ഒരു മൂലയിൽ ഇടാമായിരുന്നു..... ശല്യം....

"ഹലോ....... കള്ള കുണ്ണ..... എന്താടാ ഒന്നും മിണ്ടാതെ....."
ഫോണിലൂടെ വിഷ്ണുവിന്റെ ശബ്ദം,

"എന്താ മൈരേ രാവിലെ തന്നെ, കാര്യം പറ"

“നമ്മുടെ അർജുൻ ജോലി ചെയ്യുന്ന കമ്പനിയിൽ ഒരു ഒഴിവുണ്ട്, ഇന്ന് അവിടെ ഇന്റർവ്യൂണ്ട്, നീ ഒന്ന് പോയി നോക്ക്....”
അർജുൻ ഞങ്ങടെ കൂടെ കോളേജിൽ പഠിച്ച ഒരു മൈരനാണ്....

“എന്താ പോസ്റ്റ്??”

“എം. ഡി....... എന്തേ അങ്ങൂന്നിന് പറ്റുമോ??”

“എന്ത് ഊമ്പിയ പണി ആണെങ്കിലും ശമ്പളം കൃത്യമായി കിട്ടിയ മതി”

“പ്ഫാ............ പറയിപ്പിക്കരുത്, അക്കൗണ്ടന്റ് പോസ്റ്റിലേക്ക് ആണ്”

“അയ്യോ, കണക്കപ്പിള്ളയോ?? ഡിഗ്രി ഒന്നും ഇല്ലാതെ ഞാൻ പോയിട്ട് വല്ല കാര്യം ഉണ്ടോ??”

“പോയി നോക്ക്, കിട്ടിയ കിട്ടി പോയ പോയി..... എന്തായാലും ജോലി നിന്നെ തിരഞ്ഞു വീട്ടിൽ വരില്ല”

“മതി മോനെ സിനിമ ഡയലോഗ് അടിച്ചത്, വെച്ചിട്ട് പോവാൻ നോക്ക്”

“ശരി നീ പോയി നോക്ക് ട്ടോ, അഡ്രസ്സ് ഞാൻ ടെക്സ്റ്റ് ചെയ്യാ”

“മ്മ....... ശരി ശരി”

ഫോൺ വെച്ച് രണ്ട് മിനിറ്റിനുള്ളിൽ അവൻ അഡ്രെസ്സ് അയച്ചു തന്നു, എന്തൊരു കൃത്യനിഷ്ഠ..... എന്തായാലും വിഷ്ണു ഇത്ര പറഞ്ഞ സ്ഥിതിക്ക് ഒന്ന് പോയി നോക്കാം, എനിക്ക് വലിയ പ്രതീക്ഷ ഒന്നുമില്ല..... ഡിഗ്രി ഡ്രോപ്പ് ഔട്ട് ചെയ്ത എന്നെ ഒക്കെ തിരഞ്ഞെടുക്കാൻ മാത്രം ദാരിദ്ര്യം പിടിച്ച കമ്പനി ആയിരിക്കുമോ??

കുറച്ച് ദൂരമുണ്ട്, രണ്ട് മൂന്ന് ബസ് മാറി കേറി പോവണം. പതിനൊന്നു മണിക്ക് മുന്നെ അവിടെയെത്തണമെങ്കിൽ ഇപ്പോ തന്നെ ഇറങ്ങണം... രാവിലെ തന്നെ കളക്ഷൻ ഒക്കെ എടുത്ത് ഒന്ന് സെറ്റ് ആയി വന്നതാണ്, ആ ഫ്ലോ അങ്ങ് പോയി....

കൂടുതൽ നേരം മടിപിടിച്ച് ഇരുന്നില്ല, വേഗം തന്നെ കുളിച്ചു മാറ്റി ബ്രേക്ക്ഫാസ്റ്റ് ഒക്കെ കഴിച്ച് റെഡിയായി... എന്റെ പെട്ടെന്നുള്ള തിരക്ക് പിടിച്ചുള്ള തലങ്ങും വിളങ്ങും ഓട്ടം കണ്ട് അത്ഭുതത്തോടെ നോക്കുന്നുണ്ട് യാമിനി. പാവത്തിന് ഈ ഓട്ടം ഒന്നും കണ്ട് ശീലമില്ല എന്ന് തോന്നുന്നു, സ്കൂളിൽ ആദ്യമായി പോവാൻ തുടങ്ങിയ ദിവസം തുടങ്ങിയതാകും ഈ രാവിലത്തെ നെട്ടോട്ടം... എന്നെക്കാൾ കൂടുതൽ ഓടിയിരുന്ന ഒരാളുണ്ട് ട്ടോ, എന്റെ മേരി....

എല്ലാം കഴിഞ്ഞു ഫോർമൽ ഷർട്ടും പാന്റും ഒക്കെ ഇട്ട് കണ്ണാടിയിൽ നോക്കിയപ്പോൾ എന്തോ ഒരു ആത്മവിശ്വാസം അനുഭവപ്പെട്ടു, ഇപ്പോ എന്നെ കണ്ട വേണമെങ്കിൽ പിടിച്ചു ഒരു കമ്പനിയുടെ എം.ഡി ഒക്കെ ആക്കാനുള്ള ലുക്കുണ്ട്...

ആ ആത്മവിശ്വാസം പൊടിക്ക് പോലും കുറയ്ക്കാതെ ഞാൻ ചിരിച്ചുകൊണ്ട് ഇറങ്ങി, ഇറങ്ങാൻ നേരം യാമിനി വാതിലിന് അടുത്ത് വന്ന് നിന്നിട്ട് ഒരു പുഞ്ചിരി സമ്മാനിച്ചു, അത് കൂടി ആയപ്പോൾ കോൺഫിഡൻസ് ലെവൽ അങ്ങ് വാണം വിട്ട പോലെ കുത്തനെ ഉയർന്നു, "ഒന്ന് പൊന്തിയ ശേഷം നിയന്ത്രണം തെറ്റി അപ്പുറത്തെ തൊടിയിൽ പോയി വീഴാഞ്ഞ മതി".... ഞാൻ സ്വയം ആത്മവിശ്വാസം പകരാൻ ശ്രമിക്കുമ്പോൾ അത് പൊളിക്കാൻ വേണ്ടി എന്റെ ഉള്ളിൽ കുടിയിരിക്കുന്ന ആ നെഗറ്റീവോളി മൈരൻ പറഞ്ഞു... തളരില്ല, പതറില്ല, തകരില്ല....

മൂന്ന് ബസ് ഒക്കെ മാറി കേറി അവിടെ എത്തുമ്പോഴേക്കും സമയം 11:20 ആയിരുന്നു, ഇന്റർവ്യൂ തുടങ്ങിയിട്ടുണ്ട്... അധികം എതിരാളികളൊന്നും ഇല്ല, പേരിന് പോലും എനിക്ക് ടൈറ്റ് കോമ്പറ്റിഷൻ തരാൻ പറ്റിയ ആരെയും കാണുന്നില്ല.... റിസപ്ഷനിൽ ഇരിക്കുന്ന കുട്ടി പേര് ചോദിച്ചപ്പോൾ പറഞ്ഞു കൊടുത്തു, നല്ലൊരു കൊച്ച്... ആ കാട്ട് കോഴി അർജുൻ ഉള്ളപ്പോൾ ഈ കുട്ടി ഒക്കെ എന്ത് ധൈര്യത്തിലാണ് ഇവിടെ ഇരിക്കുന്നത്.... പറയും പോലെ അവനെ കാണുന്നില്ലല്ലോ... ആഹ്, എവിടെയെങ്കിലും ആവട്ടെ.... വെറുതെ വിളിച്ചു വരുത്തിയ അവന്റെ തള്ളും കേട്ട് ഇരിക്കേണ്ട വരും...

“ടോണി മാത്യൂസ്.....”
എന്റെ പേര് വിളിച്ചപ്പോൾ ഞാൻ ഇന്റർവ്യൂ നടക്കുന്ന മുറിയിലേക്ക് ചെന്നു

ഒരു വലിയ ടേബിൾ, അതിന്റെ അപ്പുറത്ത് രണ്ട് മധ്യവയസ്കർ ഇരിക്കുന്നു, വല്ലാത്തൊരു അന്തരീക്ഷം..... അതുവരെ കഷ്ടപ്പെട്ട് പിടിച്ചു നിർത്തിയ ആത്മവിശ്വാസം ആ മുറിയിലേക്ക് കാലെടുത്ത് വച്ചതും പന്തിന്റെ കാറ്റ് ഊരി വിട്ടത് പോലെ പോയി...

“കമ്മ്.... സിറ്റ് ഡൌൺ.....”
അകത്ത് കയറിയ ശേഷം മടിച്ചു നിന്ന എന്നോട് അതിൽ ഒരാൾ പറഞ്ഞു, കേട്ടപാടെ ഞാൻ അവർക്ക് നേരെ ഓപ്പോസിറ്റ് ഇട്ട കസേരയിൽ ഇരുന്നു.

“ഹായ് ടോണി, വെർ ഈസ് യുവർ സി.വി??”
കയ്യും വീശി ചെന്ന എന്നോട് അവരുടെ ആദ്യത്തെ ചോദ്യം.
സി.വി...... അതെന്നാ ചാതനം??

ഞാൻ ഒന്നും മിണ്ടിയില്ല.... ഇതിന്റെ കാര്യത്തിൽ ഒരു തീരുമാനം ആയെന്ന് അവരുടെ മുഖഭാവത്തിൽ നിന്ന് മനസിലായി.

“ഒരു സി.വി പോലും ഇല്ലാതെ ആണോ ഡോ ഇന്റർവ്യൂന് വരുന്നത്??”

“അത് പിന്നെ എടുക്കാൻ മറന്നു പോയതാണ് ചേട്ടാ”
എന്തായാലും ഈ ജോലി കിട്ടില്ലെന്ന് ഉറപ്പായി, പിന്നെ വെറുതെ കേറി സാറേ ന്ന് വിളിച്ച് സോപ്പ് ഇടേണ്ട കാര്യമില്ല, എടുക്കാൻ മറന്നു പോയി എന്നൊക്കെ വെറുതെ തട്ടി വിട്ടതാണ്..... ആ സി. വി എന്താണ് സാധനം എന്ന് ഇപ്പോഴും എനിക്ക് ഒരു പിടിയും കിട്ടിയിട്ടില്ല.

“ഗെറ്റ് ഔട്ട്........ വെറുതെ സമയം കളയാൻ. ..... സ്റ്റുപ്പിഡ് ക്രീച്ചർ”
അതിൽ ഒരാൾ ശബ്ദം ഉയർത്തി

“അടങ്ങു അമ്മാവാ, വെറുതെ ബി.പി കൂട്ടണ്ട..... അല്ലെങ്കിലും ഞാൻ ഉദ്ദേശിച്ച ഒരു ലെവൽ ഒന്നുമില്ല നിങ്ങടെ ഓഫീസ്, പിന്നെ വന്ന സ്ഥിതിക്ക് ഒന്ന് കയറിയിട്ട് പോവാമെന്ന് കരുതി”
അവരെ രണ്ടുപേരെയും നോക്കി നല്ലൊരു ചിരിയും ചിരിച്ച് ഞാൻ പുറത്തേക്ക് ഇറങ്ങി, എന്തായിരുന്നു...... വല്യ ബിൽഡ് അപ്പ് ഒക്കെ സ്വായം കൊടുത്ത് മൂന്ന് ബസും കയറി വന്നതാണ്, ഒരു സി. വി പറ്റിച്ച പണിയെ......

അവിടെ നിന്ന് ഇറങ്ങിയ ശേഷം ആദ്യം ചെയ്തത് വിഷ്ണുവിനെ ഫോൺ വിളിക്കലാണ്

“ഹലോ, ഇന്റർവ്യൂ എന്തായി മോനെ??”
ഫോൺ എടുത്ത പാടേ അവൻ ചോദിച്ചു

“ഊ...........ഞാ....... ലാ.....”

“പോട്ടെ സാരമില്ല, കഴിവുള്ള ഞാൻ തന്നെ അഞ്ചോ ആറോ ഇന്റർവ്യൂ അറ്റൻഡ് ചെയ്തിട്ടാണ് ജോലി കിട്ടിയത്, അപ്പൊ കഴിവില്ലാത്ത നിന്റെ കാര്യം പറയണോ..... ഹ.... ഹ..... ഹ......ഹ..... ഇതൊക്കെ ഒരു എക്സ്പീരിയൻസ് ആയി കണ്ട മതി”

“എന്റെ ക്വാളിഫിക്കേഷന് അനുസരിച്ച ജോലി അല്ലേ കിട്ടു, ഇനി വെറുതെ ഇമ്മാതിരി പണിക്ക് നിക്കാൻ വയ്യ, അങ്ങനെ എന്തെങ്കിലും ഒരു ജോലി തപ്പണം”
അവരുടെ മുനിൽ ഒട്ടും താഴാതെ തന്നെ ഇറങ്ങി വന്നെങ്കിലും എന്റെ ആത്മവിശ്വാസം ചോർന്നിരുന്നു,

“ഹേയ് വിട്ടുകള മുത്തേ....... ഇതുവരെ സംഭവിച്ചത് എല്ലാം നല്ലതിനായി മാറുന്നില്ലേ, അതുപോലെ ഇതും നല്ലതിന് ആവും...... ഇതിലും നല്ല ഒരു ജോലി നിന്നെ കാത്ത് നിൽക്കുന്നുണ്ടാവും......... നോക്കാം”
എന്റെ ശബ്ദത്തിലെ പതർച്ച മനസിലാക്കി ആവണം, അവൻ കളിയാക്കൽ നിർത്തി നൈസ് ആയിട്ട് എന്നെ ആശ്വസിപ്പിച്ചു.

“മ്മ്....”
ഞാൻ ഒന്നും മിണ്ടിയില്ല, എല്ലാം കേട്ട് വെറുതെ മൂളി.

“ശരി മോൻ റൂമിലേക്ക് ചെല്ല്, ഞാൻ വൈകുന്നേരം വരാ”

“മ്മ്.......”

തിരിച്ചു മൂന്ന് ബസ് കയറി പി.ബിയിൽ എത്തുമ്പോഴേക്കും ഞാൻ ക്ഷീണിച്ചിരുന്നു, നട്ടുച്ച വെയില് കൂടി കൊണ്ടതോടെ ചെറുതായി തലവേദന എടുക്കാൻ തുടങ്ങി. വീഴാതെ പടികൾ കയറി മുകളിൽ എത്തിയത് എങ്ങനെ ആണോ എന്തോ....

മുകളിൽ എത്തിയപ്പോൾ മുറിയിൽ നിന്ന് അടക്കിയ സംസാരം കെട്ടു, യാമിനി ചിരിക്കുന്നുണ്ട്...... ആരാ ഇപ്പോ ഇവളെ കാണാൻ ഇവിടെ വന്നത്??

അകത്തു നിന്ന് മറ്റൊരു ചിരി കെട്ടു, വളരെ പരിചയമുള്ള ഒരു ചിരി, ആാ ചിരിയുടെ ഉടമയെ തിരിച്ചറിഞ്ഞതും എന്റെ ക്ഷീണം എല്ലാം പറപറന്നു...... അതെ എന്റെ മേരി, മേരിയുടെ ചിരിയാണ് ആ കേട്ടത്..... മേരി എങ്ങനെ ഇവിടെ?? അപ്പൻ സമ്മതിച്ച് കാണുമോ ഇങ്ങോട്ട് വരാൻ??

ഞാൻ ആവേശത്തോടെ വാതില് തള്ളി തുറന്ന് അകത്ത് കയറുമ്പോൾ കാണുന്നത് കട്ടിലിൽ കാല് നീട്ടി ഇരിക്കുന്ന മേരിയും, മേരിയുടെ മടിയിൽ തല വെച്ച് കിടക്കുന്ന യാമിനിയും... എന്റെ പൊന്നു മേരിയുടെ സ്പെഷ്യൽ ഹെഡ് മസ്സാജും ആസ്വദിച്ചു കിടക്കുകയാണ് യാമിനി, പക്ഷെ അത് കണ്ടപ്പോൾ എനിക്ക് ചെറുതായി അസൂയ തോന്നി.... എനിക്ക് മാത്രം കിട്ടിയിരുന്ന സ്പെഷ്യൽ മസ്സാജ് ആണ്.....

“ഹോ പേടിപ്പിച്ച് കളഞ്ഞല്ലോ ചെക്കാ....”
വാതില് തള്ളി തുറന്നുള്ള എന്റെ മാസ്സ് എൻട്രയിൽ ഞെട്ടി പോയ ശേഷം മേരി ചൂടായി, സന്തോഷം കൊണ്ട് എന്നെ കണ്ട ഉടനെ ഓടി വന്ന് കെട്ടിപ്പിടിക്കും എന്ന് കരുതിയ ഞാൻ ആരായി, അല്ലെങ്കിലും സന്തോഷം കൊണ്ട് ഓടി വന്ന് കെട്ടിപ്പിടിക്കാൻ മകൻ വേൾഡ് കപ്പും ജയിച്ച് വരുകയല്ലല്ലോ..... അറ്റ്ലീസ്റ്റ് സങ്കടം കൊണ്ടെങ്കിലും അവളെ മടിയിൽ നിന്ന് എഴുന്നേൽപ്പിച്ച് എന്നെ വന്നു കെട്ടിപ്പിടിക്കാമായിരുന്നു.

ഞാൻ അവരുടെ അടുത്തേക്ക് ചെന്നതും യാമിനി മേരിയുടെ മടിയിൽ നിന്നും എഴുന്നേറ്റിരുന്നു.

"പൊന്നുമോൻ ഒന്ന് ഇങ്ങോട്ട് വന്നേ....."
അടുത്ത് എത്തിയതും മേരി എന്നെ വാത്സല്യത്തോടെ വിളിച്ചു, ആ വിളി കേട്ടതും ദേഹത്തെ ഓരോ രോമവും എഴുന്നേറ്റ് നിന്ന് സല്യൂട്ട് അടിച്ചു.... കഴിഞ്ഞ ദിവസങ്ങളിൽ ഞാൻ ഏറ്റവും കൂടുതൽ കേൾക്കാൻ കൊതിച്ചത് ഇതായിരുന്നു..... എന്റെ മേരിയുടെ വാത്സല്യത്തോടെയുള്ള ഈ സ്വരം.

കേൾക്കാൻ കൊതിച്ചത് കേട്ട സന്തോഷത്തിൽ ഞാൻ കട്ടിലിൽ ഇരിക്കുന്ന മേരിയുടെ അടുത്തേക്ക് കുനിഞ്ഞു

"ഔ............ ആാാ........ മേരി വേദനിക്കുന്നു... വിട്."
അതെ ആ വാത്സല്യം ഒരു ചതിയായിരുന്നു, അടുത്തേക്ക് മുഖം അടുപ്പിച്ച എന്റെ ചെവി മേരി പിടിച്ചു തിരിച്ച് ഒരു പരുവമാക്കി.

"മതി....... പ്ലീസ് പ്ലീസ് പ്ലീസ്, വിട്.... ആാാ........"
ഞാൻ നിന്ന് കുതറി, മേരിയ്ക്ക് ചെവി വിടാനുള്ള പ്ലാൻ ഇല്ലെന്ന് തോന്നുന്നു, യാമിനി ഇതെല്ലാം കണ്ട് കട്ടിലിൽ ഇരുന്ന് ചിരിക്കുന്നുണ്ട്...... അത് കണ്ടപ്പോൾ ചെറുതായി ലജ്ജ തോന്നി, ഇതുവരെ തോന്നാത്ത ഒരു വികാരം.

"ഇത് എന്തിനാ ന്ന് മനസ്സിലായോ??"
ചെവിയിൽ നിന്ന് കൈ വിട്ട ശേഷം മേരി ഗൗരവത്തോടെ ചോദിച്ചു...

“മ്മ....... കല്യാണം കഴിച്ചതിന്”
ചെവി തടവിക്കൊണ്ട് ഞാൻ ഒരു ഒഴുക്കൻ മട്ടിൽ പറഞ്ഞു.

“ഏയ് ഒരിക്കലും അല്ല, എന്റെ പൊന്നുമോൻ ജീവിതത്തിൽ ആദ്യമായിട്ട് ചെയ്ത നല്ല കാര്യമാണ് അത്....... അതുകൊണ്ട് അല്ലേ ഈ ചക്കര കുടത്തിനെ എനിക്ക് കിട്ടിയത്”

എന്നെ നോക്കി ആക്കിയ സ്വരത്തിൽ പറഞ്ഞ ശേഷം അടുത്തിരിക്കുന്ന യാമിനിയുടെ നെറുകയിൽ ഒരു മധുര ചുംബനം നൽകി എന്റെ മാതാവ്, ആ സമയം യാമിനി മേൽചുണ്ടും കീഴ്ചുണ്ടും കൂട്ടി പിടിച്ച് ചിരി അടക്കി കൊണ്ട് എന്നെ ഒരു നോട്ടം നോക്കി, അതു കൂടി കണ്ടപ്പോൾ എനിക്ക് ശരിക്കും ദേഷ്യം വരാൻ തുടങ്ങി....
എന്റെ മേരി വേറെ ഒരാളെ കൊഞ്ചിക്കുന്നത് എനിക്ക് ഇഷ്ടമല്ല, അതിന്റെ കൂടെ എന്നെ കളിയാക്കുക കൂടി ചെയ്താൽ.......“ഓ ഒരു ചക്കര കുടം...”
ഞാൻ മെല്ലെ പിറുപിറുത്തു“എന്താ....... എന്തെങ്കിലും പറഞ്ഞോ??”
വീണ്ടും മേരിയുടെ ഗൗരവത്തോടെയുള്ള ശബ്ദം

“പിന്നെ എന്തിനാ എന്റെ ചെവി പിടിച്ച് തിരിച്ചതെന്ന്...”
എന്റെ ഇഷ്ടക്കേട് എന്റെ സംസാര രീതിയിൽ പ്രതിഫലിച്ചു കാണണം...

“അത് എന്റെ മോളേ ഇന്നലെ രാത്രി മഴയത്ത് നിർത്തി കളിപ്പിച്ചതിന്..... കണ്ടോ എന്റെ കൊച്ചിന് ജലദോഷം പിടിച്ചു...”
അയ്യോ..... തേൻ ഒലിക്കുന്നു, സ്വന്തം മോന് പനി പിടിച്ചാലും അവിടെ എവിടേലും പോയി അടങ്ങി കിടക്കു ചെറുക്കാ ന്ന് പറയുന്ന മേരിയാണ് ഇന്ന് കണ്ട ഇവളെ എടുത്ത് ഒക്കത്ത് വച്ചിരിക്കുന്നത്...

“ഓ എല്ലാം കൃത്യമായി എത്തിച്ചിട്ടുണ്ട് ലേ”
ഞാൻ യാമിനിയെ നോക്കി പല്ല് കടിച്ചുകൊണ്ട് പറഞ്ഞു.

“ഡ.....ഡാ......ചെക്കാ വേണ്ട ട്ടോ, നിന്റെ ഞെട്ടിക്കൽ ഒന്നും എന്റെ കൊച്ചിനോട് വേണ്ട.... നല്ല മക്കൾ അങ്ങനെയാ, എല്ലാം തുറന്ന് പറയും...... അല്ലാതെ ഇവിടെ ചിലരെ പോലെ കാണുമ്പോൾ കെട്ടിപ്പിടിച്ച് സ്നേഹം കാണിച്ചിട്ട് മനസ്സിലുള്ളത് ഒന്നും പറയാതെ നടക്കുന്നത് അല്ല നല്ല കൊച്ചുങ്ങളുടെ സ്വഭാവം”
മേരി വീണ്ടും നൈസ് ആയിട്ട് എനിക്കിട്ട് കൊട്ടി, ഇനിയും എന്തെങ്കിലും പറഞ്ഞ ഞാൻ വീണ്ടും പൊട്ടൻ ആവല്ലേ ഉണ്ടാവു...

“ഓ.... രണ്ടും കൂടി ഇവിടെ കെട്ടിപ്പിടിച്ച് ഇരുന്നോ....”
പിന്നെ അധികം ഒന്നും മിണ്ടാതെ ഞാൻ അടുക്കളയിലേക്ക് ചെന്നു, അവിടെ നിന്ന് വടി കൊടുത്ത് അടി വാങ്ങുന്നതിലും നല്ലത് വിശപ്പ് മാറ്റുന്നതാണ്, എന്നാലും പെണ്ണ് ചുരുങ്ങിയ സമയംകൊണ്ട് മേരിയെ കുപ്പിയിലാക്കി കളഞ്ഞു.

“അങ്ങോട്ട് മാറി നിൽക്ക് ചെറുക്കാ........ ഞാൻ എടുത്ത് തരാം”
മേരിയാണ്...... യാമിനി തൊട്ടു പിന്നിൽ വാല് പോലെയുണ്ട്
ഞാൻ ഒന്നും മിണ്ടാതെ രണ്ടിനെയും ഒരു നോട്ടം നോക്കിയിട്ട് അടുക്കളയിൽ നിന്ന് ഇറങ്ങി. ഞാൻ തിരിഞ്ഞ് നടക്കുമ്പോൾ പിന്നിൽ നിന്ന് അടക്കിയ ചിരി കേട്ടു.

പിന്നെ ഞങ്ങൾ മൂന്നുപേരും ഒരുമിച്ചിരുന്ന് ഭക്ഷണം കഴിച്ചു, മേരിയുടെ സ്പെഷ്യൽ കുടംപുളി ഇട്ട് വെച്ച മീൻകറി ആയിരുന്നു ഹൈലൈറ്റ്... കുറച്ച് ദിവസങ്ങൾക്ക് ശേഷം കഴിക്കുന്നത് കൊണ്ട് ആണെന്ന് തോന്നുന്നു അതിന് ഇത്തിരി ടേസ്റ്റ് കൂടിയ പോലെ തോന്നി

“മേരിയേ.......... മീൻകറിയുടെ ടേസ്റ്റ് ഒക്കെ അങ്ങ് കൂടിയല്ലോ, പുതിയ ചേരുവ വല്ലതും ഇട്ടോ??”
കറിയുടെ ടേസ്റ്റ് കാരണം ചോദിക്കാതെ ഇരിക്കാൻ കഴിഞ്ഞില്ല

“ഓ..... കെട്ട്യോളെ പുകഴ്ത്തണമെങ്കിൽ നേരിട്ട് ആവാം, എന്നെ വെറുതെ അതിന് കൂടെ കൂട്ടണ്ട”
ഒരു കള്ള പരിഭവത്തോടെ പറഞ്ഞിട്ട് മേരി യാമിനിയെ നോക്കി കണ്ണടച്ച് കാണിച്ചു, അത് പക്ഷെ എനിക്ക് വിശ്വസിക്കാൻ കഴിഞ്ഞില്ല..... മേരി ഉണ്ടാകുന്ന അതെ പോലെ തന്നെ, ഏയ് അസംഭവ്....പച്ച മലയാളത്തിൽ പറഞ്ഞ അസാധ്യം.

ഞാൻ സംശയത്തോടെ യാമിനിയെ നോക്കിയപ്പോൾ “എല്ലാം നോം തന്നെ” എന്ന ഭാവത്തിലാണ് പെണ്ണ് ഇരിക്കുന്നത്. ചിലപ്പോൾ സത്യം ആവും, കാരണം അവൾ ഉണ്ടാകുന്നതിന് ഒക്കെ ഒരു പ്രത്യേക രുചിയാണ്...... അത് സമ്മതിച്ചു കൊടുത്തേ പറ്റു.

കൂടുതൽ സംസാരത്തിന് നിൽക്കാതെ ഞാൻ ഭക്ഷണം കഴിച്ച് പുറത്തിറങ്ങി നിന്നു, ലേഡീസ് രണ്ടും അടുക്കളയിലാണ്. ഒരു സിഗരറ്റ് കത്തിക്കാൻ തോന്നുന്നുണ്ട്, പക്ഷെ മേരി ഉള്ളത് കൊണ്ട് വലിക്കാൻ ഒരു പേടി.... ഒരു തവണ മണം കിട്ടിയിട്ട് കാര്യമായി ഒന്നും പറഞ്ഞിരുന്നില്ല... എന്നാലും വേണ്ട എന്തിനാണ് വെറുതെ...

“എന്താണ് മോനു, സിഗരറ്റ് വലിക്കുന്നില്ലേ??”
മേരിയുടെ ചോദ്യം കേട്ട് ഞാൻ ഞെട്ടി തിരിഞ്ഞു, ഞാൻ മനസ്സിൽ കണ്ടത് എങ്ങനെ മേരി മനസിലാക്കി?? എന്റെ മാതാവേ.....

“ഏയ്....... സിഗരറ്റോ....... ഞാനോ...... ഛെ..... അയ്യേ”
ഞാൻ നിന്ന് ഉരുണ്ട് കളിച്ചു, പെട്ടെന്നുള്ള ചോദ്യം ആയതുകൊണ്ട് ലൈറ്റ് ആയിട്ട് പതറി പോയി.

“മതി മതി......ഇനി വെറുതെ കള്ളം പറയാൻ നിൽക്കണ്ട”
. ഞാൻ ഒന്നും മിണ്ടാതെ നിലത്തേക്ക് നോക്കി തല ചൊറിഞ്ഞു നിന്നു.

“അവൾക്ക് ഇഷ്ടമല്ലെങ്കിൽ അതങ്ങ് നിർത്തിക്കൂടെ മോനു”

“അവൾക്ക് ഇഷ്ടമല്ലെങ്കിലോ?? എന്തൊക്കെയാ മേരി പറയുന്നേ..... ആ കിളിപോയ മനുഷ്യന്റെ കൂടെ ജീവിച്ചു ജീവിച്ച് കിളിപോയി തുടങ്ങിയോ??”

“ഡാ..... വേണ്ട കിട്ടും നിനക്ക്.... ഹാാാ...”
എന്നെ തല്ലാൻ കൈ ഓങ്ങി കൊണ്ടു മേരി ദേഷ്യം നടിച്ചു.
ഞാൻ ഒരു കൈ അകലം മാറി നിന്നിട്ട് ചിരിച്ചു...

“എന്റെ പൊന്നുമോൻ അധികം ചിരിക്കണ്ട...... ഇനി ഇതുപോലെ അവള് നിന്നെ പറ്റി വല പരാതിയും പറയുന്നത് എങ്ങാനും ഞാൻ കേട്ടാൽ....... പിന്നെ ഒന്നുമില്ല, നല്ല ചൂട് ചട്ടുകം എടുത്ത് ചന്തിക്ക് വച്ച് തരും......... ചെറുപ്പത്തിലേ അതൊന്നും ചെയ്യാതെ കൊഞ്ചിച്ചത് കൊണ്ടാണ് നീ ഇങ്ങനെ വഷളായി പോവുന്നത്....ഹാാാ...”
മേരി നല്ല കലിപ്പ് മോഡിൽ ആണ്, അതിന് യാമിനി അകത്തുന്നു തിരി കൊളുത്തി വിട്ടതാണ്..... മേരി ഒന്ന് പോയിട്ട് വേണം പെണ്ണിനെ ഒന്ന് വിരട്ടാൻ.

“മ്മ........”
ഞാൻ ഒന്നും പറയാതെ എല്ലാം കേട്ടു നിന്ന് മൂളി, അതാണ് സേഫ്.

“മോനു.........”
എന്റെ താടിക്ക് പിടിച്ച് ഉയർത്തി കൊണ്ട് മേരി വാത്സല്യത്തോടെ വിളിച്ചു, അത് ശരിക്കും ഉള്ളിൽ തട്ടിയുള്ള വിളിയായിരുന്നു.

“മ്മ്......എന്ത് പറ്റി മേരി??”

മേരിയുടെ വിഷമം നിറഞ്ഞ മുഖഭാവം കണ്ട് സംശയത്തോടെ ഞാൻ ചോദിച്ചു.

“നീ ഹാപ്പി അല്ലേ??”

“പിന്നെ അല്ലാതെ....... എന്റെ മേരി അടുത്തില്ല എന്ന വിഷമം മാത്രമേ തത്കാലം ഉള്ളു, ട്ടോ...”
ഞാൻ പെട്ടെന്ന് ചിരിച്ചുകൊണ്ട് മേരിയുടെ കവിളിൽ പിടിച്ചു വലിച്ചുകൊണ്ട് പറഞ്ഞു, ഞാൻ അങ്ങനെ പറഞ്ഞില്ലെങ്കിൽ പിന്നെ എന്റെ മേരിക്ക് ഒരു സമാധാനവും ഉണ്ടാവില്ല എന്ന് എനിക്ക് നല്ല പോലെ അറിയാം.

“അത് കേട്ട മതി മോനു...... എന്റെ കൊച്ചിന് നല്ലതേ വരൂ, എന്നോട് പറയാതെ ഇങ്ങനെ ഒക്കെ ഒപ്പിച്ചു വെച്ചതിൽ ആദ്യം അമ്മച്ചിക്ക് കുറച്ച് വിഷമം തോന്നി, പക്ഷെ ഇന്ന് അവളെ കണ്ടതോടെ ആ വിഷമം ഇല്ലാതായി..... ഇതിലും നല്ലൊരു കുട്ടിയെ എനിക്ക് എന്റെ കൊച്ചിന് വേണ്ടി കണ്ടുപിടിക്കാൻ കഴിയില്ല,
ഒരുപാട് സന്തോഷമായി, പിന്നെ ഇഷ്ടപ്പെട്ടുന്ന ആളെ കല്യാണം കഴിക്കാൻ കഴിയുക എന്ന് പറയുന്നത് ഭാഗ്യമാണ്, ആ ഭാഗ്യം എന്റെ മോനുന് കിട്ടിയല്ലോ.........”
പറഞ്ഞു കഴിയുമ്പോഴേക്കും മേരിയുടെ കണ്ണുകൾ നിറഞ്ഞിരുന്നു, മകന് നല്ലൊരു കുട്ടിയെ തന്നെ ഭാര്യയായി കിട്ടിയെന്ന് മനസിലാക്കിയ ഒരു മാതാവിന്റെ സന്തോഷമാണ് ഞാൻ ആ കണ്ണുകളിൽ കണ്ടത്...

“എന്താണ് തള്ളെ, പഴയ കാമുകനെ ഓർമ്മ വന്നോ??”
ആ മൂഡ് ഒന്ന് മാറ്റാൻ പറഞ്ഞതാണെങ്കിലും മാറിയത് എന്റെ മൂഡായി പോയി, അത് കേട്ടതും “പോ ചെറുക്കാ” ന്നും പറഞ്ഞിട്ട് മേരി എന്റെ ചന്തിക്കിട്ട് നല്ലൊരു അടി തന്നെ തന്നു...... ഹോ, പിന്നാമ്പുറം പൊള്ളി പോയി..

“അല്ല മേരി എങ്ങനെ ഇവിടെ എത്തി, അപ്പൻ കണ്ടില്ലേ??”
അല്പസമയത്തെ മൗനത്തിനു ശേഷം ഞാൻ ചോദിച്ചു.

“ഹോ നിന്റെ അപ്പൻ ഏതോ കൂട്ടുകാരന്റെ കൂടെ വയനാട്ടിൽ പോയതാണ്, രാത്രിയാവും എത്താൻ....... അപ്പൊ പിന്നെ ഞാൻ രമേശനെയും കൂട്ടി ഇങ്ങ് പൊന്നു”

“ഓ അങ്ങനെ..... അതാണ് ഞാൻ ആലോചിച്ചത്, സാക്ഷാൽ പിശുക്കൻ മത്തായി അറിഞ്ഞോണ്ട് മേരിക്ക് ഇങ്ങോട്ട് വരാൻ കഴിയില്ലല്ലോ....അപ്പൊ അതാണ് കാര്യം”.

“ഡാ ഡാ, അപ്പനെ കളിയാക്കിയ അടിച്ച് തോല് ഞാൻ ഇങ്ങ് പറിച്ചെടുക്കും”
എന്തൊക്കെ ആണെങ്കിലും കെട്ടിയോനെ പറഞ്ഞ എന്റെ മേരിക്ക് സഹിക്കില്ല.

“അല്ല എന്നിട്ട് രമേശേട്ടൻ എന്തിയെ??”
ഞാൻ പെട്ടെന്ന് തന്നെ വിഷയം മാറ്റി.

“ അവൻ ഒന്നു രണ്ട് സ്ഥലത്ത് പോയിട്ട് തിരിച്ച് വരുന്ന വഴിക്ക് എന്നെ കൂട്ടാമെന്ന പറഞ്ഞത്”

“മ്മ......”
ഞാൻ ആ രാഘവന്റെ അവിടെ പണിക്ക് പോയ കാര്യം രമേശേട്ടൻ മേരിയോട് പറഞ്ഞിട്ടില്ല എന്ന് മനസിലായി...

“മോനു...... അന്ന് രമേശന്റെ കയ്യിൽ എ.ടി. എം കാർഡ് കൊടുത്തു വിട്ടിട്ട് എന്താ തിരിച്ചു തന്നത്??”

“അത് പിന്നെ......... ഞാൻ ജോലി അന്വേഷിക്കുന്നുണ്ട്, ആ കാർഡ് കയ്യിൽ വെച്ച ജോലി തിരയാനുള്ള ചൂട് പോവും”
അല്പം ചിന്തിച്ച ശേഷമാണ് ഞാൻ മറുപടി കൊടുത്തത്.

“ഹോ...... എന്റെ കർത്താവേ, എന്താ ഞാൻ ഈ കേട്ടത്....... എല്ലാം ആ കൊച്ച് വന്നതിന്റെ ഐശ്വര്യമാണ്”

“ഓ ആ ക്രെഡിറ്റും അവൾക്ക് കൊടുത്തോ, കഷ്ടപ്പെട്ട് പണിയെടുത്ത് ജീവിക്കാൻ തീരുമാനിച്ച ഞാൻ വെറും ശശി”

“ഏയ് അങ്ങനെ പറയരുത്, നീ ശശി ആണെന്ന് പറയുന്നത് നമ്മുടെ പ്ലംബർ ശശി എങ്ങാനും കേട്ടാൽ അവൻ തല തല്ലി ചാവും....”
എന്നും പറഞ്ഞ് മേരി കുടുകുടെ ചിരിക്കാൻ തുടങ്ങി...

“ദേ മേരി പെണ്ണേ......... കുറെ നേരം ആയി...... ഇങ്ങട്ട് വാ.......”
ഞാൻ മേരിയെ പൊക്കി എടുത്ത് വട്ടം കറക്കി, അങ്ങനെ വിട്ട പറ്റില്ലല്ലോ...... ഒന്നാമത് ആ പ്ലംബർ ശശിയുടെ കാര്യം പറഞ്ഞത് എനിക്ക് തീരെ പിടിച്ചിട്ടില്ല, കാരണം കള്ളും കുടിച്ച് പോയി ഭാര്യയെ തല്ലുന്ന ഒരു മ്ലേച്ഛനാണ് അയാള്...

“വിട് മോനു, വിട് പ്ലീസ്...... അയ്യോ തല കറങ്ങുന്നു..... വിടെടാ.....”
വിടാൻ പറഞ്ഞ് ഒച്ച വെക്കുമ്പോഴും മേരി ചിരിക്കുകയായിരുന്നു... അങ്ങനെ വിടാൻ തോന്നിയില്ല...

കുറച്ച് നേരം അങ്ങനെ എടുത്ത് കറക്കിയ ശേഷം തല കറങ്ങാൻ തുടങ്ങിയപ്പോൾ മേരിയെ നിലത്തിറക്കി, പുള്ളിക്കാരി കൂൾ ആയിട്ട് നിന്ന് ചിരിക്കുന്നു, എനിക്കാണ് തല കറക്കം...

“ഹോ. .. ഇപ്പോ ഞാൻ ഇല്ലാത്തത് കൊണ്ട് എന്റെ ഫുഡ് കൂടി മേരിയാണ് ലേ കഴിക്കുന്നേ..... വെയിറ്റ് കൂടിയിട്ടുണ്ട്....”

“ഒന്ന് പോയെടാ ചെറുക്കാ..... പിന്നെ വെയിറ്റ് കൂടുന്നു, അതിന് ഇത്രയും കാലം നീ എന്നെ എടുത്തോണ്ട് നടക്കുക ആയിരുന്നല്ലോ...”
വെയിറ്റ് കൂടി എന്ന കമെന്റ് എന്റെ മാതാവിന് സഹിക്കാൻ കഴിയില്ല എന്ന് അറിയുന്നത് കൊണ്ടാണ് ഞാൻ പറഞ്ഞത് തന്നെ..... ഹ......ഹ.

“ഹാഹ്, മോള് എന്താ അവിടെ തന്നെ നിന്നെ.... ഇങ്ങ് വായോ”
മേരി മുറിയുടെ വാതിൽക്കലേക്ക് നോക്കി അത് പറഞ്ഞപ്പോഴാണ് അവിടെ പരുങ്ങി കളിക്കുന്ന യാമിനിയെ ഞാൻ ശ്രദ്ധിച്ചത്, വരണോ വേണ്ടേ എന്ന് ഉറപ്പില്ലാത്ത പോലെ മടിച്ചു മടിച്ചാണ് അവൾ ഞങ്ങടെ അടുത്തേക്ക് വരുന്നത്.

“കണ്ടോ ഡാ എന്റെ കൊച്ചിനെ, കുളിച്ച് ചന്ദനക്കുറിയും തൊട്ട് എന്തൊരു ഐശ്വര്യമാണ്”
അടുത്ത് എത്തിയ യാമിനിയെ ചേർത്തു പിടിച്ചുകൊണ്ട് മേരി പറഞ്ഞു, ഇവൾ എന്ത് കൈ വിഷമാണ് കർത്താവേ മേരിക്ക് കൊടുത്തത്..... ഇത്ര കാലത്തിനിടയ്ക്ക് ഇതുവരെ എന്നെ പറ്റി നല്ല ഒരു വാക്ക് പറയാത്ത കക്ഷിയാണ് ഇവളെ കാണുമ്പോ കാണുമ്പോൾ പൊക്കി അടിക്കുന്നത്.

“ഓ നമ്മുടെ നസ്രാണി കൊച്ചുങ്ങൾ രാവിലെ കുളിക്കാതെ മുടിയും പാറിച്ച് ഒരു വരവുണ്ട്, അത്ര ലുക്ക് ഒന്നും ഇങ്ങനെ എണ്ണ തേച്ച് പറ്റിച്ച് വച്ച് വന്ന കിട്ടില്ല”
ഞാൻ ഒരു ഒഴുക്കൻ മട്ടിൽ പറഞ്ഞു.

“ഞങ്ങടെ ഒക്കെ കാലം കഴിഞ്ഞ ഈ ജാതിയും മതവും പറഞ്ഞുള്ള അടിപിടി അവസാനിക്കും എന്നൊക്കെ പറയുന്നത് വെറുതെ ആണ്, കണ്ടില്ലേ പുതിയ തലമുറയിൽ ഇതുപോലെ കുറച്ചെണ്ണം ഉണ്ടായ മതിയല്ലോ....... അമ്മച്ചീന്റെ മോളു സുന്ദരിയാണ് ട്ടോ, ഈ പൊട്ടൻ പറയുന്നത് ഒന്നും കാര്യമാക്കണ്ട........ അവന് അവന്റെ അപ്പന്റെ അതെ സ്വഭാവമാണ്, സംസാരിച്ച് ജയിക്കാൻ എന്തും പറയും.... പൊട്ടൻ”
അവസാനത്തെ പൊട്ടൻ എന്ന പ്രയോഗം അല്പം കനത്തിൽ തന്നെയാണ് മേരി പറഞ്ഞു നിർത്തിയത്.

“എത്ര ദേഷ്യം വന്നാലും സ്വന്തം കെട്ടിയോനെ പൊട്ടൻ എന്നൊന്നും വിളിക്കരുത് ട്ടോ മേരി”

അതും പറഞ്ഞ് ഞാൻ പിന്നിലേക്ക് നീങ്ങി നിന്നു, കൈ അകലം പാലിക്കണം.... അതാണ് എന്റെ തടിയ്ക്ക് നല്ലത്.

“ഡാ ചെറുക്കാ, നിന്നോട് ഞാൻ പറഞ്ഞു അപ്പനെ വെറുതെ കളിയാക്കരുതെന്ന്”
കൈ അകലത്തിൽ കിട്ടാത്തത് കൊണ്ട് മേരി എന്നെ നോക്കി കൈ ചൂണ്ടി ഭീഷണി മുഴക്കി, പിന്നെ നമ്മളോട്....... ഞാൻ ആ ഭീഷണിയെ ചിരിച്ചു തള്ളി.

“നീ വാ കൊച്ചേ, ഇവനോട് ഒക്കെ സംസാരിച്ചു നിന്ന വട്ടായി പോവും”
എന്ന് പറഞ്ഞു മേരി അവളെയും കൂട്ടി അകത്തേക്ക് നടന്നു, പോവുന്ന വഴിക്ക് യാമിനി എന്നെ ഒന്ന് തിരിഞ്ഞ് നോക്കി....
“നിനക്ക് ഞാൻ വച്ചിട്ടുണ്ട്” എന്ന രീതിയിൽ ഞാൻ ആംഗ്യം കാണിച്ചതും അവൾ മുഖം തിരിച്ച് കളഞ്ഞു.

അവർ അകത്തേക്ക് പോയപ്പോൾ ഞാൻ രമേശേട്ടനെ വിളിച്ച് മെല്ലെ വന്ന മതിയെന്ന് പറഞ്ഞു, അപ്പൻ എന്തായാലും പാതിരാത്രി ആവും എത്താൻ... രമേശേട്ടൻ ആ രാഘവന്റെ വീട്ടിൽ പോയിട്ട് എന്തായി എന്ന് ചോദിച്ചെങ്കിലും അത് നമുക്ക് ശരിയാവില്ല എന്ന് മാത്രം പറഞ്ഞ് ഒഴിഞ്ഞു.

അമ്മായിയമ്മയും മരുമകളും അകത്ത് നോൺ സ്റ്റോപ്പ് കത്തിയാണ്, എന്താണ് ഇവർക്ക് ഇതിനു മാത്രം സംസാരിക്കാൻ. എന്തായാലും അന്ന് രാത്രി നടന്നത് ഒന്നും ഇപ്പോഴും മേരി അറിഞ്ഞിട്ടില്ല.... അത് തന്നെ വലിയ കാര്യം. മേരി ഇപ്പോഴും ഞങ്ങൾ തമ്മിൽ ഇഷ്ടം ആയിരുന്നു എന്ന് തന്നെയാണ് കരുതിയിരിക്കുന്നത്. ഇത്ര സംസാരിച്ചിട്ടും ആ കഥ മാത്രം ഇവൾ എന്താണ് പറയാതെ?? ആടാ......

ഞാൻ മെല്ലെ താഴേക്ക് ഇറങ്ങി നടന്നു, എവിടെയെങ്കിലും പോയി ഒന്ന് സിഗരറ്റ് ഒക്കെ വലിച്ചിട്ട് വരാമെന്നു കരുതി.
അടുത്തുള്ള പെട്ടി പീടികയുടെ സൈഡിൽ നിന്ന് സിഗരറ്റ് വലിക്കുമ്പോഴാണ് മേരി പറഞ്ഞത് ഓർമ്മ വന്നത്.
"അവൾക്ക് ഇഷ്ടമല്ലെങ്കിൽ അതങ്ങ് നിർത്തിക്കൂടെ മോനു"
അപ്പൊ ഞാൻ സിഗരറ്റ് വലിക്കുന്നത് ഇഷ്ടമല്ല എന്ന് അവൾ മേരിയോട് പറഞ്ഞോ??

സിഗരറ്റ് വലിച്ചുകൊണ്ട് നിന്നപ്പോഴാണ് പണ്ട് എന്റെ കൂടെ ഫുട്ബോൾ ക്യാമ്പിന് വന്നിരുന്ന റോഷനെ കണ്ടത്, കുറച്ചു നേരം അവനോട് സംസാരിച്ചിരുന്നു.... അവനും എന്നെ പോലെ തന്നെ കളിയൊക്കെ മുഴുവനായി ഉപേക്ഷിച്ചിരുന്നു... എങ്കിലും ഞങ്ങൾ കൂടുതലും സംസാരിച്ചത് ഇന്നും ആവേശം കെട്ടടങ്ങാത്ത കാല് പന്ത് കളിയെ കുറിച്ച് തന്നെയാണ്.

അവനോട് സംസാരിച്ചിരുന്നു സമയം പോയത് അറിഞ്ഞില്ല, വേഗം തന്നെ അവനോട് യാത്ര പറഞ്ഞ് തിരിച്ച് പി.ബിയിലേക്ക് തന്നെ നടന്നു....

ഞാൻ സ്റ്റെപ്പ് കയറി ചെല്ലുമ്പോൾ ഉറക്കെയുള്ള സംസാരം കേൾക്കുന്നുണ്ട്.... ഇതെന്താണ് സംഭവം,
ഓ........ വിഷ്ണു എത്തിയിട്ടുണ്ട്, വെറുതെ അല്ല, അവനും മേരിയും കൂടെ കൂടിയ പിന്നെ ഒന്നും പറയണ്ട.... നേരിൽ കണ്ട കീരിയും പാമ്പും ആണെങ്കിലും മേരിക്ക് എന്നേക്കാൾ ഇഷ്ടം അവനെ ആണെന്ന് വരെ തോന്നി പോയിട്ടുണ്ട്.

"ഹാ നീ എവിടെ പോയതാടാ, പെട്ടെന്ന് നോക്കുമ്പോൾ ചെറുക്കനെ കാണുന്നില്ല..."
എന്നെ കണ്ടതും മേരി ചോദിച്ചു

"അവന് മുങ്ങൽ ലേശം കൂടിയിട്ടുണ്ട് അമ്മച്ചി"
വിഷ്ണുവാണ് അത് പറഞ്ഞത്.

“ആണോടാ??”

“അവൻ വെറുതെ ഓരോന്നും പറയുന്നതാണ് മേരിയേ.....”
ഒരു ഒഴുക്കൻ മട്ടിൽ പറഞ്ഞിട്ട് അവനെ നോക്കി കണ്ണുരുട്ടി ഞാൻ അവരുടെ അടുത്ത് ചെന്നിരുന്നു.

വിഷ്ണുവും മേരിയും അങ്ങോട്ടും ഇങ്ങോട്ടും വിട്ടുകൊടുക്കാതെ കൗണ്ടർ അടിക്കുന്നത് കണ്ട് തലയും കുത്തിയിരുന്ന് ചിരിക്കുകയായിരുന്നു യാമിനി, എനിക്ക് പിന്നെ ഇവരുടെ ഈ ബഡായി കേട്ട് നല്ല ശീലമാണ്.

പണ്ട് സ്കൂളിൽ പഠിച്ചിരുന്ന കാലത്ത് വിഷ്ണുവിന് ഒരു കുട്ടിയോട് മുടിഞ്ഞ പ്രണയം ആയിരുന്നു, പക്ഷെ അവൾക്ക് ഞങ്ങടെ കണക്ക് മാഷിനോട് കട്ട പ്രണയവും.... ആ കഥ പറഞ്ഞാണ് മേരി എപ്പോഴും അവനെ തളർത്തുക.
മേരിക്ക് കല്യാണത്തിന് മുന്നെ ഒരു പ്രണയം ഉണ്ടായിരുന്നു, അത് അറിഞ്ഞതോടെ എന്റെ വല്യപ്പച്ചൻ മേരിയെ പിടിച്ച് എന്റെ അപ്പനെ കൊണ്ട് കെട്ടിച്ച്, ഹൗ സാഡ് ലേ..... അത്രയെ ഞങ്ങക്ക് അറിയൂ, പക്ഷെ അവസാനം തോറ്റു പോവും എന്ന ഘട്ടം എത്തിയ വിഷ്ണു ആ കഥ ഇറക്കും, അതിൽ കുറച്ച് എരിവും പുളിയും ചേർത്തു പറഞ്ഞ മേരി ഫ്ലാറ്റ്.... ഇത് എപ്പോഴും കേട്ടു കേട്ട് അവസാനം
“ഒന്ന് നിർത്തുന്നുണ്ടോ രണ്ടിന്റെയും തൊലിഞ്ഞ പൈങ്കിളി കഥ” എന്നും പറഞ്ഞ് ഞാനാണ് ആ യുദ്ധം അവസാനിപ്പിക്കാറ്.

ഇന്നും അത് തന്നെ സംഭവിച്ചു, പക്ഷെ ഒരു വ്യത്യാസം എന്താണ് എന്ന് വെച്ച അവരുടെ ശോകം കഥ കേട്ടിരിക്കാൻ പറ്റിയ ഒരാളെ ഇന്ന് കിട്ടിയിരുന്നു, യാമിനി..... അവൾ എല്ലാ പൊട്ടത്തരവും കേട്ട് ചിരിക്കുന്നുണ്ട്.

അവസാനം രാത്രി രമേശേട്ടൻ വന്ന ശേഷം എല്ലാവരും ഒരുമിച്ചിരുന്നു ഭക്ഷണവും കഴിച്ച ശേഷം മേരി യാത്ര പറഞ്ഞ് ഇറങ്ങുന്നത് വരെ ശരിക്കും ഒരു പള്ളി പെരുന്നാളിന്റെ അന്തരീക്ഷം ആയിരുന്നു, കുറെ ദിവസങ്ങൾക്ക് ശേഷമാണ് ശരിക്കും എല്ലാം മറന്ന് ചിരിച്ചത്.

"അമ്മച്ചി ഇടയ്ക്ക് വരാം....... ഇനി എന്റെ മോളേ കാണാതെ ഇരിക്കാൻ അമ്മച്ചിക്ക് പറ്റില്ല..."
യാത്ര പറഞ്ഞ് ഇറങ്ങാൻ നേരം യാമിനിയെ കെട്ടിപ്പിടിച്ചു കൊണ്ട് മേരി സെന്റി അടിച്ചു, അവളും ഒട്ടും പിന്നിൽ അല്ല.... കണ്ണും നിറച്ച് നിൽക്കുന്നുണ്ട് കക്ഷി. ഒറ്റ ദിവസം കൊണ്ട് ഇത്ര അടുക്കുമോ?? ഹാാാ... എനിക്കും അവളോട് പെട്ടെന്ന് തന്നെ ഒരു അടുപ്പം ഫീൽ ചെയ്തത് ആണല്ലോ...... അതുപോലെ എന്നോട് തോന്നിയില്ലെങ്കിലും എന്റെ മേരിയോട് അവൾക്ക് തോന്നിയിട്ടുണ്ട്...

"മോനെ ടോണിക്കുട്ടാ...... നിങ്ങൾ സ്ഥിരമായി ഇവിടെ തന്നെ താമസിച്ച മതി, കണ്ടില്ലേ അമ്മായിയമ്മയും മരുമകളും തമ്മിൽ എന്താ സ്നേഹം..... ഒരുമിച്ച് താമസിക്കാൻ തുടങ്ങിയാൽ പിന്നെ ഈ സ്നേഹ പ്രകടനം ഒന്നും ഉണ്ടാവില്ല, പടം ഫുൾ ഓൺ ആക്ഷൻ ആയി മാറും"
വിഷ്ണു അതും പറഞ്ഞ് സ്വയം ചിരിക്കാൻ തുടങ്ങിയപ്പോൾ കേട്ട് നിന്ന ഞാനും രമേശേട്ടനും ഒരുപോലെ ചിരിച്ചുപോയി...
പക്ഷെ സ്ത്രീ ജനങ്ങൾക്ക് അത് അത്ര പിടിച്ചിട്ടില്ല, രണ്ടും വിഷ്ണുവിനെ ഒരുമാതിരി നോട്ടം നോക്കി, അതോടെ ആശാൻ സൈലന്റ് ആയി.

"ഞാനും പോവാ ഡാ, വീട്ടിൽ അച്ഛനും അമ്മയും കാത്തിരിക്കും........ അപ്പൊ എല്ലാരോടും ശരി, രാത്രി യാത്ര പറച്ചിൽ ഇല്ല"
വിഷ്ണു നൈസ് ആയിട്ട് സ്കൂട്ട് ആവാൻ തീരുമാനിച്ചു, സമയവും വൈകിയിട്ടുണ്ട്.

“ഓ ശരിയാ മോൻ വേഗം ചെല്ല്, സൂക്ഷിച്ച് പോവണം.... ജിമ്മിയെ ഒന്നും ചെയ്യരുത് കേട്ടോ, അതൊരു പാവമാണ്”

“ഹ......ഹ........ഹ.........................”
മേരി വളരെ സീരിയസ് ആയിട്ട് അത് പറഞ്ഞപ്പോൾ ഞാൻ മാത്രം ചിരിച്ചു, എനിക്ക് ചിരി കണ്ട്രോൾ ചെയ്യാൻ കഴിഞ്ഞില്ല..... യാമിനിക്കും രമേശേട്ടനും സംഭവം പിടികിട്ടിയിട്ടില്ല.... വിഷ്ണു ഇഞ്ചി കടിച്ച അണ്ണാനെ പോലെ നിൽപ്പാണ്.
ജിമ്മി അവന്റെ വീട്ടിലെ പട്ടിക്കുട്ടിയാണ്, രണ്ടുമാസം മുന്നെ ഒരു ദിവസം ഈ പൊട്ടൻ അടിച്ച് കോൺ തെറ്റി പോയിട്ട് ജിമ്മിയുടെ കൂടും തുറന്ന് അതിൽ കയറി കിടന്നു, ജിമ്മി ആണെങ്കിൽ നല്ല സുഖമായിട്ട് രാത്രി സഞ്ചാരത്തിന് പോയി, അടുത്ത ദിവസം രാവിലെ ഇവന്റെ അമ്മ വാതിൽ തുറന്ന് നോക്കുമ്പോൾ കാണുന്നത് പട്ടി കൂട്ടിൽ കിടന്നു സുഖമായി ഉറങ്ങുന്ന മോനെയാണ്..... ജിമ്മി ആണെങ്കിൽ തെണ്ടി തിരിഞ്ഞ് രണ്ട് ദിവസം കഴിഞ്ഞാണ് പിന്നെ വന്നത്.....

“കൂടുതൽ നിന്ന് മണ്ടനാവാതെ മോൻ വിട്ടോ.....”
കൂടുതൽ കളിയാക്കണ്ട എന്ന് കരുതി ചിരി അടക്കി കൊണ്ട് ഞാൻ അവനോട് പറഞ്ഞു.

“അമ്മച്ചി തമാശ പറഞ്ഞതാണ് ട്ടോ കൊച്ചേ....”
എല്ലാവരോടും കൈ വീശി കാണിച്ച ശേഷം തിരിഞ്ഞു നടന്ന വിഷ്ണുവിനോട് മേരി വിളിച്ചു പറഞ്ഞു

“തിരിച്ചു വരും........ ശക്തമായി”

മേരിയെ നോക്കി പഞ്ചിൽ അതും പറഞ്ഞ് അവൻ പോയി.

"എന്ന നമുക്കും ഇറങ്ങാം മേരിയമ്മേ??"
വിഷ്ണു പോയപ്പോൾ മേരിയെ നോക്കി രമേശേട്ടൻ ചോദിച്ചു

"അഹ് ഒരു മിനിറ്റ് രമേശാ, നീ ഇങ്ങോട്ട് വന്നെ."
രമേഷേട്ടനോട് പറഞ്ഞിട്ട് മേരി എന്നെയും പിടിച്ചു വലിച്ചുകൊണ്ട് കുറച്ച് അപ്പുറത്തേക്ക് മാറി നിന്നു.

"മ്മ്...... എന്താ മേരി??"
മാറി നിന്ന ശേഷം ഒന്നും മിണ്ടാതെ നിൽക്കുന്നത് കണ്ട് ഞാൻ ചോദിച്ചു.

"ആ കൊച്ചിനെ കരയിപ്പിക്കരുത് കേട്ടോ മോനു".

"മ്മ....."
ഞാൻ വെറുതെ മൂളി, പക്ഷെ മനസ്സിൽ മേരി പറഞ്ഞത് പോലെ യാമിനിയെ ഇനി കരയാൻ വിടരുത് എന്നൊരു തീരുമാനം എടുക്കുകയായിരുന്നു.

"അതൊരു പാവം ആണ് ലേ മോനു...."

"മ്മ........"

അത് അത്ര ഇഷ്ടമാവാത്ത പോലെ ഞാൻ ഒരു ഒഴുക്കൻ മട്ടിൽ മൂളി, അതിന്റെ കാരണം എനിക്ക് അറിയില്ല, ചിലപ്പോൾ എന്റെ മേരി മറ്റൊരാളെ പൊക്കി പറയുന്നത് കേൾക്കുമ്പോൾ എന്റെ ഉള്ളിൽ മുളയ്ക്കുന്ന അസൂയ കാരണം ആവാം.

“പിന്നെ മോനു..........”

“ഹാ എന്താണ് മേരി, പറ........”
എന്തോ പറയാൻ വന്നിട്ട് മടിച്ച് കളിക്കുന്നത് കണ്ട് ഞാൻ ചോദിച്ചു.

“അത് പിന്നെ മോനു...... അപ്പനോട് ദേഷ്യം തോന്നരുത് കേട്ടോ, പുള്ളിക്കാരന് നീ എന്ന് പറഞ്ഞ ജീവനാണ്. ഞാൻ കാണുന്നതല്ലേ നീ പോയതിന് ശേഷമുള്ള മൂപ്പരുടെ അവസ്ഥ......... നീ ഒന്ന് വീട്ടിലേക്ക് വാ, അപ്പൻ എന്തായാലും നിങ്ങളോട് ക്ഷമിക്കും”.
മേരി മെല്ലെ മെല്ലേ പറഞ്ഞു.

“ഏയ് അത് ശരിയാവില്ല മേരിയേ, ഇനി ഒരിക്കലും ആ പടി ചവിട്ടരുതെന്ന് അപ്പൻ തന്നെയാണ് പറഞ്ഞത്..... അപ്പൊ അത് ധിക്കരിക്കുന്നത് ശരിയല്ല”

“ഹോ..... അപ്പനും മോനും കണക്കാണ്, രണ്ടാളും ഈ വാശിയും കെട്ടിപ്പിടിച്ച് ഇരുന്നോ”.
മേരി പെട്ടെന്ന് തന്നെ പിണങ്ങി.

“അയ്യേ എന്റെ മേരി പെണ്ണ് പിണങ്ങിയോ....... മേരിയേ ദേ ഇങ്ങോട്ട് നോക്കിയേ.....കൂയ്”
ഞാൻ മേരിയേ കെട്ടിപ്പിടിച്ചു കൊണ്ട് താടിക്ക് പിടിച്ച് മുഖം ഉയർത്തി.

“മ്മ്??”
മേരി ചോദ്യ ഭാവത്തിൽ പുരികം ഉയർത്തി.

“എല്ലാം ശരിയാവും, അപ്പനും മേരിയും ഞാനും പിന്നെ ഇതാ ആ പൊട്ടത്തിയും എല്ലാം കൂടി ഒരുമിച്ച് നമ്മുടെ വീട്ടിൽ സന്തോഷത്തോടെ ജീവിക്കും..... പക്ഷെ കുറച്ച് സമയം വേണം, ഇപ്പോ ഇങ്ങനെ അങ്ങ് പോവട്ടെ..... ഒറ്റയ്ക്ക് നിന്ന എനിക്ക് ജീവിതത്തിൽ ജയിക്കാനുള്ള ആവേശം വരുള്ളൂ, അത് കഴിഞ്ഞ് ഞാൻ എന്തായാലും നമ്മുടെ വീട്ടിലേക്ക് തന്നെ വരും..... കേട്ടോ”
കെട്ടിപ്പിടിച്ചു കൊണ്ട് തന്നെ ഞാൻ അതും പറഞ്ഞു മേരിയുടെ നെറ്റിയിൽ ഒരുമ്മ കൊടുക്കുമ്പോൾ മേരിയുടെ കണ്ണിൽ നിന്നും ആനന്ദാഷു ഒഴുകിയിരുന്നു.

“അതൊക്കെ ശരി, പക്ഷെ നമ്മൾ നാലാളും പിന്നെ ഒരാളും കൂടി വേണ്ടേ??”

“വേറെ ആരാ??”
മേരി എന്താണ് ഉദ്ദേശിച്ചത് എന്ന് എനിക്ക് പെട്ടെന്ന് കത്തിയില്ല.

“ഡാ മോനു....... നീ ഒരുപാട് അങ്ങോട്ട് പൊട്ടൻ കളിക്കണ്ട, നിന്റെ കെട്ട്യോള് പറഞ്ഞു നിനക്ക് കുറച്ച് കഴിഞ്ഞ് മതി എന്ന് പറഞ്ഞെന്ന്.......ശരിയാണ് നിനക്ക് ഒരു ജോലി ഒക്കെ ആയി സേറ്റിൽ ആവണം, പക്ഷെ ഒരുപാട് വൈകണ്ട എന്നാണ്........”
മുഴുവൻ പറയാതെ എന്റെ കവിളിൽ പിടിച്ചു പിച്ചിയിട്ട് ഒരു ചിരിയും ചിരിച്ച് മേരി തിരിച്ചു നടന്നു,
അപ്പോഴാണ് എനിക്ക് കാര്യം കത്തിയത്...... അവൾ എന്തിനാണ് മേരിയോട് അങ്ങനെ പറഞ്ഞത്? കുഞ്ഞിന്റെ കാര്യം തന്നെ അല്ലേ ഉദ്ദേശിച്ചത്?

“മോനു പോവട്ടെ.....”
മേരിയുടെ ശബ്ദമാണ് എന്നെ ചിന്തയിൽ നിന്നും വേർപിരിച്ചത്.

“ആഹ്.......”
ഞാൻ പോയി മേരിയേ കെട്ടിപ്പിടിച്ചു, കണ്ണ് നിറയാതെ കഷ്ടപ്പെട്ട് പിടിച്ചു നിന്നു...

“അയ്യേ അമ്മച്ചീന്റെ മോളു എന്തിനാ കരയുന്നത്, മോൾക്ക് കാണാൻ തോന്നിയ അമ്മച്ചി ഇങ്ങ് ഓടി വരില്ലേ.....”
മേരി അത് പറഞ്ഞപ്പോഴാണ് ഞാൻ യാമിനിയെ ശ്രദ്ധിച്ചത്, അവളുടെ കണ്ണുകൾ നിറഞ്ഞ് ഒഴുകുകയാണ്.... എനിക്ക് ആണെങ്കിൽ ഇവരുടെ ഈ സ്നേഹ പ്രകടനം കണ്ടിട്ട് സങ്കടം എല്ലാം മാറി ചിരി വരാൻ തുടങ്ങി.... ചിരിച്ചില്ല, കഷ്ടപ്പെട്ട് കണ്ട്രോൾ ചെയ്തു.

“ഇനി നിന്ന അമ്മച്ചിയും കരയും, ശരി...... പിന്നെ, അമ്മച്ചി രമേശന്റെ എടുത്ത് ഒരു ഫോൺ കൊടുത്ത് വിടും... അത് ആര് ചോദിച്ചാലും കൊടുക്കരുത്, അമ്മച്ചിക്ക് മോളോട് സംസാരിക്കാനാണ്...... ഇവിടെ ചിലര് പുതിയ ഫോൺ കണ്ട അപ്പൊ സോപ്പിട്ട് അടിച്ച് മാറ്റാൻ വരും........ കേട്ടോ.....”
എന്നെ ഒന്നുകൂടി നോക്കി പേടിപ്പിച്ചിട്ട് അവളെ വീണ്ടും കെട്ടിപ്പിടിച്ച ശേഷം മേരി പോയി കാറിൽ കയറി..... ഏഹ്, പുതിയ ഫോണോ?? അപ്പൊ ഇവളുടെ കയ്യിൽ ഫോണില്ലേ?? ശരിയാണ്, അപ്പൊ അതാണ് അന്ന് ഉണ്ണിമായയെ വിളിക്കാൻ എന്റെ ഫോൺ ചോദിച്ചത്, പക്ഷെ അന്ന് ഫോൺ തിരിച്ച് വാങ്ങുമ്പോൾ അവളുടെ ഫോൺ റീചാർജ് ചെയ്യാൻ പറഞ്ഞിട്ടും അവൾ ഒന്നും പറഞ്ഞിലല്ലോ, ഹാ...... എങ്ങനെ പറയാനാണ്, ഞാൻ ഇതുവരെ അവളോട് ഒന്ന് നല്ലോണം സംസാരിച്ചിട്ട് പോലുമില്ല.... ഫ്മ്.......

“പിന്നെ മോനു, ഹരിയുടെ വല്ല വിവരം ഉണ്ടോ??”

കാറിൽ കയറിയ ശേഷം തല പുറത്തേക്ക് ഇട്ട് മേരി ചോദിച്ചു. ആ പേര് കേട്ടതോടെ എന്റെ ഉള്ളിൽ ദേഷ്യം അരിച്ചു കയറി.... ഇനി ഒരിക്കലും കേൾക്കാൻ ആഗ്രഹിക്കാത്ത പേര്.

“ഇല്ല.......”
ഞാൻ എന്റെ ഉത്തരം ഒറ്റ വാക്കിൽ ഒതുക്കി

“മ്മ്...... കഷ്ടം, എന്നാലും ആരോടും പറയാതെ ചെറുക്കൻ എന്തിനാണാവോ പോയത്..... ഹ്മ്..... ശരി മോനു..... മോളു......”

കാറ് മെല്ലെ നീങ്ങി, അത് കൺവെട്ടത്ത് നിന്ന് മറയുന്നത് വരെ ഞാൻ നോക്കി നിന്നു, പിന്നെ ഞാൻ നോക്കിയത് യാമിനിയെ ആണ്..... കാറ് പോയി കഴിഞ്ഞിട്ടും അങ്ങോട്ട് നോക്കി കൈ വീശിക്കൊണ്ട് നിൽക്കുകയാണ് കക്ഷി, ആള് ഈ ലോകത്തൊന്നും അല്ലെന്ന് തോന്നുന്നു.

“ഹലോ..... മതി, മേരി വീട്ടിലെത്തി കാണും....”
അവളെ നോക്കി ഒരു ആക്കിയ ട്യൂണിൽ പറഞ്ഞിട്ട് ഞാൻ സ്റ്റെപ്പ് കയറി, എന്റെ ഊഹം ശരിയാണെങ്കിൽ അവൾ ഇപ്പോ പിന്നിൽ നിന്ന് എന്നെ കൊഞ്ഞനം കുത്തുകയാവും. പക്ഷെ ഞാൻ തിരിഞ്ഞ് നോക്കാൻ നിന്നില്ല........

ഹോ ഇത്ര നേരം മേരി ഉണ്ടായത് കൊണ്ട് സിഗരറ്റ് വലിക്കാതെ പിടിച്ചു നിൽക്കുകയായിരുന്നു, കോളേജ് ലൈഫിൽ തുടങ്ങിയ ശീലമാണ് ഈ സിഗരറ്റ് വലി..... ഇപ്പോ ഇത് ഇല്ലാതെ പറ്റാത്ത അവസ്ഥയാണ്. ഡിഗ്രി പകുതി വച്ച് അവസാനിപ്പിച്ചിട്ടും ഈ ശീലം മാത്രം അവസാനിപ്പിക്കാൻ കഴിഞ്ഞില്ല.

മുകളിൽ ടെറസ്സിൽ എത്തിയതും ഞാൻ ഒരു സിഗരറ്റ് എടുത്ത് കത്തിച്ചു..... ഹോ ഇപ്പോഴാണ് ഒരു ആശ്വാസം കിട്ടിയത്......
എന്റെ തൊട്ടു പിന്നാലെ സ്റ്റെപ്പ് കയറി വന്ന യാമിനി എന്നെ ഒന്ന് നോക്കി ദഹിപ്പിച്ചിട്ട് അകത്തേക്ക് കയറി പോയി, ഇതിന് വല്ല ബാധയും കയറിയോ??

സിഗരറ്റ് വലിച്ച ശേഷം കുറച്ചു സമയം കൂടി അങ്ങനെ ആ തണുപ്പത് നിന്ന ശേഷമാണ് ഞാൻ അകത്തേക്ക് പോയത്, നല്ല തണുപ്പുണ്ട്.... വെറുതെ മുകളിൽ പോയി കിടന്ന പണി കിട്ടും, ഇന്നലത്തെ പോലെ ഷീറ്റും വിരിച്ചു അകത്ത് തന്നെ കിടക്കാം...

ഞാൻ മുറിയിലേക്ക് കയറുമ്പോൾ കാണുന്നത് നിലത്ത് വിരി വിരിച്ച് പുതച്ച് മൂടി കിടക്കുന്ന യാമിനിയെ ആണ്.

“ഹേയ്......”

“ഹലോ........”

“ഡോ.......”

രണ്ട് മൂന്ന് വിളി വിളിച്ചു നോക്കിയെങ്കിലും പ്രതികരണം ഇല്ല, ഉറങ്ങി പോയെന്ന് തോന്നുന്നു....
പിന്നെ വിളിക്കാൻ നിന്നില്ല, എനിക്ക് ഇഷ്ടമല്ലാത്ത ഒരു കാര്യമാണ് ഉറങ്ങി കിടക്കുന്ന ഒരാളെ ഉണർത്തുന്നത്. ഞാനും വേഗം ലൈറ്റ് ഓഫാക്കി ഫാനും ഇട്ട് വന്നു കട്ടിലിൽ കയറി കിടന്നു.

എത്ര ദിവസമായി ഇതുപോലെ ഒന്ന് കട്ടിലിൽ ഒക്കെ കിടന്നു ഉറങ്ങിയിട്ട്, നല്ല കാലാവസ്ഥയും... എല്ലാം കൂടി ആയതുകൊണ്ട് പെട്ടെന്ന് തന്നെ ഞാൻ ഉറങ്ങിപ്പോയി.

എത്ര നേരം അങ്ങനെ സുഖമായി കിടന്ന് ഉറങ്ങി എന്ന് അറിയില്ല, എന്തോ ഒച്ച കേട്ടാണ് ഞാൻ ഞെട്ടി എഴുന്നേറ്റത്.... ചുറ്റും നോക്കിയപ്പോൾ ഒന്നുമില്ല..... ഫോൺ എടുത്ത് ഫ്ലാഷ് ലൈറ്റ് ഓൺ ചെയ്ത് അടിച്ചു നോക്കി, ഒന്നുമില്ല..... തോന്നിയതാണ്....

വീണ്ടും കിടന്നപ്പോഴാണ് അതുവരെയുള്ള സുഖ നിദ്രയിൽ കണ്ട മനോഹരമായ സ്വപ്നം ഓർമ്മ വന്നത്, ഞാൻ ഏറ്റവും ഇഷ്ടപ്പെടുന്ന ഫുട്ബോൾ ക്ലബ് ആയ ബാഴ്സലോണയുടെ കളിക്കാർ പരിശീലനം ചെയ്യുന്നതും നോക്കി നിൽക്കുകയാണ് ഞാൻ... പുറത്തേക്ക് പോവുന്ന ബോൾ എടുത്ത് കൊടുക്കലാണ് എന്റെ പണി, യെസ് ബോൾ ബോയ്...... പഴയ വിന്റേജ് ബാഴ്സ ടീമാണ്.... ഇനിയേസ്റ്റയും സാവിയും പുയോളും വാൽഡസും പിന്നെ നമ്മുടെ മുത്ത് ലിയോയും എല്ലാം കൂടി മനോഹരമായ പാസിംഗ് ചെയ്യുന്നതും നോക്കി കണ്ണും തള്ളി നിൽക്കുകയാണ് ഞാൻ.... ഒന്നും കൂടി ചിന്തിച്ചപ്പോഴാണ് അവർ പരിശീലനം നടത്തുന്നത് ഞങ്ങടെ വയലിൽ ആണെന്ന് ഓർത്തത്, ആലോചിച്ചപ്പോൾ എനിക്ക് തന്നെ ചിരി വന്നുപോയി.... മെസ്സിയും പിള്ളേരും ഞങ്ങടെ വയലിൽ പന്ത് തട്ടി കളിക്കുന്നു, എന്ത് മണ്ടത്തരമാണ്........ ഹാാാ, സ്വപ്നം അല്ലേ...... എന്ത് വേണമെങ്കിലും കാണാലോ... അതിലും വല്യ കോമഡി എന്താണെന്ന് വെച്ച ഇടയ്ക്ക് പുറത്തേക്ക് പോകുന്ന ബോൾ തട്ടി കൊടുക്കുമ്പോൾ എന്റെ സ്കിൽസ് കണ്ട് അവർ ഒരുനിമിഷം കളി നിർത്തി കയ്യടിക്കുന്നു, ഛെ... ഓർക്കുമ്പോൾ എനിക്ക് തന്നെ കുറവാവുന്നു, ഈ കഥ വേറെ ആരോടെങ്കിലും പറഞ്ഞാൽ ചിലപ്പോൾ എന്നെ പിടിച്ചു വല ഭ്രാന്താശുപത്രിയിലും കൊണ്ടുപോയി ഇടും....

വീണ്ടും കണ്ണടച്ച് കിടക്കാൻ തുടങ്ങുമ്പോഴാണ് ഒരു ശബ്ദം കേട്ടത്, അത് താഴെ നിന്ന് ആയിരുന്നു..... യാമിനി കിടക്കുന്ന അവിടെ നിന്ന്. ഇരുട്ട് ആയതുകൊണ്ട് ഒന്നും കാണുന്നില്ല, പക്ഷെ അവൾ ശ്വാസം എടുക്കുന്ന ശബ്ദമാണെന്ന് തോന്നുന്നു കേട്ടത്...

ഞാൻ എഴുന്നേറ്റ് ലൈറ്റ് ഇട്ട് നോക്കുമ്പോഴാണ് അവൾ കിടന്ന് വിറക്കുകയാണെന്ന് മനസ്സിലായത്. ഞാൻ വേഗം ഫാൻ ഓഫാക്കിയിട്ട് അവളുടെ അടുത്ത് ചെന്നു നോക്കി, ശരിയാണ് കിടന്ന് വിറയ്ക്കുകയാണ്.... ഇടയ്ക്ക് എന്തോ പിച്ചും പെയ്യും ഒക്കെ

പറയുന്നുണ്ട്, മലയാളം അല്ല, മറ്റ് ഏതോ ഭാഷയാണെന്ന് തോന്നുന്നു, ഒന്നും മനസിലായില്ല..

അവൾ ചുരുണ്ട് കൂടി കിടക്കുകയാണ്.... പൂച്ച കിടക്കുന്നത് പോലെയുണ്ട്. നെറ്റിയിൽ കൈ വെച്ച് നോക്കിയപ്പോൾ ചുട്ടു പൊള്ളുന്ന ചൂട്, അയ്യോ നല്ല പനിയുണ്ട്...... കർത്താവെ എന്ത് ചെയ്യും....

"യാമിനി........... ഡോ........ അതേ........"

"ഏഹ്മ്........"
ഞാൻ വിളിച്ചപ്പോൾ ഒന്ന് ചിണുങ്ങിയിട്ട് ഒന്നുകൂടി ചുരുണ്ട് കൂടി കിടന്നു....
ഇങ്ങനെ നിലത്ത് കിടത്തിയാൽ പണിയാവും, പക്ഷെ പെണ്ണ് ഒന്ന് എഴുന്നേറ്റ് കിട്ടണ്ടേ...

"എടോ എഴുന്നേറ്റ് കട്ടിലിൽ കയറി കിടന്നോ"
എവിടെ............ ആര് കേൾക്കാൻ
എന്തെങ്കിലും ചെയ്തില്ലെങ്കിൽ ഇതിന് രാവിലെ ആവുമ്പോഴേക്കും എന്തെങ്കിലും പറ്റുമല്ലോ ഈശോയെ,

എനിക്ക് ആകെ ഒരു അസ്വസ്ഥത, എന്തോ അവള് ഇങ്ങനെ കിടക്കുന്നത് കാണുമ്പോൾ ഒരു വിഷമം...... ഹാാാ, ഇനിയും ഞാൻ ഒന്നും ചെയാതെ നിന്നിട്ട് കാര്യമില്ല....

അല്പം ചിന്തിച്ച ശേഷം ഞാൻ അത് ചെയ്തു, അതെ... അവളെ പിൻ കഴുത്തിലും തുടയ്ക്ക് താഴെ കൂടിയും കൈ ഇട്ട് പൊക്കി എടുത്തു, ന്റമ്മച്ചി......... ഞാൻ പ്രതീക്ഷിച്ചതിലും ഭാരം ഉണ്ടല്ലോ

എടുത്ത് ഉയർന്നപ്പോൾ വീഴാൻ പോയെങ്കിലും എങ്ങനെയോ ബാലൻസ് ചെയ്തു, ഭാഗ്യം അവൾ ഉണർന്നില്ല.

"ആാാ........ തല്ലല്ലേ.... മീരമ്മേ......"
കട്ടിലിലേക്ക് കിടത്താൻ നോക്കുന്നതിന് ഇടയ്ക്ക് അവൾ എന്റെ കൈയിൽ കിടന്ന് പറഞ്ഞത് ഞാൻ വ്യക്തമായി കേട്ടു, എന്തോ ചങ്ക് പിടച്ചുപോയി അവളുടെ

നിഷ്കളങ്കമായ സ്വരം കേട്ടപ്പോൾ.... ആ തള്ളയെ ആയിരിക്കും ഇവൾ സ്വപ്നം കാണുന്നത്, പണ്ടാരം..... എങ്ങനെ തോന്നി കാണും അവർക്ക് ഇതിനെ ഉപദ്രവിക്കാൻ... ഛെ, അവരോടുള്ള ദേഷ്യം അടക്കാൻ കഴിയുന്നില്ല........ അല്ല പറ്റും, എന്തും മറക്കാൻ പറ്റും, ഇവളുടെ മുഖത്തേക്ക് തന്നെ ഇങ്ങനെ നോക്കി നിന്ന മതി, മറ്റെന്തും മറക്കാം..... എന്നെക്കാൾ നാലഞ്ച് വയസിന് മൂത്തത് ആണെങ്കിലും ഇപ്പോഴും ഒരു കുട്ടിത്തം ആ മുഖത്ത് ഉണ്ട്.... എന്റെ ഒന്നും മുഖത്ത് ചെറുപ്പത്തിൽ പോലും ഉണ്ടായിട്ടുണ്ടാവില്ല.

"ഉമ്മ്മ്......"
കട്ടിലിൽ കിടത്തിയ ശേഷം കുറച്ചു നേരം നോക്കി നിന്നിട്ട് ഞാൻ ആ നെറ്റിയിൽ പതിയെ ഒരു ചുംബനം കൊടുത്തു, എന്റെ പെണ്ണിന് ഞാൻ നൽകുന്ന ആദ്യ ചുംബനം.... പക്ഷെ അവൾ അതൊന്നും അറിഞ്ഞിട്ട് പോലും ഇല്ല... നല്ല ചൂടുണ്ട് ഇപ്പോഴും....

എന്ത് ചെയ്യും???

പണ്ട് എനിക്ക് പനി വരുമ്പോൾ മേരി നേഴ്സ് ചെയ്യുന്ന കുറച്ച് സംഭവങ്ങളുണ്ട്, അതൊക്കെ ഒന്ന് പരീക്ഷിച്ചു നോക്കാം...... ആദ്യ പരീക്ഷണമാണ് കർത്താവേ മിന്നിച്ചേക്കണേ........

ആദ്യം എന്തായാലും തുണി നനച്ചിട്ട് കൊടുക്കാം, ഞാൻ വേഗം പോയി ഒരു തുണി എടുത്ത് നനച്ച് കൊണ്ടുവന്നു.

"ലുട്ടാപ്പി......"
അവൾ ഉറക്കത്തിൽ പറഞ്ഞതാണ്, ഇവൾ ഇനി ഉറക്കത്തിൽ വല്ല ബാലരമയും വായിക്കുകയാണോ, ലുട്ടാപ്പിയോ?

തുണി നനച്ച് നെറ്റിയിൽ വച്ചപ്പോൾ അവൾ ചെറുതായി ഒന്ന് പുഞ്ചിരിച്ചു, കക്ഷി ഇപ്പോഴും സ്വപ്നത്തിൽ തന്നെ ആണെന്ന് തോന്നുന്നു.. എന്തായാലും ഇപ്പോ കണ്ടുകൊണ്ട് ഇരിക്കുന്നത് സന്തോഷകരമായ എന്തോ ആണ്. അത് പിന്നെ ലുട്ടാപ്പിയും ഡാകിനിയും ഒക്കെ അല്ലേ സ്വപ്നത്തിൽ വരുന്നത്.....

തുണി നനച്ച് നെറ്റിയിൽ വച്ച ശേഷം ഞാൻ നേരെ അടുക്കളയിൽ പോയി വെളുത്തുള്ളി ചതച്ച് അല്പം വെളിച്ചെണ്ണ എടുത്ത് അതിൽ കലക്കി. ഇതും മേരി എനിക്ക് ചെയ്ത് തന്നിരുന്ന ഒരു കാര്യമാണ്... ഈ നീര് കാലിനടിയിൽ തേച്ച് മസ്സാജ് ചെയ്യണം... മേരി ചെയ്ത് തന്നിരുന്ന കാര്യങ്ങളിൽ ഏറ്റവും ഫലപ്രദമായ ഒന്നായിരുന്നു ഇത്....

ഞാൻ അതുമായി തിരിച്ച് പനിക്കാരിയുടെ അടുത്ത് പോയി ഇരുന്നു, ഇപ്പോ അനക്കം ഒന്നുമില്ല, പിച്ചും പെയ്യും പറച്ചിലും നിർത്തിയിട്ടുണ്ട്.

ഞാൻ മെല്ലെ കട്ടിലിൽ അവളുടെ കാല് വെച്ച ഭാഗത്ത് ഇരുന്ന ശേഷം കാല് രണ്ടും എടുത്ത് എന്റെ മടിയിലേക്ക് വച്ചു, ഇല്ല അവൾ ഒന്നും അറിഞ്ഞിട്ടില്ല.... ഇതിനെ ഈ അവസ്ഥയിൽ രാത്രി തട്ടി കൊണ്ട് പോവാൻ എളുപ്പം ആണല്ലോ, ഛെ...... ഞാൻ എന്തിനാണ് തട്ടി കൊണ്ടു പോവുന്ന കാര്യം ഒക്കെ ചിന്തിക്കുന്നത്, ഈ കിടക്കുന്നത് എന്റെ സ്വന്തം ഭാര്യയല്ലേ....... എല്ലാം അപ്രതീക്ഷിതമായി സംഭവിച്ചത് ആയതുകൊണ്ട് ഇടയ്ക്ക് ഇടയ്ക്ക് ഞാൻ അത് മറന്ന് പോവും.... ഇപ്പോഴും പക്ഷെ വിശ്വസിക്കാൻ പറ്റുന്നില്ല, കല്യാണത്തെ പറ്റി എനിക്ക് ഒരുപാട് സ്വപ്നങ്ങൾ ഉണ്ടായിരുന്നു, ഇപ്പോ ഇതിനെ കാണുമ്പോൾ ഞാൻ സ്വപ്നം കണ്ടിരുന്നതിനേക്കാൾ മികച്ച ഭാവിയിലാണ് ഞാൻ ജീവിക്കാൻ പോവുന്നത് എന്ന് തോന്നുകയാണ്.... അല്ല, തോന്നൽ അല്ല, സത്യമാണ്..... ഉണ്ണിമായ പറഞ്ഞത് പോലെ എല്ലാം ഒരു നിയോഗം ആണെന്ന് വിശ്വസിക്കാനാണ് എനിക്ക് ഇപ്പോ ഇഷ്ടം.

ഞാൻ ആ നീര് കയ്യിൽ ആക്കിയിട്ട് അവളുടെ കാലിനടിയിൽ പുരട്ടി, മെല്ലെ മസാജ് ചെയ്തു..... നല്ല മൃദുവായ പാദങ്ങൾ, ഉഴിയുമ്പോൾ കൈ വഴുതി പോവുന്നു, അത്രയും മൃദുലം..... പുറത്ത് തകർത്തു പെയ്യാൻ തുടങ്ങിയ മഴയെയും ചുറ്റുമുള്ള

മറ്റെന്തിനെയും മറന്നുകൊണ്ട് ഞാൻ ആ കാല് പാദങ്ങളിൽ പൂർണ്ണ ശ്രദ്ധയും കൊടുത്തു, ഈ പാദങ്ങൾക്ക് ഒക്കെ ഇത്ര ഭംഗി ഉണ്ടാവുമെന്ന് എനിക്ക് ഇപ്പോഴാണ് മനസിലായത്.

എത്ര നേരം ഞാൻ ആ കാല് പാദങ്ങളിൽ വിരലുകൾ ഓടിച്ചിരുന്നു എന്നറിയില്ല, പെട്ടെന്ന് എന്തോ തോന്നി അവളുടെ മുഖത്തേക്ക് നോക്കുമ്പോൾ ഞാൻ കാണുന്നത് കണ്ണും തുറന്ന് എന്നെ തന്നെ നോക്കി കിടക്കുന്ന യാമിനിയെ ആണ്, എന്താണ് അവളുടെ മുഖത്തെ ഭാവം എന്ന് മനസിലാവുന്നില്ല..... പക്ഷെ ഞാൻ ശരിക്കും പതറി പോയി, ഞാൻ എന്തൊക്കെ ന്യായീകരണം പറഞ്ഞാലും സമ്മതം ഇല്ലാതെ കാലിൽ കയറി പിടിച്ചത് അവൾക്ക് ഇഷ്ടമായി കാണില്ല...

“സോറി.......... ഞാൻ........... അത്............. പിന്നെ............ അത്............ പനിയുണ്ടെന്ന് കണ്ടിട്ട്.......... പനി മാറാൻ.....”
അവളുടെ കാലുകൾ മടിയിൽ നിന്നും മാറ്റി എഴുന്നേറ്റു നിന്ന ശേഷം ഞാൻ മടിച്ചു മടിച്ച് പറഞ്ഞു.... പക്ഷെ മറുപടിയായി ഒന്നും മിണ്ടാതെ എന്നെ നോക്കി ഒന്ന് പുഞ്ചിരിക്കുക മാത്രമാണ് അവൾ ചെയ്തത്, അതും ഒരു വോൾടേജ് കുറഞ്ഞ ചിരി, പനിയുടെ ക്ഷീണം ആ മുഖത്ത് എടുത്ത് കാണിക്കുന്നുണ്ട്. ഇടയ്ക്ക് ഒന്നു രണ്ട് വട്ടം ചുമക്കുന്നതും കണ്ടു... എന്നാലും അവളുടെ സൗന്ദര്യത്തിന് ഒരു കോട്ടവും തട്ടിയിട്ടില്ല...

“ഞാൻ ചുക്ക് കാപ്പിയുണ്ടാക്കാം”
അതും പറഞ്ഞ് ഞാൻ വേഗം അടുക്കളയിലേക്ക് നടന്നു, പ്രധാന കാരണം അവളെ ഫേസ് ചെയ്യാൻ ഇപ്പോഴും ഒരു മടി, എന്തോ ഞാൻ ആ ഉമ്മ കൊടുത്തത് അവൾ അറിഞ്ഞിരിക്കുമോ?? ഏയ്, സാധ്യതയില്ല.... കാരണം അത് കഴിഞ്ഞ് ഞാൻ തുണി നനച്ചിട്ട് കൊടുക്കാൻ ചെല്ലുമ്പോഴും അവൾ എന്തോ പിച്ചും പെയ്യും പറയുന്നുണ്ടായിരുന്നു....

കർത്താവെ വല്യ കാര്യത്തിൽ ചുക്ക് കാപ്പി ഇട്ട് തരാമെന്ന് പറഞ്ഞു പോയി, ആ സാധനം ഞാൻ ഇതുവരെ ഉണ്ടാക്കിയിട്ടില്ല. അതെന്ന് അല്ല, ഇതുവരെ ജീവിതത്തിൽ ഞാൻ സ്വന്തമായി ഒരു ചായ പോലും ഉണ്ടാക്കിയിട്ടില്ല, എന്ത് ചെയ്യും??

മേരിയേ വിളിക്കണോ??

അല്ല വേണ്ട, യൂട്യൂബ് ഉണ്ടല്ലോ...... അതെ യൂട്യൂബ് ഉള്ളപ്പോൾ എന്തിനാണ് വെറുതെ മേരിയെ ഈ രാത്രി വിളിച്ച് പേടിപ്പിക്കുന്നത്. അവസാനം അത് തന്നെ ഉറപ്പിച്ചു, യൂട്യൂബിൽ വീഡിയോ നോക്കി ഞാൻ ചുക്ക് കാപ്പിയുണ്ടാക്കി.... അവര് അതിൽ പറഞ്ഞ മുഴുവൻ സാധനങ്ങളും കിട്ടാത്തത് കൊണ്ട് ഉള്ളത് വെച്ച് ഞാൻ അങ്ങ് ഒപ്പിച്ച് ഉണ്ടാക്കി.

ഒരു സിപ് എടുത്ത് കുടിച്ചു നോക്കിയപ്പോഴാണ് ഞാൻ ഉണ്ടാക്കിയ ചുക്ക് കാപ്പി, അല്ല... ചുക്കും കുരുമുളകും ഇട്ട വെള്ളം വായിൽ വെക്കാൻ കൊള്ളില്ല എന്ന കാര്യം ഞാൻ മനസിലാക്കിയത്. സാരമില്ല, പനി മാറാൻ അല്ലേ, ഇത് കുടിച്ചോട്ടെ.

“ഏയ്........ ഡോ....... ഇത് കുടിക്ക്...”
കപ്പുമായി ചെന്ന് ഞാൻ വിളിച്ചപ്പോൾ അവൾ കഷ്ടപ്പെട്ട് എഴുന്നേറ്റിരുന്നു...

“ഇതാ......”.
എന്റെ കയ്യിൽ നിന്നും കപ്പ് വാങ്ങി അവൾ അത് ഊതി ഊതി കുടിക്കാൻ തുടങ്ങി

എന്നാലും എന്താണ് ഞാൻ മറന്നത്?? ആ വീഡിയോയിൽ അവർ ജീരകം ഇടാൻ പറഞ്ഞിരുന്നു പക്ഷെ അത് ഞാൻ തിരഞ്ഞിട്ട് കാണാത്തത് കൊണ്ട് ഇട്ടില്ല, പിന്നെ

തുളസി...... അത് പിന്നെ ഈ രാത്രി മഴയത്ത് ഞാൻ എവിടെ പോയി പറക്കാനാണ്, സൊ അതും ഒഴിവാക്കി.
എന്നാലും മേരി ഉണ്ടാക്കി തരുമ്പോൾ ഇഞ്ചിയുടെയും കുരുമുളകിന്റെയും ആ പിടുത്തം ഉണ്ടാവാറുണ്ടെങ്കിലും ഒരു ടേസ്റ്റ് ഒക്കെ കാണും....

അയ്യോ.......... വെറുതെ അല്ല, ശർക്കര ഇടാൻ മറന്നുപോയി... അവളെ നോക്കിയപ്പോൾ മുഖത്ത് ഒരു ഭാവ വ്യത്യാസവും ഇല്ലാതെ ഞാൻ കൊടുത്ത ചുക്കും കുരുമുളകും ഇട്ട വെള്ളം കുടിച്ച് ഇറക്കുകയാണ്. എനിക്ക് ചിരിക്കണോ കരയണോ എന്ന് അറിയുന്നില്ല...

“അതേ..... കുടിക്കാൻ പറ്റുന്നുണ്ടോ, അതിൽ ശർക്കര ഇടാൻ മറന്നുപോയി”

“ഞാൻ എങ്ങനെ കട്ടിലിൽ എത്തി??”
എന്റെ ചോദ്യത്തിന് പകരം കുടിച്ചു കഴിഞ്ഞ കപ്പ് കാണിച്ച് തന്ന ശേഷം അവൾ അത് ചോദിച്ചപ്പോൾ ഒരു നിമിഷം എന്ത് പറയുമെന്ന ആശയക്കുഴപ്പത്തിലായിരുന്നു ഞാൻ.

“അത് പിന്നെ...... വിളിച്ചിട്ട് താൻ എഴുന്നേറ്റില്ല..... അപ്പൊ ഞാൻ എടുത്ത് കിടത്തി...... താഴെ തണുപ്പിൽ കിടന്നാൽ പനി കൂടും എന്ന് കരുതി..........”
ഞാൻ അത് പറയുമ്പോൾ അവളുടെ മുഖത്ത് ഒരു തിളക്കം കണ്ടു, പക്ഷെ പെട്ടെന്ന് തന്നെ അത് മാറി ഒരുമാതിരി ആക്കിയ ചിരിയായി മാറി.
ആ കോണച്ച ചിരി എനിക്ക് തീരെ ഇഷ്ടമായില്ല, ഉച്ചയ്ക്ക് മേരി എന്നെ പുച്ഛിച്ചു തള്ളുമ്പോഴും പെണ്ണിന്റെ മുഖത്ത് ഇതേ ചിരിയായിരുന്നു...
തത്കാലം പനി ആയതുകൊണ്ട് ക്ഷമിക്കാം...

“കിടന്നോ....... ഒന്ന് ഉറങ്ങി ഉണരുമ്പോഴേക്കും പനി ഒക്കെ പറപറക്കും, അതിനുള്ള എല്ലാ സെറ്റപ്പും ചെയ്തിട്ടുണ്ട്”

അവളെ കയ്യിൽ നിന്ന് കപ്പും വാങ്ങിയിട്ട് ഞാൻ പറഞ്ഞപ്പോൾ അനുസരണയോടെ അവൾ കിടന്നു... ഞാൻ നേരെ കപ്പും ആയിട്ട് അടുക്കളയിലേക്ക് ചെന്നു....

അവൾ ഇങ്ങനെ പനി പിടിച്ച് കിടക്കുമ്പോൾ ചൂട് പകർന്നുകൊണ്ട് ഒപ്പം കെട്ടിപ്പിടിച്ചു കിടക്കാൻ എന്റെ ഉള്ളം കൊതിച്ചു. "ഭാവിയിൽ എന്തായാലും സംഭവിക്കും" ആരോ ഉള്ളിൽ നിന്ന് പറഞ്ഞു....
പക്ഷെ അതിന് ഇനി അടുത്ത പനി വരുന്നത് വരെ കാത്തിരിക്കണ്ടേ...
###

"ഏയ്..... പനിക്കുമ്പോൾ പുതച്ച് മൂടി കിടക്കരുത്"
അടുക്കളയിൽ നിന്ന് തിരിച്ചു വരുമ്പോൾ പുതച്ചു കിടക്കുന്നത് കണ്ട് ഞാൻ പറഞ്ഞു....
അവൾ എന്നെ ദയനീയമായി നോക്കി കിടക്കുകയാണ്.

"ഇങ്ങ് കൊണ്ട........ പുതച്ച് കിടന്നാൽ പനി വിടില്ല....."
എന്നും പറഞ്ഞ് പുതപ്പ് ഞാൻ വലിച്ച് എടുത്തു.... പെണ്ണിന്റെ മുഖം കാണുമ്പോൾ പക്ഷെ പാവം തോന്നുന്നു, ഞാൻ കട്ടിലിൽ അവളുടെ അടുത്ത് ഇരുന്നു.....

"തണുക്കുന്നു....."
അവൾ മെല്ലെ പറഞ്ഞു, പക്ഷെ മുഖത്തു ഇപ്പോ നേരത്തെ കണ്ട അത്ര ക്ഷീണമില്ല, പനി വിടുന്നുണ്ടെന്ന് തോന്നുന്നു.... ഹ്മ്, കൈ പുണ്യമുണ്ട്.... നല്ലോണം പഠിച്ച് വല്ല ഡോക്ടറും ആയാൽ മതിയായിരുന്നു.

“അയിന്??”
ഞാൻ ഒരു പുച്ഛ ഭാവത്തിൽ തിരിച്ച് ചോദിച്ചപ്പോൾ എന്റെ കയ്യിൽ ചുരുട്ടി പിടിച്ചിരിക്കുന്ന പുതപ്പിലേക്ക് കണ്ണ് കാണിച്ചുകൊണ്ട് അവൾ എന്നെ ഒരു നോട്ടം നോക്കി, ഉഫ്...... കണ്ണിൽ ചോരയുള്ള ആരായാലും അത് കൊടുത്തുപോവും, പക്ഷെ ഞാൻ കൊടുത്തില്ല..... അതിനർത്ഥം ഞാനൊരു കണ്ണിൽ ചോരയില്ലാത്ത ദുഷ്ടൻ ആണെന്ന് ഒന്നുമല്ല, പനി മാറാനല്ലേ.....

“പ്ലീസ്......”

“ഒരു പ്ലീസുമില്ല..... അടങ്ങി കിടക്കാൻ നോക്ക്.....”
ഞാൻ അല്പം കനത്തിൽ തന്നെ പറഞ്ഞത് കൊണ്ട് പിന്നെ പെണ്ണ് ഒന്നും മിണ്ടിയില്ല, കൈ രണ്ടും കൂട്ടി തലയ്ക്ക് അടിയിൽ വച്ച് ഞാൻ ഇരിക്കുന്ന ഭാഗത്തേക്ക് തന്നെ ചരിഞ്ഞു എന്റെ മുഖത്തേക്ക് നോക്കി കിടക്കുകയാണ് അവൾ.

“എന്താടി??”
അല്പസമയം എന്റെ മുഖത്തേക്ക് തന്നെ നോക്കി കിടന്ന ശേഷം വീണ്ടും മറ്റേ ആക്കിയ ചിരി ചിരിക്കുന്നത് കണ്ട് ഞാൻ ഗൗരവത്തോടെ ചോദിച്ചു.

“മ്മ്ച്....”
അവൾ ഒന്നുമില്ല എന്ന രീതിയിൽ ചുമൽ അനക്കി.

“ഹ്മ്......”
ഒന്ന് മൂളിയിട്ട് ഞാൻ എഴുന്നേറ്റു

“നമ്മള് ആദ്യമായി കണ്ടത് എപ്പോഴാണെന്ന് അറിയുമോ??”
കട്ടിലിൽ നിന്നും എഴുന്നേറ്റപ്പോൾ പിന്നിൽ നിന്ന് യാമിനിയുടെ ചോദ്യം, ഇതെന്താ ഇപ്പോ ഇങ്ങനെ ഒരു ചോദ്യം??

“അങ്ങനെ മറക്കാൻ പറ്റിയ ഒരു ദിവസമല്ല അത്..........”
ഇവളെ ഞാൻ ഇപ്പോ ഒരുപാട് ഇഷ്ടപ്പെടുന്നു, പക്ഷെ ആ ദിവസം അത് ഇപ്പോഴും എനിക്ക് ഒരു നീറ്റൽ തന്നെയാണ്.... ഹരി........ ആ മുഖമാണ് മനസിലേക്ക് വരുന്നത്...

“അന്ന് അല്ല......ഒരുപാട് വർഷങ്ങൾക്ക് മുന്നെ നമ്മൾ കണ്ടിട്ടുണ്ട്....”
എന്റെ മുഖഭാവത്തിൽ നിന്നും ഞാൻ ആ രാത്രിയെ കുറിച്ചാണ് ആലോചിക്കുന്നത് എന്ന് അവൾക്ക് മനസിലായി

“ഏഹ് എപ്പോ...... എങ്ങനെ???”
എനിക്ക് ഒരു പിടിയും കിട്ടിയില്ല, ഇനി പനി കൂടി പെണ്ണിന് വല്ല ഭ്രാന്തും പിടിച്ചോ...

ശരിയാണ്, എന്റെ ഊഹം ശരിയാണ്. അവൾക്ക് ഭ്രാന്ത് പിടിച്ചെന്ന് തോന്നുന്നു, എന്റെ ചോദ്യത്തിനുള്ള മറുപടി തരാതെ കിടന്ന് ചിരിക്കുകയാണ്, കുറച്ച് മുൻപ് പനിച്ചു വിറച്ചു കിടന്ന ആളെ അല്ല, പനി ഒക്കെ പറപറന്നിട്ടുണ്ട്.

“ഒരുമാതിരി ആളെ കളിയാക്കാതെ കാര്യം പറയെടോ.....”

“ഞാൻ നാലാം ക്ലാസ്സില് പഠിക്കുമ്പോൾ ടോണി LKGയിൽ ആയിരുന്നു, ഒരേ സ്കൂളിൽ... ഒരേ ഓട്ടോയിൽ ആയിരുന്നു നമ്മൾ പോയിരുന്നത്....”

അയ്യേ...... ഛെ, അത് കേട്ടപ്പോൾ ഞാൻ ശരിക്കും ചമ്മി പോയി. ഇപ്പോ കാണുമ്പോൾ വലിയ പ്രശ്നമില്ല, ഏകദേശം സമ പ്രായക്കാരെ പോലെയുണ്ട്, പക്ഷെ പഴയ ആ സീൻ ഞാൻ ഒന്ന് മനസ്സിൽ സങ്കൽപ്പിച്ച് നോക്കി, അയ്യേ.... ആലോചിക്കാൻ കൂടി വയ്യ......

“ടോണി ആകെ മാറിപ്പോയി, എനിക്ക് മനസ്സിലായിരുന്നില്ല..... പക്ഷെ ഇന്ന് അമ്മച്ചിയെ കണ്ടപ്പോഴാണ് എനിക്ക് ഓർമ്മ വന്നത്....”
എന്ന് പറഞ്ഞ് അവൾ വീണ്ടും ചിരി തുടങ്ങി, ഞാൻ ആണെങ്കിൽ ആകെ ചമ്മി നാറി നിൽക്കുന്നു.

“അതെ ഓവർ കിണിക്കണ്ട, ഇപ്പോ ഞാൻ വലുതായില്ലേ.....”
ചമ്മൽ മറയ്ക്കാൻ വേണ്ടി ഞാൻ ഗൗരവത്തോടെ പറഞ്ഞു.

“അയ്യോ സോറി, പഴയത് ഓരോന്നും ആലോചിച്ചു ചിരിച്ചു പോയതാണ്...”

“എന്ത് കാര്യം??”
എന്താണ് ഇതിനു മാത്രം ചിരിക്കാനുള്ളത് എന്ന് അറിയാൻ ഒരു കൗതുകം...

“ഭയങ്കര വികൃതി ആയിരുന്നു അന്ന്....”.
എന്നെ തല കൊണ്ട് കാണിച്ചുകൊണ്ട് അവൾ പറഞ്ഞ് തുടങ്ങി, അത് പിന്നെ ചെറുപ്പത്തിൽ ഇത്തിരി വികൃതി ഒക്കെ കാണും, സ്വാഭാവികം....

“വണ്ടിയിലുള്ള എല്ലാ കുട്ട്യാളോടും അടി കൂടും, സൈഡ് സീറ്റിന് വേണ്ടി എന്നും അടി ആയിരുന്നു.... ചെറുതായത് കൊണ്ട് എന്നിട്ട് ഒറ്റയ്ക്ക് ഇരുത്താതെ എന്റെ മടിയിൽ ആണ് ഇരിക്കുക....”
പറയുന്നതിന് ഇടയ്ക്ക് അവൾ വീണ്ടും നിയന്ത്രണം വിട്ട് ചിരിക്കാൻ തുടങ്ങി, എനിക്ക് ആകെ എന്ത് പറയണമെന്ന് അറിയുന്നില്ല, ഛെ, പക്ഷെ എനിക്ക് ഇതൊന്നും യാതൊരു ഓർമ്മയുമില്ല...

“ശരിയാണ് ഇപ്പോ വാതോരാതെ സംസാരിക്കുന്ന ആ പഴയ വികൃതി ചെറുക്കനെ അല്ല, ആളാകെ മാറിപ്പോയി”
പറയുന്ന ആള് നിർത്താതെ സംസാരിക്കുന്ന പോലെയാണ് പറച്ചിൽ, ഇത് ആദ്യമായാണ് ഇത്ര കാഷ്വലായി എന്നോട് സംസാരിക്കുന്നത് തന്നെ, അപ്പൊ ഇതാണ് ഇന്ന് മൊത്തം എന്നെ നോക്കി ആ കൊണച്ച ചിരി ചിരിക്കാനുള്ള കാരണം...

“കിടക്കാൻ നോക്ക്, ശരീരം അനങ്ങാതെ കിടക്കണം, എന്നാല്ലെ പനി മാറു”
അവൾ ആദ്യമായിട്ടാണ് എന്നോട് ഇത്ര ക്ലോസ് ആയി സംസാരിക്കുന്നത്, പക്ഷെ ചമ്മൽ കാരണമാവാം എനിക്ക് ആ സംസാരം നീട്ടി കൊണ്ടുപോകാൻ തോന്നിയില്ല.... എനിക്ക് ഇപ്പോ അവളോട് തോന്നുന്ന ഇഷ്ടമാവാം ആ ചമ്മലിന്റെ പ്രധാന കാരണം...

അതും പറഞ്ഞ് ഞാൻ പോയി ലൈറ്റ് ഓഫാക്കി താഴെ അവൾ വിരിച്ചിരുന്ന വിരിയിൽ കയറി കിടന്നു, പക്ഷെ അത്ര പെട്ടെന്ന് ഒന്നും ഇനി ഉറങ്ങാൻ കഴിയില്ല എന്ന് എനിക്ക് നല്ല പോലെ അറിയാം.

“അതെ.....”

“മ്മ്.......”

“ഉറങ്ങിയോ??”

“മ്മ്മ്......”
അവളുടെ ചോദ്യത്തിന് ഞാൻ ഇല്ല എന്ന രീതിയിൽ മൂളി.

“ഞാൻ പണ്ട് ഒരു പേര് വിളിക്കാറുണ്ട്, ഓർമ്മയുണ്ടോ??”

“ഇല്ല......”
അവളെ തന്നെ ഓർമ്മയില്ല, അപ്പോഴാണ് അവൾ വിളിച്ചിരുന്ന പേര്... മടിയിൽ പിടിച്ച് ഇരുത്തിയിരുന്ന കുഞ്ഞല്ലേ, വല്ല തക്കുടൂന്നും ചുക്കുടൂന്നും എങ്ങാനും ആവും...

“ലുട്ടാപ്പി......”

അല്പസമയത്തെ മൌനത്തിന് ശേഷം അവൾ ആ പേര് പറഞ്ഞപ്പോൾ ഞാൻ ശരിക്കും ഞെട്ടി, പക്ഷെ ഇപ്പോ എനിക്ക് ചമ്മൽ അല്ല അനുഭവപ്പെട്ടത്.... സന്തോഷമാണ്, ഒടുക്കത്തെ സന്തോഷം.
അവൾ നേരത്തെ സ്വപ്നത്തിൽ കണ്ടിരുന്നത് അപ്പൊ എന്നെയാണ്, ചെറുപ്പത്തിലേ എന്നെ ആയാലും അതും ഞാൻ തന്നെ ആണല്ലോ... ഇനി പേടിക്കാനില്ല, ആ എന്നെ ഇഷ്ടമായെങ്കിൽ ഈ എന്നെയും ഇഷ്ടമാവും...... തീർച്ച.“അപ്പൊ എന്നെ സ്വപ്നത്തിൽ ഒക്കെ കാണാറുണ്ട് ലേ.....”“സ്വപ്നത്തിലോ??”
അവൾ ഒരു സംശയത്തോടെ ചോദിച്ചു“അതെ സ്വപ്നത്തിൽ തന്നെ, നേരത്തെ ഉറക്കത്തിൽ ലുട്ടാപ്പി കുട്ടാപ്പിന്ന് ഒക്കെ പറയുന്നുണ്ടായിരുന്നു....... ഹഹഹഹ........”
ഞാൻ അത് പറഞ്ഞതോടെ ആള് സൈലന്റ് ആയി, ഇപ്പോഴത്തെ അവളുടെ മുഖഭാവം കാണണമെന്ന് ഉണ്ടായിരുന്നു, പക്ഷെ വെളിച്ചം ഇല്ലാത്തത് കൊണ്ട് പറ്റിയില്ല..... എന്തായാലും പിന്നെ അവൾ ഒന്നും മിണ്ടിയില്ല

ഞാൻ അങ്ങോട്ടും ഒന്നും പറയാൻ നിന്നില്ല, ഞാൻ അങ്ങനെ ഓരോന്നും ആലോചിച്ചു കിടന്നു, നിദ്രാദേവി ഈ പരിസരത്തേക്ക് പോലും തിരിഞ്ഞ് നോക്കുന്ന ലക്ഷണമില്ല, പിന്നെ ഒരു ആശ്വാസം അവളെയും കനിയില്ല എന്നതാണ്... കട്ടിലിൽ അവളും ഉറക്കം കിട്ടാതെ കിടക്കുന്നുണ്ടാവും..... അത് എനിക്ക് ഉറപ്പാണ്...

ഒരുപാട് നേരം അങ്ങനെ പലതും ചിന്തിച്ചു കിടന്ന ശേഷം എപ്പോഴോ ഉറങ്ങിപ്പോയി, രാവിലെ കോളിംഗ് ബെൽ അടിയുന്ന ശബ്ദം കേട്ടാണ് എഴുന്നേറ്റത്, അതിരാവിലെ തന്നെ ആരാ ഇപ്പോ ഇങ്ങോട്ട് വരാൻ??

മുകളിൽ കട്ടിലിലേക്ക് നോക്കിയപ്പോൾ ഇതുവരെ രാവിലെ കണ്ടിട്ടില്ലാത്ത കാഴ്ചയാണ് കണ്ടത്, ഉറങ്ങി എഴുന്നേറ്റ് കിളി പോയി ഇരിക്കുന്ന യാമിനി, അവളും ആ കോളിംഗ് ബെല്ലിന്റെ ശബ്ദം കേട്ട് എഴുന്നേറ്റതാണെന്ന് തോന്നുന്നു..... പനിയുടെ ക്ഷീണം കാണും, അല്ലെങ്കിൽ രാവിലെ ഞാൻ ഉണരുന്നതിന് മുന്നെ അവൾ എഴുന്നേറ്റ് കുളിച്ചിട്ടുണ്ടാവും.

ഉറക്കപിച്ചിൽ കണ്ണും തിരുമ്മിക്കൊണ്ട് ഞാൻ വാതിലിന് നേരെ നടക്കുമ്പോൾ പിന്നിൽ കുളിമുറിയുടെ വാതിൽ തുറന്ന് അടയുന്ന ശബ്ദം കേട്ടു....

ഉറക്കച്ചടവിൽ കോട്ടുവായിട്ടുകൊണ്ട് ഞാൻ വാതിൽ തുറന്നു, പക്ഷെ മുനിൽ നിൽക്കുന്ന ആളെ കണ്ടതോടെ ഉറക്കമെല്ലാം എങ്ങോ മറഞ്ഞുപോയി.

"രാഘവൻ" ഇയാള് എന്താ ഇവിടെ??

" ഉറങ്ങുകയായിരുന്നോ??"

"മ്മ്......."
ഞാൻ അതെ എന്ന രീതിയിൽ മൂളി, ഇയാള് എങ്ങനെ ഈ സ്ഥലം കണ്ടുപിടിച്ചു?? എന്താണ് ഈ വരവിന്റെ ഉദ്ദേശം?? അങ്ങനെ ഒരുപാട് ചോദ്യങ്ങൾ മനസ്സിൽ തെളിഞ്ഞു... പക്ഷെ ഞാൻ ഒന്നും ചോദിച്ചില്ല.

"എന്നോട് ക്ഷമിക്ക് മോനെ...... മോന് എന്നോട് ദേഷ്യമാണെന്ന് അറിയാം...... എന്റെ ബുദ്ധി ഇല്ലായിമ്മ കൊണ്ട് ഞാൻ മോനോട് വളരെ മോശമായി പെരുമാറി പോയി, പകരം എന്ത് വേണമെങ്കിലും ചെയ്യാം......"
അന്ന് ഞാൻ കണ്ട രാഘവനെ അല്ല ഇപ്പൊ എന്റെ മുനിൽ നിൽക്കുന്നത്, ഇയാൾക്ക് ഇത് എന്ത് പറ്റി??

"മോൻ എന്നോട് ക്ഷമിച്ചെന്ന് പറയാതെ ഞാൻ പോവില്ല..... പ്ലീസ് മോനെ, എന്ത് പ്രായശ്ചിത്തം വേണമെങ്കിലും ചെയ്യാം......"
ഞാൻ ഒന്നും മിണ്ടാതെ നിൽക്കുന്നത് കണ്ടിട്ട് പുള്ളി വീണ്ടും പറഞ്ഞു, കരച്ചിലിന്റെ വക്കിൽ എത്തിയിരുന്നു അയാൾ.

"മ്മ്..... സാരമില്ല..... ഞാൻ അതൊന്നും ഇനി ഓർക്കാൻ ആഗ്രഹിക്കുന്നില്ല....... നിങ്ങൾ ചെല്ല്"

“അയ്യോ പ്ലീസ് മോനെ....... ഞാൻ കാല് പിടിക്കാം......”
ഞാൻ അകത്തേക്ക് കയറി വാതിൽ അടക്കാൻ പോയപ്പോൾ പുള്ളി അതും പറഞ്ഞ് എന്റെ കാലിലേക്ക് വീണു,

ഞാൻ ആകെ വല്ലാതെ ആയി, എന്തൊക്കെ ആയാലും എന്റെ അപ്പന്റെ പ്രായമുള്ള ഒരു മനുഷ്യൻ എന്റെ കാലിൽ വീഴുക എന്നൊക്കെ പറഞ്ഞാൽ....

“അയ്യോ.....”.
ഞാൻ പെട്ടെന്ന് തന്നെ പുള്ളിയെ പിടിച്ച് എഴുന്നേൽപ്പിച്ചു, അയാളുടെ കണ്ണുകൾ നിറഞ്ഞിരുന്നു.

“അയ്യോ എന്താ ഇത് ഇങ്ങനെ ഒക്കെ.....”
പുള്ളിയോട് എന്ത് പറയണമെന്ന് എനിക്ക് കിട്ടുന്നില്ല...

“എനിക്ക് ഈ ലോകത്ത് ആകെ ഉള്ളത് എന്റെ മോളാണ്, അവൾക്ക് വേണ്ടിയാണ് ഈ ജീവിതം.............. അന്ന് മോൻ ഇറങ്ങി പോയതിന് ശേഷം ഇതുവരെ എന്റെ മോള് എന്നോട് ഒരക്ഷരം മിണ്ടിയിട്ടില്ല.... എന്നെ കാണുന്നത് പോലും ഇഷ്ടമല്ലെന്ന് പറഞ്ഞു.................... “
എന്നും പറഞ്ഞ് പുള്ളി വിതുമ്പാൻ തുടങ്ങി, കണ്ടിട്ട് സഹിക്കുന്നില്ല.... ആ സൈലെൻസ് എത്ര മാത്രം വേദന നൽകുമെന്ന് എനിക്ക് അറിയാം, പണ്ട് ഞാൻ ആദ്യമായും അവസാനമായും അപ്പനോട് എതിർത്ത് സംസാരിച്ചതിന് മേരി എന്നോട് പിണങ്ങി രണ്ട് ദിവസം സംസാരിക്കാതെ നടന്നപ്പോൾ ഞാൻ അനുഭവിച്ച വേദന, അത് ഓർമ്മ വന്നുപോയി.

“ഏയ്, ഞാൻ ചൈതന്യയോട് സംസാരിക്കാം.... എനിക്ക് വിഷമം ഇല്ലെന്ന് പറയാം......”
ഞാൻ പുള്ളിയുടെ ഇരു തോളിലും പിടിച്ചുകൊണ്ട് പറഞ്ഞപ്പോൾ പുള്ളി കണ്ണ് തുടച്ചുകൊണ്ട് നന്ദിയോടെ എന്നെ ഒരു നോട്ടം നോക്കി, അത് മതിയായിരുന്നു എനിക്ക്.

“നമ്പർ തരു”
പുള്ളി പറഞ്ഞ് തന്ന നമ്പറിലേക്ക് ഞാൻ ഡയൽ ചെയ്തു.... ആദ്യത്തെ തവണ എടുത്തില്ല, രണ്ടാം വട്ടം വിളിച്ചപ്പോൾ ഫോൺ എടുത്തു.

“ഹേലോ.....”
ചൈതന്യയുടെ സ്വരം, അന്ന് എന്നോട് സംസാരിച്ച പോലെ സൗമ്യമായിട്ട് ഒന്നും അല്ല...... അല്പം ഗൗരവമുള്ള സ്വരം.

“ഹലോ ചൈതന്യ......”

“ഃഈൗൗ....... ടോണി.....”
ഒരു ദീർഘശ്വാസം എടുത്ത ശേഷം അവൾ എന്റെ പേര് പറഞ്ഞു, അന്ന് ഒറ്റ ദിവസമേ സംസാരിച്ചിട്ടുള്ളു എന്നിട്ടും പെട്ടെന്ന് തന്നെ ശബ്ദം തിരിച്ചറിഞ്ഞല്ലോ...
കുറച്ച് നേരം രണ്ടുപേരും ഒന്നും മിണ്ടിയില്ല, ഒടുക്കം ഞാൻ തന്നെ തുടക്കമിട്ടു.

“എന്തിനാ അച്ഛനോട് മിണ്ടാതെ പിണങ്ങി നടക്കുന്നത്........ ഞാൻ അതൊക്കെ അന്ന് തന്നെ മറന്നു, എനിക്ക് ആരോടും ദേഷ്യമില്ല....ട്ടോ
അല്ലെങ്കിലും ഒരു ജോലിക്കാരനെ ചീത്ത പറഞ്ഞതിന് ജീവന് തുല്യം സ്നേഹിക്കുന്ന അച്ഛനോട് പിണങ്ങി നടക്കണോ.......” അപ്പുറത്ത് നിശബ്ദത,

“ഹലോ ചൈതന്യാ....... ഹേലോ”
കേൾക്കുന്നില്ലേ

“എനിക്ക് ഒന്ന് നേരിട്ട് കാണണം, ആർ യൂ ഫ്രീ ടുഡേ??”
ഇതായിരുന്നു അവൾ പറഞ്ഞത്.

“അത് പിന്നെ....... ഇന്ന്.......... പ്രത്യേകിച്ച് ഒന്നുമില്ല, ഏതെങ്കിലും ഇന്റർവ്യൂ ഉണ്ടോന്ന് നോക്കണം”

“വേണ്ട....... ഇന്ന് എവിടെയും പോവണ്ട, എനിക്ക് കാണണം”
അവൾ വളരെ അധികാരത്തോടെ പറഞ്ഞു, എനിക്ക് അനുസരിക്കാൻ തോന്നി....

“ഞാൻ വരാം.....”

“വീട്ടിലേക്ക് വേണ്ട, ഒരു പതിനൊന്ന് മണിക്ക് കുരിശുപള്ളിയുടെ മുനിൽ നിന്ന മതി”
എന്നും പറഞ്ഞ് അവൾ ഫോൺ കട്ട് ചെയ്തു,

എന്തിനായിരിക്കും അവൾ നേരിട്ട് കാണണമെന്ന് പറഞ്ഞത്, ഒരു പിടിയുമില്ല.....

“രാഘവൻ”, പുള്ളിയോട് എനിക്ക് വിരോധമില്ല എന്ന് പറഞ്ഞ് ചിരിച്ചുകൊണ്ട് തന്നെ യാത്രയാക്കി, പക്ഷെ പുള്ളി പോയി കഴിഞ്ഞപ്പോൾ എനിക്ക് തന്നെ അത്ഭുതം തോന്നി, പണ്ട് സ്കൂളിലും കോളേജിലും ഒക്കെ പഠിച്ചിരുന്ന കാലത്ത് ഒന്ന് പറഞ്ഞു രണ്ടിന് തല്ലാൻ നടന്നിരുന്ന ഞാനാണ് ഇപ്പോ അയാളോട് ദേഷ്യമൊന്നും ഇല്ല, ക്ഷമിച്ചു എന്ന് പറഞ്ഞ് ചിരിച്ചുകൊണ്ട് സംസാരിച്ചത്........ ഹ്മ്...... കാലവും അനുഭവങ്ങളും വരുത്തുന്ന മാറ്റങ്ങൾ.

തിരിച്ച് മുറിയിലേക്ക് കയറുമ്പോൾ ഞാൻ കാണുന്നത് എന്നെ തന്നെ അന്തംവിട്ട് നോക്കി നിൽക്കുന്ന യാമിനിയെ ആണ്... ഈശോ, പെണ്ണ് ഒക്കെ കേട്ടോ.....

“ആരാ??”

“ടോണി......”
അവൾ പുള്ളിയുടെ കാര്യമാണ് ചോദിച്ചതെന്ന് മനസ്സിലായിട്ടും ഒരു ലോ ക്ലാസ്സ് ചളി തന്നെ അങ്ങ് അടിച്ചു.

“ഉഫ്...... ആ പോയത് ആരാ ന്ന്??”

“ഓ അതോ..... അത് ഒരു പരിചയക്കാരനാണ്”

“പുള്ളി എന്തിനാ കാലൊക്കെ പിടിച്ച് കരഞ്ഞത്??”
അയ്യോ പെണ്ണ് അതൊക്കെ കണ്ടോ, ഇനി ഇപ്പോ എന്ത് പറയും....

“ഏയ് അത് ഒന്നുമില്ല”
ഞാൻ ഒരു ഒഴുക്കൻ മട്ടിൽ പറഞ്ഞിട്ട് പല്ല് തെക്കാൻ വേണ്ടി ബ്രഷ് എടുക്കാൻ പോയി.

“അല്ല എന്തോ ണ്ട്, പറ......”

“ഏയ് ഒന്നുമില്ല”

“അപ്പൊ പുള്ളി എന്തിനാ കരഞ്ഞത്??”

“ശ്യോ....... പണ്ടാരം, മനുഷ്യന് ഇത്തിരി സമാധാനം താ......”
ഞാൻ ദേഷ്യംകൊണ്ട് ശബ്ദം ഉയർത്തി പറഞ്ഞു, പറഞ്ഞ് കഴിഞ്ഞപ്പോൾ വേണ്ടായിരുന്നു എന്ന് തോന്നി.... മനഃപൂർവം അല്ല, പുള്ളി വന്നതിന്റെ യഥാർത്ഥ കാരണം തുറന്ന് പറയാതിരിക്കാൻ വേണ്ടി ഉള്ളിൽ നിന്നും ആരോ പറയിപ്പിച്ചതുപോലെ.

അവളുടെ മുഖം മാറിയത് ഞാൻ വ്യക്തമായി കണ്ടു, പിന്നെ ഒന്നും മിണ്ടാതെ അവൾ നേരെ അടുക്കളയിലേക്ക് പോയി...
ഛെ, വേണ്ടായിരുന്നു..... അവൾ ഒന്ന് സംസാരിച്ച് തുടങ്ങിയതാണ്... ഇനി വീണ്ടും ആദ്യത്തെ പോലെ ഒരേ മുറിയിൽ രണ്ടുപേരും അങ്ങോട്ടും ഇങ്ങോട്ടും ഒന്നും മിണ്ടാതെ നടക്കേണ്ട വരുമോ?? ഏയ് ഇല്ല, ഇനി അവൾ സംസാരിച്ചില്ലെങ്കിലും ഞാൻ മുൻകൈ എടുത്ത് സംസാരിക്കും.

ഞാൻ വേഗം തന്നെ പല്ല് തേച്ച് കുളിച്ച് ഡ്രെസ്സും മാറി ഇറങ്ങി, ഞാൻ ഇറങ്ങുന്നത് വരെ യാമിനിയെ കണ്ടില്ല.... പെണ്ണ് ഒഴിഞ്ഞു മാറി നടന്നു, അവസാനം പുറത്തേക്ക് ഇറങ്ങുമ്പോൾ പിന്നിൽ വന്ന് നിന്നത് അറിഞ്ഞെങ്കിലും തിരിഞ്ഞ് നോക്കാതെ ഞാൻ ഇറങ്ങി നടന്നു.
###

10:50 ആയപ്പോഴേക്കും ഞാൻ കുരിശുപള്ളിയുടെ മുന്നിലെത്തി, അഞ്ച് മിനിറ്റ് അങ്ങനെ അവിടെ പോസ്റ്റ് അടിച്ച് നിന്നപ്പോഴേക്കും ചൈതന്യ വന്നു.

ഒരു പിങ്ക് വെസ്പ സ്കൂട്ടിയിൽ വെള്ള ചുരിദാറിട്ട് ശരിക്കും ഒരു ദേവതയെ പോലെയുണ്ട് കാണാൻ, ആ തിളങ്ങുന്ന കണ്ണുകൾക്ക് സമ്മോഹനം ചെയ്യാനുള്ള കഴിവുണ്ടെന്ന് തോന്നുന്നു...

“എന്താണ് മാഷേ ഇങ്ങനെ അന്തംവിട്ട് നോക്കുന്നത്, റിലേ പോയോ??
അവൾ അത് ചോദിച്ചപ്പോൾ ഞാൻ ഒന്ന് ഞെട്ടിക്കൊണ്ട് ആ കണ്ണിലേക്കുള്ള തുറിച്ച് നോട്ടം അവസാനിപ്പിച്ചു.

“ഏയ് ഒന്നുമില്ല, എന്താണ് കാണണമെന്ന് പറഞ്ഞത്??”

“ഹാ എന്താ ഇപ്പോ അത്ര തിരക്ക്, ഇങ്ങ് കയറിക്കേ........ ഒരു സ്ഥലം വരെ പോവാനുണ്ട്”

“ഹാ...... കേറ് ടോണിക്കുട്ടാ, ഇല്ലെങ്കിൽ ഞാൻ പൊക്കി എടുത്ത് കൊണ്ടുപോവും...... ഹഹാ പറഞ്ഞില്ലാന്ന് വേണ്ട”
ഞാൻ വീണ്ടും മടിച്ച് നില്കുന്നത് കണ്ട് അവൾ ഭീഷണിയുടെ സ്വരത്തിൽ പറഞ്ഞു.
പിന്നെ ഒന്നും ചിന്തിച്ചില്ല, വേഗം സ്കൂട്ടറിൽ അവളുടെ പുറകിൽ കയറി ഇരുന്നു.... എങ്ങോട്ടാണ് ഇവൾ എന്നെയും കൊണ്ട് പോവുന്നത്?? ആ സംശയം ആയിരുന്നു മനസ്സ് നിറയെ.

“ഓ ദാറ്റ്സ് മൈ ബോയ്, പേടിക്കണ്ട..... കൊല്ലാൻ കൊണ്ടുപോവാ”
എന്നും പറഞ്ഞിട്ട് ഒരു രാക്ഷസിയെ പോലെ അട്ടഹസിച്ചുകൊണ്ട് അവൾ വണ്ടി മുന്നോട്ട് എടുത്തു... സി.ഐ.ഡി മൂസ സിനിമയുടെ അവസാനം വിമാനത്തിൽ കയറി പോകുന്ന സീനാണ് എന്റെ മനസ്സിലേക്ക് വന്നത്....

അവൾ അത്യാവശ്യം സ്പീഡിൽ തന്നെയാണ് ഓടിക്കുന്നത്, ഞാൻ ഒന്നും മിണ്ടാതെ പുറകിൽ ഇരുന്നു... എങ്ങോട്ടാണെന്ന് ഒരു പിടുത്തവും കിട്ടുന്നില്ല. എനിക്ക് വലിയ പരിചയമില്ലാത്ത സ്ഥലത്ത് കൂടിയാണ് വണ്ടി പോവുന്നത്.

പെട്ടെന്ന് ഒരു ഇടവഴിയിലേക്ക് അവൾ വണ്ടി തിരിച്ചു, ഒരു ഇടുങ്ങിയ വഴി.... കുത്തനെയുള്ള കയറ്റമാണ്.....ആള് താമസം കുറവുള്ള പ്രദേശമാണ്, പോകുന്ന വഴിക്ക് അവിടവിടെയായി മൂന്ന് നാല് വീടുകൾ മാത്രം കണ്ടു, മറ്റ് കടകളോ കെട്ടിടങ്ങളോ ഒന്നും കണ്ടില്ല. അതിനേക്കാൾ എല്ലാം ഉപരി ഈ വഴിയിലേക്ക് കയറിയ

ശേഷം ഇതുവരെ ഒറ്റ മനുഷ്യ കുഞ്ഞിനെ കണ്ടിട്ടില്ല. ഇവൾ ഇനി ശരിക്കും പറഞ്ഞതാണോ കൊല്ലാൻ കൊണ്ടുപോവാ ന്ന്.

സ്കൂട്ടി ഞങ്ങളെ രണ്ടുപേരെയും വച്ച് കയറ്റം കയറാൻ നല്ലവണ്ണം വെള്ളം കുടിക്കുന്നുണ്ട്, ഒരു പത്ത് മിനിറ്റ് കയറ്റം കയറി കഴിഞ്ഞപ്പോൾ വഴി അവസാനിച്ചു....

ഉഫ്........ ഒരു രക്ഷയില്ല, പൊളി സ്ഥലം, പ്രകൃതി രമണീയം എന്നൊക്കെ പറയുന്നത് ഇതിനാണ്. അവിടെ ഉണ്ടായിരുന്ന ഒരു വലിയ മരത്തിന്റെ അടുത്ത് കൊണ്ടുപോയി വണ്ടി നിർത്തിയിട്ട് അവൾ എന്നെ തിരിഞ്ഞ് നോക്കിയപ്പോൾ ഞാൻ ഇറങ്ങിയിട്ട് ചുറ്റും ഒന്ന് കണ്ണോടിച്ചു. വൗ...... ഇറ്റ്സ് റിയലി ബ്യൂട്ടിഫുൾ, നമ്മുടെ നാട്ടിൽ ഇത്ര മനോഹരമായ സ്ഥലങ്ങൾ ഉണ്ടായിട്ടും ഇതൊന്നും എന്താ അധികം ആരും അറിയാത്തത്?? ഒരു കണക്കിന് നോക്കുമ്പോൾ നല്ലതാണ് ഈ സൗന്ദര്യം ഇങ്ങനെ ഒരു കോട്ടവും തട്ടാതെ നിൽക്കും.

“ഹലോ മാഷേ എന്താണ്, എങ്ങനെയുണ്ട് നമ്മുടെ സ്ഥലം??”
ആ ചോദ്യത്തിന് പകരമായി അടിപൊളി ആണെന്ന് ഞാൻ കൈ കൊണ്ട് കാണിച്ചു.

“അച്ഛൻ കാണാൻ വന്നിരുന്നു ലേ”
അവിടെ കണ്ട ഒരു പാറ കല്ലിലേക്ക് ഇരുന്നിട്ട് അവൾ ചോദിച്ചു...

“മ്ഹ്.......”
ഞാൻ അതെ എന്ന രീതിയിൽ മൂളി... ഞാനും അടുത്ത് ഉണ്ടായിരുന്ന അവൾ കാണിച്ചു തന്ന കല്ലിലേക്ക് ഇരുന്നു.

“എന്ത് പറഞ്ഞു??”

“കുറെ സോറി ഒക്കെ പറഞ്ഞു, പുള്ളിക്ക് താൻ എന്ന് വെച്ച ജീവനാണ്”

“അത് എനിക്ക് അറിയാം, അതുകൊണ്ട് അല്ലേ ഞാൻ ഇങ്ങനെ വാശിക്കാരി ആയി പോയത്”
അവൾ അത് പറഞ്ഞപ്പോൾ എനിക്ക് ചിരി വന്നു, ഞാൻ അതൊരു ചേറു പുഞ്ചിരിയിൽ ഒതുക്കി.

“എന്തിനാണ് നേരിട്ട് കാണണമെന്ന് പറഞ്ഞത്??”
ഞാൻ വീണ്ടും എന്റെ ഉള്ളിൽ കിടന്ന് കളിക്കുന്ന ആ ചോദ്യം തന്നെ ചോദിച്ചു...

“പറഞ്ഞില്ലേ...... കൊല്ലാൻ കൊണ്ടുവന്നതാണ്”

വളരെ ഗൗരവത്തിൽ തന്നെ അത് പറഞ്ഞിട്ട് അവൾ എഴുന്നേറ്റ് എന്റെ അടുത്തേക്ക് വന്നു...“ഹേയ് ചൈതന്യ, എന്ത് പറ്റി??”
എന്റെ അടുത്ത് വന്ന് മുട്ടുകുത്തി ഇരുന്ന ശേഷം എന്റെ കണ്ണിലേക്ക് തന്നെ നോക്കി ഇരിക്കുന്നത് കണ്ട് ഞാൻ ചോദിച്ചു, ഇത്രയും നേരം കണ്ട ആളെ അല്ല ഇപ്പോ എന്റെ മുനിൽ ഇരിക്കുന്നത്..... കണ്ണൊക്കെ നിറഞ്ഞിട്ടുണ്ട്, മുഖം ചുവന്ന് തുടുത്തു....“സോറി.......”
എന്നും പറഞ്ഞ് കരഞ്ഞുകൊണ്ട് അവൾ എന്റെ നെഞ്ചിലേക്ക് കിടന്നു, ഞാൻ ആകെ എന്ത് ചെയ്യും എന്ന അവസ്ഥയിൽ ആയിപ്പോയി.

“ഏയ് ചൈതന്യ ഏയ്.....”
തോളിൽ തട്ടി ആശ്വസിപ്പിക്കാൻ ശ്രമിച്ചെങ്കിലും അവൾ നിർത്തുന്ന ലക്ഷണം ഒന്നുമില്ല.....

“സോറി.......”
കുറച്ചു നേരം അങ്ങനെ എന്റെ നെഞ്ചിൽ കിടന്ന് കരഞ്ഞ ശേഷം അകന്നു മാറിയിട്ട് കണ്ണ് തുടച്ചുകൊണ്ട് അവൾ വീണ്ടും ഒരു സോറി കൂടി പറഞ്ഞു..

“ഹേയ് എന്താടോ......”

“ഞാൻ കാരണം ടോണി ഒരുപാട് വിഷമിച്ചു...... അന്ന് സംഭവിച്ചതിന് ഒക്കെ എത്ര ക്ഷമ ചോദിച്ചിട്ടും കാര്യമില്ലെന്ന് അറിയാം, പക്ഷെ......... ഞാൻ........ എന്ത് പറയണമെന്ന് അറിയില്ല............”
അവൾ വീണ്ടും കരയാൻ തുടങ്ങി, രാവിലെ അച്ഛന്റെ വക ഒരു റൗണ്ട് കഴിഞ്ഞതാണ് ഇപ്പോ ഇതാ മോള്...... എനിക്ക് ആണെങ്കിൽ ആരെങ്കിലും കരയുന്നത് കണ്ടു നിൽക്കാൻ കഴിയില്ല.

“ഏയ് പ്ലീസ് കരയല്ലേ, ഞാൻ അതൊക്കെ അപ്പോഴേ വിട്ടു......”
തോളിൽ തട്ടി ആശ്വസിപ്പിച്ചുകൊണ്ട് ഞാൻ അത് പറഞ്ഞപ്പോൾ അവൾ കരച്ചിലിനിടയിലും എന്നെ നോക്കി ചിരിക്കാൻ ശ്രമിച്ചു.....
ഏകദേശം രണ്ടു മൂന്ന് മിനിറ്റ് കൂടി അവൾ കരച്ചിൽ തുടർന്നു.

“അച്ഛൻ അങ്ങനെ പെരുമാറുമെന്ന് ഞാൻ ഒരിക്കലും കരുതിയില്ല, ആദ്യമായിട്ടാണ് ഞാൻ അങ്ങനെ അച്ഛനെ കാണുന്നത്....”

“പുള്ളിക്ക് എന്റെ അപ്പനുമായി എന്തോ പ്രശ്നം ഉണ്ടെന്ന് തോന്നുന്നു, അതാവും എന്നോട് അന്ന് അങ്ങനെ പെരുമാറിയത്”
ഞാൻ എന്റെ മനസ്സിൽ തോന്നിയിരുന്ന ഒരു സംശയം പറഞ്ഞു...

“ഏയ് അച്ഛന് ടോണിയുടെ അപ്പനോട് അങ്ങനെ ഒരു പ്രശ്നം ഒന്നുമില്ല...... പക്ഷെ ദേഷ്യമുണ്ട്”

“എന്താ??”

എനിക്ക് അവൾ ഉദ്ദേശിച്ചത് ഒന്നും മനസിലായില്ല...

“അത് ഇലെ..... അന്ന് ടോണി പോയതിന് ശേഷം ഞാൻ പിന്നെ അച്ഛനോട് സംസാരിച്ചിട്ടില്ല..... അച്ഛൻ കുറെ ശ്രമിച്ചിട്ടും നടക്കാതെ അവസാനം അച്ഛന്റെ കൂട്ടുക്കാരൻ ദേവൻ അങ്കിൾ വന്ന് കുറെ ശ്രമിച്ചു എന്നെ ഒന്ന് സമാധാനിപ്പിക്കാൻ..... അതിനിടയിൽ അങ്കിൾ അറിയാതെ പറഞ്ഞ് പോയതാണ് സത്യം.......”

“എന്ത് സത്യം??”
എന്റെ ക്ഷമ നശിച്ചിരുന്നു...

“ഞാൻ പറഞ്ഞില്ലേ ഞാൻ ആദ്യമായിട്ടാണ് അച്ഛൻ ഒരാളോട് ഇങ്ങനെ മോശമായി പെരുമാറുന്നത് കണ്ടത്, പ്രണയിച്ച പെണ്ണിനെ കിട്ടാത്തതിന്റെ ദേഷ്യം അവരുടെ മോനെ കണ്ടപ്പോൾ പുറത്ത് വന്നു പോയതാവും”

അത്രയും പറഞ്ഞു നിർത്തിയിട്ട് അവൾ എന്റെ മുഖത്തേക്ക് തന്നെ നോക്കി ഇരിക്കുകയാണ്, എന്റെ പ്രതികരണം അറിയാനാവും...
എന്റെ മേരി........ മേരിക്ക് പണ്ട് കല്യണത്തിന് മുൻപ് ഒരു കട്ട പ്രണയം ഉണ്ടായിരുന്നു എന്ന് അറിയാം, പക്ഷെ അതിനെ കുറിച്ച് വിശദമായി ഒന്നും എനിക്ക് അറിയില്ല.... അപ്പൊ അയാള്, ആ രാഘവൻ ആയിരുന്നോ മേരിയുടെ ആ പഴയ കാമുകൻ.

മേരിയുടെ ആ കഥ അറിയുന്നത് കൊണ്ട് അവൾ അത് പറഞ്ഞപ്പോൾ സത്യം പറഞ്ഞാൽ ഞാൻ ഞെട്ടിയില്ല

"അതെ എന്റെ അച്ഛനും ടോണിയുടെ അമ്മച്ചിയും തമ്മിൽ കോളേജിൽ പഠിക്കുമ്പോൾ മുടിഞ്ഞ പ്രണയത്തിൽ ആയിരുന്നു, പക്ഷെ പൊട്ടി പൊളിഞ്ഞു പോയി.... വേറെ മതം, പിന്നെ വെറും ഒരു തെങ്ങ് കയറ്റക്കാരന്റെ മകൻ....... അതുകൊണ്ട് ഒക്കെ ആവും ഇത് വീട്ടിൽ അറിഞ്ഞപ്പോഴേക്കും ടോണിയുടെ അമ്മച്ചിയെ വേറെ കല്യാണം കഴിപ്പിച്ചു.... എന്റെ അച്ഛന് ഒന്നും ചെയ്യാൻ കഴിഞ്ഞില്ല...... ഒരുപാട് സമയം എടുത്തു അച്ഛൻ അതൊക്കെ മറക്കാൻ, പക്ഷെ അന്ന് ടോണിയെ കണ്ടപ്പോൾ വീണ്ടും പഴയത് ഒക്കെ ഓർത്തു കാണും.............
എന്താ ചിരിക്കുന്നേ??"
കഥ പറയുന്നതും കേട്ട് ഞാൻ ചിരിക്കുന്നത് കണ്ട് അവൾ ഗൗരവത്തിൽ ചോദിച്ചു...

"ഏയ്........... മേരിക്ക് പണ്ട് ഒരു റിലേഷൻ ഉണ്ടായിരുന്നു എന്നറിയാം, പക്ഷെ അത് തന്റെ അച്ഛൻ ആയിരുന്നോ..... ഹ..... ഹ..."

"അതെ ചേട്ടാ........ എനിക്ക് പിറക്കാതെ പോയ എന്റെ ചേട്ടൻ...."
നാടകത്തിൽ ഒക്കെ ഡയലോഗ് പറയുന്ന പോലെയാണ് അവൾ അത് പറഞ്ഞത്, ഞാൻ അത് കേട്ട് ചിരിച്ചുപോയി....... അവളും എന്റെ കൂടെ കൂടി ചിരിക്കാൻ തുടങ്ങി...

"ഹോ നമുക്ക് തമാശ, എന്റെ അച്ഛൻ പാവം ഒരുപാട് വിഷമിച്ചിട്ടുണ്ടാവും"
കുറച്ചു നേരം കഴിഞ്ഞ് ചിരി നിർത്തിയിട്ട് അവൾ പറഞ്ഞു.

"ഓ എന്റെ മേരിയും കുറെ വിഷമിച്ചിട്ടുണ്ടാവും, ഇപ്പോഴും പഴയ പ്രണയകഥ പറഞ്ഞാൽ മേരിയുടെ മുഖം മാറും"

“ടോണി അമ്മച്ചിയെ പേരാണോ വിളിക്കാറ്??”...

“മ്മ്.......”

ഞാൻ അതെ എന്ന് മൂളി“എനിക്ക് ഒന്ന് കാണണമായിരുന്നു അമ്മച്ചിയെ”

“ഓ അതിനെന്താ കാണിച്ചു തരാല്ലോ.......”

“ഞാൻ എന്റെ അമ്മയെ കണ്ടിട്ടില്ല, ടോണിന്റെ അമ്മച്ചിയുമായി എന്തോ സമാനത തോന്നിയത് കൊണ്ടാണ് അച്ഛൻ എന്റെ അമ്മയെ കല്യാണം കഴിച്ചതെന്ന് ദേവൻ അങ്കിൾ പറഞ്ഞിരുന്നു...... അതാ എനിക്ക്................ അമ്മച്ചിയെ കാണാൻ കൊതിയാവാ”

അവൾ ചിരിച്ച് കൊണ്ടാണ് അത് പറഞ്ഞതെങ്കിലും എനിക്ക് അത് ശരിക്കും ഫീൽ ചെയ്തു.

“എന്ന എന്റെ മേരിനെ താൻ അങ്ങ് എടുത്തോ..... സ്വന്തമായിട്ട്”

“തന്ന് കഴിഞ്ഞ പിന്നെ തിരിച്ച് ചോദിക്കരുത് കേട്ടോ.... ഞാൻ തരൂല്ല”

“ഓ സാരമില്ല എടുത്തോ, എന്നെ ഇടയ്ക്ക് കാണാൻ സമ്മതിച്ച മതി....”
ഞാൻ അത് പറയലും അവൾ എന്നെ വീണ്ടും കെട്ടിപ്പിടിച്ചു..... വളരെ പെട്ടെന്ന് തന്നെ ഞങ്ങൾക്ക് ഇടയിൽ ഒരു അടുപ്പം വന്നത് പോലെ തോന്നി... പക്ഷെ അതിനേക്കാൾ ഏറെ എന്നെ അത്ഭുത പെടുത്തിയത് ഞാൻ ഇപ്പോ അവളോട് പറഞ്ഞ കാര്യമാണ്, “എന്റെ മേരിയേ സ്വന്തമായി എടുത്തോളാൻ”...... എന്തിനാണ് ഞാൻ അങ്ങനെ പറഞ്ഞത്, മേരിയുടെ സ്നേഹം മറ്റൊരാളുമായി പങ്കുവയ്ക്കാൻ എനിക്ക് പറ്റില്ലല്ലോ.......

“അയ്യേ എന്റെ പിറക്കാതെ പോയ പെങ്ങൾ കരയാണോ??
എന്നെ കെട്ടിപ്പിടിച്ചു കരയുന്ന ചൈതന്യയെ നെഞ്ചിൽ നിന്ന് അകത്തി തോളിൽ തട്ടിക്കൊണ്ടു ചോദിച്ചപ്പോൾ

“സന്തോഷം കൊണ്ടാ” ന്നും പറഞ്ഞ് അവൾ കരഞ്ഞുകൊണ്ട് ചിരിച്ചു...

“ശ്യോ ഞാൻ പറയാൻ വന്ന മെയിൻ കാര്യം പറയാൻ മറന്നു”
കണ്ണീർ ഒഴുകി ഇറങ്ങിയ കണ്ണുകൾ തുടച്ചുകൊണ്ട് അവൾ പറഞ്ഞു..

“എന്ത് കാര്യം”

“Catamounts fc എന്ന് കേട്ടിട്ടുണ്ടോ??”

“അത് സെവൻസ് ഫുട്ബോൾ ഒക്കെ കളിക്കുന്ന ടീം അല്ലേ??”

“അതെ........ ആ ടീമിന്റെ പകുതി ഷെയർ എന്റെ അച്ഛനാണ്.... ടീം കഴിഞ്ഞ സീസൺ ഒക്കെ നല്ല അബദ്ധം കളി ആയിരുന്നു, അതുകൊണ്ട് ഈ പ്രാവശ്യം മൊത്തത്തിൽ അഴിച്ച് പണിയാനുള്ള പ്ലാൻ ആണ്, അടുത്താഴ്ച സെലെക്ഷൻ ക്യാമ്പുണ്ട്....... ടോണി അറ്റൻഡ് ചെയ്യണം.....”

“അയ്യോ ഞാന്നില്ല.... ഞാൻ ഇപ്പോ ഫുട്ബാൾ ഒന്നും കളിക്കാറില്ല, പിന്നെ എനിക്ക് അത്യാവശ്യം ആയിട്ട് സെറ്റിൽ ആവണം.... ഇനി കളിച്ച് നടന്നാൽ ശരിയാവില്ല”

“ഏയ് ടോണിക്ക് നല്ല കഴിവുണ്ട്, അത് വെറുതെ കളയരുത്..... ഞാൻ അന്ന് കണ്ടതാണ് താൻ കോളേജിൽ ടൂർണമെന്റ് കളിക്കുന്നത്, പിന്നെ വെറുതെ കളിച്ച് നടക്കാൻ

അല്ലല്ലോ, ക്ലബ്ബുകൾക്ക് ഒക്കെ കളിക്കുമ്പോൾ പൈസ കിട്ടില്ലേ........ പിന്നെ വല്ല ഐ. സ്. ൽ ടീമും പൊക്കിയ ലൈഫ് സെറ്റിൽ

ആവില്ലേ.... ഇയാളുടെ കഴിവിൽ എനിക്ക് നല്ല വിശ്വാസമുണ്ട്....... നിർബന്ധിക്കുന്നില്ല ആലോചിച്ചിട്ട് ഒരു തീരുമാനം എടുത്ത മതി.... ബട്ട് ഐ റിയലി വിഷ് യൂ ഹാഡ് അഗ്രിഡ് ടു ദിസ്"

ഞാൻ ആകെ ആശയക്കുഴപ്പത്തിൽ ആയിപ്പോയി, പണ്ട് ഞാൻ ഏറ്റവും കൂടുതൽ ആഗ്രഹിച്ചിരുന്ന കാര്യമാണ് ഒരു ഫുട്ബാൾ കളിക്കാരൻ ആകുക എന്നത്, എന്റെ ചെറുപ്പം തൊട്ടുള്ള സ്വപ്നം.
പക്ഷെ പിന്നീട് എപ്പോഴോ ഫുട്ബോൾ കളി സീരിയസ് ആയി എടുത്തിട്ട് കാര്യമില്ല എന്നൊരു തോന്നൽ മനസ്സിൽ കയറി കൂടി, പിന്നെ കോളേജിൽ ചേർന്നപ്പോൾ കൂട്ടുകാരും കള്ള് കുടിയും സിഗരറ്റ് വലിയും ഒക്കെ കൂടി ആയപ്പോൾ ഫുട്ബാൾ എനിക്ക് വെറുമൊരു ടൈം പാസ്സ് ആയി മാറി പോയി......

പിന്നെ ഇപ്പോ ഞാൻ എന്റെ കാര്യം മാത്രം നോക്കിയാൽ പോരാ, "യാമിനി" അവളെ കരയിക്കില്ല എന്ന് മേരിക്ക് വാക്ക് കൊടുത്തതാണ്, അവളെയും നോക്കണ്ടേ......

"നല്ലോണം ആലോചിച്ച് തീരുമാനിച്ച മതി കേട്ടോ..... ഇങ്ങനെയുള്ള കാര്യങ്ങളിൽ ചാടി കേറി ഒരു ഡിസിഷൻ എടുത്തിട്ട് പിന്നെ ജീവിതകാലം മൊത്തം റിഗ്രെറ്റ് ചെയ്യേണ്ട വരരുത്"

"മ്മ്......"
ഞാൻ വെറുതെ മൂളി, ശരിയാണ് സ്വസ്ഥമായി ഇരുന്ന് ചിന്തിച്ചിട്ട് ഒരു തീരുമാനം എടുക്കാം....

“എങ്കിൽ പോയാലോ ആങ്ങളേ....”

“മ്മ്......”
ഞാൻ അതിനും വെറുതെ മൂളുക മാത്രം ചെയ്തു, എന്റെ മനസ്സ് ഇവിടെ ഒന്നുമല്ല..... ഞാൻ എത്ര ഒഴിഞ്ഞു മാറി നടക്കാൻ ശ്രമിച്ചാലും കാൽ പന്ത് കളി എന്നെ വിടാതെ പിന്തുടരുകയാണ്.... ഞാൻ ഒരുപാട് അകന്ന് മാറുമ്പോൾ ഇടയ്ക്ക് സ്വപ്നത്തിൽ എങ്കിലും കടന്ന് വരും, അതെല്ലാം ഒരു സൂചനയാണോ??
###

സ്കൂട്ടറിൽ ചൈതന്യയുടെ പിന്നിൽ ഇരിക്കുമ്പോഴും എന്റെ മനസ്സ് മറ്റ് എവിടെയോ ആയിരുന്നു, ഒട്ടും ചിന്തിക്കാതെ ചാടിക്കയറി “യെസ്” പറയാമായിരുന്ന ഒരു കാര്യമാണ് അവൾ പറഞ്ഞത്, പക്ഷെ ഇപ്പോൾ സാഹചര്യം മാറി..... ഇനി പാഴാക്കി കളയാൻ സമയമില്ല, ജീവിക്കാനുള്ള മാർഗ്ഗം കാണണം, പഴയ പോലെ അപ്പന്റെ ചിലവിൽ ജീവിക്കുക ആയിരുന്നെങ്കിൽ രണ്ടാമത് ചിന്തിക്കേണ്ട കാര്യം ഇല്ലായിരുന്നു...

“അതെ മോനെ.... ഏത് ലോകത്താണ്?? വഴി പറഞ്ഞ് താ”
ചൈതന്യയുടെ ശബ്ദമാണ് എന്നെ ചിന്തകളിൽ നിന്ന് ഉണർത്തിയത്... നോക്കുമ്പോൾ വണ്ടി റോഡ് സൈഡിൽ ഒതുക്കി നിർത്തിയിരിക്കുകയാണ്.

“ഏഹ് എങ്ങോട്ട്??”

പെട്ടെന്ന് ഞെട്ടിയ എനിക്ക് റിലേ തിരിച്ച് കിട്ടാൻ അല്പം സമയം ആവശ്യമായിരുന്നു...“പാതാളത്തിലേക്ക്.......... അല്ല പിന്നെ”

അവൾ ഗൗരവത്തോടെ പറഞ്ഞു....“എന്ത് പറ്റി??”
ഞാൻ കാര്യം അറിയാതെ ചോദിച്ചു...“അപ്പൊ ഞാൻ ഇതുവരെ ചോദിച്ചതിന് ഒക്കെ വെറുതെ മൂളുക ആയിരുന്നു ലേ....... ശ്യോ...”

“അയ്യോ......... സോറി, ഞാൻ കേട്ടില്ല”
സത്യമായിട്ടും അവൾ പറഞ്ഞത് ഒരക്ഷരം ഞാൻ കേട്ടിട്ടില്ല.

“ ഇനി റിപീറ്റ് അടിക്കാൻ എനിക്ക് പറ്റില്ല, ഇപ്പൊ താമസിക്കുന്ന സ്ഥലത്തേക്കുള്ള വഴി പറഞ്ഞു താ”
അവൾ ചെറു പരിഭവത്തോടെ പറഞ്ഞു.

“ഹാ സോറി ചിന്നൂസേ.........”

“സോറി ഇയ്യാള് മടക്കി പോക്കറ്റിൽ വെച്ചോ........................ പിന്നെ ആ വിളിച്ചത് ഇഷ്ടപ്പെട്ടു, ചിന്നൂസ്..... കൊള്ളാം......”

“ശരി ചിന്നൂസ് എന്താ പറഞ്ഞത്??”

“ഓ അത് വല്യ ആന കാര്യങ്ങൾ ഒന്നുമല്ല, ഞാൻ ഇങ്ങനെ ബ്ലാഹ് ബ്ലാ ന്ന് സംസാരിച്ചോണ്ട് ഇരിക്കും....”

“ഹ......ഹ.......ഹ........”

“ഇളിക്കാതെ വഴി പറഞ്ഞു കൊണ്ട”

“നേരെ വിട്ടോ......”

“ഹ്മ്.......”
ഒന്ന് അമർത്തി മൂളി കൊണ്ട് അവൾ വണ്ടി മുന്നോട്ട് എടുത്തു,

ഇപ്പോ അവൾ ഇതുവരെ പറഞ്ഞുകൊണ്ട് ഇരുന്നത് എന്തായിരിക്കും എന്ന് എനിക്ക് ഒരു ഊഹം കിട്ടി..... ഒരു തലയും വാലും ഇല്ലാത്ത എന്തെങ്കിലും ആയിരിക്കും, കാരണം ഇപ്പോ അവൾ പറയുന്നത് എല്ലാം ഞാൻ ശ്രദ്ധയോടെ കേൾക്കുകയാണ്...... പെണ്ണ് വായ അടക്കാതെ സംസാരിക്കുകയാണ്..... ഒരു അര മണിക്കൂർ ഇങ്ങനെ സംസാരിച്ച അവളുടെ ഇതുവരെയുള്ള ജീവിത ചരിത്രം മൊത്തം വേണമെങ്കിൽ അവൾ പറഞ്ഞു തീർക്കും.... വെറുതെ അല്ല ഇവളുടെ അച്ഛന് അത്ര വിഷമം ആയത്, ഇതുപോലെ നോൺ-സ്റ്റോപ്പ് ആയി സംസാരിക്കുന്ന സാധനം സംസാരിക്കാതെ ഇരുന്ന പിന്നെ പറയണ്ടല്ലോ.......

ഞാൻ പറഞ്ഞ് കൊടുത്ത വഴിയിലൂടെ പോയി അവസാനം സ്കൂട്ടി ഞങ്ങടെ പി.ബിയുടെ മുനിൽ എത്തി.....

"വാ കയറിയിട്ട് പോവാം...."
സ്കൂട്ടറിൽ നിന്ന് ഇറങ്ങിയ ശേഷം ഞാൻ അവളോട് പറഞ്ഞു..

"ഏയ് വേണ്ട.... പിന്നെ വരാം, എനിക്ക് എന്റെ ഏടത്തിയമ്മയെ വിശദമായി പരിചയപ്പെടണം, അതിന് ഇപ്പോ സമയമില്ല....... തല്കാലം യാമിനി ചേച്ചിയോട് എന്റെ അന്വേഷണം പറഞ്ഞ മതി"
ഏഹ് ഇവൾക്ക് എങ്ങനെ യാമിനിയെ അറിയാം?? എന്തായാലും ഞാൻ പറഞ്ഞിട്ടില്ല.....

"ഇങ്ങനെ നോക്കണ്ട, നിങ്ങടെ കല്യാണ കഥ നാട്ടിൽ എങ്ങും പാട്ടാണ്"
ഞാൻ സംശയത്തോടെ നോക്കുന്നത് കണ്ട് അവൾ കൂട്ടി ചേർത്തു...

"ഹാ തമാശ കളഞ്ഞ് കാര്യം പറ"

"കാര്യമായിട്ട് പറഞ്ഞാൽ ഞാൻ അന്വേഷിച്ചു, നല്ല ഡീറ്റൈൽ ആയി തന്നെ...... അറിയാൻ ഒരു ക്യൂരിയോസിറ്റി തോന്നിയിട്ടാണ് കേട്ടോ, അന്ന് അച്ഛൻ ടോണിയേ പറ്റി

മോശമായി പറയുമ്പോൾ ഞാൻ മുഖം ശ്രദ്ധിച്ചതാണ്... ഈ മുഖത്ത് എഴുതി വച്ചിരുന്നു അച്ഛൻ പറഞ്ഞത് ഒന്നും സത്യമല്ല എന്ന്, അപ്പൊ സത്യം അറിയാൻ ഒരു..................."
അവൾ കണ്ണ് പകുതി അടച്ചു തല ചൊറിഞ്ഞുകൊണ്ട് പറഞ്ഞപ്പോൾ എനിക്കും ചിരി വന്നു....

"ശരി മോള് ചെല്ല്........ ആദ്യം പോയി അച്ഛനോട് സംസാരിക്ക്"

"ഓമ്പ്രാ......"
എന്നും പറഞ്ഞ് അവൾ വണ്ടി മുന്നോട്ട് എടുത്തു.... ഇല്ലെങ്കിൽ ഞാൻ ആ ഒന്ന് പിടിച്ച് തിരിച്ചു വിട്ടേനെ, ഉറപ്പായും...

"അതെ മാഷേ...... ഫോൺ നമ്പർ ഒന്ന് കൊണ്ടേ...."
വണ്ടി കുറച്ച് മുന്നോട്ട് എടുത്ത ശേഷം നിർത്തി തിരിഞ്ഞ് നോക്കിയിട്ട് അവൾ ചോദിച്ചപ്പോൾ ഞാൻ നമ്പർ പറഞ്ഞ് കൊടുത്തു.... അവൾ അത് സേവ് ചെയ്തില്ല, അത്ര മെമ്മറി പവർ ആണോ...

"പിന്നെ..... ഞാൻ പറഞ്ഞ കാര്യം ആലോചിച്ച് ഡിസിഷൻ എടുക്ക് കേട്ടോ, അടുത്ത ആഴ്ച വരെ സമയമുണ്ട്.......അപ്പൊ ശരി ബായ് ടോണിക്കുട്ടാ.....ഉമ്മ"
എന്ന് പറഞ്ഞ് അവസാനം ഒരു ഫ്ലയിങ് കിസ്സും തന്നിട്ടാണ് അവൾ പോയത്.

മുകളിൽ എത്തി കുറച്ച് നേരം വാതിലിൽ താളം പിടിച്ച ശേഷമാണ് യാമിനി വന്ന് വാതിൽ തുറന്നത്, ഹോ......... വാതില് തുറന്നു തന്ന് എന്റെ മുഖത്തേക്ക് ഒന്ന് നോക്കുക പോലും ചെയ്യാതെ അവൾ തിരിച്ച് നടന്നു....

ഊഫ്..... രാവിലെ ചൂടായതിന്ടെ ആവും ഈ മുഖം വീർപ്പിച്ചുള്ള നടത്തം, വേണ്ടായിരുന്നു....... മഞ്ഞ് ഉരുകി തുടങ്ങിയതായിരുന്നു ഇനി എന്തായാലും ഞാൻ തന്നെ മുൻകൈ എടുക്കണം....... അല്ലേൽ ഇത് ഇങ്ങനെ നീണ്ട് പോവും, അത് വേണ്ട...... ഇന്ന് രണ്ടിൽ ഒന്ന് അറിയണം...

എന്ന് തീരുമാനിച്ചുകൊണ്ട് ഞാൻ അവൾക്ക് പിന്നാലെ അടുക്കളയിലേക്ക് നടന്നു... എങ്ങനെ തുടങ്ങും?? എന്ത് പറയും?? ഒരു പിടുത്തവും ഇല്ല...

"അഹമ്മ്....... അഹമ്മ്......."

പുറകിൽ പോയി നിന്ന് ഞാൻ ഒന്ന് ഉണ്ടാക്കി ചുമച്ചു നോക്കിയെങ്കിലും അവൾ ഒന്ന് തിരിഞ്ഞ് പോലും നോക്കാതെ ചെയ്യുന്ന പണിയിൽ പൂർണ്ണ ശ്രദ്ധയും കൊടുത്തു....

ഈ ടോണി മാത്യൂസ് തെക്കേപറമ്പിൽ അങ്ങനെ തോറ്റ് ഓടാൻ വന്നതല്ല മോളെ, നിന്നെ കൊണ്ട് സംസാരിപ്പിച്ചിട്ടേ ഇനി മറ്റെന്ത് പരിപാടിയും ഉള്ളു....

പുറം തിരിഞ്ഞ് നിന്ന് പച്ചക്കറികൾ അരിയുന്നത് കാണുമ്പോൾ ഈ സിനിമയിൽ ഒക്കെ കാണുന്ന പോലെ പുറകിലൂടെ പോയി കെട്ടിപ്പിടിക്കാൻ തോന്നുന്നു, പക്ഷെ പാടില്ല.... എനിക്ക് തോന്നി തുടങ്ങിയ പോലെ അവൾക്ക് എന്നോട് ഒന്നും തോന്നിയിട്ട് ഇല്ലെങ്കിലോ...... മൊത്തത്തിൽ ബോറാവും..

"പനി മാറിയോ??"

എവിടെ, നോ റിപ്ലൈ.... തിരിഞ്ഞ് നോക്കിയത് പോലുമില്ല... പക്ഷെ പനി ഒക്കെ മാറി ആള് സെറ്റ് ആയിട്ടുണ്ടെന്ന് കണ്ടാൽ അറിയാം

"വിശക്കുന്നു........"

അത് പറഞ്ഞപ്പോൾ അരിഞ്ഞുകൊണ്ട് ഇരുന്ന സവാളയും ക്യാരറ്റും എല്ലാം അവിടെ ഇട്ട് അടുത്ത് മൂടി വച്ചിരുന്ന പാത്രങ്ങളും എടുത്ത് എന്നെ മറിക്കടന്ന് അവൾ

ടേബിളിൽ കൊണ്ടുപോയി വെച്ചു, പക്ഷെ എന്റെ മുഖത്തേക്ക് മാത്രം നോക്കുന്നില്ല.... വീണ്ടും തിരിച്ച് അടുക്കളയിൽ വന്ന് ഒരു പ്ലേറ്റും കഴുകി മേശപ്പുറത്ത് കൊണ്ടുപോയി വച്ച ശേഷം എന്നെ ഒരു നോട്ടം നോക്കിയിട്ട് തിരിച്ചുപോയി സവാള അരിയാൻ തുടങ്ങി...... മുഖം ഇപ്പോഴും കടന്നല് കുത്തിയ പോലെ ആണ്.ഇനി ഇത് ഇങ്ങനെ വിട്ടാൽ ശരിയാവില്ല, രാവിലെ ഞാൻ ചൂടാവേണ്ട കാര്യം ഇല്ലായിരുന്നു, വേണമെങ്കിൽ ഒരു സോറി പറയാം...... ഞാൻ അങ്ങനെ ആരോടും സോറി പറയാറില്ല, പക്ഷെ ഇവളെ കൈവിട്ട് പോകുമോ എന്നൊരു ഭയം എന്റെ ഉള്ളിൽ കയറി കൂടിയിരിക്കുന്നു..... അത് ആവാം എന്നെ ക്ഷമ ചോദിക്കാൻ പ്രേരിപ്പിക്കുന്നത്....

“എടോ അത് ഇല്ലേ...... രാവിലെ എന്റെ മൂഡ് ശരിയായിരുന്നില്ല, അതാണ് ഞാൻ പെട്ടെന്ന് ചൂടായി പോയത്................ ഐ ആം സോറി, ഈ ഒരു പ്രാവശ്യം മാത്രം എന്നോട് ഒന്ന് ക്ഷമിക്ക്”

ഞാൻ അത് പറഞ്ഞ് തീരലും യാമിനി ഞെട്ടിക്കൊണ്ട് തിരിഞ്ഞു, അവളുടെ കണ്ണുകൾ നിറഞ്ഞിരുന്നു..... കവിളുകൾ ചുവന്ന് തുടുത്തിരിക്കുന്നു... മേരിയോട് ഇനി അവളെ ഒരിക്കലും കരയിപ്പിക്കില്ല എന്ന് വാക്ക് കൊടുത്തതാണ് എങ്കിലും ഈ കണ്ണുനീർ എന്നെ ഒട്ടും വിഷമിപ്പിച്ചില്ല, മറിച്ച് സന്തോഷമാണ് ആ നിമിഷം തോന്നിയത്...... കാരണം ആ നിറഞ്ഞ് ഒഴുകുന്ന കണ്ണുകളിൽ ഞാൻ കണ്ടത് എന്നോടുള്ള സ്നേഹമാണ്, അതെ..... ഞാൻ വ്യക്തമായി കണ്ടു.

ഒന്നും പറയാൻ നില്കാതെ എന്റെ മുനിൽ കണ്ണും നിറച്ച് നിന്ന യാമിനിയെ ഞാൻ ഇരു ചുമലിലും പിടിച്ചുകൊണ്ട് എന്റെ നെഞ്ചിലേക്ക് അടുപ്പിച്ചു....... അവൾ മുഖം ചരിച്ചുകൊണ്ട് എന്റെ നെഞ്ചിലേക്ക് കിടന്നു, എന്റെ ഹൃദയമിടിപ്പ് നിലച്ചത് പോലെ, അവൾ നെഞ്ചിൽ കാതോർത്ത് ഹൃദയമിടിപ്പ് കേൾക്കാൻ ശ്രമിക്കുകയാണ്....... ഹൃദയം രണ്ടുമൂന്ന് സ്പന്ദനങ്ങൾ ഒഴിവാക്കിക്കൊണ്ട് വീണ്ടും അടിച്ച് തുടങ്ങി..... അവളുടെ

മുഖത്ത് ഒരു ചെറു പുഞ്ചിരി വിരിഞ്ഞത് ഞാൻ കണ്ടു..... കുറച്ചു നേരം അങ്ങനെ നിന്ന ശേഷം ഞാൻ തന്നെ സംസാരിച്ചു തുടങ്ങി.

“മീനു........ എനിക്ക് അറിയില്ല എപ്പോഴാണ് എന്റെ ഉള്ളിൽ നിന്നോട് ഇഷ്ടം തോന്നി തുടങ്ങിയതെന്ന്, പക്ഷെ ഇപ്പോ എനിക്ക് ഒരു കാര്യം അറിയാം...... എല്ലാം ഒരു നിയോഗമാണ്, നമ്മൾ ഒന്നാവണം എന്നായിരിക്കും...... അല്ലെങ്കിൽ ഇങ്ങനെ ഒക്കെ നടക്കുമോ?? എനിക്ക് നിന്നെ വേണം...... ജീവിതകാലം മുഴുവൻ എന്റെ പെണ്ണായി..... നമുക്ക് ഒരുമിച്ച് ജീവിക്കാം, ഓരോ കുഞ്ഞു കുഞ്ഞ് ആഗ്രഹങ്ങളും നിറവേറ്റി....... ദേ ഇങ്ങോട്ട് നോക്കിയേ”
ഇത്രയും പറഞ്ഞുകൊണ്ട് അവസാനം എന്റെ നെഞ്ചിൽ നിന്നും അടർത്തി മുഖം പിടിച്ച് ഉയർത്തുമ്പോഴും അവളുടെ കണ്ണുകൾ നിറഞ്ഞിരിക്കുകയാണ്...

“അതെ........ ഞാൻ മേരിക്ക് വാക്ക് കൊടുത്തതാണ് എന്റെ പെണ്ണിനെ ഇനി കരയാൻ സമ്മതിക്കില്ല എന്ന്, ആ വാക്ക് എനിക്ക് മരണം വരെ കാത്ത് സൂക്ഷിക്കണം.... . അതുകൊണ്ട് ഇനി എന്റെ മീനൂസ് കരയരുത്”

അവളുടെ കണ്ണുനീർ തുടച്ചുകൊണ്ട് ഞാൻ പറഞ്ഞു... അപ്പോഴേക്കും അവൾ എന്നെ വരിഞ്ഞു മുറുക്കി കെട്ടിപ്പിടിച്ചു....... ഞാൻ ഇത്രയും നേരം എന്നാൽ കഴിയും വിധം പ്രണയാത്മകമായി പറയാൻ ശ്രമിച്ചതിനെല്ലാം അവൾ ആ ഒരു ആലിംഗനത്തിലൂടെ മറുപടി തന്നു... . ശക്തമായ മറുപടി.
ഞാൻ തിരിച്ചും കെട്ടിപ്പിടിച്ചു, ഇറുക്കി തന്നെ...... കാറ്റിനെ പോലും ഇടയിൽ കയറാൻ അനുവദിക്കാതെ ഞങ്ങൾ കെട്ടിപ്പിടിച്ച് ഒന്നായി നിന്നു....... ഒരുപാട് നേരം..........“പിണക്കം മാറിയോ??”
ഒരുപാട് നേരത്തെ ആലിംഗനത്തിന് ശേഷം അകന്ന് മാറി തല താഴ്ത്തി നിന്ന യാമിനിയെ, അല്ല എന്റെ മീനുവിനെ താടിക്ക് പിടിച്ച് മുഖം ഉയർത്തികൊണ്ട് ഞാൻ ചോദിച്ചു.“എന്താ ഒന്നും മിണ്ടാതെ, ദേഷ്യം മാറിയില്ലേ...... ഞാൻ സോറി പറഞ്ഞില്ലേ”
ഒന്നും മിണ്ടാതെ എന്റെ കണ്ണിലേക്ക് തന്നെ നോക്കി നിൽക്കുന്നത് കണ്ട് ഞാൻ പറഞ്ഞു.“ഞാൻ അതിന് പിണങ്ങിയില്ല ല്ലോ...”
അവൾ മെല്ലെ പറഞ്ഞു...

“എന്നിട്ടാണോ മോന്ത കാറ്റടിച്ച് വീർപ്പിച്ച പന്ത് പോലെ ആക്കി നടന്നത്??”

“അത് ഞാൻ പിന്നെ............ എനിക്ക്...... ....”

“ഏയ് ഒന്നും പറയണ്ട, എന്നെ ഇഷ്ടമാണെന്ന് ഒരുവട്ടം പറഞ്ഞ മാത്രം മതി”
ഞാൻ അത് പറഞ്ഞപ്പോഴേക്കും അവളുടെ മുഖം വീണ്ടും ചുവന്നു... നാണം വരുമ്പോഴും വിഷമം വരുമ്പോഴും ഒക്കെ ഇത് എന്തിനാ ഇങ്ങനെ ചുവക്കുന്നത്....

“പറ മീനൂസേ........ എനിക്ക് അറിയാം, എങ്കിലും തന്റെ വായിൽ നിന്ന് കേൾക്കാൻ ഒരു ആഗ്രഹം”
എന്റെ പെണ്ണിന്റെ ശ്വാസം ഇടിക്കുന്ന ശബ്ദം എനിക്ക് അകന്നു നിന്നിട്ടും കേൾക്കാൻ കഴിയുന്നുണ്ട്, വേണ്ട വെറുതെ പാവത്തിനെ ഇങ്ങനെ കുരുക്കണ്ട...... ഒരു ആയുഷ്ക്കാലം മുഴുവൻ ബാക്കിയുണ്ട്, ഒരായിരം വട്ടം അവളെക്കൊണ്ട് ഞാൻ പറയിക്കും..... ഇഷ്ടമാണെന്ന്.

“സാരമില്ല, താൻ വാ നമുക്ക് ചോറ് തിന്നാ......”
എന്നും പറഞ്ഞ് അവളെയും പിടിച്ച് കൊണ്ടുപോയി മേശപ്പുറത് നിരത്തി വെച്ച വിഭവങ്ങൾക്ക് മുനിൽ ഇരുത്തി, എന്നിട്ട് നേരത്തെ അവൾ കൊണ്ടുവന്നു വെച്ച പ്ലേറ്റിൽ ചോറും കറിയും വിളമ്പി ഞാൻ കഴിച്ചു........ പാവം ഞാൻ വാരി കൊടുക്കാൻ പോവുകയാണെന്ന് കരുതി ഇരുന്നതാണ്.... ഞാൻ തിന്നുന്നതും നോക്കി പ്ലിംഗ് അടിച്ച് ഇരിക്കുന്നുണ്ട്.....

“രാവിലെ കഴിക്കാത്തത് കൊണ്ട് നല്ല വിശപ്പ്, താൻ എന്താ ഇങ്ങനെ നോക്കി ഇരിക്കുന്നേ, പോയി ഒരു പ്ലേറ്റ് എടുത്ത് വന്ന് കഴിക്ക്......”
ചിരി അടക്കി കൊണ്ട് ഞാൻ അത് പറഞ്ഞപ്പോൾ പെണ്ണ് മുഖം വീർപ്പിച്ചുകൊണ്ട് എഴുന്നേറ്റു...... . എങ്കിലും പോവാൻ ഞാൻ സമ്മതിച്ചില്ല, കയ്യിൽ പിടിച്ചുകൊണ്ട് തടഞ്ഞു...... ഹോ, അവൾ എന്നെ ഒരു നോട്ടം നോക്കി.... ഇതുവരെ മാൻപേടയായി മാത്രം കണ്ടിട്ടുള്ള പെണ്ണിന്റെ ഉള്ളിൽ ഒളിഞ്ഞു കിടക്കുന്ന സിംഹത്തെ ഞാൻ കണ്ടു...

“ഹാ ഇരിക്ക് പെണ്ണേ……”
അവളെ പിടിച്ച് വീണ്ടും എന്റെ അടുത്തുള്ള കസേരയിൽ ഇരുത്തിയ ശേഷം ഒരു ഉരുള ചോറ് എടുത്ത് അവൾക്ക് നേരെ നീട്ടി
ആദ്യം ഒന്ന് മടിച്ചു നിന്നെങ്കിലും അവസാനം അവൾ അത് കഴിച്ചു….

“ന്റമ്മോ…….. എന്താ ഞാനീ കാണുന്നേ……. ഭർത്താവ് ഭാര്യയ്ക്ക് ഊട്ടി കൊടുക്കുന്നോ?? അയ്യയ്യോ……”
പെട്ടെന്ന് തുറന്ന് കിടന്നിരുന്ന വാതിലിനടുത് നിന്ന് ആ ശബ്ദം കേട്ടപ്പോൾ ഞങ്ങൾ രണ്ടുപേരും ഒരുപോലെ ഞെട്ടി, വേറെ ആരാ….. അവൻ തന്നെ വിഷ്ണു….. മൈരന് വരാൻ കണ്ട നേരം, ഏജ്ജാതി ടൈമിംഗ്…

അവനെ കണ്ടതും യാമിനി എഴുന്നേറ്റ് നേരെ അടുക്കളയിലേക്ക് വിട്ടു…… പുറകിൽ നിന്ന് അവൻ മുഴുവൻ കഴിച്ചിട്ട് എഴുന്നേറ്റ മതി എന്ന് പറഞ്ഞെങ്കിലും അവൾ അത് മൈൻഡ് ചെയ്യാതെ സ്കൂട്ടായി… നൈസ് എസ്കേപ്പ്…

“നീ എന്താ ഈ സമയത്ത്, ഇന്ന് ഓഫീസില്ലേ??”
വന്നിരുന്ന് പാത്രങ്ങൾ തുറന്നു നോക്കുന്ന വിഷ്ണുവിനോട് ഞാൻ ചോദിച്ചു…

“ഇന്ന് ഞായറാഴ്ചയാണ് മോനുസേ….”

“ഓ ഇന്ന് ഞായറാഴ്ച ആയിരുന്നോ….”

“അതേല്ലോ………………പെങ്ങളെ, ഒരു പ്ലേറ്റ് കൂടി ഇങ്ങ് എടുത്തോ”
അവൻ അടുക്കളയിലേക്ക് നീട്ടി വിളിച്ചു…
പെട്ടെന്ന് തന്നെ യാമിനി ഒരു പ്ലേറ്റും ആയി വന്ന് അവന് മുനിൽ വച്ചിട്ട് അതെ സ്പീഡിൽ തിരിച്ച് പോയി….

“ഇതെന്താ സൂപ്പർ ഫാസ്റ്റ് എക്സ്പ്രസ്സോ, ഇങ്ങനെ ചമ്മണ്ട, നമ്മൾ ഒന്നും കണ്ടില്ലേ……”

അവൻ പിന്നെയും പലതും പറഞ്ഞെങ്കിലും എനിക്ക് ഒരല്പം പോലും ചമ്മൽ അനുഭവപ്പെട്ടില്ല, കാരണം ഞാൻ ആ കളിയാക്കലുകൾ ആസ്വദിക്കുകയാണ്.
പണ്ട് സ്കൂളിൽ പഠിക്കുന്ന കാലത്ത് നമ്മുടെ ക്രഷിനെയും നമ്മളെയും കൂട്ടി കൂട്ടുക്കാർ കഥ അടിച്ച് ഇറക്കുമ്പോൾ പുറമെ അവരെ ചീത്ത പറയുമ്പോഴും ഉള്ളിൽ നമ്മൾ സന്തോഷിക്കില്ലേ, അതുപോലെ..... പക്ഷെ ഒരു ചെറിയ വ്യത്യാസം, ഞാൻ ദേഷ്യപ്പെട്ടില്ല, ഞാൻ അവൻ പറയുന്നതും കേട്ട് ചിരിച്ചിരുന്നു....
ഇടയ്ക്ക് യാമിനി അടുക്കളയിൽ നിന്ന് തലയിട്ട് എന്നെ നോക്കും, അവളുടെ മുഖത്ത് പക്ഷെ നല്ല ചമ്മലുണ്ട്.....

ഞങ്ങൾ ഭക്ഷണം കഴിച്ച് എഴുന്നേൽക്കുന്നത് വരെ അവൾ ഈ ഭാഗത്തേക്ക് വന്നില്ല...
###

"കുപ്പി എടുത്താലോ?? ഞാൻ ഇന്ന് ശരിക്കും ഹാപ്പിയാണ്"
ഭക്ഷണം കഴിച്ചു കഴിഞ്ഞ് പുറത്തിറങ്ങി സിഗരറ്റ് വലിക്കുമ്പോൾ വിഷ്ണു ചോദിച്ചു.

"എന്ത് പറ്റി??"

"ഈ നല്ല മൂഡിൽ നിൽകുമ്പോൾ ഓർക്കാൻ പോലും ആഗ്രഹിക്കാത്ത ആ രണ്ട് മുഖങ്ങൾ, അതുകൊണ്ട് ആ വിഷയം നമുക്ക് വിടാം.... എന്തായാലും നിന്നെ ഇങ്ങനെ ഹാപ്പിയായി കാണുന്നതല്ലേ എന്റെ സന്തോഷം, പിന്നെ യാമിനി........ അവളെ പോലൊരു പെണ്ണ് ജീവിതത്തിൽ വന്നാൽ പിന്നെ ജീവിതത്തിൽ തോൽവി എന്നൊരു വിഷയം വരില്ല, അഥവാ വന്നാലും നിന്നെ താങ്ങി നിർത്താൻ അവളുണ്ടാവും"

"കള്ള മൈരേ സെന്റി ആക്കല്ലേ......"
അവന്റെ സംസാരം കേട്ട് ഇമോഷണൽ ആവാൻ തുടങ്ങിയപ്പോൾ ഞാൻ പറഞ്ഞു....

"അയ്യടാ, സെന്റി അടിച്ചതല്ല..... അവൾ ഇല്ലെങ്കിൽ എന്റെ ഈ ജീവിതം മൊത്തം നിന്റെ കൂടെ നടന്ന് നശിച്ച് പോവും.... .ആ സന്തോഷത്തിലാണ് ഞാൻ കുപ്പി എടുക്കുന്ന കാര്യം പറഞ്ഞത്....."

“ഓ എന്ത് തേങ്ങ ആയാലും സാരമില്ല, വാ പോയി കുപ്പി എടുക്കാം”

ഞങ്ങൾ വേഗം ബീവറേജിൽ പോയി ഒരു ഫുള്ളും എടുത്ത് വന്നു.... വിഷ്ണു നേരെ കുപ്പിയുമായി മുകളിൽ വാട്ടർ ടാങ്കിന്റെ അങ്ങോട്ട് കയറി, ഞാൻ അകത്തേക്ക് ഗ്ലാസ്സും വെള്ളവും എടുക്കാനും.....

“മ്മ്??”.
അടുക്കളയിൽ ചെന്നപ്പോൾ എന്താണ് കാര്യം എന്ന രീതിയിൽ മീനു ഒന്ന് മൂളി,

“അത് പിന്നെ വിഷ്ണുന് കള്ള് കുടിക്കാൻ ഒരു ഗ്ലാസ്സ്....... എടുക്കാൻ, ഇച്ചിരി വെള്ളവും....”
എന്നും പറഞ്ഞ് നൈസ് ആയിട്ട് രണ്ട് ഗ്ലാസ്സും ഒരു കുപ്പി വെള്ളവും എടുത്ത് മുങ്ങാൻ നേരം അവൾ പിന്നിൽ നിന്നും വിളിച്ചു...

“വിഷ്ണുന് എന്തിനാ രണ്ട് ഗ്ലാസ്സ്??”
കർത്താവേ പെട്ട്

“ഒന്ന് വെള്ളം ഒഴിക്കാനും പിന്നെ ഒന്ന് സാധനം ഒഴിക്കാനും”

“മ്മ്.......”
അവൾ ഒന്നും പറയാതെ ഒന്ന് ഇരുത്തി മൂളി, പിന്നെ അവിടെ നിന്ന് തിരിയാതെ ഞാൻ വേഗം തന്നെ മുകളിലേക്ക് വിട്ടു....

“എന്താണ് മോനെ, കെട്ട്യോളെ സമ്മതം വാങ്ങിയോ??”
വെള്ളവും ഗ്ലാസ്സുമായി മുകളിലേക്ക് ചെന്നപ്പോൾ വിഷ്ണു ചോദിച്ചു

“ഏയ് എന്തിനാ അവളെ സമ്മതം….”
ഞാൻ ഒരു ഒഴുക്കൻ മട്ടിൽ പറഞ്ഞു

“അതൊക്കെ എനിക്ക് അറിഞ്ഞൂടെ മോനെ, കല്യാണം കഴിഞ്ഞ പിന്നെ ഭാര്യയെ കൺവിൻസ് ചെയ്യേണ്ട വരും ലേ എല്ലാത്തിനും……. അതാണ് ഞാൻ കല്യാണം കഴിക്കണോ വേണ്ടയോ എന്ന കൺഫ്യൂഷനിലാണ്”

“അതൊക്കെ ഏതോ വിവരം ഇല്ലാത്തവര് പറയുന്നതല്ലേ, യാമിനിയെ പോലുള്ള ഒരു പെണ്ണിനെ കെട്ടിയാൽ ഒരു പ്രശ്നവും ഉണ്ടാവില്ല”
പ്രശ്നങ്ങളുടെ ഘോഷയാത്രയാണ് വരാൻ പോവുന്നത് എന്ന് എനിക്ക് അറിയില്ലല്ലോ….. പാവം ഞാൻ.

“ പെങ്ങളെ പോലെ ഒരു പാവം കുട്ടിയെ കിട്ടിയാൽ ഞാനും കെട്ടും….”

“അതൊക്കെ വിട്, നീ സാധനം ഒഴിക്ക്”
സാധനം മുനിൽ വച്ച് അധിക നേരം വെറുതെ ഇരിക്കാൻ എനിക്ക് പറ്റില്ല, പെട്ടെന്ന് തന്നെ ഞങ്ങൾ ഓരോന്ന് ഒഴിച്ച് അടിച്ചു….. ആദ്യ പെഗ്ഗിന്റെ വീര്യം പോവും മുന്നെ ഒന്നൂടെ ഒഴിച്ച് അടിച്ചു….. രണ്ട് നല്ല പെഗ്ഗ് അകത്തു കയറിയപ്പോൾ തന്നെ ചെറുതായി മൂഡായി തുടങ്ങി…

“ശ്യോ നിന്നോട് ഒരു കാര്യം പറയാൻ വിട്ട് പോയി, ഇന്ന് ആ രാഘവൻ ഇവിടെ വന്നിരുന്നു”.
രണ്ട് പെഗ്ഗ് അകത്ത് ചെന്നപ്പോഴാണ് ഇന്ന് നടന്ന കാര്യങ്ങൾ ഓർമ്മ വന്നത്

“എന്തിന്.......... അയാള് എന്തിനാ ഇങ്ങോട്ട് വന്നേ?? നിന്നോട് ജോലിക്ക് വരാൻ പറയാൻ ആണോ?? എന്നിട്ട് നീ എന്ത് പറഞ്ഞു??
രാഘവന്റെ പേര് പറയലും അവൻ നോൺ സ്റ്റോപ്പ് ആയി എനിക്ക് നേരെ ചോദ്യങ്ങൾ എറിഞ്ഞു...

“ഏയ് ജോലിക്ക് വരാൻ പറയാൻ അല്ല, അന്ന് പറഞ്ഞതിന് ഒക്കെ ക്ഷമ ചോദിച്ചു...... പുള്ളി എന്റെ കാല് പിടിച്ചു കരഞ്ഞു.......”

“ഓ അയാളെ മുതല കണ്ണീര് കണ്ടപ്പോഴേക്കും നീ ക്ഷമിച്ചിട്ട് കൂടെ ഇരുന്ന് കരഞ്ഞു കാണും...... മൈരൻ...... കാല് പിടിക്കാൻ വന്നപ്പോ കാലും മടക്കി ഒന്ന് കൊടുത്തിട്ട് ഇറക്കി വിടണ്ടേ..... അത് എങ്ങനെയാ ആരെങ്കിലും കരയുന്നത് കണ്ടാൽ പൊട്ടന്റെ മനസ്സ് അലിയും”

“എടാ അത് പിന്നെ അപ്പന്റെ പ്രായമുള്ള ഒരാൾ കാല് ഒക്കെ പിടിച്ച് കരയുമ്പോൾ എങ്ങനെയാണ് കണ്ടില്ല ന്ന് വെക്ക”

“ഓ ശരി ശരി നീ വല്യ പുണ്യാളൻ, എനിക്ക് എന്തായാലും നിന്നെ പോലെ ആവാൻ പറ്റില്ല........ പിന്നെ ഇത് ഞാൻ സഹിച്ചു, പക്ഷെ മറ്റേ പൂറി മക്കൾ ഇതുപോലെ വന്നു കരഞ്ഞു കാല് പിടിക്കുമ്പോൾ നീ എങ്ങാനും ക്ഷമിച്ചാൽ....... നിന്റെ കയ്യും കാലും തല്ലി ഒടിച്ച് ഞാൻ നിന്റെ മറ്റവൾക്ക് ഉപ്പിലിടാൻ കൊടുക്കും.... .കേട്ടോ മൈരേ”
ഹരി, ശ്രീലക്ഷ്മി.... ആ രണ്ട് മുഖങ്ങളും ഞാൻ ഒന്ന് മനസ്സിൽ കണ്ടു നോക്കി, ഏയ് ഇല്ല....... അവരോട് എനിക്ക് ഇതുപോലെ ക്ഷമിക്കാൻ കഴിയില്ല, അത്രയ്ക്ക് പുണ്യാളൻ ഒന്നും അല്ല ഞാൻ.

അവന്റെ സ്നേഹത്തോടെ ഉള്ള ഭീഷണിക്ക് മറുപടിയായി ഞാൻ വെറുതെ ഒന്ന് ചിരിച്ചു, കാരണം എനിക്ക് നല്ല ഉറപ്പുണ്ട് എന്തൊക്കെ വന്നാലും അവരോട് എനിക്ക് ക്ഷമിക്കാൻ കഴിയില്ല എന്ന്...

“അല്ല എന്നിട്ട് പറ, എന്തായിരുന്നു അയാളുടെ വരവിന്റെ പിന്നിലെ നിഗൂഢ രഹസ്യം??”

“ഞാൻ പറഞ്ഞിരുന്നില്ലേ പുള്ളിയുടെ മോളെ പറ്റി...”

“അയാളെ മോള് കൊള്ളാം എന്ന് നീ പറഞ്ഞത് ഞാൻ ഓർക്കുന്നു, വല്ലാതെ ഓർക്കുന്നു”
ഞാൻ പറഞ്ഞ് തുടങ്ങിയപ്പോൾ വിഷ്ണു ഇടയ്ക്ക് കയറി പറഞ്ഞു...

“ഹാ...... പറയുന്നത് കേൾക്ക് മൈരേ..”

“ഓ ശരി, എന്ന സാറ് പറ”

“ആഹ്, പുള്ളിയുടെ മോള്...... ചൈതന്യ, അവൾ ഒപ്പിച്ച പണിയാണ്.... അന്നത്തെ ആ സീനിന് ശേഷം അവള് പുള്ളിയോട് മിണ്ടിയില്ല, എന്നോട് വന്ന് സോറി പറഞ്ഞാലേ മിണ്ടൂ എന്ന് പറഞ്ഞത് കൊണ്ടാണ് പുള്ളി വന്ന് സോറി പറഞ്ഞത്..”

“ആഹാ...... അതാണ്...... മക്കൾ ആയാൽ അങ്ങനെ വേണം, അത് പൊളിച്ച്”

“അത് കഴിഞ്ഞ് അവൾക്ക് എന്നോട് നേരിട്ട് സംസാരിക്കണം എന്ന് പറഞ്ഞിട്ട് ഞാൻ പോയി അവളെ കണ്ടു....”

“ഏഹ് എന്തിന്?? എവിടെ പോയി??”
ഒന്ന് ഞെട്ടിയ ശേഷം വിഷ്ണു ചോദിച്ചു.... എത്രാമത്തെ പെഗ്ഗ് ആണെന്ന് ഓർമ്മയില്ല, എന്തായാലും ഞാൻ ഒന്നും കൂടി ഒഴിച്ച് അടിച്ചു.......... വിഷ്ണു ഞാൻ പെഗ്ഗ് അടിക്കുന്ന സമയത്ത് അക്ഷമനായി കാത്തിരുന്നു...

“ആദ്യം കുറെ സോറി ഒക്കെ പറഞ്ഞു, പിന്നെ വേറെ ഒരു കാര്യം കൂടി പറഞ്ഞു”

“എന്ത്??”
ഞാൻ പറയുന്നതിന് ഇടയ്ക്ക് ക്ഷമ നശിച്ചുകൊണ്ട് വിഷ്ണു ചോദിച്ചു

“നമ്മുടെ മേരിയുടെ പഴയ പ്രണയകഥ ഇല്ലേ, അതിലെ നായകൻ അയാളാണ് ആ രാഘവൻ”

“ഏഹ്...... സത്യമാണോ??”

“ആടാ..... അവൾ പറഞ്ഞതാണ്...”

“ഹോ..... അമ്മച്ചിനെ ആ പഴയ കഥ പറഞ്ഞ് എപ്പോ കളിയാക്കുമ്പോഴും പാവം തോന്നും, പക്ഷെ ഇപ്പോ ആ വിഷമം മാറി കിട്ടി, എന്തൊക്കെ വന്നാലും ആ രാഘവനേക്കാൾ അടിപൊളി നിന്റെ അപ്പൻ തന്നെ ആയിരിക്കും, അയാളെ ഞാൻ നേരിട്ട് കണ്ടിട്ടില്ലെങ്കിലും വെറും ഊള ആണെന്ന് ഉറപ്പാണ്”

വിഷ്ണു അത് പറഞ്ഞപ്പോൾ ഞാൻ വെറുതെ അവനെ നോക്കി ചിരിച്ചു, കാരണം ഞാൻ ഒരുപാട് വട്ടം ആലോചിച്ച കാര്യമാണ് മേരി പ്രണയിച്ച ആളെ തന്നെ കെട്ടിയിരുന്നെങ്കിൽ മേരിയുടെ ജീവിതം എത്ര സന്തോഷകരം ആയിരുന്നിരിക്കും, പക്ഷെ അപ്പൊ ഇതുപോലെ ഒരു നല്ല പുത്രനെ കിട്ടുമോ?? ഹ്ഹ.......... ഇപ്പോ പക്ഷെ മേരി അപ്പനെ ആത്മാർത്ഥമായി തന്നെയാണ് സ്നേഹിക്കുന്നത്, യാമിനിയോട് ഒരുതരം അട്രാക്ഷൻ തോന്നി തുടങ്ങിയപ്പോൾ ഞാൻ വല്ലാതെ കൺഫ്യൂസ്ഡ് ആയിരുന്നു, ആ സമയത്ത് മേരിയെ കുറിച്ചാണ് ഞാൻ ചിന്തിച്ചത്.... ഒരാളെ ആത്മാർത്ഥമായി സ്നേഹിച്ചിട്ടും വീട്ടുകാരുടെ നിർബന്ധത്തിന് വഴങ്ങി മറ്റൊരാളെ കല്യാണം കഴിക്കേണ്ട വന്നു, സമയം എടുത്ത് കാണുമെങ്കിലും ഇപ്പോ മേരി അപ്പനോട് കാണിക്കുന്ന സ്നേഹവും കരുതലും നൂറ് ശതമാനം സത്യമാണ്..... അങ്ങനെ ആവുമ്പോൾ ഞാൻ എന്നെ ചതിച്ചിട്ടു പോയവളെ കുറിച്ച് ആലോചിക്കാൻ പോലും പാടില്ല....

“എന്തായാലും എനിക്ക് ഒരു തുറുപ്പ് ചീട്ടാണ് കിട്ടിയത്, ഇനി അമ്മച്ചിന്റെ മുനിൽ പിടിച്ചു നിൽക്കാൻ ഈ ഒരു സംഭവം മാത്രം മതി മോനേ......”

“ഓ ഒറ്റ പ്രാവശ്യം നീ മേരിന്റെ എടുത്ത് സംസാരിച്ച് ജയിക്കുന്നത് കണ്ടാൽ മതി എനിക്ക്.....”

“അതിന് ഞാൻ തോറ്റ് കൊടുക്കുന്നതല്ലേ...”

“ഓ ശരി ശരി......”

ഞങ്ങൾ രണ്ടുപേരും ഒരുപോലെ ചിരിച്ചുപോയി, എപ്പോഴും മേരിയോട് തോറ്റ് ഇവൻ കാവിലെ പാട്ട് മത്സരത്തിന് കാണാം എന്ന രീതിയിൽ പോവുന്നത് ഓർത്താണ് ഞാൻ ചിരിച്ചത്, അവൻ എന്തിനാണ് ചിരിച്ചതെന്ന് അവനും ഉടയ തമ്പുരാനും മാത്രം അറിയാം...

വീണ്ടും ഓരോ പെഗ്ഗ് കട്ടിക്ക് തന്നെ ഒഴിച്ച് അടിച്ചു.....

“ഹാ ഒരു കാര്യം വിട്ട് പോയി, അവൾ ഒരു സംഭവം കൂടി പറഞ്ഞിരുന്നു....”

“ഇനി എന്ത് കാര്യം, നിന്റെ അപ്പന്റെ പഴയ കാമുകിയാണോ അവളെ അമ്മ??”
വിഷ്ണു ഒരു ഒഴുക്കൻ മട്ടിൽ ചോദിച്ചു

“പ്ഫാ മൈരേ.......... അവളെ അമ്മ മരിച്ചു പോയതാണ്”

“അയ്യോ..............”
അവൻ മുഖം ചുളിച്ചു.....

“നീ catamounts fc എന്ന് കേട്ടിട്ടുണ്ടോ?”

“ക്യാറ്റ് ആൻഡ് മൗസ്........ എന്ന് വെച്ച പൂച്ചയും എലിയും......... അയ്യോ, അവള് നിന്നെ വല്ല കള്ളനും പോലീസും കളിക്കാൻ വിളിച്ചോ??”
ഒന്ന് ചിന്തിച്ച ശേഷം അവൻ പറഞ്ഞു

“എടാ മണ്ടാ മരമണ്ടാ......... ക്യാറ്റ് ആൻഡ് മൗസ് അല്ല, catamounts.... അത് ഒരു ഫുട്ബാൾ ക്ലബാണ്, അല്ലെങ്കിലും ക്രിസ്റ്റ്യാനോ റൊണാൾഡോ ന്ന് പറഞ്ഞപ്പോൾ മറ്റേ കിം കർദാഷിയാന്റെ പഴയ ബോയ് ഫ്രണ്ട് അല്ലെന്ന് ചോദിച്ച നിന്നോട് ഈ ചോദ്യം ചോദിച്ചത് എന്റെ തെറ്റ്........മൈ മിസ്റ്റേക്ക്”

“ഓ നമുക്ക് നിന്റെ അത്ര ഫുഡ്ബോളിൽ അറിവും ഇല്ല കളിക്കാനും അറിയില്ല....... നീ അത് വിട്ടിട്ട് ആ പെണ്ണ് പറഞ്ഞ കാര്യം പറ”

“എടാ മോയന്തേ....... ഫുഡ്ബോൾ അല്ല ഫുട്ബോൾ”

“ഒക്കെ ഒന്ന് തന്നെ”
അവൻ ഒരു ഒഴുക്കൻ മട്ടിൽ പറഞ്ഞു, ഈ കാര്യത്തിൽ അവനെ പറഞ്ഞ് പഠിപ്പിച്ചിട്ട് വല്യ കാര്യം ഒന്നുമില്ല എന്ന് അറിയുന്നത് കൊണ്ട് ഞാൻ വിട്ടു

“എന്നിട്ട് ബാക്കി പറ, ആ പെണ്ണ് എന്താ പറഞ്ഞത്??”
അടുത്ത പെഗ്ഗ് ഒഴിച്ച് അടിക്കുന്നതിന് ഇടയ്ക്ക് വിഷ്ണു ചോദിച്ചു

“ആ അത് പിന്നെ ആ catamounts fc ന്റെ പകുതി ഷെയർ അവളെ അച്ഛന്റെ ആണ്, അപ്പൊ അവരെ ക്ലബ്ബിന്റെ സെലെക്ഷൻ ക്യാമ്പ് അടുത്താഴ്ച നടക്കുന്നുണ്ട്, എന്നോട് അതിൽ..........”

“യെന്റെ മോനെ അത് പൊളിച്ച്, നിന്റെ ഏറ്റവും വല്യ ഡ്രീം ആയിരുന്നില്ലേ ഒരു ഫുട്ബോൾ കളിക്കാരൻ ആവുക എന്നത്........ ഒന്നും നോക്കണ്ട പോയി പൊളിച്ചടുക്ക്...”
ഞാൻ പറഞ്ഞ് തീരുന്നതിനു മുൻപ് അവൻ ചാടി കയറി പറഞ്ഞു, കാൽ പന്ത് കളിയെ കുറിച്ച് വലിയ ഐഡിയ ഒന്നും ഇല്ലെങ്കിലും എന്റെ ഡ്രീം ആയിരുന്നു എന്ന് അറിയുന്നത് കൊണ്ടാണ് ചെക്കന് ഇത്രയും ആവേശം...

“ഏയ് ഞാൻ പോവുന്നില്ല, അവള് പറഞ്ഞത് നിന്നോട് പറഞ്ഞു എന്നെ ഉള്ളു”.

“എന്താണ് പ്രശ്നം, നിന്റെ വലിയ ഡ്രീം ആയിരുന്നില്ലേ പിന്നെ ഇപ്പോ എന്താ?? മഹാലക്ഷ്മി ലോട്ടറി അടിച്ച പൊട്ടൻടെയും മകളുടെയും രൂപത്തിൽ വരുമ്പോൾ തട്ടി കളയരുത് മോനെ ടോണികുട്ടാ”.

ആശാന്റെ നാവ് ഒക്കെ കുഴഞ്ഞു തുടങ്ങിയിട്ടുണ്ട്.. നല്ല ഫോമിൽ ആയിട്ടുണ്ട്.“ഡ്രീം ആയിരുന്നു ശരിയാണ്, പക്ഷെ ആ സ്വപ്നം ഒക്കെ ഞാൻ മറന്ന് പോയിരുന്നു.... ഇന്ന് അത് വീണ്ടും ഓർമ്മ വന്നു, പക്ഷെ ഇപ്പോ സ്വപ്നത്തിനു പിന്നാലെ പോവാൻ പറ്റിയ സാഹചര്യം അല്ലാല്ലോ...... എന്തെങ്കിലും ഒരു ജോലി പെട്ടെന്ന് കണ്ടുപിടിക്കണം, സെറ്റിൽ ആവണം.... അത് മാത്രമാണ് ഇപ്പോ എന്റെ മനസ്സിലുള്ളത്, അല്ല ഉണ്ടാവാൻ പാടുള്ളൂ”

“നിന്റെ മനസ്സിൽ ഉള്ളത് എന്താണെന്ന് എനിക്ക് അറിയാം, എനിക്കേ അറിയൂ..... അതുകൊണ്ട് പറയാ നീ സെലെക്ഷന് പോവണം, ഇത് ഞാൻ കള്ളിന്റെ പുറത്ത് പറയുന്നതല്ല ട്ടോ, നല്ല ബോധത്തോടെ തന്നെയാണ്....”
അത് പറയുമ്പോഴും അവന്റെ നാവ് കുഴയുന്നുണ്ട്..

“അത് മനസ്സിലായി......... നാളെ ബോധം വന്ന നീ തന്നെ പറയും വല്ല ഇന്റർവ്യൂ ഉണ്ടോ എന്ന് തപ്പി നോക്കാൻ...”

“ഏയ് ഒരിക്കലും ഇല്ല, ശരിയാണ് മദ്യം അകത്തു ഉണ്ടായത് കൊണ്ട് രണ്ടാമത് ചിന്തിക്കാൻ നിന്നില്ല, പക്ഷെ ഈ കാര്യത്തിൽ നാളെയും എനിക്ക് ഈ ഒരു അഭിപ്രായം തന്നെ ആയിരിക്കും, നീ നിന്റെ സ്വപ്നത്തിന്റെ പുറകെ പോവണം...... നിനക്ക് വേണ്ടി മാത്രമല്ല, യാമിനിക്ക് വേണ്ടി കൂടി... ഇന്ന് നീ ഈ തീരുമാനം എടുക്കാൻ ഒരു പ്രധാന കാരണം യാമിനി നിന്റെ ജീവിതത്തിൽ വന്നതാണ്, പക്ഷെ ഭാവിയിൽ ഒരു ദിവസം ചിന്തിക്കുമ്പോൾ നിനക്ക് തന്നെ എടുത്ത തീരുമാനം തെറ്റായി പോയി എന്ന് തോന്നിയാൽ അത് നിങ്ങളുടെ ബന്ധത്തെ തന്നെ ബാധിക്കാൻ സാധ്യതയുണ്ട്.... അതുകൊണ്ടാണ് ഞാൻ പറയുന്നത് നീ ഒന്നൂടെ ആലോചിച്ച് തീരുമാനിക്ക്”
അവൻ പറയുന്നതിലും കാര്യമുണ്ട് എന്ന് തോന്നുന്നു, ഈ മൈരൻ ഈയിടെ ആയിട്ട് വല്ലാതെ പക്വത വന്നിട്ടുണ്ട്.... അടിച്ച് പിമ്പിരി ആണെങ്കിലും പറയുന്നത് ഒക്കെ പോയിന്റ് ആണ്, അല്ല ഇനി ഞാനാണോ അടിച്ച് പിമ്പിരി ആയത്??

“നീ ഒന്ന് ട്രൈ ചെയ്തു നോക്ക് ടോണിക്കുട്ടാ...... കിട്ടിയ കിട്ടി പോയ പോയി, പിന്നീട് ഒരു കുറ്റബോധം ഉണ്ടാവരുത്........ പിന്നെ ഈ ഫുട്ബോൾ കളിച്ചാലും കുറച്ച് പൈസ ഒക്കെ കിട്ടില്ലേ, ബാക്കി നമുക്ക് എന്തെങ്കിലും ഒക്കെ ചെയ്യാ ഡാ.....”
അവൻ എന്നെ കൺവിൻസ് ചെയ്യാൻ അങ്ങനെ പലതും പറഞ്ഞുകൊണ്ടിരുന്നു, എനിക്കും ഉള്ളിൽ ഒന്ന് ശ്രമിച്ചു നോക്കാം എന്ന് തോന്നി തുടങ്ങിയിരുന്നു...... ശരിയാണ് അവൻ പറഞ്ഞത് പോലെ പിന്നീട് ഒരു കുറ്റബോധം തോന്നരുത്, ഈ കുറ്റബോധം വന്നു പോയാൽ പിന്നെ ജീവിതം തന്നെ തകർന്ന് പോവും....
###

ആ കുപ്പി മൊത്തം തീർത്ത ശേഷം ഞങ്ങൾ രണ്ടുപേരും അവിടെ തന്നെ കിടന്ന് ഉറങ്ങിപ്പോയി, അടിച്ച് പൂക്കുറ്റി ആയിട്ട് ഇങ്ങനെ ഓപ്പൺ എയറിൽ കിടന്ന് ഉറങ്ങുന്ന സുഖം, വൗ...... നല്ല കാറ്റും

പക്ഷെ അത്ര സുഖിക്കാൻ ഒന്നും പറ്റിയില്ല, കൊതുക്ക് ചോര ഊട്ടി കുടിക്കാൻ തുടങ്ങിയപ്പോഴാണ് ഞാൻ എഴുന്നേറ്റത്....... വിഷ്ണു തൊട്ടടുത്ത് ഫ്ലാറ്റ് ആയി കിടക്കുന്നുണ്ട്, ഫോൺ നോക്കിയപ്പോൾ സമയം ഏഴ് മണി ആയിരിക്കുന്നു, ഹോ എത്ര പെട്ടെന്നാണ് സമയം പോവുന്നത്...

“പിന്നിൽ നിന്ന് ചവിട്ടാൻ ആർക്കും പറ്റും, ധൈര്യം ഉണ്ടെങ്കിൽ മുനിൽ വാടാ നായിന്റെ മോനെ പട്ടി പൂറി......”

സുഖമായി കമിഴ്ന്നു കിടക്കുന്ന വിഷ്ണുവിന്റെ പിന്നാമ്പുറം നോക്കി ഒരു ചവിട്ട് കൊടുത്തപ്പോൾ അവൻ പറഞ്ഞതാണ്, ആശാൻ നല്ല ഉറക്കത്തിലാണ്, എന്തോ സ്വപ്നം കണ്ടതാണ്..... ഞാൻ നല്ല ഒരു ചവിട്ടും കൂടി കൊടുത്തപ്പോൾ അവൻ ചാടി എഴുന്നേറ്റു

സാധാരണ ഈ ഉറങ്ങി കിടക്കുന്നവരെ എഴുന്നേല്പിക്കുക എന്നത് എനിക്ക് ഇഷ്ടമല്ലാത്തതാണ്, എങ്കിലും ഉള്ളിൽ റം ഉള്ളതു കൊണ്ട് ഇത്തിരി അക്രമം മൂഡ് ഓൺ ആയതാണ്....

“ഹോ എന്താ മൈരേ നിന്റെ അപ്പൻ പെറ്റോ??”

ചാടി എഴുന്നേറ്റ ശേഷം കാര്യം മനസിലായപ്പോൾ ഉറക്കം നശിപ്പിച്ച ദേഷ്യത്തിൽ അവൻ എന്നോട് ചോദിച്ചു“ഇല്ല നിന്റെ ഡാഡി മിസ്റ്റർ. ഗിരി പെറ്റു, രണ്ട് പട്ടി കുട്ടികളും ഒരു ചിമ്പാൻസിയും......... വാ ഓരോ കിലോ ആപ്പിളും ഓറഞ്ചും വാങ്ങി പോവാം”

“ക ക ക ക കാ..... .വല്യ തമാശ”

ഞാൻ പിന്നെ ഒന്നും പറയാൻ നിന്നില്ല, പോക്കറ്റിൽ നിന്ന് ഒരു സിഗരറ്റ് എടുത്ത് കത്തിച്ചു........ വിഷ്ണു എഴുന്നേറ്റ് തലയിൽ കയ്യും വെച്ച് ഇരിക്കുന്നുണ്ട്...

“ഞാൻ പോവട്ടെ.......നാളെ കാണാ”

എന്നും പറഞ്ഞ് വിഷ്ണു എഴുന്നേറ്റു

“എന്ത് പറ്റി നേരത്തെ??”

“അടിക്കുന്ന ദിവസം നേരത്തെ വീട്ടിൽ കയറണം എന്നാണ് ഓർഡർ”

“രാത്രി ലേറ്റ് ആയിട്ട് ബോധം ഇല്ലാതെ പോയി ജിമ്മിന്റെ സ്ഥലം കൈയടക്കണ്ട എന്ന് കരുതി പറഞ്ഞതാവും”

“പോ മൈരേ……”
എന്നും പറഞ്ഞ് അവൻ എഴുന്നേറ്റ് മൂട്ടിലെ പൊടി തട്ടിയിട്ട് താഴേക്കുള്ള കോണി ഇറങ്ങി, വലിച്ച് തീരാനായ സിഗരറ്റും കുത്തി കെടുത്തി ഞാനും പിന്നാലെ ഇറങ്ങി….

യാമിനി അകത്ത് ആയിരുന്നു, വിഷ്ണു വേഗം അവളെ മുനിൽ പെടാതെ ഇറങ്ങി പോയി, പക്ഷെ എനിക്ക് അങ്ങനെ എസ്കേപ്പ് അടിക്കാൻ പറ്റില്ലല്ലോ….. അല്ലെങ്കിലും ഞാൻ എന്തിനാ പേടിക്കുന്നത്, ഞാൻ ഇതിന് മുന്നെയും അവൾ ഉള്ളപ്പോൾ അടിച്ചിട്ടുണ്ടല്ലോ… പക്ഷെ ഇപ്പോ എന്തോ ആദ്യം അടിച്ചിട്ട് വീട്ടിൽ കയറിയിരുന്ന സമയത്ത് മേരി മണം പിടിക്കുമോ എന്ന് പേടിച്ച് നടന്നിരുന്ന ആ ഒരു ഫീൽ ആണ് തോന്നുന്നത്…. എന്തായാലും ഞാൻ അവളുടെ മുനിൽ പോയി പെടാതെ കുറച്ചു സമയം പുറത്ത് ഇറങ്ങി നടന്നു…..
###

“വിഷ്ണു കുടിച്ചിട്ട് മണം ഇവിടെ ആണല്ലോ…….”
രാത്രി ഭക്ഷണം കഴിക്കാൻ ഇരിക്കുമ്പോൾ അവൾ കയ്യോടെ പൊക്കി, ഞാൻ ഒന്നും മിണ്ടാതെ ഇരുന്ന് ഭക്ഷണം കഴിച്ചു….. ഛെ വേണ്ടായിരുന്നു എന്ന് മാത്രമാണ് മനസ്സിൽ ഇപ്പോ തോന്നുന്നത്, എന്റെ ഇഷ്ടം അവളോട് തുറന്നു പറഞ്ഞ ദിവസമാണ്…… നല്ല

ബോധത്തിൽ ആയിരുന്നെങ്കിൽ ഇന്ന് രാത്രി തന്നെ അവളെ കൊണ്ട് എന്നെ ഇഷ്ടമാണെന്ന് പറയിപ്പിക്കാമായിരുന്നു.

ഭക്ഷണം കഴിച്ച ശേഷം അവൾ അടുക്കളയിലേക്ക് പാത്രങ്ങൾ എടുത്ത് വെക്കാൻ പോയ സമയത്ത് ഞാൻ പുറത്തിറങ്ങി ഒരു സിഗരറ്റ് കത്തിച്ചു..... വലിച്ചു കഴിഞ്ഞ് ഞാൻ അകത്തേക്ക് ചെന്നപ്പോഴും അവൾ അടുക്കളയിൽ തന്നെയാണ്, ഞാൻ ഒന്ന് ഫ്രഷ് ആവാം എന്ന് കരുതി നേരെ കുളിമുറിയിൽ കയറി,

ഞാൻ കാലും മുഖവും കഴുകി ഫ്രഷ് ആയി വരുമ്പോൾ കാണുന്നത് യാമിനി താഴെ കിടക്കാൻ വേണ്ടി വിരിച്ച് സെറ്റ് ആകുന്നതാണ്, അടിച്ച് സെറ്റ് ആയത് കൊണ്ട് ഒന്നും മിണ്ടാതെ ഞാൻ കയറി കട്ടിലിൽ കിടന്നു, അവൾ എന്നെ ഒരു നോട്ടം നോക്കിയ ശേഷം നേരെ പോയി ലൈറ്റ് ഓഫാക്കി താഴെ കിടന്നു.......

ഒരു ഫുള്ളാണ് ഞങ്ങൾ രണ്ടുപേരും കൂടി അടിച്ചു തീർത്തത്, അതുകൊണ്ട് ആയിരിക്കാം കിടന്നതേ ഓർമ്മയുള്ളു...... നിദ്രാദേവി കനിഞ്ഞെന്ന് മാത്രമല്ല, എന്നെയും കൊണ്ട് മറ്റൊരു ലോകത്തേക്ക് പറക്കുകയായിരുന്നു...

###

രാവിലെ ഇപ്പോ യാമിനി അടുക്കളയിൽ പാത്രങ്ങളോട് യുദ്ധം ചെയ്യുന്ന ശബ്ദം കേട്ടുകൊണ്ട് ഉണരുന്നത് ഒരു ശീലം ആയിരിക്കുന്നു, ഇന്നും അത് തന്നെ സംഭവിച്ചു.....

“ഇതാ ചായ.......”

എഴുന്നേറ്റ് പല്ല് തേച്ച ശേഷം പുറത്ത് റോഡിലെ കാഴ്ചകൾ നോക്കി നിൽകുമ്പോൾ ഒരു ഗ്ലാസ്സ് കട്ടൻ ചായയുമായി യാമിനി എത്തി...

“താങ്ക്സ്.....”

ചിരിച്ചുകൊണ്ട് ഞാൻ ആ ഗ്ലാസ്സ് വാങ്ങി

പക്ഷെ അവൾ ഒന്ന് തിരിച്ച് ചിരിക്കുക പോലും ചെയ്യാതെ ഞാൻ നോക്കിയിരുന്ന സ്ഥലത്തേക്ക് എത്തിനോക്കി, നോം നോക്കി നിന്നത് വേറെ എങ്ങോട്ടും അല്ല, ഒരു

ഡസൻ തരുണീ മണികൾ രാവിലെ തന്നെ കുളിച്ച് ഒരുങ്ങി വന്നു നിൽക്കുന്ന ബസ്സ്റ്റോപ്പിലേക്ക് തന്നെ ആയിരുന്നു, അത് അവൾ വ്യക്തമായി കണ്ടു...

"മ്മ്?? "
ഞാൻ അവളുടെ പ്രതികരണം അറിയാൻ വേണ്ടി മുഖത്തേക്ക് നോക്കിയപ്പോൾ അവൾ ചോദ്യ ഭാവത്തിൽ എന്നെ നോക്കി, ഞാൻ ഒന്നുമില്ല എന്ന രീതിക്ക് ചുമൽ അനക്കി കാണിച്ചു...

"വാ അകത്ത് പോയി ഇരുന്ന് കുടിക്കാ......."
എന്നും പറഞ്ഞ് അവൾ എന്നെയും പിടിച്ചു വലിച്ച് അകത്തേക്ക് നടന്നു, എനിക്ക് എന്തെന്നില്ലാത്ത സന്തോഷം തോന്നി.... ഒന്നാമത് അവൾക്ക് ഞാൻ മറ്റുള്ള പെണ്ണുങ്ങളെ നോക്കുന്നത് ഇഷ്ടപ്പെടുന്നില്ല എന്നത് തന്നെ, പിന്നെ അവൾ അധികാരത്തോടെ എന്റെ കയ്യിൽ പിടിച്ചു വലിച്ചാണ് അകത്തേക്ക് നടക്കുന്നത്.... ഇത് മാത്രം മതി അവൾ എന്നെ ഭർത്താവായി അംഗീകരിച്ചു എന്ന് ഉറപ്പ് വരുത്താൻ....... കെട്ടിപ്പിടിച്ച് ഒരു ഉമ്മ കൊടുത്താലോ?? വേണ്ട ചീപ്പ് ആവും...

"മ്മ്........ എന്താ??"
അകത്ത് എത്തിയ ശേഷം അവളെ നോക്കി ചിരിച്ചുകൊണ്ട് നിന്നപ്പോൾ അവൾ ചോദിച്ചു

"ഏയ് ഒന്നുമില്ല......... ഇനിയെങ്കിലും തുറന്ന് പറഞ്ഞൂടെ എന്നെ ഇഷ്ടമാണെന്ന്..."

"പറയാതെ തന്നെ മനസിലാക്കണം, അതാണ് യഥാർത്ഥ സ്നേഹം"

എന്നും പറഞ്ഞിട്ട് എന്റെ മുഖത്തേക്ക് നോക്കാതെ അവൾ തിരിഞ്ഞു നടന്നു...

“ഓ വല്യ ആള്, ഇന്നലെ ഞാൻ പറഞ്ഞപ്പോഴല്ലേ എന്റെ ഇഷ്ടം മനസിലായത്??”
ഞാൻ പുറകിൽ നിന്നും വിളിച്ച് ചോദിച്ചു...

“അല്ല....”
തിരിഞ്ഞ് നോക്കാതെ അതും പറഞ്ഞ് അവൾ അടുക്കളയിലേക്ക് നടന്നു...

“പിന്നെ??”

ഞാൻ പിന്നാലെ അടുക്കളയിലേക്ക് ചെന്നിട്ട് ചോദിച്ചു, ബട്ട് നോ പ്രതികരണം.... തിരിഞ്ഞ് നോക്കാതെ ചായ പാത്രം കഴുകുകയാണ് എന്റെ പ്രിയ പത്നി

“ ഹ പറയെടോ........”
ഞാൻ ക്ഷമ നശിച്ചുകൊണ്ട് വീണ്ടും ചോദിച്ചു...

“അന്ന് രാത്രി മഴയത്ത് കെട്ടിപ്പിടിച്ചില്ലേ, അപ്പൊ മനസിലായി...”
അല്പ സമയത്തെ മൗനത്തിന് ശേഷം അവൾ അത് പറഞ്ഞപ്പോൾ ഞാൻ ശരിക്കും ഞെട്ടി, അന്നത്തെ ആ ആലിംഗനത്തിന്റെ അർത്ഥം അവൾ മനസ്സിലാക്കിയിരുന്നു... സന്തോഷം കൊണ്ട് എനിക്ക് തുള്ളി ചാടാൻ തോന്നി.....

എനിക്ക് പുറം തിരിഞ്ഞ് നിന്ന യാമിനിയെ ഞാൻ പുറകിൽ നിന്നും കെട്ടിപ്പിടിച്ചു, ഒന്ന് ഞെട്ടിയെങ്കിലും അവൾ എന്റെ ദേഹത്തേക്ക് ചായ്ഞ്ഞു നിന്നു.... കുറച്ചു നേരത്തേക്ക് ഞങ്ങൾ രണ്ടുപേരും ഒന്നും മിണ്ടിയില്ല, ഒന്ന് അനങ്ങുക പോലും ചെയ്യാതെ അങ്ങനെ നിന്നു... ഒന്നായി........ ഈ മൗനം സുന്ദരിയാണ്, എന്റെ മീനുവിനെ പോലെ...

“നീ ഒരുപാട് വിഷമങ്ങൾ അനുഭവിച്ചിട്ടുണ്ടെന്ന് അറിയാം, ഇനിയുള്ള ജീവിതം പക്ഷെ നമ്മൾ ഒരുമിച്ച് അടിച്ചു പൊളിച്ച് ജീവിക്കുന്നു.... സമ്മതം ആണോ??”

അങ്ങനെ കെട്ടിപ്പിടിച്ച് നിന്നുകൊണ്ട് തന്നെ ഞാൻ അവളുടെ ചെവിയിൽ പറഞ്ഞു... ഉത്തരമായി അവൾ ഒന്ന് മൂളുക മാത്രം ചെയ്തു...പക്ഷെ വയറിലൂടെ ചുറ്റി പിടിച്ച കയ്യിലേക്ക് ഒരു തുള്ളി വെള്ളം ഉറ്റിയപ്പോഴാണ് അവൾ കരയുകയാണെന്ന് മനസിലായത്..

ഞാൻ അവളെ പിടിച്ചു തിരിച്ച് എനിക്ക് നേരെ നിർത്തിയപ്പോൾ കാണുന്നത്, പെണ്ണ് ചിരിച്ചുകൊണ്ട് കരയുന്നതാണ്... ഞാൻ ആ കവിളിലൂടെ ഒലിച്ചു ഇറങ്ങുന്ന കണ്ണീർ തുള്ളികൾ തുടച്ചു മാറ്റിയപ്പോൾ അവൾ എന്റെ നെഞ്ചിലേക്ക് കിടന്നു....

"മീനൂസേ..........."

"മ്മ്......."

ഞാൻ പ്രണയാത്മകമായി വിളിച്ചപ്പോൾ എന്റെ നെഞ്ചിൽ മുഖം പൂഴ്ത്തികൊണ്ട് തന്നെ അവൾ വിളി കേട്ടു...

"ഒരു നഴ്സ് ആവുക എന്നത് തന്റെ ഡ്രീം ആയിരുന്നില്ലേ, ആ ആഗ്രഹം ഇപ്പോഴും ഉള്ളിൽ ഉണ്ടെങ്കിൽ ഒന്ന് ശ്രമിച്ച് നോക്കിയാലോ??.."

അതിനുള്ള മറുപടി അവൾ തന്നത് എന്നെ ഒന്നുകൂടി മുറുകെ കെട്ടിപ്പിടിച്ചുകൊണ്ട് ആയിരുന്നു, അവൾ ഈ നിമിഷം അനുഭവിക്കുന്ന സന്തോഷം എല്ലാം ആ ആലിംഗനത്തിൽ പ്രതിഫലിച്ചു...

"അതുപോലെ എന്റെ ഒരു വലിയ സ്വപ്നം ആയിരുന്നു ഒരു ഫുട്ബോൾ കളിക്കാരൻ ആവുക എന്നത്, ഇപ്പൊ അതിനുള്ള ഒരു അവസരം വന്നിട്ടുണ്ട്, ഞാൻ ഒന്ന് ശ്രമിച്ച് നോക്കിയാലോ എന്നുണ്ട്........ എന്താണ് തന്റെ അഭിപ്രായം..."

ഞാൻ അത് പറഞ്ഞ് കഴിഞ്ഞപ്പോൾ അവൾ എന്റെ ദേഹത്ത് നിന്നും അകന്ന് മാറി നിന്നിട്ട് എന്റെ കണ്ണിലേക്കു തന്നെ നോക്കി കുറച്ചു നേരം നിന്നു....

“സ്വപ്നങ്ങൾ സാക്ഷാത്കരിക്കുക, ഒരുപാട് സ്വപ്നം കണ്ട ജീവിതം ജീവിക്കാൻ കഴിയുക എന്നൊക്കെ പറയുന്നത് ഭാഗ്യമാണ്, അധികം ആർക്കും സാധിക്കാത്ത കാര്യമാണ്...... പക്ഷെ ഞാൻ ഇപ്പോ അങ്ങനെ ഒരു സാഹചര്യത്തിലാണ്, സ്വപ്നത്തിന്റെ പുറകെ പോവണം, ഞാൻ ഉണ്ടാവും എന്തിനും കൂടെ.............”
എന്റെ കണ്ണിലേക്കു തന്നെ നോക്കി കൊണ്ടാണ് അവൾ അത് പറഞ്ഞത്...

എന്തിനും കൂടെ തന്നെ ഉണ്ടാവുമെന്ന് അവൾ പറഞ്ഞു, പക്ഷെ എന്റെ മനസ്സിൽ ആ നിമിഷം തോന്നിയത് മറ്റൊരു ചോദ്യമാണ്....

“എന്ത് സാഹചര്യം??”
അവൾ പറഞ്ഞ ആ സാഹചര്യം എന്താണെന്ന് എനിക്ക് മനസിലായില്ല

“അത് പിന്നെ........... ആ വീട്ടിൽ നരക തുല്യമായ ജീവിതത്തിലൂടെ കടന്നു പോകുമ്പോൾ ഞാൻ ഇടയ്ക്ക് സ്വപ്നം കാണാറുണ്ടായിരുന്നു എന്റെ കൃഷ്ണൻ എനിക്ക് വേണ്ടി ഒരാളെ അയക്കുന്നതും, അങ്ങനെ എന്റെ ജീവിതത്തിലേക്ക് സന്തോഷം കടന്നുവരുന്നത്...... ആ സ്വപ്നം ഇപ്പോ യാഥാർഥ്യം ആയില്ലേ”.

“ഇനി പഴയ കാര്യങ്ങൾ ഒന്നും ആലോചിക്കേണ്ട, പിന്നെ ആ തള്ളയ്ക്ക് വേണമെങ്കിൽ നമുക്ക് ഒരു പണി കൊടുക്കാം”

“ഏയ് വേണ്ട.......... എനിക്ക് അവരോട് ഒരു ദേഷ്യവും ഇല്ല, നന്ദിയാണ്........ അവർ അന്ന് ആ മുറിയിൽ കിടക്കാൻ പറഞ്ഞത് കൊണ്ടല്ലേ എനിക്ക് എന്റെ ലുട്ടാപ്പിനെ കിട്ടിയത്....”

വളരെ ഇമോഷണൽ ആയിട്ടാണ് അവൾ അത് പറഞ്ഞതെങ്കിലും അവസാനത്തെ ആ ലുട്ടാപ്പി എന്ന വിളി എനിക്ക് അത്ര ഇഷ്ടമായില്ല...

"വേണ്ടെങ്കിൽ വേണ്ട......... പക്ഷെ ഈ ലുട്ടാപ്പി വിളി ഒരു സുഖമില്ല ട്ടോ......"

"ന്റെ ലുട്ടാപ്പിനെ ഞാൻ പിന്നെ എന്താ വിളിക്കാ...."
അവൾ ചെറു പരിഭവത്തോടെ പറഞ്ഞു..... ആ മുഖഭാവം കാണുമ്പോൾ വേണ്ടെന്ന് പറയാൻ തോന്നില്ല....

"ശരി, നമ്മൾ മാത്രം ഉള്ളപ്പോൾ വിളിച്ചോ......... എന്റെ മീനൂട്ടിക്ക് ഇഷ്ടമുള്ളത് എന്തും"
ഞാൻ അത് പറഞ്ഞപ്പോൾ പക്ഷെ പെണ്ണിന്റെ മുഖം മാറി, ആ്ാ മുഖത്ത് വീണ്ടും സങ്കടം... ആ കണ്ണുകൾ വീണ്ടും നിറഞ്ഞു, പക്ഷെ അത് സന്തോഷംകൊണ്ട് ആയിരുന്നില്ല...

"അയ്യോ എന്ത് പറ്റി?? എന്തിനാ എന്റെ മീനൂട്ടി കരയുന്നത്??
അവളുടെ മുഖം കൈ വെള്ളയിൽ ഒതുക്കി കൊണ്ട് ഞാൻ ചോദിച്ചെങ്കിലും അവൾ കരഞ്ഞുകൊണ്ട് നിന്നു, എന്ത് പറ്റി പെട്ടെന്ന് എന്നറിയാതെ എന്റെ ഉള്ളും ഒന്ന് പിടച്ചു....
എന്ത് വിഷമം ആണെങ്കിലും ഞാൻ കൂടെ തന്നെ ഉണ്ടാവും എന്ന രീതിയിൽ ഞാൻ അവളെ എന്റെ നെഞ്ചിലേക്ക് കിടത്തി....

"അച്ഛനെ ഓർത്തു പോയി, അച്ഛനാണ് എന്നെ മീനൂട്ടി ന്ന് വിളിക്കാറ്...."

കുറച്ചു നേരം എന്റെ നെഞ്ചിൽ കിടന്ന ശേഷം കരച്ചിൽ അവസാനിപ്പിച്ചിട്ട് അവൾ പറഞ്ഞു...

അവളെ ആശ്വസിപ്പിക്കാൻ എനിക്ക് വാക്കുകൾ ഇല്ലായിരുന്നു, ഞാൻ എന്റെ മീനൂനെ ഒന്നൂടെ മുറുകെ കെട്ടിപ്പിടിച്ചു..... പൊതുവെ ആളുകൾ കരയുന്നത് കണ്ടാൽ എനിക്ക് വിഷമം വരും, ഇത് എന്റെ മീനു........ അവൾ വിഷമിക്കുന്നത് കാണുമ്പോൾ എന്റെ നെഞ്ച് പിടക്കുന്നു..... എന്ത് വില കൊടുത്തും അവളുടെ അച്ഛനെ ജയിലിൽ നിന്ന് ഇറക്കണം എന്ന് ഞാൻ തീരുമാനിച്ചു.

“ഉണ്ണിമായ പറഞ്ഞിരുന്നു...... അച്ഛൻ എങ്ങനെ ജയിലിൽ??”

ഒരുപാട് സമയത്തെ മൗനത്തിന് വിരാമം ഇട്ടുകൊണ്ട് ഞാൻ മടിച്ചു മടിച്ച് ചോദിച്ചു..

“മീരമ്മയുടെ ഏട്ടൻ മനോജ്, അയാളാണ് അച്ഛന് ഗൾഫിൽ പോവാനുള്ള വിസയും കാര്യങ്ങളും എല്ലാം ശരിയാക്കി കൊടുത്തത്, പക്ഷെ അവിടെ എത്തിയപ്പോഴാണ് അത് ഒരു തട്ടിപ്പ് ആയിരുന്നു എന്ന് മനസ്സിലായത്.... ഒരു സൂപ്പർ മാർക്കറ്റിൽ ആയിരുന്നു അച്ഛന് ജോലി എന്നാണ് പറഞ്ഞിരുന്നത്... അവിടെ എത്തിയപ്പോൾ ഒരു ഏജന്റ് പറഞ്ഞു അച്ഛന് ജോലി ശരിയായിരുന്ന സൂപ്പർ മാർക്കറ്റിന്റെ ഓണർ ഒരു കേസിൽ പെട്ട് ജയിലിൽ ആണ്, തല്കാലം മറ്റൊരു ജോലി ശരിയാകാമെന്ന്... പക്ഷെ അവര് ഒന്നും ചെയ്തില്ല..... അവസാനം അച്ഛന്റെ ഒരു പഴയ കൂട്ടുക്കാരൻ ദേവസ്യ അങ്കിൾ, പുള്ളി അവിടെ ദുബായിൽ ആണ്...... പുള്ളിയുടെ പരിചയത്തിൽ അച്ഛന് ഒരു ജോലി ശരിയാക്കി കൊടുത്തു.... അത് കഴിഞ്ഞ് ദേവസ്യ അങ്കിൾ പറഞ്ഞിട്ട് അച്ഛൻ ആ ഏജൻസിയുടെ പേരിൽ ഒരു കേസും കൊടുത്തു... അത് കഴിഞ്ഞാണ് അച്ഛനെ അവർ................. കള്ള കേസിൽ കുടുക്കിയത് ആയിരുന്നു....... ദേവസ്യ അങ്കിൾ തന്നെ അച്ഛനെ ജയിലിൽ നിന്ന് ഇറക്കി, പക്ഷെ അന്ന് ആ ജയിലിൽ നിന്ന് ഇറങ്ങിയ ശേഷം പിന്നെ അച്ഛനെ ആരും കണ്ടിട്ടില്ല..... എന്റെ അച്ഛന് എന്ത് പറ്റിയെന്ന് അറിയില്ല...... എന്റെ അച്ഛൻ...............”

എല്ലാം പറഞ്ഞ് അവസാനം മീനു വീണ്ടും കരയാൻ തുടങ്ങി, എന്നെ കെട്ടിപ്പിടിച്ചുകൊണ്ട് അവൾ പൊട്ടി കരഞ്ഞു, എന്റെ ഹൃദയം തുളയ്ക്കുന്ന കണ്ണുനീർ എന്റെ നെഞ്ചിലേക്ക് പടർന്നു

"മീനൂസേ.......... ഞാൻ വാക്ക് തരുന്നു, നിന്റെ അച്ഛനെ നമ്മൾ കണ്ടുപിടിക്കും..... എന്നിട്ട് നിന്റെ അച്ഛനും എന്റെ അപ്പനും മേരിയും നമ്മളും പിന്നെ നമ്മുടെ കുട്ടി പട്ടാളങ്ങളും ഒക്കെ കൂടി ഒരുമിച്ച് അടിച്ചു പൊളിച്ച് ജീവിക്കും...."
നെറുകയിൽ മുത്തിയിട്ട് ഞാൻ അത് പറഞ്ഞപ്പോൾ പെണ്ണിന്റെ മുഖത്ത് ഒരു പുഞ്ചിരി വിടർന്നു.... ഒരു കള്ള ചിരി, നമ്മുടെ കുട്ടിപട്ടാളത്തിന്റെ കാര്യം പറഞ്ഞത് കൊണ്ട് ആയിരിക്കും

"എന്തിനാടി ചിരിക്കുന്നേ..... നീ മേരിയോട് പറഞ്ഞത് ഒക്കെ ഞാൻ അറിഞ്ഞു"
അവളുടെ വയറ്റിൽ ചെറുതായി പിച്ചികൊണ്ട് ഞാൻ പറഞ്ഞപ്പോൾ പെണ്ണിന്റെ മുഖത്ത് നാണം വിരിഞ്ഞു, ആ സൗന്ദര്യം ഇരട്ടി ആയതുപോലെ...

"എന്ത്??"
ഞാൻ ഉദ്ദേശിച്ചത് മനസിലാവാത്ത പോലെയാണ് അവൾ ചോദിച്ചത്

"ഇപ്പോ കുട്ടികൾ വേണ്ട എന്നാണ് ഞാൻ പറഞ്ഞതെന്ന് നീ മേരിയോട് പറഞ്ഞില്ലേ ഡി കള്ളി...."
മീനുവിനെ അരയിലൂടെ കയ്യിട്ട് എന്റെ അടുത്തേക്ക് അടുപ്പിച്ചിട്ടാണ് ഞാൻ അത് ചോദിച്ചത്

"അത് ഞാൻ.......... പിന്നെ...... അമ്മച്ചി ചോദിച്ചപ്പോൾ പെട്ടെന്ന് വായിൽ വന്നത് പറഞ്ഞതാണ്"
അവൾ എന്റെ മുഖത്തേക്ക് നോക്കാൻ മടിച്ചിട്ട് താഴെ നോക്കി പറഞ്ഞു...

"എങ്കിലേ എനിക്ക് അങ്ങനെ ഒന്നുമില്ല, എത്രയും പെട്ടെന്ന് ആവാം എന്നാണ് എനിക്ക്" ഞാൻ അത് കൂടെ പറഞ്ഞതോടെ പെണ്ണിന്റെ മുഖം ആകെ ചുവന്ന് തുടുത്തു, ആകെ ചമ്മലാണോ നാണമാണോ എന്ന് മനസിലാവുന്നില്ല".
ഞാൻ അവളുടെ നെറ്റിയിൽ ഒരു ചുംബനം കൊടുത്തപ്പോൾ പെണ്ണ് നിന്ന് വിറച്ചു.....

കൃത്യം സമയത്താണ് കോളിങ് ബെൽ അടിച്ചത്, ആരാണ് പണ്ടാരം ഈ സമയത്ത് എന്ന് ചിന്തിച്ചുകൊണ്ട് ഞാൻ പോയി വാതിൽ തുറന്നു,. പക്ഷെ പുറത്ത് ചിരിച്ചോണ്ട് നിൽക്കുന്ന ആളെ കണ്ടതോടെ എനിക്ക് വല്ലാത്ത സന്തോഷം തോന്നി, മേരി....... എന്റെ മേരിയാണ് പുറത്ത് മുപ്പത്തിരണ്ട് പല്ലും കാണിച്ച് ചിരിച്ചുകൊണ്ട് നിൽക്കുന്നത്...

"ഹാ ഇത് എന്താ മേരിയേ പെട്ടെന്ന് ഒരു മുന്നറിയിപ്പ് ഇല്ലാതെ"

"ഓ അടുത്ത പ്രാവശ്യം വരുമ്പോൾ ഒരു കത്ത് എഴുതി അറിയിച്ചിട്ട് വരാം..... മാറി നിൽക്ക് അങ്ങോട്ട്, ഞാൻ എന്റെ മോളെ കാണാൻ വന്നതാണ്"
എന്നെ തള്ളി മാറ്റിയിട്ട് മേരി അകത്തേക്ക് കടന്നു, മേരിയേ കണ്ട പാടെ യാമിനി ഓടി വന്ന് കെട്ടിപ്പിടിച്ചു......
ഉഫ്ഫ്...... എന്താണ് രണ്ടിന്റെയും സ്നേഹ പ്രകടനം, ഒരു അമ്മച്ചിയും മോളും വന്നിരിക്കുന്നു.... ഹ്മ്.......
ഒടുക്കത്തെ സ്നേഹ പ്രകടനം, തീരുന്നുമില്ല....... ഇവിടെ ഇങ്ങനെ ഒരാൾ നിൽക്കുന്ന കാര്യം എല്ലാം രണ്ടുപേരും മറന്നിട്ടുണ്ട്....

“ചായ..........”
ശ്രദ്ധ പിടിച്ചു പറ്റാൻ വേണ്ടി ഞാൻ ഉറക്കെ പറഞ്ഞു

“ഇപ്പോ കുടിച്ചിട്ടല്ലേ ഉള്ളു........”
യാമിനി എന്നെ നോക്കി ചോദിച്ചു

“ഹാ ഇത് മറ്റേത് ആണ് മോളെ...... മരുന്നില്ലാത്ത അസുഖം”
ചിരിച്ചുകൊണ്ട് മേരി പറഞ്ഞപ്പോൾ കാര്യം മനസിലാവാതെ പെണ്ണ് മേരിനെ നോക്കി നിൽക്കുകയാണ്...

“അസൂയ അസൂയ”
മേരി അത് കൂടെ കൂട്ടി ചേർത്തപ്പോൾ പെണ്ണ് കുടുകുടെ ചിരിക്കാൻ തുടങ്ങി, മേരി ഇപ്പോ പോവും നിന്നെ ഞാൻ അത് കഴിഞ്ഞ് എടുത്തോളാം പൊന്നു മോളെ”

“ബ്രേക്ക് ഫാസ്റ്റിന്റെ പണി ഒക്കെ കഴിഞ്ഞോ മോളെ......”

“ഇല്ല അമ്മച്ചി, ആവുന്നേ ഉള്ളു”

“നാ വാ…….. ആ പരിപാടി നോക്കാം”
എന്നും പറഞ്ഞ് മേരി യാമിനിയെ കൂട്ടി അടുക്കളയിലേക്ക് നടന്നു, ഞാൻ ഫോണും എടുത്ത് പുറത്ത് ടെറസിൽ പോയി ഇരുന്നു…

നെറ്റ് ഓൺ ആക്കിയതും തുരു തുരെ നോട്ടിഫിക്കേഷൻസ് വരാൻ തുടങ്ങി…. ആദ്യം തന്നെ വാട്സ്ആപ്പ് ആണ് തുറന്നത്, അതിൽ സേവ് ചെയ്യാത്ത ഒരു നമ്പറിൽ നിന്ന് മെസ്സേജ് വന്നിട്ടുണ്ട്, ഡി.പി കണ്ടപ്പോൾ തന്നെ ചൈതന്യ ആണെന്ന് മനസിലായി,

“തീരുമാനം എടുത്തോ മാഷേ??” എന്നായിരുന്നു ആ മെസ്സേജ്, അതിനുള്ള മറുപടി കൊടുത്ത ശേഷം മറ്റുള്ള മെസ്സേജുകളും നോക്കിയിട്ട് ഞാൻ നേരെ യൂട്യൂബ് എടുത്ത് ഓരോ ഫുട്ബോൾ വീഡിയോസും കണ്ട് ഇരുന്നു…

“ഡാ…… വാ ദോശ കഴിക്കാം”
മേരിയുടെ ശബ്ദം കേട്ടാണ് ഞാൻ ഫോണിൽ നിന്നും കണ്ണെടുത്തത്

“ഏഹ് ദോശയോ……… മേരി സ്പെഷ്യൽ ചമ്മന്തി ഉണ്ടോ??”

“ഇല്ല നിന്റെ കെട്ട്യോളെ സ്പെഷ്യൽ ചട്ടിണിയുണ്ട്….. വാ”
എന്നും പറഞ്ഞ് മേരി അകത്തേക്ക് നടന്നു

“അപ്പൻ എവിടെ പോയി??”

“അങ്ങേര് രാവിലെ തന്നെ രമേശനെയും കൂട്ടി തോട്ടത്തിലേക്ക് പോയിട്ടുണ്ട്, അതുകൊണ്ട് ഞാൻ വിഷ്ണുവിനെ വിളിച്ചു, അവൻ ഓഫീസിൽ പോവുന്ന വഴിക്ക് എന്നെ ഇവിടെ ഇറക്കി തന്നു”

“ഓ പൊട്ടൻ എഴുന്നേറ്റ് ഓഫിസിൽ പോയോ??”
അറിയാതെ വായിൽ നിന്ന് വീണുപോയതാണ്, മേരിക്ക് മദ്യപിക്കുന്നത്തിനോട് വലിയ എതിർപ്പ് ഒന്നും ഇല്ലെങ്കിലും ഓവർ ആവുന്നത് ഇഷ്ടമല്ല, ചിലപ്പോൾ അപ്പൻ ഡെയിലി ഓവർ ആവുന്നത് കൊണ്ട് ആവും.

“അത് എന്തേ??”

“ഇന്നലെ രണ്ടാളും കൂടി ഇവിടെ കള്ള് കുടി ആയിരുന്നു അമ്മച്ചി..... ഒരു ബോധവും ഇല്ലായിരുന്നു”
മേരിയുടെ ചോദ്യത്തിന് യാമിനിയാണ് ചാടി കയറി മറുപടി കൊടുത്തത്....

“ആണോടാ”
എന്നും പറഞ്ഞ് അപ്പൊ തന്നെ മേരി എന്റെ ചെവി പിടിച്ച് തിരിച്ചു, യാമിനി അതും നോക്കി ചിരിക്കുകയാണ്...

ഞങ്ങൾ മൂന്നുപേരും കൂടി ഒരുമിച്ച് കഴിക്കാൻ ഇരുന്നു, ഭാഗ്യത്തിന് യാമിനി വന്ന് എന്റെ അടുത്ത് തന്നെ ഇരുന്നു..... മേരിയുടെ മുനിൽ എന്നെ പെടുത്തിയതിന് പ്രതികാരം ചെയ്യാൻ പറ്റിയ അവസരം... ഞാൻ അവളുടെ കാലിനിട്ട് നല്ലൊരു ചവിട്ട് കൊടുത്തു....

“അയ്യോ അമ്മേ............”
പണി പാളി, പെണ്ണ് അലറി വിളിച്ചു

“അയ്യോ എന്താ, എന്ത് പറ്റി മോളെ”
പെട്ട്, മേരി ഇടപെട്ടു....

“നോക്ക് അമ്മച്ചി, ന്റെ കാലിന് ചവിട്ടി......”
യാമിനി ചിണുങ്ങി കൊണ്ട് പറഞ്ഞു.....

“അയ്യോ അത് നിന്റെ കാൽ ആയിരുന്നോ, ഞാൻ അറിഞ്ഞില്ല ട്ടോ”

“ഡാ മോനെ.........പൊന്നു മോനെ ടോണികുട്ടാ, നിന്നെ ഞാൻ ഇന്നും ഇന്നലെയും കാണാൻ തുടങ്ങിയതല്ല... അവൾ എന്നോട് നിങ്ങൾ ഇന്നലെ കള്ള് കുടിച്ചത് പറഞ്ഞ ദേഷ്യം തീർത്തതല്ലേ എന്റെ മോൻ.......”

“അയ്യോ അല്ല മേരി, ഞാൻ അറിയാതെ ചവിട്ടി പോയതാണ്.... അല്ലെങ്കിലും ഇവിൾ എന്തിനാ കാല് കൊണ്ടുവന്ന് എന്റെ കാലിന്റെ അടിയിൽ വെക്കുന്നത്....”

ഞാൻ ചാടി കയറി പറഞ്ഞെങ്കിലും ഏറ്റില്ല എന്ന് മേരിയുടെ മുഖഭാവത്തിൽ നിന്ന് മനസിലായി...

“എന്താ മോളെ ഇപ്പോ ഇവന് ഒരു ശിക്ഷ കൊടുക്ക??”
ഞാൻ പറഞ്ഞതൊന്നും ശ്രദ്ധിക്കാതെ മേരി യാമിനിയെ നോക്കി ചോദിച്ചപ്പോൾ എന്നെ നോക്കി ചിരിക്കുകയാണ് എന്റെ പ്രിയ പത്നി ചെയ്തത്, ഒന്നും വേണ്ട എന്നൊരു വാക്ക് പോലും അവൾ പറഞ്ഞില്ല.... ദുഷ്ടത്തി....

“ഒരു കാര്യം ചെയ്, കഴിച്ചു കഴിഞ്ഞിട്ട് മോൻ ഇവിടെ മൊത്തം ഒന്ന് അടിച്ചു വാര്....”
മേരി എനിക്ക് വിധിച്ച ശിക്ഷ, അടിപൊളി....

“അയ്യോ വേണ്ട ഞാൻ ഇന്നലെ അടിച്ച് വാരിയതാണ്”
യാമിനി പറഞ്ഞു, പെണ്ണിന് ഭർതൃ സ്നേഹം ഉണർന്നു...

“നീ മിണ്ടാതെ ഇരി കൊച്ചേ........ ഇന്നലെ അടിച്ചു വാരി എന്ന് വെച്ച് ഇന്ന് ചെയ്യാൻ പാടില്ല എന്നുണ്ടോ?? ഇടയ്ക്ക് ഭാര്യയെ സഹായിക്കുന്നത് ഒക്കെ നല്ലതാണ്, ഇങ്ങനെ ഇവനെ കൊണ്ട് ഓരോന്നായി പഠിപ്പിക്കണം, ഒന്നേ ഉള്ളു എന്ന് കരുതി ലാളിച്ചതിൻടെ എല്ലാ കുറവും ഉണ്ട് ചെക്കന്........”
സബാഷ്...... മേരി കിട്ടിയ അവസരത്തിൽ എനിക്കിട്ട് നല്ലൊരു കൊട്ട് തന്നെ തന്നു... യാമിനിയും പിന്നെ ഒന്നും മിണ്ടാൻ നിന്നില്ല...

ഭക്ഷണം കഴിച്ചു കഴിഞ്ഞ് മറ്റൊരു മാർഗ്ഗവും ഇല്ലാത്തത് കൊണ്ട് ഞാൻ വേഗം ചൂലും കോരികയും എടുത്ത് പണി തുടങ്ങി, അധികം പൊടി ഒന്നും ഇല്ലാത്തത് കൊണ്ട് സംഗതി എളുപ്പം ആയിരുന്നു, പക്ഷെ ഞാൻ ചെയ്യുന്നതും നോക്കി രണ്ടാളും ഇരുന്ന് ചിരിക്കുന്നുണ്ട്, അതാണ് സഹിക്കാൻ പറ്റാത്തത്........ നന്നായി പണി എടുക്കുമ്പോൾ വെറുതെ ഇരുന്ന് കളിയാക്കി ചിരിക്കുന്നത് എന്ത് കഷ്ടമാണ്........

പെട്ടെന്ന് ഒരു ശബ്ദം കേട്ട് വാതിലിന് അടുത്തേക്ക് നോക്കിയപ്പോൾ കാണുന്നത് നിന്ന് കിതയ്ക്കുന്ന ചൈതന്യയെ ആണ്, സ്റ്റെപ്പ് ഓടി കയറിയതാവും.... തീരുമാനം എന്തായി എന്ന അവളുടെ മെസ്സേജിന് മറുപടിയായി ഞാൻ റിപ്ലൈ കൊടുത്തത് “പ്ലീസ് കം ടു മൈ പ്ലേസ്, ഇറ്റ്സ് അര്ജന്റ്” എന്നായിരുന്നു............. വെറുതെ അല്ല പെണ്ണ് ഓടി പിടിച്ചു വന്നത്...

അവൾ കാണുന്നതിന് മുന്നെ ഞാൻ കയ്യിൽ ഉണ്ടായിരുന്ന ചൂലും കോരികയും ഒരു മൂലയിലേക്ക് ഇട്ടു, യാമിനിയും മേരിയും ആളെ മനസിലാവാതെ എന്താണ് സംഭവം എന്ന് നോക്കി ഇരിക്കുന്നുണ്ട്...

“ഹോ......... എന്താ അത്യാവശ്യം ആയിട്ട്................ വരാൻ പറഞ്ഞത്??”
കിതപ്പ് ഒന്ന് അടങ്ങിയപ്പോഴാണ് മുനിൽ നിൽക്കുന്ന എന്നെ അവൾ കണ്ടത്, എന്നെ കണ്ടതും അവൾ ചോദ്യം എറിഞ്ഞു...

“വെറുതെ........ നിന്നെ ഒന്ന് കാണാൻ..”

“ഹോ പേടിപ്പിച്ചു കളഞ്ഞല്ലോ ദുഷ്ടാ....”
എന്നും പറഞ്ഞ് എന്റെ വയറ്റിനിട്ട് നല്ലൊരു കുത്ത് തന്ന ശേഷമാണ് അവൾ ആകാംഷയോടെ എല്ലാം നോക്കി നിൽക്കുന്ന യാമിനിയെയും മേരിയെയും കണ്ടത്....

“ഇതാ നീ കാണണമെന്ന് പറഞ്ഞ ആള്........നോക്കിയിട്ട് ഇഷ്ടപ്പെട്ടാൽ വാങ്ങിക്കോ, പിന്നെ റിട്ടേൺ പോളിസി ഒന്നുമില്ല ട്ടോ”
മേരിയേ കാണിച്ചു തമാശ ആയിട്ട് ഞാൻ പറഞ്ഞതും ചൈതന്യയുടെ മുഖത്ത് ഞാൻ ഒരു വല്ലാത്ത തിളക്കം കണ്ടു.....

“വാ അകത്തേക്ക് കേറ്...................... ഇനി രണ്ടാളെയും പ്രത്യേകം പരിചയ പെടുത്തേണ്ട കാര്യം ഇല്ലല്ലോ.......”
കുറ്റിയടിച്ച് നിൽക്കുന്ന യാമിനിയെയും മേരിയെയും കാണിച്ച് ചോദിച്ചപ്പോൾ വേണ്ട എന്ന രീതിയിൽ അവൾ തല ആട്ടി...

“ഇത് ചൈതന്യ........ എന്റെ ഫ്രണ്ട് ആണ് ട്ടോ, അല്ല പിറക്കാതെ പോയ പെങ്ങൾ അല്ലേ......”
അവളെ ഞാൻ മേരിക്കും യാമിനിക്കും പരിചയ പെടുത്തി കൊടുത്തു.....

“ഹായ്...... അമ്മച്ചി........... ചേച്ചി”
ചൈതന്യ രണ്ടാളെയും ഒന്ന് നോക്കി ചിരിച്ചുകൊണ്ട് ഒരു ഹായ് അങ്ങ് കൊടുത്തു.....

“നിങ്ങള് സംസാരിച്ച് ഇരിക്ക്....... ഞാൻ ഇപ്പോ വരാം”
എന്നും പറഞ്ഞ് ഞാൻ പുറത്തേക്ക് ഇറങ്ങി, രണ്ട് എണ്ണത്തിന്റെ മുനിൽ തന്നെ പിടിച്ചു നിൽക്കാൻ പാടാണ്, അപ്പോഴാണ് മൂന്ന്....... കുറച്ചു നേരം പുറത്തൊക്കെ പോയി കറങ്ങി വരുന്നതാണ് എന്റെ ആരോഗ്യത്തിനു നല്ലതെന്ന് കരുതിയാണ് ഞാൻ അങ്ങനെ പറഞ്ഞത്....
ഇറങ്ങുമ്പോൾ മെല്ലെ ചൈതന്യയോട് രഹസ്യമായി അവളുടെ അച്ഛന്റെ കാര്യം ഒന്നും പറയണ്ട എന്ന് പറഞ്ഞു..... വെറുതെ എന്തിനാ എന്റെ മേരിയെ വിഷമിപ്പിക്കുന്നത്, പിന്നെ പറയാൻ നിന്നാൽ ഞാൻ അവരുടെ വീട്ടിൽ പോയത് തൊട്ട് എല്ലാം പറയേണ്ട വരും....

ഞാൻ ചൈതന്യയുടെ സ്കൂട്ടിയും എടുത്ത് ഇറങ്ങി, എന്റെ ഒരു കൂട്ടുക്കാരൻ ഉണ്ട് ജിംഷി, അവന്റെ ഇക്കാക്ക ഗൾഫിൽ ആണ്, .. ആള് അവിടെ അത്യാവശ്യം നല്ല ഹോൾഡ് ഒക്കെ ഉള്ള മനുഷ്യനാണ്.... പുള്ളി വഴി യാമിനിയുടെ അച്ഛനെ കുറിച്ച് ഒന്ന് അന്വേഷിച്ച് നോക്കണം..... അതാണ് ലക്ഷ്യം, അതുകൊണ്ട് ഞാൻ നേരെ ജിംഷിയെ കാണാൻ പോയി
അവനോട് കാര്യങ്ങൾ ഒക്കെ പറഞ്ഞപ്പോൾ അവൻ അപ്പൊ തന്നെ അവന്റെ ഇക്കാക്കയെ വിളിച്ച് കാര്യം പറഞ്ഞു.... ഇക്ക അന്വേഷിക്കാം എന്ന് പറഞ്ഞിട്ടുണ്ട്..
കുറച്ച് നാളായി ഞാൻ ജിംഷിയെ കണ്ടിട്ട്, അതുകൊണ്ട് കുറച്ചു നേരം അവന്റെ കൂടെ ഇരുന്ന് സംസാരിച്ചു, ഉച്ച ആയപ്പോൾ അവന്റെ ഉമ്മ ഭക്ഷണം കഴിക്കാൻ നിർബന്ധിച്ചെങ്കിലും സ്നേഹത്തോടെ നിരസിച്ചിട്ട് ഞാൻ തിരിച്ച് പി.ബിയിലേക്ക് വിട്ടു...... മൂന്ന് പെണ്ണുങ്ങളും കൂടി അവിടെ മറിച്ചിട്ട് കാണുമോ എന്തോ

ഞാൻ എത്തി സ്റ്റെപ്പ് കയറി ചെല്ലുമ്പോൾ കാണുന്നത് എന്തോ തമാശ പറഞ്ഞ് മൂന്നെണ്ണം കൂടി കൂട്ട ചിരിയാണ്, അപ്പോഴേക്കും ഇവര് ഇത്ര ക്ലോസ് ആയോ....... ഹാ,

അത്ഭുത പെടാൻ ഒന്നുമില്ല, മേരി ഉണ്ടല്ലോ..... ഇവരെ കൂടെ കൂടി യാമിനിയും വായാടി ആയി മാറുന്നുണ്ടോ എന്നാണ് എന്റെ ഇപ്പോഴത്തെ സംശയം....

"ഹാ നീ വന്നോ....."

"ഇല്ല പോയി"
മേരിയുടെ ചോദ്യത്തിന് ഞാൻ ഒരു ലോ ക്ലാസ്സ് ചളി തന്നെ മറുപടിയായി കൊടുത്തു....

"ഹോ അവസ്ഥ............ മോളോട് വീട്ടീന്ന് ചീത്ത കൂട്ടുക്കെട്ടിൽ ഒന്നും പോയി പെടരുതെന്ന് പറഞ്ഞ് തരാറില്ലേ..."
ചൈതന്യയെ നോക്കിയാണ് മേരി അത് ചോദിച്ചത്, നൈസ് ആയിട്ട് എനിക്കിട്ട് കൊട്ടിയതാണ്....... വിഷ്ണു വേഗം വന്നാൽ മതിയായിരുന്നു, ഇല്ലെങ്കിൽ മേരിയുടെ വേട്ട മൃഗം ഞാൻ ആയിരിക്കും, അവനെ കിട്ടിയാൽ പിന്നെ ഞാൻ രക്ഷപ്പെട്ടു, അവന്റെ മേലെ കേറിക്കോളും...

വൈകുന്നേരം വരെ ശരിക്കും സമയം പോയത് അറിഞ്ഞില്ല, മേരിയുടെ വലിയ തള്ളുകളും ചൈതന്യയുടെ ചെറിയ തള്ളുകളും ഒപ്പം എന്റെ സത്യസന്ധമായ ചില അഭിപ്രായങ്ങൾ കൂടെ ആയതോടെ പി.ബി ശരിക്കും ഒരു ടീച്ചറില്ലാത്ത ക്ലാസ്സ് റൂം ആയി മാറി..... ക്ലാസ്സിലെ പഠിപ്പി മോയന്ത് എന്റെ മീനൂട്ടിയും.... ക്ലാസ്സിലെ ഏറ്റവും അലമ്പ് പിന്നെ പറയേണ്ട കാര്യം ഇല്ലല്ലോ, മേരി തന്നെ....

വൈകുന്നേരം വിഷ്ണു ഓഫീസിൽ നിന്ന് ഇറങ്ങാൻ ലേറ്റ് ആവുമെന്ന് പറഞ്ഞത് കൊണ്ട് മേരി ചൈതന്യയുടെ കൂടെ പോയി, അപ്പൻ തിരിച്ച് എത്തുന്നതിനു മുൻപ് ഹാജരാവണം അല്ലോ......
###

"യൂ ടൂ ബ്രൂട്ടസി.......... നീ എനിക്കിട്ട് പാര പണിയും അല്ലേ.........."
അവർ പോയ ശേഷം ഞാൻ യാമിനിയെ ഒന്ന് ചെറുതായി ഞെട്ടിക്കാൻ തന്നെ തീരുമാനിച്ച് തുടക്കം ഇട്ടു.

“അത് പിന്നെ ഞാൻ.......... ഉള്ളതല്ലേ പറഞ്ഞുള്ളു”

“ഓ അവള് വല്യ സത്യഭാമ...... ഇപ്പോ ഇവിടെ നിന്നെ രക്ഷിക്കാൻ മേരി ഇല്ല, ഇപ്പോ ഞാൻ നിന്നെ എന്ത് ചെയ്താലും ആരും അറിയില്ല.......”
മുഖത്ത് പരമാവധി ക്രൂര ഭാവം വരുത്തിക്കൊണ്ട് അവളുടെ അടുത്തേക്ക് ചെന്നപ്പോൾ പേടിച്ചു പേടിച്ച് പുറകോട്ടു നീങ്ങി ചുമരിൽ തട്ടി നിന്നു പാവം, ആ മുഖഭാവം കാണുമ്പോൾ പാവം തോന്നുമെങ്കിലും എന്റെ ഉള്ളിലെ സാഡിസ്റ്റ് അതിലും ഒരു ഹരം കണ്ടെത്തി കഴിഞ്ഞിരുന്നു....

“എന്താ ഇപ്പോ ചെയ്യാ ഇവളെ.......... കണ്ണ് പിഴുത് എടുത്താലോ?? അല്ലെങ്കിൽ വേണ്ട കൈ വിരൽ മുറിച്ച് എടുക്കാം”
അവളെ അടുത്തേക്ക് പരമാവധി അടുത്ത് നിന്നിട്ട് ചിരി കണ്ട്രോൾ ചെയ്തുകൊണ്ട് ഞാൻ പറഞ്ഞു...

“തമാശ കളിക്കല്ലേ......... ന്ക്കി പേടി ആവുണു.....”
പെണ്ണിന്റെ മുഖം ഒക്കെ മാറിയിട്ടുണ്ട്, പാവം ശരിക്കും പേടിച്ചു...... അതോടെ എന്റെ നിയന്ത്രണം വിട്ടുപോയി, ഞാൻ പൊട്ടി ചിരിച്ചു....
അതോടെ അവൾ എന്റെ നെഞ്ചിൽ ഇട്ട് വേദനിപ്പിക്കാതെ കുത്തി കളിക്കാൻ തുടങ്ങി....

“അയ്യേ, എന്റെ മീനൂട്ടി പേടിച്ചു പോയോ............ അയ്യയ്യേ”
കളിയാക്കുക കൂടി ചെയ്തതോടെ ഇടിയുടെ പവർ അല്പം കൂടി......

യെഹ് യൂ കുഡ് ബി ദി ഗ്രേറ്റസ്റ്റ്
യൂ ക്യാൻ ബി ദി ബെസ്റ്റ്
യൂ ക്യാൻ ബി ദി കിങ് കോങ്ങ് ബാംഗിങ് ഓൺ യുവർ ചെസ്റ്റ്

പോക്കറ്റിൽ കിടന്ന് ഫോൺ അടിയാൻ തുടങ്ങി, എന്ത് കഷ്ടമാണ്.... മനുഷ്യൻ ഒന്ന് റൊമാന്റിക്ക് മൂഡിലേക്ക് വരുമ്പോൾ കൃത്യമായി എന്തെങ്കിലും വരും....

ഫോൺ എടുത്ത് നോക്കിയപ്പോൾ വിഷ്ണുവാണ്..... ഈ മൈരന് ഇപ്പോ എന്താ??

"ഡാ ചെറിയ സീന് ഉണ്ട്...... ഞാൻ ഓഫീസിന്ന് വരുന്ന വഴിക്ക് വണ്ടി ചെറുതായി ഒന്ന് തട്ടി"
ഫോൺ എടുത്ത പാടെ അവൻ ചാടി കയറി പറഞ്ഞു...

"അയ്യോ എന്നിട്ട് നീ ഇപ്പോ എവിടെ....... എന്തെങ്കിലും പറ്റിയോ?? ഹോസ്പിറ്റലിൽ ആണോ??"

"എനിക്ക് പ്രശ്നം ഒന്നുമില്ല....... പക്ഷെ മറ്റേ പാർട്ടി ഫുൾ കൊളുത്ത് ആണ്, രണ്ട് ചെക്കന്മാര് ആണ്, അവർക്കും ഒന്നും പറ്റിയിട്ടില്ല.... പക്ഷെ അവിടെ വേദന ഇവിടെ വേദന എന്നൊക്കെ പറഞ്ഞ് എന്നെയും കൂട്ടി ഹോസ്പിറ്റലിലേക്ക് വന്നതാണ്, നഷ്ട പരിഹാരം കൊടുക്കണം എന്നാണ് പറയുന്നത്"

"ഏത് ഹോസ്പിറ്റൽ ആണ്??"

“ലിയോ....”

“ആഹ് ശരി ഞാൻ ഇപ്പോ വരാം”
എന്നും പറഞ്ഞ് ഞാൻ ഫോൺ കട്ട് ചെയ്തു, യാമിനി ആകെ ടെൻഷൻ അടിച്ച് നിൽക്കുകയാണ്...... ഹോസ്പിറ്റൽ, എന്തെങ്കിലും പറ്റിയോ എന്നൊക്കെ പറയുന്നത് അവളും കേട്ടിരുന്നു..... അവളെ കാര്യം പറഞ്ഞു മനസിലാക്കിയിട്ട് ഞാൻ വേഗം ഹോസ്പിറ്റലിലേക്ക് ഇറങ്ങി....

ഹോസ്പിറ്റലിൽ എത്തിയപ്പോൾ ഫുൾ കോമഡി സീനാണ്, ചെക്കന്മാര് വിഷ്ണുവിനെ ഇപ്പം തല്ലും എന്ന മട്ടിലാണ് നിൽക്കുന്നത്, ക്സ്-റേ എടുത്തിട്ട് ഒന്നും ഒരു കുഴപ്പവും ഇല്ലെന്ന് പറഞ്ഞു, പിള്ളേര് പൈസ തട്ടാനുള്ള പ്ലാൻ ആണ്, എന്തോ ഭാഗ്യത്തിന് ദൈവ ദൂതനെ പോലെ ഒരാൾ വന്ന് ഇടപെട്ടത് കൊണ്ട് പ്രശ്നം സോൾവ് ആയി കിട്ടി... പുള്ളി ഒച്ചയും ബഹളവും കേട്ട് വന്നതായിരുന്നു, ആ പയ്യന്മാരെ കണ്ടപ്പോൾ പുള്ളിക്ക് മനസിലായി....ഇത് അവരുടെ സ്ഥിരം പരിപാടി ആണെന്ന് പുള്ളി പറഞ്ഞതോടെ ആളുകൾ മൊത്തം ഞങ്ങളുടെ ഭാഗത്തേക്ക് തിരിഞ്ഞു, ആ പയ്യന്മാര് വേഗം സ്ഥലം വിടുകയും ചെയ്തു.....

കാര്യമായിട്ട് ഒന്നും പറ്റിയില്ല എന്ന് പറഞ്ഞെങ്കിലും അവന് മേല് ഒക്കെ നല്ല വേദന എടുക്കാൻ തുടങ്ങിയിരുന്നു..... മുട്ടിന് ഒരു ചെറിയ മുറിവും ഉണ്ട്, അത് ഡ്രസ്സ് ചെയ്ത ശേഷം ഞാൻ അവനെ വീട്ടിൽ കൊണ്ടുപോയി ആക്കി, കുറച്ച് നേരം അവന്റെ അച്ഛനോടും അമ്മയോടും സംസാരിച്ചിട്ട് അവന്റെ ബൈക്കും എടുത്ത് ഇറങ്ങുമ്പോഴേക്കും സമയം 9:30 ആയിരുന്നു............ അയ്യോ യാമിനി, പെണ്ണ് പേടിച്ച് ഇരിക്കുന്നുണ്ടാവും.... ഞാൻ പി.ബി ലക്ഷ്യമാക്കി ബൈക്ക് പറപ്പിച്ച് വിട്ടു...
###

“എന്തായി............ എങ്ങനെയുണ്ട് വിഷ്ണുന്??”
വാതിൽ തുറന്നതും എന്നെ കണ്ടപ്പോൾ യാമിനി ചോദിച്ചു, പെണ്ണ് ഇതുവരെ ടെൻഷൻ അടിച്ച് ഇരിക്കുക ആയിരുന്നു എന്ന് ആ മുഖം കണ്ടാൽ അറിയാം..

“ഏയ് അവന് കുഴപ്പം ഒന്നുമില്ല, ഞാൻ അവനെ വീട്ടിൽ കൊണ്ടുപോയി ആക്കി”

“ഹോ പേടിച്ചു പോയിരുന്നു........”

ഒരു ദീർഘശ്വാസം എടുത്ത ശേഷം അവൾ നെഞ്ചിൽ കൈ വെച്ച് പറഞ്ഞു...“കഴിച്ചോ??”
അവൾ ഇല്ല എന്ന് തല ആട്ടി കാണിച്ചു“എന്ന വാ.... ഫുഡ് അടിക്കാ”
വാതിലും പൂട്ടി അവളെയും തള്ളിക്കൊണ്ട് ഞാൻ അകത്തേക്ക് നടന്നു...
ചുരുങ്ങിയ സമയം കൊണ്ട് തന്നെ ഞങ്ങൾ വല്ലാതെ അടുത്തിട്ടുണ്ട്, ഒരു തരത്തിൽ ഈ മുന്ജന്മ ബന്ധം എന്നൊക്കെ പറയുന്നത് പോലെ വല്ലാത്ത ഒരു അടുപ്പം........ ഇപ്പോ ഞാൻ മനസിലാക്കുന്നു പ്രണയം എന്ന വിശാലമായ വാക്കിന്റെ ഒരു കുഞ്ഞ് ഭാഗം........ ശ്രീലക്ഷ്മിയോട് എനിക്ക് തോന്നിയിരുന്നത് യഥാർത്ഥ പ്രണയം ആയിരുന്നില്ല എന്നും മനസിലാക്കുന്നു..... ഇതാണ് ട്രൂ ലവ്, ഇവളാണ് എന്റെ പെണ്ണ്, മൈ സോൾമേറ്റ്........

ഞാൻ മേല് കഴുകി വന്ന ശേഷം ഞങ്ങൾ രണ്ടുപേരും ഒരുമിച്ചിരുന്നു ഭക്ഷണം കഴിച്ചു, ഭക്ഷണം കഴിക്കുമ്പോൾ മേരി അവൾക്ക് ഒരു പുതിയ ഫോൺ കൊടുത്ത കഥ ഒക്കെ പറഞ്ഞു...... പെണ്ണിന്റെ സംസാരത്തിൽ നിന്ന് ചൈതന്യയെയും ഒരുപാട് ഇഷ്ടപ്പെട്ടു എന്നും മനസിലായി......... അല്ലെങ്കിലും എന്റെ പെണ്ണിന് ആരെയാണ് ഇഷ്ടം അല്ലാത്തത്, ഒരുപാട് ഉപദ്രവിച്ച ആ തള്ളയോട് പോലും പെണ്ണിന് ഒരു ദേഷ്യവും ഇല്ല എന്നാണ് പറഞ്ഞത്..... ഇതുപോലെ ഉള്ള പീസുകൾ അപൂർവ്വമേ കാണു

ഭക്ഷണം കഴിഞ്ഞ് ഞാൻ പുറത്തിറങ്ങി ഒരു സിഗരറ്റും വലിച്ചിട്ട് അകത്തേക്ക് ചെല്ലുമ്പോൾ യാമിനി കിടക്ക വിരി തട്ടി വിരിക്കുകയാണ്...

“ഇനി താഴെ വിരിക്കേണ്ട ആവശ്യം ഇല്ലാലോ......... കട്ടിലിൽ രണ്ടാൾക്ക് സുഖമായി കിടക്കാനുള്ള സ്ഥലം ഉണ്ടല്ലോ”
ഞാൻ അത് പറഞ്ഞപ്പോഴേക്കും പെണ്ണിന്റെ മുഖം ചുവന്ന് വന്നു... നാണ് വന്നു നാണ് വന്നു, എന്റെ മീനൂട്ടിക്ക് നാണ് വന്നു

ഞാൻ ചാടി കയറി കട്ടിലിൽ കേറി കിടന്നിട്ട് അവളെ മാടി വിളിച്ചു, പെണ്ണിന് ആകെ ഒരു വെപ്രാളം.... നിന്ന് തിരിഞ്ഞ് കളിക്കുകയാണ്.....

“ഹാ ആ ലൈറ്റ് ഓഫാക്കിയിട്ട് വന്ന് കിടക്ക് പെണ്ണേ.......”
ഞാൻ അല്പം ഗൗരവത്തിൽ പറഞ്ഞതോടെ അവൾ വേഗം പോയി ലൈറ്റ് ഓഫാക്കിയിട്ട് വന്ന് കട്ടിലിൽ എന്റെ അടുത്ത് കിടന്നു....

“പേടിയുണ്ടോ??”

“മച്.........”
അവൾ പല്ലി ചിലക്കുന്ന ശബ്ദത്തിൽ ഇല്ല എന്ന് മൂളി....

“എങ്കിലേ പേടിക്കണം......... ഞാൻ നിന്നെ കടിച്ച് തിന്നാൻ പോവാ.......... തിന്നട്ടെ??”
അവളെ മെത്തേക്ക് പകുതി കയറി കിടന്നിട്ട് മുഖത്തേക്ക് മുഖം അടുപ്പിച്ചു കൊണ്ട് ഞാൻ അത് ചോദിച്ചപ്പോൾ അവളുടെ ഹൃദയം മിടിക്കുന്നത് ഞാൻ അറിഞ്ഞു....

"അയ്യേ ഇങ്ങനെ ഒരു പേടിച്ച് തൂറി പെണ്ണ്...... അയ്യേ"

അവളെ മൂക്കിന് പിടിച്ചു വലിച്ചുകൊണ്ട് അത് പറഞ്ഞപ്പോൾ സ്പോട്ടിൽ കിട്ടി നല്ലൊരു നുള്ള്....

"നമുക്ക് കുറച്ച് ടൈം എടുക്കാം...... നമ്മൾ ഇനിയും അടുക്കണം, അത് കഴിഞ്ഞ് മതി ഫിസികൽ ആയിട്ട് ഒക്കെ........ പോരെ??"

"മ്മ........"
അവൾ മതി എന്ന രീതിയിൽ ഒന്ന് മൂളി, ശ്വാസം ഇപ്പോഴാണ് നേരെ വീണത് എന്ന് തോന്നുന്നു...... അവൾക്ക് എന്നെ ഇഷ്ടമാണ്, പക്ഷെ ഒരു ശാരീരിക ബന്ധത്തിലേക്ക് കടക്കാൻ ആദ്യം മെന്റലി തയ്യാറായിരിക്കണം.... അത് മനസിലാകാതെ ചാടി കയറുന്നതല്ല ഒരു നല്ല പങ്കാളിയുടെ ക്വാളിറ്റി... നമ്മളോട് നോ പറയാൻ പറ്റാത്തത് കൊണ്ട് അവർ ചിലപ്പോൾ എതിർക്കില്ല, പക്ഷെ അങ്ങനെ ചെയ്യുന്നത് ആ ബന്ധത്തിൽ വീഴുന്ന ആദ്യത്തെ വിള്ളൽ ആയിരിക്കും..... എല്ലാത്തിനും ഉപരി നമ്മുടെ പങ്കാളിയോട് ചെയ്യുന്ന വലിയ തെറ്റാണ്....

"പക്ഷെ എനിക്ക് എന്റെ മീനൂട്ടിനെ കെട്ടിപ്പിടിച്ച് കിടക്കണം........ സമ്മതം ആണോ??"
അതിന് മറുപടി ഒന്നും പറയാതെ അവൾ എന്നെ മുറുകെ കെട്ടിപ്പിടിച്ചു...... എനിക്ക് അവളോട് ഉള്ളത് പോലെ തന്നെ അവൾക്ക് എന്നോടും ഉള്ള സ്നേഹം ഓരോ നിമിഷം കഴിയുംതോറും കൂടി കൂടി വരുകയാണ്.......... ആ ആലിംഗനതിന്ടെ പവറിലുണ്ട് ആ സ്നേഹം....

ഞാൻ അവളെ നെറ്റിയിൽ ഒരു ചുംബനം കൊടുത്തു....... അതിന്റെ ചൂട് ആറും മുന്നെ ഇരു കവിളിലും ഓരോ ചുംബനം കൂടി കൊടുത്തു.... അവൾ ഓരോ ചുംബനവും സ്നേഹത്തോടെ ഏറ്റുവാങ്ങി....... ശേഷം ഞങ്ങൾ കെട്ടിപ്പിടിച്ച് ഒന്നായി കിടന്നു, ഒരു മനസ്സും ഒരു ശരീരവും ആയി മാറി കൊണ്ട് ഇരിക്കുകയാണ് ഞങ്ങൾ........ അവളുടേത് ആവാൻ നിയോഗിക്ക പെട്ടവൻ ആണ് ഞാൻ, എന്റെ ആവാൻ അവളും..... മറ്റെല്ലാം ഞങ്ങളെ ഒന്നാകാൻ സഹായിച്ചവരും.....

മീനുവിനെ ഇങ്ങനെ നെഞ്ചോട് ചേർത്ത് മുറുകെ കെട്ടിപ്പിടിച്ചു കിടക്കുമ്പോൾ ഞാൻ എല്ലാം മറക്കുന്നു.......

“അടങ്ങി കിടക്ക് ലുട്ടാപ്പി.......”
അവൾ ഉറക്കത്തിലേക്ക് വഴുതി വീഴുന്നു എന്ന് തോന്നിയപ്പോൾ ഞാൻ മെല്ലെ എന്റെ താടി കൊണ്ട് മുഖത്ത് ഉരച്ച് ഇക്കിളി ആക്കിയതും പെണ്ണ് എനിക്കുള്ള താക്കീത് തന്നു

പിന്നെ ഞാൻ അടങ്ങി കിടന്നു, എനിക്ക് ഇത്രയും അനുസരണയോ
അവളെ കെട്ടിപ്പിടിച്ചുകൊണ്ട് തന്നെ ഞാൻ ഉറക്കത്തിലേക്ക് വഴുതി വീണു..... ഇതുവരെ കിട്ടിയിട്ടുള്ളതിൽ വെച്ച് ഏറ്റവും നല്ല ഉറക്കം

രാവിലെ ഒരു പെണ്ണിന്റെ കരച്ചിൽ കേട്ടുകൊണ്ടാണ് ഞാൻ ഞെട്ടി എഴുന്നേറ്റത്..... കണ്ണ് തുറന്നപ്പോൾ കണ്ടത് എന്റെ ഉള്ളിലെ പിശാചിനെ ഉണർത്തുന്ന കാഴ്ചയും
യാമിനിയെ കെട്ടിപ്പിച്ചുകൊണ്ട് കരയുന്ന ശ്രീലക്ഷ്മി....
################################################

“ഹാ നീ ഇവിടെ വന്ന് ഇരിക്കുകയാണോ....... ഞാൻ എവിടെ ഒക്കെ നോക്കി, ഫോണും സ്വിച്ച് ഓഫ്”
വിഷ്ണു വന്ന് തട്ടി വിളിച്ചപ്പോഴാണ് ഞാൻ ഓർമ്മകളിൽ നിന്ന് ഉണർന്നത്, നോക്കുമ്പോൾ ഞാൻ ഹോസ്പിറ്റലിന്റെ പാർക്കിംഗ് ഏരിയയുടെ അടുത്തുള്ള ബെഞ്ചിൽ ഇരിക്കുകയാണ്, കുറെ നേരമായെന്ന് തോന്നുന്നു ഇരിക്കാൻ തുടങ്ങിയിട്ട്.....

“അയ്യോ എന്റെ പൊന്നു മോനെ, അകത്ത് ഒരു ചെങ്ങായിന്റെ കത്തി കേട്ട് സഹിക്കാൻ പറ്റാതെ ഇറങ്ങി പോന്നതാണ്.....”

“ഓ ഹൈദർ ഇക്ക ആവും..... ഭാര്യയുടെ അഞ്ചാം പ്രസവം കാത്ത് നിൽക്കുന്ന ഹൈദർ ഇക്ക”
ചിരിച്ചുകൊണ്ട് വിഷ്ണു പറഞ്ഞു

“അഞ്ചാമത്തെ പ്രസവം......... അയാള് തന്നെ, നിനക്ക് പുള്ളിനെ അറിയോ??”

“പിന്നെ ഇല്ലാതെ....... ഞാൻ ആയിരുന്നു ഇത്രയും നേരം പുള്ളിയുടെ വേട്ട മൃഗം.... കൊലപാതകം ആണ് മോനെ”
വിഷമത്തോടെ അവൻ അത് പറഞ്ഞപ്പോൾ ഞാൻ ഒന്ന് ചിരിച്ചു

“അല്ല ഞാൻ പറയാൻ വന്ന കാര്യം മറന്നു, ശ്രീലക്ഷ്മി പ്രസവിച്ചു...... ആൺകുട്ടിയാണ്.....”

എന്തോ ഒരു ആശ്വാസം തോന്നി അത് കേട്ടപ്പോൾ
ഞങ്ങൾ രണ്ടുപേരും കൂടി അകത്തേക്ക് നടന്നു, ഹൈദർ ഇക്കയ്ക്ക് പുതിയ ഒരു ഇരയെ കിട്ടിയിട്ടുണ്ട്, ആശാൻ ചുറ്റും നടക്കുന്നത് ഒന്നും ശ്രദ്ധിക്കാതെ കത്തി അടിച്ച് ഇരിക്കുന്നുണ്ട്

കുറച്ച് മാറി ആളൊഴിഞ്ഞ ഒരു മൂലയിൽ കണ്ണും പൂട്ടി ഇരിക്കുന്ന വെളുത്ത് മെലിഞ്ഞ മധ്യവയസ്ക്കനിലേക്ക് എന്റെ കണ്ണ് പോയി, ആള് വേറെ ആരുമല്ല.... സാക്ഷാൽ "രവീന്ദ്രൻ", രവീന്ദ്രൻ മാഷല്ല, എന്റെ ഒരേ ഒരു അമ്മായിഅച്ഛൻ രവീന്ദ്രൻ.കെ.പി.....

കൃത്യസമയത്താണ് നഴ്സ് കുഞ്ഞിനെ കാണിച്ച് തരാൻ കൊണ്ടുവന്നത്..... എന്റെ അമ്മായിഅപ്പൻ തന്നെ കുഞ്ഞിനെ വാങ്ങി, ഒരു സുന്ദര കുട്ടപ്പൻ.... അതിനെ കണ്ട ആ നിമിഷം ഉള്ളിൽ എന്തെന്നില്ലാത്ത സന്തോഷം, ഇറ്റ്സ് എ സ്പെഷ്യൽ ഫീൽ..........

എന്റെ മീനൂട്ടി........ കുഞ്ഞിനെ ആദ്യം എടുക്കണം എന്നത് അവളുടെ ഒരു ആഗ്രഹമായിരുന്നു, എപ്പോഴും പറയുകയും ചെയ്യും
പക്ഷെ..................

"അച്ചോടാ..... മുത്തശ്ശന്റെ കുറുമ്പൻ ഇങ്ങ് വന്നോ........ അയ്യഷ്ഹ്ഹ....... എന്താ വാവേ, എന്താടാ കുട്ടാ........."
കുഞ്ഞിനെ ഭൂമിയിലെ മാലാഖ എന്റെ അമ്മായിയപ്പന്റെ കയ്യിൽ കൊടുത്തതും പുള്ളി അതിനെ കൊഞ്ചിക്കാൻ തുടങ്ങി, ഞാനും അതിനെ കണ്ണ് എടുക്കാതെ നോക്കി നിന്നുപോയി..... ശരിക്കും പറഞ്ഞറിയിക്കാൻ പറ്റാത്ത ഒരു ഫീൽഅവൾ...... ആ ശ്രീലക്ഷ്മി പ്രസവിക്കുന്ന കുഞ്ഞ് ജീവിതകാലം മുഴുവൻ എന്നെ അച്ഛാ എന്ന്

വിളിക്കുന്നത് എനിക്ക് ചിന്തിക്കാൻ പോലും പറ്റില്ലായിരുന്നു, ഈ നിമിഷം വരെ...... പക്ഷെ ഇപ്പോ ഇവനെ, ഈ പിടുങ്ങിനെ കാണുമ്പോൾ മനസ്സിന് ഒരു ചാഞ്ചാട്ടം....

"ഹായ് ഞാൻ വിഷ്ണു മാമൻ....."
കുഞ്ഞിന് നേരെ കൈ കാണിച്ചുകൊണ്ട് വിഷ്ണു പറഞ്ഞു...

"അയ്യേ....... നിന്നെ കാണണ്ട ന്ന്"
വിഷ്ണു സംസാരിച്ചതും കുഞ്ഞ് കണ്ണടച്ചത് കണ്ട് ഞാൻ അവനെ കളിയാക്കി, അല്ലെങ്കിലും ഇപ്പോ ജനിച്ചു വീണ കുഞ്ഞിനോട് ഇങ്ങനെ ഒക്കെ സംസാരിച്ചാൽ അതിന് വല്ലതും മനസിലാവുമോ...... ഇവരൊക്കെ എന്താ ഇങ്ങനെ?? ആാാ

കുഞ്ഞിനെ മാലാഖ തിരിച്ച് കൊണ്ടുപോയതും ഞങ്ങൾ മൂന്നുപേരും അവിടെ ഇട്ട ഓരോ കസേരയിൽ ചെന്നിരുന്നു..... ഹൈദർ ഇക്കയുടെ കണ്ണിൽ പെടാതെ ഇരിക്കാൻ പ്രത്യേകം ശ്രദ്ധിച്ചു...

"ഡാ...... ഓരോ ചായ കുടിച്ച് വന്നാലോ??"
അല്പനേരം എന്തോ ആലോചിച്ചു ഇരുന്നപ്പോഴാണ് വിഷ്ണുവിന്റെ ചോദ്യം വന്നത്...

"ഏയ് എനിക്ക് വേണ്ട, നീ അങ്കിളിനെ കൂട്ടി ചെല്ല്"

"വേണ്ടെങ്കിൽ വേണ്ട, നമുക്ക് പോവാ അങ്കിളേ......"
വിഷ്ണു അത് പറഞ്ഞപ്പോൾ പുള്ളി എന്നെ ഒരു നോട്ടം നോക്കിയെങ്കിലും എനിക്ക് ഇപ്പോ വേണ്ട നിങ്ങൾ പോയി കഴിച്ചോ എന്ന് പറഞ്ഞപ്പോൾ അവർ രണ്ടുപേരും കൂടി എഴുന്നേറ്റ് ക്യാന്റീനിലേക്ക് പോയി.....

"എടി.... നിനക്ക് ആ പയ്യനെ മനസ്സിലായോ?? നമ്മുടെ യാമിനി സിസ്റ്ററുടെ............"

“അയ്യോ...... ശരിയാ......... ആകെ കോലം കേട്ട് പോയി ലേ, പാവം”എന്റെ മുന്നിലൂടെ നടന്നുപോയ രണ്ടു നഴ്സുമാർ എന്നെ നോക്കി അടക്കം പറഞ്ഞുകൊണ്ട് പോവുന്നത് കേട്ടെങ്കിലും ഞാൻ അത് കേൾക്കാത്ത പോലെ കണ്ണും പൂട്ടി ഇരുന്നു, ഈ സഹതാപം മാത്രം കേട്ടിരിക്കാൻ കഴിയില്ല....

ഇന്നലെ രാത്രി ഉറങ്ങാൻ കഴിഞ്ഞിട്ടില്ല, വേറെ ഒന്നുമില്ല ഒടുക്കത്തെ കൊതുക് കടി ആയിരുന്നു, അതുകൊണ്ട് തന്നെ നല്ല ഉറക്ക ക്ഷീണമുണ്ട്.

“ഡാ...... കുഞ്ഞിനേയും അമ്മയെയും വൈകുന്നേരം മുറിയിലേക്ക് മാറ്റും, മുറി ശരിയായിട്ടുണ്ട്...... ആറാം നിലയിൽ റൂം നമ്പർ 666....... നീ വേണെങ്കിൽ റൂമിൽ പോയി കിടന്നോ”
വിഷ്ണു വന്നു തട്ടി വിളിച്ചിട്ട് പറഞ്ഞപ്പോഴാണ് ഞാൻ ചെറുതായി മയങ്ങി പോയിരുന്നു എന്ന് മനസിലായത്

“ഏയ് വേണ്ട.......”
കൈകൾ രണ്ടും ഉയർത്തി ഒന്ന് ഞെളിഞ്ഞ ശേഷം ഞാൻ പറഞ്ഞു

“മോൻ ഇന്നലെ രാത്രിയും ഉറങ്ങിയിട്ടില്ലലോ, ഇവിടെ ഇപ്പോ എല്ലാരും കൂടി ഇരിക്കേണ്ട കാര്യമില്ല..... മോൻ ചെല്ല് പോയി ഒന്ന് കിടന്നോ, ഞങ്ങൾ ഉണ്ടല്ലോ ഇവിടെ......”
അമ്മായിയപ്പന്റെ വായിൽ നിന്നും അത് കേട്ടതോടെ ഞാൻ വേഗം സമ്മതം മൂളികൊണ്ട് താക്കോലും വാങ്ങി റൂമിലേക്ക് നടന്നു, അല്ലെങ്കിലും ആ മറ്റവളെ

ശുശ്രൂഷിക്കാൻ ഒന്നും അല്ല ഞാൻ ഇവിടെ കൊതുക് കടിയും സഹിച്ച് ഉറങ്ങാതെ ഇരുന്നത്........

""""666"""" കൊള്ളാം നല്ല റൂം, പ്രസവിക്കുന്നത് ഇവളാണെന്ന് അറിഞ്ഞിട്ട് കൊടുത്തത് ആണെന്ന് തോന്നുന്നു. ........

റൂമിൽ കയറിയതും അതിലെ കട്ടിൽ നല്ലവണ്ണം വിരിച്ച് വൃത്തിയാക്കി വച്ചിട്ടുണ്ട്, കാണുമ്പോൾ തന്നെ ഒന്ന് കയറി കിടന്ന് ഉറങ്ങാൻ തോന്നും... അപ്പൊ ഇന്നലെ രാത്രി മൊത്തം ഉറങ്ങാതെ ഇരുന്ന എന്റെ കാര്യം പറയണോ, കട്ടിലിൽ കയറി കിടന്നത് മാത്രമേ ഓർമ്മയുള്ളു......
ഞാൻ ഗാഢമായ നിദ്രയിലേക്ക് വഴുതി വീണു, ഒപ്പം കൂട്ടിന് കുറച്ച് കാലങ്ങളായി ജീവിതത്തിൽ സംഭവിച്ചുകൊണ്ട് ഇരിക്കുന്ന നല്ലതും ചീത്തയുമായ കാര്യങ്ങളും കടന്നുവന്നു.... കുറച്ചുനേരം ആയിട്ട് ആ സാധനത്തിനേയും അവളെ കുഞ്ഞിനേയും കുറിച്ച് ചിന്തിച്ചത് കൊണ്ടാകാം, പിന്നീട് ഒരിക്കലും കാണരുത് എന്ന് ആഗ്രഹിച്ചവൾ വീണ്ടും ഒരു കുരിശ്ശായി ജീവിതത്തിലേക്ക് കടന്നു വന്ന ദിവസമാണ് ഉപബോധ മനസ്സിൽ തെളിഞ്ഞു വന്നത്...
########################################

രാവിലെ ഒരു പെണ്ണിന്റെ കരച്ചിൽ കേട്ടുകൊണ്ടാണ് ഞാൻ ഞെട്ടി എഴുന്നേറ്റത്..... കണ്ണ് തുറന്നപ്പോൾ കണ്ടത് എന്റെ ഉള്ളിലെ പിശാചിനെ ഉണർത്തുന്ന കാഴ്ചയും
യാമിനിയെ കെട്ടിപ്പിടിച്ചുകൊണ്ട് കരയുന്ന ശ്രീലക്ഷ്മി....

ഗാഢനിദ്രയിൽ നിന്ന് ഞെട്ടി എഴുന്നേറ്റത് കൊണ്ട് അല്പം സമയം എടുത്തു ഞാൻ കാണുന്നത് യാഥാർത്ഥ്യം ആണെന്ന് ഉറപ്പ് വരുത്താൻ.... അത് മനസ്സിലാക്കിയ നിമിഷം ഞാൻ കട്ടിലിൽ നിന്ന് ചാടി എഴുന്നേറ്റു..... ദേഷ്യം അരിച്ചു കയറിയിട്ട് കണ്ണു കാണാൻ പറ്റാത്ത അവസ്ഥ

“ഡീ...............................”
ഞാൻ ചാടി എഴുന്നേറ്റുകൊണ്ട് അലറിയതും യാമിനിയും ശ്രീലക്ഷ്മിയും ഒരുപോലെ ഞെട്ടി തരിച്ചു.....

“പ്ലീസ്...... ഞാൻ പറയുന്നത് ഒന്ന് കേൾക്ക്.......... പ്ലീസ്....”
പെട്ടെന്ന് തന്നെ യാമിനി ഇടയ്ക്ക് കയറി എന്നെ പിടിച്ചുവെക്കാൻ ശ്രമിച്ചെങ്കിലും ഞാൻ അവളുടെ പിടി വിടുവിക്കാൻ വേണ്ടി കുതറി......

“ഇറങ്ങി പൊടി.................. “
എന്നെ ശാന്തനാക്കാൻ വേണ്ടി യാമിനി പലതും പറയുന്നുണ്ടെങ്കിലും കോപം എന്ന വികാരം എന്റെ ശ്രവണശേഷി നഷ്ടപ്പെടുത്തിയിരുന്നു.... ഞാൻ ശ്രീലക്ഷ്മിയെ നോക്കി അലറി.

യാമിനിയെ തള്ളി മാറ്റാൻ ശ്രമിച്ചെങ്കിലും അവൾ എന്നെ ഉടുമ്പ് പിടിച്ച പോലെ പിടിച്ചിരിക്കുകയാണ്, അവൾ പിടി വിട്ടു കഴിഞ്ഞാൽ ഞാൻ ഈ സൂലൈ മകളെ ചവിട്ടി പുറത്താക്കുമെന്ന് പെണ്ണിന് അറിയാം....... പക്ഷെ ഇതെല്ലാം കണ്ട് ഒരു കൂസലും ഇല്ലാതെ നിൽക്കുകയാണ് ശ്രീലക്ഷ്മി.

“പ്ലീസ്.......... ഞാൻ പറയുന്നത് ഒന്ന് കേൾക്കു........ വാ..............”

യാമിനി എന്നെ പിടിച്ചു വലിച്ച് പുറത്തേക്ക് നടക്കാൻ ശ്രമിക്കുമ്പോഴും ഞാൻ ആ നശിച്ചവളെ തന്നെ കണ്ണെടുക്കാതെ നോക്കുകയായിരുന്നു.... എന്റെ മുഖത്ത് വിരിഞ്ഞത് അറപ്പും വെറുപ്പും കോപവും ആണെങ്കിൽ അവളുടെ മുഖത്ത് ഞാൻ ഇപ്പോ കാണുന്നത് ഒരു പുച്ഛത്തോടെ ഉള്ള പുഞ്ചിരിയാണ്.... നേരത്തെ യാമിനിയെ കെട്ടിപ്പിടിച്ചുകൊണ്ട് കരയുമ്പോൾ കണ്ട ആ ഭാവം ഒന്നും ഇപ്പോ അവളുടെ മുഖത്ത് ഇല്ല....

“മ്മ് എന്താ??”

പുറത്ത് എത്തിയതും ഞാൻ യാമിനിയുടെ കൈ തട്ടി മാറ്റിക്കൊണ്ട് ഉറച്ച സ്വരത്തിൽ ചോദിച്ചു.... ദേഷ്യം കാരണം ശ്വാസഗതി ഇപ്പോഴും നേരെ ആയിട്ടില്ല...

“അവൾ................ അവൾ................... ഇവിടെ താമസിച്ചോട്ടെ”

പേടിച്ച് വിറച്ചു കൊണ്ടാണ് യാമിനി അത് പറഞ്ഞത്, പക്ഷെ അത് കേട്ട നിമിഷം എനിക്ക് യാമിനിയോടും വല്ലാതെ ദേഷ്യം തോന്നി....... ഇനി എന്തെങ്കിലും സംസാരിക്കാൻ നിന്നാൽ ഞാൻ ചിലപ്പോൾ എന്റെ പെണ്ണിനോടും വളരെ മോശമായി സംസാരിച്ച് പോവും എന്ന് അറിയുന്നത് കൊണ്ട് പിന്നെ ഒന്നും പറയാൻ നിൽക്കാതെ തിരിഞ്ഞ് നടന്നു...

ദേഷ്യം കൊണ്ടോ വിഷമം കൊണ്ടോ കണ്ണ് നിറഞ്ഞിരുന്നു..... യാമിനി പറഞ്ഞതിന് പറ്റില്ല എന്ന് കടുപ്പിച്ച് ഒന്ന് പറയേണ്ട കാര്യമേ ഉള്ളു എങ്കിലും ഇപ്പോ അവളോട് അങ്ങനെ പറയാൻ എനിക്ക് കഴിഞ്ഞില്ല...

“പ്ലീസ് പോവല്ലേ........... ഞാൻ പറയുന്നത് ഒന്ന് കേൾക്ക്.......”

സ്റ്റെപ്പ് ഇറങ്ങുമ്പോൾ യാമിനി പിന്നിലൂടെ ഓടി വന്നു പിടിച്ചു നിർത്താൻ ശ്രമിച്ചെങ്കിലും ഞാൻ അവളെ തള്ളി മാറ്റിക്കൊണ്ട് ഇറങ്ങി നടന്നു..... പിന്നിൽ നിന്നും എന്റെ ഹൃദയം തകർക്കുന്ന കരച്ചിൽ കേട്ടെങ്കിലും അത് കേട്ടില്ല എന്ന് നടിച്ചുകൊണ്ട് ഞാൻ ഇറങ്ങി

നടന്നു..... രാവിലെ ഉറങ്ങി എഴുന്നേറ്റ അതെ കോലത്തിൽ ഞാൻ വിഷ്ണുവിന്റെ ബൈക്കും എടുത്ത് വിട്ടു, എങ്ങോട്ടെന്ന് ഇല്ലാതെ.....

കഴിഞ്ഞ ദിവസം ചൈതന്യ എന്നെ കൂട്ടി കൊണ്ടുപോയ ആ കുന്നിന്റെ മുകളിൽ ചെന്നാണ് പിന്നെ വണ്ടി നിന്നത്, എന്നെ കൊണ്ട് ആരോ ഇങ്ങോട്ട് വണ്ടി ഓടിപ്പിച്ചത് പോലെ....... എന്റെ മനസ്സ് എന്റെ കൂടെ ഇല്ലായിരുന്നു...

“ആാാാ.................................................”
അവിടെ നിന്നുകൊണ്ട് ഒന്ന് അലറി വിളിച്ചപ്പോൾ ദേഷ്യം ഒന്ന് അടങ്ങിയ പോലെ...... കിതച്ചുകൊണ്ട് ഞാൻ അടുത്ത് കണ്ട പാറ കല്ലിലേക്ക് ഇരുന്നു....

“ഷിറ്റ്........ അയ്യോ..............”
ദേഷ്യത്തിൽ അടുത്ത് കണ്ട കല്ലിൽ ഇട്ട് ഒന്ന് കുത്തിയപ്പോൾ കൈ നന്നായി വേദനിച്ചു....

എന്തിനാണ് ഞാൻ ഇപ്പൊ ഇത്ര ഷോ കാണിച്ചത്??
എന്റെ മീനൂട്ടി, അവളോട് പറ്റില്ല എന്ന് തറപ്പിച്ച് പറഞ്ഞിട്ട് മറ്റേ പൂറിമോളെ ചവിട്ടി പുറത്താകേണ്ട കാര്യമേ ഉണ്ടായിരുന്നുള്ളൂ..... എങ്കിലും മീനു എന്താ ഇങ്ങനെ?? ഇത്ര ഒക്കെ സംഭവിച്ചിട്ടും അവൾ ഒന്ന് വന്ന് കള്ള കണ്ണീരും കാട്ടി അഭിനയിച്ചപ്പോഴേക്കും പെണ്ണിന്റെ മനസ്സ് അലിഞ്ഞു..... എന്തായാലും ഇനിയും മണ്ടനാവാൻ ഞാൻ തയ്യാറല്ല.... മനസ്സ് ഒന്ന് നിയന്ത്രണത്തിൽ ആയ ശേഷം നേരെ പോയി യാമിനിയെ കാര്യം പറഞ്ഞു മനസ്സിലാക്കിയിട്ട് ആ മറ്റവളെ ഇറക്കി വിടണം...

യാമിനിയെ ഒരാളെ പറ്റി ആലോചിച്ചിട്ടാണ് ഒന്നും വേണ്ട എന്ന് കരുതി ഒതുങ്ങി ഇരുന്നത്, അപ്പൊ വീണ്ടും വന്നിരിക്കുന്നു അവൾ..... എന്നാലും എന്തായിരിക്കും അവളുടെ ഈ വരവിന്റെ ഉദ്ദേശം?? എന്താണെങ്കിലും അവളെ ഇന്ന് തന്നെ ഇറക്കി വിടണം....

എന്റെ മീനൂട്ടി......... അവൾ വിഷമിച്ചു ഇരിക്കുകയാവും പാവം, ദേഷ്യത്തിൽ ഫോൺ പോലും എടുക്കാതെ ഇറങ്ങി പോന്നതാണ്.... എന്നാലും ഞാൻ എന്ത് പണിയാണ് കാണിച്ചത്, ആ രാക്ഷസിയുടെ കൂടെ ആണ് എന്റെ മീനൂനെ ഒറ്റയ്ക്ക് ആക്കി വന്നത്....... എത്രയും പെട്ടെന്ന് തിരിച്ച് ചെല്ലണം.

ഞാൻ ചാടി എഴുന്നേറ്റ് വണ്ടിയിൽ കയറി, സ്റ്റാൻഡിൽ കുത്തി തിരിച്ചിട്ട് ബൈക്ക് എടുത്ത് നേരെ പി.ബി ലക്ഷ്യമാക്കി കുതിച്ചു..... പി.ബിയുടെ അടിയിൽ കൊണ്ടുപോയി നിർത്തുമ്പോൾ ബൈക്കിന്റെ സൈലെൻസറിൽ നിന്ന് പുക വരുന്നുണ്ടായിരുന്നു, ഓയിൽ കുറവാണെന്നു തോന്നുന്നു.....
ആ അത് എന്തെങ്കിലും ആവട്ടെ, ഞാൻ ബൈക്ക് അവിടെ ഇട്ട് ഗോവണി ഓടി കയറി.....

മുകളിൽ എത്തുന്നതിനു മുമ്പുള്ള രണ്ടാമത്തെ പടിയിൽ ഇരിപ്പുണ്ട് കക്ഷി, മുഖം മടിയിലേക്ക് വച്ചിട്ട് ഇരുന്ന് വിതുമ്പുകയാണ്..... ഞാൻ വന്നത് അറിഞ്ഞിട്ടില്ലെന്ന് തോന്നുന്നു, ഞാൻ മെല്ലെ പോയി അവളുടെ അടുത്ത് ഇരുന്നു.....

“മച്.........”
ഞാൻ മെല്ലെ തലയിൽ തോണ്ടി നോക്കിയെങ്കിലും പെണ്ണ് എന്റെ കൈ തട്ടി മാറ്റി കളഞ്ഞു, അപ്പൊ ഞാൻ വന്നത് അറിഞ്ഞിട്ടും അറിയാത്ത പോലെ ഇരിക്കുകയാണ്..... ശരിയാക്കി തരാം...“അത് കൊള്ളാം, എന്റെ റോൾ നീ ആണോ ചെയ്യുന്നേ മീനൂസേ......... ഇപ്പോ ഞാൻ അല്ലേ നിന്നോട് പിണങ്ങേണ്ടത്”
അല്ല ഞാൻ ഇത് ആരോടാ സംസാരിക്കുന്നത്, ആരോട് പറയാൻ, ആര് കേൾക്കാൻ...... പെണ്ണിന് ഒരു അനക്കവും ഇല്ല.

“ഹാ, മതി ട്ടോ മീനൂസേ........... എന്തിനാ ഇപ്പോ ഇങ്ങനെ കിടന്ന് കരയുന്നത്?? അറ്റ്ലീസ്റ്റ് കാര്യം പറഞ്ഞിട്ട് കരയ്”
അല്പം ഗൗരവത്തിൽ തന്നെ പറഞ്ഞിട്ട് ഞാൻ അവളുടെ മുഖം പിടിച്ച് ഉയർത്തി

പെണ്ണിന്റെ മുഖം കണ്ടപ്പോൾ എന്റെ നെഞ്ച് ഒന്ന് പിടച്ചു, കരഞ്ഞു കലങ്ങിയ കണ്ണുകൾ, വിളറിയ അധരങ്ങൾ വിറയ്ക്കുന്നുണ്ടായിരുന്നു..... കണ്ണീർ ഒലിച്ചിറങ്ങി കവിൾ തടങ്ങളിൽ ഒട്ടി പിടിച്ചിരിക്കുന്നു...... ഞാൻ ഇറങ്ങിപ്പോയ നിമിഷം തൊട്ട് ഇരുന്ന് കരയാൻ തുടങ്ങിയതാണെന്ന് തോന്നുന്നു,

“എന്താ മീനൂസേ............ എന്താ നിനക്ക് പറ്റിയെ?? എന്തിനാ ഇങ്ങനെ കരയുന്നേ??”
ഞാൻ അവളുടെ കവിൾ തുടച്ചുകൊണ്ട് ഇടറിയ ശബ്ദത്തിൽ ചോദിച്ചു, പക്ഷെ പെണ്ണ് ഒന്നും മിണ്ടാതെ എന്റെ കണ്ണുകളിലേക്ക് തന്നെ നോക്കി ഇരിക്കുകയാണ്, എന്തോ കാര്യമായിട്ട് പറ്റിയിട്ടുണ്ട്....

.

.

.

.

.

.

.

.

.

“ശ്രീക്കുട്ടി പ്രെഗ്നന്റ് ആണ്”

അല്പസമയം കഴിഞ്ഞ് കണ്ണ് തുടച്ച് ഒരു ദീർഘശ്വാസം എടുത്ത ശേഷം മീനു അത് പറഞ്ഞപ്പോൾ ഞാൻ ഒന്ന് ഞെട്ടി, പ്രത്യേകിച്ച് ഒരു കാരണവും ഇല്ലെങ്കിലും പെട്ടെന്ന് കേട്ടപ്പോൾ ഒന്ന് ഞെട്ടിപ്പോയി

“ടോണി ആണെന്ന് പറയുന്നു.....”

മീനു അതും കൂടി കൂട്ടി ചേർത്തപ്പോൾ ഒരിക്കലും സംഭവിച്ചിട്ടില്ല എന്ന പൂർണ്ണ ബോധ്യം ഉണ്ടായിട്ടും ഒന്ന് പതറിപ്പോയി... അല്ല കന്യകനായ ഞാൻ എന്തിന് പതറണം, ലേ

“അയ്യേ......... അതിനാണോ എന്റെ മീനൂട്ടി ഇങ്ങനെ കരഞ്ഞ് ഇരിക്കുന്നേ, നമ്മൾ സന്തോഷമായിട്ട് ജീവിക്കാൻ തുടങ്ങിയെന്ന് അറിഞ്ഞിട്ട് അടുത്ത പണിയും കൊണ്ട് വന്നതാണ്....... ശവം”

ആദ്യം ചെറുതായി പതറി പോയെങ്കിലും അത് മറച്ചുകൊണ്ട് മീനുവിനെ ആശ്വസിപ്പിക്കാൻ വേണ്ടി ഞാൻ ചിരിച്ചുകൊണ്ട് പറഞ്ഞു....

“അല്ല...... അവൾ ശരിക്കും പ്രെഗ്നന്റ് ആണ്, എനിക്ക് റിപ്പോർട്ട് ഒക്കെ കാണിച്ച് തന്നു....... രണ്ട് മാസം ആയി”

അത് കൂടി കേട്ടപ്പോൾ എന്റെ ഉള്ള കിളിയും പോയി, രണ്ട് മാസം എന്ന് പറയുമ്പോൾ ഞങ്ങൾ പ്രണയിച്ചു നടന്ന സമയമാണ്.... അപ്പൊ അതാണ് മീനു അവളെ ഇവിടെ നിർത്താൻ പറയാൻ കാരണം, അപ്പൊ ശ്രീലക്ഷ്മി പറഞ്ഞത് മൊത്തം ഇവൾ വിശ്വസിച്ചു എന്നല്ലേ അതിന്റെ അർത്ഥം....... സോൾമേറ്റ് ആണ് യഥാർത്ഥ പ്രണയമാണ്

എന്നൊക്കെ പറഞ്ഞിട്ട് ഒരുത്തി കള്ള കഥയുമായി വന്നപ്പോഴേക്കും അത് വിശ്വസിച്ചിരിക്കുന്നു.......

ചിന്തിച്ചു കാട് കയറാൻ തുടങ്ങിയതും എന്റെ സമനില തെറ്റുന്നത് പോലെ തോന്നി, അത്രയ്ക്ക് ഈ ചുരുങ്ങിയ സമയംകൊണ്ട് ഞാൻ ഈ സാധനത്തിനെ സ്നേഹിച്ചുപോയി..... അല്ലെങ്കിലും അനിയത്തിയെ പ്രണയിച്ചവൻ ചുരുങ്ങിയ സമയംകൊണ്ട് മാറി അവളോട് പ്രണയം ആണെന്ന് പറഞ്ഞതല്ലേ, വിശ്വസിക്കാൻ കഴിയുന്നുണ്ടാവില്ല....... പക്ഷെ ഇതിനെ പിരിയുന്നതിനെ കുറിച്ച് എനിക്ക് ചിന്തിക്കാൻ പോലും ഇപ്പോ കഴിയില്ല....... അങ്ങനെ സംഭവിച്ചാൽ ചിലപ്പോൾ ടോണി പിന്നെ ഒരിക്കലും ഉയർത്തെഴുന്നേൽക്കാൻ കഴിയാത്ത വിധം തോറ്റുപോകും...

“എന്താ ഒന്നും മിണ്ടാതെ??”
പലതും ചിന്തിച്ച് കൂട്ടി കൊണ്ടിരുന്ന എന്നെ തുറിച്ചു നോക്കി കൊണ്ട് യാമിനി ചോദിച്ചു....

“എന്നാലും........... മീനൂട്ടി.............. നീ............ അത് വിശ്വസിച്ചോ.....”
ഇടറിയ സ്വരത്തിൽ ഞാൻ എങ്ങനെയോ പറഞ്ഞ് ഒപ്പിച്ചു

“വിശ്വസിക്കാതെ ഇരിക്കാൻ നിവർത്തി ഇല്ലല്ലോ...... നിങ്ങൾ പ്രണയത്തിലായിരുന്നു, പിന്നെ അന്ന് രാത്രി അവളുടെ മുറിയിൽ കയറിയത് ഞാനും കണ്ടതല്ലേ........ എന്നിട്ടും വിശ്വസിക്കാതെ ഇരിക്കാൻ ഞാൻ മണ്ടത്തി ഒന്നുമല്ല”

എന്റെ നെഞ്ചിലേക്ക് കത്തി കുത്തി കയറ്റുന്ന പോലെയാണ് യാമിനി അത് പറഞ്ഞപ്പോൾ എനിക്ക് തോന്നിയത്,
ടോണി എന്ന അധ്യായം ഇവിടെ തീരുന്നു, ഇനി എന്നെ ആരും കാണില്ല.... അവസാനമായി മീനൂട്ടിയുടെ മുഖത്തേക്ക് ഒന്ന് നോക്കണമെന്ന് ഉണ്ടായിരുന്നു, പക്ഷെ അതിനുള്ള കട്ടി എന്റെ മനസ്സിനും ഇല്ല.....
കണ്ണ് നിറഞ്ഞ് ഒഴുകാൻ തുടങ്ങിയിരുന്നു, അത് അവൾ കാണുന്നതിന് മുന്നെ ഞാൻ എഴുന്നേറ്റു,

എന്നെ ആത്മാർത്ഥമായി സ്നേഹിക്കുന്ന കുറച്ച് ആളുകളുണ്ട്, എന്റെ മേരി....... വിഷ്ണു......... ആ രണ്ട് മുഖങ്ങളും മനസ്സിൽ തെളിഞ്ഞു, ഞാൻ എന്തായാലും പോയി ചാവില്ല........ പക്ഷെ ഐ നീഡ് സം ടൈം...... എങ്ങോട്ടെങ്കിലും പോവണം എന്ന് ഉറപ്പിച്ചുകൊണ്ട് ഞാൻ പടികൾ ഇറങ്ങി.....മുള്ള് കൊണ്ട് ഉണ്ടാക്കിയതാണ് ഈ പടികൾ എന്ന് തോന്നുന്നു, ഓരോ പടി ഇറങ്ങുമ്പോഴും അത് തറച്ച് കയറുന്നു...... കാലിൽ അല്ല ഹൃദയത്തിൽ

.

.

.

.

.

.

.

.

.

“ലുട്ടാപ്പി പിണങ്ങി പോവാ??”
പുറകിൽ നിന്നും യാമിനി വിളിച്ച് ചോദിച്ചെങ്കിലും ഞാൻ തിരിഞ്ഞ് നോക്കിയില്ല.......

“അപ്പൊ അത്രയേ ഉള്ളു ലേ........ ജീവിതകാലം മൊത്തം ഒരുമിച്ച് സന്തോഷമായി ജീവിക്കണം എന്നൊക്കെ പറഞ്ഞിട്ട് ഇരുവത്തിനാല് മണിക്കൂർ പോലും ആയില്ല.......... ഇത്രേ ഉള്ളോ എന്നോടുള്ള സ്നേഹം??”

അവൾ അത് പറഞ്ഞപ്പോൾ ഞാൻ നിശ്ചലനായി പോയി, ഒരു നിമിഷത്തെ ബുദ്ധി മോശത്തിന് ഞാൻ ചെയ്യാൻ പോയ മണ്ടത്തരം അപ്പോഴാണ് മനസ്സിലാക്കിയത്........ എന്ത് പ്രശ്നം വന്നാലും സംസാരിച്ചു പരിഹരിക്കാൻ ശ്രമിക്കാതെ ഇറങ്ങി പോവാൻ നിന്ന എന്നോട് എനിക്ക് തന്നെ പുച്ഛം തോന്നി...

തിരിഞ്ഞ് നോക്കുമ്പോൾ കാണുന്നത് എന്നെ നോക്കി ചിരിച്ചുകൊണ്ട് നിൽക്കുന്ന മീനൂട്ടിയെ ആണ്, ചിരിക്കുമ്പോഴും അവളുടെ കണ്ണിൽ നിന്നും കണ്ണുനീർ ഒഴുകി ഇറങ്ങുന്നുണ്ട്..
ഞാൻ പടികൾ ഓടി കയറി

“വിട്....... ന്നേ തൊടണ്ട.....”
ഓടി ചെന്ന് കെട്ടിപ്പിടിക്കാൻ നോക്കിയെങ്കിലും അവൾ എന്നെ തള്ളി മാറ്റി, ഇപ്പോ അവൾ കാണിക്കുന്നത് വെറും കള്ള പരിഭവം ആണെന്ന് എനിക്ക് വ്യക്തമായി അറിയാം.

“സോറി മീനൂസേ.......... നീ പെട്ടെന്ന് അങ്ങനെ ഒക്കെ പറഞ്ഞപ്പോൾ എനിക്ക് സഹിക്കാൻ പറ്റിയില്ല, അതാ ഞാൻ.............”
മുഴുമിപ്പിക്കാതെ അവളെ നോക്കി തല താഴ്ത്തി നിന്നു, കുറ്റം സമ്മതിച്ച പോലെ.....

“അപ്പൊ രാവിലെ ഒന്നും മിണ്ടാതെ ഇറങ്ങി പോയപ്പോ ഞാൻ എത്ര വിഷമിച്ചൂന്ന് അറിയോ....... അതാ ഞാൻ ഇത്തിരി തീ തിന്നട്ടെ എന്ന് കരുതി തന്നെ പറഞ്ഞതാണ്, പക്ഷെ അങ്ങനെ ഒന്നും ഇല്ല എന്ന് പറഞ്ഞ് എന്നെ കൺവിൻസ് ചെയ്യാൻ ശ്രമിക്കും

എന്ന് കരുതി, ഇല്ലെങ്കിൽ ഒരെണ്ണം പൊട്ടിച്ചിട്ട് നല്ല രണ്ട് തെറി പറയുമെന്ന് വിചാരിച്ചു........പക്ഷെ അപ്പോഴേക്കും അതാ പിന്നേം ഇറങ്ങി പോവുണു........ ഇനി ഒന്ന് പറഞ്ഞ് രണ്ടിന് ഇങ്ങനെ ഇറങ്ങി പോവോ....... പോവോ ന്ന്??"
എന്റെ ചെവി പിടിച്ച് തിരിച്ചുകൊണ്ട് അവൾ അത് പറഞ്ഞപ്പോൾ ഇനി ആവർത്തിക്കില്ല എന്ന രീതിയിൽ ചിരിച്ചുകൊണ്ട് തല ആട്ടാനേ എനിക്ക് പറ്റിയുള്ളൂ...

"അപ്പൊ അവള് പ്രെഗ്നന്റ് ആണെന്ന് പറഞ്ഞതും വെറുതെ............"

"ഏയ് അല്ല, ശ്രീക്കുട്ടി ശരിക്കും പ്രെഗ്നന്റ് ആണ്......"
ഞാൻ ചോദ്യം മുഴുമിപ്പിക്കുന്നതിന് മുന്നെ അവൾ മറുപടി തന്നു....

"എന്ന് വെച്ച് അവളെ ഇവിടെ കയറ്റി താമസിപ്പിക്കാൻ ഒന്നും പറ്റില്ല, ഈ ഡി.ൻ.എ ടെസ്റ്റ് ഒക്കെ ഉണ്ടല്ലോ........ നമുക്ക് വരുന്നിടത്തു വെച്ച് കാണാം, വെറുതെ അവളെ ഭീഷണി കേട്ട് പേടിച്ചു ഇരിക്കേണ്ട കാര്യം ഇല്ലല്ലോ......"

"അവള് ഭീഷണിപ്പെടുത്തിയിട്ടില്ല, അവൾക്ക് പോവാൻ വേറെ സ്ഥലമില്ല..... നമ്മളും കൈ ഒഴിഞ്ഞ പോയി ചത്ത് കളയും എന്നാണ് പറയുന്നത്"
വളരെ വിഷമത്തോടെ ആണ് മീനു അത് പറഞ്ഞത്, ഇങ്ങനെ ഒരു പൊട്ടി പെണ്ണ്...... ആ കള്ളത്തിയുടെ നാടകം കണ്ടപ്പോഴേക്ക് അതും വിശ്വസിച്ച് വന്നേക്കുന്നു

“എന്റെ പൊന്നു മീനൂട്ടി........ നീ ഇങ്ങനെ ഒരു മണ്ടത്തി ആയി പോയല്ലോ, അവള് പോയി ചാവുമെന്ന് പറഞ്ഞപ്പോഴേക്കും നീ അത് വിശ്വസിച്ചോ...... എന്നെക്കാളും നന്നായിട്ട് അവളെ നിനക്ക് അറിയില്ലേ.........”

“ഞാൻ വിശ്വസിച്ചിട്ട് ഒന്നുമില്ല........ അവൾ പറഞ്ഞത് ഒക്കെ കള്ളമാണെന്ന് എനിക്ക് അറിയാം, അവൾ പറഞ്ഞത് അവളെ മീരമ്മ ഇത് അറിഞ്ഞിട്ട് വീട്ടിൽ നിന്ന് പുറത്താക്കി എന്നാണ്........ അത് ഒരിക്കലും സംഭവിക്കില്ല എന്ന് എനിക്ക് ഉറപ്പാണ്...... പിന്നെ അവള് പറഞ്ഞത് ടോണിയാണ് അതിന്റെ ഉത്തരവാദി എന്നാണ്, അതും പച്ച കള്ളമാണെന്ന് എനിക്ക് അറിയാമായിരുന്നു........ പക്ഷെ ഇത്രയും കള്ളം പറഞ്ഞ് അവൾ ഇവിടെ വരേണ്ട കാര്യം എന്താ??”
മീനു അവളുടെ സി.ഐ.ഡി ബുദ്ധി വെച്ച് മനസിലാക്കിയ കാര്യങ്ങൾ എല്ലാം ഒറ്റയടിക്ക് പറഞ്ഞ ശേഷം എന്റെ പ്രതികരണം അറിയാൻ വേണ്ടി എന്റെ കണ്ണിലേക്കു തന്നെ നോക്കി നിന്നു...

“എന്റെ പൊന്നു മീനൂട്ടി.......... നിനക്ക് ഇത്ര ഒക്കെ ബുദ്ധി ഉണ്ടായിരുന്നോ ഡീ”
അവളെ താടിക്ക് പിടിച്ച് വലിച്ചുകൊണ്ട് ഞാൻ അത് ചോദിച്ചപ്പോൾ ഇതൊക്കെ എന്ത് എന്ന ഭാവത്തിലാണ് കക്ഷി... പക്ഷെ മുഖത്ത് ഇപ്പോഴും നല്ല വിഷമമുണ്ട്, എന്റെ കാര്യവും മറിച്ചല്ല..... ആ മറ്റവളെ കണ്ടത് തൊട്ട് മൂഡ് പോയി, അതിന്റെ കൂടെ അവളുടെ ഒടുക്കത്തെ ദിവ്യഗർഭം

“അവൾ പറയുന്നത് മൊത്തം കള്ളമാണെന്ന് നിനക്കും അറിഞ്ഞൂടെ, പിന്നെ എന്തിനാ മീനു അവളെ ഇവിടെ നിർത്തുന്നത്”

ഞാൻ അല്പം വിഷമത്തോടെ ചോദിച്ചു, അവൾ ഇവിടെ താമസിക്കുന്നത് എനിക്ക് ചിന്തിക്കാൻ പോലും കഴിയുന്നില്ല...

“അഥവാ അവൾ പറഞ്ഞ പോലെ വല്ല കടുംകൈ കാണിച്ച പിന്നെ ഈ ജീവിതകാലം മൊത്തം മനസമാധാനം ഉണ്ടാവില്ല....... പിന്നെ എന്തൊക്കെ പറഞ്ഞാലും ഞാൻ എടുത്ത് നടന്ന എന്റെ കുഞ്ഞനിയത്തി അല്ലേ, അവളെ ഇങ്ങനെ ഒരു അവസ്ഥയിൽ ഇറക്കി വിടാൻ..................പ്ലീസ്...................... ഇഷ്ടമല്ലെങ്കിൽ വേണ്ട”

വിതുമ്പി കൊണ്ടാണ് പെണ്ണ് അത്രയും പറഞ്ഞ് അവസാനിപ്പിച്ചത്... ഒരുമാതിരി മറ്റേടത്തെ അവസ്ഥ ആയല്ലോ, ശരിക്കും ചെകുത്താനും കടലിനും നടുക്ക് പെട്ട അവസ്ഥ.... ആദ്യമായാണ് മീനു എന്നോട് ഒരു കാര്യം ആവശ്യ പെടുന്നത്, മാനത്തെ അമ്പിളി മാമ്മനെ പിടിച്ചുകൊടുക്കാൻ പറഞ്ഞിരുന്നെങ്കിൽ ഞാൻ ചിലപ്പോൾ രണ്ടാമത് ഒന്ന് ചിന്തിക്കാതെ സമ്മതിക്കുമായിരുന്നു, പക്ഷെ ഇത്...........................

കുറച്ചു നേരം ഞങ്ങൾ രണ്ടുപേരും ഒന്നും മിണ്ടിയില്ല..... ഞാൻ കാര്യമായ ചിന്തകളിൽ മുഴുകുമ്പോഴും മീനു വിതുമ്പുന്ന ശബ്ദം എന്നെ അലട്ടി കൊണ്ടിരുന്നു

ഒടുക്കം ഞാൻ എന്റെ തീരുമാനം പറഞ്ഞു

“ഇഷ്ടമല്ല.............. പക്ഷെ അവളോടുള്ള വെറുപ്പിനേക്കാളും എത്രയോ ഇരട്ടിയാണ് എനിക്ക് ഇപ്പോ എന്റെ മീനൂട്ടിയോടുള്ള ഇഷ്ടം, അതുകൊണ്ട്........... തനിക്ക് വേണ്ടി മാത്രം, തന്റെ മനസ്സമാധാനം പോവാതിരിക്കാൻ വേണ്ടി മാത്രം സമ്മതിക്കുന്നു..... അവൾ ഇവിടെ നിന്നോട്ടെ, പക്ഷെ എന്തെങ്കിലും ഉടായിപ്പ് ഇറക്കിയ അപ്പൊ തന്നെ ഞാൻ ഇറക്കി വിടും......... അപ്പൊ ഒടുക്കത്തെ അനിയത്തി സ്നേഹം കൊണ്ട് വരരുത്”

ഒരുപാട് ആലോചിച്ച ശേഷമാണ് ഞാൻ ആ തീരുമാനം എടുത്തത്, അത് കേട്ടതും മീനു എന്നെ ഒന്ന് കെട്ടിപ്പിടിച്ചു..... പക്ഷെ ആ മുഖം ഇപ്പോഴും ഒന്ന് തെളിഞ്ഞിട്ടില്ല.... ഇനി എന്താണാവോ??

“എന്താ മീനൂസേ......... ഇനിയും തന്റെ വിഷമം മാറിയില്ലേ??”

എന്റെ പെണ്ണിന്റെ വാടി ഉണങ്ങിയ മുഖം കൈകുമ്പിളിൽ ഒതുക്കി കൊണ്ട് ഞാൻ ചോദിച്ചപ്പോഴും ഒരു മങ്ങിയ ചിരിയായിരുന്നു എനിക്ക് കിട്ടിയ മറുപടി...

"എന്ത് പറ്റിയെടോ........ താൻ വിഷമിക്കാതെ ഇരിക്കാനല്ലേ എനിക്ക് അത്ര വെറുപ്പുള്ള അവൾ ഇവിടെ താമസിച്ചോട്ടെ എന്ന് പറഞ്ഞത്, എന്നിട്ടും താൻ ഇങ്ങനെ നിന്നാലോ......."

പെണ്ണിന്റെ മുഖം കാണുമ്പോൾ വല്ലാത്ത വിഷമം തോന്നി, ആ വിഷമം എന്റെ സ്വരത്തിലും പ്രതിഫലിച്ച് കാണണം

ഞാൻ അത് പറഞ്ഞ് തീരലും മീനു പൊട്ടി കരഞ്ഞുകൊണ്ട് എന്റെ നെഞ്ചിലേക്ക് വീണു, എന്താണെന്ന് മനസ്സിലായില്ലെങ്കിലും അവളെ ചേർത്തു നിർത്തി ആശ്വസിപ്പിക്കുകയാണ് ഞാൻ ഇപ്പോ ചെയേണ്ടത് എന്ന് തോന്നിയത് കൊണ്ട് ഒന്നും ചോദിക്കാതെ ഞാൻ എന്റെ പെണ്ണിനെ നെഞ്ചോട് ചേർത്ത് പിടിച്ച് നിന്നു.....

"നേ ദൈവത്തിന്............... ഇഷ്ടല്ല............ ഞാൻ.................. സന്തോഷിക്കുന്നതും......... ഇന്നലെ ന്റെ................ ജീവിതത്തിൽ....................ഞാൻ ഏറ്റവും............... സന്തോഷിച്ച..............ദിവസാ............... അതാ ഇപ്പോ........... ഇങ്ങനെ ഒക്കെ........... ഞാൻ സന്തോഷിക്കുന്നത് ഇഷ്ടല്ലാത്തോണ്ട്............. ആയിരിക്കും ലേ............. ഓരോ പ്രശ്നം വരുന്നത്......."

എന്റെ നെഞ്ചിൽ കിടന്ന് കരഞ്ഞുകൊണ്ട് മീനു വിക്കി വിക്കി പറഞ്ഞ ഓരോ വാക്കും എന്റെ നെഞ്ചിലേക്ക് തന്നെ തറച്ച് കയറി.... ഞാൻ ഒന്നും പറയാൻ നിന്നില്ല, എന്റെ പെണ്ണിനെ മുറുകെ കെട്ടിപ്പിടിച്ച് നെഞ്ചോട് ചേർത്ത് നിന്നു...... ചില സമയങ്ങളിൽ വാക്കുകളിലൂടെ ആശ്വസിപ്പിക്കുന്നതിലും നല്ലത് ഒരു ടൈറ്റ് ഹഗ് തന്നെയാണ്.

അത് ശരിക്കും ഫലപ്രദം ആണ് എന്നതിന്റെ തെളിവാണ് പെട്ടെന്ന് തന്നെ മീനുവിന്റെ കരച്ചിലിന്റെ ശക്തി കുറഞ്ഞു കുറഞ്ഞ് വന്നു, ഒടുക്കം പൂർണ്ണമായും നിന്നു.......ഇപ്പോ ഒരു അനക്കവും ഇല്ല....... ഒന്നും മിണ്ടാതെ, അനങ്ങാതെ എന്റെ നെഞ്ചിൽ തല ചായ്ച്ച്

കിടപ്പാണ് എന്റെ പെണ്ണ്..... ഞാൻ വെറുതെ അവളുടെ മുടിയിഴകളിൽ വിരലോടിച്ച് കളിച്ചു, ജസ്റ്റ് ഫോർ എ രസം...

ശ്രീലക്ഷ്മിയെ ഇവിടെ താമസിപ്പിക്കണം എന്ന് ആവശ്യപ്പെട്ടതും ഇവൾ തന്നെ, അതെ ഇവൾ തന്നെയാണ് സന്തോഷിക്കാൻ തുടങ്ങിയപ്പോഴേക്കും പ്രശ്നങ്ങൾ വരുന്നു എന്നും പറഞ്ഞ് കിടന്ന് കരയുന്നത്, പക്ഷെ എനിക്ക് ഇപ്പോ ഇവളെ മനസ്സിലാവുന്നുണ്ട്, എന്റെ മീനൂട്ടിയെ........

ശ്രീലക്ഷ്മി വന്ന് കരഞ്ഞു പറഞ്ഞപ്പോൾ അത് മൊത്തം കള്ളം ആണെന്ന് അറിഞ്ഞിട്ടും ഇനി അഥവാ ബിരിയാണി കൊടുത്താലോ എന്ന് പറഞ്ഞ പോലെ ഇനി അഥവാ ശ്രീലക്ഷ്മി പറഞ്ഞ പോലെ ചെയ്താലോ എന്ന തോന്നലാണ് അവളെ കൂടെ നിർത്താൻ എന്റെ മീനൂസിനെ പ്രേരിപ്പിക്കുന്നത്, ഒപ്പം എത്ര ഒക്കെ ഉപദ്രവിച്ചിട്ടും സ്നേഹിക്കാൻ മാത്രം അറിയുന്ന പെണ്ണിന്റെ സഹോദരി സ്നേഹവും..... മറുവശത് എന്നോടുള്ള ഇഷ്ടം, ഞങ്ങൾ ഒരുമിച്ച് ജീവിച്ച് തുടങ്ങുകയായിരുന്നു.... അതിനിടയിൽ ഒരു കരടായി ശ്രീലക്ഷ്മി, പിന്നെ ശ്രീലക്ഷ്മിയെ ഇവിടെ താമസിപ്പിക്കുന്നത് എന്നെ വിഷമിപ്പിക്കുന്നു എന്ന തോന്നലും, ആ ദുഖവും ക്ലേശവും എല്ലാം കൂടിയാണ് ഇപ്പോ എന്റെ നെഞ്ചിൽ കിടന്ന് കരഞ്ഞു തീർത്തത്......

“എന്താ ഇങ്ങനെ നോക്കുന്നേ??”

കുറെ നേരം എന്റെ നെഞ്ചിൽ മുഖം പൂഴ്ത്തി നിന്ന ശേഷം അകന്നു മാറി എന്റെ കണ്ണിലേക്കു തന്നെ ഒരു പ്രത്യേക ഭാവത്തിൽ നോക്കി നിൽക്കുന്നത് കണ്ട് ഞാൻ ചോദിച്ചു

ഈ പെണ്ണിന് ഇത് എന്ത് പറ്റി?? ഞാൻ അന്ന് ഇവളെ ആദ്യമായി കണ്ടപ്പോൾ ആ സാഹചര്യത്തിലും ഒരു നിമിഷം ഓടി രക്ഷപ്പെടാൻ ഒന്നും ശ്രമിക്കാതെ ഇവളെ തന്നെ നോക്കി നിന്നിരുന്നു, ഏകദേശം അതുപോലെ ആണ് ഇവൾ ഇപ്പോ എന്നെ നോക്കി നിൽക്കുന്നത്....

കുറച്ചു നേരം അങ്ങനെ നോക്കി നിന്ന ശേഷം മീനു എന്റെ നെറ്റിയിൽ ഒരു മുത്തം തന്നു, എന്റെ പെണ്ണ് എനിക്ക് തരുന്ന ആദ്യ ചുംബനം.... അതിന്റെ കിക്ക് വിടും മുന്നെ കിട്ടി ഇരു കവിളിലും ഓരോ ചുടു ചുംബനങ്ങൾ കൂടി, ശരീരത്തിലെ ഓരോ രോമവും അപ്പോഴേക്കും ആ കാഴ്ച കാണാനെന്നവണ്ണം എഴുന്നേറ്റ് നിന്നിരുന്നു,

അതൊരു തുടക്കം മാത്രം ആയിരുന്നു, ഭ്രാന്ത് പിടിച്ച പോലെ ആയിരുന്നു അവളുടെ പിന്നീടുള്ള നീക്കം. നെറ്റി, കവിൾ, മൂക്ക്, കണ്ണ്, താടി,തുടങ്ങി ചുണ്ടിനെ മാത്രം പരിഗണിക്കാതെ മറ്റെല്ലാം പെണ്ണ് ചുംബനം കൊണ്ട് മൂടി... അവളുടെ പവിഴാധരങ്ങൾ മുഖത്ത് ഇഴഞ്ഞു നടക്കുമ്പോൾ ഒന്ന് അനങ്ങാൻ പോലും കഴിയാതെ ഞാൻ പ്രതിമ പോലെ നിന്നു.... ഞാൻ അവളുടേത് മാത്രം ആണെന്ന് അവൾ സ്വന്തം മനസ്സിനെ ഓർമ്മിപ്പിക്കുന്നത് പോലെയാണ് എനിക്ക് തോന്നിയത്

എത്ര നേരം ആ അധരങ്ങൾ എന്റെ മുഖത്ത് ഇഴഞ്ഞു നടന്നു എന്നറിയില്ല, എല്ലാം അവസാനിപ്പിച്ചുകൊണ്ട് മീനു അകന്നു മാറി നിന്ന് കിതയ്ക്കാൻ തുടങ്ങുമ്പോഴാണ് എനിക്ക് ചലനശേഷി തിരിച്ച് കിട്ടിയത്, ഞൊടിയിടയിൽ ഞാൻ മീനുവിന്റെ ഇടുപ്പിലൂടെ കൈ ചുറ്റി എന്നോട് ചേർത്തു നിർത്തി... എന്റെ പെണ്ണിന്റെ ചുടുനിശ്വാസം മുഖത്തടിച്ചതും തിരിച്ച് സ്വസ്ഥമായി കിടക്കാൻ പോയ രോമങ്ങൾ എല്ലാം വീണ്ടും എഴുന്നേറ്റ് വന്നു. ഇപ്പോഴാണ് പെണ്ണ് സ്വബോധത്തിലേക്ക് തിരിച്ചു വന്നത് എന്ന് തോന്നുന്നു, ഇപ്പോ ആ സുന്ദരമായ മുഖത്ത് നാണമാണ്....... അത് അവളെ കൂടുതൽ സുന്ദരിയാക്കി...

ഒരു നിമിഷം ഞങ്ങളുടെ കണ്ണുകൾ കൂട്ടി മുട്ടിയതും, ഉള്ളിൽ പറഞ്ഞറിയിക്കാൻ കഴിയാത്ത വികാരം ഉടലെടുത്തു.... അതെ നിമിഷം എന്റെ ചുണ്ടുകൾ യാന്ത്രികമായി മീനുവിന്റെ മുഖത്തേക്ക് അടുത്തു, അതു ചെന്ന് നിന്നത് ആ എണ്ണമയമുള്ള മൂക്കിലും.

എന്റെ ചുണ്ടുകൾ മൂക്കിൽ മുട്ടിയതും മീനു കണ്ണുകൾ ഇറുകി അടച്ചു.... ഒട്ടും സമയം കളയാതെ ഞാൻ ആ ഇറുകി അടച്ച നീളൻകണ്ണുകളിലും ചുണ്ട് മുട്ടിച്ചു, ഒപ്പം ഇടുപ്പിലൂടെ ചുറ്റി പിടിച്ച കൈ ഒന്നുകൂടി മുറുക്കി... അതോടെ മീനു ഒരു ദീർഘശ്വാസം എടുത്തുകൊണ്ട് കാൽ വിരലിൽ പൊന്തി...

ഇപ്പോ എന്റെ ചുണ്ടിന് നേരെയാണ് അവളുടെ വിറയ്ക്കുന്ന അധരങ്ങൾ നിൽക്കുന്നത്, രണ്ടാമത് ചിന്തിക്കാൻ എനിക്ക് സാധിച്ചില്ല...... ആ വിറയ്ക്കുന്ന

പവിഴാധരങ്ങളിൽ ഞാൻ എന്റെ ചുണ്ട് മുട്ടിച്ചു, അപ്പോഴേക്കും മീനുവിന്റെ അധരങ്ങളിലെ വിറയൽ ശരീരം ആസകലം പടർന്നിരുന്നു... എന്റെ അധരങ്ങൾ ചുംബിക്കാൻ മറന്നത് പോലെ അങ്ങനെ തന്നെ അടങ്ങി നിന്നു
പെട്ടെന്ന് എന്നെ ഞെട്ടിച്ചുകൊണ്ട് മീനു മുഖം അല്പം പിൻവലിച്ച ശേഷം ശക്തമായി എന്റെ അധരങ്ങളിലേക്ക് അവളുടെ തേൻ കിനിയുന്ന അധരങ്ങൾ മുട്ടിച്ചു....

ഇനിയും ആ അധരങ്ങളിലെ തേൻ കുടിക്കാനുള്ള ദാഹം എനിക്ക് പിടിച്ചു നിർത്താൻ കഴിയില്ല..... എന്റെ പെണ്ണിന്റെ വിടർന്ന കീഴ് ചുണ്ട് ഞാൻ ഞൊടിയിടയിൽ വായിലാക്കി നുണഞ്ഞു... ഒരു തീഗോളം എടുത്ത് വായിൽ വച്ചതുപോലെ തോന്നി, ഉമിനീരിന് പകരം തീ ഇറങ്ങി പോവുന്നത് പോലെ...... ഞാൻ ആ കീഴ് ചുണ്ടിലെ തേൻ നുകരുമ്പോൾ മീനു കണ്ണുകൾ ഇറുക്കി അടച്ചുകൊണ്ട് എന്റെ മുടിയിഴകളിൽ വിരലോടിക്കുകയായിരുന്നു.... എത്ര നുണഞ്ഞിട്ടും മതിയാവുന്നില്ല, ഞാൻ ആവേശത്തോടെ ആ തേൻ അധരങ്ങളെ നുണഞ്ഞു കൊണ്ടിരുന്നു, വളരെ സമയമെടുത്ത് ആസ്വദിച്ചു ചെയ്ത അധരപാനത്തിന് ശേഷം ഞാൻ അകന്ന് മാറുമ്പോഴും കണ്ണുകൾ ഇറുക്കി അടച്ച് നിൽക്കുകയാണ് എന്റെ മീനൂട്ടി..... കക്ഷി ഇപ്പോഴും വായ പൂർണമായും അടച്ചിട്ടില്ല, ആ നിൽപ്പ് കണ്ടപ്പോൾ എനിക്കൊരു കൗതുകം തോന്നി....

ഞാൻ എന്റെ നാവ് മെല്ലെ ആ തുറന്നു പിടിച്ച വായിലേക്ക് തളി കൊടുത്തു, ഒന്ന് ഞെട്ടിയ ശേഷം ഇര വിഴുങ്ങിയ പെരുമ്പാമ്പിനെ പോലെ എന്റെ നാവും വായിൽ വെച്ച് അനങ്ങാതെ നിൽക്കുകയാണ് കക്ഷി....
ഞാൻ വീണ്ടും ഇടുപ്പിലൂടെ കൈ ചുറ്റി ചേർത്തു പിടിച്ച ശേഷം നാവ് മെല്ലെ അനക്കി കളിച്ചതും പെണ്ണ് ചെറുതായി ഒന്ന് നുണഞ്ഞു നോക്കി..... ശേഷം ആവേശത്തോടെ എന്റെ നാവിനെ വായിലിട്ട് നുണഞ്ഞുകൊണ്ടിരുന്നു, ഇടയ്ക്ക് പല്ല് കൊള്ളുന്നുണ്ടെങ്കിലും അതൊന്നും കാര്യമാക്കാതെ ഞാൻ ആ സ്വർഗ്ഗീയ നിമിഷം പൂർണമായും ആസ്വദിച്ചു....

പിന്നീട് അങ്ങോട്ട് ഒരു യുദ്ധം തന്നെ ആയിരുന്നു, ആ യുദ്ധത്തിൽ എന്റെ ആയുധങ്ങൾ ചുണ്ടും നാവും മാത്രം ആയിരുന്നെങ്കിൽ മീനൂട്ടി അവളുടെ

പവിഴാധരങ്ങളുടെയും നാവിന്റെയും പുറമെ മറ്റൊരു മൂർച്ചയുള്ള ആയുധം കൂടി എടുത്തു, ആ മൂർച്ചയുള്ള പല്ലുകൾ...... എങ്കിലും തോറ്റുകൊടുക്കാൻ ഞാൻ തയ്യാറായിരുന്നില്ല, ഞങ്ങൾ പരസ്പരം പോരടിച്ചു..... ഞങ്ങളുടെ ഉമിനീരുകൾ ഒന്നായി, നാവുകൾ ഇണചേർന്നു, ഞങ്ങൾക്ക് ചുറ്റും ഉള്ള ലോകത്തെ മറന്നുകൊണ്ട് ഞങ്ങൾ മത്സരിച്ച് ചുംബിച്ചു.... ഞങ്ങളുടെ ആദ്യത്തെ റിയൽ കിസ്സ്..... ഒടുക്കം ശ്വാസം കിട്ടാതെ അകന്ന് മാറുമ്പോഴും ഞങ്ങൾ കെട്ടിപ്പിടിച്ചുകൊണ്ട് തന്നെ നിന്നു....
അങ്ങനെ കെട്ടിപ്പിടിച്ചു നിൽകുമ്പോൾ എന്റെ പെണ്ണിന്റെ ശ്വാസഗതി തിരിച്ച് സാധാരണ ഗതിയിലേക്ക് വരുന്നത് ഞാൻ അറിഞ്ഞു, അവളും എന്റെ ഹൃദയമിടിപ്പ് ശ്രദ്ധിക്കുകയാണെന്ന് തോന്നുന്നു....

പെട്ടെന്ന് അപ്പുറത്ത് നിന്ന് ഒരനക്കം കേട്ട് നോക്കുമ്പോൾ ഞാൻ കണ്ടത് ഞങ്ങളെ തന്നെ നോക്കി നിൽക്കുന്ന ശ്രീലക്ഷ്മിയെ ആണ്, ഞാൻ കണ്ടു എന്ന് മനസ്സിലാക്കിയതും അവൾ വേഗം തിരിഞ്ഞ് അകത്തേക്ക് നടന്നു..... മീനു ഇതൊന്നും അറിയാതെ എന്നെ കെട്ടിപ്പിടിച്ച് നിൽക്കുകയാണ്, പെണ്ണ് ഇപ്പോഴും മറ്റൊരു ലോകത്താണെന്ന് തോന്നുന്നു..... എന്തായാലും ശ്രീലക്ഷ്മി കണ്ടതിൽ എനിക്ക് പ്രത്യേകിച്ച് ഒന്നും തോന്നിയില്ല, കുറച്ച് കാലത്തേക്കെങ്കിലും ഞങ്ങളുടെ സ്വകാര്യതയിൽ ഒരു കരടായി അവൾ ഉണ്ടാവും എന്ന് ഓർക്കുമ്പോഴുള്ള വിഷമം മാത്രം...... പക്ഷെ എന്റെ മീനൂട്ടിക്ക് വേണ്ടി അതും സഹിക്കാൻ ഞാൻ തയ്യാറാണ്.

“ലുട്ടാപ്പി പല്ല് തേച്ചിട്ടില്ല ലേ...”

ഒരുപാട് നേരത്തെ മൗനത്തിന് ശേഷം മീനു എന്നോട് ചോദിച്ചു, ആദ്യ ചുംബനത്തിന് ശേഷം എന്റെ പെണ്ണ് എന്നോട് റൊമാന്റിക് ആയി ചോദിച്ചത് ഇതാണ്..... അതോടെ എന്റെ മൂഡ് ഒക്കെ കാറ്റഴിച്ചു വിട്ട പന്ത് പോലെ പോയി...

"ഓ രാവിലെ തന്നെ ദേഷ്യം പിടിച്ച് ഇറങ്ങി പോവുമ്പോ പല്ലും തേച്ച് കുളിച്ചൊരുങ്ങി പോവാ......"
ഞാൻ ഒരു ഒഴുക്കൻ മട്ടിൽ മറുപടി കൊടുത്തു.... പെണ്ണിന് ചിരി വരുന്നുണ്ട്, അത് നിയന്ത്രിക്കാൻ പാട് പെടുന്നുണ്ട്...
അത് കൂടി കണ്ടപ്പോൾ എനിക്ക് ശരിക്കും ചൊറിഞ്ഞു കയറാൻ തുടങ്ങി,

"ഓ അത്രയ്ക്ക് ഇതാണെങ്കിൽ ഇയാള് എന്തിനാ ഐസ്ക്രീം കുടിക്കുന്ന പോലെ ഊമ്പി ഊംബി കുടിച്ചേ??"
എന്റെ ഊഹം തെറ്റിയില്ല, ആ ഒറ്റ ഡയലോഗിൽ പെണ്ണിന്റെ പത്തി മടങ്ങി, മുഖത്ത് ആകെ ഒരു ചമ്മൽ, എന്റെ കണ്ണിലേക്കു നോക്കാൻ കഴിയാതെ മുഖം വെട്ടിച്ച് കളഞ്ഞു....

"ഹാ പറയെടാ....... ഇത്ര അറപ്പുള്ള ആള്..............."

എന്നെ പറഞ്ഞ് മുഴുമിപ്പിക്കാൻ മീനു സമ്മതിച്ചില്ല, അതിന് മുന്നെ ഇരുകൈ കൊണ്ടും എന്റെ തലയുടെ പുറകിൽ പിടിച്ച് എന്നെ അവളിലേക്ക് അടുപ്പിച്ചുകൊണ്ട് എന്റെ ചുണ്ടുകളെ അവൾ വിഴുങ്ങിയിരുന്നു..... എനിക്ക് കാര്യം മനസ്സിലാവുന്നതിന് മുന്നെ എന്റെ ചുണ്ടും നാവും എല്ലാം എന്റെ പെണ്ണിന്റെ തടവിലായി കഴിഞ്ഞിരുന്നു, ആദ്യത്തേക്കാളും ആവേശത്തോടെ മീനു എന്റെ ചുണ്ടും നാവും എല്ലാം നുണഞ്ഞ് ആസ്വദിച്ചു, ഈ തവണ വെറുമൊരു ശിലയുടെ റോൾ ആയിരുന്നു എനിക്ക്.....

“ഇഷ്ടായത്............കൊണ്ട്”
അവസാനം എന്നിൽ നിന്നും അകന്ന് മാറിയ ശേഷം കിതച്ചുകൊണ്ട് മീനു പറഞ്ഞു, അവൾക്ക് എന്നെ ഇപ്പോ എത്രമാത്രം ഇഷ്ടമാണെന്ന് മനസിലാക്കാൻ എനിക്ക് ആ വാക്കുകളുടെ ആവശ്യമില്ല, എങ്കിലും അത് കേൾക്കുമ്പോൾ ഒരു വല്ലാത്ത സുഖം.....

വീണ്ടും ഞങ്ങൾ പരസ്പരം കെട്ടിപ്പിടിച്ച് ഒന്നായി നിന്നു, ഈ തവണ മീനു എന്റെ മാറിലേക്ക് മുഖം പൂഴ്ത്തിയില്ല, പകരം എന്റെ കണ്ണിലേക്കു തന്നെ നോക്കി നിന്നു...... കണ്ണുകൾ സ്നേഹം പങ്കുവെക്കുന്നു, ഒരു പ്രത്യേക അനുഭൂതി, ആ കണ്ണിലേക്ക് നോക്കുമ്പോൾ ഞാൻ എല്ലാം മറക്കുന്നു.......

"ദേവീ.....പ്രണയമാണ് എനിക്ക്... നിന്റെ കരിങ്കൂവളമിഴികളോട്.... ആ മനോഹാരിതയിൽ നിന്നും ഉറവപൊട്ടുന്ന പനിനീർക്കണങ്ങളോട്......”
ആ കണ്ണുകളിലേക്ക് നോക്കി കൊണ്ട് തന്നെ ഞാൻ പറഞ്ഞു, എന്തോ ആ കണ്ണുകളിലേക്ക് നോക്കി നിന്നപ്പോൾ പെട്ടെന്ന് മനസ്സിൽ വന്നത് ആ വരികളാണ്....
പക്ഷെ സംഗതി ഏറ്റില്ല, ഞാൻ പ്രണയാത്മകമായി പറഞ്ഞു നിർത്തിയതും പെണ്ണ് പൊട്ടി ചിരിക്കാൻ തുടങ്ങി....

“എന്താ??”
ആ ഇളി കണ്ട് ഞാൻ ചോദിച്ചു.....

“ഏയ്.......... ബൈഹാർട്ട് പഠിക്കാൻ കഷ്ടപ്പെടട്ടെന്നു തോന്നി....”
അതും പറഞ്ഞ് പെണ്ണ് വീണ്ടും ചിരിക്കാൻ തുടങ്ങി....

“ഓ ബൈഹാർട്ട് പഠിക്കേണ്ട കാര്യം ഒന്നുമില്ല, അതൊരു ജിന്നിന്റെ വരികളാണ് മോളെ, ഉള്ളിൽ കയറി കൂടിയ പിന്നെ ഇറങ്ങി പോവില്ല....”
ഞാൻ മീനൂന്റെ മൂക്കിൽ മൂക്ക് മുട്ടിച്ചുകൊണ്ട് പറഞ്ഞു....

“ഓ..... ഏത് ജിന്ന് ആണെങ്കിലും ഇപ്പോ തന്നെ ഇറക്കി വിട്ടോ, ഇനി ഞാൻ മാത്രം മതി ഇതിന്റെ അകത്ത്...”
എന്നും പറഞ്ഞ് മീനു എന്റെ നെഞ്ചിൽ ഒന്ന് വേദനിപ്പിക്കാതെ കുത്തിയിട്ട് നെഞ്ചിൽ തല വെച്ച് കിടന്നു... പെണ്ണിന്റെ കുശുമ്പ് കണ്ടപ്പോൾ എനിക്ക് ചിരി വന്നു, ഒപ്പം പറഞ്ഞറിയിക്കാൻ കഴിയാത്ത സന്തോഷവും......

“അതെ...... ഇങ്ങനെ കെട്ടിപ്പിടിച്ച് നിന്ന മതിയോ, വിശക്കുന്നു”

“അയ്യോ........ അത് മറന്നുപോയി, ഒന്നും ഉണ്ടാക്കിയില്ല”
എന്നിൽ നിന്നും അകന്നു മാറി മുഖം ചുളിച്ചു കൊണ്ടാണ് മീനു അത് പറഞ്ഞത്,

“ഓ ഇനി ഇപ്പോ കുക്ക് ചെയ്യണ്ട, ഹോട്ടലിൽ നിന്ന് വാങ്ങാ”
തോളിലൂടെ കയ്യിട്ട് ചേർത്തു പിടിച്ചുകൊണ്ടു ഞാൻ അത് പറഞ്ഞപ്പോൾ പെണ്ണിന് മുഖത്ത് പുഞ്ചിരി വിരിഞ്ഞു, അവൾ ആഗ്രഹിച്ച കാര്യമാണ് ഞാൻ പറഞ്ഞതെന്ന് ആ മുഖം കണ്ടാൽ അറിയാം

ഞങ്ങൾ കൈകൾ കോർത്തുകൊണ്ട് തന്നെ മുറിയിലേക്ക് നടന്നു, അകത്തു എത്തുമ്പോഴേക്കും മീനു എന്നിൽ നിന്നും അകന്നു മാറി നടന്നു..... ശ്രീലക്ഷ്മി കട്ടിലിൽ എന്തോ ആലോചിച്ച് ഇരിപ്പുണ്ട്,
ഞാൻ പല്ല് തേച്ച് മറ്റ് പ്രഭാത കർമങ്ങൾ ഒക്കെ തീർത്ത് വേഗം തന്നെ ഇറങ്ങി, ഇത്രയും നേരം വയറിനെ പരിഗണിക്കാതെ ഇരുന്നതിന് പുള്ളി പിണങ്ങിയിട്ടുണ്ട്, വയറു കാളാൻ തുടങ്ങി...

"ന്ക്കി ദോശ മതി ട്ടോ......."
ഇറങ്ങാൻ നേരം മീനു പിന്നാലെ വന്ന് പറഞ്ഞു....

"ഓ.....സമയം പതിനൊന്നു മണിയായി, എന്തെങ്കിലും ബാക്കി ഉണ്ടായ മതിയായിരുന്നു"
ഒട്ടും സമയം കളയാതെ ഞാൻ വണ്ടി എടുത്ത് ഹോട്ടലിലേക്ക് വിട്ടു, പ്രതീക്ഷിച്ച പോലെ ഹോട്ടലിൽ ഫുഡ് ഒക്കെ തീരാറായിരുന്നു.... ദോശ ഒക്കെ എപ്പോഴോ ഖത്തം ഹുവാ, അതുകൊണ്ട് കിട്ടിയ പുട്ടും കടല കറിയും വാങ്ങി ഞാൻ വേഗം തിരിച്ചു...

ദോശയ്ക്ക് പകരം പുട്ട് കണ്ടപ്പോൾ മുഖം ഒന്ന് ചുളിച്ചെങ്കിലും "തീർന്നുപോയി മീനൂസേ" എന്ന ഒറ്റ വാചകത്തിൽ പെണ്ണിന്റെ മുഖം വീണ്ടും തെളിഞ്ഞ് വന്നു, ഇത്ര എളുപ്പമാണോ എന്റെ പെണ്ണിനെ മെരുക്കാൻ...... ആ കണ്ടറിയണം...

ഞാനും മീനുവും ശ്രീലക്ഷ്മിയും ഒരുമിച്ചിരുന്ന് ഭക്ഷണം കഴിച്ചു, ശ്രീലക്ഷ്മിയുടെ സാന്നിധ്യം എന്നെ വല്ലാതെ അസ്വസ്ഥൻ ആക്കുന്നുണ്ട്, അതുകൊണ്ട് തന്നെ ഒരു വാക്ക് പോലും മിണ്ടാതെ ഞാൻ വേഗം ഭക്ഷണം കഴിച്ച് എഴുന്നേറ്റ് മുകളിൽ ടാങ്കിന്റെ അടുത്ത് ചെന്ന് ഇരുന്നു...

ഭക്ഷണം കഴിച്ച് കഴിഞ്ഞ് ഇരിക്കുമ്പോൾ സിഗരറ്റ് വലിക്കാൻ തോന്നുന്നുണ്ട്, പക്ഷെ ഞാൻ കഷ്ടപ്പെട്ട് നിയന്ത്രിച്ചു.... മറ്റന്നാളെ ആണ് catamounts fc യുടെ സെലെക്ഷൻ

ക്യാമ്പ്, ഇനിയും ഈ പുകവലി നിർത്തിയില്ലെങ്കിൽ അത് എന്റെ ആഗ്രഹങ്ങൾക്ക് തടയിടും..... പിന്നെ മീനൂട്ടി, അവൾക്ക് ഞാൻ പുകവലിക്കുന്നത് ഇഷ്ടമല്ല.... സൊ, എത്ര കഷ്ടപ്പെട്ടും ഈ ദുശീലം നിർത്താൻ തന്നെ ഞാൻ ഉറച്ച തീരുമാനം എടുക്കുകയാണ്...

“ദേ..... ഇതൊന്ന് ഇട്ട് തരോ”
സിഗരറ്റ് വലിക്കാനുള്ള പ്രവണത കഷ്ടപ്പെട്ട് നിയന്ത്രിച്ചുകൊണ്ട് ഇരിക്കുമ്പോഴാണ് മീനു കയറി വന്നത്, കയ്യിൽ ഇന്നലെ മേരി കൊടുത്ത ഫോണും ഒരു സിം കാർഡുമുണ്ട്.... അത് ഇട്ട് കൊടുക്കാനാണ് പെണ്ണ് പറഞ്ഞത്..

“ഈ തുളയിൽ കയറ്റുന്ന സുന എവിടെ?? അത് വേണം.....എന്നാലെ ഇത് ഉള്ളിൽ ഇടാൻ പറ്റു”
ഞാൻ ഒരു വഷളൻ ചിരിയോടെ പറഞ്ഞെങ്കിലും പെണ്ണിന് കാര്യം പിടികിട്ടിയിട്ടില്ല....

“ഇതുവരെ ഒരു തുളയിലും ഇടാൻ ഭാഗ്യം കിട്ടാത്ത ഒരു സുന എന്റെ കയ്യിലുണ്ട്, പക്ഷെ ഇതിലൊന്നും കൊള്ളില്ല...”
അത് കൂടി കൂട്ടി ചേർത്തപ്പോഴാണ് ഞാൻ പറയുന്നതിലെ ധ്വയാർത്ഥം പെണ്ണിന് പിടികിട്ടിയത്, ഒരുനിമിഷം ചിന്തിച്ച ശേഷം
“അയ്യേ വൃത്തികെട്ട സാധനം”
എന്നും പറഞ്ഞ് മുഖം ചുളിച്ചുകൊണ്ട് മീനു എന്റെ വയറിൽ ഒന്ന് പിച്ചി.....

“എന്റെ ഫോണിന്റെ കൂടെ കിട്ടിയ സുനയുടെ കാര്യമാണ് ഞാൻ പറഞ്ഞേ, നീ എന്താ ഉദ്ദേശിച്ചത് മീനൂസേ??”
അവളെ മുഖം പിടിച്ച് ഉയർത്തി കണ്ണിലേക്കു നോക്കി കൊണ്ട് ഞാൻ അത് ചോദിച്ചതും പെണ്ണിന്റെ മുഖം ആകെ നാണം കൊണ്ട് ചുവന്നിരുന്നു...

“ഹാ പറയെടോ....... താൻ എന്താ ഉദ്ദേശിച്ചേ??”

അങ്ങനെ വിടാൻ ഉദ്ദേശിക്കാതെ ഞാൻ വീണ്ടും ചോദിച്ചതും എന്റെ കൈ തട്ടി മാറ്റിക്കൊണ്ട് മീനു എന്റെ നെഞ്ചിലേക്ക് മുഖം പൂഴ്ത്തി, നാണം വരുമ്പോൾ കെട്ടിപ്പിടിച്ച് മുഖം നെഞ്ചിലേക്ക് പൂഴ്ത്തുന്നത് പെണ്ണ് ഒരു അടവാക്കി മാറ്റിയിട്ടുണ്ട്... കുറച്ച് നേരത്തേക്ക് പിന്നെ രണ്ടുപേരും ഒന്നും മിണ്ടിയില്ല, അങ്ങനെ നിന്നു.....

“ലുട്ടൂസേ...... ഞാൻ ഒരു കാര്യം ചോദിച്ച സത്യം പറയോ??”

അല്പനേരം കഴിഞ്ഞ് എന്റെ നെഞ്ചിൽ നിന്നും മുഖം ഉയർത്തിയ ശേഷം മീനു ചോദിച്ചു, എന്റെ നെഞ്ചിൽ കിടന്നുകൊണ്ട് എന്തോ കാര്യമായ ചിന്തയിലായിരുന്നു കക്ഷി.... പക്ഷെ ആ ചോദ്യത്തെക്കാൾ ലുട്ടൂസേ എന്ന വിളിയിലേക്കാണ് എന്റെ ശ്രദ്ധ പോയത്..

“ലുട്ടൂസോ?? അത് എന്നാത്ത് ചാധനം??”

“ന്ക്കി ഇഷ്ടള്ളത് വിളിച്ചോളാൻ പറഞ്ഞില്ലേ..... അപ്പൊ ന്ക്കി തോന്നുന്നത് ഒക്കെ ഞാൻ വിളിക്കും...”
കുഞ്ഞു കുട്ടികൾ വാശിപിടിച്ച് ചിണുങ്ങുന്ന പോലെയാണ് മീനു അത് പറഞ്ഞത്....
ഞാൻ എന്തെങ്കിലും ആവട്ട് എന്ന ഭാവത്തിൽ നിന്നു...

“അത് വിട്, നീ എന്താ ചോദിക്കാൻ വന്നേ??”

“സത്യം പറയോ??”
മീനു സംശയത്തോടെ എന്നെ നോക്കി കൊണ്ട് ചോദിച്ചു

“ഹാ നീ കാര്യം പറ പെണ്ണേ..... എങ്കിലല്ലേ സത്യം പറയാൻ പറ്റു”

“അത് ഇല്ലേ..... പിന്നെ..........ന്റെ വയസ്സ് പ്രശ്നമായി തോന്നിയിട്ടില്ലേ??”
മടിച്ചു മടിച്ചാണ് മീനു അത് ചോദിച്ചത്, അത് കേട്ടതും ചിരി വന്നെങ്കിലും ഞാൻ നിയന്ത്രിച്ചു...

“വയസ്സ്....... ആട്ടെ നിനക്ക് എത്ര വയസ്സായി??”
ഒന്ന് ചിന്തിക്കുന്ന പോലെ ഒക്കെ കാണിച്ചിട്ട് ഞാൻ ഒട്ടും ഗൌരവം കുറയ്ക്കാതെ ചോദിച്ചു...

“ഇരുപത്തിയെട്ട്...”
ഉടനെ കിട്ടി നിഷ്കളങ്കമായ ഉത്തരം

“ഇരുപത്തിയെട്ടോ....... അയ്യോ, അതൊരു പ്രശ്നം തന്നെയാണ്..... എനിക്ക് ഈ 35 പ്ലസ് ആണ് താല്പര്യം, ഇനി ഇപ്പോ എന്ത് ചെയ്യാനാണ്, അഡ്ജസ്റ്റ് ചെയ്യാ”
ഞാൻ അല്പം വിഷമം നടിച്ചുകൊണ്ടാണ് അത് പറഞ്ഞത്...

“അയ്യടാ..........ചെക്കന്റെ മോഹം നോക്ക്”
അതും പറഞ്ഞ് മീനു എന്റെ വയറിൽ വീണ്ടും പിച്ചി..... പെണ്ണ് തന്നെ ഓരോ കോണച്ച ചോദ്യവുമായി വരും, എന്നിട്ട് സത്യസന്ധമായി ഉത്തരം കൊടുത്ത എനിക്ക് നുള്ളും....

“സാരമില്ല...... ഈ ചേച്ചി ആന്റി ആവുന്നത് വരെ അഡ്ജസ്റ്റ് ചെയ്ത പോരെ....”
എന്നും പറഞ്ഞ് ഞാൻ വേഗം മീനൂന്റെ കൈ രണ്ടും എന്റെ ബന്ധനത്തിലാക്കി, വെറുതെ അടുത്ത നുള്ള് വാങ്ങണ്ട എന്ന് കരുതി... ഞാൻ പറഞ്ഞതിന്റെ അർത്ഥം മനസ്സിലാക്കുന്നതിന് മുന്നെ കൈകൾ എന്റെ തടവിൽ ആയതുകൊണ്ട് മീനൂന് എന്നെ

നുള്ളാൻ സാധിച്ചില്ല, അല്പം ട്യൂബ് ലൈറ്റ് ആണ് പെണ്ണ്. പക്ഷെ എനിക്ക് കിട്ടാനുള്ളത് വഴിയിൽ തങ്ങിയുമില്ല..... കൈ കൊണ്ട് ആക്രമിക്കാൻ കഴിയാത്ത വിഷമം മീനു പല്ല് കൊണ്ട് തീർത്തു, എന്റെ തോളിൽ തന്നെ കൃത്യമായി കടിച്ചു....

“ആ്ാാാ........................മീനൂസേ............വിട് വിട് വിട്........ പ്ലീസ് ആ്ാാാ............”
പല്ലുകൾ ആഴ്ന്നിറങ്ങിയ വേദനയിൽ ഞാൻ കിടന്ന് കൂവിയെങ്കിലും കുറച്ച് നേരം കഴിഞ്ഞാണ് മീനു അകന്ന് മാറിയത്....

“വേദനിച്ചോ ലുട്ടൂസേ......”
എല്ലാം കഴിഞ്ഞ് എന്നെ നോക്കി നിഷ്കളങ്കമായി അത് ചോദിച്ചപ്പോൾ ശരിക്കും എന്റെ പെണ്ണിന്റെ ഉള്ളിൽ വല അന്യനും കയറിക്കൂടി എന്നുവരെ ഞാൻ ചിന്തിച്ചുപോയി...

“ശ്യോ....... ആദ്യം ഞാൻ കരുതിയത് ഇത് കഴിഞ്ഞ ജന്മത്തിൽ പൂച്ചയായിരുന്നു എന്നാണ്, പക്ഷെ ഇപ്പോ തോന്നുന്നത് വല്ല നായക്കുട്ടി എങ്ങാനും ആയിരുന്നു എന്നാണ്”
തോള് ഉഴിഞ്ഞുകൊണ്ട് ഞാൻ ആരോടെന്നില്ലാതെ പറഞ്ഞപ്പോൾ അത് അത്ര ഇഷ്ടപ്പെടാതെ എന്നെ നോക്കി മുഖം ചുളിച്ച് കാട്ടുക മാത്രമേ അവൾ ചെയ്തുള്ളു...

“എന്താടി??”
ഞാൻ തോൾ ഉഴിയുന്നതും നോക്കി ചിരിച്ചുകൊണ്ട് നിൽക്കുന്നത് കണ്ട് ഞാൻ ഒന്ന് ഗൗരവം നടിച്ചെങ്കിലും ചുണ്ടുകൊണ്ട് ഉമ്മ തരുന്ന പോലെ കാണിച്ചുകൊണ്ട് മീനു എന്നെ ഇണക്കാൻ ശ്രമിച്ചു, എത്ര നിയന്ത്രിക്കാൻ ശ്രമിച്ചിട്ടും പെണ്ണിന്റെ മുഖത്തെ

ഭാവങ്ങൾ കണ്ടപ്പോൾ ഞാൻ ചിരിച്ചുപോയി, എന്റെ മുഖത്ത് പുഞ്ചിരി വിരിഞ്ഞ നിമിഷം മീനു എന്നെ വീണ്ടും കെട്ടിപ്പിടിച്ചു....

"ലുട്ടൂസേ...... ലുട്ടൂസിന് വല മാജിക്കും അറിയോ??"
എന്നെ കെട്ടിപ്പിടിച്ച ശേഷം തോളിൽ അവൾ കടിച്ച ഭാഗത്ത് തടവികൊണ്ടാണ് മീനു അത് ചോദിച്ചത്...
ഞാൻ അതിന് മറുപടി ഒന്നും പറയാതെ അവളെ സംശയത്തോടെ നോക്കി....

"അല്ല...... ഞാൻ വല്ലാതെ മാറിയിരിക്കുന്നു, അതിന് കാരണം ലുട്ടൂസാ"
തോളിൽ ഒരു ചുംബനം തന്ന ശേഷമാണ് മീനു അത് പറഞ്ഞത്...
അവൾ ഉദ്ദേശിച്ചത് എന്താണെന്ന് എനിക്ക് വ്യക്തമായില്ല,

"എന്ത് മാറ്റം??"
ഞാൻ ഒട്ടും സമയം കളയാതെ ചോദിച്ചു

"ന്ക്കി ഇപ്പോ വാശിയും, ദേഷ്യവും, കുശുമ്പും, പിന്നെ സന്തോഷവും ഒക്കെ തോന്നാൻ തുടങ്ങിയിട്ടുണ്ട്"
എന്റെ കണ്ണിലേക്കു തന്നെ നോക്കി കൊണ്ടാണ് അവൾ അത് പറഞ്ഞത്

"അതൊക്കെ എല്ലാർക്കും ഉള്ളതല്ലേ മീനൂട്ടി....."
ഞാൻ അവളെ കവിളിൽ പിടിച്ച് വലിച്ചുകൊണ്ട് ചോദിച്ചു

"ന്ക്കി അങ്ങനെ ഒന്നും ഇല്ലായിരുന്നു, മനസ്സ് ആകെ മരവിച്ച് പോയിരുന്നു.... ശരിക്കും......... ജീവിതത്തിൽ ഇതുവരെ ഞാൻ ഒരു കാര്യത്തിന് വേണ്ടിയും വാശി പിടിച്ചിട്ടില്ല, പക്ഷെ ഇപ്പോ എനിക്ക് ഇത്തിരി വാശിയൊക്കെ വന്നിട്ടുണ്ട്...... എല്ലാം, എല്ലാത്തിനും കാരണം ഈ കള്ള ലുട്ടാപ്പിയാണ്"
എന്നും പറഞ്ഞ് എന്റെ തോളിൽ മീനു ഒരുവട്ടം കൂടി ചുംബിച്ചു.....

എനിക്ക് എന്റെ പെണ്ണിനോട് പറയാൻ ഒന്നും ഇല്ലായിരുന്നു, ഞാൻ അവളെ എന്നോട് ചേർത്തു പിടിച്ച് നിന്നു....
എന്റെ മീനൂട്ടിയുടെ വാശിയും ദേഷ്യവും കുറുമ്പും ഒക്കെ എനിക്ക് ആസ്വദിക്കണം, ഇവളെ എല്ലാ ആഗ്രഹങ്ങളും എനിക്ക് സാധിച്ച് കൊടുക്കണം, സ്നേഹിക്കണം അളവില്ലാതെ സ്നേഹിക്കണം..."അയ്യോ........ ഉച്ചയ്ക്കത്തേക്കുള്ള ചോറിന് വെള്ളം വെച്ചിരുന്നു....... അയ്യോ.........മറന്നു"
പെട്ടെന്ന് എന്നിൽ നിന്നും അകന്നു മാറി കൊണ്ട് മീനു തലയിൽ കൈ വെച്ച് പറഞ്ഞു

"ഹാ ബെസ്റ്റ്...... അതൊക്കെ വറ്റി കാണും, പോയി ഒന്നൂടെ വെച്ചോ"

"അയ്യോ...... ഒന്ന് വാ ലുട്ടൂസേ........ ഒന്ന് ഇറക്കി കൊണ്ട, വേഗം....... വാ"
എന്റെ കയ്യിൽ പിടിച്ച് വലിച്ചുകൊണ്ട് മീനു തിടുക്കം കൂട്ടി, അപ്പോഴാണ് പെണ്ണിന് ഏണി ഇറങ്ങാൻ പേടിയുള്ള കാര്യം എനിക്ക് ഓർമ്മ വന്നത്...... ഹാ ഹ........

"വല്യ കാര്യത്തിൽ കേറി വന്നല്ലോ, അതെ പോലെ അങ്ങ് ഇറങ്ങിക്കോ"
ഒന്ന് കളിപ്പിക്കാ എന്ന് കരുതി അല്പം പുച്ഛത്തോടെ ഞാൻ പറഞ്ഞു

“ദേ ലുട്ടൂസേ തമാശ കളിക്കല്ലേ....... ന്ക്കി പേടി ആയോണ്ടല്ലേ, ഒന്ന് ഇറക്കി താ..”
പെണ്ണ് ഒടുക്കത്തെ അടവ് എടുത്തു, മുഖത്ത് നിസ്സഹായ ഭാവം വരുത്തി... ആ ഭാവത്തിൽ എന്റെ മീനൂട്ടി എന്ത് പറഞ്ഞാലും ആരായാലും ചെയ്ത് പോവും, പക്ഷെ എന്റെ ഉള്ളിലെ സാഡിസ്റ്റ് അതിനേക്കാൾ ഒക്കെ മുകളിൽ ആയിരുന്നു

“ശരി...... ഇറക്കി തരാം, പക്ഷെ ഞാൻ പറയുന്ന പോലെ ചെയ്യണം, സമ്മതമാണോ??”
ഞാൻ ചോദ്യ ഭാവത്തിൽ നോക്കിയപ്പോൾ കീഴ് ചുണ്ട് പുറത്തേക്ക് നീട്ടി കണ്ണ് ചിമ്മി കളിച്ചുകൊണ്ട് മീനു പരിഭവം നടിച്ചു

“അയ്യടാ എന്തോര് പാവം....... ഇന്നലെ മേരി എനിക്ക് ശിക്ഷയായിട്ട് അടിച്ച് വാരാൻ പറഞ്ഞപ്പോൾ അത് നോക്കി ഇരുന്ന് ചിരിച്ചില്ലെടി ദുഷ്ടെ നീ.....”

“ലുട്ടൂസേ..........ഉം.....”
ഞാൻ പ്രതികാരം ചെയ്യാൻ പോവുകയാണെന്ന് മനസ്സിലായതും പെണ്ണ് വേഗം എന്നെ സോപ്പിടാൻ വേണ്ടി ചിണുങ്ങിക്കൊണ്ട് കെട്ടിപ്പിടിക്കാൻ വന്നെങ്കിലും ഞാൻ തടഞ്ഞു....

“വേഗം ഞാൻ പറയുന്നത് ചെയ്ത വേഗം താഴെ പോവാ....”

കെട്ടിപ്പിടിച്ചുകൊണ്ട് എന്നെ വീഴ്ത്താനുള്ള ശ്രമം പാളിപ്പോയ വിഷമത്തിൽ നിന്ന മീനു ഇതും കൂടി കേട്ടതോടെ നിസ്സഹായ ഭാവം എന്ന അടവ് മാറ്റി കൊണ്ട് കലിപ്പ് മോഡിലേക്ക് മാറി....

“നാ വേഗം പറ.......”
മുഖം കാറ്റടിച്ച് വീർപ്പിച്ച പന്ത് പോലെ ആക്കികൊണ്ട് മീനു പറഞ്ഞു, ആ ഭാവം കാണുമ്പോൾ ചിരി വരുന്നുണ്ടെങ്കിലും കുറച്ചും കൂടി കളിപ്പിക്കാൻ വേണ്ടി ഞാൻ അത് പുറത്ത് കാണിച്ചില്ല..

“സിംപിൾ ടാസ്ക് ആണ്, ഞാൻ ഒരുവട്ടം കാണിച്ച് തരാം അതുപോലെ ചെയ്‌ത മതി.........പറ്റുമോ??”

“ലുട്ടൂസേ..............”
കനത്തിലുള്ള ആ വിളിയായിരുന്നു എനിക്കുള്ള മറുപടി, അതിൽ ഞാൻ പറയുന്നതുപോലെ ചെയ്യാം എന്ന് സമ്മതിക്കുന്നതിനേക്കാൾ ഉപരി കാര്യം സാധിച്ചിട്ട് എനിക്കുള്ളത് തരുന്നുണ്ട് എന്നൊരു ഭാവമായിരുന്നു... പക്ഷെ ഐ ഡോണ്ട് കെയർ, എനിക്ക് പേടിയില്ല...

“ഓക്കെ ഗുഡ് ഗേൾ.......... ശ്രദ്ധിച്ച് നോക്ക് ഒറ്റ പ്രാവശ്യമേ കാണിച്ച് തരു”
ഞാൻ നിർദ്ദേശം കൊടുത്തു തുടങ്ങിയതും പണ്ട് സ്കൂളിൽ പഠിക്കുന്ന കാലത്ത് ഫ്രീ പീരിയഡ് കിട്ടുമ്പോൾ കണക്ക് മിസ്സ് കയറി വരുന്ന സമയത്തു പൊതുവെ ക്ലാസ്സിലെ എല്ലാ കുട്ടികളുടെയും മുഖത്ത് കാണാറുള്ള ആ ഒരു ഭാവമായിരുന്നു മീനൂന്റെ മുഖത്ത്....

“വലത്തേ കൈ മുകളിലേക്ക് പൊക്കി പിടിച്ചിട്ട് ‘സോറി ശക്തിമാൻ’ എന്ന് പറഞ്ഞുകൊണ്ട് കറങ്ങണം.... ഞാൻ പറയുന്നത് വരെ നിർത്തരുത്”
എന്നും പറഞ്ഞിട്ട് ഞാൻ ഒരു വട്ടം ട്രയൽ കാണിച്ചു കൊടുത്തു, നമ്മുടെ ശക്തിമാൻ തന്നെ... പുള്ളിയുടെ കൈ പൊക്കി പിടിച്ചുകൊണ്ടുള്ള ആ കറക്കം....... ഒപ്പം ‘സോറി ശക്തിമാൻ’ എന്നും കൂടി പറഞ്ഞോണ്ട് നിന്ന മതി, സോ സിംപിൾ.....

“അയ്യേ നേ കൊണ്ടൊന്നും വയ്യ....”
ഞാൻ ട്രയൽ കാണിച്ചു കൊടുത്തതും മീനു മുഖം ചുളിച്ചുകൊണ്ട് പറഞ്ഞു...

“എന്ന ശരി മോള് ഇവിടെ നിന്നോ..... ദാ മോളിലേക്ക് നോക്കി നിന്നോ വല്ല വിമാനവും പോയ കൈ കാണിച്ച് നിർത്തിച്ചോ....... ട്ടോ”
എന്നും പറഞ്ഞു ഒരു പുച്ഛ ചിരിയും ചിരിച്ചുകൊണ്ട് ഞാൻ താഴേക്ക് ഇറങ്ങാൻ നോക്കിയതും

“വേണ്ട ഞാൻ ചെയ്യാ”
എന്ന് അല്പം പരിഭവത്തോടെ പറഞ്ഞുകൊണ്ട് മീനു കലാപരിപാടി തുടങ്ങി....

“സോറി ശക്തിമാൻ.... സോറി ശക്തിമാൻ.... സോറി ശക്തിമാൻ..... സോറി ശക്തിമാൻ.............................................

വലത്തേ കൈ പൊക്കി പിടിച്ച് കറങ്ങി കൊണ്ട് മീനു സോറി ശക്തിമാൻ പറയാൻ തുടങ്ങി......

“ആ ഇടത്തെ കൈ വെറുതെ വെക്കണ്ട, വേണെങ്കിൽ അരയിൽ വെച്ചോ.....”
ടാസ്ക് ചെയ്യുന്നതിന് ഇടയ്ക്ക് ഞാൻ അഭിപ്രായം പറഞ്ഞുകൊണ്ട് ചിരിച്ചപ്പോൾ മീനു പെട്ടെന്ന് ‘സോറി ശക്തിമാൻ’ മാറ്റി മെല്ലെ വേറെ എന്തോ പറഞ്ഞെങ്കിലും അത് വ്യക്തമായി കേൾക്കാൻ സാധിച്ചില്ല, എന്നാലും ചുണ്ട് അനക്കം കണ്ടിട്ട് ‘പോടാ പട്ടീ” ന്ന് ആണെന്ന് തോന്നുന്നു....

“ഹേയ് നിർത്തല്ലേ....... നിർത്തിയ ഇനിയും സമയം കൂട്ടും”
ഇടയ്ക്ക് പെണ്ണ് ഒന്ന് നിർത്താൻ നോക്കിയതും ഞാൻ പറഞ്ഞു, ഹോ പെണ്ണിന്റെ മുഖം കാണണം.... സാഹചര്യം എതിരായി പോയി, അതുകൊണ്ട് ഉള്ള കലിപ്പ് മൊത്തം കടിച്ചു പിടിച്ച് നിൽക്കുകയാണ്....

“സോറി ശക്തിമാൻ.... സോറി ശക്തിമാൻ.... സോറി ശക്തിമാൻ..... സോറി ശക്തിമാൻ............................................

നല്ല രസമുണ്ട് കാണാൻ....ഹ ഹ ഹ ഹാാാ
ഞാൻ കൈ കൊട്ടി ചിരിച്ചു, അതൊക്കെ കൂടി കണ്ടിട്ട് പല്ല് കടിച്ചു കൊണ്ടാണ് മീനു ഇപ്പോ സോറി ശക്തിമാൻ പറയുന്നത്, ഇനിയും നിന്ന് കറങ്ങിയ പെണ്ണ് തല കറങ്ങി വീഴാൻ സാധ്യതയുണ്ടെന്ന് തോന്നിയത് കൊണ്ട് ഞാൻ ആ ടാസ്കിന് ഫുള്സ്റ്റോപ്പ് ഇട്ടു

“ഇനി നേ ഇറക്കി കൊണ്ട....ന്റെ നല്ല ചോറും ചെമ്പാണ്...... ഫ്മ്.....”
ടാസ്ക് അവസാനിച്ചതും ഒന്ന് തലയ്ക്ക് കൈ കൊടുത്ത് നിന്ന ശേഷം മീനു ചിണുങ്ങികൊണ്ട് പറഞ്ഞു, എനിക്ക് വേണ്ട എന്റർടൈൻമെന്റ് കിട്ടിയ സ്ഥിതിക്ക് ഇനിയും വെറുപ്പിക്കണ്ട എന്നു കരുതി ഞാൻ എന്റെ സഹധർമിണിയെ ഏണി ഇറങ്ങാൻ സഹായിക്കാൻ തീരുമാനിച്ചു...

“വാ.....”
മീനൂനെ വിളിച്ചുകൊണ്ട് ഞാൻ നടന്നു, ഞാൻ മുന്നിലും അവൾ പിന്നിലും ആയി നടക്കുന്നത് കൊണ്ടു തന്നെ അവൾ ഇപ്പോൾ പിന്നിൽ നിന്നും എന്നെ കൊഞ്ഞനം

കുത്തുകയാകും എന്ന് മനസിലാക്കാൻ എനിക്ക് പിന്നിൽ ഒരു കണ്ണിന്റെ ആവശ്യം ഇല്ലായിരുന്നു, പെട്ടെന്ന് ഞാൻ തിരിഞ്ഞ് നോക്കിയതും പെണ്ണിന്റെ മുഖം കൊണ്ടുള്ള ഗോഷ്ഠി ഞാൻ കൃത്യമായി കാണുകയും ചെയ്തു...ഞാൻ ഒന്ന് കണ്ണുരുട്ടി നോക്കിയതും മീനു ഒരു ഫ്ലയിങ് കിസ്സ് തന്നുകൊണ്ട് എന്നെ ഒതുക്കി...

"ഒരുമിച്ച് ഇറങ്ങിയാലോ??"

"അയ്യടാ.... അതൊന്നും പറ്റൂല്ല, മോൻ ആദ്യം ഇറങ്ങീട്ട് ഈ ഏണി ഒന്ന് പിടിച്ച് തന്ന മതി....."
എന്റെ അഭിപ്രായത്തിന് പുല്ലു വില്ല കല്പിച്ചു കൊണ്ട് മീനു പറഞ്ഞു, നല്ല ഐഡിയ ആയിരുന്നു രണ്ടാളും കൂടി ഒരുമിച്ച് ഇറങ്ങുന്നത്.....ഛെ, പെണ്ണിന് എന്റെ അത്ര ബുദ്ധി ഇല്ലാത്തത് കൊണ്ടാണ് വേണ്ടെന്ന് പറഞ്ഞത്... പിന്നെ ഞാൻ ഒന്നും പറയാൻ നിന്നില്ല, മീനു പറഞ്ഞത് അനുസരിച്ച് വേഗം ഏണി ഇറങ്ങി....

"അപ്പൊ ശരി......ഞാൻ പോവട്ടെ"
ഏണി ഇറങ്ങിയ ശേഷം ഞാൻ മീനുവിനെ നോക്കി കൈ വീശി കാണിച്ചുകൊണ്ട് പറഞ്ഞു

"ദേ തമാശ കളിക്കല്ലേ....... പ്ലീസ് നല്ല ലുട്ടൂസല്ലേ...... ചക്കര ലുട്ടാപ്പി അല്ലേ...... ഒന്ന് പിടിക്ക്"

"മ്മ് ശരി ശരി........ വാ വേഗം ഇറങ്ങിക്കൂട്"
ഞാൻ അല്പം ഗൗരവത്തിൽ പറഞ്ഞു

“മുറുകെ പിടിക്കണേ.....”
ഏണി ഇറങ്ങാൻ തുടങ്ങുന്നതിനു മുന്നെ എന്റെ പേടിത്തൂറി ഭാര്യ ഭയത്തോടെ പറഞ്ഞു, ഇത്രയും പേടിയുള്ള ആള് എന്തിനാ ന്നാ ചാടി കയറി വന്നത് ലേ

“ഹോ ഇങ്ങനെ കയറ്റാനും ഇറക്കാനും ഒക്കെ അറിയുന്ന ഒരു കെട്ടിയോനെ കിട്ടിയത് നിന്റെ ഭാഗ്യം..... ലേ മീനൂസേ”
പേടിച്ചു പേടിച്ച് ഏണി ഇറങ്ങി കൊണ്ടിരുന്ന മീനുവിനോട് ഞാൻ അത് ചോദിച്ചപ്പോൾ പെണ്ണ് ഒന്നും മിണ്ടിയില്ല, ഞാൻ പറഞ്ഞതൊന്നും കക്ഷി കേട്ടിട്ടേ ഇല്ലെന്ന് തോന്നുന്നു.....മുഴുവൻ ശ്രദ്ധയും ചെയ്യുന്ന ടാസ്ക്കിലാണ്, മല മറിക്കുകയല്ലേ....

തിരിഞ്ഞ് നിന്നുകൊണ്ട് ഏണി ഇറങ്ങുന്ന എന്റെ പതിയുടെ പിൻ അഴക് കണ്ട് എന്റെ കണ്ണ് തള്ളി പോയി.... ഒന്ന് രണ്ട് തവണ ശ്രദ്ധിച്ചിട്ടുണ്ടെങ്കിലും ഇത്ര അടുത്ത് കിട്ടുന്നത് ഇതാദ്യം, അതും ഞങ്ങൾ മനസ്സുകൊണ്ട് ഭാര്യാഭർത്താക്കൻമ്മാർ ആയതിന് ശേഷം...

“ഹായ് നല്ല ചന്തി”.
എന്റെ മുഖത്തിന് നേരെ എത്തിയ പെണ്ണിന്റെ നിതംബത്തിൽ പിടിച്ച് ഞെക്കികൊണ്ടാണ് ഞാൻ അത് പറഞ്ഞത്, പക്ഷെ ഇങ്ങനെ ഒരു സാഹചര്യം ആയതുകൊണ്ടാവാം പെണ്ണ് ഒരക്ഷരം മിണ്ടിയില്ല.... മെല്ലെ എന്തോ നാമം ചൊല്ലുന്നുണ്ട്.... രാമ രാമ രാമ അങ്ങനെ എന്തോ.....വളരെ ശ്രദ്ധയോടെ ഏണി ഇറങ്ങി താഴെ എത്തിയതും പെണ്ണ് ഒന്ന് കണ്ണും പൂട്ടി ദീർഘശ്വാസം എടുത്തു, അതിൽ നിന്നും തന്നെ അറിയാം അവൾ എന്ത് മാത്രം പേടിച്ചാണ് ഇറങ്ങിയതെന്ന്...

“സൂക്ഷിച്ച് നോക്കണ്ട മീനു ഇത് ഞാൻ അല്ല”

ഒന്ന് ശ്വാസം നേരെ ആയതും എന്നെ കണ്ണുരുട്ടി നോക്കുന്നത് കണ്ട് ഞാൻ പറഞ്ഞു, ഓടിയാലോ?? വേണ്ട നേരിടാം...

“കള്ള ലുട്ടാപ്പീ...... ഒരു ചോറി ച്ചക്തിമാൻ......... ഇപ്പൊ സമയം ഇല്ല്യ, ബാക്കി പോയി വന്നിട്ട്”

എന്നും പറഞ്ഞ് പാവം എന്റെ വയറ്റിനിട്ട് ഒരു കുത്തും തന്നിട്ട് പെണ്ണ് അകത്തേക്ക് ഓടി, അത്യാവശ്യം നല്ലൊരു കുത്ത് തന്നെ ആയത് കൊണ്ട് ഞാൻ വയറും പൊത്തിപ്പിടിച്ച് നിന്നുപോയി....

വയറും തടവിക്കൊണ്ട് തിരിയുമ്പോൾ ഞാൻ കണ്ടത് എന്നെ തന്നെ അത്ഭുതത്തോടെ നോക്കി നിൽക്കുന്ന ശ്രീലക്ഷ്മിയെയാണ്, ഇത് വല്ലാത്ത ശല്യം ആയല്ലോ.... ഇവൾ എന്തിനാ ഇങ്ങനെ ഞങ്ങളെ സ്വകാര്യ നിമിഷങ്ങൾ ഒക്കെ ശ്രദ്ധിക്കുന്നത്... എന്നാലും മീനു എന്നെ കുത്തിയത് അവൾ കണ്ടു, ഛെ......... എന്തെങ്കിലും ആവട്ടെ....

ഞാൻ മീനുവിന്റെ പിന്നാലെ അകത്തേക്ക് പോയി, പെണ്ണ് അടുക്കളയിൽ കാര്യമായ പണിയിലാണ്.

“വിഷ്ണുനേ വിളിച്ചിരുന്നോ??

പിന്നിൽ കാൽപ്പെരുമാറ്റം കേട്ട് ഞാൻ ആണെന്ന് മനസിലാക്കി മീനു ചോദിച്ചു, മെല്ലെ പിന്നിലൂടെ പോയി കെട്ടിപ്പിടിക്കാൻ വിചാരിച്ച ഞാൻ ശശി... അവൾ ചോദിച്ചപ്പോഴാണ്

ഞാൻ ചെക്കന്റെ കാര്യം ഓർത്തത്, രാവിലെ ആ താടക കയറി വന്നതോടെ എല്ലാം മറന്നുപോയി.... കാലിന്റെ വേദനയൊക്കെ മാറിയോ എന്തോ"ഇല്ല...... വിളിക്കാ" അറിയാതെ കെട്ടിപ്പിടിക്കുക എന്ന പ്ലാൻ പൊളിഞ്ഞെങ്കിലും പിന്നിലൂടെ കെട്ടിപ്പിടിച്ചുകൊണ്ട് തന്നെ ഞാൻ മറുപടി കൊടുത്തു...

"വിട് മോനു...... ശ്രീക്കുട്ടി ണ്ട് അവിടെ"
മേരി വിളിക്കുന്നത് പോലെയാണ് മീനു എന്നെ മോനു എന്ന് വിളിച്ചത്, ഈ പെണ്ണിനോട് ഇഷ്ടമുള്ളത് വിളിച്ചോ എന്ന് പറഞ്ഞത് വല്ലാത്ത അബദ്ധം ആയല്ലോ.... ഓരോ സമയത്ത് ഓരോന്നാണ് പെണ്ണ് വിളിക്കുന്നത്...

"ഓ പിന്നെ ചീക്കുട്ടി.......പോവാൻ പറ ഭൂതത്തിനോട്"
എന്നും പറഞ്ഞ് ഇടുപ്പിലൂടെയുള്ള പിടുത്തം ഒന്നൂടെ മുറുക്കി പിൻ കഴുത്തിൽ നിന്ന് മുടി മാറ്റിക്കൊണ്ട് അവിടെ ഞാൻ ഒന്ന് ചുംബിച്ചതും പെണ്ണ് വില്ല് പോലെ വളഞ്ഞ് എന്റെ മേലേക്ക് ചാഞ്ഞു

"വിട് ലുട്ടുസേ........ ഒരു പണി ചെയ്യുന്നത് കണ്ടില്ലേ..."
പരിഭവം പറഞ്ഞെങ്കിലും അത് കാര്യമാക്കാതെ ഞാൻ കഴുത്തിൽ ചുണ്ടുകൊണ്ട് ചിത്രം വരച്ചു, അനുസരിക്കില്ല എന്ന് മനസിലായതു കൊണ്ടാകാം മീനു പിന്നെ ഒന്നും മിണ്ടാതെ അടങ്ങി ഒതുങ്ങി നിന്നു.... ഞാൻ ആ കഴുത്തിൽ മുത്തിയും ഇടുപ്പിൽ നുള്ളിയും അങ്ങനെ എന്റെ പെണ്ണിനെ ഒട്ടി പറ്റി നിന്നു...

“അയ്യോ............”

പെട്ടെന്ന് ഒരു ശബ്ദം കേട്ട് ഞങ്ങൾ രണ്ടുപേരും ഒരുപോലെ ഞെട്ടിപ്പോയി, ഞാൻ വെറുതെ ഒന്ന് ഞെട്ടിയെ ഉള്ളു.. മീനൂട്ടിയാണ് “അയ്യോ” ന്ന് വിളിച്ചു അലറിയത്........... ഹോ...... ആ നാശം പിടിച്ചവൾ അപ്പുറത്ത് എന്തോ തട്ടിയിട്ട ശബ്ദം ആയിരുന്നു, പക്ഷെ എന്തായാലും പിന്നെ അങ്ങനെ നിൽക്കാൻ മീനൂട്ടി എന്നെ സമ്മതിച്ചില്ല.....അടുക്കളയിൽ നിന്നും ഉന്തിത്തള്ളി പുറത്താക്കി.

ഒന്നും ചെയ്യാതെ ഒറ്റയ്ക്ക് നിൽക്കുമ്പോഴാണ് സിഗരറ്റ് വലിക്കാനുള്ള പ്രവണത വരുന്നത്, മീനു അടുക്കളയിൽ ഉച്ചയ്ക്കത്തേക്കുള്ള കാര്യമായ പാചകത്തിലാണ്... ഒരു കൈ സഹായിക്കാൻ പോലും പെണ്ണ് അങ്ങോട്ട് അടുപ്പിക്കുന്നില്ല... ഞാൻ എന്തെങ്കിലും ഹെല്പ് ചെയ്യാമെന്ന് പറഞ്ഞപ്പോൾ “പ്ലീസ് സഹായിച്ച് ഉപദ്രവിക്കരുത്” എന്നും പറഞ്ഞാണ് അവൾ എന്നെ അടുക്കളയിൽ നിന്ന് ഉന്തിത്തള്ളി പുറത്താക്കിയത്... അത് പിന്നെ എന്റെ പാചകകലയിലുള്ള കഴിവിനെ കുറിച്ചൊക്കെ ആ മേരിതള്ള പറഞ്ഞ് കൊടുത്ത് കാണണം...

മറ്റേ ശവം ഉള്ളതുകൊണ്ട് അകത്ത് നിൽക്കാനും വയ്യ, എത്ര കാലം സഹിക്കേണ്ടി വരും ആവോ ഈ മാരണത്തിനെ....

വിഷ്ണുനെ വിളിച്ച് കാല് എങ്ങനെ ഉണ്ടെന്ന് ചോദിക്കണം, പക്ഷെ വിളിച്ചാൽ ഈ മാരണം വന്നു കയറിയത് എല്ലാം അവനോട് പറയണ്ടേ.....അയ്യോ, ചിന്തിക്കാൻ കൂടെ വയ്യ... അവളെ ഒന്നും ചെയ്യില്ല, ചിലപ്പോൾ വന്ന് എനിക്കിട്ട് രണ്ടെണ്ണം പൊട്ടിക്കും... മീനൂട്ടിക്ക് വേണ്ടിയാണ് അവളെ ഇവിടെ നിർത്താൻ തീരുമാനിച്ചതെന്ന് പറഞ്ഞാലൊന്നും അവൻ കേൾക്കില്ല... എന്ത് ചെയ്യും?? ഒറ്റ വഴിയേ ഉള്ളു, മീനുവിനെ കൊണ്ട് തന്നെ അവനോട് പറയിക്കണം..... യെസ് അതാണ് നല്ലത്...

മീനു ഫോണിൽ സിം ഇട്ട് കൊടുക്കാൻ പറഞ്ഞത് ഓർമ്മ വന്നപ്പോൾ അത് ചെയ്തിട്ട് ഞാൻ ഒന്ന് പുറത്തേക്ക് നടക്കാൻ ഇറങ്ങി, നട്ടുച്ചയ്ക്ക് ഇറങ്ങി നടക്കാൻ വട്ടൊന്നും ഇല്ല.... എങ്കിലും മീനു പണി എല്ലാം തീർത്ത് കുളിക്കാൻ കയറുമ്പോൾ ആ താടക മാത്രമാവും, അവളുടെ നോട്ടം കാണുമ്പോ തന്നെ ഒരെണ്ണം കൊടുക്കാൻ തോന്നുന്നുണ്ട്, അവൾ എങ്ങാനും സംസാരിക്കാൻ വന്ന എന്റെ സമനില തെറ്റി പോവും....... അങ്ങനെ ഒരു സാഹചര്യം ഒഴിവാക്കാനാണ് ഞാൻ പുറത്തേക്ക് ഇറങ്ങിയത്....

താഴെയുള്ള ബാലേട്ടന്റെ ബാർബർ ഷോപ്പിൽ ചെന്നിരുന്ന് കുറച്ചുനേരം പുള്ളിയുടെ പരദൂഷണം കേട്ടിരുന്നു, ഏതോ വടക്കേലെ മാധവന്റെ മോള് ബസിലെ കിളിയുടെ കൂടെ ഒളിച്ചോടിയ കഥയും, ജോസിന്റെ മോനെ കഞ്ചാവടിച്ച് പിടിച്ച കഥയും ഒക്കെ പുള്ളി ആവേശത്തോടെ പറയുന്നത് കേട്ട് സഹിച്ചിരിക്കേണ്ട വന്നു..... അല്ലെങ്കിലും എന്റെ തെറ്റാണ്, ഞാൻ വരാൻ പാടില്ലായിരുന്നു. ഇനി ഞാൻ പോയി കഴിഞ്ഞാൽ എന്നെ കള്ള വെടി വെക്കാൻ പോയപ്പോൾ നാട്ടുകാര് പിടിച്ച് കെട്ടിച്ചതാണ് എന്നും പറഞ്ഞ് ഒരു കഥ അവിടെ ഇരിക്കുന്നവർക്ക് പറഞ്ഞുകൊടുക്കും, അങ്ങനെ ഒരു കഥ നാട്ടിൽ ഇപ്പോഴേ പാട്ടാണ്, അതിന്റെ എല്ലാം മെയിൻ ആള് ഇങ്ങേരാണ്.. മേരിയുടെ പേരിലുള്ള ഈ ബിൽഡിംഗിൽ തന്നെയാണ് പുള്ളി കട നടത്തുന്നത്, അതിന്റെ നന്ദി ഇല്ലാതിരിക്കുമോ.... അതാണ് ബാലേട്ടൻ, നല്ല മനുഷ്യനാണ്...

അങ്ങനെ ബാലേട്ടന്റെ പരദൂഷണം അസഹനീയമായി തോന്നിയപ്പോൾ ഞാൻ തിരിച്ച് മുകളിലേക്ക് കയറി, അപ്പോഴേക്കും മീനു കുളിച്ച് വന്നിട്ടുണ്ട്... എന്റെ കൂടെ കൂടിയതിന്റെ മാറ്റങ്ങൾ കാണാനുണ്ട്, രാവിലെ ഉറങ്ങി എഴുന്നേറ്റ് ആദ്യം പോയി കുളിച്ചിരുന്ന ആളാണ് ഇപ്പോ നട്ടുച്ചയ്ക്ക് ഒക്കെ കുളിക്കുന്നത്...

“ലുട്ടൂസേ.........”

എന്നെ കണ്ടതും മീനു ഓടി വന്നു, എന്തോ എന്നോട് പറയാൻ വേണ്ടി കാത്തിരിക്കുകയായിരുന്നു കക്ഷി.... അത് വ്യക്തം.

“ഞാൻ ഉണ്ണിമായയെ വിളിച്ചിരുന്നു, അവൾ ജോലി ചെയ്യുന്ന ഹോസ്പിറ്റലിൽ ഒരു വേക്കൻസിയുണ്ട്, ഞാൻ........ഒന്ന്......... നോക്കട്ടെ”
അത് എന്നോട് പറയുമ്പോൾ പെണ്ണിന്റെ മുഖത്തെ സന്തോഷവും ആ ആവേശവും ഒക്കെ കാണുമ്പോൾ തന്നെ ഒരു പ്രത്യേക ഫീൽ, ഈ കാര്യത്തിൽ എന്റെ മീനൂട്ടിയോട് ഞാൻ നോ പറയാനോ....ഒരിക്കലും ഇല്ല.

“വെള്ള കുപ്പായം ഒക്കെ ഇട്ട് എന്റെ മീനൂട്ടി ഒരു മാലാഖ ആവുന്നത് കാണാൻ അല്ലേ ഞാൻ കാത്തിരിക്കുന്നത്..... ഇതിൽ ചോദിക്കാൻ എന്തിരിക്കുന്നു, പോവണം”
സന്തോഷം കൊണ്ട് പെണ്ണിന്റെ കണ്ണിൽ നിന്നും ആനന്ദാഷു ഒഴുകി, ഇത് ഇങ്ങനെ ഒരു സാധനം.... സന്തോഷം വന്നാലും സങ്കടം വന്നാലും ഒക്കെ കരയും..

കൂടുതൽ സംസാരത്തിന് നിൽക്കാതെ കെട്ടിപ്പിടിച്ച് ആ നെറ്റിയിൽ ഞാനൊരു ചുംബനം കൊടുത്തു... എനിക്ക് ഈ പട്ടാളക്കാരെയും ഡോക്ടർമാരെയും നഴ്സ്മാരെയും ഒക്കെ ബഹുമാനമാണ്, സ്വന്തം ജീവൻ പോലും പണയം വെച്ച്

നാടിനെയും നാട്ടുകാരെയും സേവിക്കാൻ ഇറങ്ങിയവർ...... എന്റെ മീനു അങ്ങനെ എനിക്ക് ഒരുപാട് ബഹുമാനമുള്ള ജോലി ചെയ്യുന്നത് സന്തോഷമാണ്... അത് എനിക്ക് അവളോടുള്ള ഇഷ്ടത്തെ ഇരട്ടി ആകുന്നു... അതെ, എന്റെ മീനൂട്ടിയും മാലാഖയാണ്.....

“മീനൂട്ടി......ഞാൻ വിഷ്ണൂനെ വിളിച്ചിട്ടില്ല, നമുക്ക് ഒന്ന് അവനെ കാണാൻ പോയാലോ??”
അല്പനേരം ഞങ്ങൾക്കിടയിൽ നിറഞ്ഞു നിന്ന മൗനത്തെ നിഷ്കരുണം ചവിട്ടി മെതിച്ചുകൊണ്ട് ഞാൻ ചോദിച്ചു.... ശ്രീലക്ഷ്മിയെ ഇവിടെ താമസിപ്പിക്കുന്ന കാര്യം ഇവളെ കൊണ്ട് പറയിപ്പിക്കണ്ടേ, ഏത്........

“ആഹ് പോവാ......”
ഉടനെ കിട്ടി മറുപടി

“എന്ന വാ ഭക്ഷണം കഴിച്ചിട്ട് വേഗം ഇറങ്ങാ”

“മ്മ് ഓക്കേ”
***

“ലുട്ടൂസേ...... നമ്മൾ പോയ ശ്രീക്കുട്ടി ഒറ്റയ്ക്ക് ആവില്ലേ??”
ഉച്ചഭക്ഷണം കഴിഞ്ഞ് വെയിൽ ഒന്ന് താഴ്ന്നിട്ട് പോവാം എന്ന് കരുതി ഫോണിൽ തോണ്ടി ഇരുന്ന എന്റെ അടുത്ത് വന്നിരുന്ന് മീനു ചോദിച്ചു...
ഞാൻ ഒന്നും പറയാതെ ഫോണിൽ നിന്നും കണ്ണെടുത് അവളെ ഒന്ന് തറപ്പിച്ച് നോക്കി....

“എന്തിനാ ഇങ്ങനെ കണ്ണുരുട്ടി നോക്കണേ??”

എന്റെ നോട്ടം കണ്ട് മീനു പുരികം ചുളിച്ചുകൊണ്ട് ചോദിച്ചു

“എന്റെ പൊന്നു മീനൂട്ടി, അവൾ ഇവിടെ ഒറ്റയ്ക്ക് നിന്ന ഇപ്പോ എന്താ, കൊച്ചുക്കുട്ടി ഒന്നും അല്ലല്ലോ..... പിന്നെ ആകെ പേടിക്കേണ്ടത് വല്ലതും അടിച്ചോണ്ട് പോവോ എന്നാണ്..... ഇവിടെ ഇപ്പോ എന്റെ മീനൂട്ടി അല്ലാതെ അടിച്ചു മാറ്റി കൊണ്ടുപോവാൻ പറ്റിയ ഒന്നുമില്ല.... നിന്നെ ഞാൻ കൊണ്ടുപോവുന്നത് കൊണ്ട് ആ പേടിയും വേണ്ട...... എന്റെ പൊന്നുമോള് പോയി ഒരുങ്ങിയേ...... വിഷ്ണൂന്റെ അച്ഛനും അമ്മയും ഒക്കെ എന്റെ പെണ്ണിനെ ആദ്യായിട്ട് കാണാൻ പോവല്ലേ, ഒന്ന് മെനയായിക്കോട്ടെ”

മെനയായിക്കോട്ടെ എന്ന് പറഞ്ഞതു കൊണ്ടാണോ അതോ അനിയത്തിയെ കള്ളിയെന്ന് പറഞ്ഞത് കൊണ്ടാണോ എന്നറിയില്ല വന്ന അതെ സ്പീഡിൽ പെണ്ണ് മുഖം വീർപ്പിച്ച് കയറിപ്പോയി... അത് കാര്യമാക്കാതെ ഞാൻ വീണ്ടും ഫോണിലേക്ക് മുഖം പൂഴ്ത്തി...

കുറച്ചു നേരം കഴിഞ്ഞപ്പോൾ കാൽപ്പെരുമാറ്റം കേട്ട് മീനു വന്നത് അറിഞ്ഞിട്ടും ശ്രദ്ധിക്കാതെ ഞാൻ ഫോണിൽ നോക്കി ഇരുന്നു...

“അഹമ്മ്........ഹ്മ്മ്.........ഹ്മ്..........”
എന്റെ ശ്രദ്ധ ആകർഷിക്കാൻ വേണ്ടി മീനു ഉണ്ടാക്കി ചുമച്ചെങ്കിലും ഞാൻ തിരിഞ്ഞ് നോക്കിയില്ല, വെറുതെ ഇതിനെ ഇങ്ങനെ ദേഷ്യം പിടിപ്പിക്കാൻ ഒരു രസം...

“ഓ...... വേണ്ടെങ്കിൽ വേണ്ട”

എന്നും പറഞ്ഞു മീനു തിരിഞ്ഞ് നടന്നപ്പോഴാണ് ഞാൻ മുഖം ഉയർത്തി അവളെ നോക്കിയത്.... ഓ മൈ കടവുളേ....... സാരി ഉടുത്തിട്ടാണ് പെണ്ണ് വന്നത്, ശരിക്കും കാണാൻ പറ്റിയില്ല..... ചവിട്ടി കുലുക്കി പോവുന്നത് പിന്നിൽ നിന്നും ഒരു നോട്ടം കണ്ടു....

ചൊറിയാൻ നിന്ന എന്നോട് എനിക്ക് സഹതാപം തോന്നി, അകത്തു ആ മറ്റവൾ ഉള്ളത് കൊണ്ട് പോയി സോപ്പിടാനും ഒരു മടി......ഛെ........ ഇരുന്നിട്ട് ഇരുപ്പ് ഉറക്കുന്നില്ല, സാരി ഉടുത്ത് മീനൂട്ടിയെ ഒന്ന് ശരിക്കും കാണണം. ആദ്യമായിട്ടാണ്........ തട്ടിക്കൂട്ട് കല്യാണം ആയതുകൊണ്ട് കല്യാണത്തിന് പോലും പെണ്ണ് ചുരിദാർ ആയിരുന്നു ഇട്ടത്.... ശ്യോ..... എന്താ ഇപ്പോ ഒരു വഴി?? മറ്റേ താടക ഉള്ളതുകൊണ്ടാണ്, അല്ലെങ്കിൽ പോയി കാലിൽ വീണ് ദർശനം വാങ്ങാനും ഞാൻ തയ്യാറാണ്...
വരുന്നിടത്ത് വെച്ച് കാണാം എന്ന് ഉറപ്പിച്ചുകൊണ്ട് ഞാൻ അകത്തേക്ക് നടന്നു...... മീനു കസേരയിൽ ഫോണും തോണ്ടി ഇരിപ്പുണ്ട്, ഇളം നീല നിറത്തിലുള്ള സാരി....... അത് അവൾക്ക് നല്ല ചേർച്ചയുണ്ട്, എന്റെ പെണ്ണിന്റെ സൗന്ദര്യത്തെ കുറിച്ച് പിന്നെ പ്രത്യേകം പറയേണ്ട കാര്യം ഇല്ലല്ലോ......ഒന്ന് എഴുന്നേറ്റു നിന്നിരുന്നെങ്കിൽ എല്ലാം ഒന്ന് വ്യക്തമായി കാണാമായിരുന്നു, പക്ഷെ പറയാൻ പറ്റില്ലല്ലോ......

ഞാൻ വന്നത് അറിഞ്ഞിട്ടും നോക്കാതെ ഫോണിൽ മുഖം പൂഴ്ത്തി ഇരിക്കുകയാണ് മീനു, പകരത്തിനു പകരം.... ശ്രീലക്ഷ്മി അടുത്ത് കട്ടിലിൽ ഇരിപ്പുണ്ട്, അവൾ ആവശ്യമില്ലാതെ എന്നെ തന്നെ നോക്കുന്നുണ്ട്...... പണ്ടാരം.

ഞാൻ മെല്ലെ മേശപ്പുറത് ഇരുന്ന ജഗ്ഗിൽ നിന്നും വെള്ളം എടുത്ത് കുടിച്ചു, വെള്ളം ഇറക്കി കഴിഞ്ഞ ശേഷം മീനൂന്റെ ശ്രദ്ധ പിടിച്ചുപറ്റാൻ വേണ്ടി ഞാൻ ഒന്ന് ചുമച്ചു, പക്ഷെ അത് അഭിനയം ആണെന്ന് മനസ്സിലാക്കിയത് കൊണ്ടാകാം മീനു തിരിഞ്ഞ് നോക്കിയില്ല....

ആ ഫോൺ എറിഞ്ഞു പൊട്ടിക്കാൻ തോന്നുന്നുണ്ട്, പിന്നെ എന്താ ന്നാ അതിൽ ഇതിന് മാത്രം, കുറച്ച് നേരം കൂടി പരുങ്ങി കളിച്ചിട്ടും മീനു മൈൻഡ് ചെയ്തില്ല.....

നിന്നെ എന്റെ കയ്യിൽ കിട്ടും പൊന്നു മോളെ എന്ന് മനസ്സിൽ പറഞ്ഞുകൊണ്ട് ഞാൻ പുറത്തേക്ക് തന്നെ തിരിച്ച് നടന്നു....

ശ്യോ....... എന്നാലും എന്ത് ഭംഗിയാണ് പെണ്ണിനെ സാരി ഉടുത്ത് കാണാൻ. അതും ആ ഇളം നീല നിറം അവൾക്ക് നന്നായി ഇണങ്ങുന്നുണ്ട്.... ഹോ......... പുറത്തിറങ്ങി നിന്നിട്ടും അകത്ത് കസേരയിൽ സാരിയും ഉടുത്ത് മുഖം വീർപ്പിച്ച് ഇരിക്കുന്ന പെണ്ണിന്റെ രൂപം മാത്രമാണ്.....

“ഹലോ സാറേ.... ഇപ്പോ ഈക്വൽ ആയില്ലേ”
പിറകിൽ മീനൂന്റെ ശബ്ദം കേട്ട് ഞാൻ ഞെട്ടി തിരിഞ്ഞു..............അതാ നിൽക്കുന്നു എന്റെ പെണ്ണ്, മുഖത്ത് കുസൃതി ചിരിയാണ്.... പകരം വീട്ടിയതിന്റെ സന്തോഷം...

“വാടി ഇങ്ങോട്ട്....”
ഇടുപ്പിലൂടെ കൈ ചുറ്റി എന്നോട് അടുപ്പിച്ചതും പെണ്ണൊന്ന് തിരിഞ്ഞ് നോക്കി, ശ്രീലക്ഷ്മി കാണുന്നുണ്ടോ എന്നാവും..... ഇല്ലെന്ന് മനസ്സിലായത് കൊണ്ട് പിന്നെ എന്നോട് ചേർന്ന് എന്റെ കണ്ണിലേക്കു തന്നെ നോക്കികൊണ്ട് അടങ്ങി നിന്നു...

“ലുട്ടൂസേ...... മതി വാ പോവാം”
ആ അധരങ്ങളിലെ തേൻ കുടിക്കാൻ മുഖം അടുപ്പിച്ച എന്നെ തടഞ്ഞുകൊണ്ട് മീനു പറഞ്ഞു....

“ഒന്ന് അടങ്ങ് മീനൂട്ടി...... ഞാൻ എന്റെ സുന്ദരി കുട്ടിയെ ഒന്ന് കൊതി തീരേ കണ്ടോട്ടെ”

“അയ്യടാ....... എന്റെ മോനുന്റെ കൊതി അങ്ങനെ ഇപ്പോ തീരണ്ട...... വാ നടന്നെ”
വീണ്ടും അടുക്കാൻ ശ്രമിച്ച എന്നെ തള്ളി മാറ്റിക്കൊണ്ട് മീനു പറഞ്ഞു, അല്ലെങ്കിലും ഈ കൊതി അങ്ങനെ തീരില്ല എന്ന് എനിക്കും അറിയാമായിരുന്നു....

“സാരി സൂപ്പർ..... ഒരു രക്ഷയില്ല”

“മേരിയമ്മ വാങ്ങി തന്നതാ”
എന്റെ പ്രശംസയിൽ കുളിർമ കൊണ്ടുകൊണ്ട് മീനു പറഞ്ഞു, ഈ മേരി ഇതൊക്കെ എപ്പോ വാങ്ങി ആവോ....... എന്നാലും പറയാതിരിക്കാൻ വയ്യ, കിടിലം സെലെക്ഷൻ.....

കുറച്ച് സാരി കൂടി വാങ്ങണം, എന്ന ഈ സാധനത്തിനെ ഇടയ്ക്ക് ഇങ്ങനെ കാണാല്ലോ..... പ്രണയിക്കുന്ന പെണ്ണിനെ സാരി ഉടുത്ത് കാണുന്ന ഒരു ഫീൽ, വൗ.............കുളിര്...................

“പോയാലോ??”

എന്റെ ചോദ്യത്തിന് തല ആട്ടിയെങ്കിലും അനങ്ങാതെ എന്നെ ഒട്ടി നിന്നു, ഇത്ര നേരം തിരക്ക് കൂട്ടിയവൾ ഇപ്പോ എല്ലാം മറന്ന് കണ്ണിമ വെട്ടാതെ എന്നെ തന്നെ നോക്കി നിൽക്കുകയാണ്..... ആ കണ്ണുകളിൽ ഞാൻ മാത്രം.....

“ഔഫ്.........”

ഞാൻ ഒന്ന് ഇടുപ്പിൽ പിച്ചിയപ്പോഴാണ് മീനു സ്വബോധത്തിലേക്ക് വന്നതെന്ന് തോന്നുന്നു,“പോവാ”

“മ്മ്...... ഒരു മിനിറ്റേ”

ന്നും പറഞ്ഞ് മീനു അകത്തേക്ക് നടന്നു, പെങ്ങളോട് പറയാൻ പോയതാണെന്ന് തോന്നുന്നു....

ഞാൻ മെല്ലെ പടികൾ ഇറങ്ങി താഴെ ബൈക്കിന്റെ അടുത്ത് കാത്ത് നിന്നു, അഞ്ച് മിനിറ്റ് കഴിഞ്ഞ് കാണും അതാ കോണി പടികൾ ഇറങ്ങി വരുന്നു എന്റെ പ്രിയതമ...... ബാലേട്ടന്റെ കടയുടെ മുനിൽ നിന്നിരുന്ന രണ്ടുമൂന്ന് ചെറുപ്പക്കാർ അവളെ തന്നെ കണ്ണെടുക്കാതെ നോക്കുന്നുണ്ട്, അവരെ കുറ്റം പറയാൻ പറ്റില്ല.... ഈ വേഷത്തിൽ മീനൂനെ എത്ര കണ്ടിട്ടും എനിക്ക് ആദ്യം കണ്ടപ്പോഴുള്ള ആ അത്ഭുതം വിട്ട് മാറുന്നില്ല.... “നോക്കി നിന്നോ ഇവൾ എന്റെയാ, എന്റെ സ്വന്തം, എന്റെ മാത്രം മീനൂട്ടി”

എന്ന് അവരോടൊക്കെ പറയാതെ പറഞ്ഞുകൊണ്ട് മീനുവിനെയും ഇരുത്തികൊണ്ട് ഞാൻ ബൈക്ക് മുന്നോട്ട് എടുത്തു, ഒരു വശത്തേക്ക് കാല് രണ്ടും ഇട്ട് എന്നെ വയറിലൂടെ കൈ ചുറ്റി കെട്ടിപ്പിടിച്ചുകൊണ്ട് മീനു പുറകിൽ ഇരുന്നു.... അവളെ നോക്കി നിന്നവരോട് ഇതാണ് എന്റെ ചെറുക്കൻ, ആരും എന്നെ നോക്കി നിന്ന് സമയം കളയണ്ട എന്ന് പറയുന്നത് പോലെ......

"ലുട്ടൂസേ..... തിരിച്ച് വരുമ്പോ ഒരു സ്ഥലത്ത് കയറാൻ പറ്റോ??"
ബൈക്ക് വിഷ്ണൂന്റെ വീട് ലക്ഷ്യമാക്കി കുതിക്കുന്നതിന് ഇടയ്ക്ക് മീനു ചോദിച്ചു

"എങ്ങോട്ടാ പറഞ്ഞോ, പോയിരിക്കും"
ഞാൻ ഉറപ്പ് കൊടുത്തു........ തുടക്കം ആയത് കൊണ്ടാകാം, കുറച്ച് കഴിഞ്ഞ കാണാം "എനിക്കൊന്നും വയ്യ നീ വേണേ ഒറ്റയ്ക്ക് പോടി" എന്ന് പറയുന്നത് എന്ന് എന്റെ മനസ്സ് പറഞ്ഞെങ്കിലും ഞാൻ അത് കാര്യമാക്കിയില്ല...... എന്റെ മീനൂന്റെ സന്തോഷത്തിന് വേണ്ടി ഞാൻ എന്തും ചെയ്യും, അത് ഇപ്പോ അല്ല എത്ര വർഷങ്ങൾ കഴിഞ്ഞാലും എന്ന് ഞാൻ പറഞ്ഞു മനസ്സിലാക്കാൻ ശ്രമിച്ചെങ്കിലും ആശാൻ വിശ്വസിച്ചിട്ടില്ല....

"ഞങ്ങളെ വീട്ടിന്റെ അടുത്തുള്ള ശിവ ക്ഷേത്രത്തില്........ ഞാൻ എല്ലാ ആഴ്ചയും പോയിരുന്നു, അവിടെ....... ഒന്ന് കയറി തൊഴുത മതി, അധികം സമയം എടുക്കില്ല"

“എന്തിനാ പെട്ടെന്ന് തീർക്കുന്നേ..... മെല്ലെ മതി, ഇനി ഇപ്പോ നീ ഒരു നൂറ് ശയനപ്രദക്ഷണം ഒക്കെ നടത്തിയാലും എനിക്ക് കുഴപ്പമില്ല...... ഐ വിൽ വെയിറ്റ്”

അത് പറഞ്ഞ് തീർന്നതും കിട്ടി ഒരു നുള്ള്, വയറ്റിൽ തന്നെ......

“ഉഫ്...... അടങ്ങി ഇരി പെണ്ണേ, അവസാനം വീണിട്ട് കിടന്ന് കരയാൻ നിൽക്കരുത്..... കേട്ടോ”

“ഓ..........”
അത് കാര്യമാക്കാതെ ഒന്ന് മൂളിയിട്ട് മീനു എന്റെ തോളിലേക്ക് തല ചായ്ച്ചു, പിന്നെ അധികം സംസാരം ഒന്നും കേട്ടില്ല..... കണ്ണാടിയിലൂടെ മുഖം കാണാം, അവൾ ഈ ബൈക്ക് സവാരി ആസ്വദിക്കുകയാണ്.... ഞാൻ പാടുപെട്ട് മുന്നിലേക്ക് ശ്രദ്ധ കൊടുത്തുകൊണ്ട് ആക്സിഡന്റ് പറ്റി കാലും മുറിച്ച് കിടക്കുന്ന മഹാന്റെ വീട് ലക്ഷ്യമാക്കി വണ്ടി വിട്ടു........

വിഷ്ണുവിന്റെ വീടിന് മുനിൽ ബൈക്ക് കയറ്റി നിർത്തുമ്പോൾ നമ്മുടെ ജിമ്മി കൂട്ടിൽ കിടന്ന് തിരിഞ്ഞ് കളിക്കുന്നുണ്ട്, പരിചയം ഇല്ലാത്ത ആളെ കണ്ടത് കൊണ്ട് ആദ്യം ഒന്ന് ഓളിയിട്ടു.... പിന്നെയാണ് മൂപ്പര് എന്നെ കണ്ടത്, അതോടെ അടങ്ങി കിടന്നു....

“ഇത് കുറുക്കനാണോ??”
പൊതുവെ ജിമ്മിയെ ആദ്യമായി കാണുന്ന എല്ലാവരും ചോദിക്കുന്ന അതെ ചോദ്യം തന്നെ മീനുവും എന്നോട് ചോദിച്ചു...

“ഹ ഹാാാാ....... അല്ല നായ തന്നെയാണ്, പക്ഷെ ഞങ്ങടെ ജിമ്മി ഭീകരനാണ്..... അവന് കുരക്കാൻ അറിയില്ല, പാവം കുരച്ച നമ്മൾ വിചാരിക്കും കുറുക്കൻ ഓളിയിടുന്നത് ആണെന്ന്”

“അയ്യോ പാവം...... ഇതിനെ ഇങ്ങനെ കൂട്ടിൽ തന്നെ ഇടാ ചെയ്യാ...... പുറത്ത് ഇറക്കൂലേ??”
കൊച്ചു കുട്ടികൾ സംശയം ചോദിക്കുന്നത് പോലെയാണ് മീനു ഓരോന്നും ചോദിക്കുന്നത്

“ഓ അവൻ കൂട്ടിൽ തന്നെ കിടക്കുന്നതാണ് നല്ലത്, പണ്ട് ഒരു റൗണ്ട് കൂട് തുറന്ന് ഇറങ്ങി പോയതിന്റെ ക്ഷീണം ഇപ്പോഴും മാറിയിട്ടില്ല..... നാട്ടിലെ എല്ലാ പട്ടികുട്ടികൾക്കും ഇപ്പോ മച്ചാന്റെ മുഖച്ഛായയാണ്....... ലേ ഡാ കള്ള തോരപ്പാ”

എന്ന് ഞാൻ അവസാനം ജിമ്മിയെ നോക്കി പറഞ്ഞപ്പോൾ ഒന്നും മനസ്സിലാവാതെ എന്നെയും ജിമ്മിയെയും മാറി മാറി നോക്കുകയാണ് മീനു..... ജിമ്മി ആണെങ്കിൽ ഞാൻ പറഞ്ഞത് മൊത്തം കള്ളം ആണെന്ന് മീനുവിനെ പറഞ്ഞ് മനസ്സിലാക്കാൻ ശ്രമിച്ചെങ്കിലും അത് വെറും ഒരു ഓളിയിടൽ മാത്രമായിട്ടാണ് മീനൂന്റെ കാതിൽ പതിച്ചത്....

“ആഹ് ടോണി ആയിരുന്നോ...... അയ്യോ മോളും ഉണ്ടായിരുന്നോ, എന്താ അവിടെ തന്നെ നിന്നത്..... വ വാ കേറി വാ മോളെ”

പുറത്ത് ശബ്ദം കേട്ട് ഇറങ്ങി വന്ന ശാരദമ്മ, നമ്മുടെ വിഷ്ണൂന്റെ അമ്മ.....ആദ്യം എന്നെ മാത്രമാണ് കണ്ടത്, പിന്നെയാണ് എന്റെ പുറകിൽ നിന്ന മീനൂനെ കണ്ടത്..... ആദ്യമായിട്ടാണ് കാണുന്നതെങ്കിലും എന്റെ കൂടെ ഇപ്പോ വേറെ ആര് വരാനാണ് ലേ, അങ്ങനെ ആവണം അമ്മ മീനുവിനെ ഒറ്റ നോട്ടത്തിൽ മനസിലാക്കിയത്..

അതോടെ എന്നെ ശ്രദ്ധിക്കാതെ അവളെയും കൂട്ടി അകത്തേക്ക് കയറി പോയി, നമുക്ക് പിന്നെ ഇത് സ്വന്തം വീട് തന്നെ ആയത് കൊണ്ട് ഞാൻ നേരെ വിഷ്ണൂന്റെ മുറിയിലേക്ക് നടന്നു...

“ഓ നീയായിരുന്നോ....”
കട്ടിലിൽ നീണ്ടു നിവർന്ന് കിടന്ന് ഫോണിൽ കളിച്ചുകൊണ്ട് കിടന്നവൻ എന്നെ കണ്ടതും ചോദിച്ചു...

“അല്ലാതെ ഇപ്പോ നിന്നെ കാണാൻ ആര് വരാനാണ്”
അല്പം പുച്ഛം..... അത് അവന് കൊടുത്തില്ലെങ്കിൽ ഞാൻ എന്ത് ചങ്ങാതിയാണ്.

“ഒരു സ്ത്രീ ശബ്ദം കേട്ടത് പോലെ തോന്നി”

“ഓ അത് നമ്മുടെ ജിമ്മീനെ കാണാൻ അവന്റെ ഏതോ സെറ്റപ്പ് വന്നതാണ്...... ഞാൻ കല്ലെറിഞ്ഞ് ഓടിച്ചു”

ഞാൻ അത് പറഞ്ഞ് തീരലും മീനുവും ശാരദാമ്മയും കൂടി മുറിയിലേക്ക് കയറി വരലും ഒരുമിച്ചായിരുന്നു....

“ഓ പെങ്ങളായിരുന്നോ..... അയ്യോ അപ്പൊ പെങ്ങളെയാണോ ദുഷ്ട നീ പട്ടിയെന്ന് വിളിച്ചത്....... ഹൗ ക്രൂവൽ”
എനിക്കിട്ട് പണിയാൻ കിട്ടിയ അവസരം ആ തെണ്ടി നന്നായി ഉപയോഗിച്ചു..... ചെറ്റ....... അല്ലെങ്കിലും പട്ടികൾക്ക് എന്താ ഒരു കുഴപ്പം, ഇത്ര നന്ദിയുള്ള ഒരു ജീവിയുടെ പേര് എന്തിനാണ് ഒരു തെറിയായി ഉപയോഗിക്കുന്നത്....

അതും കേട്ടുകൊണ്ടാണ് മീനു വന്നത്, എന്നെ ഒന്ന് കണ്ണുരുട്ടി നോക്കിയെങ്കിലും ഞാൻ ഒന്നുമില്ലെന്ന് കണ്ണുകൊണ്ട് കാണിച്ചപ്പോൾ അവൾ അത് കാര്യമാക്കാതെ വിഷ്ണൂന്റെ സുഖ വിവരം അന്വേഷിച്ചു.... അല്ലെങ്കിലും മൂന്നാമത് ഒരാളുടെ മുനിൽ എന്റെ മീനൂട്ടി വെറുമൊരു പഞ്ചപാവം ആവും, അങ്ങനെയാണ് ഞാൻ ഇതുവരെ മനസ്സിലാക്കിയത്.

കുറച്ചുനേരം എല്ലാവരും കൂടെ സംസാരിച്ച് ഇരുന്നു, ചെക്കന്റെ കാല് ഇന്നലെ കണ്ടപോലെ ഒന്നുമല്ല, നീര് വന്നിട്ടുണ്ട്.... നല്ല വേദനയുമുണ്ട്.... ഒരു രണ്ട് മൂന്ന് ദിവസം റസ്റ്റ് എടുക്കേണ്ട വരും

ശാരദാമ്മ അടുക്കളയിലേക്ക് പോയ തക്കത്തിൽ ശ്രീലക്ഷ്മിയുടെ കാര്യം പറയാൻ ഞാൻ മീനൂനോട് ആംഗ്യം കാണിച്ചു

“എന്താടാ ഇരുന്ന് കഥകളി കളിക്കുന്നേ??”
അത് കണ്ട് വിഷ്ണു ചോദിച്ചപ്പോൾ

“ഒന്നുമില്ല... ഞാൻ ഇപ്പോ വരാം” എന്ന് പറഞ്ഞ് ഞാൻ നൈസ്സ് ആയിട്ട് അവിടുന്ന് സ്കൂട്ട് ആയി, സത്യമായിട്ടും ഈ കാര്യത്തിൽ എനിക്ക് അവനെ നല്ല പേടിയുണ്ട്....

ഞാൻ നേരെ അടുക്കളയിൽ പോയി ശാരദാമ്മയെ ചുറ്റി പറ്റി നിന്നു, അവന്റെ അച്ഛൻ ഗിരി അങ്കിൾ പുറത്തേക്ക് എങ്ങോട്ടൊ പോയതാണ്...ഒരു അഞ്ച് മിനിറ്റ് അടുക്കളയിൽ തിരിഞ്ഞ് കളിച്ചപ്പോഴേക്കും യാമിനി അങ്ങോട്ട് വന്നു....

“ചെല്ല്......”
എന്നെ നോക്കി ചിരിച്ചുകൊണ്ട് യാമിനി അത് പറയുമ്പോൾ പോയി കിട്ടാനുള്ളത് വാങ്ങിക്കോ എന്നൊരു ധ്വനി അതിൽ ഉള്ളത് പോലെ തോന്നി.... അതിന് ഞാൻ എന്ത് ചെയ്തു, എല്ലാം ഇവൾക്ക് വേണ്ടി അല്ലേ......

എന്തായാലും നേരിടാം എന്ന് ഉറപ്പിച്ചുകൊണ്ട് ഞാൻ അവന്റെ മുറിയിലേക്ക് നടന്നു, എന്നെ കാത്ത് ഇരിക്കുന്നത് പോലെ തോന്നി അവന്റെ ഇരിപ്പും നോട്ടവും എല്ലാം കൂടി കണ്ടപ്പോൾ.

“കുട്ടിക്ക് ഇടാൻ പേര് വല്ലതും കണ്ടു വെച്ചിട്ടുണ്ടോ??”
ഞാൻ മുറിയിലേക്ക് കയറിയതും അവൻ എന്നോട് ചോദിച്ച ചോദ്യമാണ്... പെട്ടെന്ന് എനിക്ക് കത്തിയില്ല.

“ഏത് കുട്ടിക്ക്??”

“കള്ള കാവടി...... എല്ലാം ഒപ്പിച്ച് വെച്ചിട്ട് അവന്റെ അഭിനയം നോക്ക്..... ഹോ, ഇപ്പോ എന്താ ലോട്ടറി അല്ലേ, കെട്ടിയ പെണ്ണും പഴയ കാമുകിയും ഒക്കെ കൂടെ ഒരുമിച്ച്.......”

“ഡാ പൊട്ടാ വെറുതെ ഓരോന്നും പറയല്ലേ.... അല്ലെങ്കിൽ തന്നെ ആ മാരണത്തിനെ എങ്ങനെ സഹിക്കുമെന്ന് കരുതി ഇരിക്കാ”

“സത്യം പറയെടാ......വല്ല കൈയബദ്ധവും പറ്റിയിട്ടുണ്ടോ??”
അവന്റെ സംശയത്തോടെയുള്ള നോട്ടവും ആ ചോദ്യവും ഒക്കെ കൂടെ എനിക്ക് ചൊറിഞ്ഞു വരുന്നുണ്ട്, അത് കണ്ടിട്ടാവണം അവൻ പൊട്ടി ചിരിക്കാൻ തുടങ്ങി.....

“നീയ്.......തൂ.........”
എന്നിട്ട് കട്ടപ്പനയിലെ ഹൃതിക്ക് റോഷനിൽ സലിം കുമാറിനെ നോക്കി സിദ്ധിക്ക് ചെയ്യുന്നത് പോലെ ഒരു ആട്ടും.....

“യാമിനി പറഞ്ഞു എല്ലാം...... തല്കാലം അവൾ അവിടെ നിൽക്കട്ടെ, അത് തന്നെയാണ് നല്ലത്... അവൾ പ്രെഗ്നന്റ് ആണെന്ന് ഉറപ്പാണെങ്കിൽ അതിന്റെ കാരണക്കാരൻ വേറെ ആരും ആവില്ല”

ഹരിയെയാണ് അവൻ ഉദ്ദേശിച്ചത്, എനിക്കും അതെ സംശയം തോന്നിയിരുന്നു...... പക്ഷെ അതിന് ഉത്തരവാദി ഞാനാണെന്ന് പറഞ്ഞ് അവൾ അങ്ങോട്ട് കയറി വന്നതിന്റെ കാരണമാണ് ഒരു എത്തും പിടിയും കിട്ടാത്തത്.... എന്തെങ്കിലും മനസ്സിൽ കാണാതെ അവൾ ഇങ്ങനെ ഒരു നീക്കം നടത്തില്ല, ഇനി ഇപ്പോ ഇതും അവന്റെ, ആ

ഹരിയുടെ വല്ല പദ്ധതിയും ആവുമോ?? ആണെങ്കിൽ എന്തിന്?? എന്താണ് അവരുടെ ഉദ്ദേശം??

“ഡാ ഞായറാഴ്ച ഒരു സംഭവം നടന്നിരുന്നു”
വിഷ്ണൂന്റെ ശബ്ദമാണ് എന്നെ ചിന്തകളിൽ നിന്ന് അകറ്റിയത്

“എന്താ?? എന്ത് സംഭവം??”

“ഞായറാഴ്ച ഞാൻ അടിച്ച് ഔട്ട് ആയിട്ട് അല്ലേ പി.ബിന്ന് ഇറങ്ങിയത്..... അപ്പൊ അവിടന്ന് വരുന്ന വഴിക്ക് ഞാൻ ശ്രീലക്ഷ്മിന്റെ വീട്ടിൽ പോയി....”

“ഏഹ് എന്തിന്??”
അവൻ പറയുന്നതിന് ഇടയ്ക്ക് കയറി ഞാൻ ചോദിച്ചു

“ഹാ പറയട്ടെ മൈരേ....... .... വല്യ ബോധം ഒന്നും ഇല്ലായിരുന്നല്ലോ, അപ്പൊ പെട്ടെന്ന് അത് വഴി പോയപ്പോൾ അവളെ രണ്ട് തെറി വിളിക്കാൻ തോന്നി...... അങ്ങനെ അവളെ വീടിന്റെ മുനിൽ പോയി നിന്ന് രണ്ട് തെറിയും വിളിച്ചിട്ടാണ് ഞാൻ വന്നത്”

“നീ വെറുതെ തെറിയും വിളിച്ച് വന്നോ..... അത്രേ ഉണ്ടായുള്ളൂ??”
ഞാൻ സംശയത്തോടെ അവനെ നോക്കി ചോദിച്ചു, പെട്ടെന്നുള്ള അവളുടെ ഈ വരവിനു ഇതുമായി എന്തെങ്കിലും ബന്ധം?? ഏയ് ഇവൻ വെറുതെ പോയി തെറി വിളിച്ച് വന്നതിന് അവൾ എന്തിന് ഇങ്ങനെ ഒരു കഥ ഉണ്ടാക്കി വരണം??

“ആടാ..... ഞാൻ ജസ്റ്റ് അവളെ തന്തക്കും തള്ളയ്ക്കും മുത്തിക്കും മുത്തീടെ മുത്തിക്കും ഒക്കെ സഭ്യമായ ഭാഷയിൽ തെറി വിളിച്ചു, അത് മാത്രേ ഞാൻ ചെയ്തിട്ടുള്ളു”

“ആ എന്തെങ്കിലും ആവട്ടെ, വരുന്നിടത്ത് വെച്ച് കാണാം”
ഞാൻ ഒരു ഒഴുക്കൻ മട്ടിൽ പറഞ്ഞു

“അതാണ് നല്ലത്, തത്കാലം നീ ആ ഫുട്ബോൾ സെലെക്ഷൻ കിട്ടുന്നതിനെ കുറിച്ച് മാത്രം ചിന്തിച്ച മതി...... മറ്റന്നാളെ അല്ലേ സെലെക്ഷൻ??”

“മ്മ്......”

വിഷ്ണുവിന്റെ ചോദ്യത്തിന് ഞാൻ വെറുതെ ഒന്ന് മൂളുക മാത്രം ചെയ്തു, എന്തോ എനിക്ക് അതിന് സെലെക്ഷൻ കിട്ടുമെന്ന് തോന്നുന്നില്ല..... ഐ ഫീൽ ലോ

"ഞാൻ വരണോ കൂടെ??"

"ഏയ് വേണ്ട, നീ റസ്റ്റ് എടുത്തോ"

"മ്മ്..... ബൈക്ക് നീ വെച്ചോ, ഞാൻ എന്തായാലും ഓഫീസിൽ ഒരാഴ്ച ലീവ് പറഞ്ഞിട്ടുണ്ട്"

"മോനെ ടോണി........... വാ ചായ കുടിക്കാ"

അങ്ങനെ ഞങ്ങൾ ഓരോന്നും സംസാരിച്ച് ഇരിക്കുമ്പോഴാണ് ശാരദാമ്മ വന്ന് വിളിച്ചത്, ഞാൻ അമ്മയുടെ പിന്നാലെ നടന്നു...... വിഷ്ണൂന് പിന്നെ ഇപ്പൊ വി.ഐ.പി ട്രീറ്റ്മെന്റ് ആണ്, ഭക്ഷണം ഒക്കെ മുറിയിൽ എത്തിച്ച് കൊടുക്കും..... അതിന് മാത്രം ഒന്നും അവന് പറ്റിയിട്ടില്ല, ബൈക്കിന് ആണെങ്കിൽ ഒരു സ്ക്രാച്ച് പോലും വീണിട്ടില്ല.....

ചായ കുടിച്ച ശേഷം പിന്നെയും കുറച്ചു നേരം വിഷ്ണുവിനും ശാരദാമ്മയ്ക്കും ഒപ്പം സംസാരിച്ച് ഇരുന്നിട്ടാണ് ഞങ്ങൾ യാത്ര പറഞ്ഞ് ഇറങ്ങാൻ നിന്നത്.....

“മോളെ...... ഇടയ്ക്ക് ഇവന്റെ കൂടെ ഇങ്ങ് വരണം കേട്ടോ”
യാത്ര പറഞ്ഞപ്പോൾ ശാരദാമ്മ മീനുവിനോട് പറഞ്ഞു, അവൾ അതിന് അമ്മയെ കെട്ടിപ്പിടിച്ചു കൊണ്ട് സമ്മതം മൂളി....

“ശരി മക്കളെ സൂക്ഷിച്ച് പോണേ......”
ഇറങ്ങാൻ നേരം അമ്മയുടെ കരുതലോടെയുള്ള ഓർമ്മപ്പെടുത്തൽ

യാത്ര പറഞ്ഞ് പുറത്തേക്ക് ഇറങ്ങുമ്പോഴാണ് പുറത്ത് വിലസി നടക്കുന്ന ജിമ്മിയെ മീനു കാണുന്നത്, ഇറങ്ങിയ അതെ സ്പീഡിൽ പെണ്ണ് അകത്തേക്ക് കയറി....

“അയ്യോ അതിനെ കൂട്ടിലാക്ക്........ ന്ക്കി പേടിയാ”
അതും കൂടെ കേട്ടതോടെ ഞാൻ പൊട്ടിച്ചിരിച്ചു, വരുമ്പോൾ ജിമ്മിയെ കൂട്ടിനുള്ളിൽ കണ്ടിട്ട് അവൾ ചോദിച്ച ചോദ്യമാണ് എനിക്ക് പെട്ടെന്ന് മനസ്സിലേക്ക് വന്നത്...... "അയ്യോ പാവം, ഇതിനെ ഇങ്ങനെ കൂട്ടിൽ തന്നെ ഇടാ ചെയ്യാ....... പുറത്ത് ഇറക്കൂലേ” ന്ന്

എന്നിട്ട് ഇതാ പുറത്ത് കണ്ടപ്പോൾ പേടിച്ച് അകത്ത് കയറി നിൽക്കുന്നു, വിട്ട് നിന്നുള്ള സ്നേഹവും ദയയും മാത്രെ ഉള്ളു..... പേടി തൂറി

“ഹാ അവൻ ഒന്നും ചെയ്യില്ല പെണ്ണേ...... നീ ഇങ്ങ് വന്നേ”
എന്റെ മേലേക്ക് ചാടി കയറിയ ജിമ്മിയേ ഒന്ന് ഉഴിഞ്ഞുകൊണ്ട് ഞാൻ മീനുവിനെ നോക്കി പറഞ്ഞു

“ങീഹീ......... ന്ക്കി പേടിയാ”

പെണ്ണ് നിന്ന് ചിണുങ്ങി

“ഛെ എന്ത് സ്വഭാവാ മീനു നിന്റെ....... പാവം ചെക്കൻ വെളിക്ക് ഇരിക്കുന്ന സമയ, നീ തൂറാൻ മുട്ടിയിട്ട് ഓടുമ്പോൾ ആരെങ്കിലും നിന്നെ പിടിച്ചു വച്ചിട്ട് ഇപ്പോ പോവണ്ട ന്ന് പറഞ്ഞ എന്താ അവസ്ഥ......... അതെ പോലെ അല്ലേ ഇവന്ടെയും കാര്യം, അല്ലേടാ ജിമ്മിക്കുട്ടാ”
ജിമ്മിനെ കളിപ്പിച്ച് കൊണ്ട് ഞാൻ അത് പറയുന്നതിനിടയ്ക്ക് മീനുവിനെ ഒന്ന് ഇടംകണ്ണിട്ട് നോക്കി, ഹോ നല്ല ചൂടിലാണ്...... പെണ്ണിന് ദേഷ്യം പിടിച്ചു, സീന്...

“ഡാ കളിക്കല്ലേ, അതിനെ അങ്ങ് കൂട്ടിൽ കയറ്റ്..... മോൾക്ക് പേടിയാണെന്ന് പറഞ്ഞില്ലേ”
ശാരദാമ്മ ഇടപെട്ടു, ഇനി അനുസരിച്ചേ പറ്റു....

“ജിമ്മി...... മോൻ വാടാ..... നിനക്ക് സ്വസ്ഥമായി രണ്ടിന് പോവാൻ പോലും സ്വാതന്ത്ര്യം ഇല്ല ലേ, ക്രൂവൽ പീപ്പിൾ”
ഞാൻ പാവം ജിമ്മിയെ കൊണ്ടുപോയി കൂട്ടിലാക്കി....

കൂട് പൂട്ടി ഞാൻ ജിമ്മിയെ ഒന്ന് നോക്കിയപ്പോൾ “മുതലാളീ.......” എന്ന് അർത്ഥം വെച്ച് വിളിക്കുന്ന പോലെ അവൻ ഒന്ന് ഓളിയിട്ടു, പാവം.........

“വാ.... ദുഷ്ടേ, അവനെ കൂട്ടിലാക്കി”
ഞാൻ അത് പറഞ്ഞപ്പോൾ ഒന്നും കൂടെ നോക്കി കൂട് ഞാൻ പൂട്ടിയിട്ടിലേ എന്നൊക്കെ ഉറപ്പ് വരുത്തിയ ശേഷമാണ് മീനു ഇറങ്ങി വന്നത്, അവളെ ധൈര്യത്തെ കുറിച്ച് പറയാതിരിക്കാൻ വയ്യ........

“ഇത്രയും ധൈര്യം ഞാൻ എന്റെ ചാൾസ് ശോഭരാജിൽ മാത്രേ കണ്ടിട്ടുള്ളു, നിനക്ക് എവിടുന്നു കിട്ടി കുട്ടി ഇത്ര ധൈര്യം”
ബൈക്കിൽ കയറാൻ നിന്ന മീനൂനോട് ആ ഡയലോഗ് കൂടി അടിച്ചപ്പോൾ അമ്മ കാണാതെ അവൾ എന്റെ വയറ്റിൽ പിച്ചി....

“അമ്മേ ശരി റ്റാറ്റ”

ശാരദാമ്മയ്ക്ക് കൈ വീശി കാണിച്ചുകൊണ്ട് ഞാൻ വണ്ടി എടുത്തു, മറ്റേ മഹാൻ പിന്നെ മുറിയിൽ തന്നെയാണ്, ചെറിയ പരിക്ക് ആണെങ്കിലും എന്താ ആശാൻ നന്നായി മുതലാക്കുന്നുണ്ട്

വിഷ്ണൂന്റെ വീട്ടിൽ നിന്ന് വണ്ടി പുറത്തേക്ക് എടുത്തതും

"കള്ള ലുട്ടാപ്പി................."
എന്ന് വിളിച്ചുകൊണ്ട് മീനു എന്റെ തോളിൽ ഒന്ന് കടിച്ചതും വണ്ടി ചെറുതായി പാളി പോയി,"ഹേ അടങ്ങി ഇരിക്ക് പെണ്ണേ......... ഇപ്പോ വീണേനെ"
വണ്ടി പാളി പോയത് കണ്ട് പേടിച്ചിട്ട് ആണെന്ന് തോന്നുന്നു, പിന്നെ മീനു ഒന്നും മിണ്ടാതെ അടങ്ങി ഇരുന്നു, ഞാൻ അവൾ നേരത്തെ പറഞ്ഞിരുന്ന ശിവ ക്ഷേത്രം ലക്ഷ്യമാക്കി വണ്ടി ഓടിച്ചു........ പണ്ട് ഉത്സവത്തിന് കളക്ഷൻ എടുക്കാൻ സ്ഥിരമായി പോയിരുന്ന അമ്പലം ആയതുകൊണ്ട് എനിക്ക് വഴി ഒക്കെ അറിയാം........ പിന്നെ അമ്പലത്തിൽ എത്തുന്നത് വരെ മീനു ഒന്നും മിണ്ടിയുമില്ല

"ഇറങ്ങ്...... തിരക്കിട്ട് പറഞ്ഞ് തീർക്കണ്ട, വിഷമങ്ങളും സങ്കടങ്ങളും എല്ലാം വിശദമായി തന്നെ പറഞ്ഞോ ട്ടോ"
ക്ഷേത്രത്തിനു മുനിൽ ബൈക്ക് നിർത്തിയ ശേഷം പിന്നിൽ നിശ്ശബ്ദ ആയി ഇരുന്ന മീനൂനെ നോക്കി ഞാൻ പറഞ്ഞു, അവൾ എന്നെ നോക്കി ചിരിച്ചുകൊണ്ട് ഉള്ളിലേക്ക് പോയി.....

നല്ല സമയത്താണ് വന്നത്, ധാരാളം തരുണീ മണികൾ അമ്പലത്തിൽ തൊഴാൻ വരുന്നുണ്ട്, ഞാൻ എല്ലാവരെയും സസൂക്ഷ്മം വീക്ഷിച്ചുകൊണ്ട് പുറത്ത് ഇരുന്നു.... ഹോ ഇതിനുമാത്രം സുന്ദരിമാർ നമ്മുടെ നാട്ടിൽ ഉണ്ടായിരുന്നോ??? എന്തായാലും ആഴ്ചയിൽ ഒരിക്കൽ ഇവിടെ വരുക എന്ന മീനുവിന്റെ ആ ഒരു ശീലം മുടക്കാൻ അനുവദിച്ചുകൂടാ............ ഒരു സഹായത്തിനു വേണമെങ്കിൽ ഞാനും വരാം...... ലേ......

“ഹോ എന്റെ ലുട്ടൂസാ..............”
ബൈക്കിൽ ചാരി അടങ്ങി നിന്ന എന്നെ നോക്കി പല്ല് കടിച്ച് ചീറിക്കൊണ്ടാണ് മീനു വന്നത്, ശാന്തയായി പോയവൾ ദുർഗ്ഗയായിട്ടാണ് മടങ്ങി വന്നത്..... എന്താണാവോ..........

“എന്ത് പറ്റി മീനൂസേ??”

“എന്ത് പറ്റീ ന്നോ....... അമ്പലത്തിന്റെ മുനിൽ നിന്ന് തന്നെ വായ നോക്കണം കേട്ടോ, കുരുത്തംക്കെട്ടതേ........ വാ വണ്ടി എടുക്ക്”
നല്ല ചൂടിൽ തന്നെയാണ് കക്ഷി, എന്നാലും ഞാൻ ഇവിടെ നിന്ന് വായ നോക്കിയത് അകത്ത് തൊഴാൻ പോയ ഇവൾ എങ്ങനെ അറിഞ്ഞു ആവോ

"എന്താ വണ്ടി എടുക്കുന്നില്ലേ??"
ഗൗരവം ഒട്ടും കുറക്കാതെ മീനു അത് ചോദിച്ചപ്പോഴാണ് ഞാൻ വണ്ടി എടുത്തത്..... ഹോ ഇതിനെ ഒന്ന് തണുപ്പിക്കണം..... നല്ല ചൂട്

"മീനൂട്ടി.........ഐസ്ക്രീം വേണോ??"

"ന്ക്കി ഐസ്ക്രീമും വേണ്ട കുയ്സ്ക്രീമും വേണ്ട........ നേരെ നോക്കി വണ്ടി ഓടിക്ക്"
ഹൂ......... നല്ല ചൂടിലാണ് മീനൂസ്

"നോക്ക് മീനൂട്ടി ദോണ്ടേ ആ ഹോട്ടലിൽ നല്ല സൂപ്പർ മസാല ദോശ കിട്ടും, അതും വേണ്ടല്ലോ"

"വേണം വേണം"
മീനു ചാടി കയറി പറഞ്ഞു, ദേഷ്യം കാരണം അതും വേണ്ടെന്ന് പറയുമെന്ന് കരുതി...... അപ്പൊ എന്റെ മീനൂട്ടിക്ക് ഐസ്ക്രീമിനെകാൾ ഇഷ്ടം ദോശയാണ്...... ഏ്മ്, എന്റെ പെണ്ണിന്റെ ഇഷ്ടങ്ങൾ ഓരോന്നായി ഞാൻ ഇങ്ങനെ പഠിച്ച് വരുന്നുണ്ട്..... അവൾ പക്ഷെ

എന്നെക്കാൾ അപ്ഡേറ്റഡ് ആണ്, എന്റെ ഇഷ്ടങ്ങൾ ഒരുവിധം ഒക്കെ മേരിനോട് ചോദിച്ച് അറിഞ്ഞ് വെച്ചിട്ടുണ്ട്......

“വാ.........”.
ഞാൻ അവളെയും വിളിച്ചുകൊണ്ട് ഹോട്ടലിലേക്ക് കയറി, വല്യ കാര്യത്തിൽ ദോശ വേണമെന്ന് പറഞ്ഞെങ്കിലും ഇപ്പോഴും മുഖത്തെ ഗൗരവം മാറിയിട്ടില്ല

രണ്ട് മസാല ദോശ ഓർഡർ ചെയ്ത ശേഷം ഞാൻ മീനൂനെ തന്നെ നോക്കി ഇരുന്നു, പെണ്ണ് എന്നെ നോക്കാതെ ഫോണിൽ തന്നെ നോക്കി ഇരിപ്പാണ്......
എന്തായാലും രാവിലെ ദോശ കിട്ടാഞ്ഞ വിഷമം ഇപ്പോ മാറി കിട്ടി, പക്ഷെ വേറെ കാര്യമായിട്ട് എന്തോ ഇപ്പോ കിട്ടിയിട്ടുണ്ട്.... അതാണ് ഇങ്ങനെ മുഖം വീർപ്പിച്ച് ഇരിക്കുന്നത്. ഞാൻ ഒന്ന് വായ നോക്കി ഇരുന്നതിന് ഇവൾ ഇങ്ങനെ ചൂടാവില്ല, അതൊക്കെ എന്റെ മീനൂസ് ഒരു സ്പോർട്സ് മാൻ സ്പിരിറ്റിൽ എടുത്തോളും, ഇത് വേറെ എന്തോ ആണ്....

“അതെ മീനൂസേ എന്താ കാര്യം, എന്തിനാ ഇങ്ങനെ മുഖം വീർപ്പിച്ച് ഇരിക്കുന്നേ??”
അവസാനം സഹിക്കെട്ട് ഞാൻ ചോദിച്ചു

“ഒന്നുല്യാ.....”
ഫോണിൽ നിന്ന് കണ്ണ് എടുക്കാതെ തന്നെയാണ് മീനു മറുപടി തന്നത്

“ദേ പെണ്ണേ........ ആ സാധനം ഞാൻ എറിഞ്ഞ് പൊട്ടിക്കും കേട്ടോ....... ഇങ്ങോട്ട് നോക്ക്”

ഞാനും അല്പം ഗൗരവം നടിച്ചതോടെ മീനു ഫോൺ മാറ്റി വെച്ചിട്ട് എന്നെ പരിഭവത്തോടെ നോക്കി....

“എന്താ മീനൂസേ.......... പറയെടാ”

“അതില്ല്യേ....... ഞാൻ ക്ഷേതത്തിൽ വെച്ച് ഞങ്ങളെ വീട്ടിന്റെ അടുത്തുള്ള അഞ്ചൂനെ കണ്ടു, അവള് പറയാ //നിന്റെ മറ്റവൻ അതാ അവിടെ ക്ഷേത്രത്തിലേക്ക് വരുന്ന പെണ്ണുങ്ങളെ ഒന്നും വഴി നടക്കാൻ സമ്മതിക്കുന്നില്ല, ഇങ്ങനെ പോയ നീ ഇല്ലാത്തപ്പോൾ അവൻ ഇനിയും മതില് ചാടും// ന്ന്........ ജന്തു, അവൾ ആരാന്നാ അവളെ വിചാരം..... എന്റെ ചെക്കനെ പറ്റി അങ്ങനെ പറയാൻ അവൾ ആരാ...... ഹ്മ്മ്മ്” പല്ല് കടിച്ച് ദേഷ്യം അടക്കി കൊണ്ട് മീനു പറഞ്ഞു, അപ്പൊ അതാണ് കാര്യം...... ആരോ ചൊറിഞ്ഞതിന്റെ കലിപ്പാണ് ഇപ്പൊ കണ്ടത്....

“എന്റെ മീനൂസേ........ ആളുകൾ പലതും പറയും, ഒന്നുകിൽ അത് കേട്ടില്ലന്ന് നടിച്ച് നടക്കുക....... അതിന് പറ്റില്ലെങ്കിൽ അപ്പൊ തന്നെ അവരെ മുഖത്ത് നോക്കി മറുപടി കൊടുക്കുക, ഇത് രണ്ടും അല്ലാതെ പിന്നെ അത് ഓർത്ത് ഇരുന്ന നമ്മുടെ കുറച്ച് നല്ല സമയം പാഴാവും എന്നല്ലാതെ വേറെ ഒരു ഗുണവും ഇല്ല....... എനിക്ക് അറിഞ്ഞൂടെ എന്റെ മീനൂസിനെ, ആ പെണ്ണ് പറഞ്ഞത് ഒക്കെ കേട്ട് തലയും താഴ്ത്തി വന്ന് കാണും....... എന്നിട്ട് ആ കലിപ്പ് മൊത്തം ഈ പാവം പിടിച്ച എന്നോട് തീർക്കും........ ഞാൻ ഒരു പാവം”

“ക്ഷേത്രം ആയിപ്പോയി, ഇല്ലേ ഞാൻ നല്ലോണം പറഞ്ഞ് കൊടുത്തെന്നേ”

“നീ ഒലത്തും........ വല്യ ഡയലോഗ് അടിക്കാതെ ചൂട് പോവുന്നതിനു മുന്നെ ദോശ കഴിക്ക് മീനൂട്ടി”
അപ്പോഴാണ് മുനിൽ കൊണ്ടുവെച്ച മസാല ദോശയിലേക്ക് മീനൂന്റെ കണ്ണ് പോയത്, പിന്നെ പെണ്ണ് ഒന്നും മിണ്ടാതെ വേഗം അത് കാലിയാക്കാനുള്ള പരിപാടി നോക്കി, ഞാനും അത് തന്നെ ചെയ്തു....

“എന്നാലും അതേതാ പെണ്ണ്??”

“ഏത് പെണ്ണ്??”
അയ്യോ പെട്ട്, മീനൂന്റെ ചോദ്യം കേട്ടപ്പോഴാണ് ഞാൻ ആത്മഗതം പറഞ്ഞത് ഇത്തിരി ഉറക്കെ ആയിപ്പോയി എന്ന സത്യം ഞാൻ മനസ്സിലാക്കിയത്...

“അല്ല ആ അഞ്ചുവേ.......”

“ഓ ഒരുപാട് എണ്ണത്തിനെ സ്കാൻ ചെയ്തില്ലേ...... ആ അതിൽ ഒന്ന്”
മീനു ഒരു ഒഴുക്കൻ മട്ടിൽ മറുപടി തന്നു, അവൾക്ക് ഞാൻ വായ നോക്കിയത് ഒന്നും വലിയ വിഷയമല്ല, ആ പെണ്ണിനോടുള്ള കലിപ്പായിരുന്നു നേരത്തെ കണ്ടത്...

“എന്നാലും അവൾക്ക് എന്നെ എങ്ങനെ അറിയാം??”
സ്വാഭാവികമായി എനിക്ക് തോന്നിയ സംശയം ഞാൻ ചോദിച്ചു

“വെളിച്ചപ്പാടിനെ എല്ലാവരും അറിയും.....”

“ഓ ഞാൻ അത്രയ്ക്ക് ഫേമസ് ആയിരുന്നോ??”
ഒരുനിമിഷത്തേക്ക് ഞാൻ അങ്ങ് പൊന്തി പോയി..... പക്ഷെ എനിക്ക് അതിന്റെ അഹങ്കാരം ഒന്നും ഇല്ല കേട്ടോ

“രാത്രി ഒരു പെണ്ണിന്റെ മുറിയിൽ നിന്ന് നാട്ടുകാര് കൈയോടെ പിടിച്ചാൽ പിന്നെ ഫേമസ് ആവില്ലേ....... ലുട്ടൂസിന് ഓർമ്മയുണ്ടോ അന്ന് രാത്രി നമ്മളെ കാണാൻ എത്ര ആളുകൾ കൂടിയിരുന്നു എന്ന്??”

ഛെ മൂഡ് പോയി മൂഡ് പോയി...... സത്യം പറഞ്ഞാൽ അന്ന് കൂടിയ ആളുകളെ ഒന്നും എനിക്ക് ഓർമ്മയില്ല, അല്ല അതിന് ഒരുപാട് ആളുകൾ ഒക്കെ കൂടിയിരുന്നോ?? മീനൂന്റെ കരച്ചിൽ ഓർമ്മയുണ്ട്, പിന്നെ ആ മറ്റവളുടെ ഒരു ചിരിയും..... പിന്നെ എപ്പോഴോ എന്റെ ബോധം ഒക്കെ പോയിരുന്നു എന്ന് തോന്നുന്നു, ആ എന്തെങ്കിലും ആവട്ടെ...... ഒട്ടും ഓർക്കാൻ ആഗ്രഹിക്കാത്ത ഒരു രാത്രി....... പക്ഷെ എനിക്ക് ഈ ജീവിതത്തിലെ ഏറ്റവും മികച്ച സമ്മാനം ലഭിച്ചതും ആ നശിച്ച രാത്രി തന്നെ.......... എന്റെ മീനൂട്ടി.

പിന്നെ ഞാൻ ഒന്നും മിണ്ടാൻ നിന്നില്ല

“ശ്രീക്കുട്ടിക്ക് പാർസൽ വാങ്ങിയാലോ??”

“അതൊന്നും വേണ്ട”

ഒന്ന് ചിന്തിക്കാൻ പോലും നിൽക്കാതെ ഞാൻ മറുപടി കൊടുത്തു

“പ്ലീസ്........ അല്ലെങ്കിൽ ഞാൻ വെറുതെ പോയിട്ട് അവൾക്ക് വേണ്ടി എന്തെങ്കിലും ഉണ്ടാക്കണ്ടേ”

“മ്മ്........ ശെരി ശരി”
ഞാൻ താല്പര്യം ഇല്ലെങ്കിലും സമ്മതം മൂളി, അല്ലെങ്കിലും ഭക്ഷണത്തിന്റെ കാര്യത്തിൽ വെറുപ്പും ദേഷ്യവും കാണിക്കേണ്ട......

കഴിച്ച ശേഷം ശ്രീലക്ഷ്മിയ്ക്കുള്ളത് പാർസലും വാങ്ങിയിട്ടാണ് ഞങ്ങൾ ഇറങ്ങിയത്.....

“ഇനി എങ്ങോട്ടാ മീനൂസേ........ നേരെ പി.ബിയിലേക്ക് പോവണോ അതോ ഒന്ന് കറങ്ങിയിട്ട് ഒക്കെ പോയാലോ??”
ഹോട്ടലിൽ നിന്ന് ബൈക്ക് എടുക്കുമ്പോൾ ഞാൻ ചോദിച്ചു, ആദ്യമായിട്ടാണ് ഞങ്ങൾ ഇങ്ങനെ ഒരുമിച്ച് പുറത്ത് വരുന്നത്.... അപ്പൊ ഒന്ന് കറങ്ങിയിട്ട് ഒക്കെ മെല്ലെ പോവാം എന്ന് തോന്നി...

“അയ്യോ ശ്രീക്കുട്ടി..........”

“അവളെ ഒരു ചീക്കുട്ടി....... എന്റെ മീനു അത് ചേറിയ കുട്ടിയൊന്നും അല്ലല്ലോ..... നിനക്ക് താല്പര്യം ഇല്ലെങ്കിൽ അത് പറ”

വീണ്ടും വീണ്ടും ആ പേര് കേൾക്കുമ്പോൾ തോന്നുന്ന അരിശം മറച്ചു വെക്കാതെ തന്നെയാണ് ഞാൻ പറഞ്ഞത്....

"നാ ന്ക്കി ബീച്ചിൽ പോവണം"

"മ്മ്......."
അതിന് ഞാൻ വെറുതെ ഒന്ന് മൂളുക മാത്രം ചെയ്തു, അതും അല്പം കനത്തിൽ തന്നെ......... എനിക്ക് ദേഷ്യം പിടിച്ചു എന്ന് കരുതിയിട്ട് ആവണം, മീനു എന്റെ കവിളിൽ ഒരു ഉമ്മ തന്നു...... ഹോ, ഇങ്ങനെ ഒരു പെണ്ണ്....... ഞാൻ മുന്നിലേക്ക് തന്നെ നോക്കി വണ്ടി ഓടിച്ചു....

"ലുട്ടൂസേ........ അതെന്താ നമ്മളെ അതിനെ പി.ബീ ന്ന് പറയുന്നേ??"
എന്റെ ഇടുപ്പിലൂടെ കൈ ചുറ്റി ഒന്നൂടെ ചേർന്നിരുന്ന ശേഷം മീനു അവളുടെ സംശയം ചോദിച്ചു, ഞാൻ ഒന്ന് ചിന്തിച്ച ശേഷം സത്യം തന്നെ പറയാമെന്ന് തീരുമാനിച്ചു

"അതിലെ മീനൂസേ........ നമ്മുടെ വിഷ്ണുവും പിന്നെ എന്റെ വേറെ കുറച്ച് കൂട്ടുകാരും കോളേജിൽ പഠിക്കുന്ന സമയത്ത് കള്ള് കുടിക്കാൻ അവിടെ വരുമായിരുന്നു, അപ്പൊ അവന്മാര് ഇട്ട പേരാണ് പി.ബി........ പ്രൈവറ്റ് ബാർ എന്നുള്ളത് ചുരുക്കിയതാണ്, ബാറിൽ പോയിരുന്ന് കുടിക്കുന്നതിനു പകരം ബീവറേജിൽ പോയി സാധനം വാങ്ങിയിട്ട് അവിടെ പോയി ഇരുന്ന് അടിക്കും...........എന്ത് കഷ്ട ലേ"

“മ്മ്........ ശരി ശരിയേ......”
ഞാൻ നിഷ്കു ആവാൻ ശ്രമിച്ചെങ്കിലും അത് ഏറ്റിട്ടില്ല എന്നത് മീനൂന്റെ ആ ആക്കലിൽ നിന്ന് വ്യക്തം...

ഞങ്ങൾ ബീച്ചിൽ എത്തുമ്പോഴേക്കും സൂര്യൻ പണി കഴിഞ്ഞ് മടങ്ങിയിരുന്നു, ചന്ദ്രേട്ടൻ നൈറ്റ് ഷിഫ്റ്റിന് കയറിയിട്ടുണ്ട്... അവിടെയിവിടെയായി കുറച്ച് ആളുകളുണ്ട്...... ആളൊഴിഞ്ഞ ഒരു സ്ഥലം നോക്കി ഞങ്ങൾ ഇരുന്നു, പണ്ട് കോളേജിൽ പഠിക്കുന്ന സമയത്ത് അടിച്ച് ഔട്ട് ആയിട്ട് ഇവിടെ ഇങ്ങനെ വന്ന് ഇരിക്കുന്ന സുഖം അനുഭവിച്ചിട്ടുണ്ടെങ്കിലും ആദ്യമായിട്ടാണ് ഒരു പെണ്ണിന്റെ കൂടെ വരുന്നത്, സ്വന്തം ഭാര്യ ആയതുകൊണ്ട് പിങ്ക് പോലീസിനെയും പേടിക്കണ്ട....... സ്ഥിരം ഇവിടെ വരുമ്പോൾ കാണുന്ന കാഴ്ചയാണ് പിങ്ക് പോലീസ് വന്നു കോളേജ് യൂണിഫോമിൽ ഒക്കെ വരുന്ന കമിതാക്കളെ പിടിച്ച് വീട്ടിലേക്ക് വിളിപ്പിക്കുന്നത്, പാവങ്ങൾ

അയ്യോ മറന്നു, പണ്ട് ആ മറ്റവളെ കൂടെ വന്നിട്ടുണ്ട്...... ചീക്കുട്ടി......... അതൊക്കെ സത്യം പറഞ്ഞാൽ മറന്നേ പോയിരുന്നു

“എന്താ ലുട്ടൂ കാര്യമായിട്ട് ആലോചിച്ചു കൂട്ടുന്നത്??”

“ഏയ് ഒന്നുല്യാ.....”
എന്റെ തോളിൽ വെച്ചിരുന്ന മീനൂന്റെ തലയിൽ തഴുകി കൊണ്ടാണ് ഞാൻ മറുപടി കൊടുത്തത്....

“ശ്രീക്കുട്ടിയുടെ കാര്യം മേരിയമ്മയോട് പറയണ്ടേ??”

“എന്തിന്?? എന്താ പറയാ??”

“നടന്നത് മൊത്തം”
എന്റെ തോളിൽ ചാരി കിടന്ന് കടലിലേക്ക് നോക്കികൊണ്ട് മീനു പറഞ്ഞു, ഒരു കണക്കിന് അവൾ പറയുന്നത് തന്നെയാണ് ശരി.... മേരി എല്ലാം അറിയുന്നതാണ് നല്ലത്.... പിന്നീട് ഒരു പ്രശ്നം വരരുത്...

“നാളെ മേരിയമ്മ എന്തായാലും നമ്മുടെ പ്രൈവറ്റ് ബാറിലേക്ക് വരുന്നുണ്ട്, അപ്പൊ നേരിട്ട് പറയാം...... ലേ”
പെട്ടെന്ന് എന്റെ മുഖത്തേക്ക് നോക്കി കൊണ്ട് മീനു ചോദിച്ചു, ആ പ്രൈവറ്റ് ബാർ എന്ന് മാത്രം അല്പം കനം കൊടുത്താണ് പറഞ്ഞത്...

“മ്മ് ഓക്കെ...... പിന്നെ ഈ പ്രൈവറ്റ് ബാറിന്റെ കഥയൊന്നും പോയി മേരിയോട് പറയല്ലേ ട്ടോ”
പെണ്ണിന്റെ മുഖത്ത് ഒരു കള്ള ചിരിയാണ്, അത് ഞാൻ ഏറ്റു എന്നൊരു അർത്ഥം അതിനുണ്ടോ എന്നൊരു സംശയം........ പറഞ്ഞ് കുടുങ്ങിയോ
മേരി അറിഞ്ഞാലും വല്യ പ്രശ്നം ഒന്നുമില്ല, അതിലും വലിയ കാര്യങ്ങൾ ഒക്കെ തുറന്ന് പറയണ്ടേ എന്ന് ആലോചിക്കുമ്പോഴാണ്...

“ലുട്ടൂസേ.......... നടന്നത് മൊത്തം അറിഞ്ഞു കഴിഞ്ഞാൽ എന്തായിരിക്കും മേരിയമ്മയുടെ പ്രതികരണം??”
കണ്ണെത്താദൂരം നീണ്ടു കിടക്കുന്ന കടലിലേക്ക് തന്നെ നോക്കികൊണ്ട് മീനു ചോദിച്ചു

“ആഹ് എനിക്ക് അറിയാമേല........ നിന്നെ കെട്ടിപ്പിടിച്ച് ഒരുമ്മ തരുമായിരിക്കും........ എന്റെ കാര്യമാണ്, ഞാൻ അല്ലേ മതില് ചാടിയത്.......... മിക്യവാറും എനിക്കിട്ട് ഒന്ന് കിട്ടാൻ സാധ്യതയുണ്ട്, അങ്ങനെ ആണെങ്കിൽ കൂടെ കട്ടക്ക് നിന്നേക്കണേ ഡീ പൊന്നേ”
നാളെ നടക്കാൻ സാധ്യതയുള്ള ഭൂകമ്പം മനസ്സിൽ കണ്ടുകൊണ്ട് ഞാൻ ആശങ്കയോടെ അത് പറഞ്ഞപ്പോൾ എന്റെ ഉള്ള് മനസ്സിലാക്കി കൊണ്ട് എന്നെ ആശ്വസിപ്പിക്കാൻ എന്നവണ്ണം മീനു എന്നെ കെട്ടിപ്പിടിച്ചു, അവൾക്കും ടെൻഷൻ ഒക്കെയുണ്ട്....... എന്താവും എന്നറിയില്ല, പക്ഷെ എല്ലാം എത്രയും പെട്ടെന്ന് മേരി അറിയുന്നത് തന്നെയാണ് നല്ലത്... അത് എന്നേക്കാൾ മുൻപ് മീനു തിരിച്ചറിഞ്ഞിരുന്നു....... ഷ്മ് എന്റെ ഭാര്യയല്ലേ ബുദ്ധി ഇല്ലാതെ ഇരിക്കുമോ.... . ഏത്.......

കുറച്ച് നേരത്തേക്ക് ഞങ്ങൾ ഇരുവരും മൗനം പാലിച്ചുകൊണ്ട് കടലമ്മയുടെ സൗന്ദര്യം ആസ്വദിച്ചു.....
ഉന്മേഷം വീണ്ടെടുക്കാൻ ഇതിലും നല്ല മരുന്ന് വേറെ ഇല്ല എന്ന് തോന്നുന്നു, വെറുതെ ഇങ്ങനെ കടലിലേക്ക് നോക്കി ഇരിക്കുമ്പോൾ..... കടലമ്മയുടെ തഴുകൽ പോലെ ദേഹത്ത് വന്നു തലോടുന്ന കാറ്റ് ഇതെല്ലാം ഒരു പ്രത്യേക സുഖം തന്നെ,
കുറച്ചുനേരം അങ്ങനെ ഇരുന്നപ്പോൾ തന്നെ ഒരു വല്ലാത്ത ഊർജ്ജം ലഭിച്ചതുപോലെ....... മറ്റന്നാളെ സെലെക്ഷനാണ്, കുറച്ച് മുന്നെ വരെ ഒട്ടും പ്രതീക്ഷ ഇല്ലാതെ ഇരുന്ന എനിക്ക് ഇപ്പോ എന്തും നേടാൻ കഴിയും എന്നൊരു തോന്നൽ വന്നിരിക്കുന്നു.... മൊത്തത്തിൽ ഒരു പോസിറ്റീവ് വൈബ്...

“ലുട്ടൂസേ പോയാലോ.......... നേരം വൈകി”

“മ്മ്......”
വെറുതെ ഒന്ന് മൂളി, പക്ഷെ അനങ്ങിയില്ല..... പിന്നെയും കുറച്ചുനേരം കൂടെ അങ്ങനെ ഇരുന്നു

“ലുട്ടൂസേ മതി വാ പോവാ......”

“ഉഫ്ഫ്....... വാ........”
മീനു തോളിൽ പിടിച്ച് കുലുക്കി വെറുപ്പിക്കാൻ തുടങ്ങിയതും ഞാൻ മനസ്സിലാ മനസ്സോടെ എഴുന്നേറ്റു....

“ലുട്ടൂസേ ന്ക്കി ഐസ്ഒരതി വാങ്ങി തരോ??”
തിരിച്ച് വണ്ടിയുടെ അടുത്തേക്ക് നടക്കുമ്പോൾ ഐസ്ഒരതി വിൽക്കുന്ന ഉന്തുവണ്ടി കാണിച്ചു കൊണ്ടാണ് മീനു ചോദിച്ചത്..... ഒരു ഫോർമാലിറ്റിക്ക് ചോദിച്ചതാണ്, കാരണം എന്റെ മറുപടി കേൾക്കാൻ പോലും നിൽക്കാതെ അവൾ എന്നെയും വലിച്ചുകൊണ്ട് അങ്ങോട്ട് നടന്നു.... അല്ല ഓടി എന്ന് തന്നെ പറയാം.....

“ചേട്ടാ രണ്ട് ഐസ്ഒരതി.....”
അവിടെ എത്തിയതും മീനു ആവേശത്തോടെ പറഞ്ഞു...

“ഏതാ??”
ഐസ്ഒരതി വിൽക്കുന്ന ചേട്ടൻ തിരിച്ച് ചോദിച്ചതോടെ മീനൂട്ടി സൈലന്റ് ആയി, എന്താണ് പുള്ളി ഉദ്ദേശിച്ചത് എന്ന് ഒരു എത്തും പിടിയും കിട്ടാതെ കക്ഷി എന്നെ ഒരു നോട്ടം നോക്കി...... അതിൽ എനിക്ക് മനസ്സിലായി പെണ്ണിന് ഇതിനെ കുറിച്ച് വല്യ ഐഡിയ ഒന്നുമില്ലെന്ന്...

“മധുരം വേണോ എരു വേണോന്ന്”
ഞാൻ പുള്ളിയുടെ ചോദ്യത്തിന്റെ അർത്ഥം അവൾക്ക് പറഞ്ഞ് കൊടുത്തു

“ന്ക്കി മധുരം മതി......”

“മ്മ്..... ചേട്ടാ ഒരു മധുരം ഒരു മിക്സ്”
ഞാൻ പുള്ളിയോട് പറഞ്ഞു

“അതെന്താ മിക്സ്??”

“എരിവും മധുരവും കൂടെ മിക്സ് ആക്കിയിട്ട് ഒരു സ്പെഷ്യൽ സാധനം”

“ഈഹ്...... വയറിളക്കം വരും ട്ടോ ലുട്ടൂസേ”
മുഖം ചുളിച്ചുകൊണ്ട് പറഞ്ഞിട്ട് മീനു പുള്ളി ഉണ്ടാകുന്നത് കൗതുകത്തോടെ നോക്കി നിന്നു....

വയറിളകും എന്നൊക്കെ പറഞ്ഞ് എന്നെ ഉപദേശിച്ചിട്ട് എന്റെ മിക്സഡും അവൾ ഓർഡർ ചെയ്ത മധുരവും ഒക്കെ അവൾ തന്നെയാണ് കുടിച്ചത്.... രണ്ടും കുടിച്ച് തീർത്ത ശേഷം പുള്ളിക്ക് ഒരു നല്ല കോംപ്ലിമെന്റും കൊടുത്തിട്ടാണ് മീനു എന്റെ കൂടെ വന്നു വണ്ടിയിൽ കയറിയത്...... അവൾ പറഞ്ഞ പോലെ വയറിളകാതെ ഇരുന്ന മതിയായിരുന്നു കർത്താവേ..................

ഞങ്ങൾ പി.ബിയിൽ എത്തുമ്പോൾ സമയം പത്തുമണി കഴിഞ്ഞിരുന്നു, അപ്പൊ കുറച്ചല്ല കുറച്ച് അധികം നേരം തന്നെ ഞങ്ങൾ ബീച്ചിൽ ഇരുന്നിരുന്നു, സമയം പോയത് അറിഞ്ഞില്ല...

ശ്രീലക്ഷ്മി ഉള്ളതുകൊണ്ട് അധികം നേരം നിന്ന് തിരിയാതെ ഞാൻ ഡ്രെസ്സും മാറി തലയിണയും പുതപ്പും എടുത്ത് മുകളിൽ എന്റെ ഓപ്പൺ എയർ ബെഡ് റൂമിലേക്ക് പോവാൻ ഒരുങ്ങി......

“ലുട്ടൂസേ ഉറങ്ങുന്ന വരെ ഒരു കമ്പനിക്ക് ഞാൻ വരണോ....”

ശ്രീലക്ഷ്മിക്ക് ദോശ വിളമ്പി കൊടുക്കുകയായിരുന്ന മീനു ഞാൻ പോവുന്നത് കണ്ട് വേഗം എന്റെ അടുത്ത് വന്ന് ചോദിച്ചു, ഭാഗ്യം മെല്ലെ ആയതുകൊണ്ട് ലുട്ടൂസേ എന്ന വിളി മറ്റവള് കേട്ടില്ല

“അയ്യോ വേണ്ട......... ബൈക്കിൽ ഇരുന്ന് തന്നെ മോള് തുമ്മുന്നുണ്ടായിരുന്നു, ഇനി ഇപ്പോ മോളിൽ വന്ന് ഇരുന്നിട്ട് ജലദോഷം പിടിച്ചിട്ട് നാളെ മേരി വരുമ്പോൾ എനിക്കിട്ട് പാര പണിയാൻ അല്ലേ..... മോള് തല്ക്കാലം ഇവിടെ കിടന്നോ”
ഞാൻ മീനൂനെ നോക്കി കൈ കൂപ്പിക്കൊണ്ട് പറഞ്ഞിട്ട് തിരിഞ്ഞ് നടക്കുന്നതിന് മുൻപ് അറിയാതെ മറ്റേ ഭൂതത്തിനെ നോക്കി പോയി, അവൾ ഞങ്ങളെ തന്നെ സസൂക്ഷ്മം വീക്ഷിക്കുന്നുണ്ട്... പെട്ടെന്ന് തന്നെ ഞാൻ മുഖം തിരിച്ച് പുറത്തേക്ക് നടന്നു...

“മീനൂസേ ഒന്ന് ഇങ്ങ് വരോ......”
ഞാൻ പുറത്തിറങ്ങി മുകളിലേക്ക് കയറുന്ന ഏണിയുടെ അടുത്ത് ചെന്ന് അകത്തേക്ക് നോക്കി നീട്ടി വിളിച്ചു...

“എന്താ ലു..........”
ലുട്ടാപ്പി അല്ലെങ്കിൽ ലുട്ടൂസേ, ഇതിൽ ഏതോ ഒന്ന് ഉറക്കെ വിളിച്ചുകൊണ്ട് വരാൻ പോയതാണ്.... ഭാഗ്യത്തിന് പെണ്ണിന് ബോധം വന്നിട്ട് ആ വിളി പകുതിക്ക് നിർത്തി.... എനിക്ക് എന്തോ ഇപ്പോ കേട്ട് കേട്ട് ഈ ലുട്ടാപ്പി എന്ന വിളി അവൾ വിളിക്കുമ്പോൾ വലിയ പ്രശ്നം ഒന്നും തോന്നുന്നില്ല, പക്ഷെ മൂന്നാമത് ഒരാൾ കേട്ടാൽ മോശം അല്ലേ...... അതും എന്നെ തേച്ച എന്റെ എക്സ്.... ഓ അല്ലെങ്കിലും അവൾക്ക് എന്ത് തോന്നിയാലും എനിക്ക് എന്താ ലേ

“എന്താ ലുട്ടാപ്പി വിളിച്ചേ??”

ഞാൻ വിളിച്ചതിന്റെ കാരണം തിരക്കിക്കൊണ്ട് വന്ന മീനുവിനെ ഞാൻ ഇടുപ്പിലൂടെ കൈ ചുറ്റി പിടിച്ചുകൊണ്ട് ചുമരിലേക്ക് ചാരി നിർത്തി...... പുറത്ത് പോയപ്പോൾ ഇട്ട സാരി തന്നെയാണ് ഇപ്പോഴും പെണ്ണിന്റെ വേഷം, മാറ്റിയിട്ടില്ല.....

“എന്തിനാ വിളിച്ചേന്ന് അറിയണോ??”
അവളോട് ചേർന്ന് നിന്നുകൊണ്ട് ഞാൻ ചോദിച്ചപ്പോൾ വേണം എന്ന അർത്ഥത്തിൽ മീനു ഒന്ന് തല കുലുക്കി

ഞാൻ മെല്ലെ കുനിഞ്ഞ് മുട്ടുകുത്തി ഇരുന്നു, ഇപ്പോൾ എന്റെ പെണ്ണിന്റെ സുന്ദരമായ വയറിനു നേരെയാണ് എന്റെ മുഖം............. സാരി ഒന്ന് മാറ്റിയപ്പോൾ കണ്മുന്നിൽ തെളിഞ്ഞു വന്ന മനോഹരമായ പൊക്കിൾ ചുഴിയുടെ മനോഹാരിത നോക്കി നിന്ന് ആസ്വദിക്കാതെ ഞാൻ എന്റെ ചുണ്ടുകളെ അതിൽ മുട്ടിച്ചു....

“ആഹ്ഹ്ഹ്...........”
മീനു എന്റെ മുടിയിൽ പിടിച്ച് വലിച്ചുകൊണ്ട് കണ്ണും പൂട്ടി നിന്നു....
ആ കുഞ്ഞ് പൊക്കിൾ ചുഴിയിലും അതിന് ചുറ്റും ഒന്ന് ചുണ്ടൊടിച്ച ശേഷം ഞാൻ എഴുന്നേറ്റ് നേരെ നിന്നു..... മീനു ഇപ്പോഴും കണ്ണ് തുറന്നിട്ടില്ല...

“ഇതിനാ വിളിച്ചത്”
ഞാൻ മെല്ലെ അവളുടെ ചെവിയിൽ പറഞ്ഞു........ ആ നിമിഷം മീനു ഒന്ന് കണ്ണ് തുറന്നിട്ട് എന്നെ ഒരു നോട്ടം നോക്കി, ഓ മൈ ഗോഡ്.........

“മീനൂട്ടി ഞാൻ നേരത്തെ വെറുതെ പറഞ്ഞതാണ് ട്ടോ...... നീയും വാ, നമുക്ക് മോളിൽ കിടക്കാ”

“അയ്യടാ....... ഇന്ന് തല്കാലം എന്റെ മോൻ ഒറ്റയ്ക്ക് കിടക്ക്...... കേട്ടോ”
എന്നും പറഞ്ഞ് എന്റെ തള്ളിയിട്ട് മീനു അകത്തേക്ക് നടന്നു.... അല്ല ഓടി

“ഗുഡ് നൈറ്റ് മോനു.........ഉമ്മ്മ്മ്”
അവൾ പോവുന്നത് നോക്കി നിരാശനായി നിന്ന എന്നെ തിരിഞ്ഞ് നോക്കി ചിരിച്ച് ഒരു ഫ്ലയിങ് കിസ്സും തന്നിട്ടാണ് പെണ്ണ് അകത്തേക്ക് പോയത്.... ഇനി നിന്നിട്ട് കാര്യമില്ല എന്ന് തോന്നിയതുകൊണ്ട് ഞാൻ വേഗം ഏണി കയറി മുകളിൽ ചെന്ന് നൈറ്റ് ഡ്യൂട്ടിക്ക് നിൽക്കുന്ന ചന്ദ്രേട്ടന് കൂട്ട് കിടന്നു..... പുള്ളിയോട് ഓരോ കൊച്ചുവർത്തമാനം പറഞ്ഞ് ഞാൻ എപ്പോഴോ ഉറങ്ങിയും പോയി.....

രാവിലെ അടുക്കളയിൽ മീനുവിന്റെ പാത്രം വെച്ചുള്ള ഡ്രം വായന കേൾക്കാൻ കഴിയാഞ്ഞത് കൊണ്ട് നല്ല സുഖമായി കിടന്ന് ഉറങ്ങി, ഇന്നലെ ഞാൻ ഒന്ന് കളിപ്പിച്ച കൊണ്ടാകാം പെണ്ണ് ഇങ്ങോട്ട് കയറി വന്നു വിളിക്കാനും നിന്നില്ല..... അത് എന്തായാലും നന്നായി, കുറെ നേരം കിടന്ന് ഉറങ്ങാൻ സാധിച്ചു... ആകെ ചതിച്ചത് രാവിലത്തെ

ഷിഫ്റ്റിന് കയറിയ സൂര്യനാണ്, പുള്ളി വന്നില്ലായിരുന്നെങ്കിൽ ഞാൻ ഉച്ചവരെ കിടന്നുറങ്ങിയേനെ, എന്നാലും സാരമില്ല.... പത്തര വരെ സുഖമായി ഉറങ്ങി....

എഴുന്നേറ്റ് കൈകൾ രണ്ടും ഉയർത്തി ഒന്ന് ഞെളിഞ്ഞ ശേഷം ഞാൻ താഴേക്ക് ഇറങ്ങി..... ഇറങ്ങി ചെന്നതും ഞാൻ കണ്ടത് ടെറസിന്റെ ഒരു മൂലയിൽ രണ്ട് കസേരയിട്ട് കാര്യമായി സംസാരിച്ചുകൊണ്ട് ഇരിക്കുന്ന മേരിയെയും മീനുവിനെയുമാണ്.... അയ്യോ, സാധാരണ മേരിയെ കാണുമ്പോൾ ഉണ്ടാവാറുള്ള സന്തോഷത്തിന് പകരം ഒരുതരം ഭയവും വെപ്രാളവും ഒക്കെയാണ് പെട്ടെന്ന് തോന്നിയത്, ഇറങ്ങി വന്ന എന്നെ രണ്ടുപേരും കണ്ടിട്ടില്ല...... ഭാഗ്യം. ഞാൻ വേഗം അകത്ത് ബാത്റൂമിൽ കയറി കതകടച്ചു......

ഇനി ഇപ്പോ എന്ത് ചെയ്യും...... മീനു എല്ലാം മേരിയോട് പറഞ്ഞു കാണും. ശ്യോ........ മേരി എന്നെ കുറിച്ച് എന്ത് വിചാരിക്കും?? ഛെ ആകെ ഒരു ചമ്മലോ ഭയമോ എന്താണ് തോന്നുന്നതെന്ന് പോലും വ്യക്തമാവുന്നില്ല......

വരുമെന്ന് പറഞ്ഞപ്പോൾ മേരി ഇത്ര നേരത്തെ വരുമെന്ന് ഒട്ടും പ്രതീക്ഷിച്ചില്ല... ഇനി ഇപ്പൊ എന്ത് ചെയ്യാനാണ്, നേരിടുക തന്നെ.... ഒന്നും ഇല്ലേലും എന്റെ സ്വന്തം അമ്മച്ചിയല്ലേ...... എന്നാലും മീനു, അവൾക്ക് കാര്യങ്ങൾ തുറന്നു പറയാൻ എന്നെക്കാൾ ധൈര്യം ഉണ്ടല്ലോ.......

“അതിന് നിനക്ക് എവിടെ ധൈര്യം....... പേടിത്തൂറി”
എന്റെ ഉള്ളിലുള്ള മൈരൻ കിട്ടിയ ചാൻസിൽ എനിക്കിട്ട് തന്നെ താങ്ങി, നാറി........

പ്രഭാത കർമങ്ങൾ എല്ലാം തീർത്ത് ഞാൻ പുറത്തിറങ്ങുമ്പോൾ മീനുവും മേരിയും പുറത്തിരുന്നുള്ള സംസാരം അവസാനിപ്പിച്ച് അടുക്കളയിൽ എന്തൊക്കെയോ ചെയ്തുകൊണ്ട് കത്തി വെക്കാൻ തുടങ്ങിയിരിക്കുന്നു....

“ഡാ....... അവിടെ നിക്കേടാ.........”
എത്തി നോക്കിയിട്ട് മെല്ലെ നൈസ് ആയി വലിയാൻ ശ്രമിച്ച എന്നെ മേരി കയ്യോടെ പൊക്കി....... ഐ ആം ട്രാപ്ഡ്...

“എന്താടാ ഒരു കള്ള ലക്ഷണം?? മ്മ്??”
മേരിയുടെ ചോദ്യത്തിന് ഞാൻ ഒന്നുമില്ല എന്ന് ചുമൽ അനക്കി കാണിച്ചു.... മീനൂന്റെ മുഖത്ത് ചിരിയാണ്, അപ്പൊ ഞാൻ പ്രതീക്ഷിച്ച പോലെ ഭൂകമ്പം ഒന്നുമില്ല..... രക്ഷപെട്ടു....

“നാളെ അല്ലേ നിന്റെ സെലെക്ഷൻ??”

“മ്മ.......”
ഞാൻ അതെ എന്ന രീതിയിൽ മൂളി

“വല്ലതും നടക്കോ??”

മേരി ഒരു ആക്കിയ ട്യൂണിൽ ചോദിച്ചു..... മേരിയേ നല്ലോണം അറിയുന്നതുകൊണ്ട് എനിക്ക് അത് ഒരു വിഷയമേ അല്ല....... മേരി ഇങ്ങനെ തന്നെയാണ്, തളർത്തി കൊണ്ടാണ് ജയിക്കാനുള്ള ഊർജ്ജം തരാറ്...... പണ്ട് തൊട്ടേ അങ്ങനെയാണ്, മേരി എന്നെകൊണ്ട് പറ്റില്ലെന്ന് പറയുന്ന കാര്യങ്ങൾ ചെയ്ത് കാണിച്ച് എന്റെ മേരിയുടെ മുനിൽ ഹീറോ ആവുക എന്നതായിരുന്നു എനിക്ക് എല്ലാത്തിലും ജയിക്കാനുള്ള പ്രചോദനം.... പക്ഷെ ഈ പ്രചോദനം സ്പോർട്സിൽ മാത്രേ ഉള്ളു കേട്ടോ, പഠിത്തത്തിൽ മേരി എന്നെകൊണ്ട് പറ്റില്ലെന്ന് പറഞ്ഞാൽ ഞാനും അത് ശരിവെച്ച് അടങ്ങി ഒതുങ്ങി ഇരിക്കും.....

“നീ പാടത്ത് ചെറിയ പിള്ളേരെ കൂടെ കളിച്ച് അവരെ മുനിൽ സ്റ്റാർ ആയി നടന്ന പോലെ ആയിരിക്കില്ല, കളി അറിയുന്ന നല്ല അസ്സൽ ചുണക്കുട്ടികൾ കാണും...... എന്താവോ എന്തോ”

എന്നെ നോക്കി പറഞ്ഞ് തുടങ്ങിയിട്ട് അവസാനം ആരോടെന്നില്ലാതെ പറഞ്ഞ് മേരി നിർത്തുമ്പോഴും ഞാൻ ഒരു കൂസലും ഇല്ലാതെ കേട്ട് നിന്നു, മീനൂന്റെ മുഖത്ത് പെട്ടെന്ന് ഒരു വിഷമം വന്നതുപോലെ...... എന്റെ ജയം ഇപ്പോൾ എന്നെക്കാൾ ആഗ്രഹിക്കുന്നത് അവളാണല്ലോ...... ഞാൻ മീനൂനെ നോക്കി ഒന്നുമില്ലെന്ന് കണ്ണ് ചിമ്മി കാണിച്ചു....

വൈകുന്നേരം വരെ മേരി ഞങ്ങടെ കൂടെ തന്നെ ഉണ്ടായിരുന്നു, അതുകൊണ്ട് തന്നെ മീനു മേരിയുടെ വാലായി നടന്നു.... മേരിയേ ഇങ്ങനെ വല്ലപ്പോഴുമേ കിട്ടുള്ളൂ, ആ അവസരം മീനു പാഴാക്കിയില്ല.... കെട്ടിയോനായ എന്നെ ഒന്ന് തിരിഞ്ഞുപോലും നോക്കാതെ മീനു അവളുടെ അമ്മായിയമ്മയുടെ അല്ല മേരിയമ്മയുടെ കൂടെ നടന്നു..... ഇപ്പോ എനിക്ക് അസൂയ ഒന്നും ഇല്ല ട്ടോ, എന്റെ പെണ്ണിന്റെ സന്തോഷം അല്ലേ എന്റെ സന്തോഷം.... എന്നാലും ഇടയ്ക്ക് ചെറുതായിട്ട്............

ഇടയ്ക്ക് ശ്രീലക്ഷ്മിയോടും മേരി കുറച്ചുനേരം സംസാരിക്കുന്നത് കണ്ടു, പ്രെഗ്നൻസി സമയത്ത് ശ്രദ്ധിക്കേണ്ട കാര്യങ്ങളും അങ്ങനെ പലതും....

വൈകുന്നേരം രമേശേട്ടൻ വന്നപ്പോൾ പുള്ളിയുടെ കൂടെ ഇറങ്ങുന്നതിനു മുൻപ് മേരി എന്നെ വിളിച്ച് കുറച്ചുനേരം എന്നോട് ഒറ്റയ്ക്ക് സംസാരിച്ചു......

"മോനു........ മോള് എന്നോട് എല്ലാം പറഞ്ഞു, സാരമില്ല...... എല്ലാം നല്ലതിന്

ആയില്ലേ........ ഇതിലും നല്ലൊരു കൊച്ചിനെ മോനുന് കിട്ടില്ല......... അത് ഒരു പാവം ആണ് ലേ, അമ്മച്ചിക്ക് അന്ന് പറഞ്ഞത് തന്നെയാണ് പറയാനുള്ളത്...... അതിനെ കരയിപ്പിക്കരുത്......... എന്റെ മോൻ അത് ചെയ്യില്ല എന്ന് അമ്മച്ചിക്ക് ഇപ്പോ ഉറപ്പാണ്......"
മേരി പിന്നെയും എന്തൊക്കെയോ പറഞ്ഞു, ഞാൻ എല്ലാം കേട്ട് നിന്ന് മൂളി,"എന്ന ശരി മോനു, ഞാൻ പോട്ടേ....... അപ്പൻ എത്തുന്നതിനു മുന്നെ എത്തണം......... പിന്നെ നാളെ ഒന്നും നോക്കണ്ട, തകർക്കണം....... ഓൾ ദി ബെസ്റ്റ്......"
എന്നും പറഞ്ഞ് എന്റെ നെറുകയിൽ ഒരു സ്നേഹചുംബനം സമ്മാനിച്ചിട്ടാണ് മേരി പോയത്...... മീനൂനും കൊടുത്തു രണ്ട് സ്നേഹചുംബനങ്ങൾ...... ഇല്ലെങ്കിൽ അവൾ പിണങ്ങും എന്ന് കരുതിയിട്ട് ആവണം, അല്ലാതെ എന്നെക്കാൾ മേരിക്ക് അവളോട് ഇഷ്ടക്കൂടുതൽ ഒന്നുമില്ല......... അല്ല പിന്നെ................

"ഞാൻ ഒന്ന് ജോഗ്ഗിങ്ങിന് പോയിട്ട് വരാട്ടോ മീനൂട്ടി"
മേരി പോയ കാറിന്റെ പിന്നാമ്പുറം നോക്കി നിന്ന മീനുവിനോട് ഞാൻ പറഞ്ഞു

“അത് എന്തിനാ??”

“നാളെ കളിക്കാൻ ഉള്ളതല്ലേ, കുറച്ചായി ശരീരം ഒന്ന് അനങ്ങിയിട്ട്......... വേറെ വ്യായാമം ഒന്നും നടക്കുന്നില്ലല്ലോ”
ഞാൻ ഒന്ന് അർത്ഥം വെച്ച് നെടുവീർപ്പ് ഇട്ടുകൊണ്ട് പറഞ്ഞിട്ടും ഒട്ടും കണ്ണിൽ ചോര ഇല്ലാതെ “പോയിട്ട് വാ” എന്നും പറഞ്ഞ് മീനു എന്നെ യാത്രയാക്കി....

ആത്മാർത്ഥമായി ശരീരം അനങ്ങാൻ വേണ്ടി തുടങ്ങിയ എന്റെ ജോഗിങ് ചെന്ന് അവസാനിച്ചത് അടുത്തുള്ള പാർക്കിലാണ്..... അവിടെ ധാരാളം ആളുകൾ വൈകുന്നേരം നടക്കാൻ വന്നിരുന്നു, കൂടുതലും മുപ്പതിനും അമ്പതിനും ഇടയ്ക്ക് പ്രായമുള്ള ആന്റിമാർ........എന്റെ ഉള്ളിൽ ഉറങ്ങി കിടന്ന ആന്റി പ്രിയൻ ഉണരാൻ അതിൽ പരം എന്ത് വേണം, ജോഗിങ് നിർത്തി ഞാൻ ഒരു മൂലയിൽ ഇരുന്ന് നന്നായി സ്കാൻ ചെയ്തു......
ട്രാക്ക് പാന്റും ബനിയനും ഇട്ടും, ചുരിദാർ ഇട്ടും സാരി ഉടുത്തും അങ്ങനെ പല വെറൈറ്റിയിൽ ഒരുപാട് ആന്റിമാർ....

“മച്ചാനും നമ്മളെ ആളാണ് ലേ”
എന്റെ അടുത്ത് ഇരുന്ന പയ്യൻ എന്നെ നോക്കി അത് ചോദിച്ചപ്പോൾ അവൻ എന്താണ് ഉദ്ദേശിച്ചതെന്ന് മനസ്സിലാവാതെ ഞാൻ അവനെ സംശയത്തോടെ നോക്കി...

“അല്ല ആന്റിമാരോട് ആണ് ലേ കമ്പം”
ഞാൻ വെറുതെ അവനെ നോക്കി ഒന്ന് ചിരിച്ചു.....

“എന്റെ പൊന്നു മച്ചാനെ കെട്ടുകയാണങ്കിൽ അത് നമ്മളെക്കാൾ മൂത്ത ഒരു പെണ്ണിനെ തന്നെ കെട്ടണം.... ഹോ നമുക്ക് ഒക്കെ അതിനുള്ള ഭാഗ്യം കിട്ടുമോ എന്തോ..... ഹാഹ്”
ഞാൻ നോക്കി കൊണ്ടിരുന്ന കറുത്ത ചുരിദാറിട്ട ഒരു ആന്റിയെ തന്നെ നോക്കി കൊണ്ട് ആ പയ്യൻ അവന്റെ ആഗ്രഹം പറഞ്ഞ് നെടുവീർപ്പിട്ടു.....

“അല്ല മച്ചാനെ എന്താണ് മച്ചാന്റെ പേര്??”

“ടോണി”
ഹസ്താഭിവാദ്യം ചെയ്തുകൊണ്ട് ഞാൻ എന്റെ പേര് പറഞ്ഞ് കൊടുത്തു....

“എന്റെ പേര് പാഞ്ചോ....... എങ്ങനെ ഇണ്ട് സ്റ്റൈൽ അല്ലേ”
ഞാൻ അതെ എന്ന് പറഞ്ഞ് ചിരിച്ചുകൊണ്ട് തല കുലുക്കി

“നോക്ക് മച്ചാനെ ആ ഓറഞ്ച് സാരി നോക്ക്...... ആ കൊച്ചിനെ എടുത്ത് നടക്കുന്നത്........ എനാ ഷേപ്പ് ആണ് ലേ..........ഹൂ..........”
ഞാൻ കാണാതെ പോയ ഒരു സുന്ദരിയെ അവൻ എനിക്ക് കാണിച്ചു തന്നു.... അതൊരു തുടക്കം മാത്രം ആയിരുന്നു, ഇരുട്ട് വീണ് ഒന്നും വ്യക്തമായി കാണാൻ പറ്റാതെ ആവുന്നത് വരെ ഞങ്ങൾ അത് തുടർന്നു...... ഒടുക്കം ഇനി ഇരുന്നിട്ട് കാര്യമില്ല

എന്ന് തോന്നിയപ്പോഴാണ് സുലാൻ പറഞ്ഞ് പിരിഞ്ഞത്........ എന്തായാലും ഞാൻ വന്ന കാര്യം നടന്നില്ല, ജോഗിങ്....... സാരമില്ല കണ്ണിന് കുളിർമ്മ നൽക്കുന്ന കാഴ്ചകൾ കാണാൻ സാധിച്ചല്ലോ അത് മതി.....

"ഇതെന്താ ലുട്ടൂസേ ഓടാൻ പോയിട്ട് വിയർത്തില്ലല്ലോ"
ഓടാൻ പോയിട്ട് പോയ അതെ പോലെ കുട്ടപ്പനായി കേറി ചെന്ന എന്നെ കണ്ട് മീനു ചോദിച്ചു

"ഓ എനിക്ക് നല്ല സ്റ്റാമിന ഉള്ളതല്ലേ..... ഈ ചെറിയ ഓട്ടത്തിൽ ഒന്നും ഞാൻ വിയർക്കില്ല....... എന്തേ സംശയമുണ്ടോ??"
എന്നും ചോദിച്ച് മീനൂന്റെ അടുത്തേക്ക് ചെന്നതും

"അയ്യോ ഇല്ല.... .മോൻ പോയി മേൽ കഴുകി വാ"
എന്ന് പറഞ്ഞുകൊണ്ട് മീനു എനിക്ക് പിടി തരാതെ മാറി നിന്നു.....

യെഹ് യൂ കുഡ് ബി ദി ഗ്രേറ്റസ്റ്റ്
യൂ ക്യാൻ ബി ദി ബെസ്റ്റ്

യൂ ക്യാൻ ബി ദി കിങ് കോങ്ങ് ബാംഗിങ് ഓൺ യുവർ ചെസ്റ്റ്
യൂ കുഡ് ബീറ്റ് ദി വേൾഡ്
യൂ കുഡ് ബീറ്റ് ദി വാർ
യൂ കുഡ് ടോക്ക് ടു ഗോഡ്, ഗോ ബാംഗിങ് ഓൺ ഹിസ് ഡോർ

മേൽ കഴുകി ഇറങ്ങിയിട്ട് മീനു തന്ന ചൂട് ചായ ഊതിയൂതി കുടിക്കുമ്പോഴാണ് മേശപ്പുറത് നിന്ന് എന്റെ ഫോൺ അടിഞ്ഞത്......

"മീനൂസേ ഒന്ന് നോക്കെടി ആരാന്ന്"
അടുക്കളയിലെ തിണ്ണയിൽ നിന്നും എഴുന്നേറ്റ് നടന്നു ചെന്ന് ഫോൺ എടുക്കാനുള്ള മടികൊണ്ട് ഞാൻ മീനുവിനെ നോക്കി ദയനീയമായി പറഞ്ഞു, ഓടി തളർന്നു വന്നതുകൊണ്ട് ആവുമെന്ന് കരുതി മീനുവും ഒന്നും പറയാതെ പോയി ഫോൺ എടുത്തു....

"ചിന്നുവാ...."
ഫോൺ എടുത്ത് എന്നെ നോക്കി പറഞ്ഞിട്ട് അവൾ തന്നെ അറ്റൻഡ് ചെയ്തു...

"ആ എന്താ ചിന്നു.....
ആണോ.........
ഇതാ ഇവിടെ ണ്ട്
ഓ പിന്നെ ഒന്ന് പൊടി പെണ്ണേ
അതൊക്കെ ഞാൻ നോക്കിക്കോളാം ട്ടോ
മ്മ...... ശരി ഞാൻ കൊടുക്കാ"
അങ്ങനെ ചിന്നൂനോട് എന്തൊക്കയോ സംസാരിച്ചുകൊണ്ട് വന്ന് അവസാനം ഫോൺ എനിക്ക് തന്നു...

"മ്മ് എന്താണ് ചിന്നുസേ"

"ഹാ എന്റെ ഏട്ടത്തിയമ്മയ്ക്ക് കുറച്ച് ഉപദേശം കൊടുത്തതാണ്..... ഏറ്റില്ല"

"ഒന്ന് പോയെടി കുരിപ്പേ...... നീ വിചാരിച്ചാലൊന്നും ഞങ്ങളെ തമ്മിൽ തെറ്റിക്കാൻ പറ്റൂല......."

ഫോൺ തന്നിട്ട് എന്നെ പറ്റി നിന്ന മീനൂനെ ചേർത്ത് പിടിച്ചുകൊണ്ട് ഞാൻ പറഞ്ഞു

“ഓ ഇതൊക്കെ പുതുമോടി ആയതുകൊണ്ട് അല്ലേ...... കുറച്ച് കാലം കഴിഞ്ഞാൽ കാണാം.....”
എന്നും പറഞ്ഞ് ചിന്നു കളിയാക്കി ചിരിച്ചു... പക്ഷെ ഞങ്ങൾ തമ്മിൽ തെറ്റില്ല എന്ന പൂർണ്ണ ബോധ്യം ഉള്ളത് കൊണ്ട് ഞാൻ അത് കാര്യമാക്കിയില്ല

“നിന്റെ വിശ്വാസം നിന്നേ രക്ഷിക്കട്ടെ”
അത് പറഞ്ഞത് ചിന്നു അല്ല, എന്റെ ഉള്ളിലുള്ള ആ മൈരൻ.....

“അല്ല ഞാൻ വിളിച്ചത് അതല്ല, നാളെ ഞാൻ ഒരു ഏഴ് മണിക്ക് അവിടെ എത്തും റെഡിയായി നിന്നോ”
കളിയാക്കിയുള്ള ചിരി നിർത്തിക്കൊണ്ട് ചിന്നു പറഞ്ഞു

“അയ്യോ ഏഴ് മണിക്കോ.... “

“ആഹ് എട്ട് മണിക്ക് അവിടെ റിപ്പോർട്ട് ചെയ്യണം..... ഞാൻ മീനു ചേച്ചിയോട് പറഞ്ഞിട്ടുണ്ട്...... ബാക്കി പുള്ളിക്കാരി നോക്കിക്കോളും, അപ്പോ ശരി നാളെ രാവിലെ കാണാം”
പിന്നെ എന്നെ ഒന്നും പറയാൻ അനുവദിക്കാതെ ചിന്നു ഫോൺ കട്ടാക്കി...

“രാവിലെ നേരത്തെ പോവണ്ടേ..... ഭക്ഷണം കഴിച്ച് വേഗം നല്ല കുട്ടിയായി കിടന്ന് ഉറങ്ങിക്കോ”
ഫോൺ വെച്ച് എന്നെ ഒട്ടി നിന്ന മീനുവിനെ നോക്കിയപ്പോൾ അവളുടെ വക.....

“ചേച്ചി ഉറക്കി തരോ??”
ഞാൻ മീനുവിനെ നോക്കി കൊഞ്ചി

“വാവേനെ ചേച്ചി ഉറക്കി തരാ ട്ടോ....... പക്ഷെ അടങ്ങി കിടക്കണം..... കേട്ടോ ലുട്ടാപ്പി”
എന്റെ മൂക്ക് പിടിച്ച് വലിച്ചുകൊണ്ടാണ് മീനു അത് പറഞ്ഞത്....

“ശെരി ഡാകിനി”

ഞാൻ മെല്ലെ അവൾക്ക് കേൾക്കാൻ പറ്റാത്ത രീതിയിലാണ് പറഞ്ഞത്

“എന്താ ലുട്ടൂസേ..... എന്തെങ്കിലും പറഞ്ഞോ??”
എന്റെ ചുണ്ട് അനങ്ങുന്നത് കണ്ട് സംശയം തോന്നി മീനു ചോദിച്ചെങ്കിലും ഒന്നുമില്ലെന്ന് പറഞ്ഞ് കവിളിൽ ഒരു ഉമ്മയും കൊടുത്ത് ഞാൻ അടുക്കളയിൽ നിന്ന് പുറത്തേക്ക് നടന്നു.....

ശ്രീലക്ഷ്മി അവിടെ ടെറസിൽ പുറത്തേക്ക് നോക്കി നിൽപ്പുണ്ടായിരുന്നു, എന്നാലും ഇവളുടെ ഈ വരവിന്റെ ഉദ്ദേശം എന്താണെന്ന് ഒരു പിടിയും കിട്ടുന്നില്ലല്ലോ..... എന്തായാലും ആള് പഴയ പോലെ അല്ല, മുഴുവൻ സമയവും എന്തോ ആലോചിച്ച് ഇരിപ്പാണ്..... അധികം സംസാരം ഒന്നുമില്ല

അല്ലെങ്കിലും എന്നോട് സംസാരിക്കാൻ വരില്ല, വന്ന അത്രയെ അവൾക്ക് ഓർമ്മയുണ്ടാവു.... പിന്നെ ഉള്ളത് മീനു, മീനൂനോടും അവൾ അധികം സംസാരിക്കുന്നത് ഒന്നും കണ്ടിട്ടില്ല, അവൾ എന്തെങ്കിലും ചോദിച്ച അതിന് മാത്രം മറുപടി കൊടുത്ത് ഒരു മൂലയിൽ ഒതുങ്ങി കൂടുന്നുണ്ട്..... ഇതൊക്കെ മിക്കവാറും അവരുടെ പ്ലാനിന്റെ ഭാഗം ആയിരിക്കും.... അത് എന്ത് തന്നെ ആയാലും എന്റെ മീനുവിനെ മാത്രം ഞാൻ വിട്ട് കൊടുക്കില്ല...

രാത്രി അത്താഴം നേരത്തെ കഴിച്ചു....... വേഗം കിടന്ന് ഉറങ്ങിയാലേ രാവിലെ വേഗം എഴുന്നേൽക്കാൻ കഴിയു എന്നും പറഞ്ഞ് മീനു എന്നെ നിന്ന് തിരിയാൻ സമ്മതിക്കാതെ പുതപ്പും തലയിണയും തന്ന് മുകളിലേക്ക് ഉന്തി തള്ളി വിട്ടു....

“ലുട്ടൂസ് പോയി കിടന്നോ...... ഞാൻ വേഗം വരാ”
എന്ന് പറഞ്ഞ് മീനു എന്നെ മുകളിലേക്ക് തള്ളി കയറ്റിയിട്ട് അര മണിക്കൂർ കഴിഞ്ഞു, ഇനി വരാതിരിക്കോ.......... വഞ്ചകി............. ഏയ് എന്റെ മീനു അങ്ങനെ പറ്റിക്കില്ല വരും.... ഹോ നൂറ് ആയുസ്സാണ്, അവളെ കുറിച്ച് തന്നെ ഓർത്ത് കിടക്കുമ്പോൾ മീനു മെല്ലെ ഏണി കയറി വന്നു....

“ശ്യോ ഇത് ഇതുവരെ ഉറങ്ങിയില്ലേ...... വേഗം ഉറങ്ങ് മോനു, രാവിലെ നേരത്തെ വിളിക്കും കേട്ടോ”

ഏണി കയറി വന്ന അവളെ തന്നെ നോക്കി ഇളിച്ചോണ്ട് കിടക്കുന്നത് കണ്ട് മീനു പറഞ്ഞു.... ഇടയ്ക്ക് പെണ്ണിന്റെ പെരുമാറ്റവും സംസാരവും കേൾക്കുമ്പോൾ മേരിയേ ഓർമ്മ വരും, പ്രത്യേകിച്ച് ഇങ്ങനെ മോനു ന്ന് വിളിച്ച് സംസാരിക്കുമ്പോൾ....

“തണുത്തിട്ട് ഉറങ്ങാൻ പറ്റുന്നില്ല.......”
ഞാൻ വിഷമം നടിച്ചുകൊണ്ട് പറഞ്ഞപ്പോൾ മീനു അതിൽ വീണു, പെണ്ണ് വേഗം കൂടെ വന്ന് കിടന്നു....... എന്നെ കെട്ടിപ്പിടിച്ച്...... തണുപ്പിനെ പ്രതിരോധിക്കാൻ അവളിലെ ചൂട് മൊത്തം എനിക്ക് പകർന്നുകൊണ്ട് ഒന്നായി കിടന്നു......

“മീനൂട്ടി ഉറങ്ങിയോ??”

“ഞാൻ ഉറങ്ങി....... ലുട്ടൂസും ഉറങ്ങ്”
കുഞ്ഞു വാവയെ ഉറക്കാൻ പാടുപെടുന്ന അമ്മയെ പോലെ ആയിരുന്നു മീനുവിന്റെ ഭാവം....

“മീനൂട്ടി ഞാൻ ഒരു കാര്യം പറയട്ടെ....”

“വേണ്ട....... മിണ്ടാതെ കിടന്ന് ഉറങ്ങാൻ നോക്ക്”
മീനു ഗൗരവം നടിച്ചു

“പ്ലീസ് ഒറ്റ കാര്യം, എന്നിട്ട് ഞാൻ ഉറങ്ങാ”

“മ്മ്.....”
വേഗം പറഞ്ഞ് തുലയ്ക്ക് എന്നൊരു ഭാവത്തിലാണ് മീനു സമ്മതം മൂളിയത്

“അതില്ലേ........ നമ്മുടെ കുട്ടിപട്ടാളത്തിലേക്ക് ആദ്യത്തെ ആളെ റിക്രൂട്ട് ചെയ്യണ്ടേ??
എന്റെ ചോദ്യത്തിന്റെ അർത്ഥം മനസ്സിലാവാതെ മീനു എന്നെ സംശയത്തോടെ നോക്കി..... ഇപ്പോഴും ഞങ്ങൾ കെട്ടിപ്പിടിച്ചു തന്നെയാണ് കിടക്കുന്നത്....

“നോക്കണ്ടേ.......”
അവളെ വയറ്റിൽ ഉഴിഞ്ഞുകൊണ്ട് കള്ള ചിരിയോടെ ഞാൻ ചോദിച്ചപ്പോഴാണ് എന്റെ ആവശ്യം പെണ്ണിന് മനസ്സിലായത്...

“ഇപ്പോ വേക്കൻസി ഒന്നുമില്ല...... കുറച്ച് കഴിഞ്ഞ് റിക്രൂട്ട് ചെയ്യാ കേട്ടോ....... ഇപ്പോ എന്റെ റിക്രൂട്ടർ അടങ്ങി കിടന്നേ”
അവളെ വയറ്റിൽ ഇഴഞ്ഞു നടന്ന എന്റെ കൈ പിടിച്ച് വെച്ചുകൊണ്ട് ഒട്ടും കരുണയില്ലാതെ മീനു പറഞ്ഞു

“ദുഷ്ടത്തി............ ഞാൻ മേരിയോട് പറഞ്ഞ് കൊടുക്കും..........."

“ഓ വല്യ കാര്യം........ അടങ്ങി കിടക്ക് ലുട്ടൂസേ....... രാവിലെ നേരത്തെ എഴുന്നേൽക്കണ്ടേ......... നല്ല വാവയല്ലേ ഉറങ്ങിക്കേ....... ഓാഓാഓാഓാഓാ ഓാഓാഓാഓാഓാ”
കുഞ്ഞി കുട്ടികളെ തട്ടി ഉറക്കുന്നത് പോലെ മീനു എന്നെ ഉറക്കാൻ ശ്രമിച്ചു, പക്ഷെ ഞാൻ ഉണ്ടോ ഉറങ്ങുന്നു.... പിന്നെയും കുറെ നേരം വെറുപ്പിച്ച ശേഷമാണ് ഞാൻ ഉറങ്ങിയത്.....

ഉറങ്ങാൻ വൈകിയാൽ എന്താ നേരത്തെ എഴുന്നേറ്റു....... അല്ല എഴുന്നേൽപ്പിച്ചു......... അഞ്ചര ആയപ്പോഴേക്കും മീനു എന്നെ കുത്തി പൊക്കി എഴുന്നേൽപ്പിച്ചു...... ജീവിതത്തിൽ ഇതുവരെ അഞ്ചര മണിക്ക് ഒന്നും കണ്ണ് തുറന്ന് ശീലം ഇല്ലാത്ത പാവം എനിക്ക് കണ്ണ് പോലും തുറക്കാൻ പറ്റിയില്ല.....

മീനു കുറെ പിടിച്ച് വലിച്ചും നുള്ളിയും പിച്ചിയും ഒക്കെ നോക്കിയെങ്കിലും ഞാൻ തിരിഞ്ഞും മറിഞ്ഞും കിടന്ന് നോക്കി....... ഒടുക്കം എന്നെ എഴുന്നേൽപ്പിക്കാൻ പെണ്ണ് അവസാനത്തെ അടവ് ഇറക്കി....

കണ്ണും പൂട്ടി കിടന്ന എന്റെ ചുണ്ട് മീനു മെല്ലെ ഒന്ന് ചപ്പി...... പെട്ടെന്ന് പോപ്പോയ് ചീര കഴിച്ചത് പോലെ ശക്തിയും ഊർജ്ജവും കിട്ടിയ ഞാൻ ചാടി തിരിഞ്ഞ് മീനൂനെ അടിയിലാക്കി ചുണ്ടുകൾ ചപ്പി വലിച്ചു....

“ഇപ്പോ ഉറക്കം പോയില്ലേ....... ഇനി മതി വാ എഴുന്നേൽക്ക്”
കുറച്ചുനേരത്തെ അധരപാനത്തിന് ശേഷം അകന്നു മാറിയ എന്നെ നോക്കി ചിരിച്ചുകൊണ്ട് മീനു പറഞ്ഞു..... അനുസരിക്കാതെ വേറെ വഴി ഇല്ലാത്തത് കൊണ്ട് ഞാൻ ഏണി ഇറങ്ങിയ ശേഷം എന്റെ പേടിതൂറിയായ കെട്ടിയോളെയും ഇറക്കി കൊടുത്തു....

താഴെ എത്തിയതോടെ ചീരയുടെ.......... ഛെ അല്ല.......... അധരപാനത്തിന്റെ ശക്തി നഷ്ടപ്പെട്ടതോടെ ഞാൻ വാടി തളർന്നു ഒരു മൂലയിൽ ഇരുന്നു.....

അടുക്കളയിലെ പണിയുടെ ഇടയിലൂടെ മീനു ഇടയ്ക്ക് ഓടി വന്ന് എന്നെ കൊണ്ട് പല്ല് തേപ്പിച്ചു........ ഹാ ഹാ നല്ല ചുഗം....... വെറുതെ വായും തുറന്ന് ഇരുന്ന് കൊടുത്ത മതി.... ഡെയിലി ഈ സെറ്റപ്പ് ആക്കാൻ പറ്റിയിരുന്നെങ്കിൽ നന്നായിരിക്കും.......

ഒരു വൃത്തികെട്ട ചിരി കേട്ടാണ് ഞാൻ കണ്ണ് തുറന്ന് നോക്കിയത്........ നോക്കുമ്പോൾ അവൾ ആ ചീലച്ച്മി ചിരിച്ചതാണ്, മീനു എനിക്ക് പല്ല് തേപ്പിച്ച് തരുന്നത് കണ്ടിട്ടാണ് അവളുടെ ഒടുക്കത്തെ ഇളി..... ഇതിലും വൃത്തിക്ക് എനിക്ക് തേക്കാൻ അറിയാം എന്നൊരു അഹംഭാവവും ആ ചിരിയിൽ ഉണ്ടായിരിക്കാം.....

"മതി ഇരുന്ന് ഉറക്കം തൂങ്ങിയത്, പോയി കുളിക്ക് ചിന്നു ഇപ്പോ വരും......."
മീനു എന്നെ ഉന്തി തള്ളി കുളിമുറിയിൽ കയറ്റി......

"ന്ന തോർത്ത്.......... വേഗം വന്നോ, ഇനി അതിന്റെ അകത്ത് ഇരുന്ന് ഉറങ്ങണ്ട"
കുളിമുറിയുടെ വാതിലിൽ ചാരി നിന്ന് ഉറക്കം തൂങ്ങിയ എനിക്ക് നേരെ തോർത്ത് നീട്ടികൊണ്ട് മീനു പറഞ്ഞു.....

"നല്ലൊരു ദിവസം ആയിട്ട് ഇങ്ങനെ തണുപ്പൻ കളി കളിക്കാതെ ഒന്ന് ഉഷാറായിക്കെ ലു......... ടോണി"
ശ്രീലക്ഷ്മി ഇരിക്കുന്നത് കൊണ്ടാകാം മീനു എന്നെ ആദ്യമായി ടോണി എന്ന് വിളിച്ചത്, ആദ്യമായിട്ട് ആണെന്ന് തോന്നുന്നു............

"കുളിപ്പിച്ച് തരുന്നോ??"
അതിന് മറുപടി ഒന്നും തരാതെ മീനു എന്നെ ഒന്ന് കണ്ണുരുട്ടി പേടിപ്പിച്ചു....... അല്ല പേടിപ്പിക്കാൻ ശ്രമിച്ചു എന്ന് പറയാം..... കാണാൻ കോമഡിയാണ്.......

"ഈശ്വരാ അഞ്ചരയ്ക്ക് വിളിക്കാൻ തുടങ്ങിയതാണ് ഞാൻ ഈ സാധനത്തിനെ, നോക്ക് സമയം ആറര കഴിഞ്ഞു....... ഇനി ഞാൻ പറയൂല എന്താന്ന് വെച്ച ചെയ്തോ".

അവസാനം ക്ഷമ നശിച്ചപ്പോൾ ഈശ്വരനോട് പരിഭവം പറഞ്ഞുകൊണ്ട് മീനു അടുക്കളയിലേക്ക് നടന്നു, അവൾ കൂടെ നിൽക്കുന്നത് കൊണ്ടാണ് ഞാൻ ഇങ്ങനെ കളിക്കുന്നതെന്ന് തോന്നി കാണണം.......... സത്യം പറഞ്ഞാൽ അതാണ് വാസ്തവം.....മീനു പോയതും ഞാൻ കുളിമുറിയുടെ വാതിൽ അടച്ചിട്ട് വിവസ്ത്രൻ ആയ ശേഷം ഷവർ തുറന്ന് അതിന്റെ അടിയിൽ നിന്നു..... ഹാഹാ യെന്താ സുഖം....... ഹാ....... ഞാൻ അങ്ങനെ ഷവറിന്റെ അടിയിൽ സ്വപ്നം കണ്ട് നിന്നുപോയി........ പെട്ടെന്നാണ് ഇന്നത്തെ സെലെക്ഷന്റെ കാര്യം ഓർമ്മ വന്നത്, എന്റെ ഡ്രീം........... അയ്യോ ഇനിയും വൈകിയാൽ ശരിയാവില്ല........ ഞാൻ വേഗം കുളി നിർത്തി തോർത്തും ചുറ്റി പുറത്തേക്ക് ഇറങ്ങി.....

പെട്ടെന്ന് വന്ന ആവേശത്തിൽ ഞാൻ നനഞ്ഞ തോർത്തും വാരി ചുറ്റികൊണ്ട് പുറത്തേക്ക് ഇറങ്ങി.....
പുറത്തിറങ്ങിയ ഞാൻ കണ്ടത് മേശപ്പുറത് പ്രഭാതഭക്ഷണം നിരത്തുന്ന മീനു, അവളെ പിന്നിൽ സഹായിയായി പ്ലേറ്റും പിടിച്ച് നിൽക്കുന്ന ചിന്നു, കസേരയിൽ ഞെളിഞ്ഞ് ഇരിക്കുന്ന ചീലച്ച്മി.......

കുളിമുറിയുടെ വാതിൽ തുറന്ന ശബ്ദം കേട്ട് മൂന്നുപേരും ഒരേ സമയം എന്നെ നോക്കി..... എന്തോ ഓർമ്മയിൽ ഇറങ്ങിയതാണ്, ആ നനഞ്ഞ തോർത്ത് അല്ലാതെ എന്റെ ദേഹത്ത് മറ്റൊന്നും തന്നെ ഇല്ല....

ചിന്നു എന്നെ നോക്കി ചിരിക്കുകയാണ്....... വെറുതെ ചിരിക്കുകയല്ല കളിയാക്കി ചിരിക്കുകയാണ്, മറ്റേ ഭൂതം അന്തംവിട്ട് നോക്കുകയാണ്...... മീനു ഒരു നിമിഷം എന്റെ കോലം നോക്കിയ ശേഷം മുഖം ചുളിച്ചുകൊണ്ട് ഓടി വന്ന് എന്നെ പിടിച്ച് കുളിമുറിയിലേക്ക് തന്നെ കയറ്റി.....

"ഇവിടെ നിക്ക്...... ഞാൻ പോയി ഡ്രസ്സ് എടുത്ത് വരാ........ കുരുത്തംക്കെട്ടതേ......."
എന്നും പറഞ്ഞ് എന്റെ ചെവി പിടിച്ച് തിരിച്ചിട്ടാണ് മീനു ഡ്രസ്സ് എടുക്കാൻ പോയത്.....
ഇതിൽ എന്താ കുരുത്തക്കേട് ഉള്ളത്, അറിയാതെ പറ്റി പോയതല്ലേ....... ഹാ ഇനി ഇപ്പോ അതൊന്നും പറഞ്ഞിട്ട് കാര്യം ഇല്ലല്ലോ.....

ഡ്രസ്സ് കൊണ്ടുവന്ന് തരുമ്പോഴും പെണ്ണ് എന്നെ കണ്ണുരുട്ടി നോക്കുകയാണ് ചെയ്തത്..... എക്സ്പോസ് ചെയ്ത എന്നെക്കാൾ കുറവ് അവൾക്കാണ്........

സമയം വൈകിയിരുന്നു, എട്ട് മണിക്ക് അവിടെ റിപ്പോർട്ട് ചെയ്യണം..... എട്ട് മണിക്ക് അവിടെ എത്തണമെങ്കിൽ ഏഴ് മണിക്കെങ്കിലും ഇവിടുന്ന് ഇറങ്ങണം..... ഇപ്പോ തന്നെ ഏഴ് കഴിഞ്ഞു, ഞാൻ വേഗം ഭക്ഷണം കഴിച്ച് ബൂട്ടും പാഡും ജേഴ്സിയും എല്ലാം വെച്ച ബാഗും എടുത്ത് ചിന്നൂന്റെ കൂടെ ഇറങ്ങാൻ തയാറായി.....

"ലുട്ടൂസേ...... ഓൾ ദി ബെസ്റ്റ്....... നന്നായി കളിക്കണം കേട്ടോ......."
ഇറങ്ങാൻ നേരം മീനു എന്നെ പിടിച്ച് നിർത്തി പറഞ്ഞപ്പോൾ ഞാൻ വെറുതെ തലയാട്ടി നിന്നു, എന്റെ പെണ്ണിന്റെ പ്രാർത്ഥന എന്റെ കൂടെ തന്നെ ഉണ്ടാവും എന്നറിയാം, അത് മതി എനിക്ക് ജയിക്കാൻ...... വേറെ ഒരാൾ ഉണ്ട്, ഇപ്പോ കർത്താവിനോട് മുട്ടി പ്രാർത്ഥിക്കുന്നുണ്ടാവും മകൻ അവന്റെ ആഗ്രഹത്തിലേക്കുള്ള ആദ്യപടി വിജയിച്ചു കയറാൻ..... എന്റെ മേരി.....

"അയ്യോ..... മതി, ബാക്കി റൊമാൻസ് ഒക്കെ പോയി വന്നിട്ട്....... എന്റെ മീനു ചേച്ചി ആ സാധനത്തിനെ ഇങ്ങ് വിട്"
എന്നെ ചുറ്റി പിടിച്ചു നിന്ന മീനുവിനെ നോക്കി ചിന്നു തിടുക്കം കൂട്ടി,

" മ്മ് ബായ്........"

"ബെസ്റ്റ് ഓഫ് ലക്ക്"
മീനൂനോട് യാത്ര പറഞ്ഞ് ഇറങ്ങുമ്പോൾ അപ്പുറത്ത് നിന്ന ശ്രീലക്ഷ്മി എന്നെ നോക്കി ചിരിച്ചുകൊണ്ട് പറഞ്ഞു, നല്ലൊരു കാര്യത്തിന് പോവാൻ ഇറങ്ങുന്നത് കൊണ്ട് ഞാൻ ഒരു താങ്ക്സ് തിരിച്ചും പറഞ്ഞു...

"ഹോ ഏഴേകാൽ ആയി, ഇനി എന്തായാലും എട്ട് മണിക്ക് അവിടെ എത്തില്ല........"
താഴേക്കുള്ള പടികൾ ഓടി ഇറങ്ങുന്നതിന് ഇടയ്ക്ക് ചിന്നു പറഞ്ഞു....

"മൊയലാളീന്റെ മോളെ കൂടെ പോവുന്നത് കൊണ്ട് ഇത്തിരി വൈകിയാലും പ്രശ്നം ഒന്നും ഉണ്ടാവില്ല"

"അയ്യടാ ഒരു പിണാക്കും നടക്കില്ല......... മോൻ വേഗം വണ്ടി എടുക്ക്"

എന്നും പറഞ്ഞ് അവൾ എനിക്ക് നേരെ കീ നീട്ടിയപ്പോഴാണ് അവൾ മിനികൂപ്പർ എടുത്തിട്ടാണ് വന്നതെന്ന് ഞാൻ അറിയുന്നത്... നോക്കുമ്പോൾ അന്ന് ഞാൻ അവളുടെ വീട്ടിലെ കാർ പോർച്ചിൽ കണ്ട ഐലൻഡ് ബ്ലൂ മിനി കൺട്രിമാൻ അതാ കിടക്കുന്നു...... ഹഹ, ഇനി എന്ത് പേടിക്കാൻ....... എട്ട് അല്ല, ഏഴേ മുക്കാൽ ആകുമ്പോഴേക്കും അവിടെ എത്താം......

"ചിന്നൂസേ....... സീറ്റ് ബെൽറ്റ് ഇട്ടോ"
ചിന്നുവിനെ നോക്കി ചിരിച്ചുകൊണ്ട് ഞാൻ മിനി മോളെ മുന്നോട്ട് എടുത്തു, രാവിലെ നേരത്തെ ആയതുകൊണ്ട് റോഡിൽ അധികം വണ്ടികൾ ഒന്നും ഇല്ലാഞ്ഞത് കൊണ്ടും എന്റെയും മിനി മോളുടെയും കഴിവ് കൊണ്ടും എട്ട് മണിക്ക് പത്ത് മിനിറ്റ് മുന്നെ ഞങ്ങൾ ഗ്രൗണ്ടിൽ എത്തി......

ഞാൻ പ്രതീക്ഷിച്ചതിലും കൂടുതൽ പേര് വന്നിട്ടുണ്ട് സെലെക്ഷന്, എങ്ങനെ പോയാലും നൂറിന് മുകളിൽ ഉണ്ടാവും, തീർച്ച....... ചിന്നു എന്നെ ഒന്ന് വിഷ് ചെയ്തിട്ട് കൂടെ വന്നവർക്ക് ഇരിക്കാൻ വേണ്ടി ഒരുക്കിയ കസേരയിൽ പോയി ഇരുന്നു, ഞാൻ പേര് കൊടുത്തിട്ട് ഗ്രൗണ്ടിന്റെ സൈഡിൽ കണ്ട ഡ്രസ്സിങ് റൂമിൽ പോയി അണിഞ്ഞ് ഒരുങ്ങി വന്നു....

കുറച്ചു നേരം കഴിഞ്ഞപ്പോൾ രണ്ട് ചേട്ടന്മാർ വന്ന് എല്ലാവരോടും വരിയിൽ നിൽക്കാൻ പറഞ്ഞു, എല്ലാവരും സ്കൂളിൽ അസംബ്ലിക്ക് നിൽക്കുന്ന പോലെ നിന്നപ്പോഴേക്കും കുറച്ച് പ്രായമുള്ള നാലുപേർ വന്നു, കുറച്ച് പ്രായം എന്ന് പറയുമ്പോൾ ഒരു നാല്പത് പ്ലസ് ഉണ്ടാവും.... എല്ലാവരും Catamounts FC എന്ന് എഴുതിയ ജേഴ്സിയും ഷോർട്സും ആണ് വേഷം..... കോച്ചിംഗ് ടീം ആയിരിക്കും, നടുക്ക് നിൽക്കുന്ന നീളം കുറഞ്ഞ കഷണ്ടി തലയനാണ് ഹെഡ് കോച്ച് എന്ന് തോന്നുന്നു........

"ഗുഡ് മോർണിംഗ് ബോയ്സ്, എന്റെ പേര് ജോർജ് വേങ്ങര.... ഞാനാണ് Catamounts FC യുടെ ഹെഡ് കോച്ച്....... നിങ്ങൾ എല്ലാവരും ഒരൊറ്റ ലക്ഷ്യം വെച്ചാണ് ഇവിടെ വന്നിരിക്കുന്നത്, ടീമിലേക്ക് സെലെക്റ്റ് ആവുക........ നമ്മുടെ ക്ലബ് ഈ തവണ തികച്ചും പുതിയ ഒരു ടീമിനെ വെച്ച് ഇറങ്ങാനാണ് പ്ലാൻ...... നിങ്ങളിൽ ഏറ്റവും മിടുക്കന്മാരായ കുറച്ചുപേരെ തിരഞ്ഞ് എടുക്കുക എന്ന വളരെ കഠിനമായ പണിയാണ് ഇപ്പോൾ ഞങ്ങളുടെ മുനിൽ ഉള്ളത്..... എല്ലാവർക്കും നിങ്ങടെ ബെസ്റ്റ് പുറത്ത് എടുക്കാൻ കഴിയട്ടെ, അപ്പോ ഓൾ ദി ബെസ്റ്റ്".

തുടക്കം തന്നെ അസംബ്ലിക്ക് നിൽക്കുന്ന പോലെ നിർത്തിയിട്ട് മെയിൻ കോച്ച് ഒരു ചെറിയ ഇൻട്രോ തന്നു, അത് കഴിഞ്ഞ് അസിസ്റ്റന്റ് കോച്ചും ഗോൾ കീപ്പിങ് കോച്ചും ഫിറ്റ്നസ് ആൻഡ് കണ്ടിഷനിംഗ് കോച്ചും ഒക്കെ സംസാരിച്ചു, എല്ലാരുടെ സംസാരവും കഴിഞ്ഞപ്പോഴേക്കും ബോർ അടിച്ച് പോയിരുന്നു.......

പക്ഷെ അത് കഴിഞ്ഞിട്ട് കോച്ച് പറഞ്ഞ കാര്യം കേട്ടപ്പോൾ എല്ലാ ബോറടിയും മാറി കിട്ടി..... എല്ലാവരും ഗ്രൗണ്ട് ചുറ്റും പത്ത് റൗണ്ട് ഓടാൻ.....

“എന്നെകൊണ്ട് പറ്റുമെന്ന് തോന്നുന്നില്ല ഷാജിയേട്ടാ”
എന്ന് എന്റെ ഉള്ളിൽ കിടന്ന് നെഗറ്റീവോളി പറഞ്ഞെങ്കിലും അതിന് പുല്ലു വില കൊടുത്തുകൊണ്ട് ഞാൻ ഓടി തുടങ്ങി.... ഇത് എന്റെ ഡ്രീം ആണ്, എന്ത് വില കൊടുത്തും ഇന്ന് സെലെക്ഷൻ നേടിയെടുതേ പറ്റു........ ഇത് ചിലപ്പോൾ എനിക്കുള്ള അവസാനത്തെ അവസാനം ആകും....

ആദ്യത്തെ നാല് റൗണ്ട് ഞാൻ സുഖ സുന്ദരമായി ഓടി തീർത്തു, അഞ്ചാമത്തെ റൗണ്ടിൽ പണി മണത്തു തുടങ്ങിയെങ്കിലും അതും കുഴപ്പം ഒന്നും ഇല്ലാതെ ഓടി ഒപ്പിച്ചു, ആറാമത്തെ റൗണ്ട് എത്തിയതോടെ പൂർത്തിയാക്കാൻ കഴിയില്ല എന്ന് എനിക്ക് ഏറെ കുറെ ഉറപ്പായി... കിതച്ചുകൊണ്ട് ആണെങ്കിലും ആറാമത്തെ റൗണ്ടും പൂർത്തിയാക്കി.... ഇതിനിടയിൽ ചിലർ ഒക്കെ ഓടാൻ കഴിയാതെ പകുതിക്ക് നിർത്തുന്നുണ്ട്, അങ്ങനെ നിർത്തുന്നവരെ ഒക്കെ അപ്പോ തന്നെ ഔട്ട് ആകുന്നതും കണ്ടു

അതോടെ എന്ത് വില കൊടുത്തും പത്ത് റൗണ്ട് പൂർത്തിയാക്കണം എന്ന് ഞാൻ മനസ്സിൽ ഉറപ്പിച്ചു..... പക്ഷെ ശരീരം അനുവദിക്കുമോ എന്നാണ് അറിയേണ്ടത്......

കഷ്ടപ്പെട്ട് ഏഴാം റൗണ്ട് ഓടുമ്പോൾ ഇന്നലെ ആ പാഞ്ചോയുടെ കൂടെ ഇരുന്ന് ആന്റിമാരെ സൂം ചെയ്തത് ഓർത്തുപോയി, അതിന് പകരം ഇന്നലെ കുറച്ച് നേരം ഓടിയിരുന്നെങ്കിൽ ഇന്ന് ഇത്ര കഷ്ടപാട് ഉണ്ടാവില്ലായിരുന്നു..... എന്നാലും എങ്ങനെയോ അതും പൂർത്തിയാക്കി

എട്ടാം റൗണ്ടും ഒമ്പതാം റൗണ്ടും ഓടുക ആയിരുന്നില്ല, ഇഴയുകയായിരുന്നു..... എന്റെ ശരീരത്തിന്റെ ഇപ്പോഴത്തെ അവസ്ഥയെ കുറിച്ച് എനിക്ക് പൂർണ്ണമായും മനസ്സിലായിരിക്കുന്നു, ഇതിന് ഒക്കെ കാരണം ഒടുക്കത്തെ സിഗരറ്റ് വലിയാണ്.... ഒരു പ്രൊഫെഷണൽ കളിക്കാരൻ ആവാൻ ആഗ്രഹിച്ച ഞാൻ ഒരിക്കലും അതൊന്നും ഉപയോഗിക്കാൻ പാടില്ലായിരുന്നു, ഹാ ഇനി പറഞ്ഞിട്ട് കാര്യം ഇല്ലല്ലോ.....

അവസാന റൗണ്ട് ഓടുമ്പോൾ ശരീരം മൊത്തമായി വിറയ്ക്കാൻ തുടങ്ങിയിരുന്നു, ഒന്ന് രണ്ട് തവണ കാല് ഇടറി പോയെങ്കിലും വീഴാതെ എങ്ങനെയോ മുഴുവൻ ഓടി തീർത്തു............ പത്താം റൗണ്ട് കഴിഞ്ഞതും ഞാൻ നിലത്തേക്ക് ഇരുന്നു പോയി, തല കറങ്ങുന്നു.......

ഒരു ചേട്ടൻ വന്ന് പിടിച്ച് എഴുന്നേൽപ്പിച്ചിട്ട് കൂളിംഗ് ഡൌൺ സ്ട്രെച്ചിങ് ചെയ്യാൻ പറഞ്ഞു........ അത് ചെയ്തു കഴിഞ്ഞപ്പോഴേക്കും ചെറിയ ആശ്വാസം തോന്നി.... ഹോ...... ഇനിയും എന്തൊക്കെ ചെയ്യണം ആവോ..........

“ഗോൾ കീപ്പർസ് അങ്ങോട്ട് മാറി നിൽക്കുക, മിഡ് ഫീൽഡർസ് അവിടേക്ക് നിൽക്ക്, ഡിഫെൻഡേർസ് ഇവിടെ നിൽക്ക്, ഫോർവേഡ് കളിക്കുന്നവർ ദാ അവിടെ പോയി നിൽക്കുക”

അസിസ്റ്റന്റ് കോച്ച് വന്ന് ഓരോ പൊസിഷനിൽ കളിക്കുന്നവരെയും പിരിച്ചു നിർത്തി..... ഞാൻ മിഡ് ഫീൽഡ് കളിക്കുന്നവർ നിൽക്കാൻ പറഞ്ഞ സ്ഥലത്ത് പോയി നിന്നു..... ഹോ കൂടുതൽ ആളുകൾ ഫോർവേഡ് കളിക്കുന്നതിലേക്ക് പോയിട്ടുണ്ട്..... ഭാഗ്യം....കാൽ പന്ത് കളി കണ്ട് തുടങ്ങിയ കാലത്ത് മുനിൽ കളിച്ച് ഗോളുകൾ അടിച്ച് കൂട്ടുന്ന സ്ട്രൈക്കർമാരെ ആയിരുന്നു കൂടുതൽ ഇഷ്ടം, പക്ഷെ പിന്നീട് എപ്പോഴോ ഈ കളി രക്തത്തിൽ അലിഞ്ഞ് തുടങ്ങിയപ്പോൾ തൊട്ട് കളിയെ നിയന്ത്രിക്കുന്ന മധ്യനിര താരങ്ങളോട് അല്പം ഇഷ്ട കൂടുതൽ വന്നു... ഒരേ സമയം മുന്നിലേക്ക് പന്ത് എത്തിച്ച് അക്രമങ്ങൾക്ക് ചുക്കാൻ പിടിക്കുകയും പിന്നിലേക്ക് ഇറങ്ങി പ്രതിരോധ നിരയെ സഹായിക്കുകയും ചെയ്യുന്ന താരങ്ങൾ എനിക്ക് ഒരു ആവേശമായി മാറി.... അങ്ങനെയാണ് ഞാൻ ഒരു മിഡ് ഫീൽഡർ ആയി മാറിയത്... കോളേജ് ടീമിൽ ഒന്നും പക്ഷെ എനിക്ക് ആ പൊസിഷനിൽ കളിക്കാൻ അധികം സാധിച്ചിട്ടില്ല, അവിടെ കോച്ച് എന്നെ പിടിച്ച് മുനിൽ കളിപ്പിക്കും..... എന്തായാലും ഇവിടെ ഇന്ന് ഞാൻ എന്റെ

മധ്യനിരയിലെ കളി തന്ത്രങ്ങൾ മുഴുവൻ പുറത്തെടുത്ത് സെലെക്ഷൻ നേടി എടുക്കും....

ആദ്യത്തെ ഓട്ടം ഒഴിച്ച് പിന്നെ ഉണ്ടായിരുന്ന എല്ലാ പരീക്ഷണങ്ങളും ഞാൻ വലിയ ബുദ്ധിമുട്ടില്ലാതെ ചെയ്തു...... അഞ്ച് മിനിറ്റുള്ള ഒരു ചെറിയ മാച്ച് കളിപ്പിച്ചു, പെനാൽറ്റി അടിപ്പിച്ചു, ഫ്രീകിക്ക്സ്, കോർണർസ് അങ്ങനെ പലതും അവർ ചെയ്യിപ്പിച്ചു.... എല്ലാം അത്യാവശ്യം മോശം അല്ലാതെ തന്നെ തീർത്തു.....

രാവിലെ തുടങ്ങിയ സെലെക്ഷൻ അവസാനിക്കുമ്പോൾ വൈകുന്നേരം ആയിരുന്നു, ചിന്നു ഇരുന്ന് ബോർ അടിച്ച് ചത്ത് കാണും..... അവസാനം എല്ലാം കഴിഞ്ഞ് ഞാൻ ചിന്നൂന്റെ അടുത്ത് ചെന്ന് ഇരുന്നു.....

“കൊട് കൈ മോനെ തകർത്തു.... എന്തായാലും സെലെക്ഷൻ ഉറപ്പാണ്”
അടുത്ത് എത്തിയതും ചിന്നു എന്നോട് ആവേശത്തോടെ പറഞ്ഞു...... പക്ഷെ എനിക്ക് അവളുടെ അത്ര ഉറപ്പ് ഒന്നും ഇല്ലായിരുന്നു, ഞാൻ നോക്കിയിട്ട് കിട്ടാൻ ഫിഫ്റ്റി ഫിഫ്റ്റി ചാൻസ് ആണ്.....

“ഹോ മീനു ചേച്ചി ഇതിന്റെ ഇടയ്ക്ക് ഒരു നൂറ് പ്രാവശ്യം എങ്കിലും വിളിച്ചിട്ടുണ്ടാവും എന്തായി എന്തായി ന്ന് ചോയിച്ചിട്ട്”

ഞാൻ ഒന്നും പറയാതെ അവളെ നോക്കി ഒന്ന് ചിരിച്ചിട്ട് അടുത്തുള്ള കസേരയിൽ ഇരുന്നു..... ഞാൻ കണ്ണും പൂട്ടി വിശ്രമിക്കുമ്പോഴും ചിന്നു അടുത്തിരുന്ന് ഓരോ കഥ പറയുന്നുണ്ടായിരുന്നു....

ഒരു പത്ത് മിനിറ്റ് കഴിഞ്ഞപ്പോൾ ഒരു മൈക്ക് അനൗൺസ്മെന്റ് വന്നു..... ഞങ്ങൾ കാത്തിരിക്കുന്ന അനൗൺസ്മെന്റ്....

“ഇന്ന് ഇവിടെ നടന്ന സെലെക്ഷൻ ക്യാമ്പിൽ പങ്കെടുത്ത നൂറ്റി പതിനെട്ട് പേരിൽ നിന്നും സെലെക്ഷൻ ലഭിച്ചത് ഇരുപത് പേർക്കാണ്, ഞാൻ പേര് വിളിക്കുന്നവർ ഇങ്ങോട്ട് വരുക”

അയ്യോ എന്റെ ഹൃദയം ട്ടപ്പ് ട്ടപ്പ് ഇടിക്കാൻ തുടങ്ങി....... മൈക്കിൽ ഓരോരുത്തരെ ആയി വിളിക്കാൻ തുടങ്ങി, ഓരോ പേര് വിളിക്കുമ്പോഴും ടെൻഷൻ കൂടി കൂടി വന്നു...... പതിനഞ്ചു പതിനാറ് പതിനേഴ്...... അങ്ങനെ ഒരു പതിനെട്ടു പേരെ വിളിച്ച് കഴിഞ്ഞപ്പോഴേക്കും എന്റെ ആത്മവിശ്വാസം മുഴുവൻ ചോർന്നിരുന്നു, നോക്കിയപ്പോൾ ചിന്നൂന്റെ മുഖത്തും ആകെ വിഷമം.....

പക്ഷെ........ ചിന്നു പറഞ്ഞ ഉറപ്പ് സത്യമായി, പത്തൊൻപതാമത് വിളിച്ച പേര്

""”ടോണി മാത്യൂസ് തെക്കേപറമ്പിൽ”""

ഒരു നിമിഷത്തേക്ക് ഞാൻ സ്റ്റക്ക് ആയിപ്പോയി...... അനങ്ങാൻ പറ്റാതെ ഇരുന്ന് പോയി.... ചിന്നു എന്നെ കെട്ടിപ്പിടിച്ച് കവിളിൽ ഒരുമ്മ തന്നപ്പോഴാണ് എന്റെ ചലനശേഷി തിരിച്ചു കിട്ടിയത്.....

ഞാൻ നേരെ അവർ റിപ്പോർട്ട് ചെയ്യാൻ പറഞ്ഞ സ്ഥലത്തേക്ക് ഓടി..... പക്ഷെ അവിടെ എത്തിയപ്പോൾ സന്തോഷത്തിന്റെ കൊടുമുടിയിൽ നിന്നിരുന്ന എനിക്ക് അല്പം വിഷമം ഉണ്ടാകുന്ന വാർത്തയാണ് ആദ്യം കേട്ടത്....

“നാളെ മുതൽ ഒന്നര മാസം ക്യാമ്പുണ്ട്, സെലെക്ഷൻ കിട്ടിയ എല്ലാവരും നാളെ തന്നെ ക്യാമ്പിൽ ജോയിൻ ചെയ്യണം.... അതും അവിടെ താമസിച്ച്..... ഒന്നര മാസം അവിടെ തന്നെ, ഇടയ്ക്ക് വീട്ടിലേക്ക് ഒന്നും പോവാൻ കഴിയില്ല....

ഇങ്ങനെ ഒരു സാഹചര്യത്തിൽ മീനൂനെ വിട്ട് നിൽക്കുക എന്ന് പറയുമ്പോൾ...... എനിക്ക് ചിന്തിക്കാൻ പോലും കഴിയുന്നില്ല... പക്ഷെ ഈ അവസരം വേണ്ടെന്ന് വെച്ചാൽ പിന്നെ ഒരിക്കലും ഇങ്ങനെ ഒരു ചാൻസ് എനിക്ക് കിട്ടുമെന്ന് തോന്നുന്നില്ല....

അസിസ്റ്റന്റ് കോച്ച് ആന്റണി സാർ എല്ലാവരോടും വന്നു സംസാരിച്ചു..... നല്ലൊരു മനുഷ്യൻ

“ടോണി നന്നായി കളിക്കുന്നുണ്ട്..... തന്റെ ബോൾ കണ്ട്രോളും പാസ്സ് അക്ക്യൂറസി ഒക്കെ മികച്ചതാണ്..... പക്ഷെ ഫുട്ബാളിൽ അതുപോലെ തന്നെ പ്രാധാന്യം ഉള്ള കാര്യമാണ് ഫിസിക്കൽ ഫിറ്റ്നസ്, പ്രത്യേകിച്ച് നമ്മുടെ സെവൻസ് ടൂർണമെന്റ്

കളിക്കുമ്പോൾ..... ഫിറ്റ് അല്ലെങ്കിൽ പിള്ളേര് കുത്തിയിട്ട് പോവും, ഒന്നര മാസം ക്യാമ്പ് ഉണ്ടല്ലോ നമുക്ക് എല്ലാം ശരിയാക്കാം..... ഓക്കെ സീ യൂ"
എന്റെ തോളിൽ തട്ടിക്കൊണ്ടു പുള്ളി പറഞ്ഞപ്പോൾ ഞാൻ ഭയ ഭക്തി ബഹുമാനത്തോടെ എല്ലാം കേട്ട് നിന്നു....

തിരിച്ച് പോവുമ്പോൾ ചിന്നുവാണ് വണ്ടി ഓടിച്ചത്...... ഞാൻ ക്ഷീണം കാരണം നല്ല സുഖമായി കിടന്ന് ഉറങ്ങി.....

"ഹലോ സാറേ..... മതി ഉറങ്ങിയത് വീടെത്തി"
പി.ബിയുടെ മുനിൽ എത്തിയിട്ട് ചിന്നു കുലുക്കി വിളിച്ചപ്പോഴാണ് ഉണർന്നത്..... രാവിലെ തൊട്ട് കഷ്ടപ്പെട്ടത് കൊണ്ട് കയ്യും കാലും ഒക്കെ നല്ല വേദനയുണ്ട്.......

"നീ ഇറങ്ങുന്നില്ലേ??"

"ഇല്ല പോട്ടെ........ നാളെ വരാം"

"ഓക്കെ ബായ്"

"ബായ് കളിക്കാരാ"
ചിരിച്ചുകൊണ്ട് പറഞ്ഞിട്ട് ഞാൻ ഇറങ്ങിയപ്പോൾ വണ്ടിയും എടുത്ത് ചിന്നു വിട്ടു..... ഞാൻ ആടിയാടി മുകളിലേക്കുള്ള പടികൾ കയറി, ഇവിടെ ഒരു ലിഫ്റ്റ് വെക്കാൻ മേരിയോട് പറയണം.......

മുകളിലെ പടിയിൽ എന്റെ മീനൂട്ടി എന്നെ കാത്ത് ഇരിക്കുന്നുണ്ടായിരുന്നു, എന്നെ കണ്ടതും പെണ്ണ് ചാടി എഴുന്നേറ്റ് അടുത്തേക്ക് വന്നു......

"ഹേ ഒട്ടല്ലേ........ മൊത്തം വിയർപ്പാണ്"

പെണ്ണ് വന്ന് എന്നെ ഒട്ടാൻ നോക്കിയപ്പോൾ ഞാൻ തടഞ്ഞു, പക്ഷെ നല്ല അനുസരണ ആയതുകൊണ്ട് ഞാൻ പറഞ്ഞത് കേൾക്കാതെ മീനു എന്നെ മുറുക്കെ കെട്ടിപ്പിടിച്ചു.... ഓൾക്ക് പ്രശ്നം ഇല്ലെങ്കിൽ പിന്നെ എനിക്കാണോ, ഞാൻ തിരിച്ചും

കെട്ടിപ്പിടിച്ചു.....“സാരമില്ല ട്ടോ ലുട്ടൂസേ..... ഇതിൽ കിട്ടീട്ടിലെങ്കിൽ എന്താ മ്മക്ക് ഇനിയും ട്രൈ ചെയ്യാല്ലോ.......”
ഇരുകൈ കൊണ്ടും എന്റെ കവിളിൽ തലോടി കൊണ്ട് ആശ്വസിപ്പിക്കാനായി മീനു പറഞ്ഞു...... എന്റെ വരവ് കണ്ടിട്ട് തോറ്റു തുനം പാടി വരുകയാണെന്ന് കരുതി കാണും...“എന്തിനാ വേറെ ട്രൈ ചെയ്യുന്നേ, ചിന്നൂന്റെ പൊട്ട ടീമിൽ കളിക്കണ്ടേ??”
ചിരിച്ചുകൊണ്ട് ഞാൻ അത് പറഞ്ഞപ്പോൾ മീനു കാര്യം മനസ്സിലാവാതെ എന്നെ തന്നെ നോക്കി നിന്നു,

“എഡീ മണ്ടൂസേ എനിക്ക് സെലെക്ഷൻ കിട്ടീന്ന്........”
അത് കേട്ടതും മീനു ഒന്ന് ശ്വാസം ഉള്ളിലേക്ക് നീട്ടി വലിച്ച് വിട്ടു.... എന്നിട്ട് കണ്ണും പൂട്ടിക്കൊണ്ട് എന്റെ നെഞ്ചിലേക്ക് കിടന്നു.....

“ഹോ ആ പെണ്ണിനെ ഞാൻ കൊല്ലും”
എന്റെ നെഞ്ചിൽ കിടന്ന് മീനു പിറുപിറുത്തു

“ആരെ കൊല്ലുന്ന കാര്യമാണ് മീനൂട്ടി പറയുന്നേ??”

“അവളെ ആ ചിന്നൂനേ....... കുരങ്ങത്തി...... ......... ഞാൻ വിളിച്ചപ്പോൾ അവൾ പറഞ്ഞത് ലുട്ടൂസിന് സെലെക്ഷൻ കിട്ടിയില്ല ന്നാ”
അതും പറഞ്ഞ് ചിന്നൂനോടുള്ള ദേഷ്യം പെണ്ണ് എന്റെ നെഞ്ചിൽ കടിച്ച് ഒതുക്കി

“പക്ഷെ ഒരു പ്രശ്നമുണ്ട് മീനൂസേ, ഒന്നര മാസം ക്യാമ്പ് ആണ്...... അത് അറ്റൻഡ് ചെയ്യണം.......... അവിടെ തന്നെ നിൽക്കണം വീട്ടിലേക്ക് വരാനൊന്നും പറ്റില്ല”

ഇത്രയും പറഞ്ഞ് കഴിഞ്ഞപ്പോൾ ഞാൻ പ്രതീക്ഷിച്ച പ്രതികരണം ആയിരുന്നില്ല മീനൂന്, അവൾക്ക് അതൊന്നും വിഷയമേ അല്ലാത്ത പോലെയാണ്..... . പക്ഷെ എനിക്ക് നല്ല വിഷമമുണ്ട്, ഇതിനെ കുറച്ച് ദിവസം പോലും വിട്ടു നിൽക്കാൻ എനിക്ക് കഴിയില്ല“ഒന്നര മാസം അല്ലേ.... അത് ഇതാന്ന് പറയുമ്പോ തീരും, അല്ലെങ്കിലും ഭാവിയിൽ വല്യ കളിക്കാരൻ ആയാൽ പിന്നെ വല്ലപ്പോഴും അല്ലേ വീട്ടിൽ വരാൻ പറ്റു.... അതോണ്ട് ഞാൻ ഇപ്പോഴേ ഇത് ശീലിക്കുന്നത് നല്ലതാണ്”

മുഖത്ത് ഒരല്പം പോലും സങ്കടം ഇല്ലാതെ മീനു അത് പറഞ്ഞപ്പോൾ ഞാൻ ശരിക്കും അന്തംവിട്ടു പോയി, അവൾ ഇങ്ങനെ പറയുമെന്ന് ഞാൻ ഒട്ടും കരുതിയില്ല.....

“എന്നാലും മീനൂട്ടി............ നീ ഇവിടെ ഒറ്റയ്ക്ക്....”

“അയ്യേ അതിന് ഞാൻ ഒറ്റയ്ക്ക് അല്ലല്ലോ..... ശ്രീക്കുട്ടിയും ഇല്ലേ”
എന്നെ കളിയാക്കി ചിരിച്ചുകൊണ്ട് മീനു പറഞ്ഞു....

“ഓ അതിലും ഭേദം നീ ഒറ്റയ്ക്ക് നിൽക്കുന്നതാണ്”.
ഞാൻ ഒരു ഒഴുക്കൻ മട്ടിൽ പറഞ്ഞു

“എന്റെ ലുട്ടൂസ് ഒന്നുകൊണ്ടും പേടിക്കണ്ട, ഞാൻ ഇവിടെ സേഫ് ആയിരിക്കും..... ലുട്ടൂസിന്റെ ഡ്രീം അല്ലേ ഇത്, അപ്പൊ വേറെ ഒന്നിനെ കുറിച്ചും ആലോചിക്കാതെ ഹാപ്പിയായി ഇരിക്കണം..... കേട്ടോ”

“നിനക്ക് ഒട്ടും വിഷമം ഇല്ലേ മീനൂട്ടി”
എന്റെ താടി പിടിച്ചു വലിച്ച് കളിച്ച മീനൂനോട് ഒരു ഇടറിയ സ്വരത്തിൽ ചോദിച്ചപ്പോൾ അവൾ ചിരിച്ചുകൊണ്ട് എന്റെ ചുണ്ടിൽ ഒരു ചുംബനം നൽകി.... അവൾക്ക് ഈ ഒന്നര മാസത്തെ വേർപാട് വിഷയമേ അല്ലെന്ന് തോന്നുന്നു

“ലുട്ടൂസ് പോയി കുളിച്ച് വാ..... തോർത്തും ഡ്രസ്സും അവിടെ എടുത്തു വച്ചിട്ടുണ്ട്............ ഞാൻ ഒന്ന് മേരിയമ്മയെ വിളിച്ച് പറയട്ടെ, അമ്മ നേരത്തെ വിളിച്ചിരുന്നു എന്തായീന്ന് അറിയാൻ”
മീനു ആവേശത്തോടെ പറഞ്ഞു......ഞാൻ അവളുടെ കവിളിൽ ഒരു മുത്തം കൊടുത്തിട്ട് അകത്തേക്ക് നടന്നു

“ലുട്ടൂസേ ഒരു കാര്യം പറയാൻ മറന്നു, ഉണ്ണിമായ വിളിച്ചിരുന്നു..... അവൾ വർക്ക് ചെയ്യുന്ന ഹോസ്പിറ്റലിൽ ഒരു വേക്കൻസി ഉണ്ടെന്ന് പറഞ്ഞിരുന്നില്ലേ..... ആ അതിന് നാളെ ഇന്റർവ്യൂ ഉണ്ട്”
അകത്തേക്ക് നടന്ന എന്നോട് മീനു പുറകിൽ നിന്ന് വിളിച്ച് പറഞ്ഞു.....

“ആണോ...... പൊളി....... അപ്പൊ നാളെ തൊട്ട് എന്റെ മീനൂട്ടി ശരിക്കും ഭൂമിയിലെ മാലാഖയാവും ല്ലേ”

“ഏയ് അത് കിട്ടുമെന്ന് തോന്നുന്നില്ല”
മീനു ഒഴുക്കൻ മട്ടിൽ പറഞ്ഞു, എന്റെ കാര്യത്തിൽ ഫുൾ പോസിറ്റീവ് പറഞ്ഞവൾ അവളുടെ കാര്യം വന്നപ്പോ നേരെ തിരിഞ്ഞു

“എന്റെ മീനൂട്ടിക്ക് കിട്ടാതെ വേറെ ആർക്ക് കിട്ടാനാണ്...... മോള് വെറുതെ ഒന്ന് പോയ മതി ജോലി ഒക്കെ എന്തായാലും കിട്ടും”
തിരിച്ച് ചെന്ന് അവളെ ചേർത്ത് പിടിച്ചപ്പോൾ അത് സുഖിച്ചു എന്ന മട്ടിൽ ഒന്ന് തല കുലുക്കി

“മതി മതി മോൻ പോയി കുളിച്ചേ........ ഉള്ള വിയർപ്പ് മൊത്തം ന്റെ മേലാക്കി ചെക്കൻ...... ശ്യോ”
എന്നെ പിടിച്ച് തള്ളിക്കൊണ്ട് മുഖം ചുളിച്ച് മീനു അത് പറഞ്ഞപ്പോൾ എന്റെ മറുപടി ഞാൻ മൗനത്തിൽ ഒതുക്കി, അല്ലാണ്ടെ എന്ത് പറയാനാണ് സാധനത്തിനോട്....

അകത്ത് ശ്രീലക്ഷ്മി എന്തോ കാര്യമായി സ്വപ്നം കണ്ട് ഇരിക്കുന്നുണ്ടായിരുന്നു, എന്നെ കണ്ടപ്പോൾ അവൾ ഒന്ന് ചിരിച്ചെങ്കിലും ഞാൻ മൈൻഡ് ചെയ്യാതെ നേരെ കുളിമുറിയിലേക്ക് കയറി....

ഞാൻ കുളിച്ച് ഇറങ്ങുമ്പോൾ മീനു ആരോടോ ഫോണിൽ കാര്യമായി കത്തി വെക്കുന്നുണ്ട്, മിക്കവാറും മേരി ആവും....

അതെ അടുത്തേക്ക് ചെന്നപ്പോൾ അവളുടെ സംസാരത്തിൽ നിന്ന് അപ്പുറത്ത് മേരി ആണെന്ന് മനസ്സിലായി

“““ആ ..... .
ഓ.......
ഇതാ ഇവിടെ ണ്ട്..... കൊടുക്കണോ
ഹിഹിഹി....... ശരി മേരിയമ്മേ........ ബായ്
ഗുഡ് നൈറ്റ്”””

മേരിയോട് ശൃംഗരിച്ച ശേഷം ഫോണും വെച്ച് മീനു എന്നെ ഒന്ന് നോക്കി നിന്നു, കുളിച്ച് സുന്ദര കുട്ടപ്പൻ ആയതല്ലേ സൗന്ദര്യം ആസ്വദിക്കുകയാവും

""മേരിയമ്മ പറഞ്ഞത് കേട്ടോ...... അവനോട് സംസാരിക്കുന്നതിലും ഭേദം പോത്തിന് വേദം ഓതി കൊടുക്കുന്നതാ ന്ന്""

""അങ്ങനെ പറഞ്ഞോ ആ തള്ള""

""ദേ ലുട്ടാപ്പി കിട്ടും ട്ടോ ന്റെ കയ്യിന്ന്""
അമ്മായിയമ്മയെ തള്ളയെന്ന് അഭിസംബോധന ചെയ്തത് പെണ്ണിന് പിടിച്ചില്ല..... ഓ പിന്നെ കയ്യോണ്ട് ഇങ്ങനെ അടിക്കുന്ന പോലെ ആക്ഷൻ കാണിച്ച ഞാൻ പേടിക്കും ന്നാ വിചാരം..... ഞാൻ അതിന് പകരം മുഖത്ത് കുറച്ച് അധികം പുച്ഛം വാരി വിതറി........ അല്ല പിന്നെ.........

""ലുട്ടാപ്പീ....................""

""ചീ തൊടല്ലേ....... വിട്ട് നിക്ക്"
എന്നെ കെട്ടിപ്പിടിക്കാൻ വന്ന മീനൂനെ തടഞ്ഞുകൊണ്ട് ഞാൻ പറഞ്ഞു
അതോടെ പെണ്ണിന്റെ മുഖം മാറി, തല അല്പം ചെരിച്ച് ഒരുമാതിരി നോട്ടം.... പരീക്ഷയ്ക്ക് കോപ്പി അടിക്കുന്നത് കൈയോടെ പൊക്കിയ ടീച്ചറുടെ എക്സ്പ്രെഷൻ.....

"ഞാൻ നല്ലോണം കുളിച്ച് വൃത്തി ആയതല്ലേ മീനൂട്ടി........ നിന്നേ മണക്കുന്നുണ്ട്.......ബ്ലേ..........."
രാവിലെ തൊട്ടുള്ള എന്റെ വിയർപ്പ് മൊത്തം മേത്താക്കി നിൽക്കുന്ന മീനൂനെ നോക്കി ഞാൻ മുഖം ചുളിച്ചുകൊണ്ട് പറഞ്ഞപ്പോൾ അവൾ സ്വയം ഒന്ന് മണത്തു നോക്കി....... അതോടെ ഞാൻ പറഞ്ഞതിന്റെ സത്യാവസ്ഥ അവൾക്കും ബോധ്യമായി എന്നത് ആ മുഖ ഭാവത്തിൽ നിന്നും വ്യക്തം....

"ഇങ്ങട് വാഡീ............"

കീഴ് ചുണ്ട് വിടർത്തി പരിഭവിച്ച് നിന്ന മീനൂനെ ഞാൻ വലിച്ച് എന്റെ ദേഹത്തേക്ക് ഇട്ടപ്പോൾ പെണ്ണ് ചിരിച്ചുകൊണ്ട് എന്നെ മുറുക്കെ കെട്ടിപ്പിടിച്ചു......... അത് ശരി, അപ്പൊ പരിഭവം അടവായിരുന്നു ല്ലേ.......

“””ലുട്ടൂസേ ഞാൻ ഒരു കാര്യം പറഞ്ഞ ദേഷ്യം പിടിക്കോ??”
കുറച്ചു നേരം കഴിഞ്ഞ് എന്റെ നെഞ്ചിൽ തലവെച്ചു കിടന്നുകൊണ്ട് തന്നെ മീനു ചോദിച്ചു.....

“നീ പറ മീനൂസേ........”

“”അതില്ലേ......... പിന്നെ............ അത്.......... ശ്രീക്കുട്ടി............”””

“മതി........ പറയണ്ട......... എനിക്ക് ദേഷ്യം പിടിക്കും”””
അവൾ തപ്പി തടഞ്ഞ് പറയാൻ പോവുന്നത് ആ ചീലച്ച്മീന്റെ കാര്യം ആണെന്ന് മനസ്സിലായപ്പോൾ ഞാൻ ചാടി കയറി പറഞ്ഞു..... കാരണം അവളെ പറ്റി ഒന്നും എനിക്ക് കേൾക്കാൻ താല്പര്യമില്ല

“”പ്ലീസ് ഞാൻ...........””

“”വേണ്ട മീനു........ അവളെ പറ്റി ഒന്നും പറയണ്ട......... ആ വിഷയം നമുക്ക് വിടാം... പ്രസവം കഴിയുന്നത് വരെ അവൾ വേണമെങ്കിൽ ഇവിടെ നിന്നോട്ടെ...... അതിൽ കൂടുതൽ ഒന്നും വേണ്ട, എനിക്ക് കേൾക്കാനും താല്പര്യമില്ല”
എന്തോ പറയാൻ വന്ന മീനൂന്റെ വായ് പൊത്തി പിടിച്ചുകൊണ്ട് ഞാൻ പറഞ്ഞു

“”അതല്ല ലുട്ടൂസേ..... ശ്രീക്കുട്ടിക്ക് ഒന്ന് സംസാരിക്കണം എന്ന് പറഞ്ഞു, ഒന്ന് കേട്ടൂടെ.....”””

“”വേണ്ട........ എനിക്ക് ഒന്നും കേൾക്കണ്ട”””

“”പ്ലീസ് ലുട്ടൂസേ...... അവൾ ഇന്ന് എന്നോട് ഒരുപാട് നേരം സംസാരിച്ചു........ അത് ഹരിയുടെ കുഞ്ഞാണ്......... പാവം.... അതിന് നല്ല വിഷമമുണ്ട്, ലുട്ടൂസിനോട് ഒന്ന്

സംസാരിക്കണം എന്ന് മാത്രമേ പറഞ്ഞുള്ളൂ..... ന്റെ ചക്കര ലുട്ടാപ്പി അല്ലേ, ഞാൻ പറഞ്ഞ കേൾക്കൂലേ.... പ്ലീസ് ഒന്ന് അവൾക്ക് പറയാനുള്ളത് കേൾക്ക്.......... പ്ലീസ്.........""""

"""മ്മ........"""
മീനു കുറെ പറഞ്ഞപ്പോൾ ഞാൻ സമ്മതം ഒരു മൂളലിൽ ഒതുക്കി.... അത് ആ ചീലച്ച്മിയുടെ മുതല കണ്ണീരിൽ മീനു വീണത് പോലെ ഞാൻ വീഴില്ല എന്ന പൂർണ്ണബോദ്ധ്യം എനിക്ക് ഉള്ളതുകൊണ്ടാണ്....

പിന്നെ അവളുടെ ഈ വരവിന്റെ ഉദ്ദേശം, അവളും എന്റെ ഉറ്റ ചങ്ങാതിയായി നടന്ന ആ പൂറനും കൂടെ ഈ കാണിച്ച് കൂട്ടിയത് എല്ലാം എന്തിനായിരുന്നു..... അതെല്ലാം എനിക്ക് അറിയണമെന്നുണ്ട്...... അവൾ സത്യം പറയാൻ സാധ്യത കുറവാണ്, എന്നാലും കേട്ട് നോക്കാം......

"""ചക്കര ലുട്ടാപ്പി"""
എന്റെ കവിളിൽ ഒരുമ്മ തന്നിട്ട് മീനു മറ്റവളെ വിളിക്കാൻ അകത്തേക്ക് പോയി, ഇങ്ങനെ ഒരു പെണ്ണ്..... ഇതിനെ ഒന്ന് ഉപദേശിച്ച് നേരെയാക്കി എടുക്കണം....

മീനു അകത്തേക്ക് പോയി അഞ്ച് മിനിറ്റ് കഴിഞ്ഞപ്പോൾ പിന്നിൽ ഒരു കാൽ പെരുമാറ്റം കേട്ടു.... അത് അവളാണ് ചീലച്ച്മി....... ഞാൻ തിരിഞ്ഞ് നോക്കാൻ നിന്നില്ല......

"""ഇ............ഇ......ച്ചാ.........യാ........"""
കുറച്ച് നാളുകൾക്ക് ശേഷം വീണ്ടും ആ വിളി...... ഞാൻ ഒന്ന് തിരിഞ്ഞിട്ട് പറയാൻ വന്നത് വേഗം പറഞ്ഞ് തോലയ്ക്ക് എന്ന മട്ടിൽ ഒന്ന് മൂളി.....

"""ഇച്ചായന് എന്നോട് ഒരിക്കലും ക്ഷമിക്കാൻ കഴിയില്ലെന്ന് അറിയാം.... അത് ഞാൻ അർഹിക്കുന്നുമില്ല..... പക്ഷെ എനിക്ക് എല്ലാം ഇച്ചായനോട് തുറന്ന് പറയണം, എന്നാലേ എനിക്ക് സമാധാനം കിട്ടു......."""
ഇടയ്ക്ക് വിതുമ്പി കൊണ്ട് അവൾ പറഞ്ഞ് തുടങ്ങി...... വലിച്ച് നീട്ടാതെ വേഗം പറയാനുള്ളത് പറ എന്ന് പറയാൻ തോന്നിയെങ്കിലും അവളോട് സംസാരിക്കാനുള്ള താല്പര്യ കുറവ് കാരണം മിണ്ടാതെ നിന്നു...

“””ഈ കുഞ്ഞ്....... ഇത് ഹരിയേട്ടന്റെയാണ്....... പുള്ളി ഇനി ഒരിക്കലും തിരിച്ചു വരില്ല........ അപ്പൊ എനിക്ക് വേറെ നിവർത്തി ഒന്നും ഇല്ലാഞ്ഞത് കൊണ്ടാണ് ഞാൻ അങ്ങനെ ഒരു കള്ളം പറഞ്ഞ് ഇങ്ങോട്ട് വന്നത്....”

അവളുടെ കുഞ്ഞിന്റെ തന്ത ആ മൈരൻ ആയിരിക്കും എന്ന് എനിക്ക് ആദ്യമേ തോന്നിയിരുന്നു.... പക്ഷെ അതിന് അവൾ എന്തിനാ ഇങ്ങോട്ട് വന്നത്??

“””ഞാൻ പ്രെഗ്നന്റ് ആണെന്ന് അറിഞ്ഞത് തൊട്ട് ഈ കുഞ്ഞിനെ എങ്ങനെയെങ്കിലും കൊല്ലണം എന്ന് പറഞ്ഞ് നടക്കുകയാണ് എന്റെ അമ്മ........ ആ വീട്ടിൽ നിന്നാൽ അവർ ഇതിനെ കൊല്ലും, അതാണ് ഞാൻ.......... പക്ഷെ പോവാൻ എനിക്ക് വേറെ സ്ഥലം ഒന്നും ഇല്ലായിരുന്നു, അപ്പോഴാണ് വിഷ്ണു ചേട്ടൻ ഒരു ദിവസം വീട്ടിൽ വന്ന് കുറെ തെറി വിളിച്ച് പോയത്........ തെറി വിളിക്കുന്നതിന്ടെ ഇടയ്ക്ക് ചേട്ടൻ പറഞ്ഞു ഇച്ചായനും മീനുവും സുഖമായി ജീവിക്കുകയാണെന്ന്, അപ്പോഴാണ് എനിക്ക് ഇങ്ങനെ ഒരു പൊട്ടബുദ്ധി തോന്നിയത്....... ഇവിടെ അല്ലാതെ വേറെ ഒരിടത്തും എനിക്ക് സേഫ് ആയി നിൽക്കാൻ പറ്റില്ലെന്ന് തോന്നിയപ്പോൾ............. അപ്പോഴത്തെ ഇതിൽ .................. പക്ഷെ ഇവിടെ വന്നു നിങ്ങൾ തമ്മിലുള്ള സ്നേഹം കണ്ടപ്പോൾ ഞാൻ വീണ്ടും വലിയ തെറ്റാണ് ചെയ്യുന്നതെന്ന് മനസ്സിലായി......... ഇനി നിങ്ങടെ ഇടയിൽ ഒരു ശല്യമായി ഞാൻ ഉണ്ടാവില്ല................. ഐ ആം സോറി........... സോറി ............................................”””””

അവൾ പൊട്ടി കരയാൻ തുടങ്ങി...... പക്ഷെ അത് കണ്ടിട്ട് എനിക്ക് ഒട്ടും വിഷമമോ സഹതാപമോ ഒന്നും തോന്നിയില്ല..... ഞാൻ അവൾ കരയുന്നതും നോക്കി നിന്നു....മുഖത്ത് ഒരു ഭാവമാറ്റവും ഇല്ലാതെ.....

അപ്പോൾ അതാണ് കാര്യം, സ്വന്തം വീട്ടിൽ നിന്നാൽ അമ്മ വയറ്റിൽ വളരുന്ന കുഞ്ഞിനെ കൊല്ലും എന്ന് പേടിച്ചിട്ടാണ് ഇങ്ങനെ ഒരു നാടകം കളിച്ചത്....... പക്ഷെ ഇവൾ പറയുന്നത് എല്ലാം വിശ്വസിക്കാൻ പറ്റുമോ??

ഹരി.... അവൻ എവിടെ?? അവൻ ഒരിക്കലും തിരിച്ചു വരില്ലേ??

ഇവൾ പറഞ്ഞത് സത്യമാണെങ്കിൽ അത് ഈ ചുരുങ്ങിയ സമയംകൊണ്ട് ഞാൻ മീനൂനെ മനസ്സിലാക്കിയത് പോലെ ഇവൾ ഈ കാലത്തിനിടയ്ക്ക് മനസ്സിലാക്കാത്തത് കൊണ്ടാണ്..... ഇവൾ നടന്ന സത്യം മൊത്തം പറഞ്ഞുകൊണ്ട് വന്നിരുന്നെങ്കിലും മീനു ഇവളെ കൈവിടില്ലായിരുന്നു...... അതാണ് എന്റെ മീനു, അവളെ മനസ്സിലാക്കാനുള്ള കഴിവൊന്നും കർത്താവ് ഇവൾക്കും ഇവളുടെ തള്ളയ്ക്കും കൊടുത്തിട്ടില്ല...

“”” ഇച്ചായനോട് ചെയ്തത് വലിയ തെറ്റാണ്...... എല്ലാം ഹരിയേട്ടൻ പറഞ്ഞിട്ടാണ്...... എല്ലാം.........”””

കരയുന്നതിന് ഇടയ്ക്ക് അവൾ ഇങ്ങനെ പലതും പറയുന്നുണ്ടായിരുന്നു...... പക്ഷെ എനിക്ക് അറിയേണ്ടത് എന്തിനായിരുന്നു ഇതെല്ലാം എന്നാണ്..... ഹരി, അവൻ എന്തിന് എന്നോട്??

ഇവളോട് കാര്യങ്ങൾ ചോദിച്ച് അറിയണം എന്നുണ്ട്, പക്ഷെ ചോദിക്കാൻ തോന്നുന്നില്ല

“””ഞാൻ ചെയ്ത തെറ്റിന്.... .. എനിക്ക് കിട്ടി.....”””

അവൾ വീണ്ടും വിതുമ്പി കൊണ്ട് പറഞ്ഞു

“””എന്തിനായിരുന്നു ഇതൊക്കെ??”””

ഒടുക്കം ഞാൻ ചോദിച്ചു.... എനിക്ക് അറിയണം അവൻ എന്തിനാണ് എന്നെ ചതിച്ചതെന്ന്.....

കരച്ചിൽ നാടകം അവസാനിപ്പിച്ച് കണ്ണുനീർ തുടച്ചുകൊണ്ട് ശ്രീലക്ഷ്മി എനിക്ക് വേണ്ട മറുപടി തന്നു.... ഹരിയും അവളും തമ്മിലുള്ള ബന്ധവും അവൾ എന്നോട് ഇഷ്ടം നടിച്ച് കൂടെ കൂടാനുള്ള കാരണവും അങ്ങനെ എല്ലാം അവൾ എന്നോട് പറഞ്ഞു.........

എല്ലാം കേട്ടു കഴിഞ്ഞപ്പോൾ എനിക്ക് എന്ത് പറയണമെന്ന് അറിയില്ലായിരുന്നു..... ഹരി, അവൻ ചെ...... ഏയ് ഒന്നും എനിക്ക് അങ്ങോട്ട് വിശ്വസിക്കാൻ പറ്റുന്നില്ല..........

എല്ലാം പറഞ്ഞു കഴിഞ്ഞ് പിന്നെയും കുറച്ചു നേരം നിന്ന് കരഞ്ഞിട്ട് അവൾ അകത്തേക്ക് പോയി, പക്ഷെ ഞാൻ അവൾ പറഞ്ഞ കാര്യങ്ങൾ തന്നെ ഓർത്ത് അവിടെ നിന്നു....

ശ്രീലക്ഷ്മിയും ഹരിയും തമ്മിൽ കുറെ കാലമായി അടുപ്പത്തിൽ ആയിരുന്നു.... അതെ എന്നെ അതിനിടയിലേക്ക് ഒരു കോമാളിയായി വലിച്ച് ഇഴയ്ക്കുന്നതിന് മുന്നെ തന്നെ അവർ തമ്മിൽ അടുപ്പത്തിൽ ആയിരുന്നു... ഹരി പറഞ്ഞിട്ടാണ് ശ്രീലക്ഷ്മി ഇങ്ങനെ ഒരു നാടകത്തിന് കൂട്ട് നിന്നത്.... അവളുടെ മനസ്സിൽ ഹരി മാത്രമേ ഉണ്ടായിരുന്നുള്ളൂ.... എന്നും....... അതിന് അവൾ പറഞ്ഞ ഒരു ഉദാഹരണം, ഞാൻ ഒരുപാട് തവണ രാത്രി അവളുടെ വീട്ടിൽ കയറിയിട്ടും ഞങ്ങൾ തമ്മിൽ കാര്യമായിട്ട് ഒന്നും സംഭവിച്ചിട്ടില്ല.... എല്ലാത്തിനും അവൾ നിയന്ത്രണം വെച്ചിരുന്നു........ അതൊക്കെ

വിശ്വസിക്കാം, പക്ഷെ ഹരി എന്നെ ചതിക്കാൻ കാരണം....... അത് വിശ്വസിക്കാൻ പാടാണ്...
പൈസയ്ക്ക് വേണ്ടി അവൻ ഒരിക്കലും എന്നോട് ഇങ്ങനെ ചെയ്യില്ല, കാരണം അവന് പൈസ വല്ലതും ആവശ്യം വന്ന അത് ഞാൻ എങ്ങനെയെങ്കിലും ഒപ്പിക്കും എന്ന് അവന് അറിയുന്നതല്ലേ..... പിന്നെ എന്നോട് പൈസ ചോദിക്കാൻ അവന് എന്തിനാണ് മടി......

അവള് പറഞ്ഞത് ഹരിക്ക് കുറച്ചധികം പണം ആവശ്യം ഉണ്ടായിരുന്നു, അത് എന്നോട് നേരിട്ട് ചോദിക്കാൻ മടിയായിട്ട് അവള് വഴി എന്റെ കയ്യിൽ നിന്ന് പണം അടിച്ചു മാറ്റാൻ ആയിരുന്നു പ്ലാൻ എന്നാണ്.....
അത് എനിക്ക് വിശ്വസിക്കാൻ പറ്റില്ല, ഒന്നുകിൽ ഇവൾ പറയുന്നത് കള്ളം.... അല്ലെങ്കിൽ ഹരി ഇവളെയും പറ്റിച്ചതാണ്
തീർച്ച

പത്ത് ലക്ഷം കൊടുത്താൽ ഏതോ ഫേമസ് സംവിധായകന്റെ അസിസ്റ്റന്റ് ആകാമെന്ന് അവനോട് ആരോ പറഞ്ഞിരുന്നു പോലും........... അങ്ങനെ ഒരു സംഭവം ഉണ്ടെങ്കിൽ അവൻ അത് ആദ്യം വന്ന് ഞങ്ങളോട് പറയുമായിരുന്നു.... ""മച്ചാനെ ഇങ്ങനെ ഒരു സംഭവം ഉണ്ട്, എന്താ ചെയ്യാ ന്ന്""" അല്ലാതെ ഇങ്ങനെ വളഞ്ഞ വഴിയിലൂടെ എന്റെ കയ്യിൽ നിന്ന് പണം പറ്റിക്കാൻ അവൻ ഒരിക്കലും ശ്രമിക്കില്ല......

അവർ പ്ലാൻ ചെയ്തത് പോലെ കാര്യങ്ങൾ നടക്കുന്നതിന് മുന്നെ അവർ തമ്മിലുള്ള ബന്ധം ഞാൻ അറിഞ്ഞത് കൊണ്ടാണ് ഹരി വീട്ടിൽ നിന്ന് കിട്ടിയ പൈസയും വെച്ച് നാട് വിട്ടത്....... പോവുമ്പോൾ എല്ലാം ശരിയായിട്ട് അവളെയും കൊണ്ടുപോവാം എന്ന് പറഞ്ഞിരുന്നു, പക്ഷെ ഇപ്പോ അവന്റെ വിവരം ഒന്നും ഇല്ല.....

അപ്പോഴാണ് അവൾക്ക് ഹരി അവളെയും ചതിച്ചു എന്ന് മനസ്സിലായത്,

കൂടെ നടന്ന ഉറ്റ സുഹൃത്തിനെ ചതിച്ചവൻ..... നൊന്തു പെട്ട അമ്മയെ ചതിച്ചവൻ....... വളർത്തി വലുതാക്കിയ അച്ഛനെ ചതിച്ചവൻ........ അവൻ അവളെയും ചതിക്കും എന്ന് മനസ്സിലാക്കാൻ അവൾ വൈകിപ്പോയി

ഇപ്പോ ഇതാ അവന്റെ കുഞ്ഞിനേയും വയറ്റിൽ ഇട്ട് ഇവിടെ ഈ അവസ്ഥയിൽ, പക്ഷെ എല്ലാം അവൾ സ്വയം വരുത്തി വെച്ചതാണ്........
അവൾ പറഞ്ഞത് പകുതിയും സത്യമാണ്.... പക്ഷെ പൂർണ്ണമായും വിശ്വസിക്കാൻ സാധിച്ചിട്ടില്ല......... അത് അവന്റെ വായിൽ നിന്നും കേൾക്കണം.... ഹരി...... പക്ഷെ ഇനി ഈ ജന്മത്തിൽ അവനെ കാണാൻ ഞാൻ ആഗ്രഹിക്കുന്നില്ല.....

"""ലുട്ടൂസേ.............."""
അവൾ പറഞ്ഞ കാര്യങ്ങൾ ഓർത്ത് നിന്ന എന്നെ മീനു വന്ന് പുറകിലൂടെ കെട്ടിപ്പിടിച്ചു.......
ഹോ........ ഹരിയും ശ്രീലക്ഷ്മിയും........ എന്തെങ്കിലും ആവട്ടെ...... അങ്ങനെ ഒക്കെ സംഭവിച്ചത് കൊണ്ട് ഈ സാധനത്തിനെ എനിക്ക് കിട്ടിയില്ലേ, എല്ലാം ഒരു നിയോഗം പോലെ...........

"""ശ്രീക്കുട്ടി എന്ത് പറഞ്ഞു??"""
പിന്നിൽ നിന്ന് കെട്ടിപ്പിടിച്ചുകൊണ്ട് തന്നെ മീനു ചോദിച്ചു......

"""ഈ കിളവീനെ ഡിവോഴ്സ് ചെയ്തിട്ട് അവളെ കെട്ടുന്നോന്ന് ചോദിച്ച്....... ഞാൻ ഒന്ന് ആലോചിച്ചിട്ട് പറയാന്ന് പറഞ്ഞിട്ടുണ്ട്"""
ആാാാ....... അത് പറഞ്ഞ് തീർന്നതും കിട്ടി തോളിൽ ഒരു നല്ല കടി..........

"""നേ ഡിവോഴ്സ് ചെയ്ത ഞാൻ ലുട്ടാപ്പീനേ കുന്തം വെച്ച് കുത്തി കൊല്ലും...... ഹാ നോക്കിക്കോ"""
ഭീഷണിയുടെ സ്വരത്തിലാണ് മീനു അത് പറഞ്ഞത്, പക്ഷെ എനിക്ക് പേടിയില്ല.....കാരണം കുന്തം എവിടുന്ന് കിട്ടാനാണ്..... ഇനി കിട്ടുമോ?? ഏയ്........

""""ഞാൻ അങ്ങനെ എന്റെ മീനൂട്ടിനെ ഡിവോഴ്സ് ചെയ്യോ...........
അടുത്ത ഒന്നര മാസം തന്നെ എന്റെ പെണ്ണിനെ കാണാതെ ഞാൻ എങ്ങനെ നിൽക്കും ന്ന് ഒരു എത്തും പിടിയുമില്ല...... അപ്പോഴാണ് ഡിവോഴ്സ്""""
തമാശ പറഞ്ഞ് തുടങ്ങിയതാണെങ്കിലും പെട്ടെന്ന് നാളെ ക്യാമ്പിന് പോവേണ്ട കാര്യം ഓർത്തപ്പോൾ സങ്കടം വന്നു....... രക്തത്തിൽ അലിഞ്ഞു പോയ കാൽ പന്ത് കളിയെക്കാൾ വലിയ പലതും ഇപ്പോൾ എന്റെ ജീവിതത്തിലുണ്ട്.....

“”’ദേ ലുട്ടാപ്പി വെറുതെ സെന്റി അടിക്കല്ലേ….. നോക്ക് ന്ക്കി വിഷമം ഇല്ലല്ലോ…… ഞാൻ ഹാപ്പിയാണ്……… അതോണ്ട് ലുട്ടാപ്പിയും ഹാപ്പിയായി പോയി വരണം”””
എന്നും പറഞ്ഞ് മീനു എന്നെ കെട്ടിപ്പിടിച്ചു, ഞാനും ചിരിച്ചുകൊണ്ട് മീനൂനെ ചേർത്തു പിടിച്ചു, അവളെ സന്തോഷിപ്പിക്കാൻ എങ്കിലും ഞാൻ എന്റെ വിഷമം മറച്ചു വെക്കാൻ തീരുമാനിച്ചു….

പിന്നെയും കുറെ നേരം ഞങ്ങൾ ഒരുമിച്ച് ഇരുന്ന് എന്തൊക്കയോ സംസാരിച്ചു….. മൂന്നാമത് ഒരാൾ കേട്ടാൽ ഞങ്ങൾക്ക് കംബിസ്റ്റോറീസ്.കോ൦ രണ്ടുപേർക്കും വട്ടാണെന്ന് ഉറപ്പിക്കാൻ പറ്റിയ കുറെ മണ്ടത്തരങ്ങൾ…. ഒടുക്കം വയറ് തള്ളയ്ക്ക് വിളിക്കാൻ തുടങ്ങിയപ്പോൾ എഴുന്നേറ്റു പോയി ഭക്ഷണം കഴിച്ചു……. ശേഷം പുതപ്പും തലയിണയും എല്ലാം എടുത്ത് തല ചായ്ക്കാൻ മുകളിലേക്ക് കയറി, ഇന്ന് നല്ല പോലെ ശരീരം അനങ്ങിയത് കൊണ്ട് നല്ലോണം ഉറക്കം വരുന്നുണ്ടായിരുന്നു……

“”’അയ്യേ ലുട്ടൂസ് ഇത്ര നേരത്തെ ഉറങ്ങിയോ??”””
കുറച്ച് കഴിഞ്ഞ് മുകളിലേക്ക് കയറി വന്ന മീനു ഉറങ്ങി തുടങ്ങിയ എന്നെ കുലുക്കി വിളിച്ചുകൊണ്ടു ചോദിച്ചു…. ഇന്നലെ ഉറങ്ങാത്തതിന് ആയിരുന്നു, ഇന്ന് ഇപ്പോ ഉറങ്ങിയതിന്…….. വല്ലാത്ത കഷ്ടം തന്നെയാണ് ട്ടോ ഇത്….

“”’എഴുന്നേൽക്ക് ലുട്ടൂസേ……. കുറച്ച് കഴിഞ്ഞ് ഉറങ്ങാ….”””
അടങ്ങി കിടന്ന് ഉറങ്ങിയ എന്റെ മൂക്ക് പിടിച്ച് വലിച്ചുകൊണ്ട് മീനു വെറുപ്പിച്ചു…. എനിക്ക് മൂക്കിന്റെ തുമ്പത് ശുണ്ഠി ഇല്ലാത്തത് പെണ്ണിന്റെ ഭാഗ്യം, ഇല്ലെങ്കിൽ അടിച്ച് തൂക്കി തറയിൽ അടിച്ചിട്ടുണ്ടാവും

“”’പ്ലീസ് മീനൂ…….. ഉറങ്ങട്ടെ……….”””
അതും പറഞ്ഞ് ഞാൻ തിരിഞ്ഞു കിടന്നു

പക്ഷെ പെണ്ണ് ചൊറിയാൻ തീരുമാനിച്ചാണ് വന്നത്, തിരിഞ്ഞ് കിടന്ന എന്നെ കടിക്കാനും മാന്താനും തുടങ്ങി….. വെറുപ്പിക്കൽ അൺ സഹിക്കബിൾ ആയപ്പോൾ ഞാൻ തിരിഞ്ഞ് മീനൂനെ പിടിച്ച് വെച്ച് അവളെ മേലേ കയറി കിടന്നു……

“”’ആാാാ ലു……ട്ടൂ……….മാറ് മാറ് ശ്വാസം മുട്ടുന്നു…….. .പ്ലീസ്……. അയ്യോ…”””
പെണ്ണ് കിടന്ന് അലറി വിളിക്കാൻ തുടങ്ങി

“ഒച്ച ഇടല്ലേ പെണ്ണേ........ ഓപ്പൺ എയർ ആണ്, ആരെങ്കിലും കേൾക്കും”””

“””ന്ന മാറ്....... ന്ക്കി വേദന എടുക്കുണു”””
മീനു ചിണുങ്ങിക്കൊണ്ട് പറഞ്ഞു

“””അയ്യോ എന്തൊരു പാവം...... മര്യാദയ്ക്ക് അടങ്ങി കിടന്ന എന്നെ വെറുപ്പിച്ചിട്ടല്ലേ....”””

“””പ്ലീസ് ലുട്ടാപ്പി....... മീനു പാവല്ലേ..... ശരിക്കും വേദന ണ്ട്”””
ആ പറഞ്ഞത് ഉടായിപ്പാണെന്ന് എനിക്ക് അറിഞ്ഞൂടെ...... കാരണം അവളുടെ ദേഹത്ത് കനം കൊടുക്കാതെയാണ് ഞാൻ കിടക്കുന്നത്....“””ഓക്കെ ശരി..... നൂറ് പ്രാവശ്യം സോറി ശക്തിമാൻ പറഞ്ഞ വിടാം”””
ഞാൻ പുരികം പൊക്കി കളിച്ചുകൊണ്ട് ചോദിച്ചപ്പോൾ പെണ്ണ് സ്ഥിരം നമ്പർ ഇറക്കി, കീഴ് ചുണ്ട് വിടർത്തികൊണ്ടുള്ള പരിഭവം...... പക്ഷെ അതൊന്നും ഇവിടെ ഏൽക്കില്ല...... നിന്റെ കെട്ടിയോൻ ഒരു സാഡിസ്റ്റ് ആണെന്ന് നിനക്ക് ഇത്ര ആയിട്ടും മനസ്സിലായില്ലേ ചക്കരെ....“””വേഗം പറഞ്ഞോ....”””

“””നോ പറയില്ല.....”””

“””എന്ന ശരി എന്റെ പൊന്നുമോള് നാളെ രാവിലെ എങ്ങനെ താഴേക്ക് ഇറങ്ങുമെന്ന് എനിക്ക് ഒന്ന് കാണണം”””

ഇപ്പോ നല്ല ഉറക്കക്ഷീണം ഉള്ളത് കൊണ്ടും രാവിലെ പന്ത് എന്റെ കോർട്ടിൽ ആയിരിക്കും എന്ന ഉത്തമബോധ്യം ഉള്ളതുകൊണ്ടും ഞാൻ അവളെ മേലെ നിന്നും ഇറങ്ങി സൈഡിൽ കിടന്നു....

“””ലുട്ടൂസേ ഞാൻ ഒരു കാര്യം പറയട്ടെ.....”””

“””വേണ്ട....”””
തിരിഞ്ഞു കിടന്ന എന്നെ പിന്നിൽ നിന്നും കെട്ടിപ്പിടിച്ചുകൊണ്ട് മീനു ചോദിച്ചപ്പോൾ നേരത്തെ ശ്രീലക്ഷ്മിയുടെ വിഷയം എടുത്ത് ഇട്ട പോലെ എന്തോ കാര്യമായിട്ട് പറയാൻ പോവുകയാണെന്ന് തോന്നിയത് കൊണ്ട് വേഗം വേണ്ടെന്ന് പറഞ്ഞു....

""""ലുട്ടൂസേ.......... ലുട്ടൂസ് ഇന്നലെ പറഞ്ഞില്ലേ കുട്ടിപട്ടാളത്തിനെ പറ്റി""""
ഞാൻ വേണ്ടെന്ന് പറഞ്ഞെങ്കിലും അത് കാര്യമാക്കാതെ മീനു പറഞ്ഞ് തുടങ്ങിയതും...... വിഷയം എനിക്ക് വളരെ അധികം താല്പര്യം ഉള്ളത് ആയതുകൊണ്ട് ഞാൻ ചാടി എഴുന്നേറ്റ് ഇരുന്നു....

""""ഇപ്പൊ നോക്കണോ??""""
ഞാൻ ആവേശത്തോടെ ചോദിച്ചു...

""""ചീ അതല്ല......."""""""
അവളുടെ ഇടുപ്പിലൂടെ ഇഴഞ്ഞു നടന്ന എന്റെ കൈ പിടിച്ച് വെച്ചുകൊണ്ട് മീനു മുഖം ചുളിച്ചു... ഇതിൽ എന്താ ഇപ്പോ ഇത്ര വൃത്തികേട്..... അതും വെള്ളവും വായുവും ഒക്കെ പോലെ അനിവാര്യം അല്ലേ.....

""""ശ്രീക്കുട്ടി പ്രസവിക്കുന്ന കുഞ്ഞിനെ നമുക്ക് വളർത്തിയാലോ........ നമ്മുടെ കുഞ്ഞായി........ നമ്മുടെ കുട്ടിപ്പട്ടാളത്തിലെ മൂത്ത ആളായിട്ട്?""

""""എന്റെ മീനു നിനക്ക് ഇത് എന്തിന്റെ കേടാണ്....... വെറുതെ ഓരോ വിവരക്കേട് പറയാതെ കിടന്ന് ഉറങ്ങാൻ നോക്ക്""
കുട്ടിപ്പട്ടാളത്തിന്റെ കാര്യം കേട്ടപ്പോൾ വന്ന ആവേശം അടങ്ങിയത് കൊണ്ട് ഞാൻ തിരിച്ച് കിടന്നു....

""""വിവരക്കേട് ഒന്നുമല്ല.... ഞാൻ സീരിയസ് ആണ്""""""

""""സീരിയസ് ആയിട്ട് വിവരക്കേട് പറയാതെ കിടന്ന് ഉറങ്ങാൻ നോക്ക് മീനൂട്ടി""""
പുതപ്പ് എടുത്ത് തലവഴി മൂടികൊണ്ട് ഞാൻ പറഞ്ഞു.....

""""ലുട്ടാപ്പീ....."""""
ഞാൻ തലവഴി മൂടിയ പുതപ്പ് പിടിച്ചു വലിച്ച് എടുത്തിട്ട് മീനു എന്റെ ചെവിയുടെ അകത്തു കയറി ഇരുന്ന് വിളിച്ചു....... ഹൂ ചെവി.......

""""എന്താ മീനൂ....""""

ഞാൻ സഹിക്കെട്ട് പല്ല് കടിച്ചു

"""അവൾ ആ കുഞ്ഞിനെ വല്ല അനാഥാലയത്തിലും കൊണ്ടുപോയി ആക്കും...... അത് വേണ്ട..... നമുക്ക് അതിനെ നമ്മുടെ സ്വന്തം കുഞ്ഞായി വളർത്താം"""
മീനു പറഞ്ഞത് കേട്ടെങ്കിലും ഞാൻ കേൾക്കാത്ത പോലെ കിടന്നു....

"""ലുട്ടുസേ....... ഞാൻ പറയുന്നത് കേൾക്കുന്നില്ലേ.........പ്ലീസ്......."""""
മീനു കിടന്ന് ചിണുങ്ങിയെങ്കിലും ഞാൻ അത് കാര്യമാക്കിയില്ല.....

"""ലുട്ടൂസേ പ്ലീസ്........ ഇനി ഞാൻ ഒന്നിനും വാശി പിടിക്കില്ല...... പ്ലീസ്........ പാവല്ലേ കുഞ്ഞിവാവ, അതിന് ആരും ഇല്ലാതെ ആവണ്ട"""

""""എന്റെ മീനു അതൊക്കെ അവൾ വെറുതെ പറയുന്നതാവും, എന്നോട് പറഞ്ഞത് അവളെ അമ്മ കുഞ്ഞിനെ കൊല്ലുമെന്ന് പേടിച്ചിട്ടാണ് വീട്ടിൽ നിന്ന് ഇറങ്ങി വന്നതെന്നാണ്............. കുഞ്ഞിനോട് അത്ര സ്നേഹം ഉള്ളവൾ എന്തിനാ അതിനെ ഓർഫനേജിൽ ആക്കുന്നത്"""

"""അത് കുഞ്ഞിനെ കൊല്ലാൻ അവൾക്ക് കഴിയില്ല..... പക്ഷെ വളർത്താനും താല്പര്യമില്ല....."""

"""ശരി ശരി....... അതൊക്കെ പിന്നെ ആലോചിക്കാ...... തല്ക്കാലം എന്റെ മീനൂട്ടി ഇങ്ങോട്ട് വന്നേ....."""
എന്ന് പറഞ്ഞുകൊണ്ട് ഞാൻ മീനൂനെ പിടിച്ച് എന്റെ മേലേക്ക് കിടത്തി.....

"""ലുട്ടൂസ് സമ്മതിച്ചില്ലേ??"""""
എന്റെ നെഞ്ചിൽ ചിത്രം വരച്ചുകൊണ്ട് മീനു ചോദിച്ചു...

"""ശ്യോ ഈ പെണ്ണ്....... ഒന്ന് ഉറങ്ങ് ഭൂതമേ........."""""
ആ പറഞ്ഞതിന് എനിക്ക് അപ്പൊ തന്നെ കിട്ടി... നെഞ്ചിൽ ചിത്രം വരച്ചുകൊണ്ട് ഇരുന്ന കൈ വെച്ച് എന്റെ നെഞ്ചിലെ കുന്നിക്കുരു പിടിച്ച് ഒറ്റ വലി....... ഹൂ സ്വർഗ്ഗം കണ്ടു....

മേൽ നൊന്ത പിന്നെ എനിക്ക് ഭ്രാന്താണ്...... ഒന്നും നോക്കിയില്ല..... പകരത്തിനു പകരം..... പെണ്ണിന്റെ അമ്മിഞ്ഞ പിടിച്ച് ഞെരിച്ച് വിട്ടു....

എനിക്ക് തരാൻ ഉള്ളത് ഇങ്ങ് താ, ഞാൻ കിടന്ന് ഉറങ്ങ ന്ന് പറയുന്നത് പോലെ കിട്ടണ്ടത് കിട്ടിയപ്പോൾ പെണ്ണ് അടങ്ങി...... ഒന്ന് കൂവി വിളിച്ച ശേഷം എന്റെ നെഞ്ചിൽ ഇട്ട് രണ്ട് കുത്തും തന്നിട്ട് എന്റെ നെഞ്ചിൽ തലവെച്ചു കിടന്നു......... എപ്പോഴോ അങ്ങനെ ഉറങ്ങിയും പോയി..... ഞാനും എന്റെ ജീവനെ നെഞ്ചോട് ചേർത്ത് കിടന്ന് ഉറങ്ങി.....

അടുത്ത ദിവസം രാവിലെ തന്നെ ചിന്നു ലാൻഡ് ചെയ്തു..... മീനൂന് ഇന്റർവ്യൂ ഉണ്ട്, പിന്നെ ഇന്നാണ് എനിക്ക് ക്യാമ്പ് തുടങ്ങുന്നത്.... ഇനി അങ്ങോട്ട് ഒന്നര മാസം എനിക്ക് മീനൂനെ പിരിഞ്ഞ് നിൽക്കണം, അയ്യോ.........

ഞാനും മീനുവും ചിന്നുവും ഒരുമിച്ച് ചിന്നൂന്റെ കാറിലാണ് ഇറങ്ങിയത്.... വിഷ്ണൂന്റെ ബൈക്ക് താഴെ കിടക്കുന്നുണ്ട്, ഇന്നലെ സെലെക്ഷൻ കിട്ടിയ കാര്യം പറയാൻ വിളിച്ചപ്പോൾ ഞാൻ അവനോട് പറഞ്ഞതായിരുന്നു ബൈക്ക് വീട്ടിൽ കൊണ്ടുവന്നു തരാമെന്ന്... അപ്പൊ മൈരന്റെ ഒടുക്കത്തെ ജാഡ, അതൊന്നും വേണ്ട അവൻ പിന്നെ വന്ന് എടുത്തോളാം എന്ന്... എന്തെങ്കിലും ആവട്ടെ, പക്ഷെ ക്യാമ്പിന് പോവുന്നതിനു മുൻപ് ആ മൈരനെ ഒന്ന് കാണണമെന്ന് ഉണ്ടായിരുന്നു, ഇപ്പോ ലേറ്റ് ആയി... ഇനി നടക്കില്ല...
മേരി പിന്നെ രാവിലെ തന്നെ ഫോണിൽ വിളിച്ച് കുറച്ചു നേരം സംസാരിച്ചു........ അപ്പനോട് പറഞ്ഞെന്നും പുള്ളി വെറുതെ ഒന്ന് മൂളുക മാത്രം ചെയ്തു എന്നും പറഞ്ഞു.....

എന്നെ ബസ് സ്റ്റാൻഡിൽ ഇറക്കി വിട്ട് രണ്ടും കൂടെ ഹോസ്പിറ്റലിലേക്ക് പോവും.... അതാണ് പ്ലാൻ......കാർ ഓടിക്കുന്നത് ചിന്നുവാണ്... മീനുവാണ് പിന്നെ മുനിൽ ഇരിക്കുന്നത്.... ഞാൻ പുറകിലും....
ആരും ഒന്നും മിണ്ടിയില്ല..... കാറിൽ സ്റ്റീരിയോയിൽ പതിഞ്ഞ ശബ്ദത്തിൽ പാടുന്ന പഴയ മലയാളം പാട്ട് മാത്രം.......നാഥാ നീ വരും കാലൊച്ച കേൾക്കുവാൻ
കാതോർത്തു ഞാനിരുന്നു
താവകവീഥിയിൽ എൻ മിഴിപ്പക്ഷികൾ
തൂവൽ വിരിച്ചു നിന്നൂ...

നാഥാ നീ വരും കാലൊച്ച കേൾക്കുവാൻ
കാതോർത്തു ഞാനിരുന്നു
താവകവീഥിയിൽ എൻ മിഴിപ്പക്ഷികൾ
തൂവൽ വിരിച്ചു നിന്നൂ...
നേരിയമഞ്ഞിന്റെ ചുംബനം കൊണ്ടൊരു
പൂവിൻ കവിൾതുടുത്തൂ
നേരിയമഞ്ഞിന്റെ ചുംബനം കൊണ്ടൊരു
പൂവിൻ കവിൾതുടുത്തൂ
കാണുന്ന നേരത്തു മിണ്ടാത്തമോഹങ്ങൾ
ചാമരം വീശി നിൽപ്പൂ...
നാഥാ നീവരും കാലൊച്ച കേൾക്കുവാൻ..

കാർ ബസ് സ്റ്റാൻഡിൽ എത്തിയപ്പോൾ ഒരു നിമിഷം ഒന്നും വേണ്ട, ക്യാമ്പും വേണ്ട ഫുട്ബോളും വേണ്ട ഒരു മാങ്ങാ തൊലിയും വേണ്ടെന്ന് തോന്നി പോയി....

""""അപ്പൊ ചക്കരെ പോയി പൊളിച്ചടുക്കി വാ....."""
വണ്ടി നിർത്തി തിരിഞ്ഞ് നോക്കി ചിന്നു പറഞ്ഞു

മീനു കാര്യമായിട്ട് ഒന്നും പറഞ്ഞില്ല, ഒരു ചിരി മാത്രം സമ്മാനിച്ചു..... ഞാൻ വേഗം ബാഗും സാധന ജംഗമ വസ്തുക്കളും എടുത്ത് രണ്ടുപേർക്കും നല്ലൊരു ചിരിയും തിരിച്ചു നൽകി ഇറങ്ങി..... അധികം നേരം നിന്ന ചിന്നൂന്റെ മുനിൽ വെച്ച് തന്നെ രംഗം വഷളായി പോവും.....

ബസിൽ കയറുമ്പോഴും ക്യാമ്പ് നടക്കുന്ന സ്ഥലത്തു എത്തുമ്പോഴും എല്ലാം മനസ്സിൽ ഒറ്റ കാര്യമേ ഉണ്ടായിരുന്നുള്ളൂ... എന്റെ മീനൂന്റെ മുഖം.....

ആദ്യ ദിവസം ആയതുകൊണ്ട് ഇന്ന് ട്രെയിനിംഗ് ഒന്നും ഇല്ല, എല്ലാവരും ആയി പരിചയപ്പെട്ടു.... ഒന്ന് സെറ്റിൽ ആയി....... പക്ഷെ മീനൂന്റെ ഇന്റർവ്യൂ എന്തായി എന്ന് അറിയാഞ്ഞിട്ട് ഒരു സമാധാനവും ഇല്ല....

ഉച്ചയ്ക്ക് ഭക്ഷണം കഴിച്ച് എല്ലാവരും കൂടെ കൂട്ടം കൂടി ഇരുന്ന് സംസാരിക്കുമ്പോഴാണ് ഫോൺ അടിഞ്ഞത്, സ്ക്രീനിൽ മീനൂട്ടി എന്ന പേര് കണ്ടപ്പോൾ തോന്നിയ സന്തോഷം,

അത് പറഞ്ഞറിയിക്കാൻ വാക്കുകളില്ല... ഞാൻ ഫോണും എടുത്ത് ഹാളിന് വെളിയിലേക്ക് ഓടി......

"""ഹലോ മീനൂസേ എന്തായി??"""
ഫോൺ എടുത്ത പാടെ ഞാൻ ചാടി കയറി ചോദിച്ചു...

"""അതെന്ത് ചോദ്യ ലുട്ടൂസേ...... ഈ യാമിനിനെ അങ്ങനെ അവർക്ക് ഒഴുവാക്കാൻ പറ്റോ"""
നല്ല ഗമയിലാണ് പെണ്ണിന്റെ സംസാരം, അപ്പൊ ജോലി കിട്ടി...
എനിക്ക് സന്തോഷം കൊണ്ട് എന്ത് ചെയ്യണമെന്ന് അറിയാത്ത അവസ്ഥ, പിന്നെ കുറച്ചു നേരത്തേക്ക് അവൾ പറഞ്ഞതൊന്നും ഞാൻ കേട്ടില്ല...

"""ഹേലോ ലുട്ടാപ്പി പോയോ...... കൂയ്........."""

"""ഇല്ല പറഞ്ഞോ"""

"""ഇന്റർവ്യൂ നടത്തിയ മാഡം ലുട്ടൂസിനോട് അന്വേഷണം പറയാൻ പറഞ്ഞിണ്ട് കേട്ടോ..."""

"""എന്നോടോ?? എന്തിന്??"""

"""ലുട്ടൂസേ ലുട്ടൂസ് സ്റ്റാർ ആയില്ലേ ഇവിടെ"""

"""കാര്യം പറ പെണ്ണേ...."""
അവളെ ചിരിയും സംസാരവും ഒക്കെക്കൂടെ എന്നെ കളിയാക്കുകയാണെന്ന് തോന്നുന്നു...

"""എന്താണ് പാസ്സ്ഔട്ട് ആയിട്ട് ഇത്ര കാലം ആയിട്ട് ജോലിക്ക് കേറാഞ്ഞതെന്ന് ചോദിച്ചപ്പോൾ ഞാൻ പറഞ്ഞു വീട്ടീന്ന് വിടാഞ്ഞിട്ടാണെന്ന്....... അപ്പൊ അവർ ചോദിച്ചു എന്നിട്ട് ഇപ്പോ എന്ത് പറ്റി വീട്ടുകാർക്ക് ബോധോദയം വന്നോ ന്ന്.......... ഞാൻ പറഞ്ഞു അല്ല കല്യാണം കഴിഞ്ഞു ഹുസ്ബൻഡ് എന്റെ ആഗ്രഹങ്ങൾക്ക് എല്ലാം ഫുൾ

സപ്പോർട്ട് ആണെന്ന്, അങ്ങനെ കുറെ വെറുതെ ആവശ്യം ഇല്ലാതെ പൊക്കി അടിച്ചിട്ടുണ്ട്""""

""""ആവശ്യം ഇല്ലാതെയോ?? സത്യം അല്ലേ ഡീ കുരിപ്പേ""""

"""അത്ര സത്യം ഒന്നുമല്ല...... കുഞ്ഞി വാവേന്റെ കാര്യം??"""
മീനു പകുതിക്ക് നിർത്തി, എന്റെ മറുപടി കേൾക്കാൻ...... നൈസ് ആയിട്ട് ഇടയ്ക്ക് ഗോൾ അടിക്കാനുള്ള ശ്രമം..... ഇവിടെ Catamounts ന്റെ ടീമിൽ മുനിൽ കപ്പി നിന്ന് ഗോൾ അടിക്കാൻ ആളെ വേണമെങ്കിൽ മീനൂനെ വിളിക്കാം

"""ന്ക്കി അറിയാ ലുട്ടൂസ് സമ്മതിക്കുമെന്ന്"""
എന്റെ ഭാഗത്തു നിന്ന് മറുപടി ഒന്നും കിട്ടാത്തത് കൊണ്ട് അവൾ തന്നെ പറഞ്ഞു...

""ഉവ്വ ഉവ്വേ....""

""പിന്നെ പറ ലുട്ടൂസേ......... എങ്ങനെ ണ്ട് അവിടെ"""

""ഇവിടെ അടിപൊളിയാണ്..... പക്ഷെ എന്റെ മീനൂട്ടിനെ ഞാൻ ഇപ്പോഴേ മിസ്സ് ചെയ്യാൻ തുടങ്ങി"""

""ഓ വിശ്വസിച്ചു വിശ്വസിച്ച്...... പിന്നെ എന്തൊക്കെയാണ്........ നല്ല കുട്ടിയായി കളിക്കണം കേട്ടോ......"""

"""മ്മ......""
ഞാൻ വെറുതെ ഒന്ന് മൂളി

"""പിന്നെ എന്താ ലുട്ടൂസേ...."""

""ഏയ് ഒന്നുമില്ല...... പിന്നെ എന്ത് ആവശ്യം വന്നാലും വിഷ്ണൂനെ വിളിച്ച മതി ട്ടോ......"""

""ആ ശരി"""

""എന്ന ജോലിക്ക് ജോയിൻ ചെയ്യേണ്ടത്??"""

"""തിങ്കളാഴ്ച......"""

""മ്മ പിന്നെ എന്താ.....""

""പിന്നെ എന്താ ഞാൻ ഇതാ ഇപ്പോ നമ്മുടെ പ്രൈവറ്റ് ബാറിൽ എത്തിയിട്ടേ ഉള്ളു"""

"""ചിന്നു പോയോ??"""

""ഓ നേ ആക്കിയിട്ട് അപ്പൊ തന്നെ പോയി"""

"""മ്മ........"""

"ലുട്ടാപ്പി ഫുഡ് ഒക്കെ കഴിച്ചില്ലേ??"""

""ഓ കഴിച്ചു"""

""എന്തായിരുന്നു സ്പെഷ്യൽ??"""

"""സ്പെഷ്യൽ ചോറും പച്ചക്കറിയും"""

""മ്മ.......""

""മീനു കഴിച്ചോ??"""

""ഇല്ല കഴിക്കണം"""

""എന്ന ശരി മോള് പോയി ഫുഡ് അടിക്ക്, ഞാൻ രാത്രി വിളിക്കാം"""

"""മ്മ...... ശരി ലുട്ടൂസേ....... ബായ്............ നല്ല കുട്ടിയായി ഇരിക്കണേ..... വിഷമിക്കൊന്നും വേണ്ട കേട്ടോ"""

""മ്മ ബായ്"""

ഫോൺ കട്ട് ചെയ്തു കഴിഞ്ഞ് ഞാൻ കുറച്ചു നേരം അങ്ങനെ നിന്നു, എന്നാലും പെണ്ണ് എന്നെ അത്ഭുത പെടുത്തുകയാണ്...... ഞങ്ങൾ ഒന്ന് അടുത്ത് തുടങ്ങിയപ്പോഴേക്കും ഇതാ ഇങ്ങനെ ഒരു ക്യാമ്പ്..... പക്ഷെ ഒരു പരാതിയും പറയാതെ എന്നെ എന്റെ ലക്ഷ്യത്തിലേക്ക് അടുക്കാൻ പിന്തുണയ്ക്കുന്നു.....
***

ദിവസങ്ങൾ കൊഴിഞ്ഞു വീണു..... ട്രെയിനിംഗ് കഠിനം ആയിരുന്നു എന്ന് പറഞ്ഞാൽ കുറഞ്ഞു പോവും, അതികഠിനം ആയിരുന്നു.....
രാവിലെ നാല് മണിക്ക് എഴുന്നേറ്റാൽ തുടങ്ങുന്ന കായികപരിശീലനം അവസാനിക്കുക പത്തര പതിനൊന്നു മണി ആകുമ്പോഴാണ്..... പിന്നെ ഉച്ചയ്ക്ക് പന്ത്രണ്ടരയ്ക്ക് ഭക്ഷണം കഴിച്ചു കഴിഞ്ഞാൽ പിന്നെ ഇൻഡോർ ആക്റ്റിവിറ്റീസ് ആണ്..... അതിൽ ഏറ്റവും ബോറിംഗ് ആയിട്ടുള്ള സംഭവം ക്ലാസ്സുകൾ വരെ ഉണ്ടാവും... ആദ്യം ഒക്കെ ഇത് എന്ത് മൈര് എന്ന് തോന്നിയെങ്കിലും ആ ക്ലാസുകൾ എല്ലാം ഗ്രൗണ്ടിൽ വളരെ അധികം സഹായകമാവും എന്ന് പോകെ പോകെ മനസ്സിലായി....
എനിക്ക് ഫിസിക്കൽ ഫിറ്റ്നസ് കുറവാണെന്ന് പറഞ്ഞ് വർക്ക് ഔട്ട് ഒക്കെ അധികം ചെയ്യിപ്പിച്ചിരുന്നു... എല്ലാം കൊണ്ടും രാത്രി ആകുമ്പോഴേക്കും വന്നു കിടന്നാൽ ഉറങ്ങുന്നത് അറിയില്ല.....പിന്നെ ഒരു കാര്യം എല്ലാവരും ആയി നല്ല കൂട്ടായി......

മീനു എന്നും വൈകീട്ട് ഒരു ഏഴ് മണി ആകുമ്പോൾ വിളിക്കും, പിന്നെ രാത്രി ഉറങ്ങുന്നത് വരെ ഫോൺ ചെവിയിൽ നിന്നും എടുക്കാൻ കഴിയില്ല... രാത്രി ഭക്ഷണം കഴിക്കുക വരെ ഒരു കൈയിൽ ഫോണും പിടിച്ചുകൊണ്ടാണ്....... അതൊക്കെ പറഞ്ഞ് ഇവിടെ പിള്ളേര് കളിയാക്കും, അവന്മാർക്ക് കളിയാക്കാം കാരണം ഒറ്റ ഒന്നിന്റെയും കല്യാണം കഴിഞ്ഞിട്ടില്ല, കഴിയുമ്പോൾ അറിയാം

പക്ഷെ ഇതൊക്കെ ആണെങ്കിലും രാവിലെ തൊട്ടുള്ള കഷ്ടപ്പാടുകൾ എല്ലാം ഞാൻ മറക്കുന്നത് രാത്രി എന്റെ പെണ്ണിനോട് സംസാരിക്കുമ്പോഴാണ്..... ജോലിക്ക് പോവാൻ തുടങ്ങിയതോടെ കൂടുതലും ഹോസ്പിറ്റലിലെ കഥകളാണ് പെണ്ണിന് പറയാൻ ഉള്ളത്...... മേരി ഇടയ്ക്ക് അവളെ കാണാൻ പോവുന്നുണ്ട്, അത് അവൾക്ക് വലിയൊരു ആശ്വാസം തന്നെയാണ്..

മേരിക്കും അപ്പന്റെ എടുത്ത് നിന്ന് അവളെ കാണാൻ പോവാൻ മൗന സമ്മതം കിട്ടിയെന്ന് പറഞ്ഞിരുന്നു....എല്ലാം ശരിയായി വരുന്നത് പോലെ തോന്നിയിരുന്നു..... ഒട്ടും പ്രതീക്ഷിക്കാതെ ആണ് കടന്നു വന്നതെങ്കിലും ഈ ജന്മം എനിക്ക് കിട്ടിയ ഏറ്റവും വലിയ ഭാഗ്യം.... എന്റെ മീനു.......... ഒപ്പം പണ്ടു തൊട്ടേയുള്ള ആഗ്രഹം, ഫുട്ബോൾ കളിക്കാരൻ ആവുക..... ആ ആഗ്രഹവും സഫലീകരിക്കാൻ പോകുന്നു...... മീനുവും അവൾ ഒരുപാട് ആഗ്രഹിച്ച ജോലി ചെയ്തു തുടങ്ങിയിരിക്കുന്നു..... അപ്പനും ഒന്ന് അയഞ്ഞിട്ടുണ്ട്, ക്യാമ്പ് കഴിഞ്ഞ് ചെന്നിട്ട് ഒരു ദിവസം മീനൂനെ കൂട്ടി വീട്ടിലേക്ക് വരാൻ മേരി പറഞ്ഞിട്ടുണ്ട്, മേരി അത്ര ധൈര്യത്തിൽ ചെല്ലാൻ പറയണമെങ്കിൽ മഞ്ഞ് നല്ല പോലെ ഉരുക്കി എന്ന് തന്നെ കരുതാം....പക്ഷെ..........

ക്യാമ്പ് അവസാനിക്കാൻ ആയതോടെ ഞാൻ ഭയങ്കര ആവേശത്തിൽ ആയിരുന്നു, ഒന്നര മാസം കഴിഞ്ഞ് മീനൂനേ നേരിട്ട് കാണാൻ പോകുന്നു..... പക്ഷെ ക്യാമ്പ് തീരാൻ രണ്ട് ദിവസം ബാക്കി ഉള്ളപ്പോഴാണ് ആ ഫോൺ കോൾ വന്നത്......

“”"ഹലോ യാമിനിയുടെ ഹസ്ബൻഡ് അല്ലേ....... ഇത് ലിയോ ഹോസ്പിറ്റലിന്നാണ് വിളിക്കുന്നത്, യാമിനിക്ക് ഒരു ആക്സിഡന്റ് പറ്റി...............................................................”””””
അത്ര മാത്രമേ എനിക്ക് ഓർമ്മയുള്ളു...... എന്റെ മീനു..........
################################

ഹൂ..................ഹ്ഹ്ഹ്ഹ്.............ഹ്ഹ്ഹ്ഹ്ഹ്ഹ്ഹ്ഹ്........................
ഹ്ഹ്ഹ്ഹ്ഹ്ഹ്ഹ്ഹ്............................

ഞെട്ടി പിടഞ്ഞ് എഴുന്നേറ്റ് ഒന്ന് ചുറ്റും നോക്കി, അതെ ഞാൻ ആ “”666”” മുറിയിലെ കട്ടിലിലാണ്..... കയ്യും കാലും ഒക്കെ വിറയ്ക്കുന്നു..... നന്നായി വിയർത്തിട്ടുണ്ട്.... ദാഹിക്കുന്നു..... മേശപ്പുറത്ത് വെച്ചിരുന്ന വെള്ളക്കുപ്പി എടുത്ത് വായിലേക്ക് കമത്തി, അത് മൊത്തം കുടിച്ചു തീർത്തിട്ടും ദാഹം മാറിയില്ല..... ഹൂ.....വീണ്ടും ഓർക്കാൻ ആഗ്രഹിക്കാത്ത ആ ദിവസം വീണ്ടും ഉറക്കത്തിൽ കണ്ടുപ്പോയി.....
ആ ഫോൺ കോൾ....... എന്റെ മീനൂന് അപകടം പറ്റി എന്ന് പറഞ്ഞു വന്ന ആ കോൾ........ ഇപ്പോഴും ഓർക്കുമ്പോൾ കയ്യും കാലും വിറയ്ക്കുന്നു.......
വീണ്ടും കിടന്നു നോക്കിയെങ്കിലും നിദ്രാദേവി കനിഞ്ഞില്ല.... കുറച്ചു കാലം ആയിട്ട് ഇപ്പോ ഇങ്ങനെയാണ്, പുള്ളിക്കാരിക്ക് എന്നെ വല്യ മൈൻഡ് ഒന്നും ഇല്ല... അഥവാ

വന്നാൽ തന്നെ ഇങ്ങനെ ഓരോ ഓർക്കാൻ ആഗ്രഹിക്കാത്ത കാര്യങ്ങൾ ഓർമ്മിപ്പിക്കാൻ വേണ്ടിയാണ് വരുക......

“”ടെ ടെ ടെ ടെ ടെ ടെ ടെ ടെ ടെ ടെക്ക്ക്ക്..............”””

അങ്ങനെ നിദ്രാദേവിയോട് പരിഭവിച്ച് കിടക്കുമ്പോഴാണ് വാതിലിൽ ആരോ ശക്തിയായി നിർത്താതെ മുട്ടിയത്
ശ്യോ ഇത് ആരാണ് അടിച്ച് പൊളിക്കുന്നത് എന്ന് ആലോചിച്ചുകൊണ്ട് പോയി കതക് തുറന്നപ്പോൾ അതാ ഇളിച്ചുകൊണ്ട് നിൽക്കുന്നു എന്റെ പ്രിയ തോഴൻ വിഷ്ണു......

“””എന്താ മൈരേ നിന്റെ ആരെങ്കിലും പെറ്റ് കിടക്കുന്നുണ്ടോ......”””
വാതിൽ തുറന്നപ്പോൾ ഇളിച്ചു നിൽക്കുന്നത് കണ്ട് അറിയാതെ വായിൽ നിന്നും വീണു പോയതാണ്, സാഹചര്യം ഓർത്തില്ല.....

“””എന്റെ ആരും പെറ്റിട്ടില്ല....... നിന്റെ മറ്റവൾ അല്ലേ ഇവിടെ പെറ്റു കിടക്കുന്നത്”””””
ഉടനെ കിട്ടി നല്ല അസ്സൽ മറുപടി,

“””എന്റെ മറ്റവളോ മൈരേ....... വെറുതെ തോന്നിവാസം പറയല്ലേ”””

“””ഓ ഇപ്പൊ നമ്മൾ പറയുന്നതിനാണ് കുറ്റം....... കള്ള ബഡുവാ....... ആരും ഒന്നും അറിയുന്നില്ലെന്ന് വിചാരിക്കണ്ട........ എന്തായിരുന്നു മോന്റെ പ്രകടനം, ആ ലേബർ റൂമിന്റെ മുനിൽ നിന്ന് മാറുന്നില്ലായിരുന്നല്ലോ...... അവിടെ നിന്ന എല്ലാ ആളുകളും കരുതിയത് നിന്റെ മറ്റവളാണ് അകത്ത് പേറാൻ കിടക്കുന്നതെന്നാണ്....... എന്നിട്ട് എന്റെ മുനിൽ വെറുതെ അവളെ കണ്ണെടുത്ത കണ്ടുകൂടാത്ത പോലെ ഒടുക്കത്തെ അഭിനയവും.....”””””

“”ഓ അത്...........

അയ്യയ്യോ അയ്യയ്യോ കഷ്ടപ്പാടിൻ കൂത്ത്
കണ്ണിലോ കണ്ണീരിൻ പെരുമാരി

അവന് നല്ലൊരു മറുപടി കൊടുക്കാൻ പോവുമ്പോഴാണ് മൈരന്റെ ഫോൺ അടിഞ്ഞത്.... വിളിക്കുന്നത് ഏത് നാറി ആണെങ്കിലും അവൻ ഇവനെ രക്ഷിച്ചു.... അല്ലെങ്കിൽ ഞാൻ ഇവനെ ഇന്ന്.........

""ഇതാ നിനക്കാണ്...... ഐശ്വര്യമായിട്ട് വലതു കൈ നീട്ടി വാങ്ങ്"""
ഇളിച്ചുകൊണ്ട് വിഷ്ണു ഫോൺ എനിക്ക് നേരെ നീട്ടി..... അതിലേ ഡിസ്പ്ലേയിൽ തെളിഞ്ഞ പേര് കണ്ടപ്പോൾ എന്റെ മുഖത്ത് ഒരു പുഞ്ചിരി വിരിഞ്ഞു

*YAAMANDI CALLING*

എന്റെ മീനൂട്ടി....... പെണ്ണിനെ ചൊറിയാൻ വേണ്ടി അവൻ വിളിക്കുന്നതാണ് യാമണ്ടി എന്ന്......
എന്റെ പെണ്ണിനോട് അല്പം സ്വകാര്യമായി സംസാരിക്കാം എന്ന് കരുതി ഞാൻ വേഗം മുറിയിൽ നിന്നും പുറത്തേക്ക് നടന്നു

""മോനെ സൂക്ഷിച്ചോ.... പെങ്ങൾ നല്ല കലിപ്പിലാണ്.... എന്നെ ഒരു റൗണ്ട് വിളിച്ച് വെച്ചേ ഉള്ളു.....""
എനിക്ക് ധൈര്യം പകരാൻ വേണ്ടി വിഷ്ണു പുറകിൽ നിന്നും വിളിച്ചു പറഞ്ഞു.....

പുറത്ത് എത്തിയിട്ട് എന്തും നേരിടാൻ തയാറായിക്കൊണ്ട് ഞാൻ ആ പച്ച ബട്ടൺ അങ്ങട് ഞെക്കി.....

""ഹേലോ....."""

""ആഹ് ലുട്ടൂസ് വേഗം വീട്ടിലേക്ക് വാ....... അവിടെ അച്ഛനും വിഷ്ണും ഇല്ലേ......... വേഗം വരണം കേട്ടോ"""

"""ആ..........ഇതെന്താ മറ്റേ റെക്കോർഡ് ചെയ്ത കോൾ ആയിരുന്നോ...... എന്നെ ഒന്നും പറയാൻ സമ്മതിക്കാതെ പറയാനുള്ളതും പറഞ്ഞ് പെണ്ണ് ഫോൺ വെച്ചു....... വേഗം വരാനാണ് പറഞ്ഞത്, എന്താണാവോ പുകിൽ.....

"""എന്താണ് മോനെ ഇത്ര പെട്ടെന്ന് കഴിഞ്ഞോ??"""

പോയ അതെ സ്പീഡിൽ ഞാൻ തിരിച്ചു വന്നത് കണ്ട് വിഷ്ണു ചോദിച്ചു

""വീട്ടിലേക്ക് ചെല്ലാൻ പറഞ്ഞ്""

"""ഓ അപ്പൊ നേരിട്ട് തരാൻ ആയിരിക്കും....... നീ പെട്ടെന്ന് വന്നപ്പോൾ കാര്യമായിട്ട് ഒന്നും കിട്ടി കാണില്ലെന്ന് കരുതി ഞാൻ ഒന്ന് സങ്കടപ്പെട്ടു..... ഇപ്പോ സമാധാനം ആയി, മോൻ പോയി കിട്ടാനുള്ളത് നേരിട്ട് കൈപറ്റി വാ....... അണ്ണൻ ഇനി കുറച്ചു നേരം റസ്റ്റ് എടുക്കട്ടെ"""
എന്റെ കയ്യിൽ നിന്നും ഫോൺ വാങ്ങി കട്ടിലിലേക്ക് കിടന്നുകൊണ്ട് മൈരൻ പറഞ്ഞു........ ഇത്രയും സ്നേഹം ഉള്ള ഒരു ഊമ്പൻ, ഛെ നന്പൻ......

""മൈരേ നീ ഇവിടെ കിടന്ന അങ്കിൾ അവിടെ ഒറ്റയ്ക്ക് ആവില്ലേ""

""ഓ പുള്ളിക്ക് കൂട്ടിന് ഹൈദർ ഇക്കയുണ്ട്....... ഇക്ക നല്ലപോലെ കത്തിവെച്ചു കൊല്ലുന്നുണ്ട്...... ഞാൻ നൈസ് ആയിട്ട് എസ്കേപ്പ് അടിച്ച്"""
ഇക്കയുടെ കത്തിയെ കുറിച്ച് ഓർത്ത് നെടുവീർപ്പ് ഇട്ടുകൊണ്ടാണ് വിഷ്ണു അത് പറഞ്ഞത്.....

""ശെരി ശരി ഞാൻ എന്ന ഒന്ന് പോയി വരാ....... എന്തെങ്കിലും അത്യാവശ്യം ഉണ്ടെങ്കിൽ വിളിക്കണ്ട, ഒറ്റയ്ക്ക് അങ്ങോട്ട് ഡീൽ ചെയ്താൽ മതി...... കേട്ടോ മൈരേ"""

""" ഊമ്പിക്കോ മൈരേ........ """

ആ കുണ്ടൻ അങ്ങനെ ഒക്കെ പറയുമെങ്കിലും ഊമ്പാൻ താല്പര്യം ഇല്ലാത്തത് കൊണ്ട് ഞാൻ തിരിഞ്ഞ് നടന്നു......

"""താക്കോൽ ഇല്ലാതെ വണ്ടി എടുക്കാൻ വല്ല മാജിക്കും പഠിച്ചോ പുണ്ടേ...... ന്നാ.....""
അവന്റെ ശബ്ദം കേട്ട് തിരിയുമ്പോഴേക്കും അവൻ താക്കോൽ എന്റെ നേരെ എറിഞ്ഞിരുന്നു..... പൊട്ടന് ഉന്നം ഇല്ലാത്തത് കൊണ്ട് അത് അപ്പുറത്ത് ചെന്ന് വീണു.... ഞാൻ താക്കോലും എടുത്ത് പുറത്തേക്ക് ഇറങ്ങി.....

അങ്കിളിനോട് പറഞ്ഞിട്ട് പോവണം എന്നുണ്ട്, പക്ഷെ അവിടെ ആ കത്തി ഇരിക്കുന്നത് കൊണ്ട് പോയാൽ ഞാനും പെടും.... അതുകൊണ്ട് അത് വേണ്ടെന്ന് വെച്ചുകൊണ്ട് ഞാൻ പാർക്കിംഗ് ഏരിയയിലേക്ക് നടന്നു.....

പത്തിരുനൂറ് കാറുകൾ നിരന്ന് കിടക്കുന്നുണ്ട്.....കൂട്ടത്തിൽ വെട്ടി തിളങ്ങി നിൽക്കുന്നുണ്ട് എന്റെ പടക്കുതിര...... എന്റെ കോണ്ടസ കുട്ടൻ....... ഞാൻ അവനെയും എടുത്ത് നേരെ വീട് ലക്ഷ്യമാക്കി ഓടിച്ചു......

***മീനൂന് ആക്സിഡന്റ് ആയിട്ട് ഇപ്പോ ഏകദേശം ആറു മാസം കഴിഞ്ഞിരിക്കുന്നു....... അന്നത്തെ ആ ദിവസം ഒരിക്കലും മറക്കാൻ പറ്റില്ല.... ആ കോൾ വന്നപ്പോൾ എന്ത് തന്നെ സത്യം പറഞ്ഞാൽ എന്റെ പാതി ജീവൻ പോയിരുന്നു, പിന്നെ എന്തൊക്കെയാണ് നടന്നതെന്ന് ഇപ്പോഴും എനിക്ക് വല്യ പിടി ഒന്നുമില്ല..... വിഷ്ണുവാണ് എന്നെ ക്യാമ്പിൽ വന്ന് കൂട്ടിയത്....ഞങ്ങൾ ഹോസ്പിറ്റലിൽ എത്തുമ്പോൾ അവിടെ ഉണ്ണിമായയുടെ ഹുസ്ബൻഡ് ഉണ്ടായിരുന്നു..... പുള്ളി വിഷ്ണുനോട് എന്തോ പറഞ്ഞു, ഞാൻ ഒന്നും കേട്ടില്ല..... അവരുടെ എല്ലാം പതർച്ച കണ്ടപ്പോൾ തന്നെ സംഗതി അല്പം സീരിയസ് ആണെന്ന് മനസ്സിലായി.... പക്ഷെ തകർന്നു പോയത് രക്ഷപെടാൻ സാധ്യത വളരെ കുറവാണ് എന്ന ഡോക്ടറുടെ വാക്കുകൾ നേരിട്ട് കേട്ടപ്പോഴാണ്.... അതോടെ മനസ്സും ശരീരവും മരവിച്ചിരുന്നു....... പിന്നെ ചുറ്റും നടന്നതൊന്നും ഞാൻ അറിഞ്ഞില്ല.....ഇടയ്ക്ക് ഓരോരുത്തരുടെ കരച്ചിൽ മാത്രം കേൾക്കാം.... മേരി, ചിന്നു, ശ്രീലക്ഷ്മി ഒക്കെ ആയിരുന്നെന്നു തോന്നുന്നു..... ഞാൻ കരഞ്ഞില്ല........

ദിവസങ്ങൾ കടന്നു പോയി...... ഒടുക്കം ഒരു ദിവസം ശക്തമായ മത്സരത്തിൽ മരണത്തെ തോൽപ്പിച്ചു കൊണ്ട് മീനു ജീവിതത്തിലേക്ക് തിരിച്ചു വന്നു.... ഡോക്ടർമാരുടെ ഭാഷയിൽ പറഞ്ഞാൽ മെഡിക്കൽ മിറാക്കിൾ... രണ്ട് മാസത്തോളം ആശുപത്രിയിൽ തന്നെ ആയിരുന്നു, അവിടുന്ന് ഡിസ്ചാർജ് ആവുന്ന ദിവസം മേരി അവളെ വീട്ടിലേക്ക് കൊണ്ടുപോവാൻ നിർബന്ധിച്ചെങ്കിലും ഞാൻ അതിനെ എതിർത്തു......കംബിസ്റ്റോറീസ്.കോം . പക്ഷെ എന്റെ എതിർപ്പിന് വലിയ വിലയൊന്നും കൽപ്പിക്കാതെ മേരി തീരുമാനത്തിൽ ഉറച്ചു നിന്നു... ഒടുക്കം മേരിയുടെ നിർബന്ധത്തിന് എനിക്ക് വഴങ്ങേണ്ട വന്നു, ഹോസ്പിറ്റലിൽ നിന്ന് മീനൂനെ കൊണ്ട് നേരെ ഞങ്ങടെ തെക്കേപ്പറമ്പ് വീട്ടിലേക്കാണ് പോയത്, ""ഈ പിഴച്ചവളെയും കൂട്ടി എന്റെ വീടിന്റെ പടി കയററുത്"" എന്ന് പറഞ്ഞ പിശുക്കൻ മത്തായി ഞങ്ങളെ ഇരു കൈയും നീട്ടി സ്വീകരിച്ചു.... എന്റെ അല്ലേ അപ്പൻ, ദേഷ്യം പിടിച്ചാൽ ചിന്തിക്കാതെ

ഓരോന്നും വിളിച്ച് പറയും, പിന്നെ കുറച്ച് അധികം വാശിയും ഉണ്ട്...... എന്തൊക്കെ ആണെങ്കിലും ഇപ്പോ പുള്ളിക്ക് മീനൂ എന്ന് പറഞ്ഞാൽ ജീവനാണ്........

പിന്നീടുള്ള ദിവസങ്ങൾ ഞാനും മേരിയും മീനൂനേ മത്സരിച്ച് ശുശ്രൂഷിച്ചു...... പെണ്ണ് പതുക്കെ പതുക്കെ റിക്കവർ ആയി വരുന്നുണ്ട്, ഇപ്പോ വാക്കിങ് സ്റ്റിക്ക് കുത്തി നടക്കാൻ ഒക്കെ തുടങ്ങിയിട്ടുണ്ട്..... ആക്സിഡന്റ് കഴിഞ്ഞതിനു ശേഷം കുറച്ച് ദേഷ്യവും വാശിയും ഒക്കെ കൂടിയിട്ടുണ്ടോ എന്നെ സംശയം ഉള്ളു.....

പിന്നെ ഈ കാലയളവിൽ രണ്ട് സംഭവങ്ങൾ കൂടെ നടന്നിരുന്നു.... ഒന്ന് ഞാൻ Catamounts FCക്ക് വേണ്ടി ഒരു സീസൺ കളിച്ചു.... മീനൂന്ടെ ഈ അവസ്ഥ കാരണം എനിക്ക് ഒന്നിനും വലിയ താല്പര്യം ഇല്ലായിരുന്നു, പിന്നെ എല്ലാവരുടെയും നിർബന്ധം കാരണം കിട്ടിയ അവസരം പാഴാക്കിയില്ല..... പക്ഷെ അതുകൊണ്ടും വലിയ നേട്ടം ഒന്നും ഉണ്ടായില്ല കേട്ടോ...... Catamounts FC, സെമി പോലും കാണാതെ നല്ല അന്തസായി പൊട്ടി പാളീസായി, ഞാനും വലിയ മുന്തിയ കളി ഒന്നും കളിച്ചില്ല...... അതാണ് ഒരു സംഭവം

രണ്ടാമത്തെ സംഭവം ആണ് ഇപ്പോ ആശുപത്രിയിൽ ഹൈദർ ഇക്കയുടെ കത്തിയും കേട്ട് ഇരിക്കുന്നത്...... രവീന്ദ്രൻ അങ്കിൾ, എന്റെ അമ്മായിയപ്പൻ...... മീനൂന്റെ തന്ത........ എന്റെ കൂട്ടുക്കാരൻ ജിംഷിയുടെ ഇക്ക വഴി കുറച്ച് ബുദ്ധിമുട്ടിയാണ് ദുബായിൽ നിന്നും ഒളിച്ചോടി ഒമാനിൽ ഒട്ടകത്തെ മേയ്ച്ചുകൊണ്ട് നടന്ന മൂപ്പീനേ പൊക്കിയത്........ ദുബായ് ജയിലിലെ സുഖവാസം കാരണം മാനം നൊന്ത് ഒളിച്ചോടിയത് ആയിരുന്നു പാവം.....

ജീവിതത്തിലേക്ക് മടങ്ങി വന്ന മീനൂന് പുള്ളിയുടെ തിരിച്ചു വരവ് നൽകിയ സന്തോഷം....... അതിന് കാരണക്കാരൻ ആയ ജിംഷിയുടെ ഇക്കയോട് എങ്ങനെ നന്ദി പറയണമെന്നു എനിക്ക് അറിയില്ല.....

ഇനിയും കഴിഞ്ഞ കാര്യങ്ങൾ പറഞ്ഞിരിക്കാൻ നേരമില്ല ട്ടോ....... കോണ്ടസ കുട്ടൻ ഞങ്ങടെ തെക്കേപ്പറമ്പ് വീട്ടിലേക്ക് കയറി കഴിഞ്ഞു..... അമ്മ മഹാറാണി....... ഷെ ഓവർ ആക്കുന്നില്ല, മേരി അത് മതി...... ആ പറഞ്ഞ ഐറ്റം കോലായിൽ ഇരുന്ന് പത്രം വായിക്കുന്നുണ്ട്.....

“”’ആ ചെല്ല് ചെല്ല്…….’’’’’

എന്നെ കണ്ടതും ഒന്ന് ആക്കി ചിരിച്ചുകൊണ്ട് മേരി ഒരു അപകട സൂചന തന്നു…… അത് കാര്യമാക്കാതെ ഞാൻ അകത്ത് ഞങ്ങളെ മുറിയിലേക്ക് ചെന്നു… കാരണം തെറ്റൊന്നും ചെയ്യാത്ത ഞാൻ എന്തിന് ഭയക്കണം….

“”’ലുട്ടൂസ് വന്നോ…… ആ കതക് അടക്കി’’’’

എന്നെ കണ്ടതും കട്ടിലിൽ ഹെഡ്ബോർഡിൽ ചാരി ഇരുന്ന മീനു പുഞ്ചിരി തൂക്കികൊണ്ട് പറഞ്ഞു

ശ്യോ ഈ പാവം പിടിച്ച പെണ്ണിനെ കുറിച്ചല്ലേ വിഷ്ണുവും ഇപ്പോ മേരിയും ഭയക്കണം എന്ന് എന്നോട് പറയാതെ പറഞ്ഞത്…

“”’എന്താ മീനൂട്ടി?? എന്താ വേഗം വരാൻ പറഞ്ഞേ??’’’’

കട്ടിലിൽ അവളുടെ അടുത്ത് ചെന്ന് ഇരുന്നിട്ട് ഞാൻ ചോദിച്ചു

“”ന്ക്കി ന്റെ ലുട്ടൂസിനേ കാണാൻ തോന്നി……. അവിടെ അച്ഛനും വിഷ്ണവും ഉണ്ടല്ലോ’’’’

“”’മ്മം…….’’’’

പെണ്ണിന് എന്നെ കാണാതെ ഇരിക്കാൻ പറ്റില്ല…….. ആ സ്നേഹം ഓർത്ത് ഞാൻ അവളെ എന്നോട് ചേർത്തുകൊണ്ട് നെറ്റിയിൽ ചുംബിച്ചു……. മീനു നല്ല കുട്ടിയായി അടങ്ങി എന്റെ നെഞ്ചിൽ കിടന്നു…

“”ആാാാാ………………………………… വിട് വിട് ഊഊഊ………………………’’’’’

നെഞ്ചിൽ പല്ലുകൾ ആഴ്ന്ന് ഇറങ്ങുന്ന വേദന സഹിക്കാൻ വയ്യാതെ ഞാൻ അലറി…… ഞാൻ അലറി കൂവി വിളിച്ചിട്ടും ഒരു ദയയും ഇല്ലാതെ മീനു എന്നെ കടിച്ചു….. സോ ക്രൂവൽ, ഒടുക്കം ആത്മസംതൃപ്തി നേടിയപ്പോൾ പല്ലുകൾ പിൻവലിച്ചു എന്നെ നോക്കി കിതച്ചുകൊണ്ട് കണ്ണുരുട്ടി…… കർത്താവേ…… .വികലാംഗയായി പോയി ഇല്ലെങ്കിൽ ഞാൻ ഈ സാധനത്തിനെ…..

“”’എന്ത് പണിയ മീനു………. നോക്ക് പാട് വന്നു…… അയ്യോ…………’’’’

അവൾ പല്ലുകൊണ്ട് കളം വരച്ച നെഞ്ച് ഉഴിഞ്ഞുകൊണ്ട് ഞാൻ പരിഭവിച്ചു, അല്ലാതെ ഇപ്പോ ഒന്നും ചെയ്യാൻ പറ്റില്ലല്ലോ......

"""നന്നായിപ്പോയി.........."""
എന്റെ പരിഭവം കാര്യമാക്കാതെ മീനു ഗൗരവം നടിച്ചു...... പക്ഷെ കിട്ടി ബോധിച്ചെങ്കിലും കാരണം ഇപ്പോഴും അവ്യക്തം.....

"""അയ്യോ നോക്ക് .........."""
നെഞ്ചിൽ തടവി കൊണ്ട് ഞാൻ വീണ്ടും പറഞ്ഞു........

""അത് എല്ലാർക്കും ഇങ്ങനെ തന്നെയാണ്...... കടിച്ചാൽ പാട് വരും""
ഒട്ടും സഹതപിക്കാതെ മീനു അവൾ ചെയ്തതിൽ ഒരു തെറ്റും ഇല്ല എന്ന ഭാവത്തിൽ ഇരുന്നു...

"""കാരണം പറഞ്ഞിട്ട് കടിച്ച പോരായിരുന്നോ........ ഇത് ഒരുമാതിരി.........."""""

"""കാരണം അറിയണം ലേ........ കള്ള ലുട്ടാപ്പി........."""
മീനു എന്നെ നോക്കി പല്ല് കടിച്ചു.... ആ പല്ല് മിക്കവാറും ഇന്ന് പൊട്ടി പോവും...
ഞാൻ കാരണം അറിയണം എന്ന മട്ടിൽ തല കുലുക്കി.....

"""ഇന്ന് നേ കുളിപ്പിച്ച് തരുമ്പോ മേരിയമ്മ കണ്ടു ആ പാട്...."""
സ്വന്തം മാറിടത്തിലേക്ക് നോക്കി ചിണുങ്ങികൊണ്ട് മീനു പറഞ്ഞു....

"""എഡീ പോത്തേ ഞാൻ പറഞ്ഞതല്ലേ അത് പോവുന്ന വരെ ഞാൻ കുളിപ്പിച്ച് തരാന്ന്"""
മെനഞ്ഞാണ് രാത്രി ചപ്പി ചപ്പി ഒടുക്കം ആവേശം കയറി അറിയാതെ ഞാൻ ഒന്ന് കടിച്ചു പോയി, അതിന് അന്ന് തന്നെ ഒരു യുദ്ധം കഴിഞ്ഞതാണ്..... ഒടുക്കം പാട് മാറുന്നത് വരെ ഞാൻ തന്നെ കുളിപ്പിച്ച് കൊടുക്കാം എന്ന വാക്കാലുള്ള കരാറിലാണ് പ്രശ്നം പരിഹരിച്ചത്..... എന്നിട്ട് ആ കരാർ ലംഗിച്ചത് അവളും ശിക്ഷ എനിക്കും...

"""അത് ലുട്ടൂസ് ഹോസ്പിറ്റലിൽ അല്ലേ, മേരിയമ്മ കുളിപ്പിക്കാം എന്ന് പറഞ്ഞപ്പോൾ ഞാൻ ആ കാര്യം മറന്ന് പോയിരുന്നു""

മുഖം ചുളിച്ചുകൊണ്ട് മീനു പറഞ്ഞു

“”ഓ ഈ പെണ്ണ്......മനുഷ്യനെ നാറ്റിക്കും........... വെറുതെ അല്ല മേരി ഒരുമാതിരി ചിരി ചിരിച്ചത്.......”””
അയ്യേ.......എനിക്ക് മേരിന്റെ മുഖത്തു നോക്കാൻ തന്നെ കുറവാവുന്നു, മീനൂന് ഇപ്പോ വല്യ സീന് ഒന്നുമില്ല, അവളെ ചമ്മൽ അവൾ എന്റെ നെഞ്ചിൽ കടിച്ച് ഒതുക്കിയല്ലോ...

“””ലുട്ടൂസേ നമ്മുടെ മോൻ സുന്ദരനാണ് ലേ”””

“”നീ എങ്ങനെ കണ്ടു??”””

“”കെട്ടിയോന് ഉത്തരവാദിത്തം ഇല്ലെങ്കിലും അച്ഛന് അതുണ്ടല്ലോ”””
എന്റെ നെഞ്ച് ഉഴിഞ്ഞുകൊണ്ട് മീനു പറഞ്ഞു.... ഞാൻ വെറുതെ ഒന്ന് മൂളി

“”ലുട്ടൂസേ എനിക്ക് അതിനെ കാണാൻ പൂതിയാവാ......””

“””ഹോസ്പിറ്റലിന്ന് അവര് നേരെ ഇങ്ങോട്ട് തന്നെയാണ് വരാ...... അത് വരെ അടങ്ങ്......ട്ടോ”””

“”മ്മ”””
മനസ്സില്ലാ മനസ്സോടെ മീനു അത് ശരിവെച്ചു.... .

ശ്രീലക്ഷ്മിക്ക് ആ കുഞ്ഞിനെ വളർത്താൻ താല്പര്യം ഇല്ലെന്ന് അറിഞ്ഞത് തൊട്ട് ഒരു അമ്മയാവാൻ മനസ്സുകൊണ്ട് എന്റെ മീനു തീരുമാനിച്ചിരുന്നു..... അതിന് എന്റെ മൗന സമ്മതം കൂടെ കിട്ടിയപ്പോൾ പെണ്ണ് വളരെ സന്തോഷത്തിൽ ആയിരുന്നു, കുഞ്ഞിനെ മീനൂന് നൽകിയിട്ട് ശ്രീലക്ഷ്മി അവളുടെ പാട് നോക്കി പോവും, മേരിക്കും അപ്പനും മീനൂന്റെ അച്ഛനും എല്ലാം അതിൽ സന്തോഷമേ ഉള്ളു..... എനിക്ക് മാത്രം ചെറിയ നിരാശ ഉണ്ടായിരുന്നു, പക്ഷെ അത് ആ പിടുങ്ങിനെ കണ്ടതോടെ മാറി

“””ലുട്ടൂസേ വാവയ്ക്ക് എന്താ പേരിടാ??””

“”തിയാഗോ.....””

ഒട്ടും ചിന്തിക്കാതെ ഞാൻ പറഞ്ഞു, കാരണം അവനെ കണ്ട നിമിഷം ഞാൻ ആ പേര് മനസ്സിൽ കണ്ടതാണ്.... “”തിയാഗോ”” കാൽപന്ത് കളിയിലെ മിശിഹായുടെ മൂത്ത മകൻ.......

അത് ഇഷ്ടപ്പെട്ടു എന്ന രീതിയിൽ മീനു എന്നെ മുറുകെ കെട്ടിപ്പിടിച്ചു, ഞങ്ങൾ രണ്ടുപേരും അങ്ങനെ കിടന്ന് ചെറുതായി മയങ്ങി......

അപ്രതീക്ഷിതമായി ജീവിതത്തിലേക്ക് കടന്നു വന്നവൾ, ഇന്ന് എനിക്ക് എല്ലാം എല്ലാം ആണ്..... ഇന്ന് എന്റെ ലോകം ഇവളിലേക്ക് മാത്രമായി ചുരുങ്ങിയിരിക്കുന്നു..... ഇവളെ ഇങ്ങനെ നെഞ്ചോട് ചേർത്തു പിടിച്ചു കിടക്കുന്നതിലും സുന്ദരമായ നിമിഷം വേറെ ഇല്ല...... അതെ ഞാൻ ഇപ്പോൾ ഏറ്റവും മനോഹരമായ നിമിഷം ആസ്വദിക്കുകയാണ്.....

തല്കാലത്തേക്ക് അവസാനിപ്പിക്കുന്നു

ടോണിയും യാമിനിയും ജീവിച്ചു തുടങ്ങിയിട്ടേ ഉള്ളു, അതുകൊണ്ട് തന്നെ അവരുടെ കഥ ഇനിയും പറയാനുണ്ട്....
ജോലി തിരക്കാണ്, അതുകൊണ്ട് തന്നെ ഇപ്പോൾ ഞാൻ ഇങ്ങനെ ഒരു തുടർകഥ എഴുതിയാൽ അത് ഓരോ ഭാഗവും ഇങ്ങനെ ലാഗ് അടിച്ച് പോകും..അത് ആസ്വാദനത്തെ നന്നായി ബാധിക്കും എന്നറിയാം, അതാണ് ഞാൻ ഇങ്ങനെ ഒരു സ്ഥലത്തു വെച്ച് ഈ കഥ അവസാനിപ്പിച്ചത്, ഇപ്പോഴത്തെ ഈ തിരക്ക് ഒന്ന് ഒതുങ്ങിയിട്ട് സീസൺ 2 ആയി വരാം.....

പക്ഷെ അതിന് മുന്നെ ഈ ഭാഗത്തെ കുറിച്ചുള്ള നിങ്ങളുടെ വിശദമായ അഭിപ്രായം പ്രതീക്ഷിക്കുന്നു, നിങ്ങളുടെ അഭിപ്രായം കേട്ടിട്ട് തീരുമാനിക്കാം രണ്ടാം ഭാഗം വേണോ വേണ്ടേ എന്ന്

വീണ്ടും കാണാം എന്ന പ്രതീക്ഷയിൽ

സ്നേഹപൂർവ്വം
Hyder Marakkar | www.kambistories.com